
അർക്കാദി ഗൈദാർ
ജീവിതവിദ്യാലയം



അർക്കാദി ഗൈദാർ

ജീവിതവിദ്യാലയം

വിവർത്തനം: ഓമന
ചിത്രങ്ങൾ: വൈ. എ. ഷുക്കായെവ്

Аркадий Гайдар
ШКОЛА
на языке малаялам

സോവിയററ് യൂണിയനിൽ അച്ചടിച്ചത്


Г $\frac{70803-143}{016(01)-80}$ 720—80

4803010102

ഉള്ളടക്കം

ഭാഗം ഒന്ന്

സ്കൂൾ



അദ്ധ്യായം ഒന്നു്

പൊളിഞ്ഞ വേലികളുള്ള പൂന്തോട്ടങ്ങളും കായ്കറിത്തോട്ടങ്ങളും നിറഞ്ഞ പ്രശാന്തമായ ഒരു പട്ടണമാണു് ഞങ്ങളുടെ അർസമാസ്. ചെറികളും നേരത്തേ വിളയുന്ന ആപ്പിളുകളും ബ്ലാക്തോണുകളും ചുവന്ന പോപ്പികളും ആ തോട്ടങ്ങളിൽ സമൃദ്ധമായി വളർന്നിരുന്നു.

മുകളിൽ പാടകെട്ടിയ നിശ്ചലജലം നിറഞ്ഞ കുളങ്ങൾ പട്ടണത്തിൽ എവിടേയും കാണാം. അവയിലുണ്ടായിരുന്ന നല്ലയിനം മത്സ്യങ്ങൾ പണ്ടേ ചത്തുകഴിഞ്ഞിരുന്നു. തെന്നുന്ന പരൽമീനുകളും വഴവഴപ്പുള്ള തവളകളും മാത്രമാണു് ഇപ്പോൾ അവിടെയുള്ളതു്. കുന്നിൻചരിവിലൂടെ തെഷ എന്ന ചെറുപുഴ ഒഴുകുന്നു.

ഒരു സന്യാസിമഠത്തിന്റെ മട്ടാണു് പട്ടണത്തിനു്. ഏകദേശം മുപ്പതു പള്ളികളും നാലു മഠങ്ങളും അവിടെ ഉണ്ടായിരുന്നു. അത്ഭുതസിദ്ധികളുള്ള ദൈവരൂപങ്ങൾക്കു് ഞങ്ങളുടെ പട്ടണത്തിൽ യാതൊരു പഞ്ഞവുമില്ല, എന്നാൽ എന്തുകൊണ്ടോ ഇവിടെ അത്ഭുതങ്ങളൊന്നും നടക്കാറില്ല. സുപ്രസിദ്ധമായ സാറോവ് സന്യാസിമഠത്തിലേക്കു് ഞങ്ങളുടെ പട്ടണത്തിൽനിന്നു് കഷ്ടിച്ചു് അറുപതുനാഴിക പോയാൽ മതി എന്നതാവാം അതിനു കാരണം. അത്ഭുതങ്ങൾ മുഴുവൻ അവിടെയുള്ള ദിവ്യന്മാർ അങ്ങോട്ടു് ആവാഹിച്ചെടുത്തിരിക്കയായിരുന്നു.

സാറോവിൽ നടക്കുന്ന അത്ഭുതങ്ങളെപ്പററിയുള്ള വാർത്തകൾ സദാ കേട്ടുകൊണ്ടിരുന്നു—ഒരിക്കൽ ഒരു കുരുടനു കാഴ്ച ലഭിച്ചെന്നായിരിക്കും, മററൊരിക്കൽ കാലില്ലാത്ത ഒരുവൻ നടന്നുതുടങ്ങിയെന്നായിരിക്കും, അല്ലെങ്കിൽ ഒരു കൂനന്റെ കൂനു മാറിയെന്നായിരിക്കും. എന്നാൽ ഞങ്ങളുടെ പട്ടണത്തിലെ വിശുദ്ധരൂപങ്ങൾക്കു മുമ്പിൽ ഒരിക്കലും അങ്ങിനെയൊന്നും നടക്കാറില്ല.

കുടിയനെന്നു് പരക്കെ അറിയപ്പെടുന്ന ഇരപ്പാളിയായ മീത്'കസ്സു് വെളിപാടുണ്ടായെന്നും അയാഠം കുടി നിർത്തിയെന്നും ഒരിക്കൽ ഒരു വാർത്ത പരന്നു. എല്ലാ വർഷവും പ്രകാശനദിന പെരുന്നാഠം ദിവസം ഒരുകുപ്പി മദ്യത്തിനുവേണ്ടി മഞ്ഞുകട്ടിയിലുള്ള വിടവിലൂടെ പുഴയിലിറങ്ങി കുളിക്കുന്ന വിദ്വാനാണു് ആ ജിപ്സി. അയാഠം ഒരു പുതിയ അദ്ധ്യായം തുറക്കാൻ പോവുകയാണെന്നും, സേവ്യറുടെ പേരിലുള്ള മഠത്തിൽവച്ചു് സന്യാസിപട്ടം സ്വീകരിക്കുമെന്നും പറയപ്പെട്ടു.

ജനങ്ങഠം കൂട്ടം കൂട്ടമായി ആ മഠത്തിലേക്കു പ്രവഹിച്ചു. തല കുമ്പിട്ടു വന്ദിക്കുകയും തൻെറ പാപകൃത്യങ്ങളിൽ പരസ്യമായി പശ്ചാത്തപിക്കുകയും ചെയ്തുകൊണ്ടു് മീത്'ക പാട്ടുകാരുടെ അടുത്തു് നില്പുണ്ടായിരുന്നു. ബെബേഷിൻ എന്ന കച്ചവടക്കാരൻെറ ഒരു ആടിനെ താൻ തലേക്കൊല്ലം തട്ടിക്കൊണ്ടുപോയി വിററെന്നും ആ പണത്തിനു് കള്ളു കുടിച്ചെന്നും അയാഠം ഏററുപറയുകപോലും ചെയ്തു. കച്ചവടക്കാരനായ ബെബേഷിൻെറ ഹൃദയത്തെ അതു സ്പർശിച്ചു. അയാഠം നിറഞ്ഞ കണ്ണുകളോടെ മീത്'കസ്സു് ഒരു റൂബിഠം കൊടുത്തു—മീത്'കയുടെ അമ്മാവിൻെറ രക്ഷക്കുവേണ്ടി മെഴുകുതിരി വാങ്ങി കത്തിക്കാൻ. പാപിയായ ആ മനുഷ്യൻ തൻെറ തെററുകഠം തിരുത്തി പററത്തിലേക്കു മടങ്ങിയെത്തിയ ആ നാടകീയമായ സംഭവത്തിനു ദൃക്'സാക്ഷികളായ പലരും കണ്ണീർ പൊഴിച്ചു.

ഇതു് ഒരാഴ്ചക്കാലം നീണ്ടുനിന്നു. എന്നാൽ സന്യാസിയായി പ്രതിജ്ഞയെടുക്കേണ്ട ദിവസം മീത്'ക പള്ളിയിൽ ഹാജരായില്ല—മുമ്പത്തേതിനു കടകവിരുദ്ധമായ മറെറാരു വെളിപാടുണ്ടായതിനാലാണോ അതോ മററു വല്ല കാരണവുംകൊണ്ടാണോ എന്നു് തീർച്ചയില്ല. നോവൊപ്പൊത്തീന്നയ തെരുവിലുള്ള ഒരു കുഴിയിൽ ഒഴിഞ്ഞു ഒരു വോഡ്'ക്കക്കുപ്പിക്കടുത്തു് മീത്'ക കിടക്കുന്നുണ്ടെന്ന ഒരു വർത്തമാനം നാട്ടുകാരുടെയിടയിൽ പരന്നു.

ചെമ്മാച്ചൻ പഫ്'നുതിയും വ്യാപാരിയായ പള്ളി കാര്യസ്ഥൻ സിനൃഗിനും അയാളെ ഗുണദോഷിക്കാൻ നിയോഗിതരായി. ആ മാന്യന്മാർ വളരെ വേഗം തിരിച്ചെത്തി. മീത്'ക കുടിച്ചുവെളിവില്ലാതെ ചത്ത പോത്തിനെപ്പോലെ കിടക്കുകയാണെന്നും രണ്ടാമതൊരു കുപ്പികൂടി അയാളുടെ സമീപമുണ്ടെന്നും അയാളെ കുലുക്കി ഉണർത്തിയപ്പോഠം, സ

ന്യാസിയാകുന്നതിനെപ്പററിയുള്ള തൻെറ തീരുമാനം മാററിയെന്നും മഹാപാപിയായ തനിക്കു് സന്യസിക്കാൻ അർഹതയില്ലെന്നും മററുംപറഞ്ഞു് അയാൾ അവരെ ചീത്തവിളിച്ചെന്നും. അവർ പറഞ്ഞു:

ഞങ്ങളുടേതു് പ്രശാന്തമായ ഒരു പട്ടണമാണു്. പെരുന്നാൾ ദിവസങ്ങളിൽ, പ്രത്യേകിച്ചു് ഈസ്റ്റർകാലത്തു് മുപ്പതു പള്ളിമണികൾ ഒരുമിച്ചു് അടിക്കുന്നതിൻെറ മുഴക്കം പട്ടണത്തിൽ തങ്ങിനില്ക്കും. ഇരുപതു മൈൽ അകലെയുള്ള ഗ്രാമങ്ങളിൽപ്പോലും അതു മുഴങ്ങിക്കേൾക്കാം..

അനൻസിയേഷൻ ചർച്ചിലെ മണിയുടെ ശബ്ദം മററെല്ലാ മണികളേയും നിഷ്പ്രഭമാക്കും. ഔവർ സേവ്യർ മോനാസ്റ്ററിയിലെ മണി പൊട്ടിയതാണു്. അതു് ചിലമ്പിച്ച ശബ്ദത്തിൽ കർക്കശമായി ഞരങ്ങിക്കൊണ്ടിരിക്കും. സെൻറ് നിക്കൊലാസ് പള്ളിയുടെ ചെറിയ മണികൾ നേർത്ത ശബ്ദത്തിൽ സംഗീതാത്മകമായി മുഴങ്ങിക്കൊണ്ടിരിക്കും. പ്രമാണിമാരായ ഈ മൂന്നു് ഗായകർക്കും പിൻതുണ നൽകുന്ന അനവധി മണിമേടകൾ വേറെയുമുണ്ടു്. പട്ടണത്തിൻെറ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ചെറിയ തടവറയിലെ അനാർഭാടമായ കൊച്ചുപള്ളിപോലും അപസ്വരം കലർന്ന ആ സംഗീതമേളയിൽ പങ്കെടുക്കും.

മണിമേടകളുടെ മുകളിൽ കയറാൻ എനിക്കു് വലിയ ഇഷ്ടമായിരുന്നു. ഈസ്റ്റർകാലത്തു് മാത്രമേ കുട്ടികൾക്കു് അതിനു് അനുവാദം കിട്ടിയിരുന്നുള്ളു. വളഞ്ഞു ചുററിപോകുന്ന ഇരുണ്ട കോണികളിലൂടെ ഒരുപാടു മുകളിലോട്ടു കയറണം മണി ഗോപുരത്തിനുമുകളിലെത്താൻ. കൽച്ചുമരിലുള്ള ചെറുദ്വാരങ്ങളിൽ പ്രാവുകൾ മെല്ലെ കുറുങ്ങിക്കൊണ്ടിരിക്കും. എണ്ണമററ വളവുകൾകൊണ്ടു് തല കറങ്ങും. എങ്കിലും അങ്ങുമുകളിൽ നിന്നു നോക്കിയാൽ പട്ടണം മുഴുവൻ കാണാം. കുന്നിൻചരിവിനു താഴെ ഒഴുകുന്ന തെഷാനദി, പഴയ മില്ല്, കോലാട്ടിൻ തുരുത്തു്, കുററിക്കാടു്, കുറേക്കൂടെ ദൂരെയായി മലയിടുക്കുകൾ, അതിനുമപ്പുറത്തു് നീലനിറമാർന്ന കാടു്.

പന്ത്രണ്ടാം സൈബീരിയൻ റൈഫിൾ റെജിമെൻറിലെ ഒരു പടയാളിയായിരുന്നു എൻെറ അച്ഛൻ. ജർമ്മൻ മുന്നണിയിൽ റീഗവിഭാഗത്തിലായിരുന്നു ആ റെജിമെൻറ്.

ഞാൻ ടെക്നിക്കൽ ഹൈസ്കൂളിലെ രണ്ടാം ക്ലാസിൽ പഠിക്കുകയായിരുന്നു. എൻെറ അമ്മ ഒരു നേഴ്സ് ആയതിനാൽ അവർക്കു് എപ്പോ

ഴം തിരക്കായിരുന്നു. ഞാൻ സ്വതന്ത്രനായി വളർന്നു. എല്ലാ ആഴ്ചയിലും ഒപ്പിടാനായി ഞാൻ എന്റെ പ്രോഗ്രസ്കാർഡ് അമ്മയെ കാണിക്കും. അമ്മ അതിൽ കണ്ണോടിച്ചുകൊണ്ട് ഡ്രോയിംഗിനോ കയ്യക്ഷരത്തിനോ മറേറാ മാർക്ക് കുറഞ്ഞാൽ ചോദിക്കും, ''ഇതെന്താണ്?''

''അമ്മെ, അതു് എന്റെ കുററമല്ല. എനിക്ക് വരയ്ക്കാൻ തീരെ വാസനയില്ല. പിന്നെ എന്തുചെയ്യും? ഞാൻ ഒരു കുതിരയെ വരച്ചു. പക്ഷേ സാറു പറഞ്ഞു അതൊരു പന്നിയാണെന്ന്. അടുത്ത പ്രാവശ്യം ഞാൻ അതേ പടം കാണിച്ചിട്ട് ഒരു പന്നിയെയാണ് വരച്ചിരിക്കുന്നതെന്നു പറഞ്ഞു. സാറിനു ദേഷ്യം വന്നു. അതു് ഒരു പന്നിയുമല്ല, കുതിരയുമല്ല എന്താണെന്ന് ചെകുത്താനുമാത്രം അറിയാം, എന്നാണ് സാറു പറഞ്ഞതു്. ഞാനെന്തു ചെയ്യും? ഞാൻ ഏതായാലും ഒരു കലാകാരനാകാൻ പോവുകയല്ലല്ലോ.''

''ശരി, പക്ഷേ കയ്യക്ഷരത്തിന്റെ കാര്യമോ? ദൈവമേ! എന്തൊരു കശ! ഓരോ വരിയിലും മഷി പടർന്ന പാടുണ്ട്. താളുകൾക്കിടയിൽ ഇതാ ഒരു വണ്ട് ചതഞ്ഞരഞ്ഞിരിക്കുന്നു! ച്ഛേ, എത്ര മോശം.''

''മഷി പടർന്നതു് എന്റെ കൈപ്പിഴയാണ്. പക്ഷേ വണ്ട് കയറിയതു് എന്റെ കുററംകൊണ്ടല്ല. അമ്മ എപ്പോഴും എന്നെ വെറുതെ കുററപ്പെടുത്തുകയാണ്! ഞാൻ ആ വണ്ടിനെ മനപ്പൂർവ്വം അവിടെ പിടിച്ചുവച്ചുവെന്നാണോ അമ്മ വിചാരിക്കുന്നതു്? ആ അസത്തു് വലിഞ്ഞു കയറി ബുക്കിൽ വന്നിരുന്ന് ചത്തിട്ട് ഞാൻ വഴക്കുകേൾക്കണം! ഞാൻ കയ്യക്ഷരത്തിന്റെ കാര്യത്തിൽ എന്തിനു ശ്രദ്ധിക്കണം? അതൊരു ശാസ്ത്രമാണോ? ഒരെഴുത്തുകാരനാകാൻ എനിക്ക് യാതൊരു ഉദ്ദേശവുമില്ല.''

''പിന്നെന്താകാനാണ് നിന്റെ ഉദ്ദേശം?'' കാർഡ് ഒപ്പിട്ടുകൊണ്ട് കർക്കശസ്വരത്തിൽ അമ്മ ചോദിച്ചു. ''ഒരു കുഴിമടിയനാകാനോ? നീ പുകക്കുഴലിലൂടെ സ്കൂളിന്റെ മച്ചിൽ കയറിയെന്ന് ഇൻസ്പെക്ടർ വീണ്ടും എഴുതിയിരിക്കുന്നു. പുകക്കുഴൽ തുപ്പുകാരനാകാനാണോ ഉദ്ദേശം?

''അല്ല. ഞാൻ കലാകാരനും, എഴുത്തുകാരനും പുകക്കുഴൽ തുപ്പുകാരനും ആകുന്നില്ല. എനിക്ക് ഒരു നാവികനാകണം.''

''കാരണം?'' അമ്പരപ്പോടെ അമ്മ ചോദിച്ചു.

''കാരണമൊന്നുമില്ല! പക്ഷേ അക്കാര്യം തീർച്ചയാണ്. അതെത്ര രസമാണെന്ന് അമ്മയ്ക്കറിയില്ലേ?''

അമ്മ തല കുലുക്കി.

''തലതിരിഞ്ഞ ഓരോ ആശയങ്ങൾ! ഇനി മോശപ്പെട്ട മാർക്കുമായി വന്നാൽ ഞാൻ നല്ല അടി തരും, കേട്ടോ—നാവികനായാലും കൊള്ളാം അല്ലെങ്കിലും കൊള്ളാം.''

അതു കേട്ടില്ലേ! അമ്മ എനിക്ക് നല്ല അടി തരുന്നതൊന്നു കാണണം! അമ്മ എന്നെ നുള്ളി നോവിക്കയില്ല. ഒരിക്കൽ അമ്മ എന്നെ ഒരു സ്റ്റോർമുറിയിൽ പൂട്ടിയിട്ടു. പിറേറ ദിവസം അമ്മ എനിക്ക് തിന്നാൻ എന്തൊക്കെ ഉണ്ടാക്കി തന്നെന്നോ! സിനിമയ്ക്കു പോകാൻ ഇരുപതു കൊപ്പെക്കും തന്നു. അമ്മ ഇടയ്ക്കിടെ എന്നെ പൂട്ടിയിട്ടിരുന്നെങ്കിൽ!

അദ്ധ്യായം രണ്ടു്

ഒരു ദിവസം ധൃതിയിൽ ചായ മോന്തി പുസ്തകങ്ങളും വലിച്ചുവാരി എടുത്തുകൊണ്ടു് ഞാൻ സ്കൂളിലേയ്ക്കോടി. വഴിക്കു് ഞാൻ തീംക ഷ്ച്രുകിൻ എന്ന എന്റെ സഹപാഠിയെ കണ്ടുമുട്ടി. വലിപ്പംകുറഞ്ഞ ആ ബാലൻ ഒരു പിരുപിരുപ്പനാണു്.

സാധുവും നിരുപദ്രവിയുമാണു് തീംക. അവന്റെ മണ്ടയ്ക്കു് ഒരു കിഴുക്കുകൊടുത്താൽ തിരിച്ചുകിട്ടുമെന്നു് ഭയപ്പെടേണ്ട. കൂട്ടുകാർക്കു് വേണ്ടാത്ത സാൻഡ്വിച്ചുകൾ മുഴുവൻ അവൻ തിന്നു തീർത്തുകൊള്ളും. സ്കൂളിലെ ഉച്ചഭക്ഷണത്തിനു വേണ്ട റൊട്ടി വാങ്ങാൻ കടയിൽ പോകുന്നതു് അവനാണു്. ക്ലാസ്ടീച്ചറുടെ തലവെട്ടം കണ്ടാലുടൻ പേടിച്ചരണ്ടു് മിണ്ടാതിരിക്കുക അവന്റെ പതിവാണു്. വാസ്തവത്തിൽ അവൻ പേടിക്കേണ്ട യാതൊരു കാര്യവും ഉണ്ടായിരുന്നില്ല.

പക്ഷികളെ തീംകയ്ക്കു് ജീവനായിരുന്നു. ശവക്കോട്ടയുടെ സൂക്ഷിപ്പുകാരനായിരുന്നു തീംകയുടെ അച്ഛൻ. അവിടെയുള്ള പള്ളിയിലെ അയാളുടെ ചെറിയ മുറി പക്ഷികളുള്ള കൂടുകൾകൊണ്ടു് നിറഞ്ഞിരുന്നു. തീംക പക്ഷികളെ വാങ്ങുകയും വിൽക്കുകയും വച്ചുമാറുകയും കെണിയോ കൂടോ വച്ചു സെമിത്തേരിയിൽ നിന്നു് പിടിച്ചെടുക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ സിന്യൂഗിൻ തന്റെ മുത്തശ്ശിയെ അടക്കിയ സ്ഥലത്തു് ഒരു മിന്നൽപരിശോധന നടത്തുകയും കല്ലറയുടെ മുകളിൽ ഒരു നെററും ചരടും കുറെ ധാന്യങ്ങളും കണ്ടുപിടിക്കുകയും ചെയ്തപ്പോൾ തീംകയ്ക്കു് അവന്റെ പിതാവിൽനിന്നു് കണക്കിനു കിട്ടി. സിന്യൂഗിന്റെ പരാതിയെത്തുടർന്നു് അയാൾ തീംകയുടെ ചെവി പിടിച്ചുതിരുമ്മി. പി

റൊന്നു് ഞങ്ങളെ വേദപാഠം പഠിപ്പിക്കുന്ന ഗെന്നാദി അച്ചൻ വേദപാ` ഠക്ലാസിൽ പറഞ്ഞു:

''കല്ലറകളുയർത്തുന്നതു് മരിച്ചുപോയവരുടെ സ്മരണ നിലനിർത്താൻവേണ്ടിയാണു്, മറ്റൊന്നിനും വേണ്ടിയല്ല. അതിന്റെ മുകളിൽ മണിയോ മറ്റെന്തെങ്കിലും ഉപകരണങ്ങളോ വയ്ക്കുന്നതു് പാപമാണു്, ദൈവദോഷമാണു്.''

ഇത്തരം ദൈവനിന്ദ ചെയ്യുവർ മുകളിലിരിക്കുന്ന ശക്തിയാൽ ഭയങ്കരമായി ശിക്ഷിക്കപ്പെട്ടിട്ടുള്ളതിന്റെ പല ഉദാഹരണങ്ങളും അദ്ദേഹം മാനവചരിത്രത്തിൽനിന്നു് എടുത്തു പറഞ്ഞു.

ഉദാഹരണങ്ങൾ പറയുന്നതിൽ അതിവിരുതനാണു് ഞങ്ങളുടെ ഗെന്നാദി അച്ചൻ. ഞാൻ വീട്ടിൽ ചോദിക്കാതെ കഴിഞ്ഞയാഴ്ച സിനിമ കാണാൻ പോയ കാര്യം അച്ചൻ അറിയുകയാണെങ്കിൽ, ഈശോ പണ്ടു് ഭൂമിയിൽ ജീവിച്ചിരുന്ന കാലത്തു് ഇതേ കുറ്റം ചെയ്ത ഒരാൾ ഈശോയുടെ കോപാഗ്നിക്കിരയായ ഒരു സംഭവം അദ്ദേഹം ഓർമ്മയിൽനിന്നു് എടുത്തു പറയുമെന്നു് എനിക്കുറപ്പുണ്ടു്.

ഒരു മൈനയെപ്പോലെ ചൂളമടിച്ചുകൊണ്ടു് തീംക നടക്കുകയായിരുന്നു. എന്നെ കണ്ടയുടൻ അവൻ സ്നേഹപൂർവ്വം കണ്ണുചിമ്മിയെങ്കിലും തന്നെ സമീപിക്കുന്ന ആൾ വെറുതെ വരികയാണോ എന്തെങ്കിലും ദുരുദ്ദേശത്തോടെ വരികയാണോയെന്നറിയാനെന്നവണ്ണം അവൻ എന്റെ നേരെ ഭയാശങ്കകളോടെ നോക്കുന്നുണ്ടായിരുന്നു.

''തീംക! നമ്മൾ താമസിക്കും''. ഞാൻ പറഞ്ഞു. ''ക്ലാസുതുടങ്ങുന്നതിനുമുമ്പു് നമ്മളെത്തും, പക്ഷേ പ്രാർത്ഥനയ്ക്കു നമ്മൾ താമസിക്കുമെന്നുറപ്പു്'' തീർച്ച.

''അവർ അതറിയുകയില്ല, ഉവ്വോ?'' അവൻ പേടികലർന്ന ശബ്ദത്തിൽ ചോദിച്ചു.

''തീർച്ചയായിട്ടും അറിയും. പക്ഷേ അതു സാരമില്ല. അവർ നമുക്കു് ഉച്ചഭക്ഷണം തരികയില്ലെന്നേയുള്ളൂ'', ഞാൻ അവനെ കളിയാക്കാൻവേണ്ടി ശാന്തമായ ശബ്ദത്തിൽ പറഞ്ഞു. അദ്ധ്യാപകർ വഴക്കുപറയുന്നതും ക്ലാസിൽനിന്നിറക്കിവിടുന്നതും മററും തീംകയ്ക്കു് വലിയ ഭയമാണെന്നറിഞ്ഞുകൊണ്ടാണു് ഞാൻ അങ്ങിനെ പറഞ്ഞതു്.

തീംക ഒന്നു ഞെട്ടി. അവൻ നടപ്പിനു വേഗത കൂട്ടിക്കൊണ്ടു് ഉൽ

ക്കണ്ണയോടെ പറഞ്ഞു: ''എന്റെ കുററമല്ല! അച്ഛൻ പള്ളിയുടെ വാതിൽ തുറക്കാൻ പോയി. ഒരു നിമിഷനേരത്തേക്കു് എന്നും പറഞ്ഞു പോയിട്ടു് എത്ര താമസിച്ചാണു് വന്നതു്! പ്രാർത്ഥന കഴിയുന്നതുവരെ അവിടെ നിന്നു. വാൽക്ക സ്ലാഗിന്റെ അമ്മ അവനുവേണ്ടി പ്രാർത്ഥന വായിപ്പിക്കാൻ പള്ളിയിൽ ചെന്നിരുന്നു.''

''വാൽക്ക സ്ലാഗിനുവേണ്ടിയോ?'' ഞാൻ വാ പൊളിച്ചുപോയി. ''അവൻ മരിച്ചുപോയോ?''

''മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയായിരുന്നില്ല, അവനെ കണ്ടുപിടിക്കാൻ വേണ്ടിയായിരുന്നു.''

''കണ്ടുപിടിക്കാനോ? നീ എന്താണു് പറയുന്നതു്?'' വിറയ്ക്കുന്ന ശബ്ദത്തിൽ ഞാൻ ചോദിച്ചു. ''നിന്റെ തല തിരിഞ്ഞുപോയോ! ഞാൻ നിന്റെ മണ്ടക്കിട്ടു് ഒന്നു കിഴുക്കുമ്പോൾ എല്ലാം നേരെയാകും.... തീംക, ഞാൻ ഇന്നലെ സ്കൂളിൽ പോയിരുന്നില്ല. എനിക്കു പനിയായിരുന്നു.''

''ററററ്—ററററ്... ത–ര–ര...'' ഒരു കിളിയെപ്പോലെ ചിലച്ചുകൊണ്ടു് തീംക ഒരു കാലിൽ നിന്നു തുള്ളി: എന്നോടു് ആ വാർത്ത ആദ്യമായി പറയുന്നതു് താനാണെന്നറിഞ്ഞതിന്റെ സന്തോഷമായിരുന്നു അതു്. ''ശരിയാണു്. നീ ഇന്നലെ സ്കൂളിൽ വന്നില്ലല്ലോ ഹോ, നീ ഇന്നലെ ആ രംഗം ഒന്നു കാണേണ്ടതായിരുന്നു!''

''എന്താണുണ്ടായതു്?''

''പറയാം. ഞങ്ങൾ ക്ലാസിലിരിക്കയായിരുന്നു. ആദ്യത്തെ പീരീഡു് ഫ്രഞ്ചായിരുന്നല്ലോ. ആ തള്ള ഞങ്ങളോടു് ക്രിയകളെപ്പററി ചോദിക്കയായിരുന്നു. അവർ റയേവ്സ്കിയെ ബോർഡിനടുത്തേക്കു വിളിച്ചു. അവൻ ഒന്നോ രണ്ടോ വാക്കുകൾ എഴുതിക്കഴിഞ്ഞപ്പോഴേക്കും വാതിൽ തള്ളിത്തുറന്നു് ഇൻസ്പെക്ടർ കടന്നു വന്നു. (തീംക മുഖം ചുളിച്ചു.) ഹെഡ്മാസ്റ്ററും ക്ലാസ്ടീച്ചറും ഒപ്പമുണ്ടായിരുന്നു. (തീംക എന്നെ അർത്ഥഗർഭമായി ഒന്നു നോക്കി.) ഞങ്ങൾ ഇരുന്നുകഴിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർ പറഞ്ഞു: 'മാന്യരെ, ചീത്ത വാർത്തയുമായാണു് ഞാൻ വന്നിരിക്കുന്നതു്. നിങ്ങളുടെ ക്ലാസിലെ സ്ലാഗിൻ എന്ന കുട്ടി വീട്ടിൽനിന്നു് ഒളിച്ചോടി. താൻ ജർമ്മൻ യുദ്ധമുന്നണിയിലേക്കു പോവുകയാണെന്നു് അവൻ ഒരു കുറിപ്പെഴുതി വച്ചിരുന്നു. അവൻ സഹപാഠികളിലാർക്കും അ

റിയാതെയാണ് ഒളിച്ചോടിയതെന്നു വിശ്വസിക്കാൻ, മാന്യരെ, എനിക്കു സാദ്ധ്യമല്ല. നിങ്ങളിൽ പലരും അതേപ്പററി നേരത്തേ അറിഞ്ഞുകാണും, പക്ഷേ അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആരും ശ്രമിച്ചിട്ടില്ല. മാന്യരെ, ഞാൻ ഒരു കാര്യം ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു...' ഈ മട്ടിൽ അദ്ദേഹം അരമണിക്കൂറിൽ കൂടുതൽ നാക്കിട്ടടിച്ചു.''

ഞാൻ ശ്വാസമടക്കിനിന്നു. അപ്പോൾ അങ്ങിനെയാണ് കാര്യങ്ങളുടെ കിടപ്പ്! കഷ്ടം! ഇത്തരം ഒരു പ്രധാന സംഭവം നടന്ന ദിവസമാണല്ലോ സുഖമില്ലെന്നു വെറുതെ നടിച്ച് സ്കൂളിൽ പോകാതിരിക്കാൻ എനിക്കു തോന്നിയതു്! ഞാൻ ഒന്നുമറിയാതെ വീട്ടിൽ കുത്തിയിരുന്നു! യാസ്സ സുക്കെർഷൈനോ ഫേജ ബഷ്മക്കോവോ ക്ലാസുകഴിഞ്ഞു് അക്കാര്യം എന്നോടു വന്നു പറഞ്ഞുമില്ല. കൂട്ടുകാരാണെന്നും പറഞ്ഞു നടക്കുന്നു! ഫേജ്യു് കളിത്തോക്കിന്റെ ഉണ്ട വേണ്ടപ്പോൾ എന്റെയടുത്തു വരും. ഇതാണ് എനിക്കു കിട്ടുന്ന പ്രതിഫലം! ഞാനൊരു വിഡ്ഢിയാണെപ്പോലെ വീട്ടിൽ കുത്തിയിരിക്കുന്ന സമയത്തു് സ്കൂളിലെ പിള്ളേരിൽ പകുതിപ്പേരെങ്കിലും യുദ്ധമുന്നണിയിലേക്കു് ഓടിപ്പോയിരിക്കും!

അഗ്നിശമന പ്രവർത്തകരെപ്പോലെ ഞാൻ സ്കൂളിലേക്കു് പാഞ്ഞുകയറി. ഓടുന്ന വഴിക്കുതന്നെ ഒവർക്കോട്ടു് ഊരി എവിടെയോ ഇട്ടിട്ടു് സൂപ്പർവൈസറുടെ കണ്ണു വെട്ടിച്ച് ഞാൻ പ്രാർത്ഥനമുറിയിൽ നിന്നു പുറത്തേക്കു പ്രവഹിച്ചുകൊണ്ടിരുന്ന കുട്ടികളുടെ ഇടയിൽ മുങ്ങി.

വാൽക്ക സ്ലാഗിന്റെ സാഹസികമായ ഒളിച്ചോട്ടത്തെപ്പററിയുള്ള വാർത്ത വളരെ ദിവസത്തേക്കു് സ്കൂളിൽ ഒരു ചർച്ചാവിഷയമായിരുന്നു.

അവന്റെ രഹസ്യപദ്ധതിയെപ്പററി ഞങ്ങളിൽ പലർക്കും നേരത്തെ അറിയാമായിരുന്നുവെന്ന ഹെഡ്മാസ്റ്ററുടെ നിഗമനം ശരിയായിരുന്നില്ല. വാസ്തവത്തിൽ അക്കാര്യം ഒരൊററ കുഞ്ഞിനും അറിയില്ലായിരുന്നു. വാൽക്ക സ്ലാഗിന് ഒളിച്ചോടിപ്പോകാനുള്ള തന്റേടമുണ്ടെന്നു് ആരും വിചാരിച്ചില്ല. അവൻ ഒരു മര്യാദരാമനായിരുന്നു. വഴക്കടിക്കാനോ മററുള്ളവരുടെ തോട്ടത്തിൽ കയറാനോ അവൻ ഒരിക്കലും പോവുകയില്ല; ചുരുക്കിപ്പറഞ്ഞാൽ ഒരു പേടിത്തൊണ്ടനായിരുന്നു അവൻ. അവനിതു ചെയ്യുമെന്നു് ആരറിഞ്ഞു?

ഞങ്ങളെല്ലാവരും ചേർന്നു് ഒരന്വേഷണം തുടങ്ങി. ഒളിച്ചോടാൻ

അവൻ മുൻകൂട്ടി എന്തെങ്കിലും തയ്യാറെടുക്കുന്നതു് കണ്ടവരുണ്ടോയെന്നു് ഞങ്ങൾ കുട്ടികളൊടെല്ലാവരോടും തിരക്കി. ഒരു ദിവസം ഓർക്കാപ്പുറത്തു് തൊപ്പിയും തലയിൽവച്ചു് യാതൊരു മുൻകരുതലുമില്ലാതെ ആരും യുദ്ധമുന്നണിയിലേക്കു് ചാടിപ്പുറപ്പെടുകയില്ലല്ലോ.

റെയിൽപാളങ്ങളടയാളപ്പെടുത്തിയ ഒരു ഭൂപടം അവന്റെ കൈവശമിരിക്കുന്നതു കണ്ടുവെന്നു് ഫേജ ബഷ്മക്കോവ് പറഞ്ഞു. മൊണ്ണയായ ദുബീലൊവ് പറഞ്ഞതു് വാൽക്ക ഒരു കടയിൽനിന്നു് ഒരു ടോർച്ചിന്റെ ബാററി വാങ്ങുന്നതു് അവൻ കണ്ടുവെന്നാണു്. ഞങ്ങൾ എത്ര ചോദ്യം ചെയ്തിട്ടും കൂടുതലൊരു വിവരവും ആരിൽനിന്നും അറിയാൻ കഴിഞ്ഞില്ല.

ക്ലാസാകെ ഇളകി മറിഞ്ഞു. എല്ലാവരും എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കും. എല്ലാവരുടേയും തല തിരിഞ്ഞെന്നു തോന്നി. പാഠസമയത്തു് അദ്ധ്യാപകർ എന്തെങ്കിലും ചോദിച്ചാൽ യാതൊരു ബന്ധവുമില്ലാത്ത ഉത്തരങ്ങളാണു് കിട്ടുക. ഉച്ചഭക്ഷണം നഷ്ടപ്പെട്ടവരുടെ എണ്ണം ആയിടെ പതിവിലും ഇരട്ടിയായി. കുറെ ദിവസം അങ്ങിനെ കഴിഞ്ഞു. അപ്പോൾ അതാ പുതിയൊരു വാർത്ത—ഒന്നാം ക്ലാസിൽ പഠിക്കുന്ന മീത്ക ത്രുപിക്കൊവ് ഒളിച്ചോടിയിരിക്കുന്നു!

സ്കൂൾ അധികൃതർ ശരിക്കും വിരണ്ടുപോയി.

''ഇന്നു് വേദപാഠക്ലാസിൽ ഒരു പ്രസംഗം കാണും,'' ഫേജ രഹസ്യമായി എന്നോടു പറഞ്ഞു. ''ഒളിച്ചോട്ടത്തെപ്പററിയായിരിക്കും. ടീച്ചേർസ് റൂമിൽ ഗൃഹപാഠം കൊണ്ടുവയ്ക്കാൻ പോയപ്പോൾ അവർ പറയുന്നതു ഞാൻ കേട്ടു.''

ഞങ്ങളുടെ പുരോഹിതനായ ഗെന്നാദി അച്ചനു് എഴുപതുവയസ്സിൽ കുറയുകയില്ല. താടിരോമങ്ങളും പുരികങ്ങളും കൊണ്ടു അദ്ദേഹത്തിന്റെ മുഖം മുഴുവൻ മറഞ്ഞിരിക്കും, ഒരിഞ്ചുപോലും പുറത്തു കാണുകയില്ല. അദ്ദേഹം ഒരു തടിയനായിരുന്നു. കഴുത്തു് എന്നൊരു സാധനം ഇല്ലാതിരുന്നതുകൊണ്ടു് തലതിരിക്കണമെങ്കിൽ അദ്ദേഹത്തിനു് ദേഹം മുഴുവൻ തിരിക്കേണ്ടിയിരുന്നു.

കുട്ടികൾക്കു് അദ്ദേഹത്തെ ഇഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസിൽ ചീട്ടുകളിക്കാം, പടംവരയ്ക്കാം, ബൈബിളിനു പകരം നിരോധിക്കപ്പെട്ട പുസ്തകങ്ങളോ ഷെർലൊക്ക് ഹോംസോ തുറന്നുവച്ചു് വായിച്ചു

...രിക്കാം, ആർക്കു് എന്തു വേണമെങ്കിലും ചെയ്യാം. ഗെന്നാദി ...ച്ചന്നു് വളരെ അടുത്തുള്ളതു് മാത്രമേ കാണാൻ കഴിയൂ.

ഗെന്നാദി അച്ചൻ അനുഗ്രഹിക്കാനായി കയ്യുയർത്തിപ്പിടിച്ചുകൊ...ണ്ടു് ക്ലാസിൽ കയറിയ ഉടൻ മോണിട്ടർ വിളിച്ചുകൂവി:

''പിതാവും, ആശ്വാസകനും, സത്യത്തിൻെറ സത്തയുമായ ദൈ...വം തമ്പുരാൻ....''

ഗെന്നാദി അച്ചനു ചെവി നല്ലതുപോലെ കേടംക്കില്ല. അതുകൊ...ണ്ടു് പ്രാർത്ഥന ഉറക്കെ തെളിച്ചു് ചൊല്ലണമെന്നു് അദ്ദേഹം പറയാറുണ്ടാ...യിരുന്നു. പക്ഷേ അന്നു് മോണിട്ടറുടെ ഒച്ച കുറെ കൂടിപ്പോയെന്നു് അ...ദ്ദേഹത്തിനുപോലും തോന്നി. കൈവീശിക്കൊണ്ടു് അദ്ദേഹം പരു...ഷമായി പറഞ്ഞു:

''ഇതെന്താണു്.... ഇമ്പമുള്ള ശബ്ദത്തിൽ വേണം പ്രാർത്ഥന വാ...യിക്കാൻ. എന്നാൽ താൻ ഒരു കാളയെപ്പോലെ അമറുകയാണു്.''

ഗെന്നാദിയച്ചൻ വളരെ ദൂരെനിന്നാണു് തുടങ്ങിയതു്. ആദ്യം അ...ദ്ദേഹം മുടിയനായ പുത്രൻെറ കഥ പറഞ്ഞു. ആ പുത്രൻ ദേശാടനം ചെ...യ്യാനായി പിതാവിൻെറ വീട്ടിൽനിന്നു് ഇറങ്ങിപ്പോയെന്നും, അതു ബു...ദ്ധിമുട്ടാണെന്നു കണ്ടയുടൻ തിരിച്ചു വീട്ടിലെത്തിയെന്നുമാണു് എനിക്കു് ആ കഥയിൽനിന്നു മനസ്സിലായതു്.

പിന്നീടു് അദ്ദേഹം സിദ്ധികളുടെ.കഥ പറഞ്ഞു. ഒരു മനുഷ്യൻ ...യാളുടെ വേലക്കാർക്കു് കുറെ പണം കൊടുത്തു—അതാണു് സിദ്ധി ...കൾ. വേലക്കാരിൽ ചിലർ അതുകൊണ്ടു് കച്ചവടം നടത്തി ലാഭമുണ്ടാ...ക്കി. മററുള്ളവരാകട്ടെ ആ പണം ഒളിച്ചുവച്ചു, അവർക്കു് ഒന്നും കിട്ടി...യതില്ല.

''ഈ കഥകൾ എന്താണു് കാണിക്കുന്നതു്?'' ഗെന്നാദി അച്ചൻ ...ചോദിച്ചു. ''ആദ്യത്തെ കഥ ഒരു അനുസരണകെട്ട മകൻെറ കാര്യമാണു്. ആ മകൻ അച്ഛനെ വിട്ടു് ഓടിപ്പോയി വളരെനാൾ അലഞ്ഞുതിരിഞ്ഞു ...നടന്നിട്ടു് വീട്ടിലേക്കു തിരിച്ചുവന്നു. ജീവിതത്തിൻെറ പരുപരുത്ത വശ...ങ്ങളെപ്പററി അറിയാതെ വീടുവിട്ടോടിപ്പോയ നിങ്ങളുടെ സഹപാഠി ...കൾക്കു് തങ്ങൾ തിരഞ്ഞെടുത്ത വിനാശകരമായ മാർഗ്ഗത്തിൽ എന്തെ...ല്ലാം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിക്കേണ്ടിവരുമെന്നു് ഞാൻ പറ...ഞ്ഞുതരേണ്ട അവശ്യമില്ലല്ലോ. ഞാൻ വീണ്ടും നിങ്ങളോടു് അഭ്യർത്ഥി

കുന്നു—നിങ്ങളിൽ ആർക്കെങ്കിലും അവർ എവിടെയാണെന്നറിയാമെ ങ്കിൽ വീട്ടിലേക്കു മടങ്ങി വരാൻ എഴുതുക. വീട്ടിലേയ്ക്കു് ഇപ്പോഠം മട ങ്ങി വന്നാൽ ഒന്നും പേടിക്കാനില്ലെന്നു് അവരെ അറിയിക്കു. കഥയി ലെ മുടിയനായ പുത്രൻ തിരിച്ചുവന്നപ്പോഠം നല്ലവനായ പിതാവു് അ വനെ വഴക്കുപറഞ്ഞില്ല. പകരം ഒരു വിശേഷദിവസത്തെപ്പോലെ അ വനെ നല്ല വസ്ത്രങ്ങളണിയിക്കുകയും കൊഴുത്തുതടിച്ച പശുക്കിടാവിനെ കൊന്നു് വിരുന്നൊരുക്കുകയുമാണു് ചെയ്തതു് എന്നോർക്കണം. കൂട്ടംതെ റ്റി നടക്കുന്ന ഈ ബാലന്മാരുടെ മാതാപിതാക്കളും അവരെ മാപ്പുകൊടു ത്തു് സന്തോഷത്തോടെ സ്വീകരിക്കും.''

അക്കാര്യം എനിക്കു സംശയമായിരുന്നു. ഒന്നാം ക്ലാസിൽനിന്നു് ഒ ളിച്ചോടിയ ലുപിക്കൊവിന്റെ അച്ഛനമ്മമാർ അവനെ എങ്ങിനെ സ്വീ കരിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷേ അപ്പക്കച്ചവടക്കാരനായ സ്വാ ഗിൻ തന്റെ മകൻ തിരിച്ചുവന്നാൽ തടിച്ചുകൊഴുത്ത പശുക്കിടാവിനെ കൊന്നു് വിരുന്നൊരുക്കുകയില്ലെന്നു് എന്നിക്കു് തീർച്ചയുണ്ടായിരുന്നു. അയാഠം ബെൽറ്റൂരി മകനിട്ടു് നല്ലതു കൊടുക്കും, അത്രതന്നെ.

''ഇനി സിദ്ധികളുടെ കഥയെടുക്കാം,'' ഗെന്നാദിയച്ചൻ തുടർന്നു. ''നമ്മുടെ സിദ്ധികഠം നാം കുഴിച്ചുമൂടരുതെന്നാണു് അതിൽനിന്നുള്ള ഗു ണപാഠം. നിങ്ങഠംക്കു് പല തരത്തിലുള്ള വിജ്ഞാനം ഇവിടെനിന്നു കിട്ടുന്നു. പഠിത്തം പൂർത്തിയാക്കിയശേഷം നിങ്ങളിൽ ഓരോരുത്തരും അവരവരുടെ കഴിവിനും അഭിരുചിക്കും സ്ഥാനത്തിനും അനുയോജ്യമാ യ ഏതെങ്കിലുമൊരു തൊഴിൽ തിരഞ്ഞെടുക്കണം. ഒരാഠം ഒരു മാന്യനാ യ ബിസിനസ്സുകാരനാകും, മറ്റൊരാഠം ഡോക്ടറാകും അല്ലെങ്കിൽ ഒരു സർക്കാരുദ്യോഗസ്ഥനാകും. അപ്പോഠം നിങ്ങളെ എല്ലാവരും ആദരിക്ക യും ഇങ്ങിനെ പറയുകയും ചെയ്യും: 'അതെ ഈ യോഗ്യനായ മനുഷ്യൻ അയാളുടെ സിദ്ധികഠം കുഴിച്ചുമൂടിയില്ല. അവയെ വർദ്ധിപ്പിച്ചു. ഇ പ്പോഠം അയാഠം അർഹമായ ജീവിതസുഖം അനുഭവിക്കുന്നു'. എന്നാൽ— ഗെന്നാദിയച്ചൻ കൈകഠം മുകളിലേക്കുയർത്തിക്കൊണ്ടാണു് തുടർന്ന തു്—എന്നാൽ തങ്ങഠംക്കു് കിട്ടിയ അവസരങ്ങളെല്ലാം പാഴാക്കി, ശരീരത്തേയും ആത്മാവിനേയും നശിപ്പിക്കുന്ന സാഹസകൃത്യങ്ങഠം തേ ടി വീടുവിട്ടു് ഒളിച്ചോടിയ നിങ്ങളുടെ സഹപാഠികളുടെ ഭാവി എന്താ യിക്കുമെന്നു്, ഞാൻ നിങ്ങളോടു ചോദിക്കയാണു്. സ്നേഹനിധിയായ

ഒരു തോട്ടക്കാരന്റെ പരിലാളനകളുടെ ചൂടേററു വളരുന്ന മൃദുല കുസുമങ്ങളാണ് നിങ്ങൾ. നിങ്ങൾ ശാന്തമായി വിടന്നു വികസിച്ച് അദ്ധ്യാപകരുടേയും മററുള്ളവരുടേയും കണ്ണുകൾക്ക് ആനന്ദം പകരുന്നു. എന്നാൽ അവരോ.... ജീവിതക്ലേശങ്ങളെ മുഴുവൻ അവർ തരണം ചെയ്യാൽതന്നെ, ആരാലും ശ്രദ്ധിക്കപ്പെടാതെ കാററും പൊടിയുമേററ് വളരുന്ന വെറും പാഴ്ചെടികളായിട്ടായിരിക്കും അവർ വളരുന്നത്.''

ഒരു ദീർഘദർശിയുടെ മോടിയോടും ധാടിയോടുംകൂടി ഗെന്നാദിയച്ചൻ ക്ലാസുമുറിയിൽ നിന്നു് മന്ദം മന്ദം നടന്നു പുറത്തുകടന്നപ്പോൾ ഞാൻ നെടുതായി ഒന്നു നിശ്വസിച്ചു. ഞാൻ ചിന്താധീനനായി.

''ഫേജ!'' ഞാൻ വിളിച്ചു.

''എന്താ''?

''ആ സിദ്ധികളെപ്പററി നിന്റെ അഭിപ്രായമെന്താണ്?''

''ഒന്നുമില്ല. നിന്റെയോ?''

''എന്റെയോ?''

ഒരു നിമിഷം മടിച്ചുനിന്നിട്ട് ഞാൻ ശബ്ദം താഴ്ത്തി പറഞ്ഞു:

''ഫേജ, എന്റെ സിദ്ധികൾ കുഴിച്ചുമൂടാനാണ് എനിക്ക് കൂടുതൽ ഇഷ്ടം. ഒരു ബിസിനസ്സുകാരനോ സർക്കാരുദ്യോഗസ്ഥനോ ആകുന്നതിൽ എന്താണ് രസം?''

''എനിക്കും അതുതന്നെ തോന്നുന്നു'', ചെറിയ ഒരു നിശ്ശബ്ദതയ്ക്കുശേഷം ഫേജ പറഞ്ഞു. ''മുറിക്കകത്തുവളരുന്ന ഒരു ചെടിയാകാൻ ഒരു രസവുമില്ല. ഒന്നു് ഊതിയാൽ അതു വാടിപ്പോകും. പാഴ്ചെടികൾ താണെങ്കിൽ കുറെ കരുത്തെങ്കിലുമുണ്ട്, മഴയും ചൂടും താങ്ങാനുള്ള കെൽപ്പുണ്ട്.''

''ഫേജ,'' ഞാൻ പറഞ്ഞു. ''വരാനിരിക്കുന്ന ജീവിതത്തിൽ നിങ്ങൾ ഉത്തരം പറയേണ്ടിവരും, എന്നു് ഗെന്നാദിയച്ചൻ പറഞ്ഞില്ലേ? എന്തായാലും ഉത്തരംപറയേണ്ടിവരുമെങ്കിൽപ്പിന്നെ വരാനിരിക്കുന്ന ജീവിതത്തെപ്പററി എന്തിനു വിചാരിക്കുന്നു?''

അതേപ്പററി ആലോചിക്കാൻ ഫേജ കുറെ സമയമെടുത്തു. ശിക്ഷയിൽനിന്നു് രക്ഷപ്പെടേണ്ടതെങ്ങിനെയെന്നു് അവനും നിശ്ചയമില്ലായിരുന്നെന്നു തോന്നി. എങ്ങും തൊടാത്ത ഉത്തരമാണ് അവൻ നൽകിയത്.

''അതു് ഉടനേയെങ്ങും വേണ്ടിവരില്ലല്ലോ. ആ സമയമാകുമ്പോ ഴേക്കു് നമുക്കു് എന്തെങ്കിലും വഴി കണ്ടുപിടിക്കാം.''

ഒന്നാംക്ലാസ്സ് വിദ്യാർത്ഥിയായ ട്രുപികൊവ് ഒരു മണ്ടനാണെന്നു തെളിഞ്ഞു. യുദ്ധമുന്നണിയിലെത്താൻ ഏതുദിക്കിലേക്കാണു് പോകേണ്ടതെന്നുപോലും അവനു നിശ്ചയമില്ലായിരുന്നു. അർസമാസിൽനിന്നും അറുപതു മൈൽ അകലെ നീഷ്നി നോവ്ഗൊറദിലേക്കുള്ള വഴിയിൽ നിന്നു് മൂന്നു് ദിവസം കഴിഞ്ഞു് അവനെ പിടികിട്ടി.

വീട്ടിലെത്തിയപ്പോഴാം വീരോചിതമായ ഒരു സ്വീകരണമാണത്രെ അവനു ലഭിച്ചതു്. അവർ അവനു പലവിധ സമ്മാനങ്ങളാം വാങ്ങിക്കൊടുത്തു. താൻ ഇനി ഒരിക്കലും ഒളിച്ചോട്ടുകയില്ലെന്നു് അവൻ അമ്മയ്ക്കു് വാക്കുകൊടുത്തതിനു പകരം, അടുത്ത വേനൽക്കാലത്തു് അവനു് ഒരു തോക്കു വാങ്ങിക്കൊടുക്കാമെന്നു് അമ്മയും ഏററു. എന്നാൽ സ്കൂളിൽ അവൻ എല്ലാവരുടേയും പരിഹാസപാത്രമായിത്തീരുകയാണു് ഉണ്ടായതു്. ''മൂന്നു ദിവസം പട്ടണത്തിൽ അലഞ്ഞുനടന്നാൽ ഒരു തോക്കു കിട്ടുമെങ്കിൽ ആരാണു് പോകാത്തതു്?'' കുട്ടികാം അവനെ കാണുമ്പോഴാം പറയും.

ഞങ്ങളുടെ സ്കൂളിലെ ഭൂമിശാസ്ത്രാദ്ധ്യാപകനായ മലിനോവ്സ്കി ഓർക്കാപ്പുറത്തു് അവനു് ഒരു കൊട്ടുകൊടുത്തതു് എല്ലാവരേയും അത്ഭുതപ്പെടുത്തി. ''ഭ്രാന്തൻ'' എന്നാണു് ഞങ്ങാം അദ്ദേഹത്തെ വിളിച്ചിരുന്നതു്.

മലിനോവ്സ്കി ട്രുപികൊവിനെ ബോർഡിനടുത്തേക്കു വിളിച്ചു.

''ശരി, ഏതു മുന്നണിയിലേക്കു് ഓടിപ്പോകാനാണു് നീ പുറപ്പെട്ടതു്? ജപ്പാന്റെ ഭാഗത്തേക്കായിരിക്കും, അല്ലേ?'' അദ്ദേഹം ചോദിച്ചു.

''അല്ല, സാർ,'' ട്രുപികൊവ് പറഞ്ഞു. ജർമ്മൻ മുന്നണിയിലേക്കു്.'' അവന്റെ മുഖം ചുവന്നു.

''അതു ശരി,'' പകയോടെ മലിനോവ്സ്കി തുടർന്നു. ''പിന്നെ നിന്നെ നീഷ്നി നോവ്ഗൊറദിലേക്കു തള്ളിവിട്ടതു് ഏതു പിശാചാണു്? നിന്റെ മണ്ടയിൽ ഒന്നുമില്ലേ? ഞാൻ നിന്നെ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതൊക്കെ നീ എവിടെ കൊണ്ടെ കഴിച്ചുമൂടി? നിനക്കു് മോസ്കോ വഴിയാണു് കടന്നുപോകേണ്ടതെന്നു് പകൽപോലെ സ്പഷ്ടമായിരുന്നില്ലേ?'' അദ്ദേഹം കയ്യിലുള്ള വടികൊണ്ടു് ഭൂപടത്തിൽ ചൂണ്ടിക്കാട്ടി ''ജർമ്മൻമുന്നണിയിലെത്തണമെങ്കിൽ മോസ്കോയും, സ്മോലേൻസ്കും,

ബ്രസ്സ്‌റവും കടക്കണം. നീയാണെങ്കിൽ കിഴക്കോട്ടാണു പോയതു്—നേരെ എതിർവശത്തേക്കു്. നീ അങ്ങിനെ ചെയ്യാൻ കാരണമെന്താണു്? നിങ്ങളെ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതു് ഒരു ചവററുകുട്ടയിലെന്നപോലെ തലയിൽ സൂക്ഷിക്കാനല്ല, നിങ്ങൾ അതു പ്രായോഗികമായി പ്രയോജനപ്പെടുത്താനാണു്. ഇരിക്കു്, ഞാൻ നിനക്കു് മാർക്കു കുറയ്ക്കാൻ പോവുകയാണു്!''

പഠിക്കുന്നതുകൊണ്ടു് പ്രയോജനമുണ്ടെന്നു് ആ പ്രസംഗം ഒന്നാംക്ലാസ്സ് വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്തി. അവർ കൂടുതൽ ശുഷ്കാന്തിയോടെ ഭൂമിശാസ്ത്രം പഠിച്ചുതുടങ്ങി. ''ഒളിച്ചോട്ടം'' എന്നപേരിൽ ഒരു പുതിയ കളിതന്നെ അവർ കണ്ടുപിടിച്ചു. ആ കളി ഇങ്ങിനെയാണു്: ഒരു കുട്ടി അതിർത്തിയിലുള്ള ഏതെങ്കിലും ഒരു പട്ടണത്തിൻെറ പേരു പറയും, മറെറാരു കുട്ടി അങ്ങോട്ടുള്ള വഴി പറയണം.

ഒളിച്ചോട്ടക്കാരനു് ഒരു തെററുപററിയാൽ പിഴയൊടുക്കണം. പിഴയൊടുക്കിയില്ലെങ്കിൽ തലക്കിട്ടു് കിഴുക്കു കിട്ടും.

അദ്ധ്യായം മൂന്നു്

യുദ്ധം ജയിക്കുന്നതിനുവേണ്ടി ഒരു പ്രത്യേകപ്രാർത്ഥന ആഴ്ചതോറും സ്കൂളിൽ നടത്താറുണ്ടു്. ബുധനാഴ്ച രാവിലെയായിരിക്കും അതു്.

പ്രാർത്ഥന കഴിഞ്ഞു് എല്ലാവരും ഇടത്തുവശത്തേക്കു നോക്കണം. സാർചക്രവർത്തിയുടേയും ചക്രവർത്തിനിയുടേയും പടം അവിടെയാണു് തൂക്കിയിരുന്നതു്.

ഗായകസംഘം ദേശീയ ഗാനം പാടും, ''ചക്രവർത്തിയെ ദൈവം കാക്കട്ടെ.'' മററുള്ളവരെല്ലാം അതേററുപാടണം. എന്റെ ശബ്ദം പാടാൻ പററിയതല്ലെങ്കിലും ഞാൻ തൊള്ളതുറന്നു പാടും. എന്റെ പരാക്രമം കണ്ടു് ഒരിക്കൽ മാസ്റ്റർ പറഞ്ഞു:

''ഗോറിക്കൊവ്, നീ ഇത്രയധികം ആയാസപ്പെടേണ്ട. നീ ആവശ്യത്തിലേറെ ഉറക്കെയാണു പാടുന്നതു്.''

എനിക്കു് പരിഭവം തോന്നി. ആവശ്യത്തിലേറെ ഉറക്കെയാണെന്നോ! കൊള്ളാം! എനിക്കു പാടാനറിയില്ലെന്നുവച്ചു് മററുള്ളവർ വിജയത്തിനുവേണ്ടി പാടുമ്പോൾ ഞാൻ വായുംപൂട്ടിനിൽക്കണോ?

വീട്ടിൽവച്ചു് ഞാൻ അമ്മയോടു് സങ്കടംപറഞ്ഞു.

പക്ഷേ അമ്മയ്ക്കു് അക്കാര്യത്തിൽ വലിയ താല്പര്യമുണ്ടായിരുന്നില്ല. അവർ പറഞ്ഞു:

''നീ ഒരു കൊച്ചുകുട്ടിയാണു്. കുറേക്കൂടി വളരട്ടെ.... ആളുകൾ യുദ്ധം ചെയ്യുന്നു. അതിനു് നിനക്കെന്താ?''

''അമ്മ എന്താണീ പറയുന്നതു്? ജർമ്മൻകാർ നമ്മളെ കീഴടക്കിയാലോ? അവരുടെ അക്രമങ്ങളെപ്പററി ഞാൻ ചിലതെല്ലാം വായിച്ചിട്ടുണ്ടു്. അമ്മേ, ജർമ്മൻകാർ വയസ്സായവരോടും കുട്ടികളോടും മററാരോടും ദയകാണിക്കാത്ത മ്ലേച്ഛന്മാരായിരിക്കുന്നതും നമ്മുടെ സാർചക്രവർ

നതി എല്ലാവരിലും കരുണയുള്ളവനായിരിക്കുന്നതും എന്തുകൊണ്ടാണ്?''

''അതോർത്ത് വിഷമിക്കേണ്ട!'' അമ്മ നീരസത്തോടെ പറഞ്ഞു. ''അതെല്ലാം കണക്കാണ്. എല്ലാവരുടേയും തലതിരിഞ്ഞിരിക്കുന്നു. ജർമ്മൻകാർ മററു രാജ്യക്കാരേക്കാൾ ചീത്തയല്ല, നമ്മളുമല്ല.''

എന്നെ ചിന്താക്കുഴപ്പത്തിലാക്കിയിട്ട് അമ്മ അവിടുന്നു പോയി. ജർമ്മൻകാർ നമ്മുടെ ആൾക്കാരേക്കാൾ ചീത്തയല്ലെന്നു വരുന്നതെങ്ങിനെ? അവർ മഹാ ചീത്തയാണെന്ന് എല്ലാവർക്കും അറിയാം. ജർമ്മൻകാർ യാതൊരു ദാക്ഷിണ്യവുമില്ലാതെ സർവ്വതും തീവച്ചു നശിപ്പിക്കുന്നതു് ഇന്നലെ ഞാൻ സിനിമയിൽ കണ്ടതേയുള്ളു. അവർ റിംസ് കത്തീഡ്രൽ നശിപ്പിച്ചു. പള്ളികൾ മലിനമാക്കി. എന്നാൽ നമ്മുടെ ആളുകൾ ഒന്നും നശിപ്പിക്കുകയോ ദൂഷിപ്പിക്കുകയോ ചെയ്തില്ല. ഒരു റഷ്യൻ സൈനികോദ്യോഗസ്ഥൻ ഒരു ജർമ്മൻ കുട്ടിയെ തീയിൽനിന്നു രക്ഷിക്കുന്നതാണ് ഞങ്ങൾ ആ സിനിമയിൽ കണ്ടതു്. ഞാൻ ഫേജയുടെ വീട്ടിലേയ്ക്കു നടന്നു.

ഫേജയും എന്റെ അഭിപ്രായം ശരിവച്ചു.

''അവർ ദുഷ്ടന്മാരാണെന്നു തീർച്ച. നിരുപദ്രവികളായ യാത്രക്കാരെ വഹിച്ചുകൊണ്ടുപോയ 'ലൂസിത്താനിയ' അവർ മുക്കി, എന്നാൽ നമ്മൾ ഒന്നും മുക്കിയിട്ടില്ല. നമ്മുടെ ചക്രവർത്തിയും ഇംഗ്ലീഷുകാരുടെ ചക്രവർത്തിയും മാന്യന്മാരാണ്. ഫ്രഞ്ചു് പ്രസിഡൻറും അങ്ങനെ തന്നെയാണ്. പക്ഷേ ജർമ്മൻകാരുടെ ആ വിൽഹെം ഒരു നീചനാണ്.

''ഫേജ, ഫ്രഞ്ചു് ചക്രവർത്തിയെ പ്രസിഡൻറന്നു് വിളിക്കുന്നതെന്തിനാണ്?'' ഞാൻ ചോദിച്ചു.

അവൻ കുറേനേരം ആലോചിച്ചുനിന്നു.

''എനിക്കറിയില്ല'', അവൻ പറഞ്ഞു. ''അവരുടെ പ്രസിഡൻറ് ചക്രവർത്തിയേയല്ലത്രെ.... വെറുതെ അങ്ങിനെ ആയതാണ്.''

''വെറുതെ എങ്ങിനെയായി?''

''വാസ്തവത്തിൽ എനിക്കറിയില്ല. ഞാൻ ഡ്യൂമയുടെ ഒരു പുസ്തകം വായിച്ചിട്ടുണ്ട്. നല്ല രസമുള്ള പുസ്തകമാണ്. സാഹസകൃത്യങ്ങൾകൊണ്ടു നിറഞ്ഞതു്. ഫ്രഞ്ചുകാർ അവരുടെ ചക്രവർത്തിയെ കൊന്നെന്നാണ് അതിൽ പറയുന്നതു്. അതിനുശേഷം അവർക്കു് ചക്രവർത്തിയിക്കു പകരം പ്രസിഡൻറാണുള്ളതു്.''

''ചക്രവർത്തിയെ ആരെങ്കിലും കൊല്ലുമോ?'' എനിക്കു് അരിശം വന്നു. ''നീ നുണ പറയുകയാണു്, ഫേജ. അതല്ലെങ്കിൽ നീ വായിച്ച തെല്ലാം കൂട്ടിക്കുഴച്ചുകാണും.''

''അവർ കൊന്നു, അതു സത്യമാണു്. അദ്ദേഹത്തേയും ഭാര്യയേയും കൊന്നു. അവരെ എല്ലാവരേയും വിസ്തരിച്ചു് വധശിക്ഷയ്ക്കു വിധിക്കുകയാണു ചെയ്തതു്.''

''നീ മിണ്ടാതിരിക്കു്! ചക്രവർത്തിയെ ആരെങ്കിലും വിസ്തരിക്കുമോ? നമ്മുടെ ജഡ്ജി ഇവാൻ ഫേ്യാദറൊവിച്ചിന്റെ കാര്യമെടുക്കാം. പ്ലുശ്ചീഹയുടെ വേലി പൊളിച്ചയാളെ അയാറം വിസ്തരിച്ചു. പുരോഹിതന്മാരുടെ ഒരു പെട്ടി മിഠായി മോഷ്ടിച്ചതിനു് ജിപ്സി മീത്കയെ അയാറം ശിക്ഷിച്ചു. അയാറം കള്ളന്മാരെ വിസ്തരിക്കും നമ്മുടെ ചക്രവർത്തിയെ വിസ്തരിക്കാൻ ധൈര്യപ്പെടുകയില്ല. ചക്രവർത്തി എല്ലാവരുടേയും തലവനാണു്.''

''വിശ്വസിക്കുന്നില്ലെങ്കിൽ വേണ്ട,'' ഗർവ്വോടെ ഫേജ പറഞ്ഞു. ''സാഷ്ക ഗൊളൊവേഷ്കിൻ ആ പുസ്തകം വായിച്ചു കഴിഞ്ഞാലുടൻ ഞാൻ നിനക്കു തരാം. അവിടെ നടന്ന വിചാരണ ഇവാൻ ഫേ്യാദറൊവിച്ചിന്റെ വിചാരണകറംപോലെയല്ല. അവിടെ ആളുകളെല്ലാം ഒരുമിച്ചു കൂടി. അവർ ശിക്ഷ നിശ്ചയിക്കുകയും അതു നടപ്പിലാക്കുകയും ചെയ്തു. കൊന്നതു് എങ്ങിനെയാണെന്നുപോലും ഞാൻ ഓർക്കുന്നുണ്ടു്. അവിടെ ആളുകളെ തൂക്കിക്കൊല്ലുകയല്ല. അവർക്കു് അതിനൊരു യന്ത്രമുണ്ടു്—ഗില്ലററിൻ. അതിനു് ചാവികൊടുത്താൽ മതി, കണ്ണടച്ചു തുറക്കും മുമ്പു് തലവെട്ടിമാററും.''

''അവർ ചക്രവർത്തിയുടേയും തലവെട്ടിയോ?''

''വെട്ടി. ചക്രവർത്തിയുടേയും ചക്രവർത്തിനിയുടേയും മററു പലരുടേയും തല വെട്ടി. ആ പുസ്തകം ഞാൻ നിനക്കു തരാം. നല്ല രസമാണു്. അതിൽ ഒരു പുരോഹിതനെപ്പററിയും പറയുന്നുണ്ടു്. തടിച്ചുകൊഴുത്ത ആ കൗശലക്കാരൻ ഒരു ദിവ്യനാണെന്നാണു് എല്ലാവരും വിചാരിച്ചതു്. പക്ഷേ അയാറം അങ്ങിനെയൊന്നുമായിരുന്നില്ല. ഞാൻ അയാളുടെ കാര്യം വായിച്ചപ്പോറം ചിരിച്ചുചിരിച്ചു മണ്ണുകപ്പി. അമ്മയ്ക്കു് ദേഷ്യം വന്നു. അവർ എണീററു വിളക്കു കെടുത്തി. പക്ഷേ അമ്മ ഉറങ്ങി

കഴിഞ്ഞപ്പോൾ ഞാൻ ദൈവരൂപത്തിനു മുമ്പിൽ കത്തിച്ചുവച്ചിരുന്ന ചെറിയ വിളക്കെടുത്തുവച്ച് വായന തുടർന്നു.''

തീവണ്ടി സ്റ്റേഷനിൽ ഒരു സംഘം ആസ്ട്രിയൻ യുദ്ധത്തടവുകാരെ കൊണ്ടുവന്നിട്ടുണ്ടെന്ന് ഒരു വാർത്ത സ്കൂളിൽ പരന്നു. ഞാനും ഫേജയും സ്കൂൾവിട്ടയുടനെ അങ്ങോട്ടോടി. സ്റ്റേഷൻ പട്ടണത്തിൽനിന്നു വളരെ അകലെയായിരുന്നു. സെമിത്തേരിയും കഴിഞ്ഞ് കുററിക്കാട്ടിലൂടെ കുറെ നടന്ന് റോഡിലിറങ്ങിയിട്ട് വളഞ്ഞുതിരിഞ്ഞു കിടക്കുന്ന ഒരു മലയിടുക്ക് കടന്നുവേണം അവിടെയെത്താൻ.

''ഫേജ, യുദ്ധത്തടവുകാരുടെ കാലിൽ വിലങ്ങു കാണുമോ?''

''അറിയില്ല. കാണുമെന്നു തോന്നുന്നു. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അല്ലെങ്കിൽ അവർ ഓടിപ്പോകും. വിലങ്ങുണ്ടെങ്കിൽ ഓടാൻ പററില്ല. ജയിലിൽ കിടക്കുന്ന തടവുകാരെ കാണണം, അവർക്ക് നടക്കാൻതന്നെ വലിയ പ്രയാസമാണ്.''

''പക്ഷേ അവർ കള്ളന്മാരാണ്. യുദ്ധത്തടവുകാർ ഒന്നും കട്ടെടുത്തിട്ടില്ലല്ലോ.''

''മോഷ്ടിക്കുന്നവരേയും കൊലപാതകം ചെയ്യുന്നവരേയും മാത്രമാണ് ജയിലിലടയ്ക്കുന്നതെന്നാണോ നിൻെറ വിചാരം? മററു പല കാരണം കൊണ്ടും ജയിലിൽ കഴിയുന്നവരുണ്ട്.''

''അതെങ്ങിനെ?''

''അതേ? നിനക്കറിയില്ലേ... നമ്മുടെ മാനവൽമാസ്റ്ററെ ജയിലിലിട്ടിരിക്കയാണ്. നീ അതറിഞ്ഞില്ലേ? അതുപോലെ.''

ഫേജയ്ക്ക് എല്ലാക്കാര്യങ്ങളും എന്നേക്കാൾ കൂടുതൽ അറിയാം. അക്കാര്യത്തിൽ എനിക്ക് അവനോടു കുറച്ച് അസൂയതോന്നിയിരുന്നു. ക്ലാസിൽ പഠിപ്പിക്കുന്നതൊഴിച്ച് മറെറന്തു ചോദിച്ചാലും അവൻ ഉത്തരം പറയും. അവൻെറ അച്ഛൻവഴി അറിയുന്നതാകാം. അവൻെറ അച്ഛൻ ഒരു തപാൽശിപായിയാണ്. എഴുത്തുംകൊണ്ട് നടക്കുമ്പോൾ അയാൾക്ക് പല വർത്തമാനങ്ങളും അറിയാൻ കഴിയും.

ഞങ്ങളുടെ മാനവൽമാസ്റ്ററെ കുട്ടികൾക്കൊക്കെ വലിയ ഇഷ്ടമായിരുന്നു. ''മലങ്കാക്ക'' എന്നാണ് കുട്ടികൾ അദ്ദേഹത്തിനിട്ടിരുന്ന വട്ട

പ്പേർ. യുദ്ധം തുടങ്ങിയ കാലത്താണ്‌ അദ്ദേഹം ഞങ്ങളുടെ പട്ടണത്തി ലെത്തിയത്‌. പട്ടണത്തിന്റെ ഒരു പ്രാന്തപ്രദേശത്തു്‌ ഒരു വീടു്‌ വാടകയ്ക്കെടുത്താണ്‌ അദ്ദേഹം താമസിച്ചിരുന്നതു്‌. ഞാൻ പലതവണ അവിടെ പോയിട്ടുണ്ടു്‌. അദ്ദേഹത്തിനും ഞങ്ങളെ ഇഷ്ടമായിരുന്നു. കൂടുകളും പെട്ടികളും കെണികളുമുണ്ടാക്കാൻ അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. വേനൽക്കാലത്തു്‌ ഒരു സംഘം കുട്ടികളോടൊപ്പം കാട്ടിലേക്കോ മീൻ പിടിക്കാൻ പുഴയിലേക്കോ പോവുക അദ്ദേഹത്തിന്റെ പതിവായിരുന്നു. ഇരുണ്ടനിറമുള്ള ഒരു മനുഷ്യനായിരുന്നു അദ്ദേഹം. പക്ഷികളെപ്പോലെ തത്തിത്തത്തിയാണ്‌ അദ്ദേഹം നടന്നിരുന്നതു്‌. അതുകൊണ്ടു്‌ ഞങ്ങൾ അദ്ദേഹത്തെ ''മലങ്കാക്ക'' എന്നു വിളിച്ചു.

തികച്ചും അപ്രതീക്ഷിതമായിട്ടാണ്‌ അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടതു്‌. എന്തിനാണെന്നു്‌ ഞങ്ങൾക്കു്‌ ഒരു പിടിയും കിട്ടിയില്ല. പടനീക്കങ്ങളെപ്പററി ജർമ്മൻകാർക്കു്‌ അപ്പപ്പോൾ ടെലിഫോൺ സന്ദേശങ്ങളയയ്ക്കുന്ന ഒരു ചാരനാണ്‌ അദ്ദേഹമെന്നു്‌ കുട്ടികളിൽ ചിലർ പറഞ്ഞു. വഴിയിൽ ആളുകളെ തടഞ്ഞുനിർത്തി കൊള്ളയടിക്കുന്ന ഒരു തീവെട്ടിക്കൊള്ളക്കാരനാണ്‌ അദ്ദേഹമെന്നും അക്കാര്യം പുറത്തു വന്നയുടൻ അറസ്റ്റുചെയ്യപ്പെട്ടതാണെന്നുമായിരുന്നു മററൊരു കൂട്ടരുടെ അഭിപ്രായം.

എന്നാൽ അതൊന്നും ഞാൻ വിശ്വസിച്ചില്ല. ഒന്നാമതു്‌ ഇവിടെനിന്നു്‌ അതിർത്തിവരെ നീളുന്ന ടെലിഫോൺ ലൈൻ ഇല്ല. രണ്ടാമതു്‌, അർസമാസിൽനിന്നറിയിക്കാൻ എന്തു സൈനികരഹസ്യങ്ങളും പടനീക്കങ്ങളുമാണുള്ളതു്‌? ഇവിടെ സൈന്യം എന്നുപറയാൻമാത്രം ഒന്നുമില്ല. ആകെ ഏഴുപേരും ഒരു കുതിരസൂക്ഷിപ്പുകാരനും നാലു്‌ കുശിനിക്കാരും മാത്രമടങ്ങുന്ന ഒരു സംഘമാണ്‌ തീവണ്ടിസ്റ്റേഷനിൽ താവളമുറപ്പിച്ചിരുന്നതു്‌. വാസ്തവത്തിൽ അവർക്കു്‌ പട്ടാളക്കാർ എന്ന പേരുമാത്രമേ ഉണ്ടായിരുന്നുള്ളു. അവരെല്ലാം വെറും സാധാരണ റൊട്ടിക്കച്ചവടക്കാർ മാത്രമായിരുന്നു. പോരെങ്കിൽ ഇക്കാലത്തിന്നിടയ്ക്കു്‌ അവിടെക്കൂടി പട്ടാളക്കാർ കടന്നു പോയിട്ടുള്ളതു്‌ ഒരൊററ തവണ മാത്രമാണ്‌—അതു്‌ ബലഗ്ഗുഷിൻ എന്ന സൈനികോദ്യോഗസ്ഥൻ പിര്യാതിനിൽനിന്നു്‌ ബസ്യഗിനിലേക്കു്‌ താമസം മാററിയപ്പോഴാണ്‌. മററു യാതൊരുവിധ സൈനികപ്രവർത്തനങ്ങളും നീക്കങ്ങളും അവിടെ ഉണ്ടായിട്ടില്ല.

മാസ്റ്റർ കൊള്ളക്കാരനാണെന്നു പറയുന്നതാണെങ്കിൽ ഒരു പച്ചക്ക

[illegible]ണ്. പേത്യ സലതുഹിൻ കെട്ടിച്ചമച്ച കഥയാണതു്. അവൻ ദ്രു[illegible]നണയനാണെന്നു് ആർക്കാണു് അറിയാൻപാടില്ലാത്തതു്? അ[illegible] ന്നു കോപ്പെക് കടംമേടിച്ചാൽ തിരിച്ചുതരാതെ തിരിച്ചുതന്നെ[illegible] ത്രുണയിട്ടുപറയും. ചൂണ്ട മേടിച്ചു കൊണ്ടുപോയാൽ കൊളുത്തില്ലാ[illegible] തിരികെ തന്നിട്ടു് താൻ കൊണ്ടുപോയപ്പോഴുംതന്നെ അതില്ലായി[illegible]ന്നെന്നു നുണപറയും. ഇതൊന്നുമല്ലെങ്കിൽത്തന്നെ ഒരദ്ധ്യാപകനു് കൊ[illegible]ാരനാകാൻ കഴിയുന്നതെങ്ങിനെ? അദ്ദേഹത്തിൻെറ മുഖം കൊള്ള[illegible]രൻേറതല്ല. എപ്പോഴും ചുമച്ചുകൊണ്ടു് പ്രത്യേകരീതിയിൽ നടക്കുന്ന[illegible]രമതിയായ ആ മെല്ലിച്ച മനുഷ്യനു് കൊള്ളക്കാരനാവാൻ സാദ്ധ്യ[illegible].

ഞാനും ഫേജയും മലയിടുക്കുവരെ ഓടി. എനിക്കു് ജിജ്ഞാസയട[illegible]ാൻ കഴിഞ്ഞില്ല. ഞാൻ ഫേജയോടു ചോദിച്ചു:

''ഫേജ്, വാസ്തവത്തിൽ നമ്മുടെ അദ്ധ്യാപകനെ അറസ്റ്റുചെയ്തതെ[illegible]നായിരുന്നു? ചാരനാണെന്നും കൊള്ളക്കാരനാണെന്നും പറയുന്നതു് [illegible]വെറും അസംബന്ധമാണു്, അല്ലേ?''

''അതൊക്കെ വെറും അസംബന്ധമാണു്,'' നടപ്പിൻെറ വേഗത [illegible]ച്ചു്, കരുതലോടെ ചുററുപാടും നോക്കിക്കൊണ്ടു് ഫേജ പറഞ്ഞു. [illegible]ങ്ങൾ വിജനമായ ഒരു വെളിപ്രദേശത്തല്ല വലിയ ഒരാൾക്കൂട്ടത്തിനി[illegible]ലാണു് നില്ക്കുന്നതെന്നു് അവൻെറ ആ നോട്ടം കണ്ടാൽ ആർക്കും [illegible]തോന്നിപ്പോകും. ''രാഷ്ട്രീയകാര്യങ്ങൾക്കാണു് അദ്ദേഹത്തെ അറസ്റ്റുചെ[illegible]യ്തതു്, ചങ്ങാതി.''

എന്തുതരം രാഷ്ട്രീയ കാരണമാണെന്നു് ഫേജയോടു് ചോദിക്കാൻ [illegible]നിക്കിട കിട്ടുന്നതിനുമുമ്പു് വളവിനപ്പുറത്തുനിന്നു് വലിയൊരു സം[illegible] ആൾക്കാർ നടന്നു വരുന്നതിൻെറ കനത്ത കാലൊച്ച മുഴങ്ങിക്കേട്ടു.

യുദ്ധത്തടവുകാർ ഉദ്ദേശം നൂറുപേരുണ്ടായിരുന്നു.

അവരുടെ കാലുകളിൽ വിലങ്ങുണ്ടായിരുന്നില്ല. അവരെ നോക്കാൻ [illegible]കെ ആറു പട്ടാളക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു.

ആസ്ട്രിയാക്കാരുടെ ചാരനിറമുള്ള പട്ടാളവേഷവും ചുക്കിച്ചുളിഞ്ഞ തൊപ്പിയും അവരുടെ വിഷാദമൂകമായ തളർന്ന മുഖവുമായി ഇഴുകി[illegible]ച്ചേർന്നിരുന്നു. നിശ്ശബ്ദരായി പട്ടാളമട്ടിൽ അവർ നടന്നടുത്തു.

''അപ്പോൾ ഇങ്ങിനെയാണു് യുദ്ധത്തടവുകാർ ഇരിക്കുന്നതു്,'' അ

വർ കടന്നുപോകുന്നതു നോക്കിക്കൊണ്ടു് ഞാനും ഫേജയും വിചാരിച്ചു.

''പൈശാചികമായ അക്രമങ്ങളും നടത്തി ലോകത്തെ മുഴുവൻ ഞെട്ടിപ്പിക്കുന്ന ജർമ്മൻകാരും ആസ്ത്രിയക്കാരും ഇങ്ങിനെയാണിരിക്കുന്നതു്. മുഖം കനപ്പിച്ചിരിക്കുന്നതെന്തിനു്? യുദ്ധത്തടവുകാരായിരിക്കാൻ ഇഷ്ടമില്ല അല്ലേ? നിങ്ങൾക്കു് ഇതു വരണം!''

അവർ കടന്നു പൊയ്ക്കഴിഞ്ഞപ്പോൾ ഫേജ അവരെ നോക്കി മുഷ്ടി ചുരുട്ടി.

''വിഷവാതകം കണ്ടുപിടിച്ചു ഇല്ലേ! ജർമ്മൻ കഴുതകൾ!''

ഞങ്ങൾ നിരുന്മേഷരായിട്ടാണു് വീട്ടിൽ തിരിച്ചെത്തിയതു്. അതെന്തുകൊണ്ടായിരുന്നെന്നു് എനിക്കറിയില്ല. ഒരുപക്ഷേ പരവശരും ചാരനിറമാർന്ന മുഖത്തോടുകൂടിയവരുമായ ആ യുദ്ധത്തടവുകാർ ഞങ്ങളിൽ ഉദ്ദേശിച്ചത്ര മതിപ്പുളവാക്കാതിരുന്നതു കൊണ്ടാവാം. പട്ടാളക്കോട്ടിട്ടിരുന്നില്ലെങ്കിൽ വെറും അഭയാർത്ഥികളാണവരെന്നേ തോന്നുകയുള്ളു. അഭയാർത്ഥികളുടേതുപോലെ ഉണങ്ങിവരണ്ട ശുഷ്കിച്ച മുഖവും അവശഭാവവും സർവ്വതിലുമുള്ള ഉദാസീനതയും അവരിലും ദൃശ്യമായിരുന്നു.

അദ്ധ്യായം നാലു്

വേനല്ക്കാലാവധി തുടങ്ങി. ഒഴിവുകാലം ചെലവഴിക്കുന്നതിനു് ഞാ[illegible] ഫേജയും പല പദ്ധതികളുമിട്ടു. ഞങ്ങൾക്കു് പലതും ചെയ്യുതീർ[illegible]നുണ്ടായിരുന്നു.

ആദ്യമായി ഒരു ചങ്ങാടമുണ്ടാക്കി ഞങ്ങളുടെ തോട്ടത്തിനോടു് തൊ[illegible]ിടക്കുന്ന കുളത്തിൽ ഇറക്കണം, സമുദ്ര രാജാവായി സ്വയം പ്രഖ്യാ[illegible]ിച്ചുകൊണ്ടു്, കുളത്തിന്റെ മറുകര കാക്കുന്ന പൻത്യൂഷ്ണിന്മാരുടേയും [illegible]ിമക്കോവ്മാരുടേയും ഒരുമിച്ചുള്ള നാവികപ്പടയെ യുദ്ധത്തിനു വിളി[illegible]ം.

ഞങ്ങൾക്കു് ഒരു ചെറിയ കപ്പൽപ്പട ഉണ്ടായിരുന്നു തോട്ടത്തിലെ [illegible] ചെറിയ വാതിൽ. എന്നാൽ ശത്രുവിനോടു ചെറുത്തു നിൽക്കാൻ അ[illegible]ികച്ചും അപര്യാപ്തമായിന്നു. ശത്രുവിനു് പഴയ ഒരു ഗയിററിന്റെ, [illegible]തികൊണ്ടുണ്ടാക്കിയ ഒരു പടക്കപ്പലും ''കപ്പൽ നാശിനിയായി'' [illegible]യോഗിക്കാൻ ആടുമാടുകൾക്കു വെള്ളം കൊടുക്കുന്ന ഒരു മരത്തോണി [illegible] ഉണ്ടായിരുന്നു.

കക്ഷികൾക്കു് തുല്യബലമായിരുന്നില്ല എന്നതു സ്പഷ്ടം. അതുകൊ[illegible] ഒരു കൂററൻ പടക്കപ്പലുണ്ടാക്കാൻതന്നെ ഞങ്ങൾ നിശ്ചയിച്ചു. ഏ[illegible]റവും പുതിയ ഒരു മോഡലായിരിക്കണം അതു്.

പൊളിഞ്ഞുവീണ കുളിപ്പുരയുടെ തടികൾ അതിനുവേണ്ടി ഉപയോ[illegible]ിക്കാൻ ഞങ്ങൾ തീരുമാനിച്ചു. ഞങ്ങളുടെ പടക്കപ്പൽ തുണി അലമ്പി[illegible]നുള്ള ഒരു തട്ടായി എപ്പോൾവേണമെങ്കിലും ഉപയോഗിക്കാമെന്നു [illegible] പറഞ്ഞു് അതിനു് അമ്മയുടെ അനുവാദം വാങ്ങി.

ഞങ്ങളുടെ പുതിയ സന്നാഹങ്ങളെക്കുറിച്ച് മണത്തറിഞ്ഞ ശത്രുക്കാം മറുകരയിൽ ദ്രുതഗതിയിൽ പണിയാരംഭിച്ചു. എന്നാൽ വേണ്ടത്ര അസംസ്കൃത പദാർത്ഥങ്ങളില്ലാത്തതുകൊണ്ട് അവർക്കു ഞങ്ങളോടൊപ്പമെത്താൻ സാദ്ധ്യമല്ലെന്നു രഹസ്യചാരന്മാർ ഞങ്ങാംക്കു ഉറപ്പുതന്നു. കളപ്പുരയുടെ അററകുററപ്പണിക്കായി മുറിച്ചു വച്ചിരുന്ന പലകക്കഷണങ്ങാം റാഞ്ചാനുള്ള അവരുടെ ഉദ്യമം പരാജയപ്പെട്ടു. മററു കാര്യങ്ങാംക്കു വച്ചിരുന്ന സാധനങ്ങാം അങ്ങിനെ ദുരുപയോഗപ്പെടുത്തുന്നതു ആഭ്യന്തരവകുപ്പിനു തീരെ രസിച്ചില്ല. അതിൻെറ ഫലമായി ശത്രുപക്ഷത്തെ രണ്ടു സേനാനായകന്മാർക്കും—സേൻക പൻതൃഷ്ലിനും ഗ്രീഷ്ക സിമക്കോവിനും—അവരവരുടെ പിതാക്കന്മാരിൽനിന്നും ചുട്ട അടി കിട്ടി.

ഞങ്ങാം ആ തടിക്കഷണങ്ങളുമായി അനേക ദിവസം മല്ലിട്ടു. ഒരു പടക്കപ്പൽ ഉണ്ടാക്കുകയെന്നതു അത്ര എളുപ്പമല്ല. ധാരാളം സമയവും പണച്ചെലവുമുള്ള ഒരു ഏർപ്പാടാണു അതു. ഞാനും ഫേജയും കയ്യിലുണ്ടായിരുന്ന കാശുമുഴവൻ ആണിവാങ്ങിക്കാൻ മാത്രമായി ചെലവാക്കിക്കഴിഞ്ഞു. നങ്കൂരമിടാനുള്ള കയറും കൊടിയുണ്ടാക്കാനുള്ള തുണിയും ഇനി എങ്ങിനെ വാങ്ങും?

ഒടുവിൽ രണ്ടു മതപുസ്തകങ്ങളും ഒരു ജർമ്മൻ വ്യാകരണപുസ്തകവും ഒരു റഷ്യൻ പാഠപുസ്തകവും പണയം കൊടുത്തിട്ടു ഞങ്ങാം എഴുപതു കോപ്പെക്കു കടംവാങ്ങി.

എന്നാലെന്താ! ഞങ്ങളുടെ പടക്കപ്പൽ പണിപൂർത്തിയായപ്പോാം ഒരു ഉഗ്രൻ കപ്പൽതന്നെയായിരുന്നു! ഒരു ദിവസം വൈകുന്നേരമാകാറായപ്പോഴാണു ഞങ്ങാം കപ്പൽ വെള്ളത്തിലിറക്കിയതു. തീംകയും യാഷ്കയും കപ്പൽ വെള്ളത്തിലിറക്കാൻ സഹായിച്ചു. ചെരുപ്പുകുത്തിയുടെ എല്ലാ മക്കളും എൻെറ അനിയത്തിയും ഷാരിക്കെന്നും ജൂച്കയെന്നും ഓമനപ്പേരുള്ള ''വാംച്യേക്'' എന്ന കാവൽനായും അതു കാണാനെത്തിയിരുന്നു. ചങ്ങാടം ഞരങ്ങുകയും മൂളുകയും ചെയ്തുകൊണ്ടു ശബ്ദത്തോടെ വെള്ളത്തിൽ പതിച്ചു. ആർപ്പുവിളികളുടേയും കളിത്തോക്കുകളിൽ നിന്നുള്ള വെടികളുടേയും അകമ്പടിയോടെ പാമരത്തിൽ കൊടി ഉയർത്തി.

ചുവന്ന ബോർഡറും നടുക്കു നീല പൊട്ടുമുള്ള കറുത്ത കൊടിയിരുന്നു ഞങ്ങളുടേതു.

ഞങ്ങൾ തുഴഞ്ഞുപോയപ്പോൾ ആ കൊടി ചൂടുകാററിൽ അന്തസ്സോടെ പാറിപ്പറന്നു.

നേരം അസ്തമിക്കാറായി. വീട്ടിലേക്കു മടങ്ങുന്ന ആടുകളുടെ കഴുത്തിലെ മണികൾ ദൂരെനിന്നും മുഴങ്ങിക്കൊണ്ടിരുന്നു. അർസമാസിൽ ആടുകൾക്ക് ഒരു പഞ്ഞവുമില്ല.

പടക്കപ്പലിൽ ഞാനും ഫേജയുമാണ് ഉണ്ടായിരുന്നത്. ഞങ്ങളുടെ പിന്നിൽ കുറച്ചുദൂരെയായി ഞങ്ങളുടെ ചെറിയ കതക പലക ഒഴുകി വരുന്നുണ്ടായിരുന്നു. അത് അപ്പോൾ ഞങ്ങളുടെ സന്ദേശവാഹകനൗകയായി പണിയെടുക്കുകയായിരുന്നു.

ഞങ്ങളുടെ സംഘം സ്വന്തം ശക്തിയിലുള്ള തികഞ്ഞ ആത്മവിശ്വാസത്തോടെ മുന്നോട്ടു തുഴഞ്ഞു പോയി. ഞങ്ങൾ കുളത്തിന്റെ ഒത്ത നടുക്കു ചെന്നിട്ട് ശത്രുവിന്റെ കരയെ ലക്ഷ്യമാക്കി പ്രയാണം ചെയ്തുതുടങ്ങി. ഞങ്ങൾ കാഹളം വിളികളും ആംഗ്യങ്ങളും കൊണ്ട് ശത്രുവിനെ പോരിനുവിളിച്ചു. എന്നാൽ അവർ യുദ്ധംചെയ്യാൻ ധൈര്യമില്ലാതെ പാതിജീർണ്ണിച്ച ഒരു മരക്കൊമ്പിനുകീഴെ ഒളിച്ചിരിക്കയാണു ചെയ്തത്. രോഷംപൂണ്ട് തീരദേശ പീരങ്കികൾ ഞങ്ങളുടെ നേരെ വെടിവച്ചു. എന്നാൽ ഞങ്ങൾ വളരെ വേഗംതന്നെ വെടിയേൽക്കാത്തിടത്തേക്ക് തുഴഞ്ഞുപോയി. നാശനഷ്ടങ്ങളൊന്നുമില്ലാതെ ഞങ്ങൾ തിരിച്ച് തുറമുഖത്തെത്തി. യാഷ്കയുടെ പുറത്തുകൊണ്ടു ഉരുളക്കിഴങ്ങു വെടി ഞങ്ങൾ അത്ര കാര്യമായെടുത്തില്ല.

''ഹേയ്, ഹേയ്!'' തിരിച്ചു തുഴയുന്നതിനിടയിൽ ഞങ്ങൾ വിളിച്ചു കൂവി. ''നേരെ വന്നു് യുദ്ധംചെയ്യാൻ നിങ്ങൾക്കു ചങ്കുറപ്പില്ല!''

''സൂക്ഷിച്ചിരുന്നോ! ഞങ്ങൾ വരുന്നുണ്ട്. നിങ്ങൾ വീമ്പടിക്കേണ്ട. ഞങ്ങളെ പേടിപ്പിക്കയും വേണ്ട.''

''നമുക്കു് നോക്കാം. പേടിത്തൊണ്ടന്മാർ!''

ഞങ്ങൾ തുറമുഖത്തെത്തി നങ്കൂരമിട്ടു. ചങ്ങാടങ്ങൾ ചങ്ങലകൾകൊണ്ട് ദൃഢമായി ബന്ധിച്ചു ഭദ്രമാക്കിയശേഷം ഞങ്ങൾ ചാടി കരയ്ക്കിറങ്ങി.

അന്നു വൈകിട്ട് ഞാനും ഫേജയും തമ്മിൽ ഒരു വഴക്കുണ്ടായി. നാവികപ്പടയുടെ കമാണ്ടർ ആരായിരിക്കണമെന്ന് ഞങ്ങൾ നേരത്തെ നിശ്ചയിച്ചിരുന്നില്ല. ഫേജ സന്ദേശവാഹകനൗകയുടെ കമാണ്ടറായിരിക്ക

ണമെന്നുള്ള എന്റെ നിർദ്ദേശം കേട്ടപ്പോൾ അവൻ കാർക്കിച്ചുതുപ്പി. കൂടാതെ അവനെ കപ്പലിന്റെ കേടുപാടു നീക്കുന്ന പണിശാലയുടെ ക്യാപ്റ്റനും തീരദേശപീരങ്കികളുടെ നാഥനും വ്യോമസേന ഉണ്ടാക്കുമ്പോൾ അതിന്റെ നായകനും ആക്കാമെന്നു് ഞാൻ വാഗ്ദാനം ചെയ്തു. എന്നാൽ വ്യോമസേനയുടെ നായകസ്ഥാനംപോലും ഫേജസ്സു് ആകർഷകമായി തോന്നിയില്ല. തന്നെ നാവികസേനയുടെ സൈന്യാധിപനാക്കണമെന്നും അല്ലെങ്കിൽ താൻ ശത്രുപക്ഷത്തു ചേരുമെന്നും അവൻ ശഠിച്ചു.

ഒന്നാന്തരം ഒരു സഹായി നഷ്ടപ്പെടാതിരിക്കാൻവേണ്ടി ഞാൻ വഴങ്ങി. തവണവച്ചു് ഞങ്ങൾ ഇരുവരും മാറി മാറി കമാണ്ടറാകാമെന്നു ഞാൻ സമ്മതിച്ചു — ഒരു ദിവസം ഞാൻ, പിറേറന്നു് അവൻ.

അങ്ങിനെ കാര്യം മംഗളമായി കലാശിച്ചു.

ഞങ്ങൾ രണ്ടു വില്ലുകളുണ്ടാക്കി. പത്തുപന്ത്രണ്ടു് അമ്പുകളും സംഘടിപ്പിച്ചു്, ഞങ്ങൾ കാട്ടിലേക്കു പുറപ്പെട്ടു. ഞങ്ങളുടെ കൈവശം ഏതാനും ''തവളകളു''ണ്ടായിരുന്നു. പൊട്ടാസ്യം ക്ലോറേററും കരിപൊടിച്ചതും അകത്തു വച്ചു ചുരുട്ടിയ കടലാസുകൾ ചരടുകൊണ്ടു് മുറുകെ കെട്ടിയുണ്ടാക്കിയ ചെറിയ കുഴലുകൾക്കാണു് ഞങ്ങൾ ''തവളു'' എന്നു പറയുന്നതു്. ഞങ്ങൾ ''തവളകളെ'' അമ്പിന്റെ അററത്തു കൊരുത്തുവച്ചിട്ടു് ഫ്യൂസ് കത്തിച്ചു. അമ്പുകൾ ആകാശത്തിലേക്കു് എയ്തുവിട്ടു. തവളകൾ മുകളിൽ വച്ചു് പൊട്ടിത്തെറിച്ചു് വളഞ്ഞുപുളഞ്ഞുപോകുന്ന ജ്വാല സൃഷ്ടിച്ചു. ചുററുമുള്ള കാക്കകളെല്ലാം അതുകണ്ടു് പേടിച്ചു് പറന്നുപോയി.

സെമിത്തേരിയോടു് തൊട്ടുകിടന്ന കുററിക്കാടു് പലതരം ചെടികളെക്കൊണ്ടു് നിബിഡമായിരുന്നു. അവിടെവിടെ ചില കുഴികളും കുളങ്ങളും കാണാം. മഞ്ഞനിറമുള്ള ആമ്പൽ പൂക്കളും പന്നൽച്ചെടികളും അവയുടെ കരയിൽ വളർന്നു നിന്നു.

കളിച്ചുമതിവന്നപ്പോൾ ഞങ്ങൾ മതിൽ ചാടിക്കടന്നു് സെമിത്തേരിയുടെ വിജനമായ ഒരു മൂലയിലെത്തി. ഇലകൾക്കിടയിൽ മറഞ്ഞിരിക്കുന്ന പക്ഷികളുടെ കൂജനം കൊണ്ടു മാത്രം ഭേദിക്കപ്പെട്ട അവിടത്തെ നിശ്ശബ്ദത അതേവരെ കളിച്ചു തകർത്തുനടന്ന ഞങ്ങളെ തെല്ലു് ശാന്തരാ

ണി. ഞങ്ങൾ ശബ്ദമടക്കി സംസാരിച്ചുകൊണ്ട് ആ തരിശുഭൂമിയി ലൂടെ നടന്നു. പല കുഴിമാടങ്ങളും ഞങ്ങൾ കടന്നു പോയി. അവയിൽ ചിലതു് തറനിരപ്പിൽനിന്നു് അല്പംപോലും ഉയർന്നായിരു ന്നില്ല.

''നോക്കു്,'' നമ്മൾ പട്ടാളക്കാരുടെ ശ്മശാനത്തിൽ എത്താറായി.'' ഞാൻ ഫേജയോടു പറഞ്ഞു. ''കഴിഞ്ഞയാഴ്ച സെമ്യോൻ കൊഷേവ്നി കോവിനെ ആശുപത്രിയിൽ നിന്നു് ഇവിടെ കൊണ്ടുവന്നു് അടക്കി. എനിക്കു് അയാളെ നല്ല ഓർമ്മയുണ്ടു്, ഫേജ. യുദ്ധം തുടങ്ങുന്നതിനു വ ളരെ മുമ്പു്, ഞാൻ ഒരു കൊച്ചു കുട്ടിയായിരുന്നപ്പോൾ അയാൾ എന്റെ അച്ഛനെ കാണാൻ വരാറുണ്ടായിരുന്നു. ഒരിക്കൽ അയാൾ എനിക്കു് ക വണിയുണ്ടാക്കാൻ ഒരു റബ്ബർ കഷണം കൊണ്ടുതന്നു. നല്ല റബ്ബറായി രുന്നു അതു്. പക്ഷേ കുറേനാൾ കഴിഞ്ഞു എന്റെ അമ്മ അതെടുത്തു് തീയിലിട്ടു. ബസ്യൂഗിൻമാരുടെ വീട്ടിലെ ഒരു ജനൽ കല്ലുവീണു പൊ ട്ടി. അമ്മ അതിനു് എന്നെയാണു് കുററപ്പെടുത്തിയതു്.''

''അതു നീയായിരുന്നില്ലേ?''

ആണെങ്കിൽത്തന്നെ എന്താ? അതിനു് തെളിവെന്തെങ്കിലും ഉണ്ടാ യിരുന്നോ? ഞാൻ അതു ചെയ്യുന്നതു കണ്ടവർ ആരുമില്ല. വെറും സംശ യം മാത്രം. അതു് ന്യായമാണെന്നാണോ നീ വിചാരിക്കുന്നതു്? അ തു പൊട്ടിച്ചതു് ഞാനല്ലായിരുന്നെങ്കിലും കുററം എന്റെമേൽ ചാരുമാ യിരുന്നു, ഇല്ലേ!

''അതു് തീർച്ച'', ഫേജ ശരിവച്ചു. ''അമ്മമാരെല്ലാം ഒരുപോ ലെയാണു്. അവർ പെൺപിള്ളേരുടെ ഒരൊററ സാധനം തൊടുകയി ല്ല. ആൺപിള്ളേർ എന്തു സാധനംകൊണ്ടു് കളിച്ചാലും ഉടൻ എടുത്തു കൊണ്ടുപോവുകയും ചെയ്യും. എന്റെ അമ്മ ആണികളുള്ള എന്റെ രണ്ടു് വടവുകൾ ഒടിച്ചുകളഞ്ഞു. എലിയെ കെണിയിൽനിന്നു് തുറന്നുവിട്ടു. മററൊരുദിവസം അതിലും വലിയ കടുംകയ്യാണു് അമ്മ ചെയ്തതു്. ക ട്ടിലിൽ ഭംഗിക്കു് വച്ചുപിടിപ്പിച്ചിരുന്ന ഒരു കുമള ഞാൻ ഊരിയെടു ത്തു. അമ്മ പള്ളിയിൽ പോയിരിക്കയായിരുന്നു. ഞാൻ ഒരിടത്തിരു ന്നു് അതിൽ കരിയും വെടിയുപ്പും നിറയ്ക്കാൻ തുടങ്ങി. അതിൽ വെടിമ രുന്നു. നിറച്ചു്, കാട്ടിൽ കൊണ്ടുപോയി പൊട്ടിക്കാനായിരുന്നു എന്റെ പ്ലാൻ. ഞാൻ ജോലിയിൽ മുഴകിയിരുന്നതുകൊണ്ടു് അമ്മ വന്നതു് അ

റിഞ്ഞില്ല. 'നീ ആ കമള ഇളക്കിയെടുത്തതു് എന്തിനാണു്?' അമ്മ ചോദിച്ചു. 'ചെകുത്താൻ! ഞാൻ വിചാരിച്ചു ആ കമള എവിടെപ്പോയെന്നു്?' അമ്മ എന്റെ ചെവിക്കു പിടിച്ചു. ഭാഗ്യത്തിനു്, അച്ഛൻ എന്റെ ഭാഗത്തായിരുന്നു. 'നീ അതെന്തിനാണു് എടുത്തതു്?'' അച്ഛൻ ചോദിച്ചു. 'കണ്ടാലറിയാമല്ലോ. ഞാൻ ഒരു ബോംബുണ്ടാക്കുകയാണു്,' ഞാൻ പറഞ്ഞു. അച്ഛൻ നെററി ചുളിച്ചു. 'അതു് നിർത്തു്. ഇത്തരം സാധനങ്ങൾകൊണ്ടു് കളിക്കരുതു്. ഒരു ഭീകരപ്രവർത്തകൻ നടക്കുന്നു!' എന്നു പറഞ്ഞുകൊണ്ടു് അച്ഛൻ എന്റെ മുതുകിൽ കൊട്ടുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു.''

''ഫേജ'', ഞാൻ മെല്ലെ വിളിച്ചു. ''ഭീകരപ്രവർത്തകൻ എന്നുവച്ചാൽ ആരാണെന്നു് എനിക്കറിയാം—പോലീസുകാരുടേയും ധനികന്മാരുടേയും നേരെ ബോംബിടുന്നവൻ. ഫേജ, നമ്മൾ ആരാണു്? ധനികരോ ദരിദ്രരോ?

''ഇടത്തരക്കാർ,'' കുറേനേരം ആലോചിച്ചശേഷം ഫേജ പറഞ്ഞു. ''ഞങ്ങൾ തീരെ പാവങ്ങളാണെന്നു പറയുന്നതു ശരിയല്ല. അച്ഛനു് ജോലിയുള്ളതുകൊണ്ടു് എന്നും ഞങ്ങൾ അത്താഴം കഴിക്കുന്നു. ഞായറാഴ്ച ദിവസം അമ്മ എന്തെങ്കിലും ഒരു പലഹാരമുണ്ടാക്കും, ചിലപ്പോൾ വേവിച്ച പഴങ്ങളായിരിക്കും. എനിക്കു് അതെന്തിഷ്ടമാണെന്നോ! നിനക്കോ?

''എനിക്കും ഇഷ്ടമാണു്. പക്ഷേ എനിക്കു് ആപ്പിൾ പഴത്തിന്റെ ചാറു ചേർത്ത 'കീസെലാ'ണു് കൂടുതലിഷ്ടം. ഞങ്ങളും ഇടത്തരക്കാരാണെന്നു തോന്നുന്നു. ബെബേഷിൻമാരുടെ കാര്യം അങ്ങിനെയല്ല. ഒരു ഫാക്ടറി മുഴുവൻ അവരുടെ സ്വന്തമാണു്. അവിടുത്തെ വാസ്സയെ കാണാൻ ഒരിക്കൽ ഞാൻ അവരുടെ വീട്ടിൽ പോയി. എത്ര വേലക്കാരും സേവകന്മാരുമാണു് അവർക്കുള്ളതെന്നോ! വാസ്സയുടെ അച്ഛൻ അവനു് ഒരു കുതിരയെ—ജീവനുള്ള അസ്സൽകുതിരയെ—സമ്മാനമായി കൊടുത്തു!''

''അവർക്കു് എല്ലാമുണ്ടു്,'' ഫേജ പറഞ്ഞു. ''അവർക്കു് ടൺ കണക്കിനു പണമുണ്ടു്. കച്ചവടക്കാരനായ സിന്യ്ഗിൻ അയാളുടെ വീട്ടിൽ ഒരു ഗോപുരം പണിയിച്ചു് അതിൽ ഒരു ടെലിസ്കോപ്പു് സ്ഥാപിച്ചിട്ടുണ്ടത്രേ.

[illegible] ക്കെണ്ടൻ സാധനം ! ഭൂമിയിലുള്ള കാര്യങ്ങളിൽ താല്പര്യം കുറഞ്ഞാലു [illegible] അയാറം ആ ഗോപുരത്തിലേക്ക പോകം. വേലക്കാർ തീററസാധ [illegible]ളം ഒരു കുപ്പിയും അവിടെ എത്തിക്കം... നക്ഷത്രങ്ങളും ഗ്രഹങ്ങളും [illegible]ികൊണ്ടു് അയാറം രാത്രിമുഴുവൻ അവിടെയിരിക്കം. ഇന്നാ [illegible] ദിവസം അയാറം സുഹൃത്തുക്കളെ വിളിച്ചു് അവിടെ ഒരു [illegible]ദിരുന്നു നടത്തി. അതിനുശേഷം ടെലിസ്കോപ്പിൻെറ ഏതോ ഒരു [illegible] പൊട്ടിപ്പോയത്രെ. ഏതായാലും ഇപ്പോറം ഒന്നും കാണാൻ [illegible]റില്ല.''

''ഫേജ, സിന്യൂഗിനു മാത്രം നക്ഷത്രങ്ങളും ഗ്രഹങ്ങളും മറെറല്ലാവി [illegible]ഖസൗകര്യങ്ങളും കിട്ടുകയും മററുള്ളവർക്കു് ഒന്നും ഇല്ലാതിരിക്കുക [illegible] ചെയ്യുന്നതു് എന്തുകൊണ്ടാണു്? അയാളുടെ ഫാക്ടറിയിൽ ജോലി [illegible]യ്യുന്ന സീഗൊവിൻെറ കാര്യം എടുക്കാം. അയാറംക്കു് വിശപ്പടക്കാൻ [illegible]ല്യം ഒന്നുമില്ല, പിന്നെയല്ലേ നക്ഷത്രനിരീക്ഷണം. ഇന്നലെ അ [illegible] അമ്പതു കോപ്പെക്ക കടംവാങ്ങാൻ ചെരുപ്പുകുത്തിയുടെ വീട്ടിൽ [illegible]രുന്നു.''

''ഞാൻ എങ്ങിനെ അറിയാനാണു്? എന്നോടു് ചോദിക്കണ്ട. ടീ [illegible]നോടോ പുരോഹിതനോടോ ചോദിക്കു്.''

ഫേജ കാട്ടുമുല്ലയുടെ ഒരു കുല അടർത്തിയെടുത്തുകൊണ്ടു് പതിഞ്ഞ [illegible]ത്തിൽ കൂട്ടിച്ചേർത്തു:

''അധികം താമസിയാതെ എല്ലാം തിരിച്ചാകുമെന്നു് അച്ഛൻ പറ [illegible].''

''എന്തു് തിരിച്ചാകും?''

''എല്ലാം. എനിക്കതന്നെ അക്കാര്യം മനസ്സിലായില്ല, ബോറ്യ. [illegible] ഉറങ്ങുകയാണെന്നാണു് എല്ലാവരും വിചാരിച്ചതു്. വാസ്തവത്തിൽ [illegible] കണ്ണടച്ചു് ഉറങ്ങാതെ കിടക്കുകയായിരുന്നു. ആയിരത്തിത്തൊ [illegible]ിരത്തി അഞ്ചിലേതു പോലെ വീണ്ടും പണിമുടക്കുകറം നടത്തുന്ന [illegible]പ്പററി അച്ഛൻ ഫാക്ടറി കാവൽക്കാരനോടു സംസാരിക്കയായി [illegible] തൊള്ളായിരത്തി അഞ്ചിൽ നടന്നതെന്താണെന്നു് നിനക്കറിയാ [illegible]?''

''മുഴുവൻ അറിയില്ല,'' ഞാൻ പറഞ്ഞു. എൻെറ മുഖം ചുവന്നു.

''ഒരു വിപ്ലവം നടന്നു. പക്ഷേ അതു വിജയിച്ചില്ല. ഭൂവുടമകളെ

തുരത്തിയിട്ട് ഭൂമി കൃഷിക്കാർക്ക വിതരണം ചെയ്യാനും ധനികരുടെ സ്വത്തു മുഴുവൻ പിടിച്ചെടുത്തു പാവങ്ങൾക്ക കൊടുക്കാനുമായിരുന്നു പ്ലാൻ. അവരുടെ വർത്തമാനത്തിൽനിന്നാണ് ഞാനിതെല്ലാം മനസ്സിലാക്കിയതു്.''

ഫേജ മൗനം ഭജിച്ചു. അവനു് എല്ലാററിനെപ്പററിയും എന്നേക്കാൾ കൂടുതൽ അറിയാമെന്ന ചിന്ത വീണ്ടും എന്നെ അസ്വസ്ഥനാക്കി. എനിക്കും അതൊക്കെ അറിയാൻ ആഗ്രഹമുണ്ട്, പക്ഷേ ആരിൽനിന്നറിയാനാണ്? പുസ്തകത്തിൽ അക്കാര്യമൊന്നും എഴുതിയിട്ടില്ല. ആരും എന്നോടു് അതേപ്പററി സംസാരിക്കാറുമില്ല.

അന്നു് ഉച്ചയൂണു കഴിഞ്ഞു് അമ്മ വിശ്രമിക്കുമ്പോൾ ഞാൻ അമ്മയുടെ കട്ടിലിൽ ചെന്നിരുന്നു പറഞ്ഞു:

''അമ്മേ, ആയിരത്തിത്തൊള്ളായിരത്തി അഞ്ചിനെപ്പററി എന്തെങ്കിലും പറഞ്ഞുതരൂ. മററു കുട്ടികൾക്കൊക്കെ അച്ഛനമ്മമാർ പറഞ്ഞുകൊടുക്കുന്നുണ്ടല്ലോ. ഫേജയ്ക്കു് എന്തെല്ലാം അറിയാം. പക്ഷേ എനിക്ക ഒന്നുമറിഞ്ഞുകൂടാ.''

അമ്മ നെററി ചുളിച്ചുകൊണ്ട് പെട്ടെന്നു് എന്റെ നേരെ മുഖം തിരിച്ചു. അവരുടെ മുഖഭാവം കണ്ടപ്പോൾ എനിക്ക വഴക്കുകിട്ടുമെന്നു ഞാൻ തീരുമാനിച്ചു. എന്നാൽ എന്നെ ആദ്യമായിട്ടു കാണുന്നതുപോലെ ജിജ്ഞാസയോടെ എന്റെ മുഖത്തേക്ക തുറിച്ചുനോക്കുകയാണ് അമ്മ ചെയ്തതു്.

''ആയിരത്തിത്തൊള്ളായിരത്തി അഞ്ചോ? നീ എന്തിനെപ്പററിയാണു് പറയുന്നതു്?''

''അമ്മയ്ക്കു് അറിയാമല്ലോ. അമ്മ എത്ര വലുതാണ്. അന്നത്തെ കാര്യം അമ്മയ്ക്കു നല്ല ഓർമ്മ കാണും. എനിക്കാണെങ്കിൽ അന്നു് ഒരു വയസ്സേ ഉണ്ടായിരുന്നുള്ളു. ഞാൻ ഒന്നും ഓർക്കുന്നില്ല.''

''ഞാൻ എന്തു പറയാനാണ്? നീ നിന്റെ അച്ഛനോട്ട് ചോദിക്കണം. അദ്ദേഹം കഥപറയാൻ സമർത്ഥനാണ്. നീ എന്നെ വല്ലാതെ കഷ്ടപ്പെടുത്തിയ സമയമായിരുന്നു അതു്. വാപൂട്ടാതെ അലറുന്ന ഒരു ദുശ്ശാഠ്യക്കാരനായിരുന്നു നീ. രാത്രി മുഴുവൻ നീ കിടന്നു കരയുന്നതു കാണുമ്പോൾ സ്ഥലകാലങ്ങളെപ്പററിയുള്ള എല്ലാ ബോധവും നശിച്ചു് എനിക്കു് തലയ്ക്കു വെളിവില്ലാതാകുമായിരുന്നു.''

''ഞാൻ എന്തിനാണ് കരഞ്ഞത്?'' തെല്ലൊരു പരിഭവത്തോടെ ഞാൻ ചോദിച്ചു. ''ഒരുപക്ഷേ പേടിച്ചു കരഞ്ഞതാവും. അന്ന് എല്ലാ ദിവസവും വെടിവെപ്പും, കൊസാക്കുകളുടെ റോന്തു ചുററലും ഉണ്ടായിരുന്നെന്ന കേട്ടു. ഞാൻ പേടിച്ചുപോയിരിക്കും.''

''പേടി, മണ്ണാങ്കട്ട! നീ ഒരു ധൃഷ്ടാഠ്യക്കാരനായ ജന്തുവായിരുന്നു. അതെന്നെ. ഒരു രാത്രി പോലീസുകാർ വീടു പരിശോധിക്കാനെത്തി. എന്താണ് അവർ തിരക്കി നടന്നതെന്ന് എനിക്കറിയില്ല. അക്കാലത്ത് വീട്ടുപരിശോധന ഒരു പതിവായിരുന്നു. അവർ വീടുമുഴുവൻ കീഴ്മേൽ മറിച്ചെങ്കിലും ഒന്നും കണ്ടുകിട്ടിയില്ല. അവരുടെ ഓഫീസർ വലിയ സൗഹൃദ്യം ഭാവിച്ചു. അയാാം നിന്നെ ഒരു വിരലുകൊണ്ട് ഇക്കിളികൂട്ടി. നീ ചിരിച്ചു. ''മിടുമിടുക്കൻ കുട്ടി'' എന്നു പറഞ്ഞുകൊണ്ട് അയാാം നിന്നെ തൊട്ടിലിൽനിന്ന് എടുത്തു കളിപ്പിക്കാൻ തുടങ്ങി. അതേസമയം തന്നെ അയാാം അനുചരന്മാരെ നോക്കി കണ്ണിറുക്കുന്നതു ഞാൻ കണ്ടു: അവർ നിന്റെ തൊട്ടിൽ പരിശോധിച്ചുതുടങ്ങി. ദൈവമേ! അപ്പോഴാണ് നീ ആ ഓഫീസറുടെ തലവഴി മൂത്രമൊഴിച്ചത്! ഞാൻ നിന്നെ അയാളുടെ കയ്യിൽനിന്ന് വാങ്ങിയിട്ട് തുടയ്ക്കാൻ ഒരു തുണി കൊടുത്തു. അയാാം ഒരു പുത്തൻ യൂണിഫോറമാണ് ഇട്ടിരുന്നത്. അതു മുഴുവൻ നനഞ്ഞുകുതിർന്നിരുന്നു. ട്രൗസറിലേയ്ക്കും അയാളുടെ വാളിലേയ്ക്കും അതു ഒലിച്ചു വീണു. നീ ശരിക്ക് അയാളെ അഭിഷേകം ചെയ്തു, കൊച്ചു തെമ്മാടി!'' അമ്മ ആ രംഗം ഓർത്ത് പൊട്ടിച്ചിരിച്ചു.

''അമ്മേ, അമ്മ തികച്ചും മറെറാരു കാര്യമാണ് പറയുന്നത്,'' ഞാൻ ഇടയ്ക്കുകയറി പറഞ്ഞു. എനിക്ക് വല്ലാത്ത ഈർഷ്യ തോന്നി. ''ഞാൻ വിപ്ലവത്തെപ്പററിയാണു ചോദിച്ചത്, അമ്മ പറയുന്നത് ഓരോ വിഡ്ഢിത്തങ്ങളെ...''

''മിണ്ടാതിരി. നീ ശല്യപ്പെടുത്തുകയാണ്!'' അമ്മ ആ കാര്യം അവിടെ അവസാനിപ്പിച്ചു.

എന്നാൽ എന്റെ മുഖത്തു നിഴലിച്ച ദുഖംകണ്ട് അമ്മ മനസ്സുമാററി. കുറേനേരം മൗനമായിരുന്നതിനുശേഷം അവർ ഒരു താക്കോൽക്കൂട്ടം എനിക്ക് എടുത്തുതന്നുകൊണ്ട് പറഞ്ഞു:

''ഞാൻ ഒന്നും പറയുന്നില്ല. നീ പോയി അറ തുറന്നു നോക്ക്, അവിടെ ഒരു വലിയ പെട്ടിയിരിപ്പുണ്ട്. അതിന്റെ മുകളിൽ പലതരം ത

ട്ടുമുട്ടുസാമാനങ്ങടം കാണും. അവയ്ക്കടിയിൽ അച്ഛൻെറ കുറെ പുസ്തക ങ്ങളുണ്ട്. അക്കൂട്ടത്തിൽ ആയിരത്തിത്തൊള്ളായിരത്തി അഞ്ചിനെപ്പ റ്റിയും ഒരു പുസ്തകം കാണും—അച്ഛൻ അതു കീറി കളഞ്ഞിട്ടില്ലെ ങ്കിൽ.''

ഞാൻ താക്കോൽക്കൂട്ടവുമെടുത്തുകൊണ്ട് വാതില്ക്കലേയ്ക്കോടി. അമ്മ ഉറക്കെ താക്കീതു ചെയ്തു:

''നീ പുസ്തകത്തിനു പകരം ജാമെടുത്തു തിന്നുകയോ കഴിഞ്ഞ തവ ണത്തെപ്പോലെ വെണ്ണ കട്ടുതിന്നുകയോ ചെയ്താൽ ഞാൻ വിപ്ലവം എ ന്താണെന്ന് നിനക്കു കാണിച്ചു തരും, കേട്ടോ. പിന്നെ നീ ജീവിത ത്തിൽ അതു് മറക്കുകയില്ല.''

ഞാൻ അനേകദിവസം തുടർച്ചയായി വായനയിൽ മുഴുകി. വായി ക്കാനായി തിരഞ്ഞെടുത്ത രണ്ടു പുസ്തകങ്ങളിൽ ഒന്നിൻെറ മൂന്നുപേജുമാ ത്രമേ ഞാൻ വായിച്ചുള്ളു. ''ദാരിദ്ര്യത്തിൻെറ തത്വശാസ്ത്രം'' എന്നായിരു ന്നു ആ പുസ്തകത്തിൻെറ പേരു്. തലകറക്കുന്ന ആ പുസ്തകത്തിലെ ഒര ക്ഷരംപോലും എനിക്കു് അന്നു മനസ്സിലായില്ല എന്നതാണു് സത്യം. സ്റ്റെപ്‌ന്യാക്—ക്രവ്ചീൻസ്കി എഴുതിയ കഥകളായിരുന്നു മറേറ പുസ്ത കത്തിൽ. ഞാൻ അതു് മുഴുവൻ വായിച്ചു, രണ്ടാമതു് ഒരിക്കൽ ക്കൂടി വായിച്ചു. എനിക്കു് മനസ്സിലാകുന്ന ഒരു പുസ്തകമായിരുന്നു അതു്.

ആ കഥകളിൽ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം പതിവിനു വിപരീ തമായിരുന്നു. പോലീസുകാരുടെ നോട്ടപ്പുള്ളികളായിരുന്നു അവയിലെ നായകന്മാർ. പോലീസു ചാരന്മാർ നമ്മുടെ സഹതാപം അർഹിക്കുന്ന തിനു പകരം വെറുപ്പും നിന്ദയുമാണു് ഉളവാക്കുന്നതു്. വിപ്ലവകാരിക ളെക്കുറിച്ചുള്ള കഥകളായിരുന്നു അവ. വിപ്ലവകാരികടക്കു് അവരുടെ സ്വന്തം രഹസ്യസംഘടനകളും അച്ചടിശാലകളും ഉണ്ടായിരുന്നു. അവർ ഭൂവുടമകടക്കും കച്ചവടക്കാർക്കും പട്ടാളമേധാവികടക്കുമെതിരായി ക ലാപം നടത്താൻ തയ്യാറെടുക്കുകയായിരുന്നു. പോലീസുകാർ അവരോടു് ഏററുമുട്ടുകയും അവരെ വേട്ടയാടുകയും ചെയ്തു. വിപ്ലവകാരികടം ജയിലി ലടയ്ക്കപ്പെടുകയോ വെടിവയ്ക്കപ്പെടുകയോ ചെയ്തു. ജീവനോടെ രക്ഷപ്പെ ട്ടവർ തങ്ങളുടെ ലക്ഷ്യത്തിനുവേണ്ടിയുള്ള സമരം തുടർന്നു.

ന്റെ പുസ്തകം എന്നെ വളരെ ആകർഷിച്ചു. വിപ്ലവകാരികളെക്കുറി ച്ചുള്ള യാതൊന്നും ഞാൻ അതിനുമുമ്പ് വായിച്ചിട്ടില്ല. ഞങ്ങളുടെ അർ ബമാസ് ഒരു ഓണംകേറാമൂലയായിപ്പോയതിൽ എനിക്കു കുണ്ഠിതം തോന്നി. അവിടെ വിപ്ലവകാരികളെപ്പററി ഒരക്ഷരം കേൾക്കാനില്ലായി രുന്നു. അർസമാസിൽ ഭവനഭേദനം നടത്തുന്നവരുണ്ടായിരുന്നു—ത്രഷ് കോവിന്റെ ഭവനത്തിൽനിന്നു നനച്ചിട്ടിരുന്ന തുണികൾ മുഴുവൻ മോഷ്ടിച്ചു കൊണ്ടുപോയതു് അവരാണ്. കുതിരക്കള്ളന്മാരായ ജിപ്സികളും അവി ടെ ഉണ്ടായിരുന്നു. ഒരു യഥാർത്ഥ പകൽക്കൊള്ളക്കാരൻപോലും പട്ട ണത്തിലുണ്ടായിരുന്നു—വാങ്ക സെല്യോദ്കിൻ—അയാൾ ഒരു എ ക്സൈസുകാരനെ കൊന്നിട്ടുണ്ട്. ഇവരൊക്കെയുള്ള അർസമാസിൽ ഒരൊററ വിപ്ലവകാരിപോലും ഉണ്ടായിരുന്നില്ല.

അദ്ധ്യായം അഞ്ചു്

ഫേജയും തീംകയും യാഷ്ക്കയും ഞാനും ഒരുമിച്ചു് പന്തുകളിക്കാൻ ഒരുങ്ങുകയായിരുന്നു. ചെറിപ്പുകുത്തിയുടെ മകൻ തോട്ടത്തിൽനിന്നു് ഓടി അവിടെയെത്തി. പൻത്യുഷ്കിന്മാരുടേയും സിമക്കോവ്മാരുടേയും വക രണ്ടു ചങ്ങാടങ്ങൾ ഞങ്ങളുടെ കരസ്ഥുടുത്തെന്നും ആ തെമ്മാടികൾ ഞങ്ങളുടെ ചങ്ങാടങ്ങൾ അപഹരിക്കാൻ ശ്രമിക്കുകയാണെന്നും അവൻ അറിയിച്ചു.

ഞങ്ങൾ അട്ടഹസിച്ചുകൊണ്ടു് തോട്ടത്തിലേയ്ക്കോടി. ഞങ്ങളെ കണ്ടയുടൻ ശത്രുക്കൾ അവരുടെ ചങ്ങാടങ്ങളിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചു. പിന്നാലെ ചെന്നു് അവരെ മുക്കാൻ ഞങ്ങൾ തീരുമാനിച്ചു.

അന്നു് ഫേജയായിരുന്നു പടക്കപ്പലിന്റെ കമാണ്ടർ. വരുതിയിൽ നിൽക്കാത്ത ആ വലിയ ചങ്ങാടം മുമ്പോട്ടു് കൊണ്ടുപോകാൻ ഫേജയും യാഷ്ക്കയും യത്നിച്ചുതുടങ്ങി. ഞാനും തീംകയും ഞങ്ങളുടെ ചെറിയ വഞ്ചിയിൽ കയറി ശത്രുക്കളുടെ വഴി മുടക്കാൻ മുന്നോട്ടുപോയി. ഞങ്ങളുടെ ശത്രുക്കൾ തുടക്കത്തിൽത്തന്നെ ഒരു വലിയ അബദ്ധം കാണിച്ചു. ഞങ്ങൾ അവരുടെ പിന്നാലെ ചെല്ലുമെന്നു് അവർ വിചാരിച്ചില്ലെന്നു തോന്നുന്നു. നേരെ സ്വന്തം താവളത്തിലേക്കു മടങ്ങുന്നതിനു പകരം അവർ ഇടത്തോട്ടു് വളരെയേറെ തുഴഞ്ഞുപോയി. തങ്ങളുടെ തെറ്റു മനസ്സിലാക്കിയപ്പോഴേക്കും അവർ കരയിൽനിന്നു് വളരെ അകലെയായിക്കഴിഞ്ഞിരുന്നു. ഞങ്ങൾ വഴിതടയുന്നതിനുമുമ്പു് എങ്ങിനെയെങ്കിലും കരയ്ക്കെത്തണമെന്നുള്ള വാശിയോടെ അവർ സർവ്വശക്തിയുമെടുത്തു തുഴഞ്ഞു. എന്നാൽ ഫേജയും യാഷ്ക്കയും അപ്പോഴും ഞങ്ങളുടെ വലിയ ചങ്ങാടം അഴിച്ചുകഴിഞ്ഞിരുന്നില്ല. തീംകയ്ക്കും എനിക്കും സാഹസികമായ ഒരു ഉദ്യമത്തിൽ ഏർപ്പെടേണ്ടിവന്നു—കൂടുതൽ ശക്തരായ എതി

ക്കളെ ഞങ്ങളുടെ ചെറുകപ്പൽകൊണ്ട് തടുത്തു നിർത്തണം. അതും മിനിട്ടുനേരത്തേക്ക്.

ഞങ്ങൾക്ക പിൻബലമൊന്നുമില്ലാതെതന്നെ ശത്രുവുമായി ഇടയേണ്ടിവന്നു. ധൈര്യം കൈവിടാതെ ഞങ്ങൾ വെടിവച്ചു തുടങ്ങി. ഇരുവശത്തുനിന്നും ഉടൻതന്നെ ഉണ്ടകൾ ഞങ്ങളുടെ മേൽ തുരുതുരെ പതിച്ചെന്നു പറയേണ്ടതില്ലല്ലോ.

പ്രാവശ്യം എൻെറ പുറത്തു് മൺകട്ടകൾ വന്നു വീണു. തീംകയു തോപ്പി തെറിച്ചു വെള്ളത്തിൽ പതിച്ചു. ഞങ്ങളുടെ വെടിക്കോപ്പ് തീരാറായി. മേലാസകലം നനഞ്ഞു. ഫേജയും യാപ്പ്സയും ചങ്ങാടം നീങ്ങിത്തുടങ്ങിയതേയുള്ള.

ഞങ്ങളുടെ വലിയ ചങ്ങാടം അനങ്ങിത്തുടങ്ങിയതു കണ്ടയുടൻ ശത്രു രക്ഷപ്പെടാൻ ശ്രമിച്ചു. അവരുടെ ചങ്ങാടം ഞങ്ങളുടെ ചെറിയ കപ്പലിൻെറ പലകയിൽ വന്നു മുട്ടിയാൽ ഞങ്ങൾ മുങ്ങിപ്പോകുമെന്നു് തീർച്ചയായിരുന്നു.

''അവസാനത്തെ ഷെല്ലുകൾ എറിയുക!'' ഞാൻ കല്പന കൊടുത്തു.

ഏതാണ്ട് അരമിനിട്ടുനേരംമാത്രമേ ശത്രുക്കളെ അങ്ങിനെ തടഞ്ഞു നിർത്താൻ ഞങ്ങൾക്ക കഴിഞ്ഞുള്ളു. ഞങ്ങളുടെ പടക്കപ്പൽ അപ്പോഴേക്കും സഹായത്തിനെത്തി.

''ഇതാ പിടിച്ചോ!'' എന്നു് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് ഫേജ തൻെറ വെടിവയ്ക്കുന്ന പീരങ്കിയിൽനിന്നു് നിറയൊഴിച്ചുതുടങ്ങി.

ശത്രുക്കപ്പലുകൾ ഏതാണ്ട് ഞങ്ങളോടൊപ്പം എത്തിക്കഴിഞ്ഞിരുന്നു. രണ്ടുമാർഗ്ഗമാണു് എൻെറ മുമ്പിൽ ഉണ്ടായിരുന്നതു്—ഒന്നുകിൽ ശത്രുക്കളെ അവരുടെ താവളത്തിലേക്ക മടങ്ങാൻ അനുവദിക്കുക, അല്ലെങ്കിൽ രണ്ടുംകല്പിച്ച് അവരുടെ വഴി തടയുക. ഞാൻ രണ്ടാമത്തെ മാർഗ്ഗമാണു സ്വീകരിച്ചതു്.

തുഴകൊണ്ട് ശക്തിയായി തള്ളി ഞാൻ ഞങ്ങളുടെ ചെറിയ ചങ്ങാടം അവരുടെ വഴിക്ക് കുറുകെ ഇട്ടു. ശത്രുക്കളുടെ ആദ്യത്തെ കപ്പൽ നേരെ വന്നു് അതിൽ മുട്ടി. ഞാനും തീംകയും ഇളം ചൂടുള്ള ആ അഴുക്കുവെള്ളത്തിൽ കഴുത്തററം മുങ്ങി. എന്നാൽ ഈ കൂട്ടിമുട്ടലിൻെറ ഫലമായി ശത്രുവിൻെറ കപ്പലിൻേറയും പ്രയാണം നിലച്ചു. ഞങ്ങൾക്ക വേണ്ടിയിരുന്നതും അതായിരുന്നു. വലുതും ഒതുക്കമില്ലാത്തതുമാണെങ്കിലും കരുത്തുററ

ഞങ്ങളുടെ പടക്കപ്പൽ നേരെ പാഞ്ഞുവന്നു് ശത്രുക്കളുടെ കപ്പൽ മറിച്ചു. കന്നുകാലികളുടെ തീററത്തൊട്ടികൊണ്ടുണ്ടാക്കിയ ടോർപ്പിഡോ ബോട്ടു മാത്രമാണു് ശേഷിച്ചതു്. നല്ല വേഗതയുള്ളതുകൊണ്ടു് അതു് ഞങ്ങളെ വെട്ടിച്ചു കടന്നു പോകാൻ നോക്കി. എന്നാൽ ഞാൻ എന്റെ ഊന്നുകോൽ കൊണ്ടു് അതു മറിച്ചു.

ഞാനും തീംകയും ഫേജ്യുടെ ചങ്ങാടത്തിൽ കയറി. ശത്രു നാവികരുടെ തല മാത്രം വെള്ളത്തിനു മുകളിൽ കാണാമായിരുന്നു.

എന്നാൽ ഞങ്ങൾ മഹാമനസ്കരായിരുന്നു. ഞങ്ങൾ മറിഞ്ഞുപോയ ചങ്ങാടങ്ങളിൽ കയറാൻ പരാജിതരായ ശത്രുക്കളെ അനുവദിക്കുകയും ആ ചങ്ങാടങ്ങളെ വലിച്ചുകൊണ്ടുപോകാൻ സമ്മതിക്കുകയും ചെയ്തു. പിടിച്ചെടുത്ത കപ്പലുകളും യുദ്ധത്തടവുകാരുമായി ഞങ്ങൾ വിജയശ്രീ ലാളിതരായി ഞങ്ങളുടെ തുറമുഖത്തെത്തി. തോട്ടത്തിന്റെ മതിലിൽ നിരന്നിരുന്ന ചെറുബാലന്മാർ ആർപ്പുവിളിച്ചും കൈ കൊട്ടിയും ഞങ്ങളെ സ്വീകരിച്ചു.

ഞങ്ങൾക്കു് വളരെ അപൂർവ്വമായേ അച്ഛന്റെ എഴുത്തു കിട്ടാറുള്ളു. വല്ലപ്പോഴും കിട്ടുന്ന കത്തുകൾതന്നെ എപ്പോഴും ഒരേ സ്വരത്തിലുള്ളവയായിരിക്കും: ''ഞാൻ സുഖമായി ജീവിച്ചിരിക്കുന്നു. ഇപ്പോഴും കിടങ്ങുകളിലാണു്. ഇതിനൊരവസാനം ഞാൻ കാണുന്നില്ല.''

അച്ഛന്റെ കത്തുകൾ എന്നെ നിരാശപ്പെടുത്തി. ഒന്നാലോചിച്ചുനോക്കൂ! യുദ്ധമുന്നണിയിൽ ഒരാൾക്കു് രസകരമായ യാതൊന്നും എഴുതാനില്ലെന്നു വരുമോ? അച്ഛനു് ഒരു യുദ്ധരംഗം വർണ്ണിച്ചാലെന്താ—ഒരു കടന്നാക്രമണമോ മററോ? ചെളികെട്ടിക്കിടക്കുന്ന ശരൽക്കാലത്തു് അർസമാസിൽ താമസിക്കുന്നതിനേക്കാൾ വിരസമാണു് യുദ്ധമുന്നണിയിലെ ജീവിതമെന്നു തോന്നും അച്ഛന്റെ കത്തുകൾ കണ്ടാൽ.

മീത്കയുടെ ചേട്ടൻ എൻസിൽ ത്സുപ്പിക്കൊവിനെപ്പോലെ യുദ്ധങ്ങളെപ്പററിയും സാഹസകൃത്യങ്ങളെപ്പററിയും വിവരിക്കുന്ന കത്തുകളെഴുതുകയും ഫോട്ടോകൾ അയയ്ക്കുകയും ചെയ്താലെന്താ അച്ഛനു്? താൻ ഒരു പീരങ്കിയുടെ അടുത്തു നില്ക്കുന്നതിന്റേയും പിന്നീടൊരു യന്ത്രത്തോക്കിനടുത്തു നില്ക്കുന്നതിന്റേയും മററൊരവസരത്തിൽ വാൾ ഊരിപ്പിടിച്ചുകൊ

ണ്ടു് ഒരു കതിരപ്പുറത്തിരിക്കുന്നതിൻേറയും ഫോട്ടോ അയാരം വീട്ടിലേ ്യുയച്ചിട്ടുണ്ടു്. ഒരു വിമാനത്തിൽനിന്നു തല പുറത്തേക്കു് നീട്ടി അയാ ിരിക്കുന്ന ഫോട്ടോപോലും ഉണ്ടു്. എന്നാൽ അച്ഛൻ വിമാനത്തിലിരി ക്കുന്നതുപോയിട്ടു് കിടങ്ങിലിരിക്കുന്ന ഫോട്ടോപോലും അയച്ചുതന്നി ട്ടില്ല. രസകരമായ ഒരു കാര്യവും അദ്ദേഹം എഴുതിയിട്ടുമില്ല.

ഒരു ദിവസം സന്ധ്യയാകാറായപ്പോരം ആരോ ഒരാരം ഞങ്ങളുടെ ്വാതകിൽ മുട്ടി. മരക്കാലും ഊന്നുവടിയുമുള്ള ഒരു പട്ടാളക്കാരൻ അകത്തു വന്നു് അമ്മയെ അന്വേഷിച്ചു. ആ സമയത്തു് അമ്മ വീട്ടിലില്ലായിരു ന്നെങ്കിലും അവർ താമസിയാതെ വരുമെന്നു് എനിക്കറിയാമായിരുന്നു. ്റ്റെ അച്ഛനോടൊപ്പം ഒരേ റെജിമെൻറിൽ ഉണ്ടായിരുന്ന ആളാണു് ്താനെന്നും ഞങ്ങളുടെ ജില്ലയിൽത്തന്നെയുള്ള സ്വന്തം ഗ്രാമത്തിലേ ്കു് താൻ മടങ്ങിപ്പോകയാണെന്നും അച്ഛൻെറ ഒരു കത്തുകൊണ്ടുവന്നി ്ട്ടുണ്ടെന്നും പട്ടാളക്കാരൻ പറഞ്ഞു.

അയാരം ഊന്നുവടി അടുപ്പുതിണ്ണയിൽ ചാരിവച്ചിട്ടു് ഒരു കസേര ്യിലിരുന്നു. കോട്ടിൻെറ ഉള്ളിലെ പോക്കററിൽ കുറേനേരം തപ്പി അ ്യാരം ഒരു മുഷിഞ്ഞ കവർ പുറത്തെടുത്തു.

അതിൻെറ കനം കണ്ടു് ഞാൻ അത്ഭുതപ്പെട്ടുപോയി. അച്ഛൻ ഒരി ്ക്കലും ഞങ്ങരംക്കു് ഇത്ര വലിയ കത്തെഴുതാറില്ല. അതിൽ കുറെ ഫോ ്ട്ടോകരം വച്ചിട്ടുണ്ടായിരിക്കുമെന്നു് ഞാൻ തീരുമാനിച്ചു.

''അച്ഛൻെറ അതേ റെജിമെൻറിലായിരുന്നോ?'' പട്ടാളക്കാരൻെറ ്മെലിഞ്ഞു് മ്ലാനമായ മുഖത്തും സെൻറ് ജോർജ്ജ് കുരിശു കുത്തിയിട്ടു ്ള്ള ചാരനിറമുള്ള ചുക്കിച്ചുളിഞ്ഞ കോട്ടിലും ഇടത്തേ കാലിൽ ഘടിപ്പി ്ച്ചിട്ടുള്ള മരക്കാലിലും ജിജ്ഞാസയോടെ നോക്കിക്കൊണ്ടു് ഞാൻ ചോ ്ദിച്ചു.

''ഒരേ റെജിമെൻറായിരുന്നെന്നു മാത്രമല്ല, ഒരേ കമ്പനിയും പ്ലററൂ ്ണുമായിരുന്നു. ഒരേ കിടങ്ങിൽ തോളോടുതോരം ചേർന്നു് ഇരുന്നിട്ടുള്ള ്വരാണു് ഞങ്ങരം. നീ അദ്ദേഹത്തിൻെറ മകനാണോ?''

''അതെ.''

''ബൊറിസ്, അല്ലേ? എനിക്കു നിന്നെ അറിയാം. അച്ഛൻ നി ്ൻെറ കാര്യം പറയാറുണ്ടു്. അദ്ദേഹം നിനക്കു് ഒരു പൊതി തന്നയച്ചി ്ട്ടുണ്ടു്. പക്ഷേ, താൻ മടങ്ങിവരുന്നതു വരെ അതു് നീ ഒളിച്ചുവയ്ക്കണ

മെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. പൊക്കമുള്ള ബൂട്ടിന്റെ മുകൾ ഭാഗംകൊണ്ടുണ്ടാക്കിയ ഒരു തുകൽ സഞ്ചിയെടുക്കാൻ പട്ടാളക്കാരൻ കൈ നീട്ടി. അയാളുടെ ഓരോ ചലനവും ഐഡിന്റെ രൂക്ഷമായ ഗന്ധം വായുവിൽ പരത്തി.

തുണിയിൽ പൊതിഞ്ഞു് ചരടുകൊണ്ടു് മുറുകെ കെട്ടിയ ഒരു പൊതി അയാൾ എനിക്കു തന്നു. പൊതി ചെറുതായിരുന്നെങ്കിലും നല്ല ഘനമുണ്ടായിരുന്നു. എനിക്കു് അതഴിച്ചുനോക്കാൻ ധൃതിയായി. പക്ഷേ പട്ടാളക്കാരൻ പറഞ്ഞു:

''ധൃതികൂട്ടണ്ട, ധാരാളം സമയമുണ്ടു്''.

''ശരി. യുദ്ധമുന്നണിയിൽ എന്തൊക്കെയുണ്ടു്. വിശേഷം? പോരാട്ടം എങ്ങിനെ നടക്കുന്നു? നമ്മുടെ പട്ടാളക്കാർക്കു് നല്ല ഉത്സാഹമുണ്ടോ?'' ഞാൻ ശാന്തനായി ഗംഭീരഭാവത്തിൽ ചോദിച്ചു.

പട്ടാളക്കാരൻ എന്നെ ഒന്നു നോക്കി. പരിഹാസം നിറഞ്ഞ ആ നോട്ടം താങ്ങാൻ എനിക്കു കഴിഞ്ഞില്ല. എന്റെ ചോദ്യങ്ങൾ തികച്ചും പൊങ്ങച്ചം നിറഞ്ഞതും കഴമ്പില്ലാത്തതുമായിപ്പോയെന്നു് എനിക്കു മനസ്സിലായി.

''ഉത്സാഹമോ?'' പട്ടാളക്കാരൻ പുഞ്ചിരിയോടെ ചോദിച്ചു. ''ഉത്സാഹത്തിന്റെ കാര്യം എനിക്കറിഞ്ഞുകൂട. എന്നാൽ അവിടത്തെ നാററം അസഹനീയമാണു്. കിടങ്ങിൽ മറെറന്തു പ്രതീക്ഷിക്കാനാണു്. കാലിത്തൊഴുത്തിനേക്കാൾ കഷ്ടമാണു് അവിടം.

അയാൾ ഒരു പുകയിലസഞ്ചി പുറത്തെടുത്തു് ഒരു സിഗററു് തെറുത്തു് വലിച്ചുതുടങ്ങി. രൂക്ഷഗന്ധമുള്ള പുക മുറിയിൽ നിറഞ്ഞു. എന്റെ പിന്നിൽ അസ്തമനസൂര്യന്റെ പ്രഭയേററു് തിളങ്ങുന്ന ജനലിലേക്കു് നോക്കിക്കൊണ്ടു് അയാൾ തുടർന്നു:

''എല്ലാവർക്കും മതിയായിരിക്കുന്നു. പക്ഷേ ഇതിനൊരവസാനം കാണുന്നില്ല.''

അമ്മ വന്നു. പട്ടാളക്കാരനെ കണ്ടപ്പോൾ അവർ വാതിൽപ്പിടിയിൽ അള്ളിപ്പിടിച്ചുകൊണ്ടു് വാതില്ക്കൽ സ്തംഭിച്ചുനിന്നു. ''എന്താണു്.... എന്തു് പററി?'' വിളറിയ ചുണ്ടുകളോടെ അവർ മെല്ലെ ചോദിച്ചു. ''അലെക്സിയുടെ കാര്യമാണോ?''

''അച്ഛൻ നമുക്കു് ഒരെഴുത്തു കൊടുത്തയച്ചിട്ടുണ്ടു്,'' ഞാൻ ഉറക്കെ

റഞ്ഞു. ''തടിച്ച ഒരു കവറാണ്. അതിൽ ഫോട്ടോ വച്ചിട്ടുണ്ടായിരി ക്കും. എനിക്കു് അച്ഛൻ ഒരു സമ്മാനവും കൊടുത്തയച്ചിട്ടുണ്ട്.''

''അദ്ദേഹം സുഖമായി ജീവിച്ചിരിക്കുന്നു, അല്ലേ?'' ഷാറം എ ടുത്തു മാററിക്കൊണ്ടു് അമ്മ പറഞ്ഞു. ''വാതില്ക്കൽവച്ചു് ഒരു പട്ടാളക്കാര നെ കണ്ടപ്പോഠം ഞാൻ സ്തംഭിച്ചുപോയി. അച്ഛനു് എന്തെങ്കിലും പററി യെന്നുമെന്നു് ഞാൻ വിചാരിച്ചു.''

''ഇതുവരെ കുഴപ്പമൊന്നുമില്ല.'' പട്ടാളക്കാരൻ പറഞ്ഞു. ''ഈ കത്തു് ഇവിടെ തരാൻ തന്നയച്ചതാണു്. തപാലിലയച്ചാൽ ചില പ്പോഠം കിട്ടിയെന്നു വരില്ല. അതുകൊണ്ടാണു് അദ്ദേഹം എന്നെ ഏല്പി ച്ചതു്.''

അമ്മ കവർ തുറന്നു. അതിൽ ഫോട്ടോ ഒന്നും ഉണ്ടായിരുന്നില്ല. കു നുകുനാ എഴുതിനിറച്ച എണ്ണമയം പുരണ്ട ഏതാനും കടലാസുകഠം മാത്ര മേ ഉണ്ടായിരുന്നുള്ളു. അവയിലൊന്നിൽ കുറച്ചു ചെളിയും പച്ചനിറമു ള്ള ഉണങ്ങിയ ഒരു കഷണം പുല്ലും ഒട്ടിപ്പിടിച്ചിരുന്നു.

ഞാൻ എൻെറ പൊതി തുറന്നു. ഒരു കൈത്തോക്കായിരുന്നു അതു്. ഒരു കൊളുത്തു് വേറെയും അതിലുണ്ടായിരുന്നു.

''നിൻെറ അച്ഛൻ എന്താണുദ്ദേശിക്കുന്നതു്!'' അമ്മ നീരസത്തോ ടെ പറഞ്ഞു. ''ഇതു് കളിക്കാനുള്ള സാധാനമല്ല.''

''അതു സാരമില്ല,'' പട്ടാളക്കാരൻ പറഞ്ഞു. ''നിങ്ങളുടെ മകൻ കുഞ്ഞൊന്നുമല്ലല്ലോ. കണ്ടില്ലെ, അവനു് എത്രയുണ്ടു് എൻെറയത്ര പൊ ക്കമുണ്ടു്. അവൻ അതു് തൽക്കാലം എവിടെയെങ്കിലും ഒളിച്ചുവയ്ക്കട്ടെ. മനോഹരം ഒരു കൈത്തോക്കാണതു്. ഒരു ജർമ്മൻ കിടങ്ങിൽനിന്നാണു് ഹാലെക്കിക്കു് അതു കിട്ടിയതു്. അതു് എന്നെങ്കിലും ഉതകിയേക്കും.''

ഞാൻ തോക്കിൻെറ മിനുസമുള്ള തണുത്ത പിടിയിൽ ഒന്നു തൊട്ടു നോക്കി. പിന്നീടു് വളരെ സൂക്ഷിച്ചു് അതു വീണ്ടും പൊതിഞ്ഞു് മേശ വലിപ്പിനുള്ളിൽ നിക്ഷേപിച്ചു.

പട്ടാളക്കാരൻ ഞങ്ങളോടൊപ്പം ചായകുടിച്ചു. അയാഠം വീണ്ടും വീ ണ്ടും ഗ്ലാസു് നിറയ്ക്കുകയും അച്ഛനെക്കുറിച്ചും യുദ്ധത്തെക്കുറിച്ചും സംസാ രിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഞാൻ അരഗ്ലാസു ചായ മാത്രമേ കുടി ച്ചുള്ളു. അമ്മയുടെ ചായ അങ്ങിനെതന്നെ ഇരുന്നു. അമ്മ തൻെറ കുപ്പി കളുടേയും ഭരണികളുടേയും ഇടയിൽനിന്നു് ഒരു ചെറിയ കുപ്പി ചാരാ

ധം പുറത്തെടുത്തു് പട്ടാളക്കാരനു് ഒഴിച്ചുകൊടുത്തു. അയാാം അതിൽ വെള്ളമൊഴിച്ചു് മെല്ലെ മൊത്തിക്കൊണ്ടിരുന്നു. അയാാം നെടുവീർപ്പിടുകയും തലകുലുക്കുകയും ചെയ്തു.

''ജീവിതം ആകെ കലങ്ങിമറിഞ്ഞിരിക്കുന്നു,'' ഗ്ലാസ്സ് തള്ളി മാററിക്കൊണ്ടു് അയാാം പറഞ്ഞു. ''വയലുകാം അനാഥമായി. കിടക്കുകയാണെന്നു് വീട്ടിൽനിന്നു് എഴുത്തുവന്നു. പക്ഷേ എനിക്കു് എന്തു ചെയ്യാൻകഴിയും? പലപ്പോഴും ഞങ്ങളും പട്ടിണിയിലാണു്—ചിലപ്പോാം ഒരു മാസം മുഴുവൻ അതു നീണ്ടുനില്ക്കാറുണ്ടു്. അങ്ങേയററം നിരാശ തോന്നും. ജയിച്ചാലും വേണ്ടില്ല, തോററാലും വേണ്ടില്ല. ഇതു് ഒന്നവസാനിച്ചാൽ മതിയായിരുന്നു. മനുഷ്യർക്കു സഹിക്കാവുന്നതിനപ്പുറം ആളുകാം സഹിച്ചുകഴിഞ്ഞു. തകരപ്പാത്രത്തിലെ തുരുമ്പുകലർന്ന വെള്ളം പോലെ ഉള്ളിലുള്ളതെല്ലാം തിളച്ചുമറിയുകയാണെന്നു ചിലപ്പോാം തോന്നും. ഇതെല്ലാം വലിച്ചെറിഞ്ഞിട്ടു് ഓടിപ്പോകാനുള്ള ധൈര്യമുണ്ടായിരുന്നെങ്കിൽ എന്നു് ആശിച്ചുപോകും. അവർക്കു് വേണമെങ്കിൽ അവർ യുദ്ധംചെയ്യട്ടെ. പക്ഷേ ഞങ്ങാംക്കു് യാതൊന്നും കിട്ടാനുമില്ല കൊടുക്കാനുമില്ല. അലെക്സിയും ഞാനും ഇക്കാര്യം വളരെനേരം ചർച്ചചെയ്തിട്ടുണ്ടു്. രാത്രികാംക്കു് നല്ല നീളമാണു്. പ്രാണികാം ഉറങ്ങാൻ അനുവദിക്കയില്ല. പാട്ടുപാടുകയോ വർത്തമാനം പറയുകയോ മാത്രമേ ഗതിയുള്ളു. ചിലപ്പോാം പൊട്ടിക്കരയണമെന്നോ ആരെയെങ്കിലുമൊക്കെ ഞെക്കിക്കൊല്ലണമെന്നോ ഒക്കെ തോന്നും. പക്ഷേ കുത്തിയിരുന്നു് പാട്ടുപാടുക മാത്രമാണു് ഞങ്ങാം ചെയ്യുന്നതു്. കണ്ണീരു വററിപ്പോയി. മററുള്ളവരോടു പ്രതികാരം ചെയ്യാൻ ശ്രമിച്ചാൽ ഫലമെന്തെന്നു് അറിയാമല്ലൊ! അതുകൊണ്ടു് ഞങ്ങാം പറയും, 'ചങ്ങാതിമാരെ, അളിയന്മാരെ, സഖാക്കളെ, നമുക്കു് ഒരു പാട്ടുപാടാം!' ''

പട്ടാളക്കാരന്റെ മുഖം ചുവന്നു. അതിൽ വിയർപ്പു പൊടിച്ചു. ഐഡിന്റെ മണം കൂടുതൽ രൂക്ഷമായിത്തീർന്നു. ഞാൻ ജനൽ തുറന്നു. സന്ധ്യയുടെ കുളിരും മുററത്തെ വൈക്കോൽ കൂനകളുടേയും പഴുത്തുപോയ ചെറിപ്പഴങ്ങളുടേയും ഗന്ധവും പേറിക്കൊണ്ടു് ശുദ്ധ വായു മുറിയിലേക്കു് ഇരച്ചുകയറി.

ഞാൻ ജനൽപ്പടിയിലിരുന്നു്, ജനാലച്ചില്ലിൽ വിരൽകൊണ്ടു് എന്തൊക്കെയോ വരച്ചുകൊണ്ടു് പട്ടാളക്കാരന്റെ സംസാരം ശ്രദ്ധിച്ചു. അ

[illegible] വാക്കുകൾ പരുപരുത്തതും അസുഖകരവുമായ ഒരു തരം പൊടി [illegible] ഹൃദയത്തിൽ അവശേഷിപ്പിച്ചു. ക്രമേണ പൊടി യുദ്ധത്തെക്കു [illegible] എന്റെ എല്ലാ ധാരണകളേയും ആവരണം ചെയ്തു. യുദ്ധത്തി [illegible] പവിത്രതയെപ്പററിയുള്ള ബോധവും യുദ്ധവീരന്മാരെപ്പററിയുള്ള [illegible], അതേവരെ എനിക്കു സുവ്യക്തവും സുഗ്രാഹ്യവുമായിത്തോ [illegible]ന്ന മററു പല വസ്തുതകളും അതോടെ നിഷ്പ്രഭങ്ങളായിത്തീർ [illegible]തുകൊണ്ടു് വെറുപ്പിനോടടുത്ത ഒരു വികാരത്തോടെ ഞാൻ അയാളെ [illegible]. അയാൾ ബെൽററഴിച്ചു മാററി, നനഞ്ഞ കോളറിന്റെ കുട [illegible]രി മാററിക്കൊണ്ടു് സംസാരം തുടർന്നു. മദ്യം അയാളുടെ തലയ്ക്കു [illegible]ച്ചിട്ടുണ്ടെന്നു് എനിക്കു തോന്നി.

''മരണം ചീത്തയാണു്, തീർച്ച. പക്ഷേ ആളുകൾ മരിക്കുന്നതു [illegible]ല്ല യുദ്ധം ചീത്തയാണെന്നു് ഞാൻ പറയുന്നതു്, യുദ്ധം തെററാ [illegible]ള്ള ബോധംകൊണ്ടാണു്. മരണത്തിന്റെ കാര്യത്തിൽ അങ്ങിനെ [illegible]കയില്ല. ഇന്നല്ലെങ്കിൽ നാളെ ഒരുവൻ മരിക്കുമെന്നതു തീർച്ചയാ [illegible]. അതിൽനിന്നു് രക്ഷപ്പെടാൻ ആർക്കും സാദ്ധ്യമല്ല, അതൊരു നി [illegible]ണു്. പക്ഷേ യുദ്ധം ചെയ്യണമെന്ന ഒരു നിയമം ആരുണ്ടാക്കിയ [illegible]? ഞാനല്ല, നിങ്ങളല്ല, നമുക്കു പരിചയമുള്ള ആരുമല്ല, ആരോ [illegible] ഉണ്ടാക്കിയ നിയമമാണതു്. പുസ്തകങ്ങളിൽ പറയുന്നതുപോലെ [illegible] സർവ്വശക്തനും ദയാപരനും ബുദ്ധിമാനുമാണെങ്കിൽ അദ്ദേഹം [illegible] മനുഷ്യനെ വിളിച്ചുനിർത്തി ചോദിക്കും: 'ഹേ മനുഷ്യാ താൻ ല [illegible]ണെക്കിനു് ആളുകളെ യുദ്ധത്തിലേക്കു തള്ളി വിടുന്നതു് എന്തിനാ [illegible]? അവർക്കും തനിക്കും അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തൊ [illegible]ണു്? ഒന്നും ഒളിച്ചുവയ്ക്കാതെ തുറന്നു പറയൂ, ഇതെല്ലാം എന്തിനാ [illegible] എല്ലാവരും മനസ്സിലാക്കട്ടെ.' പക്ഷേ''... പട്ടാളക്കാരൻ ആ [illegible]ണ്ടും ഗ്ലാസ്സ് താഴെയിടാൻ ഭാവിച്ചുകൊണ്ടും തുടർന്നു. ''പക്ഷേ [illegible] ഭൂമിയിലെ കാര്യങ്ങളിൽ ഇടപെടാറില്ല. സാരമില്ല, നമുക്കു് [illegible]തിരിക്കാം. നല്ല ക്ഷമയുള്ള ജനങ്ങളാണു് നമ്മൾ. പക്ഷേ നമ്മുടെ [illegible] നശിക്കുമ്പോൾ നാം ഇറങ്ങിത്തിരിക്കും, ജഡ്ജിമാരേയും കുററവാ [illegible]ളേയും ഒരുമിച്ചു് നാം പിടികൂടും.''

പട്ടാളക്കാരൻ നിശ്ശബ്ദനായി. മേശവിരിപ്പിൽ കണ്ണുംനട്ടു് ഒരക്ഷരം [illegible]ടാതെ ഇരുന്ന അമ്മയുടെ മുഖത്തേക്കു് അയാൾ നിരുന്മേഷനായി

നോക്കി. പെട്ടെന്നു് അയാൾ എണിററു് മീൻ വച്ചിരുന്ന പിഞ്ഞാണ ത്തിന്റെ നേരെ കൈ നീട്ടി.

''കഷ്ടം! ഞാൻ എന്തൊക്കെയാണു് പറഞ്ഞതു്! സാരമില്ല... എ ല്ലാത്തിനും ഒരു സമയം വരും. ആ കുപ്പിയിൽ എന്തെങ്കിലും ബാക്കിയു ണ്ടോ?''

അമ്മ തലയുയർത്താതെ അയാളുടെ ഗ്ലാസിലേക്കു് ചൂടും ഗന്ധവുമു ള്ള ദ്രാവകം തുള്ളി തുള്ളിയായി ഒഴിച്ചുകൊടുത്തു.

കർട്ടന്റെ പിന്നിൽ കിടന്നു് രാത്രി മുഴുവൻ അമ്മ കരഞ്ഞു. അച്ഛൻ എഴുതിയ കടലാസുകൾ മറിക്കുന്ന ശബ്ദം എനിക്കു കേൾക്കാമായിരുന്നു. അതിനുശേഷം കർട്ടന്റെ വിടവിലൂടെ മങ്ങിയ പച്ചവെളിച്ചം ഒഴുകിവ ന്നു. ദൈവരൂപത്തിന്റെ മുമ്പിൽ ചെറിയ എണ്ണവിളക്കു കത്തിച്ചുവച്ചു് അമ്മ പ്രാർത്ഥിക്കുകയാണെന്നു് എനിക്കു മനസ്സിലായി. അമ്മ ആ ക ത്തു് എന്നെ കാണിച്ചില്ല. അതിലെഴുതിയിരുന്നതെന്താണെന്നോ എ ന്തിനാണു് അമ്മ കരഞ്ഞതെന്നോ എനിക്കു് അന്നു് അറിയാമായിരു ന്നില്ല.

പിറേറന്നു് രാവിലെ പട്ടാളക്കാരൻ പോയി.

പോകുന്നതിനുമുമ്പു് അയാൾ എന്റെ മുതുകിൽ തട്ടിക്കൊണ്ടു് ഞാൻ അയാളോടു് എന്തോ ചോദിച്ചു എന്നമട്ടിൽ പറഞ്ഞു:

''ഇതൊന്നും സാരമില്ല, കുട്ടീ... നിനക്കു ചെറുപ്പമാണു്. ഞങ്ങൾ കാണാത്ത ഒരു കാഴ്ച നീ കാണുമെന്നു് എനിക്കു് ഉറപ്പുണ്ടു്.

അയാൾ യാത്രപറഞ്ഞു പിരിഞ്ഞു. ഊന്നുവടിയും ഐഡിന്റെ ഗ ന്ധവും അയാളുടെ സാന്നിധ്യം ഉളവാക്കിയ വിഷാദഭാവവും ചുമയ്ക്കുന്ന തുപോലുള്ള ചിരിയും കയ്പേറിയ വാക്കുകളും, പ്രാഞ്ചിപ്രാഞ്ചി നടക്കു ന്ന ആ മനുഷ്യനോടൊപ്പം അകന്നകന്നു പോയി.

അദ്ധ്യായം ആറു്

വേനൽക്കാലം അവസാനിക്കാറായിരുന്നു. ഫേജ അവന്റെ രണ്ടാ[illegible] പരീക്ഷയ്ക്കുള്ള പഠിത്തത്തിൽ മുഴുകുകയും യാഷ്ക പനിപിടിച്ചു കി[illegible]കുകയും ചെയ്തതുകൊണ്ടു് ഞാൻ ഒററയ്ക്കായി.

അപ്പന്റെ പുസ്തകങ്ങളും പത്രങ്ങളും മറിച്ചുനോക്കിക്കൊണ്ടു് ഞാൻ [illegible]ിൽ കിടന്നു സമയം കഴിച്ചു.

യുദ്ധം അവസാനിക്കുന്നതിനെപ്പററി ആരും ഒന്നും പറഞ്ഞുകേട്ടില്ല. [illegible]ർകാർ മുന്നോട്ടു് ആഞ്ഞടിച്ചു് പോളണ്ടിന്റെ ഏതാണ്ടു് പകുതി [illegible] കൈവശമാക്കിയതിനെ തുടർന്നു് ഞങ്ങളുടെ പട്ടണം അഭയാർ[illegible]കളെക്കൊണ്ടു് നിറഞ്ഞു. അഭയാർത്ഥികളുടെ കൂട്ടത്തിൽ കാശുള്ളവർ [illegible]ര്യവസതികളിലും ഫ്ലാററുകളിലും താമസമാക്കി. എന്നാൽ അത്ത[illegible]ർ കുറവായിരുന്നു. അഭയാർത്ഥികളിലധികവും വലിയ കുടുംബ[illegible] ദരിദ്രരായ ജൂതന്മാരായിരുന്നു. ഞങ്ങളുടെ കച്ചവടക്കാരും, സ[illegible]ിമാരും, പുരോഹിതന്മാരും അത്തരം അഭയാർത്ഥികളെ സ്വീകരി[illegible]ൻ തയ്യാറാല്ലാത്ത ഭക്തന്മാരായിരുന്നു. അതുകൊണ്ടു് അഭയാർത്ഥി[illegible]ധികംപേരും പട്ടണത്തിനു പുറത്തുള്ള വനത്തിനടുത്തു് ഷെഡ്ഡുകെ[illegible]ന്നു് താമസിച്ചിരുന്നതു്.

അതിനകംതന്നെ ഗ്രാമങ്ങളിലുള്ള സകല യുവാക്കന്മാരെയും അരോ[illegible]ഗാത്രന്മാരായ സകല പുരുഷന്മാരെയും നിർബ്ബന്ധിച്ചു് പട്ടാളത്തി[illegible]് അയച്ചുകഴിഞ്ഞിരുന്നു. അനേകം വയലുകൾ തരിശായി കിട[illegible]—അവിടെ ജോലിചെയ്യാൻ ആരും ഉണ്ടായിരുന്നില്ല. പട്ടണങ്ങളി[illegible]് യാചകരുടെ പ്രവാഹം തുടങ്ങി. വൃദ്ധന്മാരും സ്ത്രീകളും കുഞ്ഞുങ്ങ[illegible]ിരുന്നു അവർ.

[illegible]ണ്ടാക്കെ രാവിലെ മുതൽ രാത്രിവരെ ഞങ്ങളുടെ തെരുവിലൂടെ

അലഞ്ഞു തിരിഞ്ഞു നടന്നാലും ഒരൊററ അപരിചിതനെപ്പോലും കണ്ടു മുട്ടാൻ കഴിയുമായിരുന്നില്ല. പേരറിയില്ലാത്ത ഒന്നോ രണ്ടോ പേരെ കണ്ടുമുട്ടിയെന്നു വരാം, പക്ഷേ അവരെ നിങ്ങൾ തീർച്ചയായും മുമ്പു കണ്ടിട്ടുണ്ടായിരിക്കും. എന്നാൽ ഇപ്പോൾ സംഗതി നേരെ മറിച്ചാണ്. ഓരോ ചുവടു വയ്ക്കുമ്പോഴും തികച്ചും അപരിചിതരായ ആരെയെങ്കിലും കണ്ടുമുട്ടും. ജൂതന്മാരും, റുമേനിയാക്കാരും, പോളണ്ടുകാരും ആസ്ത്രിയൻ യുദ്ധത്തടവുകാരും റെഡ്ക്രോസ്സ് നടത്തുന്ന ആശുപത്രിയിൽനിന്നു വരുന്ന മുറിവേററ ഭടന്മാരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

പെട്ടെന്ന് ഭക്ഷ്യക്ഷാമം തുടങ്ങി. പാൽ, മുട്ട, വെണ്ണ തുടങ്ങിയവയുടെ വില കുതിച്ചു കയറി. അതും അതിരാവിലെ ചന്തയിൽ ചെന്നില്ലെങ്കിൽ കിട്ടുകയുമില്ല. റൊട്ടിക്കടകളുടെ മുമ്പിൽ നീണ്ട നിരകളായി ആളുകൾ കാത്തുനിന്നു. വെളുത്ത റൊട്ടി കടകളിൽനിന്ന് അപ്രത്യക്ഷമായി. കറുത്ത റൊട്ടി വേണ്ടത്ര ഉണ്ടായിരുന്നുമില്ല. കച്ചവടക്കാർ യാതൊരു ദാക്ഷിണ്യവുമില്ലാതെ വില കൂട്ടിക്കൊണ്ടിരുന്നു. ഭക്ഷ്യസാധനങ്ങളുടെ വില മാത്രമല്ല മററ് സാധനങ്ങളുടെ വിലയും അവർ കൂട്ടി.

ബെബേഷിൻ എന്ന കച്ചവടക്കാരൻതന്നെ സാധാരണഗതിയിൽ അഞ്ചുവർഷംകൊണ്ടു സമ്പാദിക്കുന്നത്ര പണം ഒരൊററ വർഷംകൊണ്ട് സമ്പാദിച്ചിട്ടുണ്ടെന്ന് ആളുകൾ പറഞ്ഞു. സിനൃഗിനാണെങ്കിൽ സമ്പാദിച്ചുകൂട്ടിയതിന് കണക്കില്ല. ഒരു പള്ളി പണിയാൻ അയാൾ ആറായിരം റൂബിൾ കൊടുത്തത്രെ. പണത്തിൻെറ മുഷ്ക്കുകൊണ്ട് അയാൾ ദൂരദർശിനി ഘടിപ്പിച്ചിട്ടുള്ള ഗോപുരം ഉപേക്ഷിക്കുകയും മോസ്കോയിൽനിന്ന് ജീവനുള്ള ഒരു മുതലയെ വരുത്തുകയും ചെയ്തു. അയാൾ അതിനെ ഇടാൻ ഒരു വലിയ കുളം കുഴിപ്പിച്ചു.

ആ മുതലയെ റെയിൽവേ സ്റ്റേഷനിൽനിന്ന് അയാളുടെ വീട്ടിലേയ്ക്കു കൊണ്ടുവന്ന വണ്ടിയുടെ പിറകെ വലിയ ഒരാൾക്കൂട്ടം തടിച്ചുകൂടി. അതു കണ്ട് ഒരാൻസ്കിൽ നിന്നുള്ള ദൈവമാതാവിൻെറ വിശുദ്ധരൂപം എഴുന്നള്ളിച്ചുകൊണ്ടു വരികയാണെന്ന് തെററിദ്ധരിച്ച് സേവ്യർ പള്ളിയിലെ പരിചാരകൻ മണിയടിച്ചു തുടങ്ങി. ഗ്രീഷ്ക എന്നു പേരുള്ള അയാൾ പതിമ്മൂന്നു ദിവസം അതിനു പ്രായശ്ചിത്തം ചെയ്യണമെന്ന് ബിഷപ്പ് കൽപ്പിച്ചു. ഗ്രീഷ്കയ്ക്ക് അബദ്ധംപററിയതാണെന്ന് വിശ്വസിക്കാത്ത ഒരു കൂട്ടരുണ്ടായിരുന്നു. അയാൾ മനപ്പൂർവം കുസൃതി കാട്ടി

...ണെന്നായിരുന്നു അവരുടെ അഭിപ്രായം. പ്രായശ്ചിത്തം ചെയ്യുന്ന ...തിയായ ശിക്ഷയാകുന്നില്ലെന്നും മററുള്ളവർക്കു് ഒരു താക്കീതു് എ... നിലയിൽ അയാളെ ജയിലിലടയ്ക്കേണ്ടതാണെന്നും അവർ ശഠിച്ചു. ... വിലാപയാത്രയുണ്ടായിട്ടാണു് അയാൾ തെററിദ്ധരിച്ചതെങ്കിൽ മന...ലാക്കാമായിരുന്നു. പക്ഷേ മുതലയെപ്പോലുള്ള ഒരു നികൃഷ്ടജീവിയെ ...ട്ടു് വിശുദ്ധരൂപമാണെന്നു് വിചാരിക്കുന്നതു് തീർച്ചയായും പാപ...മാണു്.

ഞാൻ പുസ്തകം അടച്ചുവച്ചു് തെരുവിലേക്കിറങ്ങി. മറെറാന്നും ചെ...യ്യാനില്ലാത്തതുകൊണ്ടു് ഞാൻ തീംകയെ കാണാൻ പട്ടണാതിർത്തിയി...ലുള്ള സെമിത്തേരിയിലേക്കു പോയി. തീംക വീട്ടിലുണ്ടായിരുന്നില്ല. ...ച്ചു മുടിയും ഉറച്ച ശരീരവുമുള്ള വൃദ്ധനായ അവന്റെ അച്ഛൻ മാത്രമേ ...ിടെ ഉണ്ടായിരുന്നുള്ളു. എന്റെ അച്ഛന്റെ പഴയ പരിചയക്കാരനാ... മനുഷ്യൻ എന്റെ പുറത്തു് വാത്സല്യപൂർവ്വം തട്ടിക്കൊണ്ടു് പറ...ഞ്ഞു:

''നീ വളർന്നുപോയല്ലോ, മകനേ. നിന്റെ അച്ഛൻ തിരിച്ചു വരു...മ്പോൾ നിന്നെ തിരിച്ചറിയുകയില്ല. നീ അച്ഛനെപ്പോലെയാണു്—...നീയും ഒരു ഒത്ത പുരുഷനായിരിക്കും! എന്റെ തീംകയാണെങ്കിൽ വ...ളർച്ചയില്ലാത്ത ഒരു അശ്രുവാണു്. എന്തുചെയ്യാം! അവൻ അവന്റെ അ...മ്മയുടെ അച്ഛനെപ്പോലെയാണു്. അവൻ തിന്നുന്ന തീററി കണ്ടാലോ, ...നീയും അത്ഭുതപ്പെട്ടുപോകും! നിന്റെ അച്ഛനു സൗഖ്യമാണോ? എഴുതെ...മ്പോൾ എന്റെ അന്വേഷണം അറിയിക്കണം. അയാൾ ഒരു നല്ല ...മനുഷ്യനാണു്. ഞങ്ങൾ രണ്ടുപേരും ഒരു ഗ്രാമീണവിദ്യാലയത്തിൽ എ...ന്നേക്കും ഒരുമിച്ചു പണിയെടുത്തിട്ടുണ്ടു്. അയാൾ അദ്ധ്യാപകനായിരു...ന്നു ഞാൻ സൂക്ഷിപ്പുകാരനും. പക്ഷേ അതെല്ലാം വളരെക്കാലം മുമ്പാ...ണു്... നിനക്കു് അന്നു് ഇഴഞ്ഞു നടക്കുന്ന പ്രായമായിരുന്നു. നിനക്കു് ...ന്നും ഓർമ്മയില്ല. ശരി, നീ ചെന്നു നോക്കു്, തീംക അവിടെ ...ണ്ടാകും. അവൻ പക്ഷികളെ പിടിക്കാൻ ഇറങ്ങിയിരിക്ക...ണു്. മൂലസ്സു് പട്ടാളക്കാരുടെ ശ്മശാനത്തിനു പിന്നിലുള്ള ബർച്ചമര...ത്തോപ്പിൽ അവൻ ഉണ്ടായിരിക്കും. അവൻ ഇവിടെ അടുത്തെങ്ങും ...പിടിക്കയില്ല—പള്ളി അധികാരി കണ്ടാൽ ശകാരിക്കും.''

ബർച്ചുമരങ്ങാംക്കിടയിൽ ഞാൻ തീംകയെ കണ്ടു. അററത്തു് കടുക്ക കെട്ടിയിട്ടുള്ള നീണ്ട ഒരു കമ്പും കയ്യിൽ പിടിച്ചുകൊണ്ടു് തീംക ഒരു മരച്ചുവട്ടിൽ നിന്നിരുന്നു. മഞ്ഞനിറമുള്ള ഇലപ്പടർപ്പുകാംക്കിടയിൽ കഷ്ടിച്ചുമാത്രം കാണറാമായിരുന്ന ഒരു ഗോാംഡ്ഫിഞ്ചു് പക്ഷിയെ ലക്ഷ്യമാക്കി അവൻ വളരെ സൂക്ഷ്മതയോടെ കുടുക്ക് ചലിപ്പിക്കയായിരുന്നു. തീംക പേടിയോടെ—എതാണ്ടു് യാചനാഭാവത്തിൽ—എന്നെ നോക്കുകയും കൂടുതൽ അടുത്തുവന്നു് പക്ഷിയെ ഭയപ്പെടുത്തരുതെന്നു് താക്കീതു ചെയ്യുന്നമട്ടിൽ ശക്തിയായി തലകുലുക്കുകയും ചെയ്തു. ഞാൻ നിന്നു.

ഗോാംഡ്ഫിഞ്ചിനേക്കാാം മഠയനായ ഒരു പക്ഷിയെ ലോകത്തെങ്ങും കാണാൻ കഴിയുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്. നീളമുള്ള ഒരു കമ്പിൻെറ അററത്തു് കുട്ടികാം കുതിരവാൽകൊണ്ടു് ഒരു കുടുക്ക കെട്ടും. ആ കുടുക്ക് പക്ഷിയുടെ കഴുത്തിലിടണം.

തീംക കമ്പിൻെറ അററം പക്ഷിയുടെ അടുത്തേക്കു മെല്ലെ നീക്കിക്കൊണ്ടിരുന്നു. പക്ഷി കുടുക്കിനുനേരെ ഒന്നു ചരിഞ്ഞുനോക്കിയിട്ടു് അടുത്തുള്ള മറെറാരു മരക്കൊമ്പിലേക്കു് തത്തിക്കയറി. നാക്കു നീട്ടി, ശ്വാസംപിടിച്ചുനിന്നുകൊണ്ടു് തീംക പിന്നേയും കുടുക്ക് പക്ഷിയുടെ നേർക്കു് അടുപ്പിച്ചുതുടങ്ങി. ആ വിഡ്ഢിപ്പക്ഷി ജിജ്ഞാസയോടെ തീംകയുടെ പ്രവർത്തനങ്ങാം നോക്കിക്കൊണ്ടിരുന്നു. ബുദ്ധിശൂന്യമായ നിസ്സംഗതയോടെ കുടുക്ക തലയിൽ വീഴാൻ അതു് അനുവദിച്ചു. തീംക കമ്പു് വലിച്ചു. കഴുത്തിറുകി ശ്വാസം മുട്ടിയ പക്ഷി ഒന്നു ചിലയ്ക്കുകപോലും ചെയ്യാതെ പുല്ലിലേക്കു വീണു ചിറകിട്ടടിച്ചു. നിമിഷങ്ങാംക്കകം അതു തടവിലാക്കപ്പെട്ട മററു് അഞ്ചു് സഹജീവികളോടൊപ്പം ഒരു കൂട്ടിനുള്ളിൽ ചാടിച്ചാടി നടന്നു തുടങ്ങി.

''കണ്ടോ!'' തീംക ഒററക്കാലിൽ നിന്നു തുള്ളിക്കൊണ്ടു് വിളിച്ചു പറഞ്ഞു. ''പണി കൊള്ളാം, അല്ലേ! ആറെണ്ണം കൂട്ടിലായി. പക്ഷേ എല്ലാം ഫിഞ്ചുകളാണു്. മററുപക്ഷികളെയൊന്നും ഇങ്ങിനെ പിടിക്കാൻ പററില്ല. അതിനു് കെണികളും വലകളും വേണം. അവയ്ക്കു് നല്ല ബുദ്ധിയുണ്ടു്! പക്ഷേ ഈ വിഡ്ഢികാം തല നേരെ കുടുക്കിനുള്ളി...''

തീംക പെട്ടെന്നു് സംസാരം നിർത്തി. തലയ്ക്കു് അടിയേററതുപോലെ അവൻ സ്തംഭിച്ചു നിന്നു. അവൻ ഒരു വിരലുയർത്തി. എന്നെ താ

...ചെയ്തുകൊണ്ടു് രണ്ടു മുഴുവൻ മിനിട്ടുകൾ അങ്ങിനെ നിശ്ചലനായി ... വീണ്ടും ഒററക്കാലിൽ ചാടിക്കൊണ്ടു് അവൻ ചോദിച്ചു:

''നീ കേട്ടില്ലേ?''

''എന്തു കേട്ടില്ലേന്നു്? സ്റ്റേഷനിൽ എഞ്ചിൻ ചൂളംവിളിക്കുന്നതല്ലാതെ ... ഒന്നും കേട്ടില്ല.''

''ദൈവമേ! ഒന്നും കേട്ടില്ലെന്നോ!'' അത്ഭുതത്താൽ കൈകൾ ഉ...പിടിച്ചുകൊണ്ടു് അവൻ പറഞ്ഞു. ''ഒരു റോബിൻ. അവൻ ...നതു് ഞാൻ കേട്ടു. ഒരു അസ്സൽ റെഡ്ബ്രെസ്റ്റ്! ഞാൻ കഴിഞ്ഞ ഒരാ...യി അവന്റെ പിന്നാലെ നടക്കുകയാണു്. ആ മുണ്ടിച്ചത്ത മന... അടക്കിയിരിക്കുന്നതെവിടെയാണെന്നു് നിനക്കറിയാമോ? അ...യാണു് അവന്റെ കൂടു്. മേപ്പിൾ മരങ്ങൾക്കിടയിലെവിടെയോ ...ണു്. അവിടെ മരങ്ങൾ തിങ്ങി വളരുന്നു. ഇപ്പോൾ മേപ്പിൾ ഇല...കൾക്കു് തീയുടെ നിറമാണു്! നമുക്കു് അവിടെ പോയി നോക്കാം.''

തീംകസ്സിനു് എല്ലാ കുഴിമാടങ്ങളും സ്മാരകശിലകളും തിരിച്ചറിയാമാ...യിരുന്നു. ഒരു പക്ഷിയെപ്പോലെ ചാടിച്ചാടി നടന്നുകൊണ്ടു് അവൻ ...ക്കു പറഞ്ഞുതന്നു:

''തീപ്പൊള്ളലേററു് കഴിഞ്ഞ വർഷം മരിച്ച തീകെടുത്തുജോലി...ക്കാരൻ ഇവിടെയാണു കിടക്കുന്നതു്. ഇവിടെ കണ്ണുകാണാത്ത ചൂർബാ...നെ അടക്കിയിരിക്കുന്നു. ഈ ഭാഗത്തുള്ള എല്ലാവരും അത്തരക്കാരാ...ണു് കച്ചവടക്കാർക്കു കുറേക്കൂടി നല്ല ഒരിടമാണുള്ളതു്. മാലാഖമാരുള്ള ... പ്രതിമ കണ്ടോ? അതു് സിനഗോഗിൻമാരുടെ മുത്തശ്ശിയെ അടക്കിയി...രിക്കുന്നിടമാണു്. ഇതാ ഇവിടെ''—മണ്ണടിഞ്ഞുകിടന്ന ഒരു കൂന തീംക...ക്കാണിച്ചു—''ഇവിടെ ആത്മഹത്യ ചെയ്ത ഒരാളാണു്. അയാൾ ...ച്ചത്തതാണെന്നു് അച്ഛൻ പറഞ്ഞു. അയാൾ ഡിപ്പോയിലെ ഒരു ...റായിരുന്നു. സ്വമനസ്സാലെ ഒരാൾ തൂങ്ങിച്ചാകുന്നതെങ്ങിനെയെന്നു് ...ക്കു് മനസ്സിലാകുന്നില്ല.''

''ചീത്ത ജീവിതമായതുകൊണ്ടു്, തീംക, നല്ല ജീവിതമല്ലെന്നു ...ർച്ചു.''

''അതെങ്ങിനെ!'' തീംക പ്രതിഷേധിച്ചു. അവൻ അത്ഭുതത്തോടെ ...ന്നെ നോക്കി. ''ചീത്തയല്ല.''

''എന്തു ചീത്തയല്ലെന്നാണു്?''

''ജീവിതം! ജീവിതം നല്ല രസമുള്ളതാണു്. മരണം അതിനേക്കാതം നല്ലതാവുന്നതെങ്ങിനെ? ജീവിച്ചിരിക്കുമ്പോഴം ഓടിച്ചാടി നടക്കാം, എന്തു വേണമെങ്കിൽ ചെയ്യാം. എന്നാൽ ഇവിടെ അനങ്ങാതെ വെറുതെ കിടക്കാനേ പററൂ!''

മണിനാദംപോലുള്ള ശബ്ദത്തിൽ തീംക പൊട്ടിച്ചിരിച്ചു. എന്നാൽ പെട്ടെന്നുതന്നെ അവൻ ചിരി നിർത്തി നിശ്ചലനായി നിന്നു. ഒരു നിമിഷം കഴിഞ്ഞു് അവൻ മന്ത്രിച്ചു:

''ശബ്ദമുണ്ടാക്കരുതു്. അവൻ ഇവിടെ അടുത്തെവിടെയോ ഉണ്ടു്. കൗശലക്കാരൻ ഒളിച്ചിരിക്കയാണു്! എങ്കിലും ഞാൻ അവനെ പിടിക്കും, നോക്കിക്കോ.''

ഉച്ചതിരിയുന്നതുവരെ ഞാൻ തീംകയോടൊപ്പമുണ്ടായിരുന്നു. തീംക ഒരു വിചിത്ര ജീവിയാണു്. അവനു് എന്നേക്കാൾ ഒന്നര വയസ്സു കുറവുള്ള, പക്ഷേ കണ്ടാൽ പന്ത്രണ്ടുപോയിട്ടു് പത്തു വയസ്സുപോലും തോന്നിക്കയില്ല. അവൻ ഒരു വെപ്രാളക്കാരനായിരുന്നതുകൊണ്ടു് കുട്ടികൾ അവനെ കളിയാക്കുകയും തലയ്ക്കിട്ടു് ഞോണ്ടുകയും ചെയ്യുമായിരുന്നു. എന്നാൽ അവൻ ഒരിക്കലും പിണങ്ങുകയില്ല, അഥവാ പിണങ്ങിയാൽത്തന്നെ അതു ദീർഘനേരം നീണ്ടുനില്ക്കുകയുമില്ല. പെൻസിൽ വെട്ടാൻ ഒരു കത്തിയോ എഴുതാൻ ഒരു നിബ്ബോ അല്ലെങ്കിൽ കണക്കു ചെയ്യാൻ എന്തെങ്കിലും സഹായമോ വേണ്ട അവസരത്തിലൊക്കെ അവൻ ക്ഷമാപണരൂപത്തിലുള്ള ഒരു പുഞ്ചിരിയോടെ നേരെ മുഖത്തു നോക്കിയായിരിക്കും അതാവശ്യപ്പെടുക. അവൻ ഒരു ഭീരുവായിരുന്നു. പക്ഷേ പ്രത്യേക തരത്തിലുള്ള ഒരു തരം ഭീരുത്വമായിരുന്നു അതു്. ഇൻസ്പെക്ടറോ ഹെഡ്മാസ്റ്ററോ വരുന്നതു കണ്ടാൽ അവൻ പേടിച്ചു വിറയ്ക്കും. ഒരു ദിവസം ക്ലാസ്സു നടക്കുന്നതിനിടയിൽ ശിപായി വന്നു് തീംകയെ ആഫീസുമുറിയിലേക്കു വിളിക്കുന്നുവെന്നു പറഞ്ഞു. തീംക ഇരിപ്പിടത്തിൽ തരിച്ചിരുന്നുപോയി. ഒടുവിൽ അവൻ എണീററുനിന്നു് ''ഞാൻ എന്തെങ്കിലും കുററം ചെയ്തിട്ടുണ്ടോ,'' എന്നു ചോദിക്കുന്നമട്ടിൽ കുട്ടികളെ എല്ലാവരേയും ഒന്നു നോക്കി. കുറേശ്ശെ വസൂരിക്കലകളുള്ള അവൻെറ മുഖം പേടികൊണ്ടു് ചാരനിറമായി. അവൻ ഉറയ്ക്കാത്ത കാൽവയ്പുകളോടെ പുറത്തേക്കു നടന്നു.

കാലിൽ വിലങ്ങുവച്ചു് തടങ്കൽപ്പാളയത്തിലേക്കു് അയക്കാനോ

സ്വാതന്ത്ര്യത്തിന് താക്കീതു നൽകാനോ ഒന്നുമല്ല തീംകയെ ആഫീസിലേക്കു വിളിച്ചതെന്ന് വെളിക്കുവിട്ടപ്പോൾ ഞങ്ങൾക്കു മനസ്സിലായി. തലേ വർഷം അവന് പണംകൊടുക്കാതെ വെറുതെ പാഠപുസ്തകം കിട്ടിയതു സംബന്ധിച്ച് എന്തോ ഒപ്പിട്ടുകൊടുക്കാനാണ് അവനെ വിളിച്ചതു്.

രണ്ടു ദിവസം കഴിഞ്ഞ് സ്കൂൾ തുറന്നു. ക്ലാസുമുറികൾ ശബ്ദായമാനമായി. വേനൽക്കാലം എങ്ങിനെ ചെലവഴിച്ചുവെന്നും തങ്ങൾ എത്ര കിളിനേയും ഞണ്ടിനേയും ഗൗളിയേയും പിടിച്ചുവെന്നും ഓരോരുത്തരും പറഞ്ഞുതുടങ്ങി. താൻ ഒരു കഴുകനെ കൊന്നെന്ന് ഒരു കുട്ടി വീമ്പടിച്ചു. വേറൊരുവൻ കാട്ടിൽ നിന്നും പറിച്ചെടുത്ത കൂണുകളെയും സ്ട്രാബെറിപ്പഴങ്ങളെയും കുറിച്ച് ആവേശത്തോടെ സംസാരിച്ചു. ജീവനുള്ള ഒരു പാമ്പിനെ താൻ പിടിച്ചെന്ന് മറ്റൊരു കുട്ടി ആണയിട്ടു പറഞ്ഞു. സുഖവാസ കേന്ദ്രങ്ങളായ ക്രൈമിയയിലും ക്വോക്കസസ്സിലും വേനല്ക്കാലം ചെലവഴിച്ച ചില കുട്ടികൾപോലും ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ അവരുടെ എണ്ണം തീരെ കുറവായിരുന്നു. കാട്ടുപഴങ്ങളെപ്പററിയോ പട്ടികളെപ്പററിയോ ഉള്ള ചർച്ചകളിൽ പങ്കെടുക്കാതെ അവർ മാറി നടന്നു. പനകളെപ്പററിയും സമുദ്രസ്നാനത്തെപ്പററിയും കുതിരകളെപ്പററിയുമുള്ള അന്തസ്സുററ മറെറാരു സംഭാഷണത്തിൽ അവർ മുഴുകി.

വിലക്കൂടുതൽ നിമിത്തം, കമ്പിളിത്തുണികൊണ്ടുണ്ടാക്കിയ പതിവു യൂണിഫോറത്തിനു പകരം വിലകുറഞ്ഞ തുണികൊണ്ടു തുന്നിയ യൂണിഫോറം ധരിച്ചുകൊള്ളാൻ ആദ്യമായി ആ വർഷം ഞങ്ങൾക്ക് അനുവാദം കിട്ടി.

''ചെകുത്താന്റെ തുകൽ'' എന്നറിയപ്പെടുന്ന ഒരു തരം തുണികൊണ്ട് അമ്മ എനിക്കു ജാക്കററും ട്രൗസറും തുന്നിത്തന്നു.

അതു് വാസ്തവത്തിൽ ഏതോ ചെകുത്താന്റെ പുറത്തെ തോൽതന്നെയാണെന്ന് അനുഭവത്തിൽനിന്ന് എനിക്കു മനസ്സിലായി. ഒരിക്കൽ ഞാൻ മഠംവക പഴത്തോട്ടത്തിൽ ഒരാക്രമണം നടത്തിക്കൊണ്ടിരിക്കെ ഒരു തടിയൻ സന്യാസി വടിയുമായി എന്റെ പിറകെ വന്നു. ഞാൻ മതില്ല ചാടി ഓടാൻ ശ്രമിച്ചപ്പോൾ എന്റെ ട്രൗസർ ഒരാണിയിൽ ഉട

ക്കി. എന്നാൽ അതു കീറിയില്ല! സന്യാസി വന്ന് എന്റെ മുതുകത്തു രണ്ടു തരാൻ പാകത്തിൽ ഞാൻ ആണിയിൽനിന്ന് തൂങ്ങിക്കിടന്നു!

മറെറാരു പരിഷ്കാരം കൂടി നടപ്പിലായി. ഒരു പട്ടാള ആഫീസറെ സ്കൂളിൽ നിയമിച്ചു. ശരിയായ തോക്കുകളാണെന്നു തോന്നിക്കുന്ന മരത്തോക്കുകൾ ഞങ്ങൾക്കു നൽകപ്പെട്ടു. ഞങ്ങളെ സൈനിക കവാത്തു പരിശീലിപ്പിച്ചു തുടങ്ങി.

ഒററക്കാലൻ പട്ടാളക്കാരൻ കൊണ്ടുവന്ന എഴുത്തിനുശേഷം ഞങ്ങൾക്ക് അച്ഛന്റെ കത്തുകളൊന്നും കിട്ടിയില്ല. ഫേജയുടെ അച്ഛൻ തപാൽ സഞ്ചിയുമായി തെരുവിലൂടെ കടന്നു പോകുമ്പോഴെല്ലാം അയാൾ വരുന്നതും കാത്ത് ജനലിനടുക്കൽ നില്ക്കുന്ന എന്റെ കൊച്ചനുജത്തി തല വെളിയിലേക്കിട്ട് നേർത്ത ശബ്ദത്തിൽ ചോദിക്കും:

''സെർഗേയ് അമ്മാവാ, അച്ഛന്റെ എഴുത്തുണ്ടോ?''

എപ്പോഴും അതിനുള്ള മറുപടി ഒന്നുതന്നെയായിരുന്നു:

''ഇന്നില്ല മോളെ. നാളെ കൊണ്ടുവരാം.''

പിറേറന്നും ഒന്നും കാണുകയില്ല.

അദ്ധ്യായം ഏഴു്

സെപ്റ്റംബർ മാസത്തിലെ ഒരു ദിവസം വളരെ വൈകുന്നതുവരെ ഫേജ എന്റെ വീട്ടിലുണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ചു് പഠിക്കുകയായിരുന്നു.

വായന നിർത്തി ഫേജ പുസ്തകങ്ങൾ സഞ്ചിയിലിട്ടു് പുറപ്പെടാൻ ഒരുങ്ങിയപ്പോഴേക്കും പെട്ടെന്നു് മഴ ശക്തിയായി പെയ്തു തുടങ്ങി.

തോട്ടത്തിലേക്കു തുറക്കുന്ന ജനൽ അടയ്ക്കാനായി ഞാൻ അങ്ങോട്ടോടി.

കരിയിലകൾ കാററത്തു പറന്നു നടന്നു. വലിയ മഴത്തുള്ളികൾ എന്റെ മുഖത്തു പതിച്ചു.

വളരെ പ്രയാസപ്പെട്ടു് ജനലിന്റെ ഒരു പകുതി അടച്ചിട്ടു് മറേറ പകുതി അടയ്ക്കാനായി ഞാൻ പുറത്തേക്കു് എത്തിവലിഞ്ഞു. ആ നിമിഷത്തിൽ സാമാന്യം വലിയ ഒരു മണ്ണാങ്കട്ട ജന്നൽപ്പടിയിൽ വന്നു വീണു.

''എന്തൊരു കാററു്!'' ഞാൻ വിചാരിച്ചു. ''മരങ്ങളെല്ലാം ഒടിഞ്ഞു വീഴുമെന്നു തോന്നുന്നു.''

ഞാൻ തിരിച്ചുവന്നു് ഫേജയോടു പറഞ്ഞു:

''ഭയങ്കര കാററാണു്. ഈ പെരുമഴയത്തു് പോകാനാണോ നിന്റെ പുറപ്പാടു്? മഴതോർന്നിട്ടുപോകാം. ഇതാ ഇതുകണ്ടോ, ഈ മണ്ണാങ്കട്ട കാററത്തുപറന്നു് ജനലിൽ വീണതാണു്!''

ഫേജ സംശയദൃഷ്ടിയോടെ അതുനോക്കി.

''നീ എന്താണു് പറയുന്നതു്! ഇത്തരം ഒരു മണ്ണാങ്കട്ട കാററത്തു പറന്നുവീഴുന്നതെങ്ങിനെ?''

''ഞാൻ നുണപറഞ്ഞതാണെന്നാണോ നിന്റെ വിചാരം?'' ഞാൻ പരിഭവത്തോടെ ചോദിച്ചു. ''ഞാൻ ജനൽ അടയ്ക്കുകയായിരുന്നു. അപ്പോഴാണു് അതു് ജന്നല്പടിയിൽ വന്നു വീണതു്.''

ഞാൻ ആ മണ്ണാങ്കട്ട സൂക്ഷിച്ചു നോക്കി. ആരെങ്കിലും മനപ്പൂർവ്വം അതെടുത്തു് ജനലിലേക്കെറിഞ്ഞതാണോ? ഞാൻ സംശയിച്ചു. എന്നാൽ പെട്ടെന്നു തന്നെ ആ വിചാരം മനസ്സിൽനിന്നു് തുടച്ചുകളഞ്ഞിട്ടു് ഞാൻ പറഞ്ഞു.

''വിഡ്ഢിത്വം! ആരെറിയാനാണു്? ഈ മഴയത്തു് തോട്ടത്തിൽ ആരെങ്കിലും നില്ക്കുമോ? കാററാണെന്നു തീർച്ച.''

എന്തോ തയ്ച്ചുകൊണ്ടു് അമ്മ അടുത്ത മുറിയിൽ ഇരിക്കുകയായിരുന്നു. അനിയത്തി ഉറങ്ങിക്കഴിഞ്ഞു. ഫേജ അരമണിക്കൂർകൂടി അവിടെ ഇരുന്നു. ഒടുവിൽ ആകാശം തെളിഞ്ഞു. നനഞ്ഞ ജനാലച്ചില്ലിലൂടെ അമ്പിളിക്കല മുറിയിലേക്കു് ഒളിഞ്ഞു നോക്കി. കാററടങ്ങി.

''ശരി, ഞാൻ പോകുന്നു.''

''കതകു് പൂട്ടാൻ ഞാൻ വരുന്നില്ല. നീ അതു് ആഞ്ഞടച്ചാൽ മതി. താനെ പൂട്ടുവീണുകൊള്ളും.''

ഫേജ തൊപ്പി തലയിൽ അമർത്തിവച്ചു. നനയാതിരിക്കാനായി പുസ്തകങ്ങൾ കോട്ടിനുള്ളിൽ വച്ചുകൊണ്ടു് അവൻ ഓടിപ്പോയി. കതകു് ആഞ്ഞടയുന്ന ശബ്ദം കേട്ടു.

പുസ്തകങ്ങൾ അടുക്കിവച്ചിട്ടു കിടക്കാമെന്നു ഞാൻ വിചാരിച്ചു. ഫേജയുടെ ഒരു നോട്ടു ബുക്കു് നിലത്തു വീണു കിടക്കുന്നതു് അപ്പോഴാണു് ഞാൻ കണ്ടതു്. അതിലാണു് ഞങ്ങൾ കണക്കു ചെയ്തുകൊണ്ടിരുന്നതു്.

''മണ്ടൻ!'' ഞാൻ വിചാരിച്ചു. ''നാളെ ആദ്യത്തെ പീരിഡു് ആൾജിബ്രയാണു്. എന്നിട്ടു് അവൻ ആ ബുക്കു് മറന്നുപോയിരിക്കുന്നു. നാളെ കൊണ്ടുക്കൊടുക്കണം.''

പുറംകുപ്പായങ്ങൾ അഴിച്ചുമാററിയിട്ടു് ഞാൻ പുതപ്പിനടിയിലേക്കു് നുഴഞ്ഞുകയറി. ഞാൻ തിരിഞ്ഞുകിടക്കാൻ ഭാവിക്കുമ്പോൾ വളരെ പതുക്കെ, കരുതലോടെ ആരോ മണിയടിക്കുന്ന ശബ്ദം കേട്ടു.

''ആരായിരിക്കും?'' അമ്മ അത്ഭുതത്തോടെ ചോദിച്ചു. ''അച്ഛന്റെ കമ്പി വല്ലതുമാണോ? അല്ല, പോസ്റ്റ്മാൻ ഒരിക്കലും ഇത്ര മെല്ലെ മണിയടിക്കയില്ല. നീ പോയി വാതിൽ തുറക്കു്.''

''അമ്മേ, ഞാൻ ഉടുപ്പൂരിക്കഴിഞ്ഞു. അതു് ഫേജയായിരിക്കും. അവൻ ഒരു ബുക്കു മറന്നിട്ടു പോയി. അതെടുക്കാൻ വന്നതായിരിക്കും.''

''ഇതൊരു ശല്യമായിത്തീർന്നല്ലോ!'' അമ്മ പറഞ്ഞു. ''അവനു് [illegible]ലെ വന്നാലെന്താ? എവിടെ ആ ബുക്ക്?''

അമ്മ ബുക്ക കയ്യിലെടുത്തുകൊണ്ടു് വാതിൽ തുറക്കാൻ പോയി.

അമ്മ കോണിയിറങ്ങുന്ന ശബ്ദം ഞാൻ കേട്ടു. വാതിലിൻെറ പൂട്ടു് [illegible]. ആ നിമിഷം തന്നെ പതിഞ്ഞ ഒരു നിലവിളി എൻെറ ചെവി [illegible]ത്തി. ഞാൻ ചാടിയെണീററു. കള്ളന്മാരാണ വന്നതെന്നു് ഞാൻ [illegible]ച്ചയാക്കി. ജനാലച്ചില്ലു് തല്ലിപ്പൊട്ടിച്ചു് ആളുകളെ സഹായത്തിനു [illegible]ക്കാൻവേണ്ടി ഞാൻ ഒരു മെഴുകുതിരിക്കാൽ കയ്യിലെടുത്തു. എന്നാൽ [illegible]ിക്കുന്നതിൻേറയും ഉമ്മവയ്ക്കുന്നതിൻേറയും കൂടിക്കലർത്ത ശബ്ദവും [illegible]പ്പിടിച്ച സംസാരവും താഴെനിന്നു കേട്ടപ്പോരം ഞാൻ അത്ഭുത [illegible]നായി. രണ്ടുപേർ കോണി കയറിവരുന്ന ശബ്ദം കേട്ടു.

വാതിൽ തുറക്കപ്പെട്ടു. അടിയുടുപ്പുകരം മാത്രം ധരിച്ച ഞാൻ ക[illegible] മെഴുകുതിരിക്കാലുമായി കട്ടിലിൽ തരിച്ചിരുന്നു.

പൊട്ടിച്ചിരിച്ചുകൊണ്ടു് സന്തുഷ്ടയായ എൻെറ അമ്മ വാതില്ക്കൽ [illegible]ിരുന്നു. അവരുടെ കണ്ണുകരം നിറഞ്ഞിട്ടുണ്ടു്. അവരുടെ തൊട്ടു [illegible]യി കുററിരോമം വളർന്ന താടിയും, ചെളിയും വെള്ളവും ഇററിററു [illegible]ന്ന വസ്ത്രങ്ങളുമായി എനിക്കു് ഏററവും പ്രിയങ്കരനായ പട്ടാളക്കാരൻ [illegible]ിരുന്നു—എൻെറ അച്ഛൻ.

ഒററച്ചാട്ടത്തിനു് ഞാൻ അച്ഛൻെറ ബലിഷ്ഠങ്ങളായ കരങ്ങരംക്കുള്ളി[illegible]ർന്നു.

മറ്റേപ്പുറത്തു് അനിയത്തി ശബ്ദം കേട്ടിട്ടാവണം, ഞരങ്ങി. ഓ[illegible]ന്നു് അവളെ വിളിച്ചുണർത്താൻ എനിക്കു് അതിയായ ആഗ്രഹമു[illegible]ിരുന്നു, എന്നാൽ അച്ഛൻ എന്നെ തടഞ്ഞു. പതിഞ്ഞ ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു:

''അതു വേണ്ട, ബോറിസ്... അവളെ ഉണർത്തേണ്ട... ഒരുപാ[illegible] ശബ്ദമുണ്ടാക്കുകയുമരുതു്.''

അനന്തരം അമ്മയോടായി അദ്ദേഹം ഇങ്ങിനെ പറഞ്ഞു:

''വാര്യ, മോളുണർന്നാൽ ഞാൻ വന്ന കാര്യം അവളോടു പറയേ[illegible] അവരം ഉറങ്ങട്ടെ. ഒന്നു രണ്ടു ദിവസത്തേക്കു് നമുക്കു് അവളെ വേ[illegible] [illegible]ഏൽപ്പിച്ചോട്ടെങ്കിലും അയയ്ക്കാൻ പററുമോ?''

''നാളെ അതിരാവിലെ തന്നെ അവളെ ഇവാനൊവ്സ്കയയിലേ

ക്കയക്കാം.'' അമ്മ പറഞ്ഞു. ''അമ്മൂമ്മയുടെ അടുത്തു പോയി കുറെ ദിവസം താമസിക്കണമെന്നു് അവരം വളരെക്കാലമായി പറയുന്നു. ആ കാശം തെളിഞ്ഞെന്നു തോന്നുന്നു. രാവിലെ ബോറിസ് അവളെ അവി ടെ കൊണ്ടാക്കും. അലെക്സി, ശബ്ദമടക്കി സംസാരിക്കേണ്ട ആവശ്യ മില്ല. അവരം ബോധംകെട്ടു് ഉറങ്ങുന്ന കൂട്ടത്തിലാണു്. ചിലപ്പോറം രാ ത്രിയിൽ അശുപത്രിയിൽനിന്നും എന്നെ കൂട്ടിക്കൊണ്ടുപോകാൻ ആളു കറം വരാറുണ്ടു്. അതുകൊണ്ടു് അവറംക്കു് ഇതു പഴക്കമാണു്.

കേട്ടതു വിശ്വസിക്കാനാത്ത ഞാൻ വാപൊളിച്ചു നിന്നുപോയി.

''എന്താണിതു്?'' ഞാൻ വിചാരിച്ചു. ''അവധിക്കു വീട്ടിലെ ത്തിയിരിക്കുന്ന അച്ഛനെ കാണാൻ സമ്മതിക്കാതെ വലിയ കണ്ണുകളുള്ള കൊച്ചുതാന്യയെ വെളുപ്പിനുതന്നെ അമ്മൂമ്മയുടെ വീട്ടിലേക്കു് അയയ്ക്കു കയോ? എന്താണിതിന്റെ അർത്ഥം?''

''ബോറിസ്, നീ എന്റെ മുറിയിൽ ഉറങ്ങിക്കോ,'' അമ്മ പറ ഞ്ഞു. ''നാളെ രാവിലെ ആറുമണിക്കുതന്നെ നീ താന്യയെ അമ്മൂമ്മയു ടെ വീട്ടിൽ കൊണ്ടാക്കണം. അച്ഛൻ വന്നിട്ടുണ്ടെന്നു് അവിടെ ആരോ ടും പറയരുതു്.''

ഞാൻ അച്ഛന്റെ മുഖത്തേക്കു നോക്കി. അദ്ദേഹം എന്നെ അണച്ചു പിടിച്ചുകൊണ്ടു് എന്തോ പറയാൻ ഭാവിച്ചു, എന്നാൽ ഉടൻതന്നെ അ തു വേണ്ടെന്നു വച്ചു. അദ്ദേഹം എന്നെ കൂടുതൽ ചേർത്തുപിടിച്ചു.

ഞാൻ അമ്മയുടെ കട്ടിലിൽ കയറി കിടന്നു. അച്ഛനും അമ്മയും തീ ന്മുറിയിൽത്തന്നെ ഇരുന്നു. അവർ വാതിലടച്ചു. വളരെ നേരത്തേക്കു് എനിക്കു് ഉറങ്ങാൻ കഴിഞ്ഞില്ല. ഞാൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. അമ്പതുവരെ എണ്ണിനോക്കി, നൂറുവരെ എണ്ണിനോക്കി, ഫലമുണ്ടായില്ല.

എന്റെ തലയ്ക്കുള്ളിൽ എന്തെല്ലാമോ കുഴഞ്ഞുമറിഞ്ഞു. നടന്ന സംഭ വങ്ങളെപ്പററി ഓർക്കാൻ തുടങ്ങുമ്പോറം തികച്ചും അസംബന്ധങ്ങളായ അഭ്യൂഹങ്ങളിലൂടെ ഒഴുകിക്കൊണ്ടിരുന്ന മനസ്സിലേക്കു് കുഴഞ്ഞുമറിഞ്ഞ നാനാതരം ചിന്തകറം തിക്കിത്തിരക്കി വന്നുകൊണ്ടിരുന്നു. വളരെനേരം തൊട്ടിലാട്ടം നടത്തിയിട്ടു് ഇറങ്ങുമ്പോറം ചെന്നിക്കു് അനുഭവപ്പെടുന്ന സമ്മർദ്ദംപോലെ എന്തോ ഒരു മുറുക്കം എനിക്കു് അനുഭവപ്പെട്ടു.

നേരം വളരെ വൈകി. ഞാൻ ഒന്നു മയങ്ങി. വാതിലിന്റെ ചെ റിയ ഞരക്കം എന്നെ ഉണർത്തി. കത്തിച്ച ഒരു മെഴുകുതിരിയും പിടി

[illegible]കൊണ്ടു് അച്ഛൻ മുറിയിലേക്ക കടന്നു വന്നു. ഞാൻ കണ്ണുകൾ പാതി [illegible]. അച്ഛൻ ചെരിപ്പിട്ടിട്ടില്ലായിരുന്നു. ശബ്ദമുണ്ടാക്കാതെ വളരെ [illegible] നടന്നു് അദ്ദേഹം താന്യയുടെ കട്ടിലിനടുത്തു ചെന്നുനിന്നു. മെഴു [illegible] താഴ്ത്തി അദ്ദേഹം അവളുടെ മുഖത്തേക്ക നോക്കി.

ഉറങ്ങിക്കിടക്കുന്ന മകളുടെ സ്വർണ്ണനിറമുള്ള അളകങ്ങളും തുടുത്ത മു [illegible] നോക്കിക്കൊണ്ടു് അദ്ദേഹം രണ്ടുമൂന്നു മിനിട്ടുനേരം അനങ്ങാതെ [illegible]. ഒടുവിൽ അദ്ദേഹം അവളുടെ നേരെ കുനിഞ്ഞു. രണ്ടു വികാരങ്ങൾ [illegible]ഹത്തിന്റെ ഉള്ളിൽ വടംവലി നടത്തി—മകളെ താലോലിക്കാനു [illegible] ഉൽക്കടമായ ആഗ്രഹം ഒരുവശത്തു്, അവൾ ഉണർന്നെങ്കിലോ എന്നു [illegible] മറുവശത്തു്. രണ്ടാമത്തെ വികാരമാണു് ഒടുവിൽ ജയിച്ചതു്. അ [illegible] പെട്ടെന്നു് നിവർന്നു നിന്നു. ഉടൻതന്നെ മുറിയിൽനിന്നു് പോവു [illegible] ചെയ്തു.

വാതിൽ വീണ്ടും ഞരങ്ങി, മുറിയിൽ വീണ്ടും ഇരുട്ടായി.

ക്ലോക്കിൽ ഏഴുമണി അടിക്കുന്ന ശബ്ദം കേട്ടാണു് ഞാനുണർന്നതു്. [illegible]ലിനടുത്തു നിന്ന ബർച്ചുമരത്തിന്റെ പഴുത്ത ഇലകൾക്കിടയിലൂടെ [illegible]ബിംബം വെട്ടിത്തിളങ്ങി. ഞാൻ ധൃതിയിൽ വസ്ത്രങ്ങൾ ധരിച്ച് [illegible]ത്ത മുറിയിലേക്ക നോക്കി. അച്ഛനും അമ്മയും നല്ല ഉറക്കമായിരു [illegible]. ഞാൻ അങ്ങോട്ടുള്ള വാതിൽ അടച്ചിട്ടു് താന്യയെ ഉണർത്തി.

''അമ്മയെവിടെ?'' കണ്ണു തിരുമ്മുകയും ഒഴിഞ്ഞു കിടന്ന കട്ടിലി [illegible] ഉററുനോക്കുകയും ചെയ്തുകൊണ്ടു് അവൾ ചോദിച്ചു.

''അമ്മയെ ആശുപത്രിയിലേക്ക വിളിച്ചു. നിന്നെ ഞാൻ അമ്മൂമ്മ [illegible] വീട്ടിൽ കൊണ്ടുചെന്നാക്കണം എന്നു പറഞ്ഞിട്ടാണു് അമ്മ പോ [illegible].''

''നുണ, നുണ!'' പൊട്ടിച്ചിരിക്കുകയും എന്റെ നേരെ വിരൽ [illegible]കയും ചെയ്തുകൊണ്ടു് അവൾ പറഞ്ഞു. ''എന്നെ അവിടെ നിർ [illegible]യിട്ടുപോരാൻ ഇന്നലെയും അമ്മൂമ്മ പറഞ്ഞതാണു്. എന്നിട്ടു് അ [illegible] സമ്മതിച്ചില്ലല്ലൊ.''

''ഇന്നലെ സമ്മതിച്ചില്ല, പക്ഷേ ഇന്നു് അമ്മ സമ്മതിച്ചു. നീ [illegible] ഉടുപ്പിടു്. എത്ര നല്ല ദിവസമാണെന്നു നോക്കു്! ആഷ്ബെറി [illegible] പെറുക്കാൻ ഇന്നു് നിന്നെ അമ്മൂമ്മ കാട്ടിൽ കൊണ്ടുപോ [illegible].''

ഞാൻ തമാശപറഞ്ഞതല്ലെന്നു് മനസ്സിലായ ഉടൻ താന്യ ചാടിയെണീററു. വസ്ത്രം ധരിക്കാൻ ഞാൻ അവളെ സഹായിച്ചു. ആ സമയമെല്ലാം അവഠം വാതോരാതെ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു:

''അമ്മ സമ്മതിച്ചെന്നോ? കൊള്ളാം. എനിക്കതു് ഇഷ്ടമായി! ബോറിസ്, നമുക്കു് ഈ പൂച്ചയെക്കൂടി കൊണ്ടുപോയാലെന്താ? പൂച്ചേ കൊണ്ടുപോകാൻ ഇഷ്ടമില്ലെങ്കിൽ നമുക്കു് തൗസറെ കൊണ്ടുപോയാലും മതി. നല്ല പട്ടിക്കുട്ടിയാണു് അവൻ. ഇന്നലെ അവൻ എന്റെ മുഖം മുഴുവൻ നക്കി. പക്ഷേ അമ്മ അതിനു് എന്നെ വഴക്കു പറഞ്ഞു. മുഖത്തു നക്കുന്നതു് അമ്മയ്ക്കിഷ്ടമല്ല. ഒരിക്കൽ അമ്മ തോട്ടത്തിൽ കിടക്കുമ്പോഠം തൗസർ അമ്മയെ നക്കാൻ ചെന്നു. അമ്മ അവനെ ഓടിച്ചു.''

താന്യ വാതിലിനടുത്തേക്കു് ഓടി.

''ബോറിസ് ഇതൊന്നു തുറന്നു തരൂ. എന്റെ തലയിൽ കെട്ടുന്ന തുവാലയും എന്റെ പ്രാമും അവിടെയാണു്.''

ഞാൻ അവളെ വാതിലിനടുത്തു നിന്നു് പിടിച്ചുകൊണ്ടുവന്നു് കട്ടിലിലിരുത്തി.

''താന്യ, നീ അങ്ങോട്ടു പോകണ്ട. അവിടെ നമുക്കു പരിചയമില്ലാത്ത ഒരു മനുഷ്യൻ കിടന്നുറങ്ങുന്നുണ്ടു്. നിന്റെ തുവാല ഞാൻ എടുത്തുകൊണ്ടു വരാം.''

''ഏതു മനുഷ്യൻ?'' അവഠം ചോദിച്ചു. ''കഴിഞ്ഞ പ്രാവശ്യം വന്ന ആളെപ്പോലെയാണൊ?''

''അതെ. അതുപോലെ.''

''തടികൊണ്ടുള്ള കാലാണോ ഇയാഠംക്കും?''

''അല്ല, ഇരുമ്പുകൊണ്ടു്.''

''ബോറിസ്! ഞാൻ ഇരുമ്പുകാലുള്ളവരെ കണ്ടിട്ടില്ല. ഞാൻ താക്കോൽ പഴുതിലൂടെ ഒന്നു നോക്കിക്കോട്ടേ? ഞാൻ ഒച്ചയുണ്ടാക്കാതെ ചെല്ലാം.''

''വേണ്ട. നല്ല കുട്ടിയായിട്ടു് ഇവിടെ അടങ്ങിയിരിക്കു്.''

ഞാൻ ഒച്ചയുണ്ടാക്കാതെ മുറിയിൽ കടന്നു് തുവാല എടുത്തുകൊണ്ടു വന്നു.

''പ്രാം എവിടെ.''

''പ്രാം എന്തിനാണ്? നിന്നെ യെഗോർ അമ്മാവൻ ഒന്നാന്തരം ...ത്തിൽ കയററും.''

...നദിയുടെ കരയിലൂടെയാണ് ഇവാനൊവ്സ്ലോയെയിലേ ... വഴി. കമ്പുകളും ഇലകളും പെറുക്കിയെടുക്കാനും വെള്ളത്തിൽ നീ ...ളിക്കുന്ന വാത്തകളെ നോക്കാനും ഇടയ്ക്കിടെ നിന്നുകൊണ്ട് എന്റെ ...ത്തി തുള്ളിച്ചാടി നടന്നു. ഞാൻ സാവധാനം അവളെ പിൻതുട ... പ്രഭാതത്തിലെ കുളി കാററും ശരല്ക്കാലത്തെ മഞ്ഞയും പച്ചയും ക ... വിശാലങ്ങളായ വയലേലകളും, മേഞ്ഞുനടക്കുന്ന ആട്ടിൻപററ ... കഴുത്തിലെ പിച്ചള മണികളുടെ ഏകതാനമായ മുഴക്കവും എ ... ശാന്തനാക്കി.

എന്റെ മനസ്സിലേക്ക് ബലാൽക്കാരമായി കടന്നുവന്ന് എന്നെ ...ി മുഴുവൻ അലട്ടിയ ചിന്ത ഇപ്പോഴം മനസ്സിൽ വേരൂന്നിക്കഴിഞ്ഞു. ... നിരാകരിക്കാനുള്ള ശ്രമം ഞാൻ ഉപേക്ഷിച്ചു.

...നൽപ്പടിയിൽ വന്നുവീണ മണ്ണാങ്കട്ടയുടെ കാര്യം ഞാനോർത്തു. ... കാററത്തു പറന്നു വീണതല്ലെന്ന് എനിക്ക് ഉറപ്പായി. അത്രയും ...ള്ള ഒരു മൺകട്ട കാററ് എങ്ങിനെ മുകളിലേയ്ക്കു പറക്കും? ഞങ്ങ ... ശ്രദ്ധ ആകർഷിക്കാൻവേണ്ടി എന്റെ അച്ഛൻ എറിഞ്ഞതാണത് ... പോകുന്നതുവരെ അദ്ദേഹം ആ കാററും മഴയും മുഴുവൻ ഏററുകൊ ... തോട്ടത്തിൽ ഒളിച്ചിരിക്കയായിരുന്നു. താന്യ തീരെ ചെറിയ കുട്ടി ...തുകൊണ്ട് തന്നെ കണ്ടാൽ ആ വിവരം അവരം പുറത്താക്കുമെന്ന് ...ിട്ടാണ് അച്ഛൻ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെടാത്തത്. അവ ... വീട്ടിൽ വരുന്ന പട്ടാളക്കാർ ഒരിക്കലും ആ വിവരം ഇത്ര ഗോപ്യ ...വയ്ക്കാറില്ല.

സംശയലേശമില്ലാതെ പറയാം—എന്റെ അച്ഛൻ പട്ടാളത്തിൽനി ... ഒളിച്ചോടിപോന്നവനാണ്.

തിരിച്ചു വരുന്ന വഴിക്ക് ഞാൻ നേരെ ചെന്നു ചാടിയതു് ഞങ്ങള ... സ്കൂൾ ഇൻസ്പെക്ടറുടെ മുമ്പിലാണ്.

''ഗോറിക്കൊവ്, എന്താണിത്?'' അദ്ദേഹം ഗൗരവത്തിൽ ചോ ...ച്ചു. ''പഠിത്തം നടക്കുന്ന സമയത്തു് ഇതിലെ കറങ്ങുന്നതെന്താ ...ണ്?''

''എനിക്കു സുഖമില്ല,'' ഞാൻ യാന്ത്രികമായി മറുപടിപറഞ്ഞു, ആ

ഉത്തരം എത്ര പൊള്ളയാണെന്നു് ഞാൻ അപ്പോഴാം ആലോചിച്ചതേയി ല്ല.

''സുഖമില്ലേ?'' ഇൻസ്പെക്ടർ ചോദിച്ചു. ''നീ എന്താണു് പറയു ന്നതു്? സുഖമില്ലാത്തവർ തെരുവു തെണ്ടുകയല്ല, വീട്ടിൽ കിടക്കുകയാ ണു പതിവു്.

''എനിക്കു സുഖമില്ല,'' ഞാൻ പറഞ്ഞതിൽത്തന്നെ മുറുകെപ്പിടി ച്ചു. ''എനിക്കു പനിയാണു്.''

''അതെന്തു പനിയാണെന്നു് എനിക്കറിയാം,'' അദ്ദേഹം തിരിച്ച ടിച്ചു. ''വിഡ്ഢിത്തം പുലമ്പാതെ വേഗം സ്കൂളിലേക്കു നടക്കു്.''

''എനിക്കിനി രക്ഷയില്ല,'' അദ്ദേഹത്തിൻെറ പിന്നാലെ നടക്കു മ്പോഴാം ഞാൻ വിചാരിച്ചു. ''സുഖമില്ലെന്നു് നുണ പറയാൻ തോന്നി യതു് എന്തൊരു ബുദ്ധിമോശമായിപ്പോയി! യഥാർത്ഥ കാരണം മറച്ചു വച്ചിട്ടു് നേരാണെന്നു തോന്നിക്കുന്ന മററെന്തെങ്കിലും പറയാമായിരു ന്നു, കഷ്ടം!''

വൃദ്ധനായ സ്കൂഠം ഡോക്ടർ എൻെറ നെററിയിൽ കൈ വച്ചുനോ ക്കി. തെർമോമീററർ വച്ചുനോക്കുകപോലും ചെയ്യാതെ അദ്ദേഹം രോഗ മെന്തെന്നു് നിശ്ചയിച്ചു.

''മടി എന്ന മഹാരോഗമാണു് ഇവനെ ബാധിച്ചിരിക്കുന്നതു്. സ്വ ഭാവത്തിനു മോശപ്പെട്ട മാർക്കുകൊടുക്കുകയും ഉച്ചഭക്ഷണം കൊടുക്കാതെ ക്ലാസുകഴിഞ്ഞു് രണ്ടു മണിക്കൂർ ഇവിടെ ഇരുത്തുകയുമാണു് ഇതിനുള്ള ചികിത്സ.''

ഉന്നതബിരുദധാരിയായ ഒരു ഡോക്ടറുടെ ഭാവത്തിൽ ഇൻസ്പെക്ടർ അതു ശരിവച്ചു.

ശിപായിയെ വിളിച്ചു് എന്നെ ക്ലാസിൽ കൊണ്ടാക്കാൻ അദ്ദേഹം കൽപ്പിച്ചു.

കഷ്ടകാലം അവിടെയും അവസാനിച്ചില്ല.

ഞാൻ ക്ലാസിലെത്തിയപ്പോഴാം ജർമ്മൻ ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാ പിക തറൊപ്പീഗിനോടു് ചോദ്യം ചോദിക്കുകയായിരുന്നു. ഇടയ്ക്കു് ത ടസ്സമുണ്ടായതിൽ മുഖംവീർപ്പിച്ചുകൊണ്ടു് അവർ പറഞ്ഞു.

''ഗോറിക്കൊവു്, നീ ഇവിടെ വരൂ... നിനക്കുണ്ടു്, അവനുണ്ടു്, നമുക്കുണ്ടു് എന്നു് ജർമ്മൻ ഭാഷയിൽ പറയുന്നതെങ്ങിനെ?''

''ദ്ര ഹാസ്ററ്,'' ചീജിക്കൊവ് പറഞ്ഞു തന്നതു് ഞാൻ ഉരുവിട്ടു.

''എർ ഹാററ്'' ഞാൻ പരസഹായം കൂടാതെ പറഞ്ഞു. ''വിർ...'' തുടർന്നു് എന്തു പറയണമെന്നറിയാതെ ഞാൻ മിഴിച്ചുനിന്നു. ജർമ്മൻ വ്യാകരണം ആ ദിവസം എനിക്കു് ഓർമ്മിക്കാൻ കഴിഞ്ഞില്ല.

''ഹാസ്ററുസ്,'' എന്നോടു് പകയുള്ള ആരോ പിന്നിൽനിന്നു പറഞ്ഞുതന്നു.

''ഹാസ്ററുസ്,'' ഞാൻ യാന്ത്രികമായി അതുരുവിട്ടു.

''നീ എന്താണു് പറയുന്നതു്? നിൻെറ തലയ്ക്കു വല്ല കുഴപ്പവുമുണ്ടോ! വല്ല വിഡ്ഢിത്തങ്ങളും പറയുന്നതു് ഉരുവിടാതെ നീ ആലോചിച്ചു പറയണം. നിൻെറ ബുക്കു് കാണട്ടെ.''

''ഏൽസ ഫ്രാൻസിസ്കൊവ്ന, ഞാൻ ബുക്ക കൊണ്ടുവരാൻ മറന്നുപോയി. ഞാൻ ഗൃഹപാഠം മുഴുവൻ ചെയ്തിട്ടുണ്ടു്. പക്ഷേ പുസ്തകവും ബുക്കും ഒന്നും എടുക്കാതെയാണു് ഞാൻ വന്നതു്. വെളിക്കുവിടുമ്പോൾ ഞാൻ വീട്ടിൽപ്പോയി എടുത്തുകൊണ്ടുവരാം..''

''എല്ലാ പുസ്തകങ്ങളും ബുക്കുകളും മറക്കുന്നതെങ്ങിനെ?'' ദേഷ്യത്തോടെ അദ്ധ്യാപിക ചോദിച്ചു. ''നുണ പറയുകയാണു്. നീ ക്ലാസുകഴിഞ്ഞു് ഒരു മണിക്കൂർ ഇവിടെ നില്ക്കണം.''

''ഏൽസ ഫ്രാൻസീസ്ക്കൊവ്ന, ക്ലാസുകഴിഞ്ഞു് രണ്ടുമണിക്കൂർ നില്ക്കണമെന്നു് ഇൻസ്പെക്ടർ പറഞ്ഞിട്ടുണ്ടു്. ഞാൻ ഇന്നു് ഇവിടെത്തന്നെ താമസിക്കണമെന്നാണോ?'' ഞാൻ പ്രതിഷേധിച്ചു.

അദ്ധ്യാപിക ജർമ്മൻ ഭാഷയിൽ ഒരു നെടുനെടുങ്കൻ വാചകം പറഞ്ഞു. എനിക്കു അതിൽ നിന്നു് മനസ്സിലായതു് ഇതാണു്: മടിയന്മാരേയും നുണയന്മാരേയും ശിക്ഷിക്കാതെ തരമില്ല, അതുകൊണ്ടു് മൂന്നാമത്തെ മണിക്കൂറും ഇരുന്നേ പററൂ.

വെളിക്കു വിട്ടപ്പോൾ ഫേജ എൻെറയടുത്തു വന്നു.

''നീ പുസ്തകമെടുക്കാതെ വന്നതെന്താണു്? ശിപായി കുട്ടിക്കൊണ്ടുവന്നതെന്തിനാണു്?''

ഞാൻ എന്തോ ഒരു കാരണം പറഞ്ഞൊഴിഞ്ഞു. അടുത്ത പീരീഡു്, അതായതു് അവസാനത്തെ പീരീഡു് ഭൂമിശാസ്ത്രമായിരുന്നു. ഉറക്കംതൂങ്ങിയവനെപ്പോലെ ഞാൻ ആ പീരീഡു് മുഴുവൻ ഇരുന്നു. അദ്ധ്യാപകൻ

പറഞ്ഞതോ കുട്ടികൾ പറഞ്ഞതോ ഒന്നും എന്റെ മനസ്സിലേയ്ക്കു കടന്നില്ല. മണിയടിക്കുന്നതു കേട്ടപ്പോഴാണ് എനിക്കു് പരിസരബോധമുണ്ടായതു്.

മോനിട്ടർ പ്രാർത്ഥന ചൊല്ലി. കുട്ടികൾ ഓരോരുത്തരായി പുറത്തു കടന്നു. ക്ലാസുമുറി ശൂന്യമായി. ഞാൻ മാത്രം അവിടെ അവശേഷിച്ചു.

''ദൈവമേ, ഇനിയും മൂന്നു മണിക്കൂർ കൂടി ഇവിടെ ഇരിക്കണം,'' ഞാൻ വിഷാദത്തോടെ വിചാരിച്ചു. ''മൂന്നു നീണ്ട മണിക്കൂറുകൾ... അച്ഛൻ വീട്ടിലുള്ളപ്പോൾ, അസാധാരണമായ ചുററുപാടിൽ...''

ഞാൻ താഴത്തെ നിലയിലേക്കിറങ്ങി. ടീച്ചേർസ്റൂമിന്റെ മുമ്പിൽ വീതികുറഞ്ഞു നീളംകൂടിയ ഒരു ബെഞ്ചു കിടന്നിരുന്നു. പേനാക്കത്തികൊണ്ടു് വരഞ്ഞ പാടുകളാണു് അതിൽ നിറയെ. മൂന്നു കുട്ടികൾ അവിടെ ഇരിപ്പുണ്ടായിരുന്നു. ചവച്ചു പതംവരുത്തിയ ഒരു കടലാസു് ഉണ്ട ഒരു സഹപാഠിയുടെ തലയ്ക്കിട്ടെറിഞ്ഞതിനു് ഒരു മണിക്കൂർ അവിടെ ഇരിക്കാൻ ശിക്ഷിക്കപ്പെട്ട ഒന്നാംക്ലാസ് വിദ്യാർത്ഥിയാണു് ഒരുവൻ. രണ്ടാമൻ ആരോടോ വഴക്കുണ്ടാക്കിയതിനാണു് അവിടെ ഇരിക്കുന്നതു്. കോണിയിറങ്ങിക്കൊണ്ടിരുന്ന ഒരു കുട്ടിയുടെ തലയിൽ രണ്ടാമത്തെ നിലയിൽനിന്നു് തുപ്പിയതിനു ശിക്ഷിക്കപ്പെട്ടവനാണു് മൂന്നാമൻ.

ഞാൻ ആലോചനയിൽ മുഴുകി ബെഞ്ചിലിരുന്നു. ശിപായി താക്കോൽക്കൂട്ടം കിലുക്കിക്കൊണ്ടു് അതിലെ കടന്നുപോയി. കുററവാളികളുടെ മേൽനോട്ടം വഹിക്കാൻ ചുമതലപ്പെട്ട അദ്ധ്യാപകൻ പുറത്തിറങ്ങി വന്നു് ഒന്നു കോട്ടുവായിട്ടിട്ടു് അപ്രത്യക്ഷനായി.

ഞാൻ മെല്ലെ എണീററു ടീച്ചേർസ്റൂമിന്റെ വാതിലിനിടയിലൂടെ ക്ലോക്കിലേക്കു നോക്കി. അരമണിക്കൂറേ കഴിഞ്ഞിട്ടുള്ളു! എനിക്കു് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഞാൻ അവിടെ ഇരുന്നു തുടങ്ങിയിട്ടു് ചുരുങ്ങിയതു് ഒരു മണിക്കൂറെങ്കിലും കഴിഞ്ഞു കാണുമെന്നാണു് ഞാൻ വിചാരിച്ചതു്.

പെട്ടെന്നു് ഒരു ദുർവിചാരം എന്റെ തലയിൽ കടന്നുകൂടി.

''എല്ലാം തുലയട്ടെ. ഞാൻ കള്ളനല്ല, പോലീസ് കസ്റ്റഡിയിലുമല്ല. ഞാൻ രണ്ടുകൊല്ലമായി കാണാതിരുന്ന എന്റെ അച്ഛൻ വീട്ടിലുണ്ടു്. അസാധാരണവും നിഗൂഢവുമായ ഒരു പരിതസ്ഥിതിയിലാണു് അദ്ദേഹം വീട്ടിലെത്തിയിരിക്കുന്നതു്. ആ ഇൻസ്പെക്ടർമാരും ജർമ്മൻ അ

...ിക്കും എന്നെ ദ്രോഹിക്കണമെന്നു തോന്നിയതുകൊണ്ടുമാത്രം ഒരു ...ള്ളിയെപ്പോലെ ഞാൻ ഇവിടെ കുത്തിയിരിക്കണോ?''

ഞാൻ എണീററ് ഒരു നിമിഷം ശങ്കിച്ചുനിന്നു. ശിക്ഷിച്ചു നിർത്ത ...വർ അനുവാദമില്ലാതെ പുറത്തു കടക്കുന്നതു് ഏററവും വലിയ കുററ ...ട്ടാണു് സ്കൂളിൽ കണക്കാക്കപ്പെടുന്നതു്.

''വേണ്ട. ഇവിടെത്തന്നെ നില്ക്കുന്നതാണു നല്ലതു്.'' ഞാൻ വീണ്ടും ...ിലിരിക്കാൻ ഭാവിച്ചു.

...പെട്ടെന്നു് എനിക്കു് എല്ലാററിനോടും കഠിനമായ അമർഷം തോ ...ി

''ഞാൻ ഇതൊക്കെ എന്തിനു വകവയ്ക്കുന്നു?'' ഞാൻ വിചാരിച്ചു. ''...ൻ യുദ്ധമുന്നണിയിൽനിന്നു് ഓടിപ്പോന്നു''—നിരുന്മേഷമായ ... പുഞ്ചിരിയോടെയാണു് ഞാൻ അക്കാര്യം ഓർത്തതു്—''എനി ...ങ്കിൽ ഇവിടുന്നു് ഓടിപ്പോകാൻ പേടിയാണു്.''

ഞാൻ കോട്ടുകൾ തൂക്കിയിരിക്കുന്ന മുറിയിലേക്കു് ഓടി. എന്റെ ...് എടുത്തിടുകയും വാതിൽ ശബ്ദത്തോടെ അടയ്ക്കുകയും ചെയ്തിട്ടു ...ൻ പുറത്തു കടന്നു.

അന്നു വൈകിട്ടു് അച്ഛൻ പല കാര്യങ്ങളും എനിക്കു മനസ്സിലാക്കി ...ന്നു.

''അച്ഛാ, ഓടിപ്പോരുന്നതിനു മുമ്പു് അച്ഛൻ നല്ല ധൈര്യമുള്ള ആ ...ിരുന്നില്ലേ?'' ഞാൻ ചോദിച്ചു. ''ഓടിപ്പോന്നതു് പേടി കൊണ്ടാ ...ിരുന്നില്ല, അല്ലേ?''

''ഇപ്പോഴും ഞാൻ ഒരു ഭീരുവല്ല,'' അച്ഛൻ വളരെ ശാന്തനായിട്ടാ ...് അതു പറഞ്ഞതെങ്കിലും ഞാൻ അറിയാതെ തലതിരിച്ചു ജനലി ...ലൂടെ നോക്കി. ഞാൻ കണ്ട കാഴ്ച എന്നെ ഞെട്ടിച്ചു.

തെരുവിന്റെ മറുവശത്തുനിന്നു് ഒരു പോലീസുകാരൻ ഞങ്ങളുടെ ...ിനു നേരെ വരുന്നു! അയാൾ സാവധാനത്തിലാണു് നടന്നടുത്തതു്. ...ിന്റെ ഒത്ത നടുക്കെത്തിയപ്പോൾ അയാൾ വലത്തോട്ടു തിരിഞ്ഞു് ...ോടിയിലേക്കു പോയി.

''അയാൾ... ഇങ്ങോട്ടല്ല...'' ഞാൻ വിക്കിവിക്കി പറഞ്ഞു. ...ൻ കിതയ്ക്കുന്നുണ്ടായിരുന്നു.

പിറേറന്നു വൈകുന്നേരം അച്ഛൻ എന്നോടു പറഞ്ഞു:

''ബോറിസ്, ഏതു നിമിഷവും സന്ദർശകർ ഇവിടെ എത്താൻ ഇടയുണ്ട്. ഞാൻ നിനക്കു തന്നയച്ച ആ കളിക്കോപ്പ് ഭദ്രമായി എവിടെയെങ്കിലും ഒളിച്ചുവയ്ക്കണം. ധൈര്യം കൈവെടിയരുത്! നീ ഇപ്പോൾ ഒരു മുതിർന്ന മനുഷ്യനാണ്—നീ എത്ര വളർന്നെന്നു നോക്കു! ഞാൻ കാരണം സ്കൂളിൽ നിനക്ക് എന്തെങ്കിലും കഴപ്പം നേരിട്ടാൽ വിഷമിക്കരുത്. ഒന്നുകൊണ്ടും ഭയപ്പെടുകയുമരുത്. ചുററും നടക്കുന്നതെല്ലാം ശ്രദ്ധിക്കുക, അപ്പോൾ ഞാൻ പറഞ്ഞതിന്റെ അർത്ഥം നിനക്കു മനസ്സിലാകും.''

''അച്ഛാ, ഞങ്ങൾക്ക് ഇനിയും അച്ഛനെ കാണാൻ കഴിയും, ഇല്ലേ?''

''കാണാം. ഞാൻ ഇടയ്ക്ക് ഇവിടെ വരും. പക്ഷേ നമ്മുടെ വീട്ടിൽ വരില്ല.''

''പിന്നെ എവിടെയാണ്?''

''ആ സമയത്ത് നിന്നെ അറിയിക്കാം''

നേരം ഇരുട്ടിയിരുന്നു. എങ്കിലും ഞങ്ങളുടെ ഗയിററിനു മുമ്പിൽ ഒരു ചെരിപ്പുകുത്തി തന്റെ കിന്നരപ്പെട്ടിയും വായിച്ചുകൊണ്ട് അപ്പോഴും ഇരുന്നിരുന്നു. ബഹളക്കാരായ ധാരാളം ആൺകുട്ടികളും പെൺകുട്ടികളും അയാളുടെ ചുററും കൂടിയിട്ടുണ്ട്.

''എനിക്കു പോകാൻ സമയമായി,'' മനഃപ്രയാസത്തോടെ അച്ഛൻ പറഞ്ഞു. ''താമസിക്കുന്നത് എനിക്കിഷ്ടമല്ല.''

''അച്ഛാ, രാത്രി വളരെ വൈകുന്നതുവരെ അവർ അവിടെ കാണും. ഇന്ന് ശനിയാഴ്ചയാണ്.''

അച്ഛൻ നെററി ചുളിച്ചു.

''എന്തൊരു ശല്യം. നമുക്ക് വേലിയ്ക്കിടയിലൂടെയോ മററാരുടെയെങ്കിലും തോട്ടം വഴിയോ പുറത്തുപോകാൻ പററുമോ? ബോറിസ് നീ ശരിക്ക് ആലോചിച്ചുനോക്ക്. വേലിയിലുള്ള എല്ലാ വിടവുകളും നിനക്കറിയാമല്ലോ.''

''അതു പററില്ല, അച്ഛാ.'' ഞാൻ പറഞ്ഞു. ''ഇടത്തുവശത്തുള്ള അഗ്ലക്കോവുമാരുടെ മതിലിന് നല്ല പൊക്കമുണ്ട്. പോരാത്തതിന് ആണികളും തറച്ചിട്ടുണ്ട്. വലത്തുവശത്തെ തോട്ടത്തിൽക്കൂടി രക്ഷപ്പെടാമെന്നുവച്ചാൽ അവിടെ ചെന്നായെപ്പോലുള്ള ഭയങ്കരനായ ഒരു പട്ടിയു

ണം''. ഞാൻ മറെറാരു വഴി പറയാം. അച്ഛനും സമ്മതമാണെങ്കിൽ ഞാൻ ...ിലുള്ള കുളത്തിലൂടെ അച്ഛനെ കൊണ്ടുപോകാം. എനിക്കു് ഒരു ...ണ്ടമുണ്ടു്. വീടുകളുടെ പിൻവശത്തുക്കൂടെ നമുക്കു് അങ്ങിനെ മലയി...റെ തുഴഞ്ഞുപോകാം. ഈ സമയത്തു് അവിടെയെങ്ങും ഒരുത്തരും ...കയില്ല.''

അച്ഛൻ കയറിയപ്പോഠം ഭാരംകൊണ്ടു് ചങ്ങാടം താണു. ഞങ്ങളുടെ ...കഠം നനയാൻ മാത്രം വെള്ളം അതിൽ കയറി. അച്ഛൻ അനങ്ങാ... നിന്നു. ചങ്ങാടം ശബ്ദമുണ്ടാക്കാതെ പിൻവശത്തെ കുളത്തിലൂടെ മു...ട്ടു പൊയ്ക്കൊണ്ടിരുന്നു. ഇടയ്ക്കിടെ തുഴ കുളത്തിനടിയിലുള്ള ചേറിൽ ...പോകും. എനിക്കു് അതു് വലിച്ചുപൊക്കാൻ വളരെ പ്രയാസപ്പെ...ണ്ടി വന്നു.

ഇടുക്കിൽ ചങ്ങാടം അടുപ്പിക്കാൻ ഞാൻ രണ്ടു തവണ ശ്രമിച്ചു. പ... ഇടുക്കിൻെറ വക്കു് താണതും തെററലുള്ളതുമായിരുന്നതുകൊണ്ടു് അ...തു സാധിച്ചില്ല. ഞാൻ വലത്തു വശത്തേക്കു് കുറേക്കൂടി തുഴഞ്ഞുപോ... അവസാനത്തെ തോട്ടത്തിനടുത്തു് നംങ്കൂരമിട്ടു.

സൂക്ഷിപ്പുകാർ ആരും ഇല്ലാത്ത വിജനമായ ഒരു തോട്ടമായിരുന്നു ...തു്. അതിൻെറ വേലി അവിടവിടെ പൊളിഞ്ഞിരുന്നു.

ഇടുക്കിനു പുറത്തേക്കു നയിക്കുന്ന ആദ്യത്തെ വിടവിലൂടെ ഞാൻ ...നെ പുറത്തു കടത്തി. അവിടെ വച്ചു ഞങ്ങഠം യാത്ര പറഞ്ഞു.

ഞാൻ കുറെനേരം അവിടെ തങ്ങി. അച്ഛൻെറ കനത്ത കാലടികഠം ... കീഴിൽ ചുള്ളിക്കമ്പുകഠം ഞെരിയുന്ന ശബ്ദം ക്രമേണ കേഠക്കാതാ...ി.

അദ്ധ്യായം എട്ട്

മൂന്നു ദിവസം കഴിഞ്ഞു് അമ്മ പോലീസ് സ്റ്റേഷനിലേക്കു വിളിക്കപ്പെട്ടു. ഭർത്താവു് പട്ടാളത്തിൽ നിന്നു് ഓടിപ്പോയിരിക്കുന്നുവെന്ന വിവരം അവർ അമ്മയെ അറിയിച്ചു. ഭർത്താവു് ഇപ്പോഠം എവിടെയാണെന്നു് തനിക്കറിയില്ലെന്നും അദ്ദേഹത്തെപ്പററി എന്തെങ്കിലും വിവരം ലഭിച്ചാലുടൻ തീർച്ചയായും അധികാരികളെ അറിയിക്കാമെന്നും അമ്മ എഴുതി ഒപ്പിട്ടുകൊടുത്തു.

എന്റെ അച്ഛൻ പട്ടാളത്തിൽനിന്നു് ഒളിച്ചോടിയവനാണെന്ന വാർത്ത പിറേറ ദിവസം തന്നെ സ്കൂളിൽ എല്ലാവരും അറിഞ്ഞു. സ്ഥലത്തെ പോലീസ് തലവന്റെ മകനാണു് ആ വാർത്ത പരത്തിയതു്.

ബൈബിഠം ക്ലാസിൽവച്ചു് ഗെന്നാദി അച്ചൻ രാജാവിനോടും രാജ്യത്തോടുമുള്ള കൂറിനെപ്പററിയും സത്യപ്രതിജ്ഞയുടെ വിശുദ്ധിയെപ്പററിയും ഒരു ഉഗ്രൻ ഉപദേശപ്രസംഗം നടത്തി. ജപ്പാൻ യുദ്ധകാലത്തു് സ്വന്തം തടിരക്ഷിക്കാൻവേണ്ടി യുദ്ധരംഗത്തുനിന്നു് ഒളിച്ചോടിപ്പോയ ഒരു പട്ടാളക്കാരനെ ഭയങ്കരനായ ഒരു കടുവ കടിച്ചു കീറിയ സംഭവം അദ്ദേഹം ചരിത്രത്തിന്റെ ഏട്ടുകളിൽനിന്നു് ഉദ്ധരിച്ചു.

ഒളിച്ചോടുന്നവരെ കഠിനമായി ശിക്ഷിക്കുന്ന ഒരു ദിവ്യശക്തിയുടെ കൈകളാണു് ആ സംഭവത്തിനു പിന്നിൽ ഗെന്നാദി അച്ചൻ കണ്ടതു്. സാധാരണ കടുവകഠം ചെയ്യുന്നതുപോലെ ആ കടുവ അയാളെ തിന്നാതെ കഷണം കഷണമായി കടിച്ചുമുറിച്ചിട്ടിട്ടു പോയതുതന്നെ അതിനു തെളിവാണെന്നു് അദ്ദേഹം സമർത്ഥിച്ചു.

ഈ ഉപദേശപ്രസംഗം ചില കുട്ടികളുടെ മനസ്സിൽ ദൃഢമായി പതിഞ്ഞു. ആ കടുവ ഒരു കടുവയേ ആയിരുന്നില്ലെന്നും പ്രധാന ദൈവദൂതനായ മിഖായേൽ ആയിരുന്നെന്നും തറൊപ്പീഗിൻ അഭിപ്രായപ്പെട്ടു.

അതു ശരിയല്ലെന്നു് സീംക ഗർബൂഷ്ക്കിൻ വാദിച്ചു—മിഖായേൽ ...യും കടിച്ചുകീറുകയില്ല, വാളുകൊണ്ടു് വെട്ടുകയോ കുന്തംകൊണ്ടു് ...കയോ ആണു് അദ്ദേഹത്തിന്റെ പതിവു്.

കുട്ടികളിൽ ഭൂരിപക്ഷവും സീംകയോടു യോജിച്ചു. മാലാഖമാർ നര കത്തിലെ ശക്തികളുമായി ഏറ്റുമുട്ടുന്ന ഒരു പടം ഞങ്ങളുടെ ക്ലാസിലെ ...യിലുണ്ടായിരുന്നു. ആ പടത്തിൽ മിഖായേൽ ഒരു കുന്തം പിടിച്ചു ...ണ്ടാണു് നിന്നതു്. നാലു ചെകുത്താന്മാർ കുന്തത്തിൽ കൊരുത്തിരു ...ം. മൂന്നുപേർ തലകുത്തിനിന്നു് ഭൂമിക്കടിയിലുള്ള തങ്ങളുടെ വാസസ്ഥ ...ത്തേക്കു പിൻവാങ്ങാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ക്ലാസിൽകയറാതെ നടന്നതിനു് അധ്യാപകകൗൺസിൽ എനിക്കു് ...വത്തിനു് മോശപ്പെട്ട മാർക്കു വച്ചുവെന്നു് രണ്ടു ദിവസം കഴിഞ്ഞു് ...ന്നെ അറിയിച്ചു.

ഇനി എന്തെങ്കിലും ഒരു കുററം ചെയ്താൽ എന്നെ സ്കൂളിൽ നിന്നു പു ...ക്കും എന്നായിരുന്നു അതിന്റെ അർത്ഥം.

മൂന്നു ദിവസം കഴിഞ്ഞു് എനിക്കു് ഒരു കടലാസുതന്നു: ആ വർഷ ...ന്റെ ആദ്യത്തെ ആറുമാസത്തേക്കുള്ള ഫീസു മുഴുവനും ഉടൻ തന്നെ എ ...ന്റെ അമ്മ അടച്ചു തീർക്കണം എന്നായിരുന്നു അതിലെഴുതിയിരുന്നതു്. എന്റെ അച്ഛൻ പട്ടാളക്കാരനായിരുന്നതു കൊണ്ടു് അതേവരെ ഞാൻ ...തി ഫീസു കൊടുത്താൽ മതിയായിരുന്നു.

എന്റെ കഷ്ടകാലം തുടങ്ങി. ''ഒളിച്ചോടിയവന്റെ മകൻ'' എന്ന ...കരമായ മുദ്ര എന്റെമേൽ പതിഞ്ഞു. എന്റെ കൂട്ടുകാരായിരുന്ന ... കുട്ടികളും എന്നെ കണ്ടാൽ മിണ്ടാതായി. എന്റെ ഒരു കാൽ നഷ്ട ...കയോ വീട്ടിൽ ആരെങ്കിലും മരിച്ചുപോവുകയോ ചെയ്തു എന്നു തോ ...ക്കും വിധം സഹതാപപൂർവ്വമായ പെരുമാററമാണു് മററു ചിലരിൽ ...ന്നു കിട്ടിയതു്. ക്രമേണ ഞാൻ എല്ലാവരിൽനിന്നും അകന്നു. ഞാൻ ...കളിൽ പങ്കെടുക്കുകയോ മററു ക്ലാസുകളെ ''ആക്രമിക്കാൻ'' പോവു ...യോ സഹപാഠികളെ സന്ദർശിക്കുകയോ ചെയ്യാതായി.

നീണ്ട ശൈത്യകാല സായാഹ്നങ്ങളും ഞാൻ വീട്ടിൽത്തന്നെ കഴി ...ച്ചുകൂട്ടി. ചിലപ്പോഴും ഞാൻ തീംകയോടൊപ്പം അവന്റെ പക്ഷികളുടെ ...ത്തിരിക്കും.

ആയിടെ ഞാൻ തീംകയോടു് വളരെ അടുത്തു. അവന്റെ അച്ഛൻ എ ...ന്നോടു് സ്നേഹപൂർവ്വം പെരുമാറി. ചിലപ്പോഴും അയാളും കൺകോണുക

ളിലൂടെ എന്നെ കുറേനേരം നോക്കിയിട്ട് എന്റെ അടുത്തുവന്ന് തലയിൽ തലോടും, ഒററ അക്ഷരം പറയാതെ താക്കോലുകൾ കിലുക്കിക്കൊണ്ട് പുറത്തേക്ക പോവുകയും ചെയ്യും. അതെന്തുകൊണ്ടാണെന്ന് എനിക്ക് ഒരുപിടിയും കിട്ടിയില്ല.

വിചിത്രമായ ഒരു മാററം പട്ടണത്തിലുണ്ടായി. പട്ടണം കൂടുതൽ സജീവമായിത്തീർന്നു. ആളുകളുടെ എണ്ണം ഇരട്ടിയായി. കടകളുടെ മുമ്പിലുള്ള ക്യൂവിന്റെ ദൈർഘ്യം കൂടിക്കൂടി വന്നു. എല്ലായിടത്തും ആളുകൾ കൂട്ടംകൂടി നിന്നു. ഏതു തെരുവിന്റെ മൂലയിലും ഒരു കൂട്ടം കാണാം. ദിവ്യശക്തിയുള്ള ദൈവരൂപങ്ങളെ ഒന്നിനു പിറകെ ഒന്നായി എഴുന്നള്ളിച്ചുകൊണ്ടിരുന്നു. പരിഹാസ്യങ്ങളായ പലതരം കിംവദന്തികൾ പൊട്ടിപ്പുറപ്പെട്ടു. വിശ്വാസികൾ സെറൈഷാ നദിയുടെ ഉത്ഭവസ്ഥാനത്തുള്ള കാടുകളിലേക്ക് ഓടിപ്പോകുന്നുവെന്ന് ഒരിക്കൽ കേൾക്കാം. കള്ളനോട്ട് കടത്തിക്കൊണ്ടുവരുന്ന ജിപ്സികൾ വരുന്നുണ്ടെന്നു പിന്നീട് കേൾക്കാം. കള്ളപ്പണം ധാരാളമുള്ളതു കൊണ്ടാണത്രെ സാധനങ്ങൾക്ക തീപിടിച്ച വില. ജൂതന്മാരുടെ ഒററുകൊടുക്കലും ചാരപ്രവർത്തനവും കൊണ്ടാണ് യുദ്ധം നീണ്ടു പോകുന്നതെന്നും അതുകൊണ്ട് വെള്ളിയാഴ്ച രാത്രി അവരെ അടിച്ചു ശരിയാക്കാൻ പോകയാണെന്നുമുള്ള സംഭ്രമജനകമായ വാർത്തയാണ് മറെറാരിക്കൽ കേട്ടത്.

പെട്ടെന്ന് പട്ടണം തെണ്ടികളെക്കൊണ്ടു നിറഞ്ഞു. അവർ എവിടുന്നു വരുന്നുവെന്ന് ആർക്കും അറിയില്ലായിരുന്നു. ഇന്നടത്തു താഴ കുത്തിത്തുറന്നു ഇന്നടത്തു കള്ളൻ കയറി എന്നിങ്ങനെയുള്ള വാർത്തകൾ എങ്ങോട്ടു തിരിഞ്ഞാലും കേൾക്കാം. ഒരു കൊസാക് സംഘം പട്ടണത്തിൽ താവളമടിച്ചു. അളകങ്ങൾ തൂങ്ങിക്കിടക്കുന്ന നെററിയും മ്ലാനമായ മുഖവുമുള്ള കൊസാക്കുകാർ ഇടതിങ്ങിയ അണികളായി തെരുവിലൂടെ കുതിരയോടിച്ചുപോകുന്നതു കണ്ട് അമ്മ ജനലിനടുത്തുനിന്ന് ഞെട്ടി പിറകോട്ടു മാറി. അമ്മ പറഞ്ഞു:

''അവരെ ഞാൻ കണ്ടിട്ട് വളരെ കാലമായി... ആയിരത്തിത്തൊള്ളായിരത്തി അഞ്ചിനു ശേഷം കണ്ടിട്ടില്ല. അവർ വീണ്ടും തുടങ്ങിയിരിക്കയാണ്.''

അച്ഛന്റെ യാതൊരു വിവരവും ഇല്ലായിരുന്നു. നീഷ്നി നോവ്ഗൊറദിനടുത്തുള്ള സോർമൊവൊ എന്ന സ്ഥലത്താണ് അച്ഛനെന്ന്

ഹ്യൂറിക്ക് ഒരു ഊഹമുണ്ടായിരുന്നു. അവിടെ ഒരു കാർ ഫാക്ടറിയിൽ ജോലിചെയ്യുന്ന എന്റെ അമ്മാവനെപ്പററി അച്ഛൻ പോകുന്നതിനു മുമ്പ് അമ്മയോട്ട തിരക്കിയതുകൊണ്ടു മാത്രമാണ് എനിക്കു് അങ്ങിനെ തോന്നിയതു്.

ശൈത്യകാലത്തു് ഒരു ദിവസം തീംക സ്കൂളിൽ വച്ച് രഹസ്യമായി എന്നെ അടുത്തേക്കു വിളിച്ചു. അവന്റെ നിഗൂഢഭാവം എന്റെ ജിജ്ഞാസയെ ഉണർത്തുകയല്ല, എന്നെ അത്ഭുതപ്പെടുത്തുകയാണു ചെയ്തു". ഞാൻ അവന്റെ പിന്നാലെ ഒരു മൂലയിലേക്ക് ഉദാസീനനായി നടന്നു.

തീംകചുററും നോക്കിയിട്ടു് ശബ്ദമടക്കി പറഞ്ഞു:

''ഇന്നു വൈകിട്ടു് ഞങ്ങളുടെ വീട്ടിൽ വരണം. നീ തീർച്ചയായും വരണമെന്നു് എന്റെ അച്ഛൻ പറഞ്ഞു.''

''അതെന്തിനാണു്? എന്താണു് നിന്റെ മനസ്സിലിരിപ്പ്?''

''ഒന്നുമില്ല. തീർച്ചയായും വരണം.''

തീംകയുടെ മുഖത്തെ ഗൗരവഭാവവും ഉൽക്കണ്ഠയും കണ്ടപ്പോഴാണ് അവൻ തമാശ പറയുകയല്ലെന്നു് എനിക്കു ബോദ്ധ്യമായി.

അന്നു വൈകിട്ടു് ഞാൻ സെമിത്തേരിയിലേക്കു പോയി. ഹിമക്കാററു് ആഞ്ഞടിക്കുന്നുണ്ടായിരുന്നു. മഞ്ഞു പററിപ്പിടിച്ച വഴിവിളക്കുകളുടെ അരണ്ട വെളിച്ചം വഴിയിലെ ഇരുട്ടകററാൻ പര്യാപ്തമായിരുന്നില്ല. സെമിത്തേരിയിലെത്താൻ എനിക്കു് ഒരു പാടം കടന്നു പോകേണ്ടിയിരുന്നു. പൊടിമഞ്ഞു് സൂചികുത്തും പോലെ എന്റെ മുഖത്തേക്കു് ആഞ്ഞടിച്ചുകൊണ്ടിരുന്നു. ഞാൻ കോട്ടിന്റെ കോളറിനുള്ളിൽ മുഖം മറച്ചുകൊണ്ടു്, മഞ്ഞുമൂടിക്കിടന്ന പാതയിലൂടെ സെമിത്തേരി ഗയിററിൽ കത്തുന്ന പച്ചവിളക്കിനെ ലക്ഷ്യമാക്കി നടന്നു. ഒരു കുഴിമാടത്തിലുയർത്തിയിരുന്ന ശിലയിൽ തട്ടി ഞാൻ മഞ്ഞിലേക്കു കമഴ്ന്നടിച്ചു വീണു. സെമിത്തേരി സൂക്ഷിപ്പുകാരന്റെ കുടിൽ അകത്തുനിന്നു് അടച്ചിരിക്കയായിരുന്നു.

''ആരാണതു്?'' സൂക്ഷിപ്പുകാരന്റെ സുപരിചിതമായ ശബ്ദം കേട്ടു.

''ഫ്യോദർ അമ്മാവാ, ഞാനാണു്.''

''ആരു്? ബോറിസോ?

''അതെ. വേഗം വാതിൽ തുറക്കൂ.''

ഞാൻ നല്ല ചൂടുള്ള കടിലിനുള്ളിൽ പ്രവേശിച്ചു. മേശപ്പുറത്തു് ഒരു സമോവാറും ഒരു റൊട്ടിയും ഒരു പിഞ്ഞാണത്തിൽ കുറെ തേനും ഇരിപ്പുണ്ടു്. ഒന്നും സംഭവിച്ചിട്ടില്ല എന്ന മട്ടിൽ തീംക അവിടെയിരുന്നു് ഒരു കൂട നന്നാക്കുകയായിരുന്നു.

''ഹിമക്കാററുണ്ടോ?'' എന്റെ നനവാർന്ന ചുവന്ന മുഖം കണ്ടു് അവൻ ചോദിച്ചു.

''ഉണ്ടോന്നു്!'' ഞാൻ പറഞ്ഞു. ''ഞാൻ കാൽ തട്ടി വീണു. കുററാക്കുററിരുട്ടാണു്.''

തീംക ചിരിച്ചു. അവൻ എന്തിനാണു ചിരിക്കുന്നതെന്നു് എനിക്കു മനസ്സിലായില്ല. ഞാൻ അത്ഭുതത്തോടെ അവന്റെ മുഖത്തു നോക്കി. അവൻ കൂടുതൽ ഉറക്കെ ചിരിക്കാൻ തുടങ്ങി. അവൻ എന്നെക്കണ്ടല്ല എന്റെ പിന്നിൽ എന്തോ കണ്ടിട്ടാണു ചിരിക്കുന്നതെന്നു് അവന്റെ നോട്ടത്തിൽനിന്നു് എനിക്കു മനസ്സിലായി. തിരിഞ്ഞുനോക്കിയപ്പോഴാണ് ഞാൻ കണ്ടതു് ഫ്യോദർ അമ്മാവനും എന്റെ അച്ഛനും അവിടെ നില്ക്കുന്നതാണു്!

''നിന്റെ അച്ഛൻ ഇവിടെ വന്നിട്ടു രണ്ടു ദിവസമായി,'' ചായകുടിക്കാനിരുന്നപ്പോഴാണ് തീംക പറഞ്ഞു.

''രണ്ടു ദിവസം... എന്നിട്ടു് നീ എന്നോടു് നേരത്തെ പറഞ്ഞില്ലല്ലോ! കൂട്ടുകാരനാണെന്നും പറഞ്ഞു് നടക്കുന്നു!''

തീംക തെല്ലൊരു കുററബോധത്തോടെ ആദ്യം അവന്റെ അച്ഛന്റെ നേരെയും പിന്നീടു് എന്റെ അച്ഛന്റെ നേരെയും നോക്കി. അവൻ അവരിൽനിന്നും സഹായം പ്രതീക്ഷിക്കയാണെന്നു തോന്നി. ''കരിങ്കല്ലാണു്, കരിങ്കല്ലു്!'' സൂക്ഷിപ്പുകാരൻ കനത്ത കൈപ്പടത്താൽ പുത്രന്റെ പുറം തലോടിക്കൊണ്ടു് പറഞ്ഞു. കാഴ്ചയ്ക്കു് ഒരു അശ്രുവാണെങ്കിലും തികച്ചും വിശ്വസ്തനായ ഒരു പയ്യനാണു് എന്റെ മോൻ.''

അച്ഛൻ മിലിട്ടറി വേഷമല്ല സിവിലിയൻ വേഷമാണു ധരിച്ചിരുന്നതു്. അദ്ദേഹം ഉല്ലാസവാനും ഉന്മേഷവാനുമായി കാണപ്പെട്ടു. അദ്ദേഹം എന്നോടു സ്കൂളിലെ വിശേഷങ്ങൾ ചോദിച്ചറിയുകയും ഇടയ്ക്കിടെ പൊട്ടിച്ചിരിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു:

''സാരമില്ല... നീ വിഷമിക്കേണ്ട. വരാൻ പോകുന്ന ദിവസങ്ങൾ നീ കാണുന്നില്ലേ?''

ആദ്യത്തെ താക്കീതു കിട്ടിയപ്പോഠം അതു് എന്നെ സ്കൂളിൽനിന്നു പിരിച്ചുവിടാനുള്ള മുന്നോടിയാണെന്നു് എനിക്കു തോന്നിയ കാര്യവും ഞാൻ അച്ഛനോടു പറഞ്ഞു.

''അങ്ങിനേയും സംഭവിച്ചെന്നു വരാം'', അച്ഛൻ അക്ഷോഭ്യനായി പറഞ്ഞു. ''പഠിക്കാനുള്ള ആഗ്രഹവും ബുദ്ധിയുമുണ്ടെങ്കിൽ സ്കൂളിൽനിന്നു പറഞ്ഞയച്ചാലും നിനക്കു് ഒരു പാമരനായി കഴിയേണ്ടി വരില്ല.''

''അച്ഛാ, അച്ഛനെന്താണു് ഇത്ര സന്തോഷത്തോടെ എപ്പോഴും പൊട്ടിച്ചിരിച്ചുകൊണ്ടിരിക്കുന്നതു്?'' ഞാൻ ചോദിച്ചു. ''നമ്മുടെ വികാരി അച്ഛനെക്കുറിച്ചു് ഒരു ഉപദേശപ്രസംഗം നടത്തി. മരിച്ചവരെപ്പററി പറയുന്നതുപോലെയാണു് എല്ലാവരും അച്ഛനെപ്പററി പറയുന്നതു്. എന്നിട്ടു് അച്ഛൻ ഇവിടെ സന്തോഷമായി ചിരിച്ചുകൊണ്ടിരിക്കുന്നു.''

യാദൃച്ഛികമായി ഞാൻ അച്ഛൻെറ സഹകാരിയായിത്തീർന്നതു മുതൽ ഞാൻ അച്ഛനോടു സംസാരിക്കുന്നതു് പഴയതുപോലെയായിരുന്നില്ല. മുതിർന്ന ഒരാളിനോടെന്നപോലെയും അതേ സമയംതന്നെ സമപ്രായക്കാരനോടെന്നപോലെയുമാണു് ഇപ്പോഠം ഞാൻ അദ്ദേഹത്തോടു സംസാരിക്കുന്നതു്.

''പ്രക്ഷുബ്ധമായ ദിവസങ്ങളാണു് വരാൻ പോകുന്നതു്, അതാണു് എനിക്കിത്ര സന്തോഷം. കരഞ്ഞു് മതിയായി! ശരി. ഇപ്പോഠം നീ വീട്ടിലേക്കു പോ. താമസിയാതെ വീണ്ടും തമ്മിൽ കാണാം.''

നേരം വളരെ വൈകിയിരുന്നു. ഞാൻ കോട്ടിട്ടിട്ടു് ധൃതിയിൽ പുറത്തേക്കോടി. സൂക്ഷിപ്പുകാരനു് വന്നു് വാതിലടയ്ക്കാൻ സമയം കിട്ടുന്നതിനു മുമ്പു് ആരോ എന്നെ ശക്തിയായി തള്ളിയിട്ടെന്നവണ്ണം ഞാൻ മഞ്ഞുകൂനയിലേക്കു് തലയുംകുത്തി വീണു. അതേ നിമിഷംതന്നെ പുറത്തുനിന്നു ധൃതിയിലുള്ള കാൽപ്പെരുമാററവും വിസിലൂവിളിക്കുന്ന ശബ്ദവും അട്ടഹാസങ്ങളും കേട്ടു തുടങ്ങി. ഞാൻ അങ്ങോട്ടു് ഓടിച്ചെന്നു. സെമിഗ്രാഫ് എന്ന പോലീസുകാരൻ അവിടെ നില്ക്കുന്നതാണു് ഞാൻ കണ്ടതു്. അയാളുടെ മകൻ പാഷ എൻെറ കൂടെ പഠിച്ചിട്ടുണ്ടു്.

''നില്ക്കു്'', എന്നെ തിരിച്ചറിഞ്ഞ അയാഠം എൻെറ കൈയ്യു പിടിച്ചു നിർത്തിക്കൊണ്ടു് പറഞ്ഞു. ''അവർ നീയില്ലാതെതന്നെ കാര്യങ്ങൾ നോക്കിക്കൊള്ളും. ഇതാ, എൻെറ കുപ്പായത്തിൻെറ അററം കൊണ്ടു് മുഖം തുടച്ചോ. ദൈവാധീനംകൊണ്ടു് നിൻെറ തലയ്ക്കു കേടൊന്നും പററിയിട്ടില്ല, ഉണ്ടോ?''

''എനിക്കു കുഴപ്പമൊന്നുമില്ല, പക്ഷേ അച്ഛനു് എന്തു പററി?'' ഞാൻ പതിഞ്ഞ ശബ്ദത്തിൽ ചോദിച്ചു.

''അച്ഛനോ? കൊള്ളാം! നിയമത്തിനെതിരായി നടക്കാൻ അയാളോടു് ആരെങ്കിലും പറഞ്ഞോ? ചങ്ങാതി, ആരും നിയമം തെററി നടക്കാൻ പാടില്ല. മനസ്സിലായോ?''

കൈകാം പിന്നിൽക്കെട്ടി അച്ഛനേയും സെമിത്തേരി സൂക്ഷിപ്പുകാരനേയും പുറത്തേക്കു കൊണ്ടുവന്നു. കോട്ടു്തോളിലിട്ടു് തൊപ്പിവയ്ക്കാതെ തീംക അവരുടെ പിന്നാലെ ഇറങ്ങിവന്നു. അവൻ കരഞ്ഞില്ല, പക്ഷേ അവൻെറ ദേഹം വിചിത്രമാംവണ്ണം വിറച്ചുകൊണ്ടിരുന്നു.


''തീംക, നീ നിൻെറ തലതൊട്ടപ്പൻെറ വീട്ടിൽപ്പോയി കിടന്നോ'', സൂക്ഷിപ്പുകാരൻ സഗൗരവം പറഞ്ഞു. ''പരിശോധനയ്ക്കുശേഷം ഒന്നും നഷ്ടപ്പെടാതിരിക്കാൻ ഈ വീട്ടിലേക്കു് ഒരു കണ്ണുണ്ടായിരിക്കണമെന്നു് അയാളോടു പറയണം.''

അച്ഛൻ നിശ്ശബ്ദനായി തലകുനിച്ചു് നടക്കുകയായിരുന്നു. എന്നെ കണ്ടയുടൻ അദ്ദേഹം തലയുയർത്തി എനിക്കു് ധൈര്യം നൽകാനായി പറഞ്ഞു:

''മോനെ, ഇതൊന്നും കാര്യമായി എടുക്കേണ്ട. അമ്മയേയും താന്യയേയും എനിക്കുവേണ്ടി ചുംബിക്കു. പ്രക്ഷുബ്ധമായ ദിവസങ്ങറം വരാൻ പോകുന്നു, ധൈര്യമായിരിക്കു!''

ഭാഗം രണ്ടു്

പ്രക്ഷുബ്ധമായ ദിവസങ്ങൾ



അദ്ധ്യായം ഒന്നു്

1917 ഫെബ്രുവരി 22-നു് 6-ാം സേനാവിഭാഗത്തിലെ പട്ടാളക്കോടതി കൂടി, യുദ്ധരംഗത്തുനിന്നു് ഒളിച്ചോടിയതിനും ദുഷ്പ്രചരണം നടത്തിയതിനുമായി പന്ത്രണ്ടാം സൈബീരിയൻ റൈഫിൽ റെജിമെൻറിലെ സാധാരണ ഭടനായ അലെക്സി ഗോറിക്കൊവിനെ വധശിക്ഷയ്ക്കു വിധിച്ചു.

ഫെബ്രുവരി 25-ാം തീയതി ശിക്ഷ നടപ്പിലാക്കി. ഉണർന്നെണീററ ജനങ്ങൾ സ്വേച്ഛാധിപത്യവാഴ്ചയെ സ്ഥാനഭ്രഷ്ടമാക്കിയെന്ന പെട്രോഗ്രാഡിൽനിന്നുള്ള കമ്പി മാർച്ച് രണ്ടാം തീയതി കിട്ടി.

വിപ്ലവം ഞാൻ ആദ്യമായി കണ്ടതു് പൊലീസിൻ കുടുംബക്കാരുടെ പ്രഭുമന്ദിരം കത്തിയെരിയുന്നതിൻെറ ഉജ്ജ്വലപ്രഭയിലൂടെയാണു്. വസന്തത്തിൻെറ പുത്തൻ കാറേററു് നൃത്തമാടുന്ന തീജ്വാലകളെ ഞാൻ രാത്രി വളരെ വൈകുന്നതുവരെ വാതായനത്തിലൂടെ നോക്കിയിരുന്നു. എൻെറ പോക്കററിലുള്ള കൈത്തോക്കിൻെറ ചൂടും മിനുസവുമുള്ള പിടിയിൽ ഞാൻ തലോടി. എൻെറ അച്ഛൻെറ സ്മരണയെ നിലനിർത്തുന്ന എനിക്കേററവും പ്രിയപ്പെട്ട ഒരു വസ്തുവായിരുന്നു അതിപ്പോൾ. എൻെറ ദുഃഖഭാരം ഒട്ടും കുറഞ്ഞിരുന്നില്ല. എങ്കിലും ''പ്രക്ഷുബ്ധമായ ദിവസങ്ങളെ''ക്കുറിച്ചോർത്തപ്പോൾ ഞാൻ കണ്ണീരിനിടയിലൂടെ പുഞ്ചിരി തൂകി.

ഫെബ്രുവരി വിപ്ലവത്തിൻെറ ആദ്യദിവസങ്ങളിൽ തീക്കനൽ വന്നു വീണ ഉറുമ്പിൻകൂനപോലെയായിരുന്നു ഞങ്ങളുടെ സ്കൂൾ. വിജയത്തിനു വേണ്ടിയുള്ള പ്രാർത്ഥനയുടെ അവസാനത്തിൽ ചില കുട്ടികൾ പതിവുപോലെ ''ദൈവം ചക്രവർത്തിയെ രക്ഷിക്കട്ടെ,'' എന്നു പാടാൻ തുടങ്ങി. മററുള്ളവർ ചൂളമടിക്കുകയും കൂക്കിവിളിക്കുകയും ചെയ്തുകൊണ്ടു് അവരെ തടഞ്ഞു. ആകെ ബഹളമായി: കുട്ടികൾ വരിതെററി

ച്ച കൂട്ടം കൂടി നിന്നു. ഒരു കുട്ടി ചക്രവർത്തിനിയുടെ പടത്തിനുനേരെ ഒരു റൊട്ടിക്കഷണം എറിഞ്ഞു. ഓന്നാംക്ലാസുകാർ ബഹളമുണ്ടാക്കാൻ കിട്ടിയ അവസരം പാഴാക്കാതെ കുരയ്ക്കുകയും അമറുകയും ചെയ്തുതുടങ്ങി.

ആ ശബ്ദകോലാഹലത്തിനിടയിൽ ഇൻസ്പെക്ടർ പറഞ്ഞതു് ആർക്കും കേൾക്കാൻ കഴിഞ്ഞില്ല. ശിപായി സെമ്യോൻ വന്നു് ചക്രവർത്തിയുടേയും ചക്രവർത്തിനിയുടേയും പടങ്ങൾ ഭിത്തിയിൽനിന്നു മാററുന്നതുവരെ കൂക്കിവിളികളും അട്ടഹാസങ്ങളും തുടർന്നു. ഒടുവിൽ കൂക്കിവിളിക്കുകയും കാലുകൾ ആഞ്ഞു ചവിട്ടി ശബ്ദമുണ്ടാക്കുകയും ചെയ്തുകൊണ്ടു് ക്ഷുഭിതരായ കുട്ടികൾ ക്ലാസുകളിലേക്കു പോയി. ചുവന്ന നിറമുള്ള റിബണുകൾ എവിടുന്നോ പ്രത്യക്ഷപ്പെട്ടു. മുതിർന്ന ക്ലാസുകളിലെ ആൺകുട്ടികൾ ട്രൗസറിന്റെ കാലുകൾ ബൂട്ടിന്റെ ഉള്ളിലേക്കു് തിരുകിവച്ചു് അഹങ്കാരത്തോടെ നടന്നു. അതു് മുമ്പു് ഒരിക്കലും അനുവദിക്കപ്പെട്ടിരുന്നില്ല. അവർ വെളിപ്പുരയുടെ മുമ്പിൽ അദ്ധ്യാപകർ കാണത്തക്ക വിധം കൂടിനിന്നു് മനപ്പൂർവം പുകവലിച്ചു. ഞങ്ങളെ ഡ്രില്ലുപഠിപ്പിക്കുന്ന ബലഗൂഷിൻ എന്ന പട്ടാള ഓഫീസർ അവരുടെ അടുത്തേക്കു ചെന്നു. അയാൾക്കു് കുട്ടികൾ ഒരു സിഗററു് നീട്ടി. അയാൾ അതു സസന്തോഷം സ്വീകരിച്ചു. അധികൃതരും കുട്ടികളും തമ്മിൽ മുമ്പൊരിക്കലുമില്ലാതിരുന്ന ഈ അടുപ്പം കണ്ടു് കുട്ടികൾ ഉറക്കെ ആഹ്ലാദം പ്രകടിപ്പിച്ചു.

ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടെന്നും ഒരു വിപ്ലവം തുടങ്ങിയെന്നും മാത്രമാണു് ആ സംഭവങ്ങളിൽ നിന്നൊക്കെ കുട്ടികൾ മനസ്സിലാക്കിയതു്. എന്നാൽ വിപ്ലവം തുടങ്ങിയതിൽ സന്തോഷിക്കുന്നതെന്തിനെന്നു് അവരിൽ മിക്കവർക്കും, പ്രത്യേകിച്ചു് ചെറിയ ക്ലാസുകളിലെ കുട്ടികൾക്കു്, മനസ്സിലായിരുന്നില്ല. രണ്ടു ദിവസം മുമ്പുവരെ ചക്രവർത്തിയുടെ പടത്തിനു മുമ്പിൽനിന്നു് ആവേശത്തോടെ തങ്ങളുടെ ഗായകസംഘം ദേശീയഗാനം ആലപിച്ചിരുന്നു. ഇപ്പോൾ ആ ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നു. അതുകൊണ്ടുള്ള നേട്ടം എന്തെന്നും കുട്ടികളിൽ മിക്കവർക്കും മനസ്സിലായിരുന്നില്ല.

ആദ്യം കുറേ നാളത്തേക്കു് പഠിത്തം ഒട്ടുംതന്നെ നടന്നില്ല. ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾ മിലിഷ്യയിൽ ചേർന്നു. അവർക്കു തോക്കുകളും ചുവന്ന കൈപ്പട്ടകളും നൽകപ്പെട്ടു. ക്രമസമാധാനം പാലിക്കുവാൻവേണ്ടി അവർ തലയുയർത്തിപ്പിടിച്ചുകൊണ്ടു് തെരുവുകളിലൂടെ

പ്രവാത്ത നടത്തി. എന്നാൽ ക്രമസമാധാനം ലംഘിക്കുന്നവർ ആരുമി ല്ലായിരുന്നു എന്നതാണ സത്യം. പട്ടണത്തിലെ മുപ്പതു് പള്ളികളിലേ യും മണികറം കൂട്ടത്തോടെ അടിച്ചു് പെസഹാപെരുന്നാറം ഗാനം ആ ലപിച്ചു. പകിട്ടുള്ള ളോഹകറം ധരിച്ച പുരോഹിതന്മാർ, തങ്ങറം താല്ക്കാ ലിക ഗവണ്മെൻറിനോട്ട് കൂറുള്ളവരായിരിക്കുമെന്നു് പ്രതിജ്ഞചെയ്തു.

ആളുകറം ചുവന്ന ഷർട്ടു ധരിച്ചുതുടങ്ങി. ഐയോനാ പുരോഹിത ന്റെ മകനും സെമിനാരിയിലെ ഒരു വിദ്യാർത്ഥിയും രണ്ടു് ഗ്രാമീണ അദ്ധ്യാപകരും എനിക്കു പരിചയമില്ലാത്ത മററു മൂന്നു പേരും, തങ്ങറം സോഷ്യലിസ്റ്റ് റവലൂഷണറികളാണെന്നു് സ്വയം പറഞ്ഞുനടന്നു. അ ദ്ധ്യാപകവിദ്യാർത്ഥികളും തിയോളജിക്കൽ സെമിനാരിയിലെ മുതിർ ന്ന വിദ്യാർത്ഥികളും ഉറംപ്പെട്ട ഒരുസംഘം ആളുകറം കറുത്ത ഷർട്ടു ധ രിച്ചുകൊണ്ടു നടന്നു. അവർ അരാജകവാദികളെന്നു് സ്വയം വിളിച്ചു.

പട്ടണത്തിലുള്ള മിക്ക ആളുകളും താമസിയാതെ സോഷ്യലിസ്റ്റ് റവലൂഷണറി പാർട്ടിക്കാരോടു ചേർന്നു. താല്ക്കാലിക ഗവണ്മെൻറിന്റെ ആയുസ്സു നീണ്ടുകിട്ടാൻവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയ്ക്കുശേഷം പാ വെൽ അച്ചൻ നടത്തിയ ഉപദേശപ്രസംഗത്തിൽ ക്രിസ്തു ഒരു സോഷ്യ ലിസ്റ്റും വിപ്ലവകാരിയുമായിരുന്നെന്നു പറഞ്ഞതു് സോഷ്യലിസ്റ്റ് റവ ലൂഷണറികളോട്ട് ചേരാൻ ജനങ്ങറംക്കു പ്രോത്സാഹനം നൽകി. കച്ച വടക്കാർ, കൈത്തൊഴിലുകാർ, സന്യാസിമാർ, തീർത്ഥാടകർ എന്നിങ്ങ നെ ഞങ്ങളുടെ പട്ടണത്തിലുണ്ടായിരുന്ന ആളുകളിൽ ഭൂരിപക്ഷവും മതഭ ക്തന്മാരായിരുന്നു. യേശുക്രിസ്തുവിനെക്കുറിച്ചുള്ള ആ പുതിയ വിജ്ഞാ നം അവരെ സോഷ്യലിസ്റ്റ് റവലൂഷണറികളുടെ അനുഭാവികളാക്കി മാ ററി. സോഷ്യലിസ്റ്റ് റവലൂഷണറികളാകട്ടെ മതത്തിനെതിരായി ഒന്നും പറഞ്ഞതുമില്ല. യുദ്ധത്തെ ഇരട്ടി ശക്തിയോടെ നേരിടേണ്ടതിന്റെ ആ വശ്യകതയെപ്പററിയും വിമോചനത്തെപ്പററിയും മാത്രമേ അവർക്കു പറ യാനുണ്ടായിരുന്നുള്ളു. അരാജകവാദികറം യുദ്ധത്തെപ്പററി അതേ അഭി പ്രായമുള്ളവരായിരുന്നെങ്കിലും ദൈവത്തെ നിന്ദിച്ചിരുന്നു. ദൈവമി ല്ലെന്നു് സെമിനാരിവിദ്യാർത്ഥിയായ വെലിക്കാനൊവ് പ്രസംഗ വേദിയിൽനിന്നു വിളിച്ചുപറഞ്ഞു. ദൈവമുണ്ടെങ്കിൽ മുമ്പിൽ പ്ര ത്യക്ഷപ്പെട്ടു് ശക്തികാണിച്ചുതരട്ടെ എന്നു വെല്ലുവിളിച്ചുകൊണ്ടു് അ യാറം ആകാശത്തിലേക്കു നോക്കി തുപ്പി. ആകാശം പിളർന്നു് ദൈ

വനിന്ദകന്റെ തലയിൽ ഇപ്പോഠം ഇടിത്തീ വീഴും എന്നു പ്രതീക്ഷിച്ച് സദസ്യർ ശ്വാസമടക്കിനിന്നു. എന്നാൽ ആകാശം രണ്ടായിപിളർന്നി ല്ല. ദൈവം ശിക്ഷിക്കുന്നതും കാത്തിരിക്കാതെ അയാളെ പിടിച്ച് ര ണ്ടു തൊഴിവച്ചുകൊടുക്കുന്നതായിരിക്കും ഉചിതമെന്ന് ചിലർ വിളിച്ചു പറഞ്ഞു. അതുകേട്ട വെലിക്കാനൊവ് പെട്ടെന്ന് സ്ഥലംവിട്ടു. സാറോ വ ദൈവമാതാവിന്റെ പ്രതിമയ്ക്കുമുമ്പിൽ കത്തുന്ന വിളക്കിലെ രോഗ നിവാരണശക്തിയുള്ള എണ്ണയും, സാറോവയിലെ വിശുദ്ധനായ സെ റഫീം സ്വന്തം കൈപ്പടത്തിൽനിന്ന് കരടികളേയും ചെന്നായ്ക്കളേയും തീ റ്റാൻ ഉപയോഗിച്ചിരുന്ന റൊട്ടിക്കഷണങ്ങളും വിററു കാലക്ഷേപം നട ത്തിയ മരിമ്യാന സെർഗേയെവ്ന എന്ന വഴക്കാളിയായ സ്ത്രീ പിന്നിൽ നിന്ന് അയാഠക്ക് ഒരു തള്ളുകൊടുത്തതൊഴികെ മററു കുഴപ്പമൊന്നും പററാതെ അയാഠം രക്ഷപ്പെട്ടു.

അർസമാസിലുള്ള വിപ്ലവകാരികളുടെ എണ്ണം എന്നെ അത്ഭുത പ്പെടുത്തി. ഏതാണ്ട് എല്ലാവരുംതന്നെ വിപ്ലവകാരികളായി മാ റിയിരുന്നു. മുമ്പ് സ്വപ്രഭുമായിരുന്ന സഹാറൊവ് പോലും ചുവന്ന പ ട്ടുകൊണ്ടുണ്ടാക്കിയ വലിയ ഒരു ''ബോ'' ജാക്കററിൽ കുത്തിക്കൊണ്ടു നടന്നു. പെട്രോഗ്രാഡിലും മോസ്കോയിലും സംഘട്ടനം നടന്നുകൊണ്ടിരു ന്നു. അവിടെ പോലീസുകാർ പുരപ്പുറത്തുനിന്ന് ജനങ്ങളുടെമേൽ നിറ യൊഴിച്ചു. എന്നാൽ ഞങ്ങളുടെ പട്ടണത്തിലെ പോലീസുകാർ സ്വമേ ധയാ ആയുധം താഴെവയ്ക്കുകയും സിവിലിയൻ വേഷം ധരിച്ചുകൊണ്ട് നിരത്തിലൂടെ ശാന്തരായി നടക്കുകയുമാണു ചെയ്തത്.

എന്റെ അച്ഛനെ അറസ്റ്റു ചെയ്ത സമയത്തുണ്ടായിരുന്ന യെവ്ഗ്രാ ഫ് തിമഫേയെവിച്ച് എന്ന പോലീസുകാരനെ ഒരു ദിവസം ഒരു മീ ററിംഗു സ്ഥലത്തുവച്ച് ഞാൻ കണ്ടുമുട്ടി.

ഒരുകുപ്പി എണ്ണയും ഒരു മൊട്ടുക്കുസും അയാളുടെ കയ്യിലിരുന്ന കൂട യിൽ ഉണ്ടായിരുന്നു. സോഷ്യലിസ്റ്റുകാരുടെ പ്രസംഗം കേഠക്കുകയായി രുന്നു അയാഠം. എന്നെ കണ്ടയുടൻ അയാഠം ഉപചാരപൂർവ്വം തലകുനിച്ചു കൊണ്ട് തൊപ്പിയിൽ കൈവച്ചു.

''എന്തൊക്കെയൊണ് വിശേഷം?'' അയാഠം ചോദിച്ചു. ''നീയും പ്രസംഗം കേഠക്കാൻ വന്നതാണോ? ശരി, ശരി, കേട്ടോളൂ.... ചെറു പ്പക്കാർക്ക് താല്പര്യമുള്ള കാര്യങ്ങളാണ് ഇതൊക്കെ. വയസ്സന്മാരായ

...ക്കപോലും താല്പര്യം തോന്നുന്നു. എന്തൊരു മാററമാണ് ഉണ്ടായി ...ത്തു്!''

''അന്നു് അച്ഛനെ അറസ്റ്റുചെയ്യാൻ വന്നതു് ഓർമ്മയുണ്ടോ യെവ്... തിമഫേയെവിച്ച്?'' ഞാൻ ചോദിച്ചു. ''ആരും നിയമത്തി ...രായി നടക്കരുതെന്നല്ലേ നിങ്ങൾ അന്നു പറഞ്ഞതു്? അന്നത്തെ ...ളുടെ നിയമം ഇപ്പോൾ എവിടെപ്പോയി? നിങ്ങളുടെ നിയമം അ ...നിച്ചു. പോലീസുകാരെയെല്ലാം വിസ്സരിക്കുകയും ചെയ്യും.''

...യാൾ സദ്ഭാവത്തോടെ പൊട്ടിച്ചിരിച്ചു. കുപ്പിയിലെ എണ്ണ ...ി. ''മുമ്പു് നിയമമുണ്ടായിരുന്നു, ഇനിയും ഉണ്ടായിരിക്കയും ചെ ... നിയമമില്ലാതെ സാദ്ധ്യമല്ല, കുട്ടീ. ഞങ്ങളെ വിചാരണചെയ്യുന്നെ ... ചെയ്യട്ടെ. ഞങ്ങളെ തൂക്കിക്കൊല്ലുകയില്ലെന്നു തീർച്ച. ഞങ്ങളുടെ ...ന്മാരെപ്പോലും തൂക്കിക്കൊല്ലുന്നില്ല. എന്തിനു് ചക്രവർത്തിയെ ...ും വീട്ടുതടങ്കലിൽ വച്ചിട്ടേയുള്ളൂ, പിന്നെ ഞങ്ങളെ എന്തു ചെ ...ണു്! നീ ഇതു കേട്ടോ? യാതൊരു പ്രതികാരവും പാടില്ലെന്നും ... മനുഷ്യരും സഹോദരന്മാരാണെന്നും സ്വതന്ത്രറഷ്യയിൽ ജയിലുക ... വധശിക്ഷയും കാണുകയില്ലെന്നുമാണു് അയാൾ പ്രസംഗിക്കുന്നതു്. ...ളെയും ജയിലിടുകയില്ലെന്നും കൊല്ലുകയില്ലെന്നുമാണു് അതിനർ ....''

...യാൾ മെല്ലെ നടന്നകന്നു.

...യാൾ പോകുന്നതു നോക്കിക്കൊണ്ടു് ഞാൻ വിചാരിച്ചു: ''അ ...ിനെ? ഇപ്പോൾ എന്റെ അച്ഛൻ ജയിലിൽ നിന്നു് പുറത്തു കട ...ന്നെങ്കിൽ എല്ലാ മനുഷ്യരും സഹോദരങ്ങളാണെന്നു പറഞ്ഞു്, ത ... ജയിലിലാക്കിയവരെ അദ്ദേഹം വെറുതെ വിടുമായിരുന്നോ?

ഞാൻ ഫേജയോടു് അക്കാര്യം ചോദിച്ചു.

''നിന്റെ അച്ഛനു് ഇതുമായി ഒരു ബന്ധവുമില്ല'', അവൻ പറ ...ു. ''നിന്റെ അച്ഛൻ പട്ടാളത്തിൽനിന്നു് ഒളിച്ചോടിയവനാണു്. ...ളുകം കഴകിക്കളയാൻ പററില്ല. ഇപ്പോഴും പട്ടാളത്തിൽനിന്നു് ഒ ...ച്ചോടുന്നവരെ പിടിക്കുന്നുണ്ടു്. പട്ടാളത്തിൽനിന്നു് ഒളിച്ചോടുന്നവർ ...പ്രവകാരികളല്ല, സ്വന്തം രാജ്യത്തിനുവേണ്ടി യുദ്ധംചെയ്യാൻ തയ്യാറി ...ത്ത പേടിച്ചോടുന്ന ഭീരുക്കളാണു്.''

''എന്റെ അച്ഛൻ ഒരു ഭീരുവായിരുന്നില്ല'', ഞാൻ പറഞ്ഞു. എ

ൻെറ മുഖം വിളറി. ''നീ വെറുതെ പറയുകയാണ്. പ്രചരണംനടത്തിയതിനും ഓടിപ്പോയതിനും രണ്ടിനുംകൂടിയാണ് അച്ഛനെ വെടിവച്ചു കൊന്നതു്. വിധിന്യായത്തിൻെറ ഒരു പ്രതി ഞങ്ങളുടെ വീട്ടിലുണ്ടു്.''

ഫേജയുടെ മുഖം വാടി. അവൻ സാന്ത്വനപ്പെടുത്തുന്ന മട്ടിൽ പറഞ്ഞു: ''ഞാൻ ഇതൊന്നും കെട്ടിച്ചമച്ചതല്ല, ആണോ? എല്ലാ പത്രങ്ങളിലും എഴുതിയിരിക്കുന്നതു് അങ്ങിനെയാണ്. 'റുസ്കോയെ സ്ലോവൊ' എന്ന പത്രത്തിൽ കേരെൻസ്കിയുടെ പ്രസംഗം വന്നിരുന്നു. ഞങ്ങളതു വായിച്ചു. ഉഗ്രൻ പ്രസംഗം. പെൺപള്ളിക്കൂടത്തിലെ പ്രധാന ഹാളിൽ അതു വായിച്ചപ്പോൾ അവിടെയുണ്ടായിരുന്നവരിൽ പകുതിപ്പേർ കരഞ്ഞുപോയി. യുദ്ധത്തെപ്പററിയും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. യുദ്ധത്തിനു വേണ്ടി നമ്മുടെ കഴിവു മുഴുവൻ വിനിയോഗിക്കുമെന്നും ഒളിച്ചോടുന്നവർ പട്ടാളത്തിനൊരു അപമാനമാണെന്നും അദ്ദേഹം പറഞ്ഞു. 'ജർമ്മൻകാർക്കെതിരെ പൊരുതി മരിച്ച വീരന്മാരുടെ പട്ടടസ്ഥലങ്ങളിൽ സ്വാതന്ത്ര്യം അനശ്വരയശസ്സിൻെറ ഒരു സ്മാരകം നിർമ്മിക്കും!' അങ്ങിനെയാണ് അദ്ദേഹം പറഞ്ഞതു്. അനശ്വരയശസ്സ്! എന്നിട്ടാണ് നീ തർക്കിക്കുന്നതു്.''

പലരും പ്രസംഗിച്ചു. പ്രസംഗിച്ചു പ്രസംഗിച്ച് തൊണ്ടയടഞ്ഞ അവർ എല്ലാവരും സോഷ്യലിസത്തെപ്പററി പറഞ്ഞു. അവരുടെ പാർട്ടിയിൽ ചേരുന്നവരുടേയും യുദ്ധത്തിനു പോകാൻ സന്നദ്ധതയുള്ളവരുടേയും പേരുവിവരം അവർ അവിടെ വച്ചുതന്നെ എഴുതിയെടുത്തു. വളരെ നേരം പ്രസംഗിച്ച ചിലരെ ബലംപ്രയോഗിച്ച് വേദിയിൽനിന്നു തള്ളിമാററുകയും പുതിയ പ്രാസംഗികരെ അവരുടെ സ്ഥാനത്തേക്കു ഉന്തിവിടുകയും ചെയ്തുകൊണ്ടിരുന്നു.

പ്രസംഗം കേട്ടുകേട്ട് എൻെറ തല ചെകടിച്ചു. പലരുടേയും പ്രസംഗങ്ങൾ ഞാൻ കൂട്ടിക്കുഴച്ചു. ഒരു ''സോഷ്യലിസ്റ്റ് റവലൂഷണറി''യെ ''കേഡററി''ൽനിന്നും ''കേഡററി''നെ ''പോപ്പുലർ സോഷ്യലിസ്റ്റി''ൽനിന്നും ഒരു ''ത്രുദോവിക്കി''നെ ''അരാജകവാദി''യിൽനിന്നും തിരിച്ചറിയാൻ എനിക്കു കഴിയാതായി. ആ പ്രസംഗങ്ങളിൽനിന്ന് ആകെക്കൂടി മനസ്സിൽപതിഞ്ഞതു് ഒരൊററ വാക്കാണ്: ''സ്വാതന്ത്ര്യം... സ്വാതന്ത്ര്യം... സ്വാതന്ത്ര്യം...''

''ഗോറിക്കൊവ്,'' പിന്നിൽനിന്നു് എൻെറ തോളിൽ കൈവച്ചു കൊണ്ടു് ആരോ വിളിച്ചു.

ഞങ്ങളുടെ മാനവൽ മാസ്റ്ററായിരുന്ന ''മലങ്കാക്ക''യല്ലാതെ മററാരുമായിരുന്നില്ല, അതു്.

''ഇതാരു്?'' സന്തോഷാതിരേകത്താൽ മതിമറന്നു് ഞാൻ ചോദിച്ചു. ''മാസ്റ്റർ ഇവിടെ എന്തു ചെയ്യുന്നു?''

''നീഷ്നി നോവ്ഗൊറദിലെ ജയിലിൽനിന്നു് ഞാൻ ഇവിടെ യെത്തിച്ചേർത്തി. ഇതാണല്ലൊ എൻെറ സ്ഥലം. ഞാൻ അടുത്തൊരിടത്തു് ഒരു മുറി വാടകയ്ക്കെടുത്തിട്ടുണ്ടു്. വരൂ, നമുക്കു് അവിടെ ചെന്നു് കുറച്ചു ചായയും റൊട്ടിയും തേനും കഴിക്കാം. നിന്നെ കണ്ടുമുട്ടിയതു് വലിയ ഭാഗ്യമായി. ഞാൻ ഇന്നലെ ഇവിടെ എത്തിയതേയുള്ളു. എന്നു് നിന്നെ ചെന്നു കാണണമെന്നു ഞാൻ തീർച്ചപ്പെടുത്തിയിരുന്നു.''

അദ്ദേഹം എന്നെ കയ്യിൽപ്പിടിച്ചു് ബഹളംകൂട്ടിക്കൊണ്ടിരുന്ന ആ ആൾക്കൂട്ടത്തിൽനിന്നു് പുറത്തു കടത്തി.

തൊട്ടടുത്ത കവലയിൽ മറെറാരാൾക്കൂട്ടം ഞങ്ങൾ കണ്ടു. അവിടെ ആരോ തീകൂട്ടിയിരുന്നു. ആൾക്കൂട്ടം ജിജ്ഞാസയോടെ അതുനോക്കിനിന്നു.

''എന്താണിതു്?''

''കിറുക്കാണു്, അല്ലാതെന്താ!'' മലങ്കാക്ക ഒരു പുഞ്ചിരിയോടെ പറഞ്ഞു. ''അരാജകവാദികൾ ചക്രവർത്തിയുടെ കൊടികൾ കത്തിച്ചു കളയുകയാണു്. അവർ ആ തുണി മുറിച്ചു് ആളുകൾക്കു് വിതരണം ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു! കൃഷിക്കാർ മുറുമുറുക്കുകയാണു്. ഓരോ പഴന്തുണിത്തുണ്ടും ഇപ്പോൾ എത്ര വിലപ്പെട്ടതാണെന്നു് നിനക്കറിയാമല്ലൊ.''

മലങ്കാക്കയുടെ കൈകൾ നീണ്ടുമെലിഞ്ഞവയായിരുന്നു. ചായ ഉണ്ടാക്കുന്നതിനിടയിൽ ഇടയ്ക്കിടെ പുഞ്ചിരിതൂകിക്കൊണ്ടു് അദ്ദേഹം ധൃതിയിൽ സംസാരിച്ചുകൊണ്ടിരുന്നു.

''നിൻെറ അച്ഛൻ കാലമാകുന്നതിനുമുമ്പു് മരിച്ചു. അദ്ദേഹത്തെ പിന്നെ ട്രിബ്യൂണലിൻെറ അധീനത്തിലേക്കു കൊണ്ടുപോകുന്നതുവരെ ഞങ്ങൾ ഒരേ തടവറയിലായിരുന്നു.''

ചായ കടിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ അദ്ദേഹത്തോടു ചോദിച്ചു:

''അച്ഛനും മാസ്റ്ററും പാർട്ടി സഖാക്കളായിരുന്നെന്നു പറഞ്ഞല്ലോ. അപ്പോഠം എന്റെ അച്ഛൻ പാർട്ടി മെംബറായിരുന്നോ? അച്ഛൻ അക്കാര്യം എന്നോടു പറഞ്ഞിട്ടില്ല.''

''അതു പറയാൻ പാടില്ലായിരുന്നു, അതുകൊണ്ടാണ് അദ്ദേഹം പറയാതിരുന്നതു്.''

''മാസ്റ്ററും പറഞ്ഞില്ല. മാസ്റ്ററെ അറസ്റ്റുചെയ്തപ്പോഠം പേത്യ സലതുഹിൻ പറഞ്ഞു മാസ്റ്റർ ഒരു ചാരനാണെന്നു്.''

''ചാരനാണെന്നോ? ഹ—ഹ—ഹ! പേത്യ സലതുഹിനാണോ പറഞ്ഞതു്? അവൻ പറഞ്ഞതു സാരമില്ല, പക്ഷേ മുതിർന്ന വിഡ്ഢികഠം ഞങ്ങഠം ചാരന്മാരാണെന്നു് അപവാദം പറഞ്ഞുപരത്തുന്നതാണ് അതിലും വിചിത്രം.''

''ആരെപ്പററിയാണു് അവർ അപവാദം പറയുന്നതു്?''

''ബോഠംഷെവിക്കുകളായ ഞങ്ങളെപ്പററി.''

ഞാൻ അദ്ദേഹത്തെ ഇടംകണ്ണിട്ടു നോക്കിക്കൊണ്ടു് ചോദിച്ചു:

''അപ്പോഠം നിങ്ങഠം ബോഠംഷെവിക്കുകളാണു് അല്ലേ? അപ്പോഠം അച്ഛനും ഒരു ബോഠംഷെവിക്കായിരുന്നോ?''

''അതെ.''

''മററുള്ളവരെപ്പോലെ ആകാതെ അച്ഛൻ ഇങ്ങിനെയൊക്കെയായതു് കഷ്ടമായിപ്പോയി.'' ഞാൻ വ്യസനത്തോടെ പറഞ്ഞു.

''നീ ഉദ്ദേശിക്കുന്നതെന്താണു്?''

''മററുള്ളവർ പട്ടാളത്തിൽ പോയാൽ പട്ടാളക്കാരായി കഴിയുന്നു. വിപ്ലവകാരികളാകുന്നവർ യഥാർത്ഥ വിപ്ലവകാരികളാണ്—ആർക്കും അവരെപ്പററി ഒരു ചീത്തവാക്കും പറയാൻ കാണുകില്ല. എല്ലാവർക്കും അവരെ ബഹുമാനമാണു്. എന്നാൽ അച്ഛൻ ആദ്യം പട്ടാളത്തിൽനിന്നു് ഒളിച്ചോടി, പോരാത്തതിനു് ഒരു ബോഠംഷെവിക്കായിത്തീരുകയും ചെയ്തു. സോഷ്യലിസ്റ്റ് റവല്യൂഷണറികളെയോ അരാജകവാദികളെയോ പോലെ ഒരു യഥാർത്ഥ വിപ്ലവകാരിയാകുന്നതിനു പകരം അച്ഛൻ ഒരു ബോഠംഷെവിക്കായതെന്തിനു്? വേറൊന്നും അകാൻ കണ്ടില്ല! അച്ഛൻ ഒരു വിപ്ലവകാരിയായിരുന്നെങ്കിൽ അതിനാണു് അച്ഛനെ വധിച്ചതു് എന്നു്എനിക്കു് പറഞ്ഞു നടക്കാമായിരുന്നു. അപ്പോഠം ആരും എന്റെ നേരെ ഇങ്ങനെ വിരൽ ചൂണ്ടുകയില്ല. പക്ഷേ ബോഠംഷെവിക്കായതിനാണു്

അച്ഛനെ വെടിവച്ചതെന്നറിഞ്ഞാൽ എല്ലാവരും പറയും, 'നന്നായി'. ബോൾഷെവിക്കുകൾ ജർമ്മൻ ചാരന്മാരാണെന്നും അവരുടെ ലെനിൻ വിൽഹെമിനുവേണ്ടി ജോലി ചെയ്യുകയാണെന്നും എല്ലാ പത്രങ്ങളും എഴുതുന്നുണ്ട്."

"ആരാണ് ഈ 'എല്ലാവരും'?" മാസ്റ്റർ ചോദിച്ചു. എന്റെ മൂർച്ചയേറിയ വാക്കുകൾ ആദ്യന്തം അദ്ദേഹം പുഞ്ചിരിയോടെ കേട്ടുകൊണ്ടിരിക്കയായിരുന്നു.

"എല്ലാവരും, കണ്ടുമുട്ടുന്നവരെല്ലാം. അയൽക്കാരും പള്ളിയിലെ അച്ചനും, ഇന്ന് പ്രസംഗിച്ചവരും..."

"അയൽക്കാർ! പ്രസംഗിച്ചവർ!" മാസ്റ്റർ ഇടയ്ക്കുകയറി പറഞ്ഞു. "ബുദ്ധിയില്ലാത്ത കുട്ടീ, നിന്റെ അച്ഛൻ ആ അയൽക്കാരേയും പ്രാസംഗികരേയുംകാൾ പതിന്മടങ്ങ് വീര്യമുള്ള ഒരു യഥാർത്ഥ വിപ്ലവകാരിയായിരുന്നു. ആരാണ് നിന്റെ അയൽക്കാർ? സന്യാസിമാരും, ധാന്യവ്യാപാരികളും, കച്ചവടക്കാരും, തീർത്ഥാടകരും, ചന്തയിലെ ഇറച്ചിവെട്ടുകാരും, വഴിപോക്കരുമാണ് അവർ. നിന്റെ ഈ അയക്കാരുടെ കൂട്ടത്തിൽ സ്വബുദ്ധിയുള്ള ഒരാളെപ്പോലും കാണാൻ കഴിയുകയില്ലെന്നതാണ് കുഴപ്പം. അക്കൂട്ടരെ വശത്താക്കാൻ ഞങ്ങൾ ശ്രമിക്കുന്നുപോലുമില്ല. പുവന്ന കുപ്പായമണിഞ്ഞ വായാടികൾക്ക് ആ ജോലി വിട്ടുകൊടുത്തിരിക്കയാണ്. അവർക്കുവേണ്ടി സമയം പാഴാക്കാൻ ഞങ്ങൾ തയ്യാറില്ല. എന്തായാലും ആ സന്യാസിമാരും കച്ചവടക്കാരും ഞങ്ങളുടെ സുഹൃത്തുക്കളാകാൻ പോകുന്നില്ല. നീ കുറച്ചു ക്ഷമിക്കു്. ഞാൻ നിന്നെ ഞങ്ങളുടെ മീററിംഗു നടക്കുന്ന സ്ഥലങ്ങളിൽ കൊണ്ടുപോകാം. മുറിവേററ ഭടന്മാരുടെ ബാരക്കുകളിലും പട്ടാളബാരക്കുകളിലും തീവണ്ടി സ്റ്റേഷനുകളിലും ഗ്രാമങ്ങളിലും നമുക്കു പോകണം. അപ്പോൾ നിനക്കു കാര്യങ്ങൾ മനസ്സിലാകും! ഇവിടെ കുറെ വിധികർത്താക്കളുണ്ടു്! കുറെ അയല്ക്കാരും!"

മാസ്റ്റർ ചിരിച്ചു.

•

വിപ്ലവം തുടങ്ങിയപ്പോൾ തീംക ഷ്ഉ്രുകിന്റെ അച്ഛൻ ജയിൽവിമുക്തനായി. എന്നാൽ തന്റെ പഴയ ജോലി അയാൾക്കു തിരിച്ചു കി

ട്ടിയില്ല. സെമിത്തേരിയിലുള്ള പാർപ്പിടം പുതിയതായി നിയമിക്കപ്പെട്ട സൂക്ഷിപ്പുകാരനു താമസിക്കാൻവേണ്ടി ഉടൻ ഒഴിഞ്ഞുകൊടുക്കണമെന്നു് പള്ളി അധികാരിയായ സിന്യൂഗിൻ തീംകയുടെ അച്ഛനോടു് ആവശ്യപ്പെട്ടു.

തീംകയുടെ അച്ഛനു് ജോലി കൊടുക്കാൻ കച്ചവടക്കാരാരും തയ്യാറില്ലായിരുന്നു. അയാൾ പലയിടത്തും അന്വേഷിച്ചു, പക്ഷേ ഫലമുണ്ടായില്ല. സിന്യൂഗിൻ തുറന്നു പറഞ്ഞു:

''ഞാൻ റഷ്യൻ പട്ടാളത്തെ സഹായിക്കുന്നവനാണു്. ഞാൻ റെഡ്ക്രോസിനു് ആയിരം റൂബിൾ സംഭാവന കൊടുത്തിട്ടുണ്ടു്. മിലിട്ടറി ആശുപത്രികളിൽ വിതരണം ചെയ്യാനായി ഇരുനൂറു റൂബിളിനു് സമ്മാനങ്ങളും കൊടികളും കേരെൻസ്കിയുടെ പടങ്ങളും ഏൽപ്പിച്ചിട്ടുണ്ടു്. അതേസമയം നിങ്ങൾ പട്ടാളത്തിൽനിന്നു് ഒളിച്ചോടുന്നവരെ സഹായിക്കയാണു ചെയ്തിട്ടുള്ളതു്. അത്തരക്കാരെ ഇവിടെ വേണ്ട.''

സൂക്ഷിപ്പുകാരനു് നിശ്ശബ്ദനായി അതു കേട്ടുനില്ക്കാൻ കഴിഞ്ഞില്ല. അയാൾ തിരിച്ചടിച്ചു:

''എനിക്കു് ഇതു കേൾക്കാൻ സന്തോഷമേയുള്ളു. പക്ഷേ ഒരുകാര്യം ഓർത്തോളൂ, കൊടികളും പടങ്ങളും നിങ്ങളെ രക്ഷപ്പെടുത്താൻ പോകുന്നില്ല. കിട്ടാനുള്ളതു് നിങ്ങൾക്കു കിട്ടുക തന്നെ ചെയ്യും. എന്റെ നേരെ നിങ്ങൾ ഒച്ചയിടുകയും വേണ്ട. കടവയറുള്ളതുകൊണ്ടോ ദൂരദർശിനിയുള്ളതുകൊണ്ടോ, മുതലക്കു് ഇറച്ചികൊടുക്കുന്നതുകൊണ്ടോ നിങ്ങൾ ചക്രവർത്തിയെക്കാളും ദൈവത്തെക്കാളും ശക്തനാണെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു് ഭോഷത്വമാണു്. നിങ്ങളുടെ മില്ലുകളിലെ ആളുകൾ പറയുന്നതു കേൾക്കണം! ഒരു കൊട്ടുകൊടുത്തതു പോര, ഇനി ചുട്ട അടിതന്നെ കൊടുത്താലെന്താ, എന്നാണു് അവർ ചോദിക്കുന്നതു്.''

''ഞാൻ തന്നെ ജയിലു കേററും!'' ഇടിവെട്ടേററതുപോലെ ഞെട്ടിക്കൊണ്ടു് സിന്യൂഗിൻ വിക്കിവിക്കി പറഞ്ഞു. ''അപ്പോൾ ഇതാണു് മനസ്സിലിരിപ്പു്! ഞാൻ പരാതിപ്പെടും... ഞാൻ ഫാക്ടറി നടത്തുന്നതു് പട്ടാളക്കാർക്കുവേണ്ടിയാണു്. പുതിയ അധികാരികൾക്കും എന്നെപ്പററി നല്ല അഭിപ്രായമാണു്, എന്നിട്ടു് നിങ്ങൾ... താൻ പോടോ ഇവിടെ നിന്നു്!''

സൂക്ഷിപ്പുകാരൻ തൊപ്പി തലയിൽ വച്ചു് ഇറങ്ങിപ്പോയി.

''ഇതിൻെറ പേർ വിപ്ലവമെന്നാണത്രെ! എല്ലാ വൃത്തികെട്ടവന്മാ[രും] അവരവരുടെ പഴയ സ്ഥാനത്തുതന്നെ ഉണ്ട്. അയാളും പട്ടാളത്തല[വന്മാരും] ടൗൺ കൗൺസിൽമെമ്പറന്മാരും കള്ളന്മാരെക്കാൾ കഷ്ടമായിരി[ക്കുന്നു]. എന്നെ ആട്ടിയോടിക്കാൻ അയാൾ ധൈര്യപ്പെടുന്നു! ഇവരെയൊ[ക്കെ] കെട്ടിത്തൂക്കി അടിക്കണം. കുറെ ദേശസ്നേഹികൾ!'' തെരുവിലൂ[ടെ] നടക്കുന്നതിനിടയിൽ അയാൾ മുറുമുറുത്തു. ''ഒന്നിനും കൊള്ളാത്ത [ബൂ]ട്ടുകളുണ്ടാക്കി വിററ് ആയിരക്കണക്കിനു സമ്പാദിച്ചു. കൈമടക്കുകൊ[ടുത്ത്] മകനെ പട്ടാളസേവനത്തിൽനിന്ന് ഒഴിവാക്കി. പട്ടാളത്തലവ[ന്] മൂന്നൂറും ഡോക്ടർക്ക് അഞ്ഞൂറുമാണ് കൊടുത്തതു്. കുടിച്ചുവെളിവി[ല്ലാ]തിരുന്നപ്പോൾ തന്നത്താൻ അതു പറഞ്ഞുകൊണ്ടു നടന്നതാണ്. മ[റ്റു]ള്ളവരെക്കൊണ്ട് യുദ്ധം ചെയ്യിക്കാൻ ബഹുവിരുതന്മാരാണ് ഇവ[ന്മാ]രെല്ലാം. കേരെൻസ്കിയുടെ പടം മേടിച്ചത്രെ! ഇയാളേയും കേരെൻസ്കി[യേ]യും ഒരുമിച്ച് ഒരു മരത്തിൽ കെട്ടിയിടണം. കാത്തിരുന്നു കിട്ടിയ സ്വാതന്ത്ര്യം ഇങ്ങിനെയാണ്! കൊള്ളാം!''

എല്ലാവരുടേയും തല തിരിഞ്ഞെന്നു തോന്നി. എങ്ങോട്ടു തിരിഞ്ഞാ[ലും] ''കേരെൻസ്കി, കേരെൻസ്കി'' എന്നു മാത്രമേ കേൾക്കാനുണ്ടായിരു[ന്നു]ള്ളൂ.

പത്രങ്ങളെല്ലാം ദിവസവും അദ്ദേഹത്തിൻെറ പടം പ്രസിദ്ധീകരി[ച്ചു]കൊണ്ടിരുന്നു. ''കേരെൻസ്കി പ്രസംഗിച്ചു.'' ''കേരെൻസ്കിയുടെ പാ[ത]യിൽ ജനങ്ങൾ പൂ വിരിച്ചു'', ''ആഹ്ലാദഭരിതരായ ഒരു സംഘം സ്ത്രീ[കൾ] കേരെൻസ്കിയെ എടുത്തു പൊക്കി.'' എന്നിങ്ങനെയുള്ള വാർത്ത[കൾ] കൊണ്ട് പത്രക്കടലാസുകൾ നിറഞ്ഞു. അർസമാസ് ടൗൺ കൗൺ[സി]ലിലെ ഒരംഗമായിരുന്ന ഫിയൊഫാനൊവ് എന്തോ ആവശ്യത്തിന് [മോ]സ്കോയിൽ പോയപ്പോൾ കേരെൻസ്കി അയാൾക്ക ഹസ്തദാനം [ചെ]യ്തു. ആളുകൾ കൂട്ടം കൂട്ടമായി ഫിയൊഫാനൊവിൻെറ അടുത്തേക്ക് [വ]ന്നു.

''അദ്ദേഹം നിങ്ങളുടെ കൈ പിടിച്ചു കുലുക്കിയെന്നാണോ?''

''അതെ. അദ്ദേഹം എനിക്ക കൈതന്നു'', ഫിയൊഫാനൊവ് അ[ഭി]മാനത്തോടെ പറഞ്ഞു.

''വാസ്തവത്തിൽ അദ്ദേഹം അങ്ങിനെ ചെയ്തുവോ?''

''ഉവ്വ്. അദ്ദേഹം എന്റെ വലത്തെ കയ്യാണ് പിടിച്ചു കലുക്കിയതു്.''

''കേട്ടോ!'' ആളുകൾ ആവേശത്തോടെ മന്ത്രിച്ചു. ''സാർ ചക്രവർത്തി ഒരിക്കലും അങ്ങിനെ ചെയ്യുകയില്ല, പക്ഷേ കേരെൻസ്കി അതു ചെയ്തിരിക്കുന്നു. ദിവസവും ആയിരക്കണക്കിനു് ആളുകൾ അദ്ദേഹത്തെ സന്ദർശിക്കുന്നു. അദ്ദേഹം എല്ലാവർക്കും ഹസ്തദാനം ചെയ്യുന്നു. മുമ്പായിരുന്നെങ്കിൽ—''

''അന്നു് സാറിന്റെ വാഴ്ചയായിരുന്നു.''

''ശരിയാണ്. ഇപ്പോൾ നാം സ്വതന്ത്രരായിരിക്കുന്നു.''

''സ്വാതന്ത്ര്യം നീണാൾ വാഴട്ടെ! കേരെൻസ്കി നീണാൾ വാഴട്ടെ! നമുക്കു് അദ്ദേഹത്തെ അഭിവാദ്യം ചെയ്തുകൊണ്ടു് ഒരു കമ്പിയടിക്കാം.''

ആയിടയ്ക്കു് പോസ്റ്റാഫീസുകളിൽനിന്നു് അടിക്കപ്പെടുന്ന കമ്പികളിൽ പത്തിൽ ഒന്നു് കേരെൻസ്കിയ്ക്കുള്ളവയായിരുന്നു. പൊതുയോഗങ്ങൾ സ്കൂൾ മീററിംഗുകൾ, പള്ളി സഭകൾ, ടൗൺ കൗൺസിലുകൾ എന്നിങ്ങനെ എല്ലായിടത്തു നിന്നും അവ അയയ്ക്കപ്പെട്ടു. എത്രകുറച്ചു് അംഗങ്ങളുള്ളവയായാലും ഒരോ സംഘടനകളും അവ അയച്ചു.

അർസമാസിലെ കോഴിവളർത്തൽ പ്രവർത്തകരുടെ സംഘടന ''പ്രിയപ്പെട്ട നേതാവിനു്'' ഒരൊററ കമ്പിപോലും അയച്ചില്ല എന്ന വാർത്ത ഒരിക്കൽ പട്ടണത്തിൽ പരന്നു. അതിനെ ശക്തിയായി നിഷേധിച്ചുകൊണ്ടു്, സംഘടനാപ്രസിഡൻറ് ഫൈൻഡ്ലിൻ ഒരു പ്രസ്താവന പ്രാദേശിക പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതു് ഒരു കിംവദന്തിയാണെന്നു് ഫൈൻഡ്ലിൻ അതിൽ ആണയിട്ടുപറഞ്ഞു. വാസ്തവത്തിൽ രണ്ടു കമ്പികൾ അടിച്ചിരുന്നു. ഫൈൻഡ്ലിന്റെ പ്രസ്താവന ശരിയാണെന്നു തെളിയിക്കാൻപോന്ന പോസ്റ്റാഫീസ് രസീതുകൾ തങ്ങൾ കാണുകയുണ്ടായെന്നു് ചുവട്ടിൽ പത്രാധിപസമിതിയുടെ അടിക്കുറിപ്പും ഉണ്ടായിരുന്നു.

അദ്ധ്യായം രണ്ടു്

ഞാൻ മാനുവൽ മാസ്റ്ററെ കണ്ടുമുട്ടിയതിനുശേഷം മാസങ്ങൾ പലതു ക[illegible].

സാൽനിക്കൊവ് തെരുവിലെ ക്രൂററൻ സെമിനാരി കെട്ടിടത്തിനു [illegible]ട്ടത്തു് ഒരു ചെറിയ വീടും തോട്ടവും ഉണ്ടായിരുന്നു. കട്ടിയുള്ള പുക[illegible]പ്പുകയുടെ തിരശ്ശീലകളിൽ ഒഴുകിക്കൊണ്ടിരിക്കുകയാണെന്നു തോ[illegible]ന്ന മുഖങ്ങൾ ആ വീടിന്റെ തുറന്നിട്ട ജനാലകൾക്കു പിന്നിൽ പ്രത്യ[illegible]പ്പെട്ടു. വഴിപോക്കർ ആ വീടിനടുത്തെത്തുമ്പോൾ നടപ്പിന്റെ വേ[illegible] കൂട്ടുകയും അവിടം കടന്നു കഴിയുമ്പോൾ കാർക്കിച്ചു തുപ്പിക്കൊണ്ടു് [illegible]ത്തോടെ ഇങ്ങിനെ പറയുകയും ചെയ്യും: ''അട്ടിമറിക്കാരുടെ സ[illegible]!''

ബോൾഷെവിക്കുകളുടെ ക്ലബ്ബായിരുന്നു അതു്: പട്ടണത്തിൽ ഏതാ[illegible] ഇരുപതോളം ബോൾഷെവിക്കുകളെ ഉണ്ടായിരുന്നുള്ളു. എന്നാൽ [illegible] വീട്ടിൽ എപ്പോഴും വലിയ ആൾത്തിരക്കായിരുന്നു. എല്ലാവർക്കും [illegible]ടെ പ്രവേശനമുണ്ടായിരുന്നെങ്കിലും ആശുപത്രിയിൽ നിന്നിറങ്ങിയ [illegible]രും ആസ്ട്രിയൻ യുദ്ധത്തടവുകാരും തുകൽ ഫാക്ടറികളിൽ നി[illegible] തൊഴിലാളികളുമായിരുന്നു അവിടത്തെ മുഖ്യസന്ദർശകർ.

[illegible]ന്റെ ഒഴിവുസമയം മുഴുവൻ ഞാൻ ചെലവഴിച്ചതു് അവിടെയാ[illegible]. മാനുവൽ മാസ്റ്ററോടൊപ്പം ആദ്യമൊക്കെ ഞാൻ അവിടെ പൊ[illegible]ിരുന്നതു് വെറും ജിജ്ഞാസകൊണ്ടു മാത്രമാണ്. പിന്നീടു് അ[illegible] ശീലമായിത്തീർന്നു. ഒടുവിൽ ഞാൻ ആ പ്രവാഹത്തിൽ അടിമു[illegible]ങ്ങി. മൂർച്ചയുള്ള കത്തിയാൽ ഉരിച്ചുമാററപ്പെടുന്ന ഉരുളക്കിഴങ്ങുതൊ[illegible]ലെ എന്റെ തലയിൽ കടന്നുകൂടിയ അസംബന്ധങ്ങൾ മുഴുവൻ [illegible]പോയി.

പള്ളിത്തർക്കങ്ങളിലോ കച്ചവടക്കാരുടെ യോഗങ്ങളിലോ ഞങ്ങളു ടെ ബോറാംഷെവിക്കുകരം സംസാരിക്കാറില്ല. തൊഴിലാളികളുടെ പാർ പ്പിടങ്ങരംക്കു മുമ്പിലും പട്ടണത്തിൻെറ പ്രാന്തപ്രദേശങ്ങളിലും യുദ്ധംകൊ ണ്ടു തളർന്ന ഗ്രാമങ്ങളിലുമാണു് അവർ യോഗങ്ങരം കൂടിയതു്. കാമെൻ കയിൽ നടന്ന ഒരു യോഗം ഇപ്പോഴും ഞാൻ ഓർക്കുന്നു.

''നമുക്കു് തീർച്ചയായും പോകണം. അവിടെ സോഷ്യലിസ്റ്റു് റവ ല്യൂഷണറികരംക്കുവേണ്ടി പ്രസംഗിക്കുന്നതു് സാക്ഷാൽ ക്രൂഗ്ലിക്കൊവ് തന്നെയാണു്. അയാരം പറയുന്നതു നീ കേരംക്കേണ്ടതാണു്,'' മാമ്പൽ മാസ്റ്റർ പറഞ്ഞു. ''അയാരം ഇവാനൊവ്സ്കയയിൽ പ്രസംഗിച്ചു കഴിഞ്ഞപ്പോരം അയാളുടെ വാക്കുകളിൽ മയങ്ങിപ്പോയ കർഷകർ നമു ക്കെതിരായി തിരിഞ്ഞു.''

''നമുക്കു പോകാം'', ഞാൻ ആകാംക്ഷയോടെ പറഞ്ഞു. ''സെ മ്യോൻ ഇവാനൊവിച്ച്, കൈത്തോക്കു് ഒരിക്കലും കയ്യിലെടുക്കാത്ത തെന്താണു്? അതു് എവിടെയെങ്കിലും ഇട്ടേക്കുകയാണല്ലോ പതിവു്. ഒരു ദിവസം അതു് പുകയില ടിന്നിൽ ഇരിക്കുന്നതു കണ്ടു. ഇന്നലെ അ തു് റൊട്ടിക്കൂടയിലാണു് ഇരുന്നതു്. ഞാൻ എപ്പോഴും എൻെറ തോക്കു് കൂടെ കൊണ്ടു നടക്കും. ഞാൻ ഉറങ്ങുന്നതുപോലും അതു തലയിണയുടെ അടിയിൽ വച്ചുകൊണ്ടാണു്.''

മാമ്പൽ മാസ്റ്റർ ചിരിച്ചു. പുകയിലത്തരികരം പററിപ്പിടിച്ച അ ദ്ദേഹത്തിൻെറ താടിരോമങ്ങരം വിറയ്ക്കുന്നുണ്ടായിരുന്നു.

''നീ ഇപ്പോഴും ഒരു കൊച്ചുകുട്ടിയാണു്!'' അദ്ദേഹം പറഞ്ഞു. ''അ നിഷ്ടകരമായ എന്തെങ്കിലും നമുക്കു് സംഭവിച്ചാൽ ആരെങ്കിലും പിട ലിയ്ക്കു പിടിച്ചു തള്ളിയെന്നു വരാം. അപ്പോരം ഞാൻ തോക്കെടുത്താൽ അവർ ഉടൻതന്നെ എൻെറ കഥ കഴിക്കും. സമയമാകുമ്പോരം നമുക്കു് തോക്കുപയോഗിക്കേണ്ടിവരും, പക്ഷേ ഇപ്പോരം വാക്കുകളാണു് നമ്മുടെ ഏററവും നല്ല ആയുധം. ബസ്കാക്കൊവ് ഇന്നു് നമുക്കുവേണ്ടി പ്രസം ഗിക്കുന്നുണ്ടു്.''

''ബസ്കാക്കൊവോ?'' അത്ഭുതം മറച്ചുവയ്ക്കാതെ ഞാൻ ചോദിച്ചു. ''അയാരം നല്ല പ്രാസംഗികനല്ലല്ലോ. അയാരം രണ്ടുവാചകം കൂട്ടിപ്പറ യാറില്ല. ഒരു വാക്കു പറഞ്ഞു് അടുത്തതു പറയുമ്പോഴേക്കും ഉറങ്ങിയെ ണീക്കാം.''

''അതിവിടെ സംസാരിക്കുമ്പോഴാണ്. യോഗങ്ങളിൽ അയാറം സംസാരിക്കുന്നത് നീ കേറംക്കണം.''

പഴകി ദ്രവിച്ചുതുടങ്ങിയ ഒരു പാലവും പുല്ലു വളർന്നുനില്ക്കുന്ന മൈതാനങ്ങളും പൊക്കമുള്ള പൊന്തകറം തഴച്ചുവളരുന്ന ചെറു തോട്ടകളും കടന്നാണ് കാമെൻകയിലെത്തേണ്ടതു്. പട്ടണത്തിൽനിന്നു മടങ്ങിവരുന്ന കർഷകരുടെ വണ്ടികറം വഴിയിൽ ഉടനീളം കാണാമായിരുന്നു. ചെരിപ്പിടാത്ത കർഷകസ്ത്രീകറം ഒഴിഞ്ഞ പാൽപ്പാത്രങ്ങളുമായി ചന്തയിൽനിന്ന് സാവധാനം വീട്ടകളിലേയ്ക്കു് നടന്നുപോയി. ഞങ്ങറംക്കു യാതൊരു തിടുക്കവുമുണ്ടായിരുന്നില്ല. എന്നാൽ സോഷ്യലിസ്റ്റ് റവലൂഷണറികളെ തിക്കിക്കയററിയ ഒരു വണ്ടി ഞങ്ങളെ കടന്നു പോയപ്പോറം ഞങ്ങറം നടപ്പിനു വേഗത കൂട്ടി.

അയൽഗ്രാമങ്ങളിൽ നിന്നുള്ള കർഷകർ കൂട്ടംകൂട്ടമായി വിസ്താരമുള്ള നിരത്തുകളിലൂടെ നടന്നു് കവലയിലെത്തി. യോഗം തുടങ്ങിയിരുന്നില്ല. പക്ഷേ ഒച്ചയും ബഹളവും ദൂരെ നിന്നേ കേറംക്കാമായിരുന്നു.

ഫേജ ആറംക്കൂട്ടത്തിനിടയിൽ നിൽക്കുന്നതു ഞാൻ കണ്ടു. അവൻ മുന്നോട്ടും പിറകോട്ടും തിരിഞ്ഞു് ലഘുലേഖകറം വിതരണം ചെയ്യുകയായിരുന്നു. എന്നെ കണ്ടപ്പോറം അവൻ അടുത്തേക്കു വന്നു.

''ഓ! നീയും വന്നിട്ടുണ്ടു് അല്ലേ, കൊള്ളാം. ഇന്നു് നല്ല രസമായിരിക്കും. ഇതാ ഇതു് കുറെ ആളുകറംക്കു് കൊടുക്കു്.''

അവൻ ഒരു കെട്ടു് ലഘുലേഖകറം എന്നെ ഏല്പിച്ചു. ഞാനു ഒരെണ്ണം തുറന്നുനോക്കി. വിജയകരമായി പര്യവസാനിക്കുംവരെ യുദ്ധം ചെയ്യുന്നതിനെ അനുകൂലിച്ചുകൊണ്ടുള്ള സോഷ്യലിസ്റ്റ് റവലൂഷണറി ലഘുലേഖകളായിരുന്നു അവ. ഞാൻ അവ മടക്കിക്കൊടുത്തു.

''ഇല്ല, ഫേജ, ഞാൻ ഇതു വിതരണംചെയ്യുകയില്ല. നിനക്കു വേണമെങ്കിൽ നീതന്നെ ചെയ്തോ.''

ഫേജ വെറുപ്പോടെ കാർക്കിച്ചു തുപ്പി.

''നീ ഒരു മണ്ടനാണു്. നീ അവരുടെ കൂടെയല്ലല്ലോ, ആണോ?'' ഫയോദർ മാസ്റ്ററും ബസ്കാക്കൊവും നില്ക്കുന്നിടത്തേക്കു നോക്കിക്കൊണ്ടു് അവൻ ചോദിച്ചു.

''നീ ആളു മോശമില്ല. ഞാനാണെങ്കിൽ നിന്നെ വിശ്വസിച്ചിരുന്നു.''

''എന്നെ വിശ്വസിച്ചിരുന്നത്രെ!'' ഒരു പരിഹാസച്ചിരിയോടെ ഞാൻ വിചാരിച്ചു. ''എനിക്ക് സ്വന്തമായി തലയില്ലെന്നു തോന്നും!''

''വിജയകരമായ പര്യവസാനത്തിനു്...'' തൊട്ടടുത്തുനിന്നു് ശാന്തമായ ഒരു ശബ്ദം കേട്ടു.

തിരിഞ്ഞുനോക്കിയപ്പോൾ, മുഖത്തു വസൂരിക്കലയുള്ള നഗ്നപാദനായ ഒരു കൃഷിക്കാരൻ അടുത്തു നില്ക്കുന്നതാണു് ഞാൻ കണ്ടതു്. അയാൾ തൊപ്പിയും ധരിച്ചിരുന്നില്ല. അയാൾ ഒരു കയ്യിൽ ഒരു ലഘുലേഖയും മറേറക്കയ്യിൽ ഒരു പൊട്ടിയ കടിഞ്ഞാണും പിടിച്ചിരുന്നു. കടിലിലിരുന്നു് കടിഞ്ഞാണിൻെറ കേടുപാടുകൾ നീക്കിക്കൊണ്ടിരുന്ന ആ മനുഷ്യൻ ആളുകൾ പറയുന്നതു് എന്തെന്നറിയാൻ പുറത്തേക്കു് വന്നതാവാം.

''വിജയകരമായ പര്യവസാനത്തിനു് പോലും—എനിക്കു് അതു പിടിച്ചു!'' തെല്ലൊരു അമ്പരപ്പോടും അത്ഭുതത്തോടും കൂടി ആൾക്കൂട്ടത്തെ നോക്കിക്കൊണ്ടു് അയാൾ ആവർത്തിച്ചു. അയാൾ തല കുലുക്കിക്കൊണ്ടു് വാതില്പടിയിലിരുന്നു. തൻെറ കയ്യിലിരുന്ന ലഘുലേഖ ചൂണ്ടിക്കാട്ടിക്കൊണ്ടു് അയാൾ തൊട്ടടുത്തിരുന്ന ബധിരനായ വൃദ്ധൻെറ ചെവിയിലേക്കു് വിളിച്ചുകൂവി:

''പിന്നേയും വിജയകരമായ പര്യവസാനത്തിനാണു്. ആയിരത്തിത്തൊള്ളായിരത്തി പതിന്നാലുമുതൽ കേട്ടുതുടങ്ങിയതാണിതു്. ഇതിൻെറയൊക്കെ അർത്ഥമെന്താണു്, പ്രോഹർ അപ്പൂപ്പാ?''

കവലയുടെ നടുവിലേക്കു് ഒരു വണ്ടി ഉരുട്ടിക്കൊണ്ടുവന്നു. ഒരു അദ്ധ്യക്ഷൻ—ആരും അയാളെ തിരഞ്ഞെടുത്തതല്ല—വണ്ടിയുടെ മുകളിൽ കയറി നിന്നു് വിളിച്ചു പറഞ്ഞു:

''മാന്യരെ! ഈ യോഗം ഞാൻ ഉൽഘാടനം, ചെയ്യിരിക്കുന്നു. സോഷ്യലിസ്റ്റ് റവലൂഷണറിയായ സഖാവു് ക്രൂഗ്ലിക്കൊവിനെ ആദ്യമായി പ്രസംഗിക്കാൻ ക്ഷണിച്ചുകൊള്ളുന്നു. അദ്ദേഹം താല്ക്കാലിക ഗവണ്മെൻറിനെയും, യുദ്ധത്തെയും ഇപ്പോഴത്തെ പരിതസ്ഥിതിയെയും കുറിച്ചു് പ്രസംഗിക്കുന്നതാണു്.''

അദ്ധ്യക്ഷൻ വണ്ടിയിൽനിന്നു് ചാടിയിറങ്ങി. ഏതാനും നിമിഷത്തേക്കു് ''പ്രസംഗവേദിയിൽ'' ആരും ഉണ്ടായിരുന്നില്ല. പെട്ടെന്നു് ക്രൂഗ്ലിക്കൊവ് അതിലേക്കു ചാടിക്കയറി. അയാൾ നീണ്ടുനിവർന്നു നിന്നു് കൈകളുയർത്തി. ബഹളം പെട്ടെന്നു നിലച്ചു.

''മഹത്തായ സ്വതന്ത്ര റഷ്യയിലെ പൗരന്മാരേ! സോഷ്യലിസ്റ്റ് റെവല്യൂഷണറി പാർട്ടിയുടെ പേരിൽ ഞാൻ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു.''

ക്രൂഗ്ലിക്കൊവ് പ്രസംഗം തുടങ്ങി. ഒററവാക്കുപോലും വിട്ടുപോകാതെ ഞാൻ അതീവശ്രദ്ധയോടെ അതു കേട്ടിരുന്നു.

എത്ര പ്രതികൂലമായ ഒരു സാഹചര്യത്തിലാണു താല്ക്കാലിക ഗവൺമെൻറിനു പ്രവർത്തിക്കേണ്ടിവരുന്നതെന്ന് അയാൾ വിശദീകരിച്ചു. ജർമ്മൻകാർ യുദ്ധമുന്നണിയിൽ അടിച്ചുകയറുന്നു, കറുത്ത ശക്തികൾ—ജർമ്മൻ ചാരന്മാരും ബോൾഷെവിക്കുകളും—രാജ്യത്തിനുള്ളിൽ വിൽഹെമിനുവേണ്ടി പ്രക്ഷോഭണം നടത്തുന്നു.

''ഇതേവരെ നിക്കോലാസ് ചക്രവർത്തിയായിരുന്നു നമ്മെ ഭരിച്ചത്, ഇനി വിൽഹെം വരാൻ ഒരുങ്ങുകയാണ്. ഇനി ഒരു ചക്രവർത്തിയെ നമുക്കു വേണോ?'' അയാൾ ചോദിച്ചു.

''വേണ്ട. നമുക്ക് ചക്രവർത്തിമാരെ ഇനി വേണ്ട!'' നൂററുക്കണെക്കിനു ശബ്ദങ്ങൾ വിളിച്ചുപറഞ്ഞു.

''നമുക്കു യുദ്ധവും മതിയായി'', ക്രൂഗ്ലിക്കോവ് തുടർന്നു. ''ഇപ്പോൾ യുദ്ധം അവസാനിപ്പിക്കാൻ സമയമായെന്നു നിങ്ങൾക്കു തോന്നുന്നില്ലേ?''

''അതെ, അതെ!'' ജനക്കൂട്ടം ഒരേശബ്ദത്തിൽ വിളിച്ചുപറഞ്ഞു.

''എന്താണിതു്?'' ഞാൻ മാനുൽ മാസ്റ്ററോട് ചോദിച്ചു. ''മററുള്ളവരുടെ അഭിപ്രായമാണല്ലോ അയാൾ പറയുന്നതു്. അയാളുടെ പാർട്ടി യുദ്ധം നിർത്തിവയ്ക്കാൻ ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ലല്ലോ.''

''മിണ്ടാതെ മുഴുവൻ കേൾക്കു്!'' മാസ്റ്റർ എൻെറ പള്ളയിൽ കുത്തിക്കൊണ്ട് മന്ത്രിച്ചു.

''അതെ, അതിനു സമയമായി!'' ആ സോഷ്യലിസ്റ്റ് റെവല്യൂഷണറി തുടർന്നു. ''നിങ്ങളിൽ ഓരോരുത്തരും ആഗ്രഹിക്കുന്നതു് അതാണ്. എന്നാൽ വിജയം കൈവരിച്ച് യുദ്ധം ഉടനടി അവസാനിപ്പിക്കുവാനും ജർമ്മനിയുടെ കെട്ടതിയിൽനിന്നു് രാജ്യത്തെ മോചിപ്പിക്കുവാനും ബോൾഷെവിക്കുകൾ അനുവദിക്കുന്നില്ല. അവർ പട്ടാളത്തെ നിരുത്സാഹപ്പെടുത്തുകയാണ്. അതിൻെറ ഫലമായി പട്ടാളക്കാർ യുദ്ധംചെയ്യാൻ അശക്തരായിത്തീർന്നിരിക്കുന്നു. യുദ്ധംചെയ്യാൻ കഴിവുള്ള ഒരു പട്ടാളം

നമുക്കുണ്ടാകുകയാണെങ്കിൽ ശത്രുവിനെ നിശ്ശേഷം പരാജയപ്പെടുത്തി സമാധാനം സ്ഥാപിക്കാൻ കഴിയും. എന്നാൽ ഇപ്പോഠം സമാധാനം സ്ഥാപിക്കാൻ നമുക്കു സാദ്ധ്യമല്ല. ആരാണു് അതിനു് ഉത്തരവാദികഠം? നമ്മുടെ മക്കളും സഹോദരന്മാരും ഭർത്താക്കന്മാരും അച്ഛന്മാരും മടങ്ങി വന്നു് സാധാരണ ജോലികളിൽ ഏർപ്പെടുന്നതിനു പകരം കിടങ്ങുകളി ലിരുന്നു് നരകിക്കുന്നതിനു് ഉത്തരവാദികഠം ആരാണു്? വിജയത്തെ തടസ്സപ്പെടുത്തുകയും അങ്ങിനെ യുദ്ധം നീട്ടിക്കൊണ്ടുപോവുകയും ചെയ്യുന്നതു് ആരാണു്? സോഷ്യലിസ്റ്റു് റവല്യൂഷണറികളായ ഞങ്ങഠം ഉറപ്പിച്ചു് പറയുന്നു: ശത്രുവിൻെറ മേൽ കനത്ത പ്രഹരം ഏൽപ്പിക്കുക. ജർമ്മൻ കുത്തകക്കാരെ റവല്യൂഷണറി പട്ടാളം പരാജയപ്പെടുത്തുക. അതു കഴിഞ്ഞു് യുദ്ധം അവസാനിപ്പിച്ചു് സമാധാനം സ്ഥാപിക്കുക!''

പുകയിലപ്പുകയുടെ കനത്ത പടലത്തിനുള്ളിൽ ജനങ്ങഠംക്കു ശ്വാസംമുട്ടി. അനുകൂലിച്ചുകൊണ്ടുള്ള ശബ്ദങ്ങഠം അവിടെയും ഇവിടെയും ഉയർന്നു.

നാടിൻെറ നായകത്വം വഹിക്കാൻ പോകുന്ന കോൺസ്റ്റിററുവൻറ് അസംബ്ലിയെക്കുറിച്ചും, ഭൂവുടമകളുടെ സ്വത്തുക്കഠം പിടിച്ചെടുക്കുന്നതിനെക്കുറിച്ചും, ക്രമസമാധാനങ്ങഠം പാലിക്കുകയും താല്ക്കാലിക ഗവണ്മെൻറിൻെറ നിർദ്ദേശങ്ങളും അനുശാസനങ്ങളും ശിരസാവഹിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചും ക്രൂഗ്ലിക്കൊവ് തുടർന്നു പ്രസംഗിച്ചു. ശ്രോതാക്കളുടെ മനസ്സിൽ അയാഠം അതിലോലമായ ഒരു ചിലന്തിവല സൃഷ്ടിച്ചു. ആദ്യം അയാഠം കർഷകരുടെ ഭാഗംപിടിക്കുകയും അവരുടെ ആവശ്യങ്ങളെപ്പററി അവരെ അനുസ്മരിപ്പിക്കുകയും ചെയ്തു. എന്നാൽ ''അതെ! അതെ!'' ''അതുശരിയാണു്!'' എന്നിങ്ങനെ വിളിച്ചു പറഞ്ഞു് ജനക്കൂട്ടം അതിനെ അനുകൂലിച്ചു തുടങ്ങിയപ്പോഠം അയാഠം തഞ്ചത്തിൽ അഭിപ്രായം മാററി. ഭൂമികിട്ടാതെ കർഷകർ സ്വതന്ത്രരാവുകയില്ലെന്നു്, താൻ പറഞ്ഞപ്പോഠം അതനുകൂലിച്ച ജനക്കൂട്ടത്തെക്കൊണ്ടു്, സ്വതന്ത്രമായ ഒരു രാജ്യത്തു് ഭൂവുടമകളുടെ കയ്യിൽ നിന്നു് ഭൂമി ബലാല്ക്കാരമായി തട്ടിപ്പറിക്കുന്നതു് തെററാണെന്നു് അയാഠം സമ്മതിപ്പിച്ചു.

ഒന്നരമണിക്കൂർ നീണ്ടുനിന്ന അയാളുടെ പ്രസംഗം അവസാനിച്ചപ്പോഠം പ്രചണ്ഡമായ കരഘോഷം മുഴങ്ങി. ഒപ്പം ബോഠംഷെവിക്കുകഠംക്കും ചാരന്മാർക്കും എതിരായ മുദ്രാവാക്യങ്ങളും.

''ക്രൂഗ്ലിക്കൊവിനു് ശേഷം ബസ്കാക്കൊവ് ശോഭിക്കയില്ല,'' ഞാൻ വിചാരിച്ചു. ''ആളുകൾ എങ്ങിനെ ഇളകിയിരിക്കുന്നു!''

...പൈപ്പു വലിച്ചുകൊണ്ടു് എന്റെയടുക്കൽ നിന്നിരുന്ന ബസ്കാ...വിനു് പ്രസംഗവേദിയിൽ കയറാൻ യാതൊരുദ്ദേശവുമില്ലെന്നു തോ... ...അതെന്നെ അത്ഭുതപ്പെടുത്തി.

...ബോൾഷെവിക്കുകളുടെ പെരുമാററം വണ്ടിക്കു ചുററും കൂടിനിന്നി... സോഷ്യലിസ്റ്റ് റവല്യൂഷണറികളേയും അത്ഭുതപ്പെടുത്തി. ബോൾ...വിക്കുകൾ ആരുടേയോ ആഗമനം പ്രതീക്ഷിച്ചിരിക്കുകയാണെന്നു ...അവർ മററൊരാളെ പ്രസംഗവേദിയിലേക്കു് കയററി. ക്രൂഗ്ലി...വിന്റെ അടുത്തെങ്ങും നിൽക്കാൻ അയാൾക്കു കഴിവുണ്ടായിരുന്നി... ...പറഞ്ഞ കാര്യങ്ങളൊക്കെത്തന്നെ പതിഞ്ഞശബ്ദത്തിൽ ആവർ...ക്കുകയാണു് അയാൾ ചെയ്തതു്. അയാൾ താഴെയിറങ്ങിയപ്പോൾ ... കയ്യടിയൊന്നും കിട്ടിയില്ല.

...ടുങ്ങിയ നീണ്ട കണ്ണുകൾ ഇറുക്കിപ്പിടിച്ചു് അകൃത്രിമമായ സദ്...ത്തോടെ നിന്നു് ബസ്കാക്കൊവ് അപ്പോഴും പുകവലിക്കയായി... ''അവർ കിടന്നു് ചിലയ്ക്കട്ടെ, ആർക്കു ചേതം! ഞാൻ എന്റെ ...വലിക്കുകയാണു്. ആരെയും തടസ്സപ്പെടുത്താൻ ഉദ്ദേശിക്കുന്നി...'' എന്നു പറയുന്ന മുഖഭാവമായിരുന്നു അയാളുടേതു്.

...മത്തെ പ്രാസംഗികൻ രണ്ടാമനേക്കാൾ ഒട്ടും ഭേദമായിരുന്നില്ല. ... പ്രസംഗം അവസാനിപ്പിച്ചപ്പോൾ ആളുകൾ ചൂളമടിക്കുകയും ...വിളിക്കുകയും ചെയ്തു:

'...ഹേ! അദ്ധ്യക്ഷനെവിടെ!''

'...ഹേ! മരത്തലയാ! മററുള്ളവർക്കും പ്രസംഗിക്കാൻ അവസരം ...!''

''ബോൾഷെവിക്കുകളെ വിളിക്കൂ! പ്രസംഗിക്കാൻ അവരെ അനു...ത്തതെന്താണു്?''

...ഞാൻ എല്ലാവർക്കും അവസരം കൊടുക്കാൻ തയ്യാറാണെന്നും എ...ന്നാൽ ബോൾഷെവിക്കുകൾ പേടികൊണ്ടായിരിക്കാം മുമ്പോട്ടു വരാ...ന്നതെന്നും അവരെക്കൊണ്ടു് നിർബ്ബന്ധിച്ചു പ്രസംഗിപ്പിക്കാൻ ... കഴിവില്ലെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു.

''നിങ്ങൾക്കു കഴിവില്ലെങ്കിൽ ഞങ്ങൾ നോക്കാം!''

''വേണ്ടാത്ത വൃത്തികേടുകളൊക്കെ ചെയ്തിട്ട് അവർ ഇപ്പോരം ഒ ളിച്ചിരിക്കുകയാണ്...''

''അവരെ പിടലിക്കു പിടിച്ച് മുമ്പോട്ടു കൊണ്ടുവരൂ! ജനങ്ങളോ ട് സമാധാനം പറയട്ടെ...''

ജനക്കൂട്ടത്തിന്റെ ഗർജ്ജനം എന്നെ ഭയപ്പെടുത്തി. ഞാൻ മാസ്റ്ററുടെ മുഖത്തേക്കു നോക്കി. പുഞ്ചിരിച്ചുകൊണ്ടിരുന്നെങ്കിലും] അദ്ദേഹത്തി ന്റെ മുഖം വിളറുന്നതു ഞാൻ കണ്ടു.

''അതു മതി. ബസ്കാക്കൊവ്,'' അദ്ദേഹം പറഞ്ഞു. ''സംഗ തി കുഴപ്പമായേക്കും.''

ബാസ്കാക്കൊവ് കണ്ണുശ്രദ്ധിവരുത്തി. പൈപ്പു പോക്കിററിലിട്ടി ട്ട് ക്ഷുഭിതരായ ജനക്കൂട്ടത്തിനിടയിലൂടെ മെല്ലെ വണ്ടിയുടെ അടുത്തേ ക്കു നീങ്ങി. രോഷാകുലരായിരുന്ന ആളുകരം അയാരംക്കു വഴിമാറിക്കൊ ടുത്തു.

അയാരം യാതൊരു ബദ്ധപ്പാടും കാണിച്ചില്ല. ആദ്യം അയാരം വ ണ്ടിക്കു ചുററും കൂടിനില്ക്കുന്ന സോഷ്യലിസ്റ്റ് റവലൂഷണറികളെ യാതൊ രു താല്പര്യവും കൂടാതെ ഒന്നു നോക്കി. അതു കഴിഞ്ഞ് കൈപ്പടംകൊ ണ്ട് നെററി തുടച്ചു. പിന്നീട് അയാരം ജനക്കൂട്ടത്തെ ആകെ കണ്ണുകൊ ണ്ടുഴിഞ്ഞിട്ട് തന്റെ വലിയ മുഷ്ടി ചുരുട്ടി എല്ലാവർക്കും കാണത്തക്ക വിധം പിടിച്ചു.

''ഇതു കണ്ടോ?'' പരിഹാസം നിറഞ്ഞ ശബ്ദത്തിൽ അയാരം ഉറ ക്കെ ചൊദിച്ചു.

തികച്ചും അസാധാരണമായ ആ തുടക്കം എന്നെ അമ്പരപ്പിച്ചു. കൃ ഷിക്കാരേയും അതു് അത്ഭുതപ്പെടുത്തി.

കോപാകുലരായി പലരും വിളിച്ചുചോദിച്ചു:

''എന്താണിതു്?''

''ജനങ്ങളെ മുഷ്ടിചുരുട്ടിക്കാണിക്കുന്നതെന്തിനാണ്?''

''എടോ, മുഷ്ടിചുരുട്ടിക്കാണിക്കാതെ വാതുറന്ന് വല്ലതും പറയ്! അല്ലെങ്കിൽ കരണക്കുററി തകർക്കും!''

''ഇതു കണ്ടോ?'' ബാസ്കാക്കൊവ് വീണ്ടും പറഞ്ഞു. ''ഇല്ലെ ങ്കിൽ അവർ ഇതിലും വലിയതു് നിങ്ങരംക്കു കാട്ടിത്തരും,'' അയാരം സോഷ്യലിസ്റ്റ് റവലൂഷണറികളുടെ നേരെ തല തിരിച്ചുകൊണ്ട് പറ

[illegible]. ''സ്വതന്ത്ര റഷ്യയിലെ പൗരന്മാരായ നിങ്ങരം ആരെന്തു പറഞ്ഞാ [illegible] അതു കണ്ണുമടച്ചു് വിശ്വസിക്കുന്നതു് നിർഭാഗ്യകരമാണു്. മാന്യരെ, [illegible]പ്ലവംകൊണ്ടു് നിങ്ങരംക്കു് എന്തു ഗുണമാണു് ഉണ്ടായിട്ടുള്ളതെന്നു് [illegible] പറഞ്ഞുതരൂ. യുദ്ധമുണ്ടായിരുന്ന അതിപ്പോഴും നടക്കുന്നു. നിങ്ങരം [illegible] കൃഷിഭൂമി സ്വന്തമായിട്ടില്ലായിരുന്നു, ഇപ്പോഴും ഇല്ല. അയലത്തു [illegible]ഭരിച്ചിരുന്ന ഭൂവുടമ ഇപ്പോഴും പ്രതാപത്തിൽ കഴിയുന്നു. അയാരം [illegible] പേടിക്കാനൊന്നുമില്ല. നിങ്ങരം തൊണ്ട അടയുംവരെ കൂക്കിവിളി [illegible] അട്ടഹസിക്കുകയും ചെയ്തോളൂ. ഈ ഗവണ്മെൻറും അയാളുടെ [illegible]താണു്. സംശയമുണ്ടെങ്കിൽ വോമൊവാതൊവൊ ഗ്രാമവാസിക [illegible] ചോദിച്ചു നോക്കൂ. അവർ ജന്മിയുടെ ഭൂമി കൈവശപ്പെടുത്താൻ [illegible]ച്ചപ്പോരം എന്താണു നടന്നതെന്നറിയാമോ? ഒരു പട്ടാളവിഭാഗം അ [illegible]യെത്തി. ഭൂമി ഒന്നാന്തരമാണെന്നു് എല്ലാവരും സമ്മതിച്ചു പക്ഷേ [illegible]ന്താണു്? മുന്നൂറു വർഷം നിങ്ങരം അതു സഹിച്ചില്ലേ? അതു [illegible] ഇനിയും സഹിച്ചോ! ദൈവത്തിനു് ക്ഷമയുള്ളവരോടാണു് [illegible] ഭൂവുടമ വന്നു് തൊപ്പിയൂരി 'നിങ്ങരംക്കു് വേണമെങ്കിൽ കുറെ [illegible] ഭൂമി എടുത്തോളൂ!' എന്നു പറയുന്നതുവരെ കാത്തിരുന്നോളൂ. ലോ [illegible]സാനംവരെ നിങ്ങരംക്കു കാത്തിരിക്കേണ്ടി വരും. കോൺസ്റ്റിററു [illegible] അസംബ്ലി കൂടി, കർഷകർക്കു ഭൂമി കൊടുക്കുമ്പോരം കാണം [illegible]ണോ വേണ്ടയോ' എന്നതിനെപ്പററി ചർച്ചചെയ്യാൻ പോകുന്നെ [illegible]കേട്ടില്ലേ? നിങ്ങരം ഓരോരുത്തരും വീട്ടിൽ ചെന്നു് കൈവശമുള്ള [illegible] എണ്ണിനോക്കൂ. ഭൂമി വാങ്ങാൻ അതു തികയുമോ? ഭൂമികിട്ടാനാ [illegible] വിപ്ലവം നടത്തിയതെന്നു് നിങ്ങരം പറയുമായിരിക്കും— [illegible]ളുടെ സ്വന്തം ഭൂമി ജന്മിക്കു പണം കൊടുത്തിട്ടു വാങ്ങാനാണോ [illegible]പ്ലവം നടത്തിയതു്? അത്തരം ഒരു വിപ്ലവം ആവശ്യമുണ്ടായിരുന്നോ [illegible] ഞാൻ നിങ്ങളോടു ചോദിക്കുന്നു. വിപ്ലവമില്ലാതെതന്നെ പണം [illegible]ത്താൽ ഭൂമി വിലയ്ക്കുവാങ്ങാൻ കഴിയുമായിരുന്നില്ലേ?''

''കാണം കൊടുക്കണമെന്നു പറഞ്ഞതിൻെറ അർത്ഥമെന്താണു്?'' [illegible]ത്തോടെ ആളുകരം വിളിച്ചുചോദിച്ചു.

''ഇതാണു്...'' ബസ്കാക്കൊവ് പോക്കററിൽ നിന്നും ചുരുണ്ട [illegible] ഒരു ലഘുലേഖ പുറത്തെടുത്തു് വായിച്ചു: '''കൃഷിക്കാർക്കു വി [illegible]ന്ന ഭൂമിക്കു് നഷ്ടപരിഹാരം കിട്ടുക എന്നതു് ഭൂവുടമയുടെ ന്യാ

യമായ അവകാശമാണ്.' അതാണ് കാരണം. കേഡററ് പാർട്ടി എഴുതിവിട്ടിട്ടുള്ളതാണ് ഞാൻ വായിച്ചതു്. അവരും കോൺസ്റ്റിററുവെൻറ് അസംബ്ലിയിൽ ഉണ്ടായിരിക്കും. അവർ തങ്ങളുടെ അവകാശങ്ങൾക്കവേണ്ടി വാദിക്കയും ചെയ്യും. അതുകൊണ്ടു് ബോൾഷെവിക്കുകളായ ഞങ്ങൾ തുറന്നു പറയുന്നതു് ഇതാണ്: 'കോൺസ്റ്റിററുവെൻറ് അസംബ്ലി കൂടുന്നതു വരെ കാത്തിരുന്നിട്ടു കാര്യമില്ല, ഇപ്പോൾത്തന്നെ ഞങ്ങൾക്കു ഭൂമി തരിക. ചർച്ചകളോ, നിട്ടിവയ്ക്കലോ, കാണപ്പണമോ ഇല്ലാതെ ഇപ്പോൾത്തന്നെ ഭൂമി വിട്ടു തരിക. ഞങ്ങൾ വേണ്ടുവോളം വില കൊടുത്തിട്ടുണ്ടു്.''

''അതേ, നാം പണ്ടേ കൊടുത്തുകഴിഞ്ഞു'', നൂററുക്കണക്കിനു കണ്ഠങ്ങൾ വിളിച്ചുപറഞ്ഞു.

''ചർച്ചകൾ തുലയട്ടെ! നമുക്കു് ഒന്നും തരാതിരിക്കാനുള്ള സൂത്രമാണു് അതു്.''

''മിണ്ടാതിരിക്കിൻ! ആ ബോൾഷെവിക്ക് സംസാരിക്കട്ടെ! അയാൾ ചുടുള്ളതെന്തെങ്കിലു ഇനിയും പറയുമായിരിക്കും.''

ഞാൻ വാപൊളിച്ചുകൊണ്ടു് മാനവൽ മാസ്റ്ററുടെ അടുത്തുനിന്നു. പെട്ടെന്നു് എനിക്കു് സന്തോഷവും ബസ്കാക്കൊവിനെപ്പററി അഭിമാനവും തോന്നി.

''സെമ്യോൻ ഇവാനൊവിച്ച്'' മാസ്റ്ററുടെ ഷർട്ടിൻെറ കയ്യിൽ പിടിച്ചു വലിച്ചുകൊണ്ടു് ഞാൻ വിളിച്ചു. ''ഞാൻ മുമ്പു് അയാളെപ്പററി എത്ര മോശമായാണ് വിചാരിച്ചതു്! അയാൾ പ്രസംഗിക്കുകയല്ല, ആളുകളോടു് സംസാരിക്കുകയാണ്.''

''അതെ, നമ്മുടെ ബസ്കാക്കൊവു് മിടുമിടുക്കനാണ്.'' ക്ഷുഭിതരായ ജനക്കൂട്ടത്തിലേക്കു് തെറിച്ചുവീണു കൊണ്ടിരുന്ന അയാളുടെ ശാന്തവും ഘനഗംഭീരവുമായ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടു് ഞാൻ വിചാരിച്ചു.

''വിജയത്തിനുശേഷം സമാധാനമെന്നോ?'' ബസ്കാക്കൊവ് പറഞ്ഞു. ''കൊള്ളാം, നല്ല ആശയം. നമ്മൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കും. നമുക്കു് അതു കൂടിയേ കഴിയൂ, അതില്ലാതെ പററില്ല! ബർലിൻകൂടി പിടിച്ചടക്കിയിലെന്താ? ഞാൻ നിങ്ങളോടു് ചോദിക്കുന്നു,'' മുന്നോട്ടു തള്ളിവന്നു് അതിനകം മുൻനിരയിൽ സ്ഥാനംപിടി

...പൊട്ടിയ കഴിഞ്ഞാൺ കയ്യിൽ പിടിച്ച കൃഷിക്കാരൻെറ നേ ...ിൽ ചൂണ്ടിക്കൊണ്ടു് ബസ്കാക്കൊവ് തുടർന്നു.

''ഞാൻ നിങ്ങളോടു ചോദിക്കയാണു്. ജർമ്മൻകാരോ തുർക്കിക ... നിങ്ങാംക്കു് വായ്പവാങ്ങിയ പണം തിരിച്ചുതരാനുണ്ടോ? എൻെറ ...സ്നേഹിതാ, പറയൂ, നിങ്ങാംക്കു് കോൺസ്റ്റാൻറിനോപ്പിളിൽ എ ...കാര്യമാണുള്ളതു്? അവിടത്തെ ചന്തയിലേയ്ക്കു് കുതിരവണ്ടിയിൽ ...ഴങ്ങു് ഇറക്കാൻ നിങ്ങാംക്കു് ഉദ്ദേശമുണ്ടോ? പറയൂ.''

... കൃഷിക്കാരൻെറ മുഖം ചുവന്നു. അയാാം കണ്ണു ചിമ്മുകയും കൈ ...ിക്കൊണിക്കുകയും ചെയ്തുകൊണ്ടു് ക്രുദ്ധനായി പറഞ്ഞു:

''എനിക്കതിൻെറ ആവശ്യമില്ല... എനിക്കു് അതു് എന്തിനാ ...?''

''നിങ്ങാംക്കു വേണ്ട, എനിക്കുവേണ്ട, ഇവിടെ കൂടിയിരിക്കുന്നവ ...ിൽ ഒരാാംക്കും വേണ്ട. കൊള്ളലാഭം ഉണ്ടാക്കാൻ കൊതിക്കുന്ന കച്ച ...ർക്കാണു് അതാവശ്യം. അവർക്കു് അതു് വേണമെങ്കിൽ അവർ ... പോയി യുദ്ധം ചെയ്യട്ടെ. പാവപ്പെട്ട കൃഷിക്കാരൻ എന്തിനു യു ...ചെയ്യുന്നു? ഈ ഗ്രാമത്തിലെ പകുതി ആളുകളേയും അവർ യുദ്ധമു ...ിലേക്കു് അയച്ചതു് എന്തിനാണു്? ലാഭമുണ്ടാക്കാൻ! കച്ചവട ... സഹായിക്കാൻ! നിങ്ങാം എത്ര സാധുക്കളാണു്. താടിയും മീ ...ുള്ള തടിമാടന്മാരാണു് നിങ്ങാം പക്ഷേ ആർക്കുവേണമെങ്കിലും നി ... കുരങ്ങുകളിപ്പിക്കാം.''

''ശരിയാണു് പറഞ്ഞതു്!'' കാൽ ആഞ്ഞു ചവിട്ടിക്കൊണ്ടു് ആ ...ക്കാരൻ പറഞ്ഞു. ''സത്യമായിട്ടും അയാാം പറഞ്ഞതു് ശരിയാ ... '' അയാാം ഒരു നെടുവീർപ്പിട്ടുകൊണ്ടു് തലകുനിച്ചു.

''അതുകൊണ്ടു്, ഞങ്ങാം പറയുന്നതു് ഇതാണു്,'' തൻെറ പ്രസം ...സംഹരിച്ചുകൊണ്ടു് ബസ്കാക്കൊവ് പറഞ്ഞു. ''വിജയം വരി ...ശേഷമുള്ള സമാധാനമല്ല ഞങ്ങാംക്കു വേണ്ടതു്. ഇനിയും അനേ ... തൊഴിലാളികളും കൃഷിക്കാരും മരിക്കുകയും അംഗഹീനരാകുക ...ചെയ്തശേഷമുള്ള സമാധാനമല്ല നമുക്കു വേണ്ടതു്. നമുക്കു് സമാധാ ...ിപ്പോാം വേണം. നമുക്കു് ഒരു യുദ്ധവും ജയിക്കേണ്ട. നമ്മുടെ സ്വ ...യിൽ നാം ഭൂവുടമകളോടു് ഇനിയും ജയിച്ചിട്ടില്ല. ശരിയല്ലേ, ...രന്മാരെ? ആർക്കെങ്കിലും മറിച്ചു് അഭിപ്രായമുണ്ടെങ്കിൽ മുമ്പോ

ട്ട വന്നു് എന്നെ നുണയനെന്നു വിളിച്ചോളൂ, ഞാൻ പറഞ്ഞതു് നേരല്ലെന്നു് പറഞ്ഞോളൂ. എനിക്കു് കൂട്ടതലൊന്നും പറയാനില്ല.''

ജനങ്ങളുടെ ഇടയിൽനിന്നു് വിലാപസ്വരം പോലെയുള്ള വലിയ ഒരാരവം ഉയർന്നു. ക്രൂഗ്ലിക്കൊവ് വിളറിയ മുഖവുമായി വേദിയിലേക്കു് ചാടിക്കയറി, തനിക്കു് എന്തോ പറയാനുണ്ടെന്നു കാണിക്കാൻ കൈ വീശി. പക്ഷേ അയാളെ ആളുകൾ തള്ളി മാററി. ബസ്ക്കാക്കൊവ് പൈപ്പു കത്തിച്ചു. കടിഞ്ഞാൺ കയ്യിൽ പിടിച്ചിരുന്ന കൃഷിക്കാരൻ ബസ്കാക്കൊവിൻെറ കുപ്പായക്കയ്യിൽ പിടിച്ചു വലിച്ചു് തന്നോടൊപ്പം കുടിലിൽവന്നു് ചായകുടിക്കാൻ ക്ഷണിച്ചു.

''തേൻകൂട്ടി ചായകുടിക്കാം'', ഏതാണ്ടു് യാചനാസ്വരത്തിൽ കൃഷിക്കാരൻ പറഞ്ഞു. ''കുറച്ചുതേൻ ബാക്കിയുണ്ടു്. വരൂ, കൂട്ടുകാർ എല്ലാവരും പോരട്ടെ.''

ഉണങ്ങിയ റാസ്ബെറി ഇട്ടു് തിളപ്പിച്ച വെള്ളം ഞങ്ങൾ കുടിച്ചു. ആ കുടിലിനുള്ളിൽ തേനിൻെറ ഹൃദ്യമായ ഗന്ധം നിറഞ്ഞു നിന്നു. സോഷ്യലിസ്റ്റ് റവല്യൂഷണറികളെ കയററിയ കുതിര വണ്ടി കുടിലുകടന്നു് പൊടി നിറഞ്ഞ വഴിയിലൂടെ അകന്നു പോയി. വരണ്ടു് ശ്വാസം മുട്ടിക്കുന്ന സന്ധ്യ സമാഗതമായി. അങ്ങു ദൂരെ പട്ടണത്തിൽ മണികൾ മുഴങ്ങിക്കൊണ്ടിരുന്നു. പ്രക്ഷുബ്ധമായ നാട്ടു് ശാന്തമാകാൻ വേണ്ടി പട്ടണത്തിലെ മുപ്പതു പള്ളികളിലുമുള്ള സന്യാസിമാരും വൈദികന്മാരും പ്രാർത്ഥന നടത്തുകയായിരുന്നു.

അദ്ധ്യായം മൂന്നു്

തീംകയെ യാത്രയയയ്ക്കാൻ ഞാൻ സെമിത്തേരിയിലേക്കു പോയി. ...ക്രനിലുള്ള ഒരമ്മാവൻെറ അടുത്തേക്കു് തീംകയും അച്ഛനും പോവുക ...യിരുന്നു. സിറേറാമിർ എന്ന നഗരത്തിനു് അടുത്തെവിടെയോ തീം ...യുടെ അമ്മാവനു് കൃഷിചെയ്യാൻ കുറച്ചു് സ്ഥലമുണ്ടു്.

അവർ സാമാനങ്ങളൊക്കെ കെട്ടിവച്ചു കഴിഞ്ഞിരുന്നു. തീംകയുടെ ...ച്ഛൻ ഒരു കുതിരവണ്ടി പിടിക്കാൻ പോയി. തീംക ഉല്ലാസവാനാ ... കാണപ്പെട്ടു. അവനു് ഒരു നിമിഷംപോലും അടങ്ങിയിരിക്കാൻ ക ...ഞ്ഞില്ല. താൻ ജനിച്ചുവളർന്ന കുടിലിൻെറ ചുമരുകാം അവസാന ...യി ഒരിക്കൽക്കൂടി കാണാനെന്നവണ്ണം അവൻ വീട്ടിലാകെ ഓടിന ... എന്നാൽ തീംക, ഉല്ലാസവാനാണെന്നു്, വെറുതെ നടിക്കുകമാത്രമാ ...ണെന്നും കണ്ണീരടക്കാൻ അവൻ പണിപ്പെടുകയാണെന്നും എനിക്കു മന ...ലായി. പക്ഷികളെയെല്ലാം അവൻ നേരത്തേതന്നെ തുറന്നു വിട്ടി ...രുന്നു.

''പക്ഷികളെല്ലാം.... പറന്നുപോയി,'' തീംക പറഞ്ഞു. ''റോ ...ബിനുകളും ടോംടിററുകളും ഗോാംഡ്ഫിഞ്ചുകളും സിസ്കിനും എല്ലാം. ...സിസ്, എനിക്കു് ആ സിസ്കിനോടായിരുന്നു ഏററവും ഇഷ്ടം. ...തു നന്നായി ഇണങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ കൂടു തുറന്നിട്ടു, പക്ഷേ ...തു പറന്നുപോയില്ല. ഞാൻ ഒരു കൊച്ചു കമ്പുകൊണ്ടു് തള്ളിയാണു് ...തിനെ കൂട്ടിനു പുറത്താക്കിയതു്. അതു് ഒരു പോപ്ലാർ മരത്തിൻെറ ...ത്തു പോയിരുന്നു് പാട്ടു തുടങ്ങി—നീ അതൊന്നു് കോംക്കേണ്ടി ...രുന്നു! ഞാൻ കൂടു് ഒരു കൊമ്പിൽ തൂക്കിയിട്ടിട്ടു് ആ മരച്ചുവട്ടിലിരു ... കഴിഞ്ഞ കാലത്തെപ്പററി ഓർത്തു. എൻെറ പക്ഷികാം, സെമി ...രി, സ്കൂാം—എല്ലാം ഉപേക്ഷിച്ചു് ഞങ്ങാം പോകണം. ഞാൻ വള ...നേരം ആലോചിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഞാൻ എണീററു് കൂടു് ...ടുത്തു. എൻെറ സിസ്കിൻ അതിനുള്ളിൽ ഉണ്ടായിരുന്നു! അ ...നു് പറന്നു പോകാൻ ഇഷ്ടമില്ല, അതു തിരിച്ചു കൂട്ടിൽക്കയറി. പെ

ട്ടെന്നു് എനിക്കു് സഹിക്കാനാവാത്ത സങ്കടം തോന്നി. ഞാൻ... ഞാൻ കരിഞ്ഞില്ലെന്നു മാത്രം.''

അവന്റെ വാക്കുകൾ എന്റെ ഉള്ളിൽ തട്ടി.

''കരഞ്ഞില്ലെന്നു് നീ നുണ പറയുകയാണു്,'' ഞാൻ പറഞ്ഞു. ''നീ കരഞ്ഞു കാണും.''

''അതേ, ഞാൻ കരഞ്ഞു,'' ഒരു തേങ്ങലോടെ അവൻ സമ്മതിച്ചു. ''ബോറിസ്, ഞാൻ ഇവിടവുമായി പഴകിപ്പോയി. ഞങ്ങളെ ഇവിടു ന്നു് ഓടിക്കുന്നതു് എനിക്കു് സഹിക്കാൻ കഴിയുന്നില്ല. ഞാൻ അച്ഛൻ അറിയാതെ ആ പള്ളി അധികാരി സെന്യൂഗിന്റെ അടുത്തുപോയി ഞ ങ്ങളെ ഇവിടെ താമസിപ്പിക്കണമെന്നു് കെഞ്ചുകപോലും ചെയ്തു, ബോ റിസ്. പക്ഷേ അയാൾ സമ്മതിച്ചില്ല.'' തീംക നെടുവീർപ്പിട്ടുകൊണ്ടു് മുഖം തിരിച്ചു. ''മററുള്ളവർക്കു് കിടപ്പാടമില്ലെങ്കിൽ അയാൾക്കെന്തു്? അയാൾക്കു താമസിക്കാൻ സ്വന്തമായി ഒന്നാന്തരം ഒരു വീടുണ്ടു്...''

തീംക അവസാനത്തെ വാക്കു പറഞ്ഞതു് വളരെ പതുക്കെയാണു്. പെട്ടെന്നു് അവൻ അടുത്ത മുറിയിലേക്കു പോയി. ഏതാനും നിമിഷ ങ്ങൾ കഴിഞ്ഞു് ഞാനും അങ്ങോട്ടു ചെന്നു. അവൻ കെട്ടിവച്ചിരുന്ന കി ടക്കയിൽ മുഖമമർത്തി കരയുന്നതാണു് ഞാൻ കണ്ടതു്.

സ്റ്റേഷനിൽ തീവണ്ടി വന്നു നിന്നപ്പോൾ അതിൽ കടന്നുകൂടാനാ യി കുതിച്ചു പാഞ്ഞ ജനപ്രവാഹത്തിനിടയിൽ തീംകയും അവന്റെ അച്ഛനും അപ്രത്യക്ഷരായി.

''അവൻ ഈ ബഹളത്തിൽപ്പെട്ടു് ഞെരിഞ്ഞുപോകും,'' ഞാൻ ഉൽ ക്കണ്ഠയോടെ വിചാരിച്ചു. ''ഇക്കണ്ട ആളുകളെല്ലാം എങ്ങോട്ടു പോവു കയാണു്?''

പ്ലാററു്ഫോറത്തിൽ ആളുകൾക്കു് നില്ക്കാൻ ഇടമില്ലാതായി. പട്ടാ ളക്കാരും നാവികരും സൈനികോദ്യോഗസ്ഥന്മാരും അ ക്കൂട്ടത്തിലുണ്ടാ യിരുന്നു. ''ഇവരൊക്കെ യാത്രചെയ്യുക പതിവാണു്. പക്ഷേ സാധാര ണക്കാരായ മററാളുകൾ എങ്ങോട്ടാണു പോകുന്നതു്?'' അവിടവിടെ കൂ ടിക്കിടന്ന പെട്ടികളുടേയും ഭാണ്ഡങ്ങളുടേയും കുട്ടകളുടേയും ചുററുംകൂടി നിന്ന ആളുകളെ നോക്കി ഞാൻ അത്ഭുതപ്പെട്ടു. പട്ടാളക്കാരല്ലാത്തവർ കുടുംബസമേതമാണു് സഞ്ചരിച്ചിരുന്നതു്. വൃത്തിയായി മുഖംവടിച്ച കോപിഷ്ഠരായ പുരുഷന്മാർ അങ്ങോട്ടുമിങ്ങോട്ടുമുള്ള ഓട്ടവും ക്ഷോഭവും

നിമിത്തം വിയർക്കുന്നുണ്ട്. സുന്ദരികളായ യുവതികളുടെ കണ്ണുകളിൽ ക്ഷീണവും അവശതയും തളംകെട്ടിനിന്നു. വിചിത്രാകൃതിയിലുള്ള വലിയ തൊപ്പികൾ ധരിച്ച മാമൂൽപ്രിയരായ അമ്മമാർ ഈ ബഹളംകണ്ട് അമ്പരന്ന് പിടിവാശിക്കാരും അസ്വസ്ഥരുമായിത്തീർന്നു.

ഇടത്തുവശത്ത് ഒരു വലിയ തുകൽപ്പെട്ടിക്കടുത്ത് ഒരു വൃദ്ധ ഇരുന്നിരുന്നു. സിനിമയിലും മററും കാണുന്നമാതിരിയുള്ള ഉന്നതകുലജാതയായ ഒരു പ്രഭ്വിയാണ് അവരെന്ന് കണ്ടാൽ തോന്നും. അവരുടെ ഒരു കയ്യിൽ, തുകൽവാറിട്ട മുറുക്കിക്കെട്ടിയ കിടക്കവിരികളുടെ ഒരു ഭാണ്ഡവും മറേറ കയ്യിൽ ഒരു കൂടും ഉണ്ടായിരുന്നു.

ഒരു വലിയ ഇരുമ്പുപെട്ടി എടുത്തു മാററാൻ ശ്രമിക്കുന്ന യുവാവായ ഒരു നാവികോദ്യോഗസ്ഥനോട് അവർ എന്തൊക്കെയോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

''നിർത്തു,'' അയാൾ അവരോട് പറഞ്ഞു. ''ഇവിടെ പോർട്ടറെ എങ്ങിനെ കിട്ടാനാണ്? നാശം!'' അയാൾ പെട്ടി താഴെയിട്ടിട്ട് ആ വഴി കടന്നുപോയ ഒരു പട്ടാളക്കാരനെ നോക്കി പറഞ്ഞു: ''ഹേ! ഇതൊന്ന് വണ്ടിയിൽ കയററാൻ സഹായിക്കു!''

ഓർക്കാപ്പുറത്തു കേട്ട ആ ഉറച്ച കല്പനയെ യാന്ത്രികമായി അനുസരിച്ച് പട്ടാളക്കാരൻ അററൻഷനായി നിന്നു. എന്നാൽ കൂട്ടുകാരുടെ പരിഹാസം നിറഞ്ഞ നോട്ടം കണ്ടപ്പോൾ, തൻെറ വിധേയഭാവത്തിൽ സ്വയം ലജ്ജിതനായിട്ടെന്നപോലെ അയാൾ കൈ മെല്ലെ അരപ്പട്ടയിൽ തിരുകുകയും കൗശലത്തോടെ കണ്ണുകൾ ചെറുതാക്കിപ്പിടിച്ച് നാവികോദ്യോഗസ്ഥനെ നോക്കുകയും ചെയ്തു.

''ഞാൻ നിങ്ങളോടാണ് പറഞ്ഞത്,'' നാവികോദ്യോഗസ്ഥൻ ആവർത്തിച്ചു. ''നിങ്ങൾക്ക് എന്താ ചെവി കേട്ടുകൂടെ?''

''എൻെറ ചെവിക്കു കുഴപ്പമൊന്നുമില്ല, സർ. പക്ഷേ താങ്കളുടെ തുണിപ്പെട്ടി ചുമക്കുന്നത് എൻെറ ജോലിയല്ല.''

പട്ടാളക്കാരൻ തിരിഞ്ഞ് ട്രെയിനിൻെറ മറെറ അററത്തേക്കു പോയി.

''ഗ്രിഗോറി!'' കാഴ്ച മങ്ങിയ കണ്ണുകളാൽ നാവികോദ്യോഗസ്ഥനെ തുറിച്ചു നോക്കിക്കൊണ്ട് വൃദ്ധ വിളിച്ചു. ''ഒരു പോലീസുകാരനെ വിളിച്ച് ആ മര്യാദകെട്ട മനുഷ്യനെ അറസ്റ്റു ചെയ്യിക്ക്!''

അതുകേട്ടപ്പോഠം നാവികോദ്യോഗസ്ഥൻ നിരാശയോടെ അവരുടെ നേരെ കൈ വീശിക്കൊണ്ടു് പൊട്ടിത്തെറിച്ചു:

''നിങ്ങഠം ഒന്നു് നാവടക്കുമോ? നിങ്ങഠംക്കു് എന്തറിയാം? ഏതു പോലീസുകാരുടെ കാര്യമാണു് പറയുന്നതു്? പരലോകത്തെയോ? ഒന്നും മിണ്ടാതെ അടങ്ങിയിരുന്നോളൂ!''

പെട്ടെന്നു് ജനലിലൂടെ തീംക തല പുറത്തേക്കു നീട്ടി.

''ബോറിസ്, ഞങ്ങഠം ഇവിടെയാണു്!''

''സ്ഥലം കിട്ടിയോ?''

''കിട്ടിയെന്നു പറയാം. അച്ഛൻ ഞങ്ങളുടെ സാമാനങ്ങളുടെ പുറത്താണു് ഇരിക്കുന്നതു്. ഒരു നാവികൻ അയാളുടെ കൂടെ മുകളിലത്തെ ബർത്തിൽ ഇരുന്നോളാൻ എന്നെ സമ്മതിച്ചു. 'ഇവിടെ ഇരുന്നു ബഹളം കൂട്ടിയാൽ ഞാൻ നിന്നെ തള്ളി താഴെയിടും,' എന്നു് അയാഠം താക്കീതു ചെയ്തിട്ടുണ്ടെന്നു മാത്രം.''

രണ്ടാമത്തെ മണി അടിച്ചപ്പോഠം ബഹളം അതിന്റെ പാരമ്യത്തിലെത്തി. ഫ്രഞ്ചു വാക്കുകളോടു് കൂടിക്കലർന്ന പുളിച്ച തെറികഠം, വിയർപ്പിൽ അലിഞ്ഞ സുഗന്ധദ്രവ്യങ്ങഠം, ആരുടേയോ തേങ്ങലിനോടൊപ്പം മുഴങ്ങിക്കൊണ്ടിരുന്ന അക്കോർഡിയന്റെ സ്വരം, എല്ലാം വണ്ടികളുടെ ഇരമ്പലിൽ വിലയം പ്രാപിച്ചു.

''പോകട്ടെ, ബോറിസ്!'' കൈവീശിക്കൊണ്ടു് തീംക പറഞ്ഞു.

''പോയി വരൂ, തീംക!''

നാനാതരത്തിലുള്ള നൂറുക്കണക്കിനു് ആളുകളെ കയററിയ ട്രെയിൻ കാഴ്ചയിൽ നിന്നു മറഞ്ഞു. എന്നിട്ടും സ്റ്റേഷനിലെ തിരക്കിനു യാതൊരു കുറവുമില്ലായിരുന്നു.

''ഹും! അവരെ കണ്ടോ!'' എന്റെ തൊട്ടടുത്തു നിന്നു് ആരോ പറയുന്നതു കേട്ടു. ''എല്ലാവരും തെക്കോട്ടു് ഓടിപ്പോകയാണു്. പ്രധാനമായും റസ്തോവിലേക്കും ദോൺ പ്രദേശങ്ങളിലേക്കും. വടക്കോട്ടു പോകുന്ന തീവണ്ടികളിൽ പട്ടാളക്കാരും, ഉദ്യോഗസ്ഥന്മാരുമാണു്. എന്നാൽ തെക്കോട്ടു പോകുന്നവയിൽ മാന്യന്മാരുടെ തിരക്കാണു്.''

''അവർ എങ്ങോട്ടാണു് പോകുന്നതു്—സുഖവാസ കേന്ദ്രങ്ങളിലേയ്ക്കോ?''

''അതെ, അതുതന്നെ,'' പരിഹാസ സ്വരത്തിൽ ആരോ പറഞ്ഞു.

''ഈ ബഹളത്തിൽനിന്നെല്ലാം ഒഴിഞ്ഞു് സുഖവാസത്തിനു പോവുന്നവരാണു് അവർ. ഈ മാന്യന്മാർ പേടിച്ചു വിറച്ചിരിക്കയാണു് ഇപ്പോൾ.''

പെട്ടികളും, ചാക്കുകളും ഭാണ്ഡങ്ങളും കടന്നു്, ചായകുടിക്കുന്ന ആളുകളേയും സൂര്യകാന്തിവിത്തു് കൊറിക്കുന്നവരേയും ഉറങ്ങുന്നവരേയും ചിരിക്കുന്നവരേയും വഴക്കടിക്കുന്നവരേയും പിന്നിലാക്കിക്കൊണ്ടു് ഞാൻ പുറത്തേക്കുള്ള വാതില്ക്കലെത്തി.

ഞൊണ്ടിയായ പത്രവില്പനക്കാരൻ എവിടുന്നോ പ്രത്യക്ഷപ്പെട്ടു. മരക്കാലുകൊണ്ടു് അത്ഭുതകരമായ അനായാസതയോടെ ചാടിച്ചാടി നടന്നു് ഒരു ചിലമ്പിച്ച ശബ്ദത്തിൽ അയാൾ വിളിച്ചു പറഞ്ഞു:

'' 'റൂസ്ക്കൊയെ സ്ലോവൊ'യുടെ പ്രത്യേക പതിപ്പു് ! ബോൾഷെവിക് പ്രകടനത്തെപ്പറ്റിയുള്ള സംഭ്രമജനകമായ വിവരണം ! ഗവണ്മെന്റു് പ്രകടനക്കാരെ പിരിച്ചുവിട്ടു ! പലരും മരിച്ചു, പലർക്കും പരുക്കു്. ബോൾഷെവിക്കുകളുടെ തലവനായ ലെനിനെ പിടിക്കാനുള്ള ശ്രമം !'' ആളുകൾ അയാളുടെ കയ്യിൽ നിന്നും പത്രം വാങ്ങിക്കൊണ്ടിരുന്നു. ആരും ബാക്കി ചോദിക്കുന്നതു കണ്ടില്ല.

റോഡിൽ നിന്നു് അല്പം വലത്തോട്ടു മാറി, വിളഞ്ഞുകിടന്ന വരകുപാടത്തിനു നടുവിലുള്ള ഒരു ഒററയടിപ്പാതയിലൂടെയാണു് ഞാൻ തിരിച്ചു വീട്ടിലേക്കു നടന്നതു്. ഞാൻ മലയിടുക്കിലേക്കു് ഇറങ്ങിത്തുടങ്ങിയപ്പോൾ എതിർവശത്തുള്ള ചരിവിൽനിന്നു് ഒരാൾ നടന്നുവരുന്നതു കണ്ടു. കയ്യിലുണ്ടായിരുന്ന കെട്ടിന്റെ ഭാരംകൊണ്ടു് കുനിഞ്ഞാണു് അദ്ദേഹം നടന്നിരുന്നതെങ്കിലും അതു ഞങ്ങളുടെ മാന്വൽ മാസ്റ്ററായിരുന്നു എന്നു് അപ്പോൾത്തന്നെ എനിക്കു മനസ്സിലായി.

''ബോറിസ്, നീ ഇവിടെ എന്തുചെയ്യുന്നു?'' അദ്ദേഹം വിളിച്ചു ചോദിച്ചു. ''സ്റ്റേഷനിൽനിന്നു വരികയാണോ?''

''അതെ. മാസ്റ്റർ എങ്ങോട്ടാണു്? ട്രെയിനിൽ പോകാനാണെങ്കിൽ അതു പണ്ടേ പൊയ്ക്കഴിഞ്ഞു!''

മാസ്റ്റർ നടപ്പുനിർത്തി. ഭാരിച്ച ചുമടു നിലത്തു വച്ചിട്ടു് അദ്ദേഹം വഴിയിൽ ഇരുന്നു. ''ഛെ! കഷ്ടം!'' മനഃപ്രയാസത്തോടെ അദ്ദേഹം പറഞ്ഞു. ''ഇതു് ഇനി എവിടെ കൊണ്ടുവയ്ക്കും?'' അദ്ദേഹം കാലുകൊണ്ടു് കെട്ടിൽ ഒന്നു തട്ടി.

''ഇതെന്താണ്?''

''അധികവും പുസ്തകങ്ങളാണ്. പിന്നെ മററു ചിലതു് ഉണ്ടു്...''

''എന്നാൽ നമുക്കു് ഇതു ക്ലബ്ബിൽ കൊണ്ടുവയ്ക്കാം. ഞാനും സഹായിക്കാം. നാളത്തെ ട്രെയിനിൽ മാസ്റ്റർക്കു് പോകുകയും ചെയ്യാം.''

എപ്പോഴത്തേയുംപോലെ ധാരാളം പുകയിലത്തരികൾ പററിയിരുന്ന കറുത്ത താടി അദ്ദേഹം ഒന്നു കുടഞ്ഞു.

''സുഹൃത്തേ, കുഴപ്പം അവിടെയാണ്. ഇതു് ക്ലബ്ബിൽ കൊണ്ടുവയ്ക്കാൻ സാദ്ധ്യമല്ല. ക്ലബ്ബ് നശിച്ചുപോയി.''

''എന്താണീ പറയുന്നതു്?'' വിശ്വസിക്കാനാവാതെ ഞാൻ ചോദിച്ചു. ''തീപിടിത്തമുണ്ടായോ? ഞാൻ ഇന്നു രാവിലെ അതിൻെറ മുമ്പിലൂടെ ഇങ്ങോട്ടു വരുമ്പോൾ കുഴപ്പമൊന്നുമില്ലായിരുന്നല്ലോ!''

''അതു കത്തിപ്പോയിട്ടില്ല, കുട്ടീ. അതു് അടച്ചുപൂട്ടുകയാണുണ്ടായതു്. ഭാഗ്യത്തിനു് നമ്മുടെ ചില ആളുകൾ നമുക്കു് നേരത്തെ മുന്നറിയിപ്പു തന്നു. ഇപ്പോൾ പോലീസുകാർ അവിടം പരിശോധിക്കയാണ്.''

''അതെങ്ങിനെയാണ് സെമ്യോൻ ഇവാനൊവിച്ച്?'' അമ്പരപ്പോടെ ഞാൻ ചോദിച്ചു. ''ഇതു പഴയ ഭരണമല്ലല്ലോ. നമുക്കു് സ്വാതന്ത്ര്യം കിട്ടിയില്ലേ? സോഷ്യലിസ്റ്റ് റവല്യൂഷണറികൾക്കു് സ്വന്തം ക്ലബ്ബുണ്ടു്, മെൻഷെവിക്കുകൾക്കും, കാഡെററുകൾക്കും, അരാജകവാദികൾക്കുമുണ്ടു് പ്രത്യേകം ക്ലബ്ബുകൾ. അരാജകവാദികളാണെങ്കിൽ എപ്പോഴും കുടിച്ചു കൂത്താട്ടം. അവർ അവരുടെ ക്ലബ്ബിൻെറ ജനൽ പുറത്തുനിന്നു് പലകയടിച്ചു് മറച്ചിട്ടുപോലുമുണ്ടു്. എന്നിട്ടും ആരും അവരെ ശല്യപ്പെടുത്തുന്നില്ല. പക്ഷേ മര്യാദയ്ക്കു പെരുമാറുന്ന നമ്മുടെ ക്ലബ്ബ് അവർ അടച്ചുപൂട്ടിയിരിക്കുന്നു! അതെങ്ങിനെയെന്നു തീരെ മനസ്സിലാകുന്നില്ല.''

''സ്വാതന്ത്ര്യം!'' മാസ്റ്റർ ചിരിച്ചു. ''ചിലർക്കു സ്വാതന്ത്ര്യം, മററു ചിലർക്കു് അതില്ല! ഞാൻ ഈ കെട്ടു് എവിടെ കൊണ്ടു വയ്ക്കും? നാളെവരെ ഇതു് എവിടെയെങ്കിലും ഒളിച്ചുവച്ചേ പററു. ഇതിനി പട്ടണത്തിലേക്കു തിരിച്ചു കൊണ്ടുപോയാൽ കുഴപ്പമാണ്—അവർ പിടിച്ചെടുത്തേക്കും.''

''എന്നാൽ നമുക്കു് ഇതു് ഒളിച്ചു വയ്ക്കാം, സെമ്യോൻ ഇവാനൊവിച്ച്! ഇവിടെ അടുത്തു് ഒരു സ്ഥലമുണ്ടു്. ഇടുക്കിലൂടെ കുറച്ചു ദൂരം താഴോട്ടു നടന്നാൽ ഒരു കുളം കാണാം. അതിനടുത്തു് പണ്ടു് കളിമണ്ണു കുഴി

...ന്നിരുന്ന ഒരു കുഴിയുണ്ട്. അതിൻെറ വശങ്ങളിലുള്ള വിടവുകളിൽ ... ആനയെ വേണമെങ്കിൽ ഒളിപ്പിക്കാം, പിന്നെയല്ലേ ഈ കെട്ട്. ... അവിടെ പാമ്പുകളുണ്ടെന്നാണ് പറയുന്നതു്. ഞാനാണെങ്കിൽ ...ൽ ഒന്നും ഇട്ടിട്ടുമില്ല. എന്നാൽ മാസ്റ്റർ ബൂട്ടിട്ടിട്ടുണ്ടല്ലോ, അതു ... നമുക്ക് അവിടെത്തന്നെ വയ്ക്കാം. അഥവാ പാമ്പു കടിച്ചാൽ ... ചത്തുപോവുകയും മററുമില്ല, കുറേശ്ശെ തല കറങ്ങുമെന്നു മാത്രം.''

മാസ്റ്റർക്ക് പാമ്പുകളെ അത്ര ഇഷ്ടമായിരുന്നില്ല. അതുകൊണ്ട് പാ...ത്ത വല്ല സ്ഥലവും അറിയാമോ എന്ന് അദ്ദേഹം ചോദിച്ചു.

...ത്തെങ്ങും അത്തരം ഒരിടം ഉണ്ടായിരുന്നില്ല. എല്ലായിടത്തും ആ... കാണും—ഒന്നുകിൽ പശുക്കളെ മേയ്ക്കുന്നവർ, അല്ലെങ്കിൽ ഉരുള...ിൻെറ കള പറിക്കുന്നവർ, അതുമല്ലെങ്കിൽ പച്ചക്കറിത്തോട്ടങ്ങ... ചുററിപ്പററി നടക്കുന്ന ബാലന്മാർ.

അതുകൊണ്ട് മാസ്റ്റർ കെട്ടെടുത്തു വീണ്ടും തോളത്തു വച്ചു. ഞങ്ങൾ ...ിയുടെ കരയിലൂടെ നടന്നുതുടങ്ങി.

...വിൽ ഞങ്ങൾ കെട്ട് സുരക്ഷിതമായ ഒരിടത്ത് ഒളിച്ചു വച്ചു.

''ഇനി നീ വീട്ടിലേക്ക് ഓടിക്കോ,'' മാസ്റ്റർ പറഞ്ഞു. ''നാളെ ...ർ ഇവിടെ വന്ന് ഇതെടുത്തോളാം. നമ്മുടെ കമ്മിററിക്കാരെ ആ...ിലും കണ്ടുമുട്ടിയാൽ എനിക്ക് ഇന്ന് പോകാൻ സാധിച്ചില്ലെ... പറയണം. നില്ക്ക്! ഒരു കാര്യം—മാസ്റ്റർ എൻെറ മുഖത്തേക്ക് ഉ...ിക്കൊണ്ട് തുടർന്നു. ''ചങ്ങാതീ, നീ ഇതു് ആരോടും പറയു...ന്ന് വിശ്വസിക്കുന്നു. അതോ പറഞ്ഞേക്കുമോ?''

''...രിക്കലുമില്ല!'' അദ്ദേഹം എന്നെ സംശയിക്കുന്നതിലുള്ള പ്രതി...ത്തോടെ ഞാൻ മുറുമുറുത്തു. ''ഞാൻ ആരെപ്പററിയെങ്കിലും ഒരക്ഷ...രം പറഞ്ഞിട്ടുണ്ടോ? സ്കൂളിൽ വച്ച് കളിക്കുമ്പോഴുംപ്പോലും ഞാൻ ... ചെയ്യാറില്ല. ഇതു് കളിയല്ല, ഗൗരവമുള്ള കാര്യമാണെന്നു് ...റിയുകയും ചെയ്യാം. എന്നെപ്പററി ഇങ്ങിനെ വിചാരിക്കാൻ...''

... മുഴുവനാക്കാൻ മാസ്റ്റർ സമ്മതിച്ചില്ല. അദ്ദേഹം തൻെറ ...ിച്ച കൈകൊണ്ട് എൻെറ പുറം തലോടുകയും പുഞ്ചിരിക്കുകയും ...

''ശരി, ശരി. ഹേ, ഗൂഢാലോചനക്കാരാ, ഓടിക്കോ, വീട്ടിലേ...ക്ക്!''

അദ്ധ്യായം നാലു്

ആ വേനല്ക്കാലത്തു് ഫേജ വളർന്നു് പ്രായപൂർത്തി പ്രാപിച്ചു. അവൻ മുടി നീട്ടി വളർത്തി, ഒരു കറുത്ത റഷ്യൻ ബ്ലൗസു ധരിക്കുകയും ഒരു തുകൽസഞ്ചി വാങ്ങുകയും ചെയ്തു. തുകൽസഞ്ചിയിൽ പത്രങ്ങൾ കുത്തി നിറച്ചു് അവൻ യോഗങ്ങളുള്ളിടത്തെല്ലാം പോയി. അവൻ ക്ലാസ് കമ്മിററിയുടെ അദ്ധ്യക്ഷനായിരുന്നു, പെൺപള്ളിക്കൂടത്തിൽ നടന്ന മീററിംഗിൽ ടെക്നിക്കൽ സ്കൂളിനെ പ്രതിനിധീകരിച്ചു. രക്ഷകർത്താക്കളുടെ യോഗത്തിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ടതും ഫേജയാണു്. അവൻ പ്രസംഗകലയിൽ നിപുണനായിരുന്നു—ഒരു രണ്ടാം ക്രൂഗലിക്കൊവ്. ''കുട്ടികൾ ക്ലാസിൽ ഉത്തരം പറയുന്നതു് എണീററു നിന്നു വേണോ ഇരുന്നു വേണോ?'' ''വേദപാഠക്ലാസു നടക്കുന്നതിനിടയിൽ കുട്ടികൾ ചീട്ടു കളിക്കുന്നതു് സ്വതന്ത്രമായ ഒരു രാജ്യത്തു് അനുവദനീയമാണോ?'' തുടങ്ങിയ ചർച്ചകൾ നടക്കുമ്പോൾ അവൻ ആവേശത്തോടെ പ്രസംഗിക്കും. അവൻ ഒരു കാൽ മുന്നോട്ടു വയ്ക്കുകയും, ബൽട്ടിനടിയിൽ ഒരു കൈ തിരുകുകയും ചെയ്തുകൊണ്ടു് തട്ടിവിടും:

''മാന്യരെ, ഞങ്ങൾ നിങ്ങളോടു് അഭ്യർത്ഥിക്കുന്നതു്.... സ്ഥിതിഗതികൾ അങ്ങിനെയായിരിക്കെ.... വിപ്ലവത്തിന്റെ ഭാഗധേയം ഞങ്ങളുടെ കരങ്ങളിലാണു്....'' അവൻ വാതോരാതെ പ്രസംഗിക്കും.

ഫേജയും ഞാനും തമ്മിൽ ഇപ്പോൾ വലിയ അടുപ്പമില്ല. ഒരു തുറന്ന സംഘട്ടനത്തിൽ ഇതേവരെ എത്തിയില്ലെങ്കിലും ഞങ്ങൾ തമ്മിലുള്ള ബന്ധം ദിവസംപ്രതി വഷളായിക്കൊണ്ടിരുന്നു.

ഞാൻ വീണ്ടും ഒററപ്പെട്ടു.

എന്റെ അച്ഛന്റെ കാര്യം എല്ലാവരും മറന്നുകഴിഞ്ഞിരുന്നു. എന്റെ പഴയ ചങ്ങാതിമാരിൽ ചിലർക്കും എനിക്കും ഇടയിലുണ്ടായിരു

... ...ത്തു് കുറേശ്ശെ ഉരുകിത്തുടങ്ങി. അപ്പോഴാണു് തലസ്ഥാനത്തുനി ... ...മററൊരു കാററു് ആഞ്ഞടിച്ചതു്. ഞങ്ങളുടെ പട്ടണത്തിലെ ആള ... ...ബോാംഷെവിക്കുകാംക്കെതിരായി ബഹളം കൂട്ടുകയും ക്ലബ്ബു് അ ...ക്രമിക്കുകയും ചെയ്തു. മുനിസിപ്പാലിററിയിലെ മിലിഷ്യാക്കാർ ബസ് ...ാവിനെ അറസ്റ്റുചെയ്തു. വീണ്ടും എനിക്കെതിരായി ആരോപണ ...ർന്നു: ഞാൻ ബോാംഷെവിക്കുകളുമായി അടുപ്പത്തിലായിരുന്നു, ... ആലോചിക്കാൻ ഞാൻ അവരുടെ ക്ലബ്ബിൻെറ മുകളിൽ കൊ ...ന്നു, ഗ്രാമത്തിൽ നടന്ന യോഗത്തിൽ ലഘുലേഖ വിതരണംചെ ... ഫേജ പറഞ്ഞിട്ടു് ഞാൻ അനുസരിച്ചില്ല.

...ങ്ങളുടെ സ്കൂളിലെ കുട്ടികാം എല്ലാവരും ലഘുലേഖ വിതരണം ...ൻ കൂടി. ഏതു പാർട്ടിയുടേതെന്നു നോക്കാതെ കയ്യിൽ കിട്ടുന്ന ...ലേഖകളെല്ലാം വലിച്ചെടുത്തുകൊണ്ടു് ഓടിപ്പോയി വഴിയിൽ കാ ...ർക്കു വിതരണം ചെയ്യുന്നവരായിരുന്നു അവരിൽ ചിലർ. അ ... പ്രവൃത്തിയിൽ ആരും പന്തികേടൊന്നും കണ്ടില്ല, അവരെ ക ...ത്തിയുമില്ല.

...സ്കാക്കൊവു് പാർട്ടിയുടെ ഒരു വലിയ കെട്ടു് ലഘുലേഖകാം ...ംചെയ്യാൻ എന്നെ ഏല്പിച്ചിരുന്ന സ്ഥിതിക്കു് ഫേജ നീട്ടിയ ...കാം ഞാൻ എങ്ങിനെ വാങ്ങും? ഒരു കൈകൊണ്ടു് ഒന്നും ...കൈകൊണ്ടു് മറെറാന്നും വിതരണം ചെയ്യുന്നതെങ്ങിനെ? അവ ...ത്തിലുള്ളവയായിരുന്നെങ്കിലോ പോകട്ടെ. എന്നാൽ അവയിൽ ... ''ജർമ്മൻകാരെ പരാജയപ്പെടുത്തുന്ന യുദ്ധം നീണാാം വാഴട്ടെ!'' ... ...റേതു് ''വിനാശകരമായ യുദ്ധം തുലയട്ടെ!'' എന്നുമാണു് ...തു്. ''താല്ക്കാലിക ഗവണ്മെൻറിനെ സഹായിക്കുക,'' എന്നു് ...ൽ പറയുമ്പോാം ''മുതലാളിമന്ത്രിമാർ തുലയട്ടെ'' എന്നാണു് മ ...ൽ. പരസ്പരവിരുദ്ധങ്ങളായ ഇത്തരം രണ്ടു ലഘുലേഖകാം ഒരു ... വിതരണം ചെയ്യുന്നതെങ്ങിനെ?

...ാലത്തു് സ്കൂളിൽ പഠിത്തം വളരെ കുറച്ചേ നടന്നുള്ളു. അദ്ധ്യാ ... ...മീററിംഗുകളിൽ ഇരുന്നു് സമയം കളഞ്ഞു. രാജവാഴ്ചയുവേ ... നിന്നവർ രാജിവച്ചു പിരിഞ്ഞു. സ്കൂളിൻെറ പകുതി ഭാഗ ... ...്ക്രോസുകാരുടെ കൈവശമായിരുന്നു.

...മ്മ, ഞാൻ ഇനി സ്കൂളിൽ പോകുന്നില്ല,'' ചിലപ്പോാം ഞാൻ

അമ്മയോട്ട പറയും. ''അവിടെ യാതൊന്നും ഇപ്പോഠം പഠിപ്പിക്കുന്നില്ല. എല്ലാവർക്കും എന്നോട്ട ദേഷ്യവുമാണ്. ഇന്നലെ നടന്നതെന്താണെന്നോ. മുറിവേററ പട്ടാളക്കാർക്കുവേണ്ടി പണം പിരിക്കാൻ കോരെനൈവ് ഒരു കപ്പുമായി വന്നു. എൻെറ കയ്യിൽ ഉണ്ടായിരുന്ന ഇരുപതു കോപ്പെക്ക് ഞാൻ അതിലിട്ടു. അതു തിരിച്ചുതന്നുകൊണ്ടു് അവൻ പറയുകയാണ്, 'ചെററകളുടെ നക്കാപ്പിച്ച ഞങ്ങഠംക്കു വേണ്ടെന്ന്!' എല്ലാവരുടേയും മുമ്പിൽവച്ചാണ് അവൻ അതു പറഞ്ഞതു്. എനിക്കതു് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ പറഞ്ഞു: 'ഞാൻ ഒളിച്ചോടിയവൻെറ മകനാണെങ്കിൽ നീ കള്ളൻെറ മകനാണ്. നിൻെറ അച്ഛൻ വലിയ കൺട്രാക്ടറാണ്, അയാഠം പട്ടാളത്തെ വെട്ടിച്ചാണ് പണമുണ്ടാക്കുന്നതു്. പിരിച്ചെടുക്കുന്ന കാശിൽ കുറെ സ്വന്തം കീശയിലാക്കാൻ നീയും മടിക്കയില്ല.' ഞങ്ങഠം അതേച്ചൊല്ലി വഴക്കുണ്ടാക്കി. കുറെ ദിവസം കഴിഞ്ഞു് 'കുട്ടികളുടെ കോടതി' കൂടി എന്നെ വിസ്തരിക്കാൻ പോകുകയാണത്രെ! അവർ എന്തുവേണമെങ്കിൽ ചെയ്തോട്ടെ, എനിക്കു് ഒരു ചേതവുമില്ല! കുറെ ജഡ്ജിമാർ വന്നിരിക്കുന്നു! പോയി പാട്ടനോക്കട്ടെ!''

അച്ഛൻ എനിക്കു സമ്മാനിച്ച തോക്കു് ഞാൻ എപ്പോഴും കൊണ്ടുനടക്കുക പതിവാക്കി. മാർദ്ദവമുള്ള തുകൽ ഉറയിൽ ഒതുങ്ങിയിരുന്ന ആ ചെറിയ തോക്കു് കൊണ്ടുനടക്കാൻ നല്ല സൗകര്യമുള്ളതായിരുന്നു. ആത്മരക്ഷയ്ക്കുവേണ്ടിയല്ല ഞാൻ അതു കൊണ്ടുനടന്നതു്. എന്നെ കയ്യേററം ചെയ്യുമെന്ന് ആരും ഭീഷണിപ്പെടുത്തിത്തുടങ്ങിയിരുന്നില്ല. എൻെറ അച്ഛൻ തന്ന സമ്മാനം എന്ന നിലയ്ക്കു് ആ തോക്കു് എനിക്കു് ഏററവും വിലപ്പെട്ട വസ്തുവായിരുന്നു. അതു് എപ്പോഴും കൊണ്ടുനടക്കാൻ ഞാൻ ആഗ്രഹിച്ചു. അതു കൈവശമിരിക്കുമ്പോഠം എനിക്കു തോന്നിയിരുന്ന സുഖകരമായ ഉദ്വേഗവും അഭിമാനബോധവും അതു കൊണ്ടുനടക്കാൻ എന്നെ പ്രേരിപ്പിച്ച മറെറാരു കാരണമായിരുന്നു. പോരാത്തതിന് അന്ന് എനിക്കു് പതിനഞ്ചു വയസ്സായിരുന്നു. ആ പ്രായത്തിൽ ഒരു കൈത്തോക്കു കിട്ടിയാൽ കൈവശം വയ്ക്കാൻ മടിക്കുന്ന ഒരു ആൺകുട്ടിയെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. എനിക്കു് തോക്കുണ്ടെന്ന് അറിയാവുന്ന ഒരേയൊരാഠം ഫേജയായിരുന്നു. ഞങ്ങഠം കൂട്ടുകാരായിരുന്ന സമയത്തു് ഞാൻ അവനെ അതു് കാണിച്ചിട്ടുണ്ടു്. അവൻ എത്ര അസൂയയോടെയാണ് അതു പരിശോധിച്ചതെന്ന് ഇപ്പോഴും ഞാൻ ഓർക്കുന്നു.

[illegible]രെനെവുമായുള്ള വഴക്കിൻെറ പിറേറ ദിവസം പതിവുപോ [illegible] [illegible]രേയും അഭിവാദ്യം ചെയ്യുകയോ ശ്രദ്ധിക്കുകയോ ചെയ്യാ [illegible] ഞാൻ ക്ലാസിലേയ്ക്കു കയറി.

[illegible] ഭൂമിശാസ്ത്രമായിരുന്നു. പശ്ചിമ ചൈനയെക്കുറിച്ച് എന്തൊ [illegible] ചിലതു പറഞ്ഞിട്ട് അദ്ധ്യാപകൻ പത്രങ്ങളിലെ പുതിയ വാർ [illegible]കളിലേക്കു കടന്നു. ആ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോഠം ഫേജ ക [illegible]ണ്ടുകളിൽ എന്തോ എഴുതി ക്ലാസിൽ വിതരണം ചെയ്യുന്നതു [illegible] കണ്ടു. എൻെറ മുമ്പിലിരുന്ന കുട്ടിയുടെ തലയ്ക്കു മുകളിലൂടെ എത്തി [illegible] ഞാൻ അവയിലൊരെണ്ണം വായിക്കാൻ ശ്രമിച്ചു. എൻെറ പേ [illegible] അതിൽ എഴുതിയിരിക്കുന്നതാണ് ഞാൻ കണ്ടതു്. ഞാൻ കരുതി [illegible]മെന്ന് ഉടൻ എനിക്കു മനസ്സിലായി.

[illegible]യടിച്ചപ്പോഠം ഞാൻ എണീററു് കരുതലോടെ ചുററും നോക്കി [illegible] വാതില്ക്കലേക്കു നടന്നു. ക്ലാസിലെ ഏററവും കരുത്തന്മാരായ [illegible]കഠം എൻെറ വഴി മുടക്കിക്കൊണ്ട് അവിടെ നിന്നു. അവർ [illegible] ചുററും ഒരു അർദ്ധവൃത്തം സൃഷ്ടിച്ചു. അതിൻെറ നടുക്കു നിന്നി [illegible] ഫേജ മുന്നോട്ടു വന്നു.

"[illegible]ന്തു വേണം?'' ഞാൻ ചോദിച്ചു.

"[illegible]തോക്ക് ഇവിടെ തരു'', ഫേജ ധിക്കാരത്തോടെ ആജ്ഞാപി [illegible] നീ നിൻെറ തോക്ക് മിലിഷ്യക്ക് വിട്ടുകൊടുക്കണമെന്ന് ക്ലാസ് [illegible] തീരുമാനിച്ചിരിക്കുന്നു. ഇപ്പോഠം തന്നെ നീ അതു കമ്മിററി [illegible]ക്കണം. നാളെ മിലിഷ്യയിൽ നിന്നും നിനക്ക് രസീതു കി [illegible]

"[illegible] തോക്ക്?'' ക്ഷോഭം പുറത്തുകാട്ടാതിരിക്കാൻ കഠിനയത്നം [illegible]ണ്ട് ഞാൻ ചോദിച്ചു. അതിനിടെ ഞാൻ ജനലിനടുത്തേക്കു [illegible]ഴിഞ്ഞിരുന്നു.

"[illegible]ന്നു ഭാവിക്കയാണോ? നീ നിൻെറ കൈത്തോക്ക് എപ്പോ [illegible]നടക്കുമെന്ന് എനിക്കറിയാം. ഇപ്പോഴും അതു നിൻെറ [illegible] വലത്തെ പോക്കററിലുണ്ട്. നീ സ്വമനസ്സാലെ അ [illegible]ണ് നല്ലതു്. അല്ലെങ്കിൽ ഞങ്ങഠം മിലിഷ്യാക്കാരെ വി [illegible]

"[illegible]ത്തോക്കോ?''

[illegible]

''അതുതന്നെ.''

''നിനക്കു് കിട്ടാൻ പോകുന്നതു് ഇതാണു്!'' ഞാൻ മുഷ്ടി ചുരുട്ടി കാണിച്ചു. ''നീ എന്നെ തോക്കു് ഏല്പിച്ചിട്ടുണ്ടോ? ഇല്ല. അതുകൊണ്ടു് ഞാൻ നിന്റെ ചെവിക്കുററി അടിച്ചു തകർക്കുന്നതിനു മുമ്പു് സ്ഥലം വിട്ടോ!''

ഞാൻ പെട്ടെന്നു് തിരിഞ്ഞുനോക്കി—നാലു പയ്യന്മാർ എന്റെമേൽ ചാടിവീഴാൻ തയ്യാറായി പിന്നിൽ നിൽക്കുന്നു. വലയം ഭേദിച്ചു് വാതില്ക്കലെത്താനുള്ള ശ്രമത്തിൽ ഞാൻ മുന്നോട്ടു് കുതിച്ചു. ഫേജ എന്റെ തോളിൽ കടന്നു പിടിച്ചു. ഞാൻ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു. മററാരോ എന്റെ ഇരുതോളുകളിലും അമർത്തി, ആരോ ഒരാൾ നെഞ്ചിനു വട്ടമിട്ടു പിടിച്ചു. എന്റെ കൈ പോക്കററിൽനിന്നു് വിടുവിക്കാൻ ഒരുത്തൻ ശ്രമിച്ചുകൊണ്ടിരുന്നു. ഞാൻ കൈ പുറത്തെടുക്കാതെ തോക്കിൽ മുറുകെ പിടിച്ചു.

''അവർ ഇതെടുക്കും, അവർ ഒരു നിമിഷത്തിനകം ഇതു പിടിച്ചു പറിക്കും....''

പെട്ടെന്നു്, കെണിയിൽ വീണ ഒരു മൃഗത്തെപ്പോലെ അലറിക്കൊണ്ടു് ഞാൻ എന്റെ തോക്കു് പുറത്തെടുത്തു് അതിന്റെ സേഫ്ററി ക്യാച്ചു് തള്ളവിരൽകൊണ്ടു് മാററി കാഞ്ചി വലിച്ചു.

എന്നെ വരിഞ്ഞു മുറുക്കിയിരുന്ന നാലു ജോടി കരങ്ങൾ താനെ പിടിവിട്ടു. ഞാൻ ജനൽപ്പടിയിലേക്കു ചാടിക്കയറി ചുററും ഒന്നു കണ്ണോടിച്ചു. കുട്ടികളുടെ ചോക്കുപോലെ വിളറിയ മുഖങ്ങളും വെടിയുണ്ടയേററു് ചിതറിയ മഞ്ഞനിറമുള്ള തറയും ബൈബിളിൽ വർണ്ണിച്ചിട്ടുള്ള ഉപ്പുതൂണുപോലെ വാതില്ക്കൽ സ്തംഭിച്ചു നില്ക്കുന്ന ഗെന്നാഡി അച്ചന്റെ രൂപവും എന്റെ കണ്ണിനുമുമ്പിൽ തെളിഞ്ഞു. ഞാൻ പിന്നെ സംശയിച്ചു നില്ക്കാതെ രണ്ടാം നിലയിലെ ആ ജനലിൽ നിന്നു് താഴത്തേക്കു് ചാടി. വിരിഞ്ഞുനിൽക്കുന്ന ചുവന്ന ഡാലിയാപ്പൂക്കളുടെ തടത്തിലേക്കാണു് ഞാൻ വീണതു്.

അന്നു സന്ധ്യക്കുശേഷം പിൻവശത്തെ പാത്തിവഴി ഞാൻ എന്റെ വീടിന്റെ മുകളിലത്തെ നിലയിലേക്കു് കയറി. ആരെയും ഭയപ്പെടുത്തേണ്ട എന്നു കരുതി തീരെ ശബ്ദമുണ്ടാക്കാതെയാണു് ഞാൻ കയറിയതു്. പക്ഷേ എന്തോ അനങ്ങുന്നതു കേട്ടു് അമ്മ ജനലിനടുത്തേക്കു് ഓടിവന്നു. അടക്കിയ ശബ്ദത്തിൽ അവർ ചോദിച്ചു:

''ബോറിസ്, നീയാണോ?''

''ഞാനാണ്, അമ്മേ.''

''നീ പാത്തി വഴി കയറണ്ട. വീഴും. ഞാൻ വാതിൽ തുറന്നു തരാം.''

''വേണ്ടമ്മേ. ഞാൻ വീഴാതെ കേറാം.''

ഞാൻ ജന്നല്പടിയിൽ നിന്ന് ചാടിയിറങ്ങി, അമ്മയുടെ ശകാരം കേൾക്കാൻ തയ്യാറായി നിന്നു.

''നിനക്ക് വിശക്കുന്നില്ലേ?'' അമ്മ പതിഞ്ഞ ശബ്ദത്തിൽതന്നെ ചോദിച്ചു. ''ഇരിക്ക്, ഞാൻ സൂപ്പ് എടുത്തുകൊണ്ടു വരാം. അതിന്റെ ചൂട് ആറിയിട്ടില്ല.''

അമ്മ സംഭവങ്ങളൊന്നും അറിഞ്ഞിട്ടില്ലെന്ന് എനിക്ക് ഉറപ്പായി. ഞാൻ അവരെ ചുംബിച്ചിട്ട് ഭക്ഷണം കഴിക്കാനിരുന്നു. അമ്മയോട്ട് ആ കാര്യം എങ്ങിനെ പറയണം എന്ന് ഞാൻ ആലോചിക്കുകയായിരുന്നു. അമ്മയുടെ കണ്ണുകൾ എന്റെ മുഖത്തുതന്നെ തറച്ചിരുന്നു. ആ നോട്ടം എന്നെ കുഴക്കി. ഞാൻ സ്പൂൺ താഴെ വച്ചു.

''ഇൻസ്പെക്ടർ ഇവിടെ വന്നിരുന്നു,'' അമ്മ പറഞ്ഞുതുടങ്ങി. ''അവർ സ്കൂളിൽ നിന്ന് നിന്നെ പറഞ്ഞയയ്ക്കാൻ തീരുമാനിച്ചുകഴിഞ്ഞു. നാളെ പന്ത്രണ്ടു മണിക്കകം നീ തോക്ക് ഏല്പിച്ചില്ലെങ്കിൽ അവർ മിലിഷ്യയിൽ വിവരമറിയിക്കുമെന്നും മിലിഷ്യാക്കാർ വന്ന് ബലമായി അത് എടുത്തുകൊണ്ടു പോകുമെന്നും പറഞ്ഞു. ബോറിസ്, നീ അത് കൊടുത്തേക്ക്.''

''കൊടുക്കില്ല,'' അമ്മയുടെ മുഖത്തേയ്ക്കു നോക്കാതെ ഞാൻ വാശിയോടെ പറഞ്ഞു. ''ഇത് അച്ഛന്റെ തോക്കാണ്.''

''അതുകൊണ്ടെന്താ? നിനക്ക് തോക്കെന്തിനാണ്? പിന്നീട് നിനക്ക് വേറൊന്നു വാങ്ങാം. കഴിഞ്ഞ കുറെ മാസങ്ങളായി നിനക്ക് എന്താണു പററിയതെന്ന് എനിക്കറിയില്ല. നിനക്ക് കിറുക്കാണ്. ഈ തോക്കുകൊണ്ട് ആരെയെങ്കിലും നീ കൊല്ലുമോ എന്നാണ് എന്റെ പേടി. നീ നാളെ ഇത് മിലിഷ്യയിൽ കൊണ്ടുപോയി കൊടുക്ക്.''

''ഇല്ല.'' ഞാൻ പിഞ്ഞാണം തള്ളി മാററിക്കൊണ്ട് ധൃതിയിൽ പറഞ്ഞു. ''എനിക്ക് വേറെ തോക്കു വേണ്ട. ഇതു മതി! ഇത് എന്റെ അച്ഛൻ തന്നതാണ്. എനിക്ക് കിറുക്കില്ല. ഞാൻ ആരെയും ഉപദ്രവി

ക്കയുമില്ല. അവർ എന്നെ എൻെറ പാട്ടിനു വിടാത്തതെന്തു്? അവർ എന്നെ പുറത്താക്കിയെങ്കിൽ ആക്കട്ടെ, എനിക്കൊന്നുമില്ല. ഞാൻ പഠിത്തം നിർത്തണമെന്നു് വിചാരിച്ചിരിക്കയായിരുന്നു. പക്ഷേ ഈ തോക്കു് ഞാൻ ഒളിച്ചുവയ്ക്കും.''

''ദൈവമേ!'' അമ്മ വല്ലാതെ ക്ഷോഭിച്ചു. ''അവർ നിന്നെ ജയിലിലടയ്ക്കും. അതു കൊടുക്കുന്നതുവരെ വിടില്ല!''

''എനിക്കു പേടിയില്ല,'' ഞാൻ ദേഷ്യത്തോടെ പറഞ്ഞു. ''അവർ ബസ്കാക്കൊവിനേയും ജയിലിലിട്ടിരിക്കയാണു്. എന്നെ ജയിലിലിട്ടോട്ടെ, പക്ഷേ തോക്കു ഞാൻ കൊടുക്കുകയില്ല!'' ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം ഞാൻ ഉറക്കെപ്പറഞ്ഞു. ''ഒരിക്കലും കൊടുക്കില്ല!'' അതു കേട്ടു് അമ്മ ഞെട്ടിപ്പോയി.

''ശരി, കൊടുക്കണ്ട സമ്മതിച്ചു,'' അമ്മ കുറേക്കൂടി മയത്തിൽ പറഞ്ഞു. ''എനിക്കു് എല്ലാം ഒരുപോലെയാണു്.'' അമ്മ എന്തോ ആലോചിച്ചുകൊണ്ടു് കുറേനേരം മിണ്ടാതിരുന്നു. ഒടുവിൽ വാതില്ക്കലേക്കു നടക്കുമ്പോൾ അവർ വേദനയോടെ പറഞ്ഞു: ''നിങ്ങളെല്ലാവരുംകൂടി ആയുസ്സെത്തുന്നതിനു മുമ്പു് എന്നെ കൊല്ലും!''

അമ്മയുടെ അനുകൂലഭാവം എന്നെ അത്ഭുതപ്പെടുത്തി. അങ്ങിനെ വിട്ടുവീഴ്ച ചെയ്യുന്ന സ്വഭാവമല്ല അമ്മയുടേതു്. അമ്മ വളരെ ചുരുക്കമായേ എൻെറ കാര്യങ്ങളിൽ ഇടപെടാറുള്ളു. പക്ഷേ ഒരിക്കൽ അവർ ഒരു കാര്യം പറഞ്ഞാൽ അതനുസരിക്കാതെ പിന്നെ രക്ഷയില്ല.

ഞാൻ ഗാഢമായി ഉറങ്ങി. തീംക എൻെറയടുത്തു വന്നെന്നു് ഞാൻ സ്വപ്നം കണ്ടു. അവൻ എനിക്കു് ഒരു കുയിലിനെ സമ്മാനിച്ചു. ''തീംക, എനിക്കു് ഇതു് എന്തിനാണു്?'' ഞാൻ ചോദിച്ചു. തീംക മിണ്ടിയില്ല. ''കുയിലേ, കുയിലേ, എനിക്കു് എത്ര വയസ്സുണ്ടു്?'' കുയിൽ പതിനേഴ തവണ കൂവി. ''നിനക്കു തെററി,'' ഞാൻ പറഞ്ഞു. ''എനിക്കു് പതിനഞ്ചു വയസ്സേ ആയുള്ളു.'' ''അല്ല,'' തീംക തലകുലുക്കിക്കൊണ്ടു് പറഞ്ഞു. ''നിൻെറ അമ്മ നിന്നെ പററിച്ചതാണു്.'' ''അമ്മ എന്തിനാണു് എന്നെ പററിക്കുന്നതു?'' ഞാൻ ചോദിച്ചു. തീംക തീംകയല്ലെന്നും ഫേജയാണെന്നും അപ്പോഴാണു് അനിക്കു മനസ്സിലായതു്. അവൻ പല്ലിളിച്ചുകൊണ്ടു് അവിടെ നിന്നു.

ഞാൻ ഉണർന്നു. കട്ടിലിൽനിന്നു ചാടിയിറങ്ങി ഞാൻ അടുത്ത മു

റിയിൽ ചെന്നു നോക്കി. മണി ഏഴാകാൻ പോകുന്നു. അമ്മ വീട്ടിലു ണ്ടായിരുന്നില്ല. ആരും ഇല്ലാത്ത തക്കം നോക്കി തോക്ക് തോട്ടത്തിലെ വിടെയെങ്കിലും ഒളിച്ചുവയ്ക്കണം, ഞാൻ തീരുമാനിച്ചു.

ഞാൻ ഷർട്ടിട്ടിട്ട് കസേരയിൽ നിന്ന് ധൃതിയിൽ ട്രൗസർ വലി ച്ചെടുത്തു. പെട്ടെന്ന് ഭയം എന്നെ പിടികൂടി. ട്രൗസറിന്റെ ഭാരം കുറ ഞ്ഞിരിക്കുന്നു. കടന്നൽക്കൂട്ടിൽ കയ്യിടുന്നതുപോലെ അറച്ചറച്ച് ഞാൻ പോക്കറ്റിൽ കയ്യിട്ടു—ശൂന്യം! ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ അമ്മ തോ ക്കെടുത്തു മാററിയെന്നർത്ഥം. ''അങ്ങിനെയാണ്.... അമ്മയും എനി ക്കെതിരാണ്. ഇന്നലെ ഞാൻ അമ്മയെ വിശ്വസിച്ചു. അമ്മ അത്രവേ ഗം വഴങ്ങിത്തന്നത് ഇതിനായിരുന്നു. അമ്മ അത് മിലിഷ്യയിൽ ഏ ല്പിച്ചുകാണും.''

അമ്മയുടെ പിന്നാലെ ഓടിച്ചെന്നാലോ?

''നിൽക്കു്, നിൽക്കു്, നിൽക്കു്, എന്നു പറയുമ്പോലെ പെട്ടെന്ന് ക്ലോക്കിൽ മണിയടിച്ചു തുടങ്ങി. ഞാൻ അങ്ങോട്ടു നോക്കി. മണി ഏ ഴായതേയുള്ളു. അമ്മ ഇത്ര നേരത്തെ മിലിഷ്യയിലേക്കു പോയിരിക്ക യില്ല. അവർ പിന്നെ എവിടെ പോയിരിക്കയാണ്? ഞാൻ മുറിയിലാ കെ ഒന്നു കണ്ണോടിച്ചു. വള്ളിക്കൂട സ്ഥാനത്തില്ല. അതിന്റെ അർത്ഥം അമ്മ അങ്ങാടിയിൽ പോയെന്നാണ്.

അങ്ങാടിയിൽ പോയിരിക്കയാണെങ്കിൽ അമ്മ തോക്ക് കൂടെ കൊ ണ്ടുപോയിട്ടില്ലെന്ന് തീർച്ച. പിന്നെ അതെവിടെയായിരിക്കും? അമ്മ അത് തല്ക്കാലം എവിടെയെങ്കിലും ഒളിച്ചുവച്ചുകാണും. എവിടെ? അല മാരിയുടെ ഏററവും മുകളിലത്തെ വലിപ്പിനുള്ളിലായിരിക്കുമെന്ന് ഉടൻ ഞാൻ ഊഹിച്ചു. കാരണം ഞങ്ങളുടെ വീട്ടിൽ പൂട്ടുള്ള ഒരേയൊരു സാധനം ആ അലമാരിയാണ്.

വളരെ നാൾ മുമ്പ് നടന്ന ഒരു സംഭവം എനിക്ക് ഓർമ്മ വന്നു. അമ്മ ഒരിക്കൽ ഊതനിറമുള്ള ഒരുതരം ഗുളികകൾ മരുന്നുപീടികയിൽനി ന്നു വാങ്ങിക്കൊണ്ടു വന്നു. ആരും എടുക്കാതെ ആ വലിപ്പിൽ വച്ച് പൂ ട്ടി. ഫേജയും ഞാനും സിമക്കോവുകാരുടെ പൂച്ചയെ വകവരുത്തണമെ ന്നു തീരുമാനിച്ചിരിക്കയായിരുന്നു. കാരണം സിമക്കോവ് ഞങ്ങളുടെ പട്ടിക്കുട്ടിയുടെ കാൽ തല്ലിയൊടിച്ചു. ഞങ്ങൾ പഴയ ഇരുമ്പുസാധനങ്ങ ളുടെ ഇടയിൽ നിന്ന് പാകമാകുന്ന ഒരു താക്കോൽ തപ്പിയെടുത്തു. അ

ലമാരി തുറന്നു് ഒരു ഗുളികയെടുത്തിട്ടു് ഞങ്ങടം അലമാരി പൂട്ടി താ ക്കോൽ പഴയ സ്ഥാനത്തു നിക്ഷേപിച്ചു.

ഞാൻ കലവറമുറിയിൽ ചെന്നു് നല്ല ഈടുള്ള ഒരു മേശ തുറന്നു. അതിനുള്ളിൽ കണ്ട ഇരുമ്പുകഷണങ്ങളുടേയും ആണികളുടേയും ഇടയിൽ ഞാൻ തപ്പിത്തുടങ്ങി. ഒരു തകരക്കഷണം കൊണ്ടു് എന്റെ കൈ മുറി ഞ്ഞു. എങ്കിലും തുരുമ്പുപിടിച്ച മൂന്നു താക്കോലുകടം വളരെ വേഗം വ്യ നിക്ക തപ്പിയെടുക്കാൻ കഴിഞ്ഞു. ''ഇതിൽ ഏതെങ്കിലും ഒന്നു് പാക മാകും.... ഇതാവാനാണു് വഴി,'' ഞാൻ വിചാരിച്ചു.

ഞാൻ അലമാരിയുടെ അടുത്തെത്തി, വളരെ വിഷമിച്ചു് താക്കോൽ പൂട്ടിൽ കടത്തി. ക്ലിക്കു് ശബ്ദത്തോടെ പൂട്ടു തുറന്നു. ഞാൻ വലിച്ചു് തു റന്നുനോക്കി. എന്റെ തോക്കു് അവിടെയുണ്ടായിരുന്നു. ഉറയും അടുത്തു തന്നെ ഉണ്ടു്. ഞാൻ രണ്ടും കയ്യിലെടുത്തു. അലമാരി പൂട്ടി താക്കോൽ ജനലിലൂടെ തോട്ടത്തിലേക്കു വലിച്ചെറിഞ്ഞിട്ടു് ഞാൻ ഓടി വഴിയി ലെത്തി. ഇരുവശവും സൂക്ഷിച്ചു നോക്കിയപ്പോടം അമ്മ അങ്ങാടിയിൽ നിന്നു് മടങ്ങി വരുന്നതു കണ്ടു. പെട്ടെന്നു് ഞാൻ ഒരു മൂല തിരിഞ്ഞു് സെമിത്തേരിയെ ലക്ഷ്യമാക്കി ഓടിത്തുടങ്ങി.

കാടിന്റെ അരികിലെത്തിയപ്പോടം കിതപ്പു് മാററാൻ ഞാൻ നി ന്നു. ആരെങ്കിലും പിന്നാലെ വരുന്നുണ്ടോ എന്നറിയാൻ ഇടയ്ക്കിടെ തല യുയർത്തി നോക്കിക്കൊണ്ടു് ഞാൻ ഒരു കരിയിലക്കൂനയിൽ കിടന്നു. തൊട്ടടുത്തുകൂടി ഒരു ചെറിയ നീർച്ചാൽ ശാന്തമായി ഒഴുകിക്കൊണ്ടിരു ന്നു. അതിലെ വെള്ളം തെളിഞ്ഞതായിരുന്നെങ്കിലും ചൂടുള്ളതും ജലസ സ്യങ്ങളുടെ ഗന്ധമുള്ളതുമായിരുന്നു. ഞാൻ കിടന്നിടത്തു നിന്നു് എണീ ക്കാതെതന്നെ കൈക്കുമ്പിളിൽ കുറെ വെള്ളം കോരിയെടുത്തു കുടിച്ചു. അതു കഴിഞ്ഞു് കൈത്തണ്ടകളിൽ തലവച്ചു് മലർന്നു കിടന്നുകൊണ്ടു് ഞാൻ ആലോചനയിൽ മുഴുകി.

ഇനിയിപ്പോടം എന്താണു ചെയ്യുക? വീട്ടിലേക്കു തിരിച്ചുപോകാൻ നിവൃത്തിയില്ല. സ്കൂളിലേക്കു പോകാനും സാദ്ധ്യമല്ല. അല്ലെങ്കിൽ വീ ട്ടിൽ പോകാൻ എന്താണു് തടസ്സം? തോക്കു് ഒളിച്ചുവച്ചിട്ടു് പോയാൽ മാത്രം മതി. അമ്മ കോപിക്കും, പക്ഷേ കുറേക്കഴിയുമ്പോടം അവർ അതു മറക്കും. വാസ്തവത്തിൽ കുററം അമ്മയുടേതാണു്. അമ്മ എന്തിനാ ണു് സൂത്രത്തിൽ അതെടുത്തു മാററിയതു്? അതു കളഞ്ഞുപോയെന്നു പറ

ഞ്ഞാൽ ആരും വിശ്വസിക്കയില്ല. എന്റേതല്ലായിരുന്നെന്നു പറഞ്ഞാൽ, പിന്നെ ആരുടേതാണെന്നു ചോദ്യമുണ്ടാകും. ഒന്നും പറയാതിരുന്നാൽ അവർ എന്നെ ജയിലിലിടും! ആ പേജ എന്തൊരു നീചനാണ്! പെരുച്ചാഴി!

കാടിന്റെ അതിർത്തിയിൽ അങ്ങിങ്ങായി വളർന്നുനിന്ന മരങ്ങളുടെ ഇടയിലൂടെ റെയിൽവേസ്റ്റേഷൻ എനിക്കു കാണാമായിരുന്നു.

''ക്കൂ—ക്കൂ—ക്കൂ!'' എഞ്ചിന്റെ ചൂളംവിളി ദൂരെനിന്നു കേട്ടു. പാളത്തിനു മുകളിൽ ആവിയുടെ വെളുത്ത തരംഗം പ്രത്യക്ഷപ്പെട്ടു. കറുത്ത എഞ്ചിൻ വളവിനപ്പുറത്തുനിന്നും ഒരു വണ്ടിനേപ്പോലെ ഇഴഞ്ഞുവന്നു.

''ക്കൂ—ക്കൂ—ക്കൂ!'' സൗഹൃദപൂർവ്വം കൈ നീട്ടിനിൽക്കുന്ന അടയാളസ്തംഭത്തെ അഭിവാദ്യം ചെയ്യാനെന്നവണ്ണം എഞ്ചിൻ വീണ്ടും കൂവി. ''പോരുന്നോ?...''

ഞാൻ കരുതലോടെ എണീററിരുന്നു് വീണ്ടും ആലോചന തുടങ്ങി.

ചിന്തിക്കുന്തോറും റെയിൽവേസ്റ്റേഷന്റെ ആകർഷകത്വം കൂടിക്കൂടി വന്നു. എഞ്ചിന്റെ ചൂളംവിളിയും സിഗ്നൽ ക്യാബിനിൽ നിന്നുള്ള താളാത്മകമായ മണിമുഴക്കവും കത്തുന്ന പെട്രോളിന്റെ ഒട്ടുമുക്കാലും അനുഭവവേദ്യമായ മണവും അറിയപ്പെടാത്ത ചക്രവാളങ്ങളിലേക്കു നീണ്ടുപോകുന്ന പാളങ്ങളും എന്നെ അങ്ങോട്ടു മാടിവിളിച്ചു.

''നീഷ്നി നോവ്ഗൊറാദിലേക്കു് പോകുകതന്നെ'', ഞാൻ വിചാരിച്ചു. ''അവിടെച്ചെന്നാൽ മലങ്കാക്കയെ കണ്ടുപിടിക്കാം. അദ്ദേഹം സോർമൊവൊയിൽ എവിടെയോ ഉണ്ടു്. അദ്ദേഹം എന്നെ സന്തോഷത്തോടെ സ്വീകരിക്കും. കുറെ നാളു അവിടെ താമസിക്കാം. അന്തരീക്ഷം ശാന്തമാകുമ്പോൾ വീട്ടിലേക്കു തിരിച്ചു വരികയും ചെയ്യാം. അല്ലെങ്കിൽ....''

ഒരു ഉൾപ്രചോദനത്താലെന്നവണ്ണം ഞാൻ വിചാരിച്ചു, ''ഒരുപക്ഷേ, ഞാൻ തിരിച്ചു വരികയേയില്ലായിരിക്കും.''

''അതെ, അതു തീരുമാനിക്കപ്പെട്ടുകഴിഞ്ഞു'', ഞാൻ പെട്ടെന്നു് ഉറച്ച ഒരു തീരുമാനമെടുത്തു. അതിന്റെ പ്രാധാന്യത്തെപ്പററി ബോധവാനായപ്പോൾ, ശക്തിയും തന്റേടവുമുള്ള ഒരു മുതിർന്ന മനുഷ്യനായി ഞാൻ എണീററു നിന്നു.

അദ്ധ്യായം അഞ്ചു്

രാത്രിയിലാണു് ട്രെയിൻ നീഷ്നി നോവ്ഗൊറദിലെത്തിയതു്. പുറത്തു കടന്ന ഉടൻതന്നെ ഞാൻ എത്തിച്ചേർന്നതു് സ്റ്റേഷൻ മുമ്പിലുള്ള വലിയ കവലയിലാണു്. പുത്തൻ തോക്കുകളുടെ ബയണററുകൾ തെരുവുവിളക്കുകളുടെ പ്രകാശത്തിൽ വെട്ടിത്തിളങ്ങിക്കൊണ്ടിരുന്നു.

പ്ലാററ്ഫോറത്തിൽ നിന്നുകൊണ്ടു് താടിക്കാരനായ ഒരു മനുഷ്യൻ പട്ടാളക്കാരെ അഭിസംബോധനചെയ്തു. ജന്മഭൂമിയെ രക്ഷിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ഉൽബോധിപ്പിക്കുകയും ''വെറുക്കപ്പെട്ട ജർമ്മൻ സാമ്രാജ്യവാദികളുടെ'' സത്വരവും അനിവാര്യവുമായ പരാജയം സുനിശ്ചിതമാണെന്നു പറയുകയും ചെയ്തുകൊണ്ടു് അയാൾ പ്രസംഗം തുടർന്നു.

തൻെറ തൊട്ടടുത്തിരിക്കുന്ന ഒരു കേണലിൻെറ നേരെ നോക്കിയിട്ടാണു് അയാൾ ഓരോ വാചകവും അവസാനിപ്പിച്ചതു്. കേണലാകട്ടെ താടിക്കാരൻ പറയുന്നതു് ശരിയാണെന്നു് അംഗീകരിക്കുന്നവിധം തൻെറ ഉരുണ്ട കഷണ്ടിത്തല ആട്ടിക്കൊണ്ടുമിരുന്നു.

പ്രാസംഗികൻ തളർന്നെന്നു തോന്നി. അയാൾ കൈകൊണ്ടു് നെഞ്ചത്തടിക്കുകയും ആദ്യം ഒരു കയ്യും പിന്നീടു് മററെ കയ്യും ഉയർത്തിക്കാണിക്കുകയും ചെയ്തു. പട്ടാളക്കാരുടെ മനസ്സാക്ഷിയെ തട്ടിയുണർത്താനായിരുന്നു അയാളുടെ ശ്രമം. തൻെറ പ്രഭാഷണം പട്ടാളയൂണിഫോറങ്ങളുടെ ഉള്ളിലേക്കു് തുളച്ചുകയറിയെന്നു് ഉറപ്പായപ്പോൾ അയാൾ പെട്ടെന്നു് കൈ വീശിയിട്ടു് തൊള്ള തുറന്നു് ''മാർസെലസു്'' പാടാൻ തുടങ്ങി. (കേണൽ ഞെട്ടി പുറകോട്ടുമാറിയില്ലായിരുന്നെങ്കിൽ താടിക്കാരൻെറ കൈ അയാളുടെ മുഖത്തു് കൊള്ളുമായിരുന്നു.) അവിടെയും ഇവിടെയും ചിലർ അതേററു പാടിയെങ്കിലും പട്ടാളക്കാരുടെ നിര നിശ്ശബ്ദമായിരുന്നു.

താടിക്കാരനായ വാഷ്മി പാട്ട പാതിക്കുവച്ച് നിർത്തി. അയാരം ...ന്നി നിലത്തെക്കെറിഞ്ഞിട്ട് പ്ലാററ്ഫോറത്തിൽനിന്ന താഴെയിറ ങ്ങി.

നിസ്സഹായത പ്രകടിപ്പിക്കുന്നവിധത്തിൽ കൈ മലർത്തിക്കൊണ്ട് ...ലും താഴെയിറങ്ങി. കഷണ്ടിത്തല കുനിച്ചു പിടിച്ച്, കൈവരി ... പിടിച്ചുകൊണ്ടാണ് അയാരം ഇറങ്ങിയത്. ജർമ്മൻ മുന്നണിയി ... പോകാനുള്ള ഒരു പോഷകസേനാവിഭാഗമായിരുന്നു അത്.

പട്ടാളക്കാർ പാട്ടുപാടിക്കൊണ്ടാണ് മാർച്ചുചെയ്തുവന്നത്. പൂക്കളും ...നങ്ങളും വഴിനീളെ അവരുടെ മേൽ വർഷിക്കപ്പെട്ടു. സ്റ്റേഷനി ...ലെത്തുന്നതുവരെ എല്ലാം ഭംഗിയായി നടന്നു. എന്നാൽ സ്റ്റേഷനിൽ എ ...പ്പോരം ആരുടേയോ അശ്രദ്ധകാരണം, ചായ കുടിക്കാൻ വേ ... തിളച്ച വെള്ളമില്ലെന്നും യാത്ര ചെയ്യാനുള്ള വണ്ടികളിൽ എല്ലാ ...ക്കും കിടക്കാൻ സൗകര്യമില്ലെന്നും തെളിഞ്ഞു. അതിൽ പ്രതിഷേ ധിച്ച് പട്ടാളക്കാർ യോഗം കൂടി.

മേധാവികരം ക്ഷണിച്ചുവരുത്താത്ത് പ്രാസംഗികർ പ്രസംഗവേദി ...ക്കു കയറി. ചായയെപ്പററി തുടങ്ങിയ ചർച്ച അവസാനിച്ചത് ...നെയാണ്: ''ഞങ്ങരംക്ക് മടുത്തു. ഞങ്ങളുടെ വീടുകളിൽ ഭൂമി കൃ ...ചെയ്യാൻ ആളില്ലാതെ തരിശായിക്കിടക്കുന്നു! ജന്മിമാരുടെ ഭൂമി പ ...ട്ടില്ല! ഈ യുദ്ധം ഞങ്ങരംക്കു മതിയായി!''

തീക്കുണ്ഡങ്ങരം നിർമ്മിക്കപ്പെട്ടു. മരക്കറയുടേയും പുകയിലയുടേ ... അടുത്തുള്ള കപ്പൽത്തുറകളിൽ അട്ടിയിട്ടിരിക്കുന്ന ഉണക്കമത്സ്യത്തി ന്റേയും വോരംഗയിൽനിന്നു വീശുന്ന കുളിർകാററിന്റേയും ഗന്ധം വായു ...ൽ അനുഭവപ്പെട്ടു. തീക്കുണ്ഡങ്ങളും, തോക്കുകളും കടന്ന്, ഉദ്വേ ...തരായ പട്ടാളക്കാരെയും ഉറക്കെ സംസാരിക്കുന്ന വാഷ്മികളേയും ... നില്ക്കുന്ന രോഷാകുലരായ ഓഫീസർമാരെയും പിന്നിട്ട്, ... ആവേശഭരിതനും പുളകിതഗാത്രനുമായി അപരിചിതമായ ...കളിലെ ഇരുട്ടിലേക്കിറങ്ങി.

ആദ്യം കണ്ട ആളോട് ഞാൻ സോർമൊവൊയിലേക്കുള്ള വഴി ചോ ദിച്ചു. അയാരം അത്ഭുതത്തോടെ പറഞ്ഞു:

''സോർമൊവൊയിലേക്ക് ഇവിടുന്ന് നടന്നു പോകാൻ പററില്ല, ...ാതീ. ഇവിടുന്ന് ആളുകരം ബോട്ടിലാണ് അങ്ങോട്ടു പോകുന്നത്.

അമ്പതു് കോപ്പെക്ക കൊടുത്തു കയറിയിരുന്നാൽ മതി. പക്ഷേ ഇനി കാലത്തേ ബോട്ടുള്ളു.''

ഞാൻ കുറേനേരം അവിടെയൊക്കെ ചുററിത്തിരിഞ്ഞുനടന്നു. ഒരി ടത്തു് ഒരു മതിലിനു താഴെ കുറെ ഒഴിഞ്ഞ പെട്ടികൾ അടുക്കിവച്ചി രിക്കുന്നതു ഞാൻ കണ്ടു. രാവിലെ വരെ അവിടെ ഇരിക്കാൻ ഞാൻ തീരുമാനിച്ചു. വളരെ വേഗം ഞാൻ ഉറങ്ങിപ്പോയി.

ഒരു പാട്ടു കേട്ടാണു് ഞാൻ ഉണർന്നതു്. ഭാരമുള്ള എന്തോ ചുമടു് വണ്ടിയിൽ കയററിക്കൊണ്ടിരുന്ന പോർട്ടറന്മാരുടെ പാട്ടായിരുന്നു അ തു്.

''ഏലേ—ഏലേ—ലോ!''

പിളർന്നതെങ്കിലും കേൾക്കാൻ സുഖമുള്ള ശബ്ദമാണു് മുന്നിട്ടു നില്ക്കു ന്നതു്.

ചിലമ്പിച്ച മററു ശബ്ദങ്ങൾ അതേററു പാടി.

''വീണ്ടും വീണ്ടും പൊക്കിക്കോ!''

ഒരു ഞരക്കത്തോടെ എന്തോ ഒന്നു് അനങ്ങി.

''ഏലേ—ലോ—ഏലേ—ലോ!''

ഞാൻ തലപൊക്കി നോക്കി. വലിയ ഒരു കഷണം വരകുറൊട്ടി ക്കു ചുററും ഉറുമ്പുകൾ കൂടിയിരിക്കുന്നതുപോലെ പോർട്ടറന്മാർ തുരുമ്പു പിടിച്ച ഒരു കൂററൻ ഇരുമ്പുചക്രത്തിനു് ചുററും നില്ക്കുകയായിരുന്നു. പ രിഞ്ഞ റെയിലുകൾ വഴി അതു് ഒരു തുറന്ന വണ്ടിയിലേക്കു കയററു നാണു് അവരുടെ ശ്രമം. അവരുടെയിടയിൽ എവിടെയോ നിന്നു് പ്ര ധാന പാട്ടുകാരൻെറ ശബ്ദം വീണ്ടും ഉയർന്നു.

''നിക്കൊലായെ തൊഴിച്ചു മാററി
ഏലോ—ഏലേ—ലോ!''

പിന്നേയും ഒരു ഞരക്കം.

''ഒത്തുപിടിച്ചാൽ, ചങ്ങാതികളെ
വൃദ്ധൻ അലെക്സും പടുകുഴിയിൽ!''

ഒരു ഞരക്കവും മുട്ടം കേട്ടു. ഇരുമ്പുചക്രം വണ്ടിയിലായി. പാട്ടു നിലച്ചു. ആളുകൾ ഉറക്കെ വിളിക്കുകയും സംസാരിക്കുകയും തെറിപറയുകയും ചെയ്തുതുടങ്ങി. ''ഇതെന്തൊരു പാട്ടപ്പാ!'' ഞാൻ വിചാരിച്ചു. ''ആരാണാവോ ഈ അലെക്സ്? അതു് കേരെൻസ്കിയാണല്ലൊ! അർസമസിൽ ആരെങ്കിലും ഇങ്ങിനെ പാടിയാൽ ജയിലിൽ കയറാൻ താമസമില്ല. ഇവിടെ മിലിഷ്യാക്കാർ ഇതൊന്നും കേൾക്കാത്തമട്ടിൽ തിരിഞ്ഞു നടക്കുന്നു.''

ചെളിപുരണ്ട ചെറിയൊരു ആവിബോട്ടു് തുറയിൽ നംങ്കൂരമിട്ടിട്ടു കുറെ നേരമായി. എന്റെ കൈവശം ടിക്കറ്റു വാങ്ങാനുള്ള അമ്പതു കോപ്പെക്കു് ഉണ്ടായിരുന്നില്ല. ബോട്ടിലേക്കു കയറാനുള്ള വഴിയിൽ ഒരു ടിക്കറ്റ്ചെക്കറും തോക്കു പിടിച്ച നാവികനും നിന്നിരുന്നു.

ഞാൻ നഖം കടിച്ചുകൊണ്ടു് ബോട്ടിനും തുറയ്ക്കും ഇടയ്ക്കു് ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണമയമുള്ള വെള്ളത്തിലേക്കു ദുഃഖത്തോടെ നോക്കിനിന്നു. തണ്ണീർമത്തങ്ങയുടെ തോടു്, മരപ്പലകകൾ, കടലാസുതുണ്ടുകൾ തുടങ്ങിയ പലതരം ചവറുകൾ ആ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നുണ്ടായിരുന്നു.

''എന്നെ എങ്ങിനെയെങ്കിലും കൊണ്ടുപോകണമെന്നു് ടിക്കറ്റുചെക്കറോടു് അപേക്ഷിച്ചാലോ?'' ഞാൻ വിചാരിച്ചു. ''ഞാൻ ഒരു അനാഥബാലനാണെന്നും സുഖമില്ലാതെ കിടക്കുന്ന മുത്തശ്ശിയെ കാണാൻ പോവുകയാണെന്നും പറഞ്ഞാലോ?''

കലങ്ങിയ വെള്ളത്തിന്റെ എണ്ണകലർന്ന മുകൾപ്പരപ്പിൽ ഞാൻ എന്റെ പ്രതിബിംബം കണ്ടു—നല്ല ആരോഗ്യമുള്ള മുഖം, വെട്ടി ഭംഗിയാക്കിയ മുടി, പിച്ചളബട്ടണുകൾ തിളങ്ങുന്ന സ്കൂൾ യൂണിഫോറം.

ഞാൻ നെടുവീർപ്പിട്ടു. അനാഥബാലനാണെന്നു പറയാതിരിക്കുകയാണു് നല്ലതു്. ഇത്ര ആരോഗ്യമുള്ള ഒരു കുട്ടി അനാഥബാലനാണെന്നു് ആരും വിശ്വസിക്കയില്ല.

യാത്രയ്ക്കു പണമില്ലാത്ത കുട്ടികളെ കപ്പലിൽ പണിയെടുക്കാമെന്ന വ്യവസ്ഥയിൽ യാത്രചെയ്യാൻ അനുവദിക്കാറുണ്ടെന്നു് ഞാൻ പല പുസ്തകങ്ങളിലും വായിച്ചിട്ടുണ്ടു്. പക്ഷേ എന്റെ കാര്യത്തിൽ അതും പ്രായോഗികമല്ല. എനിക്കു് ദീർഘയാത്ര ചെയ്യേണ്ട, അക്കരെ കടന്നാൽ മതി.

''എന്തിനാണ്‌ ഇവിടെ നിൽക്കുന്നത്‌? മാറിനിൽക്കു!'' ധിക്കാരം നിറഞ്ഞ ഒരു ശബ്ദം ഞാൻ കേട്ടു. തിരിഞ്ഞുനോക്കിയപ്പോഠം വസൂരിക്കല മുഖത്തുള്ള ചെറിയ ഒരു ബാലനെയാണ്‌ ഞാൻ കണ്ടതു്.

അവൻ കുറെ ലഘുലേഖകഠം ഒരു വീഞ്ഞപ്പെട്ടിയിലേക്കു് ഇട്ടിട്ട് എന്റെ കാലിനടിയിൽനിന്നു് ഒരു സിഗററ്റുകുററി വലിച്ചെടുത്തു.

''ഹേ, നോക്കു! എത്ര നല്ല സിഗററ്റുകുററിയാണ്‌ നീ കാണാതെ ഇവിടെ കിടന്നതു്!'' അവൻ പറഞ്ഞു.

എനിക്കു സിഗററ്റുകുററികളിൽ താല്പര്യമില്ലെന്നും ഞാൻ പുകവലിക്കയില്ലെന്നും ഞാൻ അവനോടു പറഞ്ഞു. അവൻ ഇവിടെ എന്തു ചെയ്യുകയാണെന്ന്‌ ഞാൻ തിരിച്ചുചോദിച്ചു.

''ഞാനോ?'' ഒഴുകിക്കൊണ്ടിരുന്ന ഒരു പലകക്കഷണത്തിന്റെ നടുവിലേക്കു് അവൻ തുപ്പി. ''ഞാൻ ഞങ്ങളുടെ കമ്മിററിക്കുവേണ്ടി ലഘുലേഖ വിതരണം ചെയ്യുകയാണ്‌.''

''ഏതു കമ്മിററിയാണ്‌?''

''തൊഴിലാളി കമ്മിററി, അല്ലാതെന്താ! സഹായിക്കാൻ കൂടുന്നോ?''

''വിരോധമില്ല, പക്ഷേ എനിക്കു് സോർമൊവൊയിലേക്കു പോകണം. ടിക്കററില്ലതാനും.''

''എന്തിനാണ്‌ അങ്ങോട്ടു പോകുന്നതു്?''

''അവിടെ എന്റെ അമ്മാവനുണ്ടു്. അവിടുത്തെ ഫാക്ടറിയിൽ ജോലിയാണ്‌.''

''അതു കഷ്ടംതന്നെ'', പയ്യൻ പരിഹാസപൂർവ്വം പറഞ്ഞു. ''പോക്കററിൽ ഒററച്ചില്ലിയില്ലാതെ ആരെങ്കിലും അമ്മാവനെ കാണാൻ ഇറങ്ങിത്തിരിക്കുമോ!''

''എനിക്കു് സമയം കിട്ടിയില്ല'', വാക്കുകഠം എന്റെ ചുണ്ടിൽനിന്നു തെറിച്ചുവീണു. ''വിചാരിച്ചിരിക്കാതെ ഞാൻ വീട്ടിൽനിന്നു് ഒളിച്ചോടിപ്പോന്നതാണ്‌.''

''സത്യം?'' പറഞ്ഞതു വിശ്വസിക്കാനാവാതെ പയ്യൻ ജിജ്ഞാസയോടെ എന്നെ നോക്കി. എന്നിട്ടു് മൂക്കു ചുളിച്ചുകൊണ്ടു് സഹതാപത്തോടെ പറഞ്ഞു: ''തിരിച്ചുചെല്ലുമ്പോഠം അച്ഛന്റെ കയ്യിൽനിന്നു് നല്ല സമ്മാനം കിട്ടും.''

'ഞാൻ തിരിച്ചുപോകുന്നില്ല. എനിക്ക് അച്ഛനില്ലതാനും. ചക്ര[illegible]യുടെ ഭരണകാലത്ത് അദ്ദേഹം വധിക്കപ്പെട്ടു. അദ്ദേഹം ഒരു [illegible]ഷെവിക്കായിരുന്നു.''

''എന്റെ അച്ഛനും ബോൾഷെവിക്കാണ്,'' പയ്യൻ ധൃതിയിൽ [illegible]. ''അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നുമാത്രം. എന്റെ അച്ഛൻ ഒരു [illegible] ആളാണ്. സോർമൊവൊയിൽ മററാരെക്കാളും മുന്നിലാണ് [illegible]. പാവെൽ കൊർച്ചാഗിൻ എവിടെയാണ് താമസിക്കുന്നതെ[illegible]ാട് ചോദിച്ചാലും പറഞ്ഞുതരും: 'ഓ, അതു് കമ്മിററി ഓ[illegible]ണ്. തെർ—അക്കോപ്പൊവിന്റെ വീഥിയിലുള്ള ഫാക്ടറിയി[illegible] ആതു്.' അതെ, ചങ്ങാതി, എന്റെ അച്ഛൻ അങ്ങിനെയുള്ള [illegible]!''

[illegible]ൻ സിഗററ്റുകുററി വലിച്ചെറിഞ്ഞിട്ട് എപ്പോഴും ഊർന്നിറങ്ങു[illegible]ൻ പൊക്കിയിട്ടു. ലഘുലേഖകൾ എന്റെ അടുത്തുതന്നെ വച്ചി[illegible]ൻ ആൾക്കൂട്ടത്തിനിടയിൽ മറഞ്ഞു.

ഞാൻ ലഘുലേഖയിലൊന്ന് എടുത്തു വായിച്ചു. പ്രതിവിപ്ലവകാ[illegible] ജനറൽ കൊർനീലൊവുമായി രഹസ്യ ഉടമ്പടി ഉണ്ടാക്കാൻ ത[illegible] ഒരു രാജ്യദ്രോഹിയാണ് കേരെൻസ്കിയെന്ന് അതിൽ പറ[illegible]. താല്കാലിക ഗവണ്മെൻറിനെ മറിച്ചിടണമെന്നും സോവിയ[illegible]കാരം സ്ഥാപിക്കണമെന്നും അതിൽ ആഹ്വാനം ചെയ്തിരുന്നു.

[illegible]ലേഖയിലെ മൂർച്ചയുള്ള വാക്കുകൾ പോർട്ടറന്മാരുടെ ധിക്കാ[illegible] പാട്ടിനേക്കാൾ എന്നെ അത്ഭുതപ്പെടുത്തി. മീൻ നിറച്ചിരു[illegible] റീപ്പുകളുടെ പിന്നിൽ പയ്യന്റെ തല പ്രത്യക്ഷപ്പെട്ടു. അവൻ [illegible]ണ്ടു് ഓടിവരുന്ന വരവിൽ പറഞ്ഞു: ''ഒരു രക്ഷയുമില്ല, [illegible]!''

''എന്തു്?'' ഒന്നും മനസ്സിലാകാതെ ഞാൻ ചോദിച്ചു.

''[illegible]ു കോപ്പെക്ക് സംഘടിപ്പിക്കാമോന്ന് നോക്കുകയായിരു[illegible]. നമ്മുടെ കൂട്ടരിൽ ഒരാളായ സിമോൻ കൊത്തീൽക്കിനെ [illegible]ിടെ കണ്ടു. പക്ഷേ അയാളുടെ കയ്യിൽ കാശൊന്നുമില്ല.''

''[illegible]ക്കെന്തിനാണ് അമ്പതു കോപ്പെക്ക്?''

''[illegible]ിക്കല്ല, നിനക്കു തരാനാണ്'', അവൻ അത്ഭുതത്തോടെ എ[illegible]. ''കാശു കിട്ടിയിരുന്നെങ്കിൽ നിനക്കു ടിക്കറ്റു വാങ്ങാ

മായിരുന്നു. സോർമൊവൊയിൽ ചെന്നിട്ട് അമ്മാവനോട്ട വാങ്ങി മ്പ ക്കി തന്നാൽ മതിയല്ലൊ ഞാനും അവിടുത്തുകാരനാണ്.''

പയ്യൻ വീണ്ടും അപ്രത്യക്ഷനായി, വളരെ വേഗം തിരിച്ചുവരിക യും ചെയ്തു. ''ടിക്കററില്ലാതെ നമുക്ക് പണി പററിക്കാം. ഈ ലഘു ലേഖകൾ എടുത്തുകൊണ്ട് നേരെ ബോട്ടിലേക്ക കയറിക്കോ. കയറി പ്പോകുന്ന വഴിയിൽ തോക്കപിടിച്ചു നിൽക്കുന്ന നാവികനെ കണ്ടോ? പാഷ സൂർക്കോവാണ് അയാൾ. അവിടെ എത്തുമ്പോൾ 'ഞാൻ കമ്മിററിയുടെ ലഘുലേഖ കൊണ്ടുവന്നതാണ്'' എന്ന് അയാളോട്ട് പറ ഞ്ഞാൽ മതി. ടിക്കററ് ചെക്കറെ നോക്കുകയേ വേണ്ട. നാവികൻ നമ്മുടെ ആളാണ്. എന്തെങ്കിലും കുഴപ്പമുണ്ടാകുകയാണെങ്കിൽ അയാൾ ശരിയാ ക്കിക്കൊള്ളും.''

''അപ്പോൾ നീയോ?''

''ഞാൻ എങ്ങിനെയെങ്കിലും അകത്തു കടന്നോളാം. ഞാൻ ഈ നാ ട്ടുകാരനാണ്, ചങ്ങാതീ.''

കച്ചിയും ആപ്പിൾക്കരുവും തറയിലാകെ ചിതറിക്കിടക്കുന്ന വൃ ത്തികെട്ട കൊച്ചുബോട്ട് വളരെ ദൂരം പോയിട്ടും എന്റെ കൂട്ടുകാരനെ കണ്ടില്ല.

തുരുമ്പുപിടിച്ച ചങ്ങലകൾ കൂട്ടിയിട്ടിരുന്നതിന്റെ മുകളിൽ ഞാൻ ഇരിക്കാൻ ഒരിടം കണ്ടെത്തി. ആപ്പിളിന്റേയും പെട്രോളിന്റേയും മീ നിന്റേയും മണമുള്ള തണുത്ത വായു ശ്വസിച്ചുകൊണ്ട് ഞാൻ ചുററുമുള്ള യാത്രക്കാരെ ജിജ്ഞാസയോടെ നോക്കി. എന്റെ തൊട്ടടുത്തിരുന്നതു ഒരു പുരോഹിതനായിരുന്നു. കണ്ടിട്ട് ഒരു ചെമ്മാച്ചനാണെന്നു തോന്നി. താൻ ഇവിടെ ഉണ്ടെന്നു ആരും അറിയണ്ട എന്ന മട്ടിൽ വളരെ ഒതുങ്ങി യാണ് അയാൾ ഇരുന്നതു്. അയാൾ പരിഭ്രമത്തോടെ ഇടയ്ക്കിടെ ചുററും നോക്കിക്കൊണ്ട് തണ്ണിമത്തങ്ങയുടെ കഷണം കടിച്ചു തിന്നുകയും കുരു കൈപ്പടത്തിലേക്ക തുപ്പുകയും ചെയ്തുകൊണ്ടിരുന്നു.

പുരോഹിതനെ കൂടാതെ അവിടെ ഒഴിഞ്ഞ പാൽപ്പാത്രങ്ങളുമായി സഞ്ചരിക്കുന്ന കുറെ കർഷകസ്ത്രീകളും രണ്ട് ഓഫീസർമാരും നാലു മി ലിഷ്യാക്കാരും കയ്യിൽ ചുവന്ന നാട കെട്ടിയ ഒരു മനുഷ്യനും ഉണ്ടായി രുന്നു. മററുള്ളവരിൽനിന്നു് അല്പം അകന്നുമാറി, ചുവപ്പുനാട കെട്ടിയ ആളുടെ തൊട്ടടുത്താണ് മിലിഷ്യാക്കാർ ഇരുന്നതു്.

ബോട്ടിലുണ്ടായിരുന്ന മററു യാത്രക്കാർ എല്ലാവരും തൊഴിലാളിക ളായിരുന്നു. അവർ ചെറുസംഘങ്ങളായി പിരിഞ്ഞു് ഉറക്കെ സംസാരി ക്കുകയും തർക്കിക്കുകയും പ്രാകുകയും പൊട്ടിച്ചിരിക്കുകയും പത്രങ്ങളി ലെ വാർത്തകൾ ഉറക്കെ വായിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവരിൽ ചിലർ ചൂടേറിയ വാദപ്രതിവാദം നടക്കുന്നിടത്തേക്കു് ക്ഷണിക്കപ്പെടാ തെ കടന്നു ചെല്ലുന്നതു് കണ്ടപ്പോൾ അവരെല്ലാവരും പരസ്പരം അറിയു ന്നവരാണെന്നു് എനിക്കു തോന്നി. ബോട്ടിൻെറ ഒരു വശത്തിരിക്കുന്ന വരുകൾ മറുവശത്തുള്ളവരോടു് സംസാരിക്കുകയും തമാശ പറയുകയും ചെയ്യുന്നതു് ഞാൻ കണ്ടു.

സോർമൊവൊ പട്ടണം കാഴ്ചയിൽപ്പെട്ടുതുടങ്ങി. തീരെ കാററില്ലാ ത്ത ഒരു പ്രഭാതമായിരുന്നു അതു്. ഫാക്ടറികളിൽനിന്നു് ചുരുളുചുരുളാ യി ഉയർന്നു പൊങ്ങുന്ന പുകപടലം ബോട്ടിൽനിന്നു് നോക്കിയപ്പോൾ കു ഴൽ പുകക്കുഴലുകളാകുന്ന തായ്ത്തടികളിൽനിന്നു് പൊട്ടിപ്പുറപ്പെട്ട പ ടർന്നുനിൽക്കുന്ന കറുത്ത ശിഖരങ്ങളാണെന്നു് തോന്നി.

''ഹല്ലോ!'' എൻെറ പുതിയ കൂട്ടുകാരൻെറ പരിചിതമായ ശബ്ദം ഞാൻ പിന്നിൽ കേട്ടു.

എനിക്കു സന്തോഷമായി. ആ ലഘുലേഖകൾ എന്തു ചെയ്യണമെന്ന റിയാതെ വിഷമിക്കുകയായിരുന്നു ഞാൻ.

അവൻ എൻെറ അടുത്തു വന്നിരുന്നു് പോക്കററിൽനിന്നും ഒരു ആ പ്പിൾ എടുത്തു് എനിക്കു തന്നു.

''ഇതു തിന്നോ. പുതിയ ലഘുലേഖയോ പത്രമോ ഇറങ്ങിയാൽ ഞാൻ ചൂടോടെ എത്തിച്ചുകൊടുക്കുന്നതുകൊണ്ടു് പോർട്ടറന്മാർ എനിക്കു് ഒരു തൊപ്പി നിറയെ ആപ്പിൾ തന്നു. ഇന്നലെ അവർ എനിക്കു് ഒരു വലിയ ഉണക്കമീൻ തന്നു. അവർക്കും അതുകൊണ്ടു് നഷ്ടമൊന്നുമി ല്ല. എന്തെങ്കിലും ഒരു ചാക്കിൽ കൈയിട്ടാൽ മതി. മൂന്നു മീൻ ഞാൻ തന്നെ തിന്നു. രണ്ടെണ്ണം എൻെറ അനിയത്തിമാരായ ആൻകയും മാൻ കയും കൊടുക്കാനായി വീട്ടിൽ കൊണ്ടുപോയി.'' അവൻ വാത്സല്യ ത്തോടെ ഇത്രയുംകൂടി കൂട്ടിച്ചേർത്തു: ''അതുങ്ങൾക്കു് എപ്പോഴും വിശ ക്കുന്നു്.''

ചുവന്ന നാട കയ്യിൽക്കെട്ടിയ മനുഷ്യൻ മിലിഷ്യാക്കാരുടെ സഹാ യത്തോടെ പെട്ടെന്നു് യാത്രക്കാരുടെ രേഖകൾ പരിശോധിക്കാൻ തുട

ങ്ങിയതുകൊണ്ടു് ഞങ്ങളുടെ സംസാരം നിലച്ചു. തൊഴിലാളികൾ നി ശ്ശബ്ദരായി മാഞ്ഞു് മെഴുകപുരണ്ട കടലാസുകൾ എടുത്തു കാണിച്ചിട്ടു് പുച്ഛത്തോടെ അഭിപ്രായങ്ങൾ തട്ടിവിട്ടു.

''ആരെയാണു് നോക്കുന്നതു്?''

''ചെകുത്താനറിയാം.''

''ചുണയുണ്ടെങ്കിൽ സോർമൊവൊയിൽ വന്നു് തപ്പട്ടെ!''

മിലിഷ്യാക്കാർക്കു് അതിൽ താല്പര്യമില്ലെന്നും ആശങ്കയോടെ ഞ ങ്ങളെ ഉററുനോക്കുന്ന അനേകം കണ്ണുകളുടെ മുമ്പിൽ അവർ ചൂളുന്നുണ്ടെ ന്നും തോന്നി.

ആളുകളുടെ അടക്കിപ്പിടിച്ച പ്രതിഷേധം വകവയ്ക്കാതെ ചുവപ്പു നാ ടകെട്ടിയ മനുഷ്യൻ പരിശോധന തുടർന്നു. ഒരു വെല്ലുവിളിപോലെ പ രികങ്ങൾ ചലിപ്പിച്ചുകൊണ്ടു് അയാൾ പുരോഹിതന്റെ അടുത്തെത്തി. പുരോഹിതൻ കുറേക്കൂടി ഒതുങ്ങിയിരുന്നുകൊണ്ടു് കൈ വിടർത്തി അ യാളുടെ കഴുത്തിൽ തൂക്കിയിട്ടിരുന്ന കപ്പു് ചൂണ്ടിക്കാണിച്ചു. ''നല്ല ക്രി സ്ത്യാനികളെ, ജർമ്മൻകാർ നശിപ്പിച്ച പള്ളികൾ പുനരുദ്ധരിക്കാനാ യി എന്തെങ്കിലും സംഭാവന ചെയ്യുവിൻ'', എന്നു് അതിൽ എഴുതിയി രുന്നു.

ചുവപ്പു പട്ടക്കാരൻ നീരസത്തോടെ തിരിഞ്ഞു് എന്റെ കൂട്ടുകാര ന്റെ തോളിൽ പിടികൂടി.

''രേഖകൾ എവിടെ?''

''എനിക്കു പ്രായപൂർത്തിയാകുമ്പോൾ കിട്ടും!'' പയ്യൻ പരുഷമാ യി പറഞ്ഞു.

തോളിൽനിന്നു് പിടി വിടുവിക്കാനായി അവൻ ഒന്നു് കുതറി. കാൽ വഴുതി വീഴാൻ പോയതുകൊണ്ടു് കയ്യിലിരുന്ന ലഘുലേഖയുടെ കെട്ടു് താഴെ വീണു.

ചുവപ്പുപട്ടക്കാരൻ കുനിഞ്ഞു് ഒരെണ്ണമെടുത്തു് ധൃതിയിൽ വായിച്ചു. അയാൾ കോപംകൊണ്ടു് ജ്വലിച്ചു.

''രേഖകൾ കിട്ടാൻ നിനക്കു പ്രായമായിട്ടില്ല, പക്ഷേ പ്രചരണം നടത്താൻ പ്രായമായി, അല്ലേ? പിടിക്കൂ ഇവനെ!''

എന്നാൽ ആ ലഘുലേഖ വായിച്ചതു് അയാൾ മാത്രമായിരുന്നില്ല. കാററിൽ പറന്നു് അവയിൽ കുറെയെണ്ണം ഡക്കിലുള്ള യാത്രക്കാരുടെ

...ത്തിലും എത്തിയിരുന്നു. അമ്പരന്നു നിന്ന നിരുന്മേഷരായ മിലിഷ്യാ...ക്കാർ പയ്യന്റെ അടുത്തെത്തുന്നതിനുമുമ്പുതന്നെ ഡക്ക് ഒരു തേനീച്ചക്കൂട്...പോലെ സജീവമായി.

''പോയി, കൊർനീലൊവിനെ പിടിക്കു്!''

''പുരോഹിതനോട് രേഖ ചോദിച്ചില്ലല്ലോ നിങ്ങൾ. പിന്നെ ഈ ...ബാലനെ ശല്യപ്പെടുത്തുന്നതെന്തിനു്? അവനെ വെറുതെ വിട്ടേക്കൂ!''

''ഇതു് നിങ്ങളുടെ പട്ടണമല്ല; ഇതു് സോർമൊവൊയാണു്!''

''ആരും മിണ്ടണ്ട!'' പേടിയോടെ മിലിഷ്യാക്കാരുടെ നേരെ നോ...ക്കിക്കൊണ്ടു് അയാൾ പറഞ്ഞു.

''താൻ പോയി മുങ്ങിച്ചാകു്! വേഷം മാറിയ പോലീസുകാരൻ! ...അയാൾ ലഘുലേഖകൾ തട്ടിപ്പറിച്ചതു കണ്ടില്ലേ!''

അയാളുടെ തൊപ്പിയുടെ നേരെ ആരോ ഒരു കഷണം വെള്ളരിക്ക ...എറിഞ്ഞു.

...പ്രാ വശത്തുനിന്നും ആളുകൾ മുമ്പോട്ടു തള്ളിക്കയറുന്നതു് കണ്ടി...ട്ട് മിലിഷ്യാക്കാർ അമ്പരന്നു് ചുറ്റും നോക്കിക്കൊണ്ടു് പിറുപിറുത്തു:

''മാറിനിൽക്കു! മാറിനിൽക്കൂ, മാന്യരെ!''

പെട്ടെന്നു് ചെവിക്കല്ലു തുളയ്ക്കുമാറു് ഉച്ചത്തിൽ സൈറൺ മുഴങ്ങി. ...സ്റ്റീമറിന്റെ ബ്രിഡ്ജിൽനിന്നു് ആരോ ആക്രോശിച്ചു: ''ബോട്ടി...ന്റെ ഇടതുവശത്തുനിന്നു മാറിനില്ക്കണം, അല്ലെങ്കിൽ ബോട്ടു മറിയും!''

...ആളുകൾ ബോട്ടിന്റെ മറുവശത്തേക്കു് ഓടി. ആളുകൾ അമ്പരന്നു് ...നിന്ന ആ ഒരൊററ നിമിഷം ഉപയോഗിച്ചു് ചുവപ്പുനാട ധരിച്ച മനു...ഷ്യൻ മിലിഷ്യാക്കാരെ പ്രാകിക്കൊണ്ടു് പാലത്തിനടുത്തേക്കുള്ള കോ...ണിയിലൂടെ രക്ഷപ്പെട്ടു. ഓഫീസറന്മാർ രണ്ടുപേരും വിളറി വിഷണ്ണ...രായി അവിടെ നില്പുണ്ടായിരുന്നു.

...ബോട്ടു് കരയ്ക്കടുത്തു. തൊഴിലാളികൾ ധൃതിയിൽ ഇറങ്ങിപ്പോയി. ...മനുഷ്യൻ വീണ്ടും എന്റെ അടുത്തു നില്ക്കുന്നതു കണ്ടു. അവന്റെ കണ്ണുകൾ ...തിളങ്ങി. ചുരുണ്ടുകൂടിയ ലഘുലേഖകൾ അവൻ മാറോടു് അടുക്കിപ്പി...ടിച്ചിരുന്നു.

''എന്നെ വന്നു കാണണം'', അവൻ വിളിച്ചു പറഞ്ഞു. ''നേരെ ...ഫാക്ടറിയിൽ വന്നാൽ മതി. വാസ്സ കൊർച്ചാഗിൻ എവിടെയാണെന്നു ...ചോദിച്ചാൽ ആരും കാണിച്ചുതരും.''

അദ്ധ്യായം ആറ്

പുകയും കരിയും പുരണ്ട് ചാരനിറമാർന്ന ചെറിയ വീടുകളും ഫാ ക്ടറികളുടെ കല്ലുകൊണ്ടു പണിത ചുമരുകളും ഞാൻ അത്ഭുതവും ജിജ്ഞാ സയും നിറഞ്ഞ മിഴികളോടെ നോക്കിനിന്നു. ഫാക്ടറികളുടെ ജനാല കളിലൂടെ തീനാമ്പുകളുടെ ഉജ്ജ്വലവർണ്ണം എനിക്കു കാണാൻ കഴിഞ്ഞു. തടവിലാക്കപ്പെട്ട ക്രൂരൻ യന്ത്രങ്ങളുടെ അടക്കിപ്പിടിച്ച ഗർജ്ജനം ഞാൻ കേട്ടു.

ഉച്ചയൂണിന്റെ സമയമായിരുന്നു അത്. ചക്രങ്ങൾ കയററിയ വ ണ്ടികളെ വലിച്ചുകൊണ്ട് ഒരു എഞ്ചിൻ എന്നെ കടന്ന് റോഡിന്റെ മറുവശത്തേക്ക് ഉരുണ്ടുപോയി. അതിൽനിന്നു പുറത്തുവന്ന ആവി അല ഞ്ഞുനടന്ന പട്ടികളെ പേടിപ്പിച്ചു. പല സ്ഥായിയിലുള്ള ചൂളംവിളി കൾ കേട്ടുതുടങ്ങി. ക്ഷീണിച്ച് വിയർപ്പിൽ കുളിച്ച തൊഴിലാളികൾ ഗയിററുകൾക്കു പുറത്തു കടന്നു.

നഗ്നപാദരായ ഒരു പററം കുട്ടികൾ ചട്ടികളും പിഞ്ഞാണങ്ങളും അഴ ങ്ങിയ ചെറുപൊതികളുമായി അവരുടെ അടുത്തേക്ക് ഓടിച്ചെന്നു. ആ പൊതികളിൽനിന്ന് ഉള്ളിയുടേയും ഉപ്പിലിട്ട മൊട്ടക്കൂസിന്റേയും ആ വിയുടേയും മണം ഉതിരുന്നുണ്ടായിരുന്നു.

വളഞ്ഞു പുളഞ്ഞു കിടക്കുന്ന പല ഇടവഴികളും കടന്ന് ഒടുവിൽ ഞാൻ മലങ്കാക്ക താമസിക്കുന്ന തെരുവിലെത്തി.

തടികൊണ്ടു പണിത ഒരു കൊച്ചു വീടിന്റെ ജനാലയിൽ ഞാൻ മുട്ടി. എല്ലും തൊലിയും മാത്രമുള്ള തലനരച്ച ഒരു വൃദ്ധ തുണിനനയ്ക്കുന്ന തു നിർത്തി ചുവന്ന മുഖം വെളിയിൽ കാട്ടിക്കൊണ്ട്, ആരെക്കാണാ നാണ് വന്നതെന്ന് പരുഷമായി ചോദിച്ചു.

ഞാൻ പറഞ്ഞു.

''അയാൾ ഇവിടെയല്ല ഇപ്പോൾ താമസിക്കുന്നതു്. അയാൾ താമസം മാററിയിട്ടു് വളരെ നാളായി'', എന്നു പറഞ്ഞിട്ടു് അവർ ജനലടച്ചു.

ആ വാർത്ത എന്നെ പരവശനാക്കി. ഞാൻ ഒരു മൂലതിരിഞ്ഞു് ചരക്കുകൾ കൂട്ടിയിട്ടിരുന്ന ഒരിടത്തു ചെന്നു നിന്നു. വിശപ്പും ഉറക്കക്ഷീണവും കൊണ്ടു് ഞാൻ തളർന്നിരുന്നു.

സോർമൊവൊയിൽ എനിക്കു് അറിയാവുന്ന ഒരേയൊരാൾ നിക്കൊലായ് അമ്മാവനാണു്. അദ്ദേഹം എവിടെയാണു് താമസിക്കുന്നതെന്നോ ഏതു ഫാക്ടറിയിലാണു പണിയെടുക്കുന്നതെന്നോ എനിക്കറിയില്ല. അദ്ദേഹം എങ്ങിനെ എന്നെ സ്വീകരിക്കുമെന്നും എനിക്കു നിശ്ചയമില്ലായിരുന്നു.

ഞാൻ വഴിയാത്രക്കാരിൽ ഒരോരുത്തരുടേയും മുഖം ശ്രദ്ധിച്ചുനോക്കിക്കൊണ്ടു് തെരുവുകളിലൂടെ അനേകം മണിക്കൂറുകൾ അലഞ്ഞുതിരിഞ്ഞു. എന്റെ അമ്മാവനെ കണ്ടുമുട്ടിയില്ല.

കടുത്ത ഏകാന്തതയും നിസ്സഹായബോധവും എങ്ങോട്ടും പോകാനില്ല എന്ന തോന്നലും മൂലം തളർന്നു് ഞാൻ ഒരു പുൽത്തകിടിയിൽ ഇരുന്നു. മീൻതൊലിയും മഴനനഞ്ഞു് മഞ്ഞനിറമായ ചുണ്ണാമ്പുകട്ടകളും ചിതറിക്കിടന്ന വൃത്തികെട്ട ഒരു പുൽത്തകിടിയായിരുന്നു അതു്. അവിടെ കിടന്നു് കണ്ണുകളടച്ചു് ഞാൻ എന്റെ ദുരവസ്ഥയെപ്പററി ചിന്തിച്ചു.

ആലോചിക്കുന്തോറും സങ്കടം കൂടിക്കൂടിവന്നു. വീടു വിട്ടു പോന്നതു് അബദ്ധമായിപ്പോയെന്നു തോന്നി.

എങ്കിൽപ്പോലും അർസമാസിലേക്കു തിരിച്ചുപോകാൻ ഞാൻ തീരുമാനിച്ചില്ല. അവിടെച്ചെന്നാൽ ഞാൻ മുമ്പെന്നത്തേക്കാളും ഒററപ്പെട്ടുപോകും. എല്ലാവരും പണ്ടു് ഗ്ലൂപ്പിക്കൊവിനെ പരിഹസിച്ചതുപോലെ എന്നെയും പരിഹസിക്കും. അമ്മ മാത്രം എല്ലാം പൊറുക്കും. അവർ ഹെഡ്മാസ്റ്ററുടെ അടുത്തുപോയി എന്നെ തിരിച്ചെടുക്കണമെന്നു് അപേക്ഷിക്കുകപോലും ചെയ്യുമെന്നാണു് എനിക്കു തോന്നുന്നതു്.

ഞാൻ ഒരു പിടിവാശിക്കാരനായിരുന്നു. തീപ്പൊരികളുടേയും മിന്നിമറയുന്ന വെളിച്ചങ്ങളുടേയും മദ്ധ്യേ ട്രെയിനുകളിൽ കരുത്തുററ യഥാർത്ഥജീവിതം കടന്നു പോകുന്നതു് ഞാൻ അർസമാസിൽവച്ചു കണ്ടിട്ടുണ്ടു്.

ചീറിപ്പായുന്ന ആ വണ്ടികളിലൊന്നിൻെറ പടിയിലേക്ക ചാടിക്കയ റി അഴികളിൽ മുറുകെപ്പിടിച്ചുകൊണ്ടുനിന്നാൽ പിന്നെ ആർക്കും എന്നെ തള്ളിയിടാനാവില്ലെന്നു് എനിക്ക തോന്നി.

ഒരു വൃദ്ധൻ ആ വഴി വന്നു. അയാളുടെ കയ്യിൽ ഒരു ബ്രഷും തൊട്ടിയും ചുരുട്ടിവച്ച കറെ പോസ്റ്ററുകളുമുണ്ടായിരുന്നു. അയാാം നോട്ടീസു പതിക്കാനുള്ള പലകയിൽ പശതേച്ച് പോസ്റ്റർ പതിച്ചുവച്ചിട്ടു് കൈകൊണ്ടു് അതിലെ ചുളിവുകാം നിവർത്തി. അയാാം തൊട്ടി താഴെ വച്ചിട്ടു് എന്നെ അടുത്തേക്ക വിളിച്ചു.

''മോനേ, ഈ തീപ്പെട്ടി എൻെറ പോക്കററിൽനിന്നു് ഒന്നെടുത്തു താ, എൻെറ കൈ മുഴവൻ പശയാണു്.'' ഞാൻ തീപ്പെട്ടിയെടുത്തു് ഉരച്ചു് അയാളുടെ പൈപ്പു കത്തിച്ചുകൊടുത്തു. ''നന്ദി'', അയാാം പറഞ്ഞു.

പൈപ്പു് ഒന്നുരണ്ടു തവണ വലിച്ചിട്ടു് ഒരു മൂളലോടെ തൊട്ടി വീണ്ടും കയ്യിലെടുത്തുകൊണ്ടു് അയാാം തമാശയായി പറഞ്ഞു:

''വാർദ്ധക്യം ഒരനുഗ്രഹമല്ല! പണ്ടൊക്കെ ഞാൻ ഏററവും വലിയ കരുത്തന്മാരുടെ ഒപ്പം നിന്നു് ചുററിക അടിച്ചിട്ടുണ്ടു്. ഇപ്പോാം ഈ തൊട്ടി പിടിച്ചിട്ടു് എൻെറ കൈ തളരുന്നു.''

''അമ്മാവാ, ഞാൻ തൊട്ടി പിടിക്കാം,'' ഞാൻ പറഞ്ഞു. ''എൻെറ കൈ തളരുകയില്ല. എനിക്ക നല്ല ശക്തിയുണ്ടു്.''

അയാാം സമ്മതിക്കാതിരുന്നെങ്കിലോ എന്നു പേടിച്ചു് ഞാൻ തൊട്ടിയിൽ കടന്നുപിടിച്ചു.

''ശരി'', വൃദ്ധൻ ഉടൻ സമ്മതിച്ചു. ''പിടിക്കാമെങ്കിൽ പിടിക്കു്. നമുക്കു് ഈ ജോലി വേഗം ചെയ്തുതീർക്കാൻ പററും.''

ഞങ്ങാം മതിലുകാം തോറും പോസ്റ്ററുകാം ഒട്ടിച്ചുകൊണ്ടു് അനേകം തെരുവുകാം താണ്ടി.

ഞങ്ങാം എവിടെയെങ്കിലും നിന്നാലുടൻ ഒട്ടിക്കുന്നതു് എന്താണെന്നറിയാൻ ആളുകാം കൂടും. ആ ജോലിയിലുള്ള രസംകൊണ്ടു് ഞാൻ എൻെറ ബുദ്ധിമുട്ടുകാം മറന്നു. പല വിധത്തിലുള്ള മുദ്രാവാക്യങ്ങളായിരുന്നു അവയിൽ. ''എട്ടുമണിക്കൂർ ജോലി, എട്ടുമണിക്കൂർ ഉറക്കം, എട്ടുമണിക്കൂർ വിശ്രമം,'' എന്നു് ഒന്നിൽ എഴുതിയിരുന്നു. അതു് ശ്രേഷ്ഠവും വിരസവുമാണെന്നു് എനിക്ക തോന്നി. തടിച്ച അക്ഷരത്തിൽ ചുവന്ന മഷി

കൈകൊണ്ടെഴുതിയിരുന്ന നീല പോസ്റ്ററാണ് എനിക്ക് ഇഷ്ടപ്പെട്ടതു്. ''കയ്യിൽ ആയുധമെടുത്താൽ മാത്രമേ തൊഴിലാളികൾക്ക് സോഷ്യലിസത്തിന്റെ ഉജ്ജ്വലസാമ്രാജ്യം നേടിയെടുക്കാൻ കഴിയൂ.''

തൊഴിലാളികൾ നേടിയെടുക്കാനിരുന്ന ആ ''ഉജ്ജ്വലസാമ്രാജ്യം'' മെയിൻ റീഡിന്റെ കഥകളിലെ മനം കവരുന്ന വിദേശരാജ്യങ്ങളേക്കാൾ എന്റെ ഭാവനയെ ആകർഷിച്ചു. ആ രാജ്യങ്ങൾ ദൂരെയെവിടെയോ ആണെങ്കിലും അവ കണ്ടുപിടിക്കപ്പെട്ടുകഴിഞ്ഞവയാണ്. വിരസങ്ങളായ ഭൂപടങ്ങളിൽ അവ അടയാളപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ഈ ''ഉജ്ജ്വലസാമ്രാജ്യം'' ആരും ഇതേവരെ പിടിച്ചടക്കിയിട്ടില്ല. അതിന്റെ അതിരുകൾക്കുള്ളിൽ മനുഷ്യരാരും ഇനിയും കടന്നു ചെന്നിട്ടില്ല.

''കുട്ടീ, നീ ക്ഷീണിച്ചുകാണും,'' നടപ്പു നിർത്തിക്കൊണ്ടു് വൃദ്ധൻ പറഞ്ഞു. ''നീ വീട്ടിൽ പൊയ്ക്കോ. ബാക്കിയുള്ളതു് ഞാൻ തനിയെ ഒട്ടിച്ചോളാം.''

''ഇല്ല, ഞാൻ ഒട്ടും ക്ഷീണിച്ചില്ല.'' ഞാൻ വീണ്ടും ഒറ്റയ്ക്കാകാൻ പോകുന്നു എന്ന കയ്പേറിയ ചിന്തയോടെ ഞാൻ പറഞ്ഞു.

''എന്നാൽ പോകണ്ട,'' വൃദ്ധൻ പറഞ്ഞു. ''പക്ഷേ വീട്ടിൽ ചെല്ലുമ്പോൾ ചിലപ്പോൾ വഴക്കുപറഞ്ഞേക്കും.''

''എനിക്കു വീടില്ല,'' ഞാൻ തുറന്നു പറഞ്ഞു. ''വീടുണ്ടു്. പക്ഷേ അതു് വളരെ ദൂരെയാണ്.''

എന്റെ മനസ്സിന്റെ ഭാരം എവിടെയെങ്കിലും ഒന്നിറക്കിവയ്ക്കാനുള്ള വ്യഗ്രതയോടെ ഞാൻ ആ വൃദ്ധനോടു് എന്റെ കഥ മുഴുവൻ പറഞ്ഞു.

അയാൾ മുഴുവൻ ശ്രദ്ധിച്ചു കേട്ടു. തെല്ലൊരു പരിഹാസത്തോടെ അയാൾ എന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.

''കൂടുതൽ അന്വേഷിക്കേണ്ടിയിരിക്കുന്നു,'' അയാൾ ശാന്തമായി പറഞ്ഞു. ''സോർമൊവൊ വലിയ ഒരു സ്ഥലമാണു്. പക്ഷേ ഒരു മനുഷ്യൻ ഒരു മണൽത്തരിയല്ലല്ലോ. അമ്മാവൻ ഫിറ്ററാണെന്നാണോ പറഞ്ഞതു്?''

''അതെ'', ഞാൻ തെല്ലൊരാശ്വാസത്തോടെ പറഞ്ഞു. ''നിക്കൊലായ് എന്നാണു് പേരു്. നിക്കൊലായ് ദുബ്ര്യാക്കൊവ്. എന്റെ അച്ഛനെപ്പോലെതന്നെ അമ്മാവനും പാർട്ടി പ്രവർത്തകനായിരിക്കണം. ഫാക്ടറിക്കാരോടു് ചോദിച്ചാൽ അറിയാൻ കഴിയുമോ?''

''ഇല്ല. എനിക്കു് അങ്ങിനെ ഒരാളെ പരിചയമില്ല. അതു സാര മില്ല. ഇതൊട്ടിച്ചുകഴിഞ്ഞാലുടൻ നീ എന്റെ കൂടെ വീട്ടിലേയ്ക്കു വാ. ഞാൻ നമ്മുടെ ആളുകളോടു് അന്വേഷിക്കാം.''

വൃദ്ധന്റെ മുഖം എന്തുകൊണ്ടോ മ്ലാനമായി. അയാരം പൈപ്പു വലി ച്ചുകൊണ്ടു് നിശ്ശബ്ദനായി നടന്നു.

''നിന്റെ അച്ഛനെ വധിച്ചു എന്നാണോ പറഞ്ഞതു്.'' പെട്ടെന്നു് അയാരം ചോദിച്ചു.

''അതെ.''

വൃദ്ധൻ കണ്ടംവച്ചുതുന്നിയതും മെഴുക്കുപുരണ്ടതുമായ തന്റെ ട്രൗസ റിൽ കൈ തുടച്ചിട്ടു് വാത്സല്യപൂർവ്വം എന്റെ പുറം തലോടിക്കൊണ്ടു പറഞ്ഞു:

''നമുക്കു് എന്റെ വീട്ടിൽ പോയി ഉള്ളിയും ഉരുളക്കിഴങ്ങും തിന്നു കയും ചായ തിളപ്പിച്ചു് കുടിക്കുകയും ചെയ്യാം. നിനക്കു വിശക്കുന്നുണ്ടാ വും.''

തൊട്ടിയുടെ ഭാരം പെട്ടെന്നു കുറഞ്ഞെന്നു തോന്നി. അർസമാസിൽ നിന്നു് ഓടിപ്പോന്നതിൽ തെററില്ലെന്നും അതു ബുദ്ധിപൂർവ്വമായിരുന്നെ ന്നും ഒരിക്കൽക്കൂടി ഞാൻ വിചാരിച്ചു.

അവർ എന്റെ അമ്മാവനെ കണ്ടുപിടിച്ചു. അദ്ദേഹം ഫിററായിരു ന്നില്ല, ഫോർമാനായിരുന്നു.

വിഡ്ഢിത്തം മതിയാക്കി വീട്ടിലേയ്ക്കു തിരിച്ചുപോകണമെന്നു് അ മ്മാവൻ എന്നോടു് ഉറപ്പിച്ചു പറഞ്ഞു.

''നിനക്കു് ഇവിടെ ഒന്നും ചെയ്യാനില്ല. സ്വന്തം നില അറിയാവു ന്ന ഒരു മനുഷ്യനു മാത്രമേ മേൽഗതി ഉണ്ടാകൂ'', ആദ്യത്തെ ദിവസം ഉ ച്ചഭക്ഷണത്തിനിരിക്കുമ്പോരം ഇഷ്ടികനിറമുള്ള മേൽമീശ ഒരു തുവാല കൊണ്ടു് തുടച്ചുകൊണ്ടു് അദ്ദേഹം പരുഷമായി പറഞ്ഞു. ''എനിക്കു് എന്റെ നില അറിയാം. ഞാൻ ഒരു അപ്രെൻറീസായിരുന്നു. പിന്നീടു് ഫിററായി. ഞാൻ കഠിനാദ്ധ്വാനം ചെയ്തു് ഫോർമാനായിത്തീർന്നു. ഞാൻ ഈ നിലയിലെത്തുകയും മററു ചിലർ ഇവിടെ എത്താതിരിക്കുക യും ചെയ്തതു് എന്തുകൊണ്ടാണെന്നറിയാമോ? അവർ ഉരുണ്ടു പിരണ്ടു

കളിക്കാൻ ഇഷ്ടപ്പെടുന്നതുകൊണ്ടു്. അവർക്കു് പണിയെടുക്കാൻ ഇഷ്ടമില്ല. അവർക്കു് എൻജിനീയറോടു് അസൂയയാണു്. ഒററക്കുതിപ്പിനു് മോട്ടിൽ എത്തണമെന്നാണു് അവരുടെ ആഗ്രഹം. നിൻെറ കാര്യം തന്നെ എടുക്കാം. നീ സ്കൂളിൽ പഠിപ്പു തുടരാത്തതെന്തുകൊണ്ടാണു്? നിനക്കു് അടങ്ങിയൊതുങ്ങി പഠിച്ചു് ഒരു ഡോക്ടറോ എൻജിനീയറോ ആകാൻ കഴിയും. പക്ഷേ നിനക്കു് അതുപോരാ. മടിയല്ലാതെ ഇതു മററൊന്നുമല്ല. ഒരിക്കൽ ഒരു ജോലിയിൽ പ്രവേശിച്ചാൽ പടിപടിയായി മുകളിലോട്ടു കയറാൻ നോക്കണം. യാതൊരു ബദ്ധപ്പാടും കാണിക്കാതെയും പതറാതെയും മുമ്പോട്ടു പോയാൽ അതു സാധിക്കും. അതല്ലാതെ മററു മാർഗ്ഗമൊന്നും ഇല്ലതാനും.''

''പക്ഷേ, നിക്കൊലായു് അമ്മാവാ, എൻെറ അച്ഛൻെറ കാര്യം എടുത്തുനോക്കു'', ഞാൻ വേദനയോടെ പറഞ്ഞു. ''അദ്ദേഹം ഒരു പട്ടാളക്കാരനായിരുന്നു. അമ്മാവൻെറ അഭിപ്രായത്തിൽ അദ്ദേഹം ജൂണിയർ ഓഫീസർമാർക്കുള്ള സ്കൂളിൽ ചേരേണ്ടതായിരുന്നു, അല്ലേ? ഒരാഫീസറും ക്രമേണ ക്യാപ്ററനും ആയിത്തീരേണ്ടിയിരുന്നു, അല്ലേ? അച്ഛൻ ഒരു ക്യാപ്ററനായിത്തീരാതെ ഒളിപ്രവർത്തകനായിത്തീർന്നതു് തെററായിപ്പോയെന്നാണോ പറയുന്നതു്?''

അമ്മാവൻ നെററി ചുളിച്ചു.

''നിൻെറ അച്ഛനെപ്പററി മോശമായി എന്തെങ്കിലും പറയണമെന്നു് എനിക്കാഗ്രഹമില്ല. പക്ഷേ അയാളുടെ പ്രവൃത്തികൾ ബുദ്ധിപൂർവ്വകമായിരുന്നെന്നു് എനിക്കു് അഭിപ്രായമില്ല. അയാൾ ബുദ്ധിഹീനനും വിഡ്ഢിയുമായിരുന്നു എന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്. അയാൾ എന്നെയും കുഴപ്പത്തിൽ ചാടിച്ചേനെ. ഫോർമാനായി എന്നെ നിയമിക്കാൻ തീരുമാനിച്ച ഇടയ്ക്കു് ഒരു ദിവസം അവർ വന്നു ചോദിച്ചു: 'എന്തുതരം ബന്ധുക്കളെയാണു് നിങ്ങൾ വീട്ടിൽ താമസിപ്പിച്ചതു്?' ഞാൻ വളരെ പ്രയാസപ്പെട്ടാണു് അക്കാര്യം ഒതുക്കിത്തീർത്തതു്.''

അമ്മാവൻ ധാരാളം മാംസമുള്ള ഒരു എല്ലു് പാത്രത്തിൽ നിന്നെടുത്തു് നിറച്ചു് കടുകരച്ചതും ഉപ്പും പുരട്ടി ബലമുള്ള മഞ്ഞപ്പല്ലുകൊണ്ടു് കടിച്ചുതിന്നു തുടങ്ങി. അദ്ദേഹം അപ്പോഴെല്ലാം ദേഷ്യത്തോടെ തലയാട്ടുന്നുണ്ടായിരുന്നു.

ഭക്ഷണം കഴിഞ്ഞെഴുന്നേററപ്പോൾ, നല്ല പൊക്കമുള്ള സുന്ദരിയായ

അമ്മായി ചായം തേച്ച ഒരു മൺപാത്രത്തിൽ വീട്ടിലുണ്ടാക്കിയ ക്വാസ് കൊണ്ടുവന്ന് അമ്മാവന്ന കൊടുത്തു. അതു കുടിച്ചുകൊണ്ടിരിക്കെ അദ്ദേഹം പറഞ്ഞു:

''ഞാൻ കുറച്ചു കിടക്കാൻ പോകുകയാണ്. ഒരു മണിക്കൂർ കഴിഞ്ഞു് എന്നെ വിളിക്കണം. വർവാറയ്ക്കു് ഒരെഴുത്തെഴുതണം. ബോറിസ് പോകുമ്പോൾ കൊടുത്തയയ്ക്കാം.''

''അവൻ എപ്പോഴാണ് പോകുന്നതു്?''

''നാളെത്തന്നെ.''

ആരോ ജനലിൽ മുട്ടി.

''നിക്കൊലായ് അമ്മാവാ, മീററിംഗിനു് പോകുന്നുണ്ടോ?'' വഴിയിൽനിന്നു് ആരോ വിളിച്ചുചോദിച്ചു.

''എങ്ങോട്ടു്?''

''മീററിംഗിനു്. കവലയിൽ ആളുകൾ തടിച്ചുകൂടിയിട്ടുണ്ടു്.''

''പിന്നെ, ഞാൻ അവരുടെ മീററിംഗിനു് പോവുകയല്ലെ!'' അമ്മാവൻ പറഞ്ഞു.

അമ്മാവൻ കിടന്നു് ഉറങ്ങിയെന്നു ബോധ്യമായപ്പോൾ ഞാൻ ശബ്ദമുണ്ടാക്കാതെ പുറത്തു കടന്നു.

''എൻെറ അമ്മാവൻ ഒരു തട്ടിപ്പുകാരനാണു്,'' ഞാൻ വിചാരിച്ചു. ''വലിയ ആളാണെന്നാണു് ഭാവം. ഫോർമാൻ! ഞാൻ വിചാരിച്ചിരുന്നതു് പാർട്ടിപ്രവർത്തകനായിരിക്കുമെന്നാണു്. അർസമാസിലേക്കു തിരിച്ചുപോകേണ്ടിവരുമോ?''

തടികൊണ്ടുണ്ടാക്കിയ ഒരു പ്രസംഗവേദിക്കു മുമ്പിൽ പത്തുമുവായിരം ആളുകൾ തടിച്ചുകൂടിയിരുന്നു. ആൾക്കൂട്ടത്തിനിടയിൽ ചുണക്കുട്ടിയായ വാസ്യ കൊർച്ചാഗിനെ ഞാൻ കണ്ടു. ഞാൻ അവനെ വിളിച്ചെങ്കിലും അവൻ അതു കേട്ടില്ല.

ഞാൻ അവൻെറ പിന്നാലെ ചെന്നു. അവൻെറ ചുരുളൻമുടി ആൾക്കൂട്ടത്തിനിടയിൽ ഒന്നു രണ്ടു തവണ മിന്നിമറഞ്ഞിട്ടു് എവിടെയോ അപ്രത്യക്ഷമായി. പ്രസംഗവേദിയോടു് കൂടുതലടുക്കാൻ നിവൃത്തിയില്ലായിരുന്നു. ഞാൻ ഒരിടത്തു നിന്നു് പ്രസംഗം ശ്രദ്ധിച്ചു. പ്രാസംഗികർ ഓരോരുത്തരായി പ്രസംഗിച്ചു. ആരുടേയും പ്രത്യേകശ്രദ്ധയെ ആകർഷിക്കാതെ സോർമൊവൊയിലെ തെരുവുകളിലൂടെ നടന്നുപോകുന്ന ന്യ

...നക്കിനു് തൊഴിലാളികളിൽ ഒരുവനെപ്പോലിരുന്ന മുഷിഞ്ഞ വ... ധരിച്ച സാധാരണക്കാരനായ ഒരു മനുഷ്യൻ എന്റെ സ്മരണയിൽ ...ഴം തങ്ങിനില്ക്കുന്നു. അയാൾ തന്റെ പരന്ന തൊപ്പി സാവധാനം ...മാററുകയും കണ്ഠശുദ്ധി വരുത്തുകയും ചെയ്തിട്ടു് കൃത്രിമവും കലു...മായ ശബ്ദത്തിൽ സംസാരിച്ചു തുടങ്ങി:

''രാഷ്ട്രീയകാരണങ്ങളാൽ എട്ടുവർഷം ക്രിമിനൽ തടവുകാരോ... തടങ്കൽപാളയത്തിൽ കിടക്കേണ്ടിവന്നവനാണു് ഞാനെന്നു് എ...ിൻ നിർമ്മാണശാലയിലെ തൊഴിലാളികൾക്കും മററു പലർക്കും ...റിവുള്ളതാണല്ലോ. അവിടന്നിറങ്ങി അല്പം ശുദ്ധവായു ശ്വസിക്കാൻ ...ിടുന്നതിനു മുമ്പുതന്നെ വീണ്ടും എന്നെ ജയിലിലാക്കി—രണ്ടുമാസ...! ആരാണതു ചെയ്തതെന്നറിയണ്ടേ? ചക്രവർത്തിയുടെ പോലീ...റല്ല. പുതിയ ഭരണത്തിന്റെ സേവകന്മാർ! ചക്രവർത്തിയുടെ കാ...ത്തു് അന്യായമായി ഒരുവനെ ജയിലിൽ വയ്ക്കുന്നതു് അസാധാരണ...ിരുന്നില്ല. പക്ഷേ ഇവർ ഇതു ചെയ്യുന്നതു് എങ്ങിനെ സഹിക്കും? ...റൽമാരും ഓഫീസറന്മാരും ചുവന്ന നാടയും കെട്ടിക്കൊണ്ടു് കണ്ണ...ിങ്ങി നടക്കുന്നതു കാണുമ്പോൾ നമ്മൾ വിചാരിക്കും അവരൊ... വിപ്ലവത്തിന്റെ സുഹൃത്തുക്കളാണെന്നു്. പക്ഷേ നിസ്സാരകുററങ്ങൾ ...ാലും നമ്മെ ജയിലിലിടുകയാണു് അവർ ചെയ്യുന്നതു്. അവർ ... വേട്ടയാടുകയും ഇട്ടോടിക്കുകയും ചെയ്യുന്നു. ഇതെന്റെ മാത്രം പ...നിയല്ല. രണ്ടുമാസം കൂടുതൽ ജയിലിൽക്കിടക്കേണ്ടിവന്നതുകൊണ്ടു് ...ൻ ഇതു പറയുകയല്ല, സഖാക്കളെ. സകല തൊഴിലാളികളുടേയും ...മാണു് ഞാൻ പറയുന്നതു്.''

അയാൾ ചുമച്ചുതുടങ്ങി. ചുമ അല്പമൊന്നടങ്ങിയപ്പോൾ അയാൾ ...ും സംസാരിക്കാനായി വായ് തുറന്നു. പക്ഷേ ശക്തിയായ ചുമ ...ും അയാളെ കീഴടക്കി. അയാൾ കൈവരിയിൽ അള്ളിപ്പിടിച്ചു ...ു് വളരെ നേരം അവിടെ നിന്നു ചുമച്ചു. ഒടുവിൽ തലകുലുക്കി ...ു് താഴെയിറങ്ങി.

''അവർ അയാളുടെ നെഞ്ചു് കലക്കി!'' ആരോ ഒരാൾ അമർഷ...ോടെ വിളിച്ചു പറഞ്ഞു.

ചാരനിറമുള്ള ഇരുണ്ട ആകാശത്തുനിന്നു് മഞ്ഞു് പൊടിപൊടിയാ...ി വീണുതുടങ്ങി—ആ വർഷത്തെ ആദ്യത്തെ മഞ്ഞു്. വരണ്ട ശീത

ക്കാററു് മരങ്ങളിൽ അവശേഷിച്ച അവസാനത്തെ ഇലകളേയും നിലം പതിപ്പിച്ചു. എൻെറ കാലുകഠം തണുപ്പുകൊണ്ടു് മരവിച്ചുതുടങ്ങി. കുറെ ദൂരം നടന്നു് കാലുകഠം ചൂടാക്കാമെന്ന ഉദ്ദേശത്തോടെ ആഠംക്കൂട്ടത്തിനു പുറത്തു കടക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന എനിക്കു് പ്രസംഗവേദി കാണാൻ പാടില്ലായിരുന്നു. പെട്ടെന്നു് ഉച്ചസ്ഥായിയിലുള്ള സുപരിചിതമായ ഒരു ശബ്ദം എൻെറ കാതിലെത്തി. ഞാൻ തിരിഞ്ഞു പ്രസംഗവേദിയിലേക്കു നോക്കി. പൊടിമഞ്ഞുപെയ്യുന്നതുകൊണ്ടു് എനിക്കു് ഒന്നും കാണാൻ കഴിഞ്ഞില്ല. ആളുകഠം എന്നെ തള്ളി. ആരോ എൻെറ കാലിൽ ചവിട്ടി. കാലു വല്ലാതെ വേദനിച്ചു. ഞാൻ എത്തിവലിഞ്ഞുനിന്നു് പ്രസംഗവേദിയിലേക്കു വീണ്ടും നോക്കി. മലങ്കാക്കയുടെ താടിനീട്ടിയ സുപരിചിതമായ മുഖമാണു് ഞാൻ അവിടെ കണ്ടതു്.

ആഠംക്കൂട്ടത്തിനിടയിലൂടെ ഉന്തിയും തള്ളിയും ഒരു തരത്തിൽ ഞാൻ പ്രസംഗവേദിക്കടുത്തേക്കു നടന്നു. പ്രസംഗം അവസാനിപ്പിച്ചു് അദ്ദേഹം ആഠംക്കൂട്ടത്തിൽ മറയുന്നതിനു മുമ്പു് അടുത്തെത്തണമെന്നായിരുന്നു എൻെറ ഉദ്ദേഹം. ആഠംക്കൂട്ടത്തിനിടയിൽപ്പെട്ടാൽപ്പിന്നെ ഞാൻ വിളിക്കുന്നതു് അദ്ദേഹം കേഠംക്കുകയില്ല. പിന്നെ കണ്ടുപിടിക്കാൻ സാധിച്ചില്ലെന്നുവരും. അതായിരുന്നു എൻെറ പേടി. ഞാൻ തൊപ്പിവീശി, പക്ഷേ അദ്ദേഹം അതു ശ്രദ്ധിച്ചില്ല.

പ്രസംഗം ഉപസംഹരിക്കുന്ന മട്ടിൽ അദ്ദേഹം കൈയുയർത്തുന്നതു കണ്ടപ്പോഠം ഞാൻ ഉറക്കെ വിളിച്ചു:

''സെമ്യോൻ ഇവാനൊവിച്ചു്! സെമ്യോൻ ഇവാനൊവിച്ചു്!''

അടുത്തുനിന്ന ഒരാഠം എന്നെ വിലക്കി. ആരോ എൻെറ പുറത്തു് തട്ടി. പക്ഷേ ഞാൻ ഒന്നും വകവയ്ക്കാതെ സർവ്വശക്തിയുമെടുത്തു വിളിച്ചു:

''സെമ്യോൻ ഇവാനൊവിച്ചു്!''

സെമ്യോൻ ഇവാനൊവിച്ചു് അത്ഭുതത്തോടെ കൈകഠം വിടർത്തിപ്പിടിക്കുകയും പറഞ്ഞുവന്ന വാചകം പെട്ടെന്നു് അവസാനിപ്പിച്ചിട്ടു് ധൃതിയിൽ പ്രസംഗവേദിയിൽനിന്നു് താഴത്തേക്കു് ഇറങ്ങിവരികയും ചെയ്യുന്നതു് ഞാൻ കണ്ടു.

ആഠംക്കൂട്ടത്തിൽനിന്നു് ഒരു മനുഷ്യൻ കോപത്തോടെ എൻെറ കൈക്കു കടന്നു പിടിച്ചു് എന്നെ ഒരു വശത്തേക്കു തള്ളിമാററി.

എന്നാൽ ചുററുമുള്ള ആളുകളുടെ ചീത്തപറച്ചിലോ കയ്യേററമോ വ കവയ്ക്കാതെ ആഹ്ലാദത്തോടെ ഞാൻ ഒരു ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരി ച്ചു.

''കൊച്ചുതെമ്മാടീ, എന്താണു് നിൻെറ ഉദ്ദേശം?'' എൻെറ കയ്യിൽ പിടിച്ചിരുന്ന തൊഴിലാളി എന്നെ കുലുക്കിക്കൊണ്ടു് ചോദിച്ചു.

''ഞാൻ തെമ്മാടിയല്ല,'' എല്ലാം മറന്നു പുഞ്ചിരിക്കയും മരവിച്ചു മരവിച്ച കാലുകളിൽനിന്നു് തുള്ളുകയും ചെയ്തുകൊണ്ടു് ഞാൻ പറഞ്ഞു. ''ഞങ്ങളുടെ മലങ്കാക്കയെ കണ്ടുകിട്ടി! സെമ്യോൻ ഇവാനൊവിച്ചി നെ...''

എൻെറ മുഖഭാവം കണ്ടിട്ടു് അയാളും ചിരിച്ചു.

''ഏതോ ഒരു മലങ്കാക്കയെക്കണ്ടെന്നോ?'' ശബ്ദം മയപ്പെടുത്തി അ യാൾ ചോദിച്ചു.

''ഏതോ ഒരു മലങ്കാക്കയെയല്ല, സെമ്യോൻ ഇവാനൊവിച്ചിനെ. അതാ അദ്ദേഹം ഇങ്ങോട്ടു വരുന്നു...''

സെമ്യോൻ ഇവാനൊവിച്ചു് എൻെറ തോളിൽ പിടിച്ചുകൊണ്ടു് ചോദിച്ചു:

''നീ ഇവിടെ എന്തു ചെയ്യുന്നു?''

ആൾക്കൂട്ടത്തിനിടയിൽ ഒരു ഇളക്കം കണ്ടു. എല്ലാവരും ഒരുമിച്ചു സംസാരിക്കുന്ന ശബ്ദം അന്തരീക്ഷത്തിൽ തങ്ങിനിന്നു. പ്രതിഷേധവും ഉദ്വേഗവും അമ്പരപ്പും ചുററുമുള്ള എല്ലാ മുഖങ്ങളിലും പ്രതിഫലിച്ചു.

''സെമ്യോൻ ഇവാനൊവിച്ചു്, എന്താണു് ഈ ബഹളം?'' അദ്ദേ ഹത്തിൻെറ ചോദ്യത്തിനു മറുപടി കൊടുക്കുന്നതിനു പകരം ഞാൻ അ ങ്ങോട്ടു ചോദിച്ചു.

''ഇപ്പോഴാ ഒരു കമ്പിസന്ദേശം കിട്ടി,'' അദ്ദേഹം ധൃതിയിൽ പറ ഞ്ഞു. ''കേരെൻസ്കി വിപ്ലവത്തെ ഒററുകൊടുക്കുകയാണു്. ജനറൽ കൊർ നീലൊവു് ദോൺപ്രദേശത്തേക്കു് ഓടിപ്പോയി അവിടത്തെ കൊസാ ക്കുകളെ അണിനിരത്തുന്നു.''

വെളിച്ചത്തിൽ മുങ്ങിയ എക്സ്പ്രസ്സ് ട്രെയിൻ മിന്നൽവേഗ ത്തിൽ സ്റ്റേഷനുകളെ കടന്നുപോകുന്നതുപോലെ ഹ്രസ്വങ്ങളായ ആ ശരൽ

ക്കാലദിനങ്ങൾ എന്നെ കടന്നുപൊയ്ക്കൊണ്ടിരുന്നു. എനിക്കും ഒരു ജോ ലി കണ്ടുപിടിക്കപ്പെട്ടു. ഞാനും പ്രയോജനമുള്ള ഒരു വ്യക്തിയായിത്തീർന്നു. ഞാനും ദ്രുതഗതിയിലുള്ള സംഭവവികാസങ്ങളുടെ നീർച്ചുഴിയിൽ പ്പെട്ടു.

അത്തരത്തിൽ പ്രക്ഷുബ്ധമായ ഒരു ദിവസം സെമ്യോൻ ഇവാനൊവിച്ച് ഉൽക്കണ്ഠാകുലനായി എന്നോടു പറഞ്ഞു:

''ബോറിസ്, നീ വേഗം കമ്മിററി ആപ്പീസിലേക്കു ചെല്ലു്. വരീഖയിൽ ഒരു പ്രചാരകനെ ആവശ്യമുള്ളതുകൊണ്ടു് ഞാൻ അങ്ങോട്ടു പോകുന്നുവെന്നു് അവരോടു പറയണം. യെർഷോവിനെ കണ്ടുപിടിച്ചു് എനിക്കു പകരം പ്രസ്സിൽ പോകാൻ പറയൂ. യെർഷോവിനെ കണ്ടില്ലെങ്കിൽ..... ഒരു പെൻസിൽ തരൂ. ഇതാ ഈ കുറിപ്പു് പ്രസ്സിൽ കൊടുക്കണം. ആപ്പീസിലല്ല. നേരിട്ടു് കംപോസിററുടെ കൈയിൽ കൊടുക്കണം. കണ്ണട ധരിച്ച ആ കറുത്ത തലമുടിക്കാരനെ കൊർച്ചാഗിൻെറ അടുത്തുവച്ചു് കണ്ടതു് നീ ഓർക്കുന്നുണ്ടാകും. ഇതെല്ലാം കഴിഞ്ഞു് നീ നേരെ വരീഖയിൽ എൻെറയടുത്തേക്കു വരൂ. കമ്മിററിക്കാരുടെ പക്കൽ പുതിയ ലഘുലേഖ വല്ലതുമുണ്ടെങ്കിൽ കൊണ്ടുവരാൻ മറക്കരുതു്. പാവെലിനോടു ചോദിച്ചാൽ മതി. ഒരു നിമിഷം നിൽക്കു്!'' ഞാൻ ഇറങ്ങി നടക്കുമ്പോൾ അദ്ദേഹം വിളിച്ചു. ''പുറത്തു തണുപ്പുണ്ടു്. നീ എൻെറ പഴയ മഴക്കോട്ടെങ്കിലും എടുത്തിടു്.''

പക്ഷേ ഞാൻ തെരുവിലെത്തിക്കഴിഞ്ഞിരുന്നു. കുതിച്ചുപായുന്ന ഒരു പടക്കുതിരയെപ്പോലെ ഉത്സാഹത്തിമിർപ്പോടെ ചെളിനിറഞ്ഞ വഴിയിലുള്ള കുണ്ടും കുഴികളും ചാടിക്കടന്നു് ഞാൻ ഓടി.

പാർട്ടി ഓഫീസിൻെറ വാതിൽക്കൽ വച്ചു് ഞാൻ കൊർച്ചാഗിനുമായി കൂട്ടിമുട്ടി. ട്രെയിൻ പുറപ്പെടാൻ നേരത്തെ സ്റ്റേഷൻപോലെ അവിടം ശബ്ദമുഖരിതമായിരുന്നു. കൊർച്ചാഗിനേക്കാൾ വലിപ്പംകുറഞ്ഞവരോ ബലം കുറഞ്ഞവരോ ആരെങ്കിലുമായിരുന്നു അവിടെ നിന്നിരുന്നതെങ്കിൽ തീർച്ചയായും അവർ വീണുപോകുമായിരുന്നു. അത്ര ശക്തിയിലാണു് ഞാൻ ചെന്നു് മുട്ടിയതു്. കൊർച്ചാഗിനായിരുന്നതുകൊണ്ടു് ഒരു കമ്പിത്തൂണിൽ ഞാൻ ചെന്നിടിച്ച പ്രതീതിയാണു് എനിക്കുണ്ടായതു്.

''എന്താണ്‌ ഇത്ര ധൃതി?'' അദ്ദേഹം പെട്ടെന്ന്‌ ചോദിച്ചു. ''പുര തീപിടിച്ചോ?''

''ഇല്ല,'' ചതഞ്ഞ നെററി തടവുകയും കിതയ്ക്കുകയും ചെയ്തുകൊണ്ട്‌ സമാധാനത്തോടെ ഞാൻ പറഞ്ഞു. ''സെമ്യോൻ ഇവാനൊവിച്ച്‌ വരീ ..ലേക്ക പോകുന്നെന്ന പറയാൻ അദ്ദേഹം എന്നെ പറഞ്ഞയച്ചതാണ്‌....''

''ഞാനറിഞ്ഞു. അവർ ഫോൺ ചെയ്തിരുന്നു.''

''ലഘുലേഖകറം വേണമെന്നും പറഞ്ഞു.''

''അതും കൊടുത്തയച്ചുകഴിഞ്ഞു. പിന്നെ എന്താണ്‌?''

''പ്രസ്സിൽ പോകാൻ യെർഷോവിനോട്‌ പറയണം. ഒരു കുറിപ്പ്‌ ..ന്നായച്ചിട്ടുണ്ട്‌.''

''പ്രസ്സിലെക്കാര്യം എന്താണ്‌ പറഞ്ഞതു്‌? കുറിപ്പ്‌ നോക്കട്ടെ,'' ആയുധധാരിയായ ഒരു തൊഴിലാളി ഇടയ്ക്കു കയറി പറഞ്ഞു. അയാറം ..... ജാക്കററിനു മീതെ ഒരു പട്ടാളക്കോട്ട്‌ ധരിച്ചിരുന്നു.

''സെമ്യോനിന്‌ ഇത്ര വേവലാതി എന്താണ്‌?'' കുറിപ്പ്‌ വായിച്ചിട്ട്‌ അയാറം കൊർച്ചാഗിനോട്‌ പറഞ്ഞു. ''പ്രസ്സിനെപ്പററി അയാറം ഇത്ര ഉൽക്കണ്ഠപ്പെടേണ്ട കാര്യമൊന്നുമില്ല. ഞാൻ അങ്ങോട്ട്‌ ഉച്ചയ്ക്കുതന്നെ കാവൽക്കാരെ അയച്ചുകഴിഞ്ഞു.''

കൂടുതൽ കൂടുതൽ ആളുകറം വാതില്ക്കലേയ്ക്കു പ്രവഹിച്ചുകൊണ്ടിരുന്നു. തണുപ്പുണ്ടായിരുന്നിട്ടും അതു മലർക്കെ തുറന്നിട്ടിരുന്നു. പട്ടാളക്കോട്ടുകളും, ബ്ലൗസുകളും നിറംമങ്ങിയ തവിട്ടു ജാക്കററുകളും അതിനിടയിലൂടെ ..... യായിരുന്നു. ഇടനാഴിയിൽ രണ്ടുപേർ ഒരു വീഞ്ഞപ്പെട്ടി ചുററിക ..... കൊണ്ടടിച്ച്‌ തുറക്കുകയായിരുന്നു. അതിനുള്ളിലെ കച്ചിക്കിടയിൽ ..... എണ്ണപുരട്ടിയ പുത്തൻ തോക്കുകളായിരുന്നു. പുറത്ത്‌ അത്ത ..... ഒഴിഞ്ഞ വീഞ്ഞപ്പെട്ടികറം കൂടിക്കിടന്നു.

കൊർച്ചാഗിൻ ആയുധധാരികളായ മൂന്നു തൊഴിലാളികളേയും കൂ ..... വാതിൽക്കൽ തിരിച്ചെത്തി.

''വേഗം ചെല്ലു,'' അദ്ദേഹം പറഞ്ഞു. ''അവിടെത്തന്നെ കാണ ..... കമ്മിററിയുടെ പാസില്ലാത്ത ഒരൊററ കുഞ്ഞിനെപ്പോലും അകത്തു ..... പാടില്ല. ആരെയെങ്കിലും പറഞ്ഞയച്ച്‌ അവിടുത്തെ ചുററു ..... കറം ഞങ്ങളെ അറിയിക്കണം.''

''ആരെയാണ് അയയ്ക്കേണ്ടതു്?''

''നമ്മുടെ ആളുകളിൽ അവിടെ കണ്ടുകിട്ടുന്ന ആരെയെങ്കിലും.''

''ഞാൻ അവിടെ കാണും!'' അടക്കാനാവാത്ത ആവേശവും മററുള്ളവരോടൊപ്പം നില്ക്കണമെന്നുള്ള ആഗ്രഹവുംകൊണ്ടു് ഞാൻ പറഞ്ഞു.

''ശരി, എന്നാൽ ഇവനെക്കൂടി കൊണ്ടുപൊയ്ക്കോളൂ. ഇവൻ ഓട്ടത്തിൽ മിടുക്കനാണു്.''

കമ്മിററി ആപ്പീസിൽ നിന്നു പുറത്തുവരുന്ന ഏതാണ്ടു് എല്ലാവരും വീഞ്ഞപ്പെട്ടിയിൽനിന്നു് ഓരോ തോക്കെടുക്കുന്നതു ഞാൻ ശ്രദ്ധിച്ചു. ''സഖാവു് കൊർച്ചാഗിൻ, എല്ലാവരും തോക്കെടുക്കുന്നുണ്ടല്ലോ. ഞാനും ഒന്നെടുത്തോട്ടെ?'' ഞാൻ ചോദിച്ചു.

''എന്താണു് വേണ്ടതു്?'' പച്ചകുത്തിയ കരുത്തനായ ഒരു നാവികനോടു് സംസാരിച്ചുകൊണ്ടുനിന്നിരുന്ന കൊർച്ചാഗിൻ പെട്ടെന്നു് സംസാരം നിർത്തി ഈർഷ്യയോടെ ചോദിച്ചു.

''എനിക്കും ഒരു തോക്കു വേണം. മററുള്ളവരെപ്പോലെ തന്നെയാണു് ഞാനും, അല്ലേ?''

ആ സമയത്തു് അടുത്ത മുറിയിൽനിന്നു് ആരോ ഉറക്കെ കൊർച്ചാഗിനെ വിളിക്കുന്നതു കേട്ടു. അദ്ദേഹം എന്റെ നേരെ ഒരു കൈ വീശിക്കാട്ടിയിട്ടു് ധൃതിയിൽ അകത്തേക്കു പോയി.

നിഷേധാർത്ഥത്തിലായിരിക്കാം അദ്ദേഹം കൈ വീശിയതു്. പക്ഷേ അതു് അനുവാദമാണെന്നു ഞാൻ വ്യാഖ്യാനിച്ചു. ഞാൻ ഒരു തോക്കെടുത്തു് മാറോടു ചേർത്തുപിടിച്ചുകൊണ്ടു് തെരുവിലെത്തിക്കഴിഞ്ഞ ആയുധധാരികളായ ഗാർഡുകളുടെ പിന്നാലെ ഓടി.

ഞാൻ മുററം മുറിച്ചുകടക്കുമ്പോഴും അപ്പോഴും കിട്ടിയ വാർത്ത കേട്ടു: ''പെട്രോഗ്രാഡിൽ സോവിയററു് അധികാരം സ്ഥാപിക്കപ്പെട്ടു, കേരെൻസ്കി ഓടിപ്പോയി. മോസ്കോയിൽ മിലിട്ടറി കേഡററുകളുമായി യുദ്ധം നടക്കുന്നു.''

ഭാഗം മൂന്ന്

മുന്നണി



അദ്ധ്യായം ഒന്നു്

മാസം ആറു കഴിഞ്ഞു. അമ്മയുടെ മേൽവിലാസമെഴുതിയ ഒരു കത്തു് തെളിഞ്ഞ ഒരു ഏപ്രിൽദിനത്തിൽ ഞാൻ റെയിൽവേസ്റ്റേഷനിലുള്ള പെട്ടിയിൽ നിക്ഷേപിച്ചു.

''അമ്മേ,

''വിടതരൂ! ഞാൻ കൊർനീലൊവിൻേറയും കലേഡിൻേറയും വൈറ്റ്ഗാർഡ് സേനകളോടു് സുധീരം പോരാടുന്ന സഖാവു സീവെർസിൻെറ സംഘത്തോടു ചേരാൻ പോവുകയാണു്. ഞങ്ങൾ മൂന്നുപേരുണ്ടു്. സാർമൊവൊ സമരസ്റ്റാഫാണു് ഞങ്ങൾക്കു് രേഖകളും തന്നതു്. ഞാനും 'മലങ്കാക്ക'യും അതിലെ അംഗങ്ങളാണു്. ആദ്യം അവർ എനിക്കു് രേഖ തരാൻ മടിച്ചു. എനിക്കു പ്രായം പോരെന്നു പറഞ്ഞു. 'മലങ്കാക്ക'യോടു് പറഞ്ഞു സമ്മതിപ്പിക്കാൻ ഞാൻ വളരെ പാടുപെട്ടു. ഒടുവിൽ അദ്ദേഹം സമ്മതിച്ചു. അദ്ദേഹത്തിനു് ഞങ്ങളോടൊപ്പം വരണമെന്നുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ ആരോഗ്യം തീരെ മോശമാണു്. ഇപ്പോഴും ചുമതന്നെ. സന്തോഷംകൊണ്ടു് എനിക്കു ശ്വാസം മുട്ടുന്നു. ഇന്നോളം നടന്നതെല്ലാം വെറും കുട്ടിക്കളിയായിരുന്നു. യഥാർത്ഥമായതു് ഇനി തുടങ്ങാൻ പോവുകയാണു്. അതുകൊണ്ടാണു് എനിക്കു് ഇത്ര സന്തോഷം.''

ഞങ്ങളുടെ യാത്രയുടെ മൂന്നാം ദിവസം ആറുമണിക്കൂർ നേരത്തെ വിശ്രമത്തിനുവേണ്ടി വണ്ടി ഒരു ചെറിയ സ്റ്റേഷനിൽ നിന്നു. ചുററുപാടുമുള്ള ഗ്രാമപ്രദേശങ്ങളിൽ അസ്വസ്ഥത തലപൊക്കിയിരിക്കുന്നുവെന്നു് അവിടെവച്ചു ഞങ്ങൾക്കു് അറിവു കിട്ടി. കൊള്ളക്കാരുടെ ആഗമനവും ചിലയിടങ്ങളിൽ ഭക്ഷ്യസംഭരണസംഘവും കുലാക്കുകളുമായുണ്ടായ സംഘട്ടനങ്ങളുമായിരുന്നു അതിനു കാരണം. രാത്രി വളരെ വൈകിയതിനുശേ

ഷമാണ് ഞങ്ങളുടെ വണ്ടിയിൽ എഞ്ചിൻ ഘടിപ്പിക്കപ്പെട്ടതു്. ഞാനും എന്റെ സഖാക്കളും സാമാനങ്ങൾ കയററാനദ്ദേശിച്ച വണ്ടിയുടെ മുകളിലത്തെ തട്ടിൽ തൊട്ടുതൊട്ടുകിടന്നു. ചക്രങ്ങളുടെ താളാത്മകമായ ശബ്ദവും വണ്ടിയുടെ കുടുക്കവും കേട്ടുകൊണ്ടു് ഞാൻ കോട്ടു തലവഴിയിട്ടു് ഉറങ്ങാൻ തയ്യാറെടുത്തു.

ഇരുട്ടത്തു് ആളുകൾ കൂർക്കംവലിയ്ക്കുകയും ചുമയ്ക്കുകയും ചൊറിയുകയും ചെയ്യുന്ന ശബ്ദം കേൾക്കാമായിരുന്നു. തട്ടിൽ സ്ഥലം കിട്ടിയ ഭാഗ്യവാന്മാർ ഉറക്കംപിടിച്ചു. എന്നാൽ തറയിൽ ഞെങ്ങിഞെരുങ്ങി ഇരുന്നിരുന്നവരുടെ ഇടയിൽനിന്നു് മുറുമുറുപ്പും പിറുപിറുപ്പും പ്രാക്കും, ഉന്തുകയും തള്ളുകയും ചെയ്യുന്ന ശബ്ദവും കേട്ടുകൊണ്ടിരുന്നു.

''ഹോ ഇങ്ങനെ ഉന്തല്ലെ!'' ചിലമ്പിച്ച ഒരു ശബ്ദം ഉയർന്നു. ''എന്താ തന്റെ ഭാവം? എന്നെ ഈ ചാക്കിൻപുറത്തുനിന്നു തള്ളി താഴെയിടാനാണോ? മര്യാദയ്ക്കിരുന്നില്ലെങ്കിൽ ഞാൻ തന്നെ അങ്ങേ ലോകത്തേക്കു തള്ളിയിടും! പറഞ്ഞേക്കാം.''

''ഇതു കണ്ടില്ലെ!'' കോപാകുലമായ നേർത്ത ഒരു സ്ത്രീശബ്ദം പരാതിപ്പെട്ടു. ''അയാളുടെ ബൂട്ടുകൾ എന്റെ മുഖത്താണു്. ഹേ, കാലുമാററി വയ്ക്കൂ!''

ആരോ ഉരച്ച തീപ്പെട്ടിക്കോലിന്റെ വെളിച്ചത്തിൽ ബൂട്ടുകളുടെ കൂമ്പാരങ്ങളും, ചാക്കുകളും കുട്ടകളും, തൊപ്പികളും, കൈകാലുകളും ഇളകിക്കൊണ്ടിരിക്കുന്നതു് അവ്യക്തമായി കാണാൻ കഴിഞ്ഞു. വീണ്ടും കൂരിരുട്ടു്. ഒരു മൂലയ്ക്കു് ആരോ ഓരോ ശുഷ്കവും ഏകപ്രകാരവുമായ ശബ്ദത്തിൽ ശോകാത്മകവും ദുസ്സഹവുമായ തന്റെ ജീവിതകഥ പറഞ്ഞുകൊണ്ടിരുന്നു. അതിൽ സഹതപിച്ചു് അടുത്തിരുന്നയാൾ സിഗററു വലിച്ചു. മാട്ടീച്ചകളുടെ കടിയേററ കുതിരയെപ്പോലെ വണ്ടി വിറച്ചുകൊണ്ടു് കുലുങ്ങിക്കുലുങ്ങി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.

എന്റെ സഹയാത്രികരിൽ ആരോ ഷർട്ടിന്റെ കയ്യിൽ പിടിച്ചു വലിച്ചപ്പോൾ ഞാൻ ഉണർന്നു തലപൊക്കിനോക്കി. തുറന്നുകിടന്ന ജനലിലൂടെ കടന്നുവന്ന തണുത്ത ശുദ്ധവായു എന്റെ മുഖത്തു തട്ടി. ട്രെയിൻ വളരെ പതുക്കെയാണു് പൊയ്ക്കൊണ്ടിരുന്നതു്. അതു് ഒരു കുന്നു കയറുകയാണെന്നു തോന്നി. ചക്രവാളരേഖയാകെ തീജ്ജ്വാലയുടെ ഉജ്ജ്വലപ്രഭയേററു് തിളങ്ങിക്കൊണ്ടിരുന്നു. തീജ്ജ്വാലയുടെ ചൂടു സഹിക്കാ

നാവാഞ്ഞിട്ടെന്നവണ്ണം അങ്ങു മുകളിൽ നക്ഷത്രങ്ങൾ മിന്നാമിനുങ്ങുക ളെപ്പോലെ തളർന്നു വീണു, വിളറിയ ചന്ദ്രക്കല ആകാശത്തിൽ അലി ഞ്ഞുചേർന്നു.

''കലാപം നടക്കുകയാണു്,'' ശാന്തവും പ്രസന്നവുമായ ശബ്ദത്തിൽ ആരോ ഒരാൾ വിളിച്ചു പറഞ്ഞു.

''അടിയുടെ കറവാണു്, മറ്റൊന്നുമല്ല,'' മറ്റൊരു മൂലയിൽ നി ന്നു് പരുഷമായ ഒരു ശബ്ദം അമർഷം പ്രകടിപ്പിച്ചു.

പെട്ടെന്നുണ്ടായ ഒരു സ്ഫോടനം ആ സംഭാഷണത്തിനു വിരാമമിട്ടു. വണ്ടി വല്ലാതെ കുടുങ്ങുകയും ചരിയുകയും ചെയ്തു. ഞാൻ മുകളിലത്തെ തട്ടിൽ നിന്നു് താഴെ ഇരുന്നവരുടെ തലയിലേയ്ക്കു വീണു. ആകെ ബഹ ളമായി. ആളുകൾ നിലവിളിക്കുകയും തുറന്നു കിടന്ന വാതിലിനെ ല ക്ഷ്യമാക്കി ഓടുകയും ചെയ്തു.

അപകടം സംഭവിച്ചിരിക്കുന്നു! പിന്നിൽ നിന്നു് തള്ളുന്ന യാത്ര ക്കാരുടെ ഇടയിൽപ്പെട്ടു ഞെരിഞ്ഞുപോകാതിരിക്കാൻ വേണ്ടി ഞാൻ പുറത്തേക്കു ചാടി. പാളത്തിന്റെ ഓരത്തുള്ള ഒരു കുഴിയിലാണു് ഞാൻ ചെന്നു വീണതു്. രണ്ടു പ്രാവശ്യം വെടി പൊട്ടുന്ന ശബ്ദം കേട്ടു. എന്റെ തൊട്ടടുത്തു നിന്ന ഒരു മനുഷ്യൻ വിറയ്ക്കുന്ന കൈകൾ നീട്ടിപ്പിടിച്ചുകൊ ണ്ടു് ധൃതിയിൽ പറഞ്ഞു:

''സാരമില്ല... സാരമില്ല. ഓടാതിരുന്നാൽ മതി. ഓടിയാൽ അ വർ വെടിവയ്ക്കും. വെള്ളക്കാരല്ല. ഇവിടങ്ങളിലുള്ള ഗ്രാമീണരാണു്. അവർ വേണ്ടതെല്ലാം എടുത്തിട്ടു് നമ്മെ വെറുതെ വിടും.''

തോക്കു പിടിച്ച രണ്ടുപേർ വണ്ടിയുടെ അരികിലൂടെ ഓടിനടന്നു് വിളിച്ചു പറഞ്ഞു:

''എല്ലാവരും തിരിച്ചു വണ്ടിയിൽ കയറൂ!'' യാത്രക്കാർ ട്രെയിനിൽ കയറാനായി ഓടി. ആ ബഹളത്തിനിടയിൽ കാൽവഴുതി ഞാൻ ഒരു ചേറുകുഴിയിലേയ്ക്കു വീണു. പെട്ടെന്നു് ഞാൻ കമഴ്ന്നുകിടന്നു് തീ വണ്ടിയുടെ വാലറ്റത്തേക്കു് ഇഴഞ്ഞുതുടങ്ങി. ഏറ്റവും അവസാനത്തേ തിന്റെ തൊട്ടുമുമ്പിലുള്ള കംപാർട്ടുമെൻറായിരുന്നു ഞങ്ങളുടേതു്. ഞാൻ നിമിഷങ്ങൾക്കകം അവസാനത്തെ കംപാർട്ടുമെൻറിന്റെ മങ്ങിയ സി ഗ്നൽ വിളക്കിനു തൊട്ടടുത്തെത്തി. അവിടെ തോക്കുപിടിച്ചുകൊണ്ടു് ഒരു മനുഷ്യൻ നിൽപ്പുണ്ടായിരുന്നു. ഞാൻ തിരിഞ്ഞു നടക്കാൻ ഭാവിച്ചു.

എന്നാൽ പെട്ടെന്നു് ആ മനുഷ്യൻ തിട്ടിൻെറ മറേറ അററത്തു് ആരെ യോ കണ്ടിട്ടു് അങ്ങോട്ടു് ഓടി വന്നു.

ഒററ കുതിപ്പു് ഞാൻ ഒരു കൊക്കയുടെ വക്കത്തെത്തി. അതിൻെറ ചെളികെട്ടിയ തെന്നുന്ന ചെരിവിലൂടെ ഞാൻ താഴത്തേക്കു് ഉരുണ്ടു. അ ടിയിലെത്തിയപ്പോഠം ഞാൻ എണീററു് കുററിക്കാട്ടിനടുത്തേക്കു നടന്നു. എൻെറ ബൂട്ടുകളിൽ മുഴുവൻ പശയുള്ള മണ്ണു് കുഴഞ്ഞുപിടിച്ചിരുന്ന തുകൊണ്ടു് കാലുകഠം ഇഴച്ചിഴച്ചാണു് ഞാൻ നടന്നതു്.

ഇളംതലപ്പുകളാൽ മൂടുപടമണിഞ്ഞ കാടു് സജീവമായിത്തീർന്നു. കുറെ ദൂരെ എവിടെയോ പൂവൻകോഴികഠം മത്സരിച്ചു കൂവുന്നതു കേട്ടു. വെയിൽകായാനെത്തിയ തവളകഠം അടുത്തൊരു പുൽത്തകിടിയിൽ ഇ രുന്നു് ഉറക്കെ ശബ്ദിച്ചു. തണലുള്ളിടത്തു് അങ്ങിങ്ങായി ചാരനിറമാർ ന്ന മഞ്ഞുകൂനകഠം കാണാനുണ്ടായിരുന്നെങ്കിലും വെയിലുള്ളിടത്തു് ഉ ണ്ടായിരുന്ന തലേവർഷത്തെ പുല്ലുകഠം ഉണങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ കുറച്ചു വിശ്രമിച്ചിട്ടു് ഒരു കഷണം ബർച്ചുമരത്തൊലികൊണ്ടു് ബൂട്ടുക ളിലെ ചെളി ചുരണ്ടിക്കളഞ്ഞു. പിന്നീടു് കുറെ പുല്ലു പറിച്ചെടുത്തു് വെള്ളത്തിൽ മുക്കി അഴുക്കുപുരണ്ട മുഖം തുടച്ചു.

തികച്ചും അപരിചിതമായ ഒരു പ്രദേശമായിരുന്നു അതു്. ഏററവും അടുത്ത റെയിൽവേ സ്റ്റേഷനിൽ എങ്ങിനെ എത്താൻ കഴിയും? പട്ടി കഠം കുരയ്ക്കുന്ന ശബ്ദം കേട്ടതുകൊണ്ടു് അടുത്തെവിടെയോ ആഠംപ്പാർപ്പു ണ്ടെന്നു് എനിക്കു മനസ്സിലായി. അവിടെച്ചെന്നു് വഴി ചോദിച്ചാലോ? ഒരു പക്ഷേ അതു് കുലാക്കുകളുടെ രഹസ്യതാവളമാണെന്നു് വരാം. ഞാൻ, ആരാണു് എന്താണു് എന്നെല്ലാം അവർ ചോദിക്കും. എൻെറ കൈ വശമാണെങ്കിൽ രേഖകളും കൈത്തോക്കും ഉണ്ടുതാനും. രേഖകഠം ബൂട്ടി നകത്തു് ഒളിച്ചുവയ്ക്കാം. പക്ഷേ തോക്കു് എന്തു ചെയ്യും? കളഞ്ഞാലോ?

ഞാൻ തോക്കു പുറത്തെടുത്തു തിരിച്ചും മറിച്ചും നോക്കി. എനിക്ക തു് ഉപേക്ഷിക്കാൻ മനസ്സു വന്നില്ല. കയ്ക്കുള്ളിലിരുന്നു് തിളങ്ങിക്കൊ ണ്ടിരുന്ന ആ കൈത്തോക്കു് സുഖകരമായ ഒരു വികാരമാണു് എനിക്കു പകർന്നുതന്നതു്. അതു് ഉപേക്ഷിക്കുന്നതിനെപ്പററി ആലോചിച്ചതിൽ എനിക്കു് ലജ്ജതോന്നി. ഞാൻ അതിൽ തലോടിയിട്ടു് എൻെറ ജാക്ക ററിൻെറ അകവശത്തു തുന്നിപ്പിടിപ്പിച്ചിരുന്ന രഹസ്യ അറയിലേയ്ക്കു ത ന്നെ അതു തിരിച്ചുവച്ചു.

തെളിഞ്ഞ് ഒരു പ്രഭാതമായിരുന്നു അതു്. നാനാതരം ശബ്ദങ്ങൾ കാട്ടിൽ മുഴങ്ങി. മഞ്ഞനിറമാർന്ന പുൽത്തകിടിയുടെ നടുക്ക നിന്ന ഒരു മരക്കുററിയിൽ ഇരുന്നിരുന്ന എനിക്കു് എവിടെയെങ്കിലും അപകടം പതിയിരിപ്പുണ്ടെന്നു വിശ്വസിക്കാൻ കഴിഞ്ഞില്ല.

''പ്യൂ, പ്യൂ...!'' തൊട്ടടുത്തു് സുപരിചിതമായ ഒരു കള കൂജനം കേട്ടു. നീലനിറമുള്ള ഒരു ടിററ്മൗസ് ഒരു മരക്കൊമ്പിൽ വന്നിരുന്നു് ജിജ്ഞാസയോടെ എന്നെ ചരിഞ്ഞുനോക്കി.

''പ്യൂ, പ്യൂ...!'' അതു മരക്കൊമ്പിൽ തത്തിനടന്നുകൊണ്ടു്. ചിലച്ചു.

പെട്ടെന്നു് തീംക ഷ്ട്രുകിനെ ഞാൻ ഓർത്തു. ഞാൻ അറിയാതെ ഒരു പുഞ്ചിരി എന്റെ ചുണ്ടിൽ വിരിഞ്ഞു. ''മണ്ടൻ പക്ഷി'' എന്നാണു് തീംക ടിററ്മൗസുകളെ വിളിച്ചിരുന്നതു്. പക്ഷികളും, സെമിത്തേരിയും, ഞങ്ങളുടെ കളികളുമെല്ലാം ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു. പക്ഷേ ഇപ്പോഴോ? ഞാൻ നെററി ചുളിച്ചു. എന്തെങ്കിലുമൊരു വഴി കണ്ടുപിടിക്കണം.

അടുത്തെവിടെയോ ചാട്ടവീശുന്ന ശബ്ദം കേട്ടു. പശുക്കൾ അമറി. ''ഒരു കന്നുകാലിപ്പററം,'' ഞാൻ വിചാരിച്ചു. ''മേച്ചിൽക്കാരനോടു് വഴി ചോദിക്കാം. അയാളെ പേടിക്കാനെന്തിരിക്കുന്നു? അയാളോടു ചോദിച്ചിട്ടു് കഴിയുന്നതും വേഗം ഇവിടുന്നു് രക്ഷപ്പെടണം.''

സാവധാനത്തിൽ പഴയ പുല്ലിന്റെ കുററികൾ കരണ്ടുതിന്നുകൊണ്ടു് ഒരു ചെറിയ പററം കന്നുകാലികൾ വനത്തിന്റെ അതിരിലൂടെ നടന്നുവന്നു. വണ്ണമുള്ള ഒരു വടിയുമായി വൃദ്ധനായ മേച്ചിൽക്കാരൻ ഒപ്പമുണ്ടു്. വെറുതെ നടക്കാനിറങ്ങിയ ഒരു മനുഷ്യന്റെ ശാന്തതയും ഉദാസീനതയും നടിച്ചുകൊണ്ടു് ഞാൻ അയാളുടെ അടുത്തെത്തി.

''നമസ്കാരം, അപ്പൂപ്പാ!

''നമസ്കാരം!'' അയാൾ തെല്ലിട ശങ്കിച്ചുനിന്നിട്ടാണു് പ്രത്യഭിവാദനം ചെയ്തതു്. അയാൾ നടപ്പുനിർത്തി എന്നെ സാകൂതം നോക്കി.

''റെയിൽവേസ്റ്റേഷനിലേക്കു് എത്ര ദൂരമുണ്ടു്?''

''സ്റ്റേഷനിലേക്കോ? ഏതു സ്റ്റേഷനിലേക്കാണാവോ?''

ഞാൻ കുഴങ്ങി. എനിക്കു് സ്റ്റേഷന്റെ പേരറിഞ്ഞുകൂടായിരുന്നു. പക്ഷേ വൃദ്ധൻതന്നെ എന്നെ സഹായിച്ചു.

''അലെക്സാണ്ട്രവ്ക്കയായിരിക്കും, അല്ലേ?'' അയാൾ ചോദിച്ചു.

''അതുതന്നെ. ഞാൻ അങ്ങോട്ടു പോവുകയായിരുന്നു. പക്ഷേ ഇവിടെയോവച്ച് വഴിതെറ്റി.''

''എവിടുന്നാണ് വരുന്നത്.''

പിന്നേയും എനിക്ക് ഉത്തരം മുട്ടി.

''അവിടുന്ന്,'' അമ്പരപ്പു പുറത്തു കാട്ടാതിരിക്കാൻ ആവതു ശ്രമിച്ചുകൊണ്ട് ഞാൻ ദൂരെ കണ്ട ഒരു ഗ്രാമത്തിനുനേരെ അവ്യക്തമായി കൈ വീശിക്കാണിച്ചു.

''ഹും... അവിടുന്നാണ്... ദേമെനെവൊയിൽനിന്ന്, അല്ലേ?''

''അതെ, ദേമെനെവൊയിൽനിന്നാണ്.''

ആ സമയത്ത് ഒരു പട്ടിയുടെ മുറുമുറുപ്പും ആരുടേയോ കാൽപ്പെരുമാറ്റവും ഞാൻ കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ ഞാൻ കണ്ടത് ആജാനുബാഹുവായ ഒരു പയ്യൻ വൃദ്ധൻെറ അടുത്തേക്കു നടന്നുവരുന്നതാണ്. മേച്ചിൽക്കാരൻെറ സഹായിയാണതെന്ന് ഞാൻ ഊഹിച്ചു.

''അലെക്സാണ്ടർ അമ്മാവാ, കാര്യം എന്താണ്?'' ഒരു കഷണം റൈ റൊട്ടി ചവച്ചുകൊണ്ട് അയാൾ ചോദിച്ചു.

''ഒരു വഴിയാത്രക്കാരൻ. അലെക്സാണ്ട്രവ്ക്കസ്റ്റേഷനിലേക്കുള്ള വഴിചോദിക്കുന്നു. ദേമെനെവൊയിൽ നിന്നു വരികയാണെന്നും പറയുന്നു.''

പയ്യൻ ചവയ്ക്കൽ നിർത്തി എന്നെ തുറിച്ചുനോക്കി.

''അതെങ്ങിനെ?'' അയാൾ ചോദിച്ചു.

''അതാണ് എനിക്കു പിടികിട്ടാത്തത്. ദേമെനെവൊ സ്റ്റേഷൻെറ തൊട്ടടുത്താണ്. അലെക്സാണ്ട്രവ്ക്കയും ദേമെനെവൊയും ഒന്നുതന്നെയാണ്. പിന്നെ ഇവൻ ഇവിടെ എങ്ങിനെ വന്നെത്തി?''

''നമുക്ക് ഇവനെ ഗ്രാമത്തിലേക്കു കൊണ്ടുപോകാം,'' പയ്യൻ പറഞ്ഞു. ''അവിടത്തെ മിലിട്ടറി പോസ്റ്റിലുള്ളവർ തീരുമാനിച്ചുകൊള്ളും. അവൻ എന്തുവേണമെങ്കിൽ പറയട്ടെ.''

അതു് എന്തുതരം ചെക്പോസ്റ്റാണെന്നോ അവർ എന്തു തീരുമാനിക്കുമെന്നോ എനിക്ക് യാതൊരു രൂപവുമില്ലായിരുന്നെങ്കിലും എനിക്ക് ഗ്രാമത്തിലേക്കു പോകാൻ തീരെ ആഗ്രഹമുണ്ടായിരുന്നില്ല. ഈ ഭാഗത്തുള്ള ഗ്രാമങ്ങളെല്ലാം ധനികർ പാർക്കുന്നവയും അപകടകരവുമായിരു

ന്നുവെന്നതാണ്‌ അതിന്റെ കാരണം. ഒട്ടും സമയം കളയാതെ ഞാൻ ഒരു വശത്തേക്ക ചാടി കാട്ടിലൂടെ ഓടി.

മേച്ചിൽക്കാരൻ പയ്യൻ അധികദൂരം എന്നെ പിൻതുടർന്നില്ല. പക്ഷെ ആ നശിച്ച പട്ടി എന്റെ കാലിൽ രണ്ടുമൂന്നു തവണ കമ്മി. അപ്പോൾ എനിക്കു് ഒട്ടും വേദന തോന്നിയില്ല. കൂർത്ത മുള്ളുകളുള്ള മരച്ചില്ലകൾ മുഖത്തു വന്നടിച്ചതോ കുന്നുകളിലും മരക്കുറ്റികളിലും കാലു മുട്ടിയതോപോലും അപ്പോൾ ഞാൻ ശ്രദ്ധിച്ചില്ല.

രാത്രിയാകുന്നതുവരെ ഞാൻ കാട്ടിൽ അലഞ്ഞുതിരിഞ്ഞു. അതൊരു വിജനമായ ഘോരവനമൊന്നും ആയിരുന്നില്ല. അവിടവിടെ തടി വെട്ടിയെടുത്ത കുറ്റികൾ ധാരാളം ഉണ്ടായിരുന്നു. ഉള്ളിലേക്ക കടക്കുംതോറും വൃക്ഷങ്ങളുടെ നിബിഡത കുറഞ്ഞുവന്നു. തുറന്ന പ്രദേശങ്ങൾ കൂടുതൽ കൂടുതൽ പ്രത്യക്ഷപ്പെട്ടു. ചിലേടങ്ങളിൽ കുതിരകളുടെ കുളമ്പുകൾ പതിഞ്ഞ പാടുകളും കുതിരച്ചാണകവും കാണാൻ കഴിഞ്ഞു. നേരം രാത്രിയായി. വിശപ്പും ക്ഷീണവും കൊണ്ടു് ഞാൻ തളർന്നു. പോരാത്തതിനു് ദേഹമാസകലം പോറലുകളും. ഒരു കുറ്റിച്ചെടിയുടെ അടിയിൽ ഉണങ്ങിയതും മറവുള്ളതുമായ ഒരു സ്ഥലം ഞാൻ കണ്ടുപിടിച്ചു. ഒരു തടിക്കഷണം തലയിണയാക്കിക്കൊണ്ടു് ഞാൻ അവിടെ കിടന്നു. കലശലായ ക്ഷീണം എന്നെ പിടികൂടി. എന്റെ മുഖം ചുട്ടുപൊള്ളുന്നതുപോലെ തോന്നി. പട്ടി കടിച്ച ഭാഗങ്ങൾ വല്ലാതെ വേദനിച്ചു.

‘‘കുറച്ചു് ഉറങ്ങാം,’’ ഞാൻ തീരുമാനിച്ചു. ‘‘ഈ രാത്രിയിൽ ആരും എന്നെ കണ്ടുപിടിക്കയില്ല. വല്ലാത്ത ക്ഷീണം. ഇപ്പോൾ ഉറങ്ങുകതന്നെ. രാവിലെ എന്തെങ്കിലും വഴി ആലോചിക്കാം.’’

മയക്കത്തിനിടയിൽ ഞാൻ അർസമാസിലെ കാര്യങ്ങൾ ഓർത്തു: [illegible]വും ഞങ്ങളുടെ ചങ്ങാടയുദ്ധവും പഴയ കമ്പിളിപ്പുതപ്പിനടിയിലെ എന്റെ കിടക്കയും എന്റെ മനസ്സിൽ തെളിഞ്ഞു. ഞാനും ഫേജയും കൂടി പ്രാവുകളെ പിടിച്ചു് അവന്റെ ചീനച്ചട്ടിയിലിട്ടു പൊരിച്ചെടുത്തു രഹസ്യമായി തിന്നതു് ഞാൻ ഓർത്തു. പ്രാവിന്റെ ഇറച്ചിയ്ക്കു് എന്തൊരു സ്വാദായിരുന്നു....

മരങ്ങളുടെ മുകളിലിരുന്നു് കാറ്റു ചൂളം വിളിച്ചു. കാടു് ശൂന്യവും ഭീകരവുമാണെന്നു തോന്നി. അർസമാസെന്ന പഴയ പട്ടണം ചൂടും സുഗ

ന്ധവും പൊഴിച്ചുകൊണ്ടു് പെരുന്നാൾദിവസത്തെ അപ്പം പോലെ ന്റെ മനസ്സിൽ നീന്തിനടന്നു.

ഞാൻ കോട്ടിന്റെ കോളർ പൊക്കിവച്ചു. ക്ഷണിക്കാതെ വന്ന രുതുള്ളി കണ്ണുനീർ എന്റെ കവിളിലൂടെ ഒഴുകി. പക്ഷേ ഞാൻ ഞ്ഞില്ല.

ആ രാത്രി തണുപ്പുകൊണ്ടു മരവിച്ചുപോയ ഞാൻ ദേഹം ചൂടാക്കാൻ വേണ്ടി ചാടുകയും അങ്ങോട്ടുമിങ്ങോട്ടും ഓടുകയും ചെയ്തു കൊണ്ടിരുന്നു. ഒരു ബർച്ചുമരത്തിൽ പിടിച്ചുകയറാൻ ഞാൻ ശ്രമിച്ചു. തണുപ്പുമാറാൻ വേണ്ടി ഞാൻ നൃത്തം ചവിട്ടുകപോലും ചെയ്തു. മരവിപ്പു കുറയുമ്പോൾ ഞാൻ അല്പം കിടക്കും. കോടമഞ്ഞു് എന്റെ ശരീരത്തിന്റെ ചൂടു് അപഹരിക്കുമ്പോൾ വീണ്ടും ചാടിയെണീക്കും.

അദ്ധ്യായം രണ്ടു്

ധൂളംചൂട്ട പകർന്നുകൊണ്ടു് വീണ്ടും സൂര്യനുദിച്ചു. പക്ഷികൾ ചില
[illegible] നിരനിരയായി പറക്കുന്ന കൊക്കുകൾ. ആകാശത്തിൽ ആറ്റോള
[illegible] കാഹളംമുഴക്കി. രാത്രി അവസാനിച്ചതിലുള്ള സന്തോഷംകൊ
[illegible] ഞാനും പുഞ്ചിരിതൂകി. വിഷാദചിന്തകൾ എന്റെ മനസ്സിൽനി
[illegible] അകന്നു പോയി. എന്തെങ്കിലും തിന്നണം എന്ന ഒരു വിചാരം മാ
[illegible] അവിടെ അവശേഷിച്ചു.

ഞാൻ കഷ്ടിച്ചു് ഒരു ഇരുനൂറു ചുവടു നടന്നപ്പോൾ വാത്തകൾ കര
[illegible] പന്നികൾ മുക്രയിടുകയും ചെയ്യുന്ന ശബ്ദം കേട്ടുതുടങ്ങി. പച്ച
[illegible] ച്ച മേൽക്കൂരയുള്ള ഒററപ്പെട്ട ഒരു വീടു് പച്ചിലകളുടെ ഇടയി
[illegible] എനിക്കു കാണാൻ കഴിഞ്ഞു.

''പതുങ്ങി അടുത്തുചെല്ലാം,'' ഞാൻ തീരുമാനിച്ചു. ''അപകടമൊ
[illegible] ല്ലെന്നു് ബോധ്യമായാൽ വഴിചോദിക്കുകയും തിന്നാൻ വല്ലതും
[illegible] പ്പെടുകയും ചെയ്യാം.''

ഞാൻ ഒരു കുററിച്ചെടിയുടെ പിന്നിൽ മറഞ്ഞുനിന്നു. യാതൊരന
[illegible] ല്ല. ആളുകളുള്ളതിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. എന്നാ
[illegible] ചിമ്മിനിയിൽനിന്നും നേർത്ത പുക പുറത്തുവരുന്നുണ്ടായിരുന്നു. ക
[illegible] വാത്തകൾ ഞാൻ നില്ക്കുന്നിടത്തേക്കു് കുണുങ്ങിക്കുണുങ്ങി വന്നു. എ
[illegible] തൊട്ടടുത്തായി ചുള്ളിക്കമ്പുകൾ ഞെരിയുന്ന ശബ്ദം കേട്ടെന്നു തോ
[illegible] പെട്ടെന്നു് ഞാൻ ജാഗ്രതയായി നിന്നു് തലതിരിച്ചുനോക്കി. ഭ
[illegible] തന്നെ വിസ്മയത്തിനു് വഴിമാറിക്കൊടുത്തു. പത്തു ചുവടകലെ
[illegible] റിച്ചെടിയുടെ പിന്നിൽനിന്നു് രണ്ടു കണ്ണുകൾ എന്നെ തുറിച്ചു
[illegible] ക്കൊണ്ടിരുന്നു. ആ കണ്ണുകളുടെ ഉടമസ്ഥൻ തീർച്ചയായും ആ
[illegible] ആരുമല്ലെന്നു് എനിക്കു മനസ്സിലായി. കാരണം അയാളും

എന്നെപ്പോലെ കുററിച്ചെടികഠംക്കിടയിൽ ഒളിച്ചിരുന്ന് ആ വീട് ശ്ര ദ്ധിക്കയായിരുന്നു. ഒരേ ഇരയുടെ പിന്നാലെ എത്തിയ രണ്ടു വന്യമൃഗ ങ്ങളെപ്പോലെ ഞങ്ങഠം കരുതലോടെ പരസ്പരം തുറിച്ചുനോക്കി. പി ന്നീട് മൗനാനുവാദത്താലെന്നവണ്ണം ഞങ്ങഠം ഇരുവരും കാട്ടിലേക്ക് പിൻവാങ്ങുകയും പരസ്പരം അടുക്കുകയും ചെയ്തു.

അപരിചിതന് എൻറത്ര തന്നെ പൊക്കമുണ്ടായിരുന്നു. ഏകദേശം പതിനേഴ വയസ്സ് തോന്നിച്ചു. ദൃഢഗാത്രനായ അവൻ ധരിച്ചിരുന്നത് കറുത്ത തുണികൊണ്ടു തുന്നിയ ഒരു ഡബിഠം ബ്രെസ്റ്റ് കോട്ടാണ്. അ തിൽ ഒരൊററ ബട്ടൺ പോലുമില്ലായിരുന്നു. മനപ്പൂർവ്വം ബട്ടണുകഠം മുറിച്ചു മാററിയിരിക്കയാണെന്ന് എനിക്കു തോന്നി. അവൻ ധാരാളം ഉണങ്ങിയ ഈർപ്പക്കായ്കഠം പററിപ്പിടിച്ചിരുന്ന തൻെറ ട്രൗസറിൻെറ കാലുകഠം ചെളികുഴഞ്ഞുപിടിച്ച ഹൈബൂട്ടുകഠംക്കുള്ളിലേക്ക് തിരുകിയി ച്ചിരുന്നു.

അവൻെറ ചുളിവുകളുള്ള വിളർത്ത മുഖവും കണ്ണുകളുടെ താഴെയുള്ള കറുത്ത വലയവും കണ്ടപ്പോഠം അവനും കാട്ടിൽത്തന്നെയാണ് രാത്രി ക ഴിച്ചതെന്ന് എനിക്കുതോന്നി.

''അങ്ങോട്ടു പോകണോ എന്ന് ആലോചിക്കയാണോ?'' തല കൊണ്ട് വീട് ചൂണ്ടിക്കാട്ടിയിട്ട് അവൻ മെല്ലെ ചോദിച്ചു.

''അതെ,'' ഞാൻ പറഞ്ഞു. ''നീയോ?''

''അവർ ഒന്നും തരികയില്ല. മൂന്നു ക്രൂരന്മാരായ കൃഷിക്കാരാണ് അ വിടെയുള്ളത്—ഞാൻ അവരെ കണ്ടു. അവർ എത്തരക്കാരാണെന്ന് അറിഞ്ഞുകൂടാ.''

''പിന്നെ എന്തു ചെയ്യും? എന്തെങ്കിലും തിന്നണം!''

''തിന്നണം'', അവൻ സമ്മതിച്ചു. ''പക്ഷേ, യാചിച്ചിട്ടല്ല. ഇ ക്കാലത്തു് ആരും ഭിക്ഷ തരില്ല. നീ ആരാണ്?'' ഉത്തരത്തിനു കാ ത്തു നില്ക്കാതെ അവൻ തുടർന്നു. ''അതുപോകട്ടെ. നമുക്ക് എന്തെങ്കിലും തേടിപ്പിടിക്കണം. വളരെ വിഷമമുള്ള കാര്യമാണത്. ഞാൻ ശ്രമിച്ചു നോക്കി, പററിയില്ല. പക്ഷേ നമ്മഠം രണ്ടുപേരും ഒരുമിച്ചു വിചാരി ച്ചാൽ സാധിക്കും. ഈ കുററിക്കാട്ടിൽ ധാരാളം വാത്തകഠം നടക്കുന്നു ണ്ട്—തടിച്ചുകൊഴുത്ത വാത്തകഠം.''

''പക്ഷേ, നമ്മുടേതല്ലല്ലോ.''

ഇത്തരം ഒരു വിഡ്ഢിത്തം വിളമ്പിയതിൽ അത്ഭുതപ്പെട്ടിട്ടെന്നവണ്ണം അവൻ എന്നെ ഒന്നു നോക്കി.

''ഇപ്പോഴം എല്ലാം എല്ലാവരുടേയുമാണ്'', '' അവൻ ശാന്തമായി പറഞ്ഞു. ''പുൽത്തകിടിയുടെ പിൻവശത്തു ചെന്നു് ഒരു വാത്തയെ ഈ ഭാഗത്തിൽ ഇങ്ങോട്ട് ഓടിക്ക്. ഞാൻ കുററിച്ചെടിയുടെ പിന്നിൽ മറഞ്ഞിരിക്കാം.''

പററത്തിൽ നിന്നു് ഒററപ്പെട്ടു നടന്ന ഒരു തടിയൻ വാത്തയെ ഞാൻ അകററി നിർത്തി. അതു് ഇടയ്ക്കിടെ നിന്നു് നിലത്തു കൊത്തിക്കൊണ്ടു് പതുക്കെ തിരിഞ്ഞു നടന്നു. ഞാൻ പടിപടിയായി അതിനെ നിർദ്ദിഷ്ട സ്ഥാനത്തെത്തിച്ചു. കുററിച്ചെടിയുടെ അടുത്തെത്തിയപ്പോഴം പെട്ടെന്നു് അതു് കഴുത്തു വളച്ചു് സംശയത്തോടെ എന്നെ ഒന്നു നോക്കി. പിന്നീട് ഒരു തീരുമാനമെടുത്തിട്ടെന്നവണ്ണം അതു തിരിഞ്ഞുനടക്കാൻ ഭാവിച്ചു. എന്നാൽ അപരിചിതനായ പയ്യൻ പൂച്ച കുരുവിയുടെമേൽ ചാടിവീഴുന്നതു വേഗത്തിൽ അതിന്റെ കഴുത്തു് കൈകരംക്കള്ളിലാക്കിക്കഴിഞ്ഞു. അതിനു് ഒന്നു കരയാൻപോലും സമയം കിട്ടിയില്ല. വാത്തകളുടെ പററം അമ്പരപ്പോടെ കരഞ്ഞുതുടങ്ങി. അപരിചിതൻ ചിറകിട്ടടിക്കുന്ന വാത്തയേയും കൊണ്ടു് കാട്ടിനുള്ളിലേക്കു് ഓടി പോയി. ഞാനും പിന്നാലെ ചെന്നു.

വാത്ത വളരെ നേരം ചിറകിട്ടടിക്കുകയും കാലിളക്കുകയും ചെയ്തു കൊണ്ടിരുന്നു. ഒരു മലയിടുക്കിലുള്ള ഒഴിഞ്ഞ ഒരു മൂലയിൽ ചെന്നപ്പോഴാണു് അതിന്റെ ബഹളം നിലച്ചതു്. അപരിചിതൻ അതിനെ നിലത്തിട്ടു. അവൻ കുറെ പുകയില കയ്യിലെടുത്തിട്ടു് കിതച്ചുകൊണ്ടു് പറഞ്ഞു:

''ഇവിടെ ഇരിക്കാം.''

അവൻ ഇടയ്ക്കിടെ എന്നെ നോക്കിക്കൊണ്ടു് ഒന്നും മിണ്ടാതെ വാത്തയെ നന്നാക്കിത്തുടങ്ങി.

ഞാൻ ഉണങ്ങിയ ചുള്ളികരം പെറുക്കി ഒരിടത്തു് കൂട്ടിവച്ചു.

''തീപ്പെട്ടിയുണ്ടോ?''

''ഉണ്ടാ,'' അവൻ ചോരപുരണ്ട കൈകൊണ്ടു് തീപ്പെട്ടിയെടുത്തു തന്നു. ''അത്യാവശ്യത്തിനേ ഉപയോഗിക്കാൻ പാടുള്ളൂ.''

ഞാൻ അവനെ ശരിക്കു കണ്ടതു് അപ്പോഴാണു്. മുഖത്തു പററിപ്പി

ടിച്ചിരുന്ന അഴുക്കിന് അവന്റെ ജീവസ്സുള്ള മുഖത്തിന്റെ സ്നിഗ്ധതയേയോ വെണ്മയേയോ മറച്ചുവയ്ക്കാൻ കഴിഞ്ഞില്ല. സംസാരിക്കുമ്പോൾ അവന്റെ വായുടെ വലത്തേ കോൺ പിടയുകയും ഇടത്തേക്കണ്ണ് ചിമ്മിത്താവുകയും ചെയ്യും. അവന് എന്നേക്കാൾ ഒന്നോ രണ്ടോ വയസ്സ് കൂടുതൽ കാണും. അവൻ എന്നേക്കാൾ ശക്തനാണെന്ന് തോന്നി. മാംസം കരിക്കപ്പെട്ട വാർത്ത കൊതിപ്പിക്കുന്ന മണം പരത്തിക്കൊണ്ട് കനലിന്റെ മുകളിൽ വെന്തു കൊണ്ടിരുന്നപ്പോൾ ഞങ്ങൾ പുല്ലിൽ കിടന്ന് വിശ്രമിച്ചു.

''പുകവലിക്കണോ?'' അപരിചിതൻ ചോദിച്ചു.

''ഞാൻ പുകവലിക്കില്ല.''

''നീ കാട്ടിലാണോ ഉറങ്ങിയത്? ഇവിടെ വലിയ തണുപ്പാണ്. നീ എങ്ങിനെ ഇവിടെ വന്നുപെട്ടു? അവിടുന്നാണോ?'' അവൻ റെയിൽ പാളത്തിന്റെ നേരെ കൈ വീശി.

''അതെ. ട്രെയിൻ നിന്നപ്പോൾ ഞാൻ ഓടിപ്പോന്നു.''

''അവർ രേഖകൾ പരിശോധിക്കാൻ വന്നോ?''

''രേഖകളോ? അല്ല. കൊള്ളക്കാർ വണ്ടി ആക്രമിച്ചു.''

''ഓഹോ...'' അവൻ സിഗററ്റു വലിച്ചുകൊണ്ട് മൗനമായിരുന്നു.

''നീ എങ്ങോട്ടു പോവുകയാണ്?'' വളരെ നേരത്തെ മൗനത്തിനുശേഷം അവൻ ഓർക്കാപ്പുറത്ത് ചോദിച്ചു.

''ദോൺ പ്രദേശത്ത്....'' ഞാൻ മുഴുവനാക്കാതെ നിർത്തി.

''ദോൺ പ്രദേശത്തോ?'' എണീററിരുന്നുകൊണ്ട് അവൻ ചോദിച്ചു.

അവന്റെ വിണ്ടുകീറിയ നേർത്ത ചുണ്ടുകളിൽ അവിശ്വാസത്തിന്റേതായ ഒരു പുഞ്ചിരി മിന്നിമറഞ്ഞു. അവന്റെ ഇറുക്കിപ്പിടിച്ച കണ്ണുകൾ ഒരു നിമിഷനേരത്തേക്കു വികസിക്കുകയും ഉടൻതന്നെ അടയുകയും ചെയ്തു. അവൻ വീണ്ടും നിർവ്വികാരനായി.

''അവിടെ ബന്ധുക്കളുണ്ടായിരിക്കും, അല്ലേ?''

''അതെ, ബന്ധുക്കളുണ്ട്,'' അവൻ സ്വന്തം കാര്യം ഒന്നും പറയപ്പെടുത്താതിരിക്കുകയും സൂത്രത്തിൽ എന്നെ സംബന്ധിച്ച കാര്യങ്ങളറിയാൻ ശ്രമിക്കുയുമാണെന്നു മനസ്സിലായതുകൊണ്ട് ഞാൻ കരുതലോടെ പറഞ്ഞു.

അവൻ വീണ്ടും നിശ്ശബ്ദനായി വാർത്തയെ മറിച്ചിട്ടു. അതിനുശേഷം

ന്നം തിളച്ച കൊഴുപ്പ് തീയിലേക്ക് ഇററിററു വീണു. അവൻ അക്ഷോ ഭ്യനായി എന്നോടു പറഞ്ഞു:

''ഞാനും അങ്ങോട്ടുതന്നെയാണ് പോകുന്നതു്. അവിടെ സിവേർസ് സേനാവിഭാഗത്തിൽ ചേരാൻ.''

''താൻ പേൻസയിൽ പഠിക്കുകയായിരുന്നെന്നും അടുത്തു് ഒരു ഗ്രാമത്തിൽ അദ്ധ്യാപകനായിരുന്ന അമ്മാവനെ കാണാൻ വന്നപ്പോഠം കസാക്കുകഠം അവിടെ കലാപമുണ്ടാക്കിയെന്നും താൻ ഒരുവിധത്തിൽ അവിടെനിന്നു് രക്ഷപ്പെട്ടുവന്നതാണെന്നും അവൻ എന്നോടു പറഞ്ഞു.

പുകയുടെ മണമുള്ള ചുട്ട വാത്തയെ കഷണങ്ങളാക്കി ആർത്തിയോടെ തിന്നുകൊണ്ടു് ഞങ്ങഠം ഉററ ചങ്ങാതിമാരെപ്പോലെ സംസാരിച്ചു.

ഒരു കൂട്ടുകാരനെ കിട്ടിയതിൽ ഞാൻ സന്തോഷിച്ചു. എനിക്കു് കൂടുതൽ ഉത്സാഹം തോന്നി. ഞങ്ങഠം അകപ്പെട്ടിരിക്കുന്ന ഈ കെണിയിൽ നിന്നു് ഞങ്ങഠംക്കു് ഇരുവർക്കും നിഷ്പ്രയാസം രക്ഷപ്പെടാൻ കഴിയുമെന്നു് എനിക്കു് വിശ്വാസം തോന്നി.

''വെയിലുള്ളപ്പോഠം നമുക്കു് കുറച്ചു കിടക്കാം,'' എന്റെ കൂട്ടുകാരൻ പറഞ്ഞു. ''നന്നായി ഒന്നു് ഉറങ്ങാമല്ലോ. രാത്രിയിൽ തണുപ്പുകൊണ്ടു് തീരെ ഉറങ്ങാൻ സാധിക്കയില്ല.''

ഞങ്ങഠം മരങ്ങളധികമില്ലാത്ത ഒരിടത്തു് കിടന്നു, ഉടൻതന്നെ ഉറങ്ങുകയും ചെയ്തു. എന്നാൽ ഗാഢനിദ്രയിലേക്കു ഞാൻ വഴുതി വീഴുന്നതിനുമുമ്പു് ഒരു ഉറുമ്പു് എന്റെ മൂക്കിൽ കയറി. ഞാൻ എണീററിരുന്നു് തുമ്മി ചീററി. എന്റെ കൂട്ടുകാരൻ നല്ല ഉറക്കമായിരുന്നു. അവന്റെ തുറന്നു കിടന്ന ജാക്കററിന്റെ കോളറിനടിയിൽ കറുത്ത മഷികൊണ്ടു് അടയാളപ്പെടുത്തിയിരുന്ന അക്ഷരങ്ങഠം എന്റെ കണ്ണിൽപ്പെട്ടു.

"ct. A.C.C."

''ഏതു തരം സ്കൂളായിരിക്കും അതു്?'' ഞാൻ അത്ഭുതപ്പെട്ടു. എന്റെ ജാക്കററിന്റെ ബക്കിളിൽ, 'A.T.H.S.' എന്നു് എഴുതിയിട്ടുണ്ടു്. അതു് അർസമാസ് ടെക്നിക്കൽ ഹൈസ്കൂഠം എന്നതിന്റെ ആദ്യ അക്ഷരങ്ങളാണു്. പക്ഷേ ഈ 'ct'യും 'A.C.C.'യും എന്താണാവോ?''

ഞാൻ പല തരത്തിൽ നോക്കിയിട്ടും അതിന്റെ അർത്ഥം പിടികിട്ടിയില്ല. ''അവൻ എണീക്കുമ്പോഠം ചോദിക്കാം.'' ഞാൻ തീരുമാനിച്ചു.

വയറു നിറച്ച് വാത്ത ഇറച്ചി തിന്നതുകൊണ്ട് എനിക്ക് വല്ലാതെ ദാഹിച്ചു. അടുത്തെങ്ങും വെള്ളമുണ്ടായിരുന്നില്ല. മലയിടുക്കിൽ എവിടെയെങ്കിലും ഒരു നീരുറവ കാണുമെന്ന് വിചാരിച്ച് ഞാൻ അങ്ങോട്ടു നടന്നു. ചെറിയൊരു തോട് ഒഴുകുന്നതു ഞാൻ കണ്ടു. എന്നാൽ അതിന്റെ വക്ക് നനഞ്ഞു് തെന്നുന്നതായിരുന്നു. ഉണങ്ങിയ ഒരിടം കണ്ടുപിടിക്കാനായി ഞാൻ മുമ്പോട്ടു നടന്നു. മലയിടുക്കിന്റെ അടിത്തട്ടിൽ തോട്ടിനു സമാന്തരമായി ഒരു പാത ഉണ്ടായിരുന്നു. കുതിരക്കുളമ്പുകൾ ചെളിയിൽ പതിഞ്ഞ പാടുകളും ഉണങ്ങാത്ത കുതിരച്ചാണകവും അവിടെ എനിക്കു കാണാൻ കഴിഞ്ഞു. അന്നു രാവിലെ ഒരു പററം കുതിരകൾ ആ വഴി കടന്നുപോയിട്ടുണ്ടെന്നു തോന്നി.

എന്റെ കയ്യിൽനിന്നു താഴെ വീണ ചെറിയ വടി എടുക്കാനായി കുനിഞ്ഞപ്പോൾ തിളങ്ങുന്ന ഒരു സാധനം ചെളിയിൽ പുതഞ്ഞു കിടക്കുന്നതു ഞാൻ കണ്ടു. ഞാൻ അതു കയ്യിലെടുത്തു് തുടച്ചു. ചുവന്ന നക്ഷത്രത്തിന്റെ ആകൃതിയിലുള്ള ഒരു തകര ബാഡ്ജായിരുന്നു അതു്. ചുവപ്പുസേനക്കാരുടെ തൊപ്പിയിലും ബോൾഷെവിക്കുകളുടേയും തൊഴിലാളികളുടേയും ഉടുപ്പിലും അക്കാലത്തു കാണാറുണ്ടായിരുന്ന ഒഴുക്കൻ ബാഡ്ജുകളിൽ ഒന്നായിരുന്നു അതു്.

''ഇതെങ്ങിനെ ഇവിടെ വന്നു?'' എന്നു് സ്വയം ചോദിച്ചുകൊണ്ടു് ഞാൻ റോഡിന്റെ ഇരുവശവും സൂക്ഷിച്ചു നോക്കി. ഒരു ഒഴിഞ്ഞ വെടിത്തിരപ്പെട്ടിയും അവിടെ നിന്നു് എനിക്കു കിട്ടി.

വെള്ളം കുടിക്കുന്ന കാര്യം മറന്നു് ഞാൻ എന്റെ കൂട്ടുകാരന്റെ അടുത്തേക്കു് ഓടി. അവൻ ഉറങ്ങുകയായിരുന്നില്ല. ഒരു കുററിച്ചെടിയുടെ മറഞ്ഞു നില്ക്കുകയായിരുന്നു. അവൻ എന്നെ തിരയുകയായിരുന്നിരിക്കണം.

''ചുവപ്പുസേന,'' അവന്റെ അടുത്തേക്കു് ഓടിച്ചെന്നു് ഞാൻ ഉറക്കെ പറഞ്ഞു.

തൊട്ടുപിന്നിൽ ഒരു വെടി കേട്ടിട്ടെന്നപോലെ അവൻ കുനിയുകയും ഒരു വശത്തേക്കു മാറി നിൽക്കുകയും ചെയ്തു. പേടികൊണ്ടു് വിളറിയതമായ മുഖമാണു് അവൻ എന്റെ നേരെ തിരിച്ചതു്.

ഞാനാണു് എന്നു മനസ്സിലായപ്പോൾ അവൻ നിവർന്നു നിന്നു. താൻ പേടിച്ചതിനു് ഒരു വിശദീകരണമെന്നപോലെ അവൻ ദേഷ്യത്തോടെ പറഞ്ഞു:

''നിൻെറ ഒരലർച്ച! ചെവി പൊട്ടിപ്പോയി!''

''ചുവപ്പുസേനക്കാർ,'' ഞാൻ അഭിമാനത്തോടെ വീണ്ടും പറഞ്ഞു.

''എവിടെ?''

''അവർ ഇന്നു രാവിലെ ഈ വഴികടന്നു പോയിട്ടുണ്ട്. റോഡിൽ കുതിരക്കുളമ്പുകളുടെ അടയാളം കാണാം. വഴിയിൽ കിടക്കുന്ന ചാണകം ഇനിയും ഉണങ്ങിത്തുടങ്ങിയിട്ടില്ല. ഒരു വെടിത്തിരക്കൂടും ഇതും എനിക്കു കിട്ടി,'' ഞാൻ നക്ഷത്രം അവനെ കാണിച്ചു.

എൻെറ കൂട്ടുകാരൻ ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

''നീ അക്കാര്യം ആദ്യം പറയാതിരുന്നതെന്താ? നിൻെറ അലർച്ച കേട്ടപ്പോഴ്.... എന്താണ് കാര്യമെന്ന് എനിക്കു മനസ്സിലായില്ല,'' സ്വയം ന്യായീകരിക്കുന്ന മട്ടിൽ അവൻ വീണ്ടും പറഞ്ഞു.

''വേഗം വരൂ, നമുക്ക് ആ വഴി പോകാം,'' ഞാൻ പറഞ്ഞു. ''ആദ്യം കാണുന്ന ഗ്രാമത്തിൽ പോയി അന്വേഷിക്കാം. ഒരു പക്ഷേ അവർ ഇപ്പോഴും അവിടെ വിശ്രമിക്കുന്നുണ്ടാകും. വേഗം തീരുമാനിക്കു്.''

''ശരി, പോകാം,'' അവൻ സമ്മതിച്ചു. എങ്കിലും അവനു് അതിൽ അത്ര തൃപ്തിയില്ലെന്നു് എനിക്കു തോന്നി.

അവൻ ഒരു കൈകൊണ്ടു് കഴുത്തു തടവി. "ct.A.C.C." എന്ന അക്ഷരങ്ങൾ വീണ്ടും എൻെറ ദൃഷ്ടിയിൽപ്പെട്ടു.

''ആ അക്ഷരങ്ങളുടെ അർത്ഥമെന്താണ്?'' ഞാൻ ചോദിച്ചു.

''ഏതക്ഷരങ്ങൾ''? കോട്ടിൻെറ ഹുക്കു് ഇട്ടുകൊണ്ടു് പരിഭ്രമത്തോടെ അവൻ ചോദിച്ചു.

''കോളറിനടിയിൽ എഴുതിയിരിക്കുന്നതു്.''

''ആർക്കറിയാം! ഇതു് എൻെറ സൂട്ടല്ല. ഞാൻ മററൊരാളോടു് പണ്ടു് വാങ്ങിയതാണു്.''

''ഓഹോ.... ഇതു് മററൊരാളോടു് വാങ്ങിയതാണെന്നു് ഞാൻ വിശ്വസിക്കയില്ല,'' അവൻെറ അടുത്തു ചെന്നു നിന്നുകൊണ്ടു് ഞാൻ പറഞ്ഞു. ''ഇതു് നിനക്കു് നല്ല പാകമാണു്. ഒരിക്കൽ അമ്മ എനിക്കു് കമ്പോളത്തിൽനിന്നു് ഒരു ട്രൗസർ വാങ്ങി. എന്തൊക്കെ ചെയ്തിട്ടും അതു് എൻെറ അരയിൽ നിന്നു് ഊർന്നുവീണുകൊണ്ടിരുന്നു.''

ഗ്രാമത്തോടടുക്കാറായപ്പോൾ എൻെറ കൂട്ടുകാരൻ പല തവണ നിന്നു. ''ധൃതികൂട്ടണ്ട,'' അവൻ പറഞ്ഞു. ''സന്ധ്യയായിട്ടു് ചെല്ലുന്നതാ

ണ്ട് നല്ലത്. ചുവപ്പുസേനക്കാർ അവിടെ ഇല്ലെങ്കിൽ ആരുടേയും ശ്രദ്ധ യിൽപ്പെടാതെ നമുക്ക് സ്ഥലംവിടാം. വീടുകളുടെ പിറകിലുള്ള തോ പ്പുകളിലൂടെ നമുക്ക കടന്നുപോകാം. പരിചയമില്ലാത്ത സ്ഥലത്ത് ചെ ന്നുപെടുന്നത് ഇക്കാലത്ത് അപകടകരമാണ്.''

''സന്ധ്യയ്ക്കുശേഷം ഗ്രാമത്തിലെത്തുന്നതാണ നല്ലതെന്ന് ഞാനും സമ്മതിച്ചു. പക്ഷേ സ്വന്തം ആളുകളുമായി സന്ധിക്കാനുള്ള എന്റെ വ്യ ഗ്രതകൊണ്ട് ഞാൻ അറിയാതെതന്നെ നടപ്പിന്റെ വേഗത കൂട്ടിയെ ണ്ടിരുന്നു.

ഗ്രാമത്തിനു കുറേക്കൂടി അടുത്തെത്തിയപ്പോഠം വഴിയരികിൽ കുറ ച്ചെടികളും വള്ളിപ്പടർപ്പുകളുംകൊണ്ടു മൂടിയ ഒരു കുഴിക്കടുത്ത് എന്റെ കൂട്ടുകാരൻ നിന്നു. റോഡിൽനിന്നു വശത്തേക്ക് മാറിനിന്ന് ഭാവിപ രിപാടിയെപ്പറ്റി ആലോചിക്കാമെന്ന് അവൻ പറഞ്ഞു. ഞങ്ങഠം ചെ ടികഠംക്കിടയിൽ മറഞ്ഞിരുന്നു. അവൻ പറഞ്ഞു:

''നമ്മഠം രണ്ടുപേരും ഒരുമിച്ച് അപകടത്തിൽ തലയിടുന്നത് വി ഡ്ഢിത്തമാണ്. നമ്മളിൽ ഒരാഠം ഇവിടെ കാത്തിരിക്കണം, മറേറയാഠം വീടുകഠംക്ക പിന്നിലുള്ള തൊടികഠംവഴി ഗ്രാമത്തിൽ കടന്ന് കാര്യങ്ങഠം മനസ്സിലാക്കണം—ഇതാണ് എന്റെ അഭിപ്രായം. എനിക്ക് എന്തോ സംശയം തോന്നുന്നു. ഇവിടെ യാതൊരനക്കവുമില്ല. പട്ടികഠം കുരയ്ക്കുന്ന ശബ്ദംപോലുമില്ല. അവിടെ ചുവപ്പുസേനക്കാർക്ക പകരം തോക്കുകളു മായി നില്ക്കുന്ന നശിച്ച കുലാക്കുകളാണുള്ളതെന്നു വരാം.''

''നമുക്ക് ഒരുമിച്ച് പോകാം.''

''വിഡ്ഢിത്തം പറയാതെ,'' എന്റെ തോളിൽ വാത്സല്യപൂർ വ്വം തട്ടിക്കൊണ്ട് അവൻ പറഞ്ഞു. ''നീ ഇവിടെ ഇരിക്ക്. ഞാൻ ഒററയ്ക്കു പോയി നോക്കിയിട്ടു വരാം. നീ ആവശ്യമില്ലാതെ അപ കടത്തിൽ ചെന്നു ചാടണ്ട. ഞാൻ വരുന്നതുവരെ ഇവിടെ ഇരുന്നാൽ മതി.''

''നല്ല പയ്യൻ,'' അവൻ പൊയ്ക്കഴിഞ്ഞപ്പോഠം ഞാൻ വിചാരിച്ചു. ''എന്തോ ഒരു പന്തികേടുണ്ടെങ്കിലും ആഠം നല്ലവനാണ്. വേറെ ആരെ ങ്കിലുമായിരുന്നെങ്കിൽ അപകടകരമായ പണി എന്റെ തലയിൽ വെ യ്ക്കാൻ ശ്രമിച്ചേനെ. അതുമല്ലെങ്കിൽ നറുക്കിട്ടു നിശ്ചയിക്കാമെന്നു പറ ഞ്ഞേനെ. ഇവൻ അതു സ്വമേധയാ ഏറെറടുത്തു.''

അവൻ ഒരു മണിക്കൂറിനുള്ളിൽ തിരിച്ചെത്തി—ഞാൻ വിചാരിച്ചതിലും വളരെ നേരത്തേയായിരുന്നു അതു്. നല്ല വണ്ണവും ഘനവുമുള്ള ഒരു കുറുവടി അവൻെറ കയ്യിലുണ്ടായിരുന്നു. അവൻ അതു് അപ്പോഠം മരച്ചില്ലി തൊലിയുരിച്ചെടുത്തതായിരിക്കണം. ''ഇത്രവേഗം തിരിച്ചുവന്നോ!'' ഞാൻ വിളിച്ചു ചോദിച്ചു. ''എങ്ങിനെയുണ്ടു്?''

''ആരുമില്ല,'' അവൻ തലകുലുക്കിക്കൊണ്ടു് ദൂരെനിന്നുതന്നെ പറഞ്ഞു. ''അവർ ഇവിടെ വന്നതിൻെറ യാതൊരു ലക്ഷണവുമില്ല. പുവപ്പുറേസനക്കാർ വേറെ വഴിയായിരിക്കും പോയതു്. അവർ ഇവിടെ അടുത്തുള്ള സുഗ്ഗീൻകിയിലേക്കു് പോയിക്കാണും.''

''തീർച്ചയാണോ?'' ഞാൻ നിരാശയോടെ ചോദിച്ചു. ''അവിടെ ആരുമില്ലേ?''

''ഒരു ജീവിയുമില്ല. ഗ്രാമത്തിൻെറ അതിരിലുള്ള കുടിലുകളിൽ ഒന്നിൽ ഉണ്ടായിരുന്ന വൃദ്ധയും തൊടിയിലൂടെ പതുങ്ങി നടക്കമ്പോഠം കണ്ടുമുട്ടിയ ഒരു ബാലനും അക്കാര്യം ഉറപ്പിച്ചു പറഞ്ഞു. ഇന്നു രാത്രി നമുക്കു് ഇവിടെ കഴിയേണ്ടിവരുമെന്നാണു തോന്നുന്നതു്. രാവിലെ അവരെ അന്വേഷിച്ചുപോകാം.''

ഞാൻ പുല്ലിൽ കിടന്നു് ആലോചന തുടങ്ങി. എൻെറ സ്നേഹിതൻ പറഞ്ഞതു് സത്യമല്ല എന്ന തോന്നൽ എനിക്കുണ്ടായി. അവൻെറ കയ്യിലെ വടിയും എന്നെ അലട്ടി. അററത്തു് ഒരു മൊട്ടോടുകൂടിയ ഘനമുള്ള ഒരു ഓക്കുമരക്കമ്പായിരുന്നു അതു്. അവൻ അപ്പോഠം മുറിച്ചെടുത്തതാണു് അതെന്നു സ്പഷ്ടം. ഇവിടുന്നു ഗ്രാമത്തിലെത്താൻ കുറഞ്ഞതു് ഒരു മണിക്കൂറെങ്കിലും വേണം. പാത്തും പതുങ്ങിയും, ആളുകളോടു കാര്യങ്ങഠം അന്വേഷിച്ചു മനസ്സിലാക്കിയും പോകണമെങ്കിൽ തീർച്ചയായും രണ്ടുമണിക്കൂറെടുക്കും. അവൻ കഷ്ടിച്ചു് ഒരു മണിക്കൂറിനുള്ളിൽ പോയിവന്നു. അതിനിടെ ഒരു ഓക്കുകമ്പു മുറിച്ചു് ചെത്തിമിനുക്കിയെടുക്കുകയും ചെയ്തിരിക്കുന്നു. അതു് പേനാക്കത്തികൊണ്ടു് ചെത്തിമിനുക്കാൻതന്നെ കുറഞ്ഞതു് അരമണിക്കൂറെങ്കിലും വേണം. അവിടെ പോയി അന്വേഷിക്കാൻ ധൈര്യമില്ലാതെ കുററിക്കാട്ടിൽ ഒളിച്ചിരുന്നിട്ടു് തിരിച്ചുവന്നതാണോ അവൻ? ഇല്ല, അതാവാൻ വഴിയില്ല. താൻ പോയി അന്വേഷിച്ചുവെന്നു് അവൻ ഇങ്ങോട്ടുകയറി പറഞ്ഞതാണു്. പോരെങ്കിൽ അവൻ ഒരു ഭീരുവാണെന്നു തോന്നുന്നുമില്ല. ആരായാലും പേടിച്ചുപോകു

110

മെന്നതു ശരിതന്നെ. പക്ഷേ അവനും സ്വയം രക്ഷപ്പെടാൻ ഒരു മാർഗ്ഗം കണ്ടുപിടിക്കാതെ ഗത്യന്തരമില്ലല്ലൊ.

ഞങ്ങൾ കുറെ കരിയില തട്ടുത്തുകൂട്ടി അതിന്റെ മുകളിൽ തൊട്ടു തൊട്ടു കിടന്നു് എന്റെ കോട്ടുകൊണ്ടു് പുതച്ചു. ഏകദേശം അരമണിക്കൂർ കഴിഞ്ഞു. ഈർപ്പമുള്ള മണ്ണിന്റെ തണുപ്പു് അടിയിൽനിന്നും എന്നെ ശല്യപ്പെടുത്തിത്തുടങ്ങി. ''കുറെ കരിയിലകൂടി അടിയിലിടണം,'' എന്നു വിചാരിച്ചു് ഞാൻ എണീററു.

''എന്താണു്?'' ഉറക്കച്ചടവോടെ സ്നേഹിതൻ ചോദിച്ചു. ''നീ ഉറങ്ങാത്തതെന്തു്?''

''ഈർപ്പമുണ്ടു്. ഞാൻ കുറെ കരിയിലകൂടി വാരിയിടാം.''

അടുത്തുള്ള കരിയിലമുഴുവൻ ഞങ്ങൾ നേരത്തെ വാരിയെടുത്തിരുന്നതുകൊണ്ടു് ഞാൻ റോഡരികിലുള്ള ചെടികളുടെ അടുത്തേക്കു നടന്നു. ചന്ദ്രൻ ഉദിച്ചു വരുന്നതേയുള്ളു. ഇരുട്ടുകൊണ്ടു് ഒന്നും വ്യക്തമായി കാണാൻ കഴിഞ്ഞില്ല. മരക്കൊമ്പുകളും ചില്ലകളും മാർഗ്ഗതടസ്സമുണ്ടാക്കിക്കൊണ്ടിരുന്നു. റോഡിൽനിന്നു് ആരുടേയോ അവ്യക്തമായ കാൽപ്പെരുമാററം കേട്ടു. ആരോ നടന്നുപോകുകയോ കുതിരപ്പുറത്തു സാവധാനം സവാരിചെയ്യുകയോ ആണു്. ഇലകൾ താഴെയിട്ടിട്ടു്, ഉണങ്ങിയ ചുള്ളികളിൽ ചവിട്ടി ശബ്ദമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടു് ഞാൻ മെല്ലെ റോഡിനടുത്തേക്കു നടന്നു.

കൃഷിക്കാർ സാധാരണ ഉപയോഗിക്കുന്നതരം ഒരു വണ്ടി നനഞ്ഞ മണ്ണിലൂടെ ശബ്ദമുണ്ടാക്കാതെ സാവധാനം ഉരുണ്ടുപൊയ്ക്കൊണ്ടിരുന്നു. രണ്ടുപേർ പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കുന്നതു കേട്ടു.

''പലതും ആലോചിച്ചു നോക്കുമ്പോൾ അയാൾ പറഞ്ഞതു ശരിയാണെന്നു് എനിക്കു തോന്നുന്നു,'' ഒരുവൻ പറഞ്ഞു.

''കമാണ്ടർ പറഞ്ഞതോ?'' അപരൻ ചോദിച്ചു. ''അതു ശരിയാണെന്നു ഞാനും സമ്മതിക്കാം. പക്ഷേ അവർ ഇവിടെ തങ്ങാത്തതാണു് കുഴപ്പം. ഇന്നു് അവർ ഇവിടെ വന്നു് നമ്മോടു് ഇതെല്ലാം പറഞ്ഞിട്ടു് നാളെ സ്ഥലം വിടും. അപ്പോൾ യജമാനന്മാർ തിരിച്ചുവന്നു് നമ്മോടു ചോദിക്കും: 'ഇതാണു് നിങ്ങളുടെ പണി, അല്ലേ? കലാക്കകളോടു കളിക്കുകയാണോ? എല്ലാററിനേയും ശരിയാക്കിക്കളയും.' ചുവപ്പന്മാർക്കു കുഴപ്പമൊന്നുമില്ല. അവർ കുറച്ചു സമയം ഇവിടെ പാർത്തു.

ഇന്നു് അവർ വണ്ടി വിടുകയാണു്, കലാക്കകോം എന്നും ഇവിടെത്തന്നെ കാണുകയും ചെയ്യും. അതാണു കഴപ്പം!''

''വണ്ടിവിടുകയാണെന്നോ?''

''അതെ, ഫ്യോദർ. അവരുടെ ഒരു പട്ടാളക്കാരൻ എന്നു് വൈകിട്ടു് ഞങ്ങളെ വിളിച്ചു പറഞ്ഞു, പന്ത്രണ്ടുമണിയാകുമ്പോഴേക്കും ഒരു വണ്ടി തയ്യാറാക്കി നിർത്തണമെന്നു്.''

ശബ്ദങ്ങൾ കടന്നുപോയി. എന്തു ചെയ്യണമെന്നറിയാതെ ഞാൻ അവിടെ നിന്നു. ചുവപ്പുസേനക്കാർ ആ ഗ്രാമത്തിലെത്തിയിട്ടുണ്ടെന്നു് തെളിഞ്ഞു. എന്റെ കൂട്ടുകാരൻ എന്നെ കബളിപ്പിക്കയായിരുന്നു. ചുവപ്പുസേനക്കാർ ഇന്നുതന്നെ അവിടെനിന്നു പോകും. പിന്നെ അവരെ കണ്ടുപിടിക്കുക എളുപ്പമല്ല. വേഗം പുറപ്പെടണം. പക്ഷേ അവൻ എന്നോടു് നുണപറഞ്ഞതെന്തിനാണു്?

ഒററയ്ക്കു് റോഡിലിറങ്ങി ഓടി ഗ്രാമത്തിലെത്താനാണു് എനിക്കു് ആദ്യം തോന്നിയതു്. എന്നാൽ എന്റെ കോട്ടു് ഞങ്ങൾ കിടന്നിരുന്നിടത്തു് ഇരിക്കയാണെന്നു് ഞാൻ ഓർത്തു. ''അങ്ങോട്ടു തിരിച്ചു പോകണം. സമയമുണ്ടു്. അവൻ ഒരു ഭീരുവാണെങ്കിലും നമ്മുടെ പക്ഷക്കാരനായതുകൊണ്ടു് അവനേയും വിവരം അറിയിക്കണം.''

കാടനങ്ങുന്ന ശബ്ദംകേട്ടു് ഞാൻ തിരിഞ്ഞുനോക്കി. എന്റെ കൂട്ടുകാരൻ കുററിച്ചെടികൾക്കിടയിൽനിന്നു് ഇറങ്ങിവരുന്നതു് ഞാൻ കണ്ടു. അവൻ എന്നെ പിൻതുടർന്നിരുന്നുവെന്നും കൃഷിക്കാരുടെ സംഭാഷണം ഒളിച്ചിരുന്നു് അവനും കേട്ടിരുന്നുവെന്നും സ്പഷ്ടം.

''എങ്കിലും നീ—''ഞാൻ അവനെ കുററപ്പെടുത്തുന്നമട്ടിൽ പറഞ്ഞു തുടങ്ങി.

''വേഗം വരൂ!'' അതിനു മറുപടിയായി അവൻ ഉദ്വേഗത്തോടെ പറഞ്ഞു.

ഞാൻ റോഡിലേക്കിറങ്ങി. എന്റെ പിന്നാലെ അവനും.

കുറുവടികൊണ്ടുള്ള കനത്ത ഒരടിയേററു് ഞാൻ നിലംപതിച്ചു. എന്റെ രോമത്തൊപ്പി അടിയുടെ ആഘാതം തെല്ലൊന്നു് ലഘൂകരിച്ചെങ്കിലും എന്റെ തലകറങ്ങി. എന്റെ പോക്കററിൽനിന്നു വലിച്ചെടുത്ത കടലാസുകൾ നിലാവെളിച്ചത്തിൽ വായിച്ചുനോക്കിക്കൊണ്ടു് അവൻ അരുകലെ കുത്തിയിരിക്കുന്നതാണു് ഞാൻ കണ്ണുതുറന്നപ്പോൾ കണ്ടതു്.

''അതായിരുന്നു അവന്റെ ഉദ്ദേശം,'' എനിക്കു കാര്യം മനസ്സിലാ യി. ''അവൻ ഭീരുവായിട്ടല്ല. ചുവപ്പുസേനക്കാർ ഗ്രാമത്തിലുണ്ടെന്ന്'' അവനറിയാമായിരുന്നു. ഈ രാത്രി ഒരുമിച്ചു കഴിച്ചിട്ട് എന്റെ കടലാ സുകരം തട്ടിയെടുക്കണമെന്ന ഉദ്ദേശത്തോടെ അവൻ അക്കാര്യം മനഃപൂർ വ്വം മറച്ചുവച്ചതാണ്. അവൻ ഒരു കലാപകാരിപോലുമല്ല, കാരണം അവന് കലാകകളെ ഭയമാണ്. അവൻ ഒരു യഥാർത്ഥ വൈററ്ഗാർ ഡ് പക്ഷക്കാരനാണ്.''

കുററിക്കാട്ടിലേക്ക് ഇഴഞ്ഞുപോകാൻ ഞാൻ ഒരു ശ്രമം നടത്തി. അവൻ അതു കണ്ടു. അവൻ എന്റെ കടലാസുകരം തന്റെ തുകൽസഞ്ചി യിലേക്ക് ഇട്ടിട്ട് എന്റെ അടുത്തെത്തി.

''ചത്തില്ലേ?'' അവൻ വിദ്വേഷത്തോടെ ചോദിച്ചു. ''നിനക്ക് സഖാവിനെ കിട്ടിയെന്നു വിചാരിച്ചു, അല്ലേടാ തെണ്ടീ? ഞാൻ ദോണ് പ്രദേശത്തേക്ക് ഓടിപ്പോവുകയാണ്, പക്ഷേ നിന്റെ ആ ശപിക്കപ്പെ ട്ട സിവേർസിന്റെ അടുത്തേക്കല്ല. ജനറൽ ക്രസ്നോവിന്റെ അടുത്തേ ക്കാണ്.''

ഞാൻ കിടന്നതിനു രണ്ടു ചുവടകലെ നിന്ന് അവൻ വടിചുഴററി.

എന്റെ ഹൃദയം ഉറക്കെ മിടിച്ചു. നല്ല ഉറപ്പും കട്ടിയുമുള്ള എന്തി ലോ അതു ചെന്ന് മുട്ടിക്കൊണ്ടിരുന്നു. ഞാൻ ഒരു വശംതിരിഞ്ഞു് വ ലതുകൈ നെഞ്ചിൽ വച്ച് കിടക്കുകയായിരുന്നു. അറിയാതെ തന്നെ എന്റെ വിരലുകരം മെല്ലെ ജാക്കററിനുള്ളിലെ രഹസ്യ അറയിലേക്ക് ഇഴഞ്ഞുചെന്നു.

അവൻ അതു കണ്ടിരുന്നെങ്കിൽത്തന്നെ പ്രത്യേക പ്രാധാന്യമൊന്നും കൽപ്പിക്കയില്ലായിരുന്നു—കാരണം അവിടെ കൈത്തോക്കുണ്ടെന്ന കാ ര്യം അവനറിഞ്ഞിരുന്നില്ല. ഞാൻ കൈത്തോക്കിന്റെ ചൂടുള്ള പിടി യിൽ പിടിച്ച് മെല്ലെ സേഫ്ററി ക്യാച്ച് അയച്ചു. അതിനിടെ എ ന്റെ ശത്രു ഒന്നുരണ്ടു ചുവടുകൂടി പിന്നിലേക്കു മാറിനിന്നു. എന്നെ ശരി ക്കു കാണാൻവേണ്ടിയാണോ അതോ കൂടുതൽ ആയം കിട്ടാൻ വേണ്ടി യാണോ അവൻ അങ്ങിനെ ചെയ്തതെന്ന് നിശ്ചയമില്ല. ഏതായാലും വിറയ്ക്കുന്ന ചുണ്ടുകരം കടിച്ചുപിടിക്കുകയും മരവിച്ച കൈ നിവർത്തുകയും ചെയ്തുകൊണ്ട് ഞാൻ അവന്റെ നേരെ തോക്കു ചൂണ്ടി.

അവന്റെ മുഖം ഭയംകൊണ്ട് വികൃതമായി. അവൻ ആക്രോശിച്ചു

[illegible]ന്നു് എന്റെ മേത്തേക്കു അലച്ചുവീഴാൻ ഭാവിച്ചു. എന്റെ വിരലുകൾ യാന്ത്രികമായി കാഞ്ചിവലിച്ചു....

അവൻ എന്റെയടുത്തുനിന്നു് രണ്ടടി അകലെ വീണു. അവന്റെ ചുരുട്ടിപ്പിടിച്ച മുഷ്ടികൾ എന്റെ നേരെ ചൂണ്ടിയിരുന്നു. കുറുവടി അടുത്തുതന്നെ കിടപ്പുണ്ടു്.

''ഞാൻ അവനെ കൊന്നു,'' അർദ്ധബോധാവസ്ഥയിൽ ഞാൻ ഓർത്തു. എന്റെ തല വീണ്ടും പുല്ലിൽ സ്പർശിച്ചു.

ഞാൻ വളരെനേരം അവിടെ മോഹാലസ്യപ്പെട്ടുകിടന്നു. ചൂടു കുറഞ്ഞു. എന്റെ മുഖത്തെ ചോരയോട്ടം നിലച്ചു. പെട്ടെന്നു് എനിക്കു് ത[illegible] തോന്നി. എന്റെ പല്ലുകൾ കിടുകിടുത്തു. ഞാൻ എണീററിരുന്നു. എന്റെ നേരെ നീട്ടിപ്പിടിച്ച കൈകളിലേക്കു ഞാൻ നോക്കി. അതു [illegible]രമായിരുന്നു. ഇതു് യഥാർത്ഥമാണു്! ഇതുവരെ എന്റെ ജീവിത[illegible]ൽ നടന്നതെല്ലാം വെറും കുട്ടിക്കളിയായിരുന്നു. വീടുവിട്ടു പോന്ന[illegible], സോർമൊവൊയിലെ തൊഴിലാളികളോടൊപ്പം ഒന്നാന്തരമായി യു[illegible]കൾ അഭ്യസിച്ചതും, ഇന്നലെ കാട്ടിൽ അലഞ്ഞുതിരിഞ്ഞതും എ[illegible]ാം എല്ലാം. താൻ കൊന്ന ഒരു മനുഷ്യന്റെ ശവശരീരത്തിനടുത്തു് കൊ[illegible]ാട്ടിൽ ഒററയ്ക്കിരിക്കുന്ന പതിന്നാലുകാരനായ എന്നെ ഭയം പിടികൂ[illegible]ി.

[illegible]പേടിയിൽനിന്നുണ്ടായ ധൈര്യത്തോടെ ഞാൻ എണീററു് ശബ്ദം [illegible]കേൾപ്പിക്കാതെ ശവശരീരത്തിനടുത്തു ചെന്നു് എന്റെ കടലാസുകളട[illegible]ിയ തുകൽസഞ്ചി കയ്യിലാക്കി. നിലത്തു കിടന്ന ശവശരീരത്തിൽ നി[illegible]ന്നു് കണ്ണെടുക്കാതെ ഞാൻ കുററിക്കാട്ടിനടുത്തേക്കു് പിൻവാങ്ങി. പി[illegible]ീടു് തിരിഞ്ഞു കുററിച്ചെടികൾക്കിടയിലൂടെ ഓടി നേരെ റോഡി[illegible]ത്തി. മനുഷ്യവാസമുള്ള ആ ഗ്രാമത്തിലെത്തുക എന്നതു മാത്രമായി[illegible]ന്നു എന്റെ ലക്ഷ്യം. ആ കാട്ടിൽ ഒററയ്ക്കിരിക്കുന്നതിനേക്കാൾ ഭേദമാണു് മറെറന്തും എന്നു് എനിക്കു തോന്നി.

അദ്ധ്യായം മൂന്നു്

ആദ്യത്തെ കുടിലിനടുത്തെത്തിയപ്പോഠം ആരോ വിളിച്ചു ചോദിച്ചു:

''ചെകുത്താൻ കയറിയതുപോലെ എങ്ങോട്ടാണു് ഓടുന്നതു്? ഹേ! മരത്തലയാ, നിൽക്കവിടെ!''

കുടിലിന്റെ നിഴലിൽനിന്നു് തോക്കു പിടിച്ചു ഒരു മനുഷ്യൻ എന്റെ അടുത്തേക്കു നടന്നുവന്നു.

''എങ്ങോട്ടാണു് ഓടിപ്പോകുന്നതു്? എവിടുന്നു വരുന്നു?'' എന്നെ നിലാവിനു നേരെ തിരിച്ചു നിർത്തിക്കൊണ്ടു് പാറാവുകാരൻ ചോദിച്ചു.

''നിങ്ങളുടെ അടുത്തേക്കു വന്നതാണു്. നിങ്ങഠം സഖാക്കളാണു്, നിങ്ങഠം...''

''ഞങ്ങഠം സഖാക്കാളാണെന്നുള്ളതു ശരിതന്നെ,'' അയാഠം ഇടയ്ക്കു കയറി പറഞ്ഞു. ''പക്ഷേ നീ ആരാണു്?''

''ഞാനും സഖാവാണു്—''ഞാൻ വിക്കിവിക്കി പറഞ്ഞു. തുടർന്നു സംസാരിക്കാനാവാതെ ഞാൻ എന്റെ തുകൽസഞ്ചി അയാളുടെ നേരെ നീട്ടി.

''നീയും സഖാവാണെന്നോ?'' സംശയം വിട്ടുമാറിയില്ലെങ്കിലും അല്പം കൂടി മയത്തിൽ അയാഠം ചോദിച്ചു. ''അങ്ങിനെയാണെങ്കിൽ നമുക്കു് കമാണ്ടറുടെ അടുത്തേക്കു പോകാം.''

നേരം വളരെ ഇരുട്ടിയിരുന്നെങ്കിലും ഗ്രാമത്തിൽ ആരും ഉറങ്ങിയിരുന്നില്ല. കുതിരകഠം ചിനച്ചുകൊണ്ടിരുന്നു. വണ്ടികഠംക്കു കടന്നുപോവാനായി ഗയിററുകഠം കിരുകിരശബ്ദത്തോടെ തുറക്കപ്പെടുന്നുണ്ടു്. അടുത്തെവിടെയോനിന്നു് ഒരാഠം വിളിച്ചു:

''ദൊക്കുകിൻ! ദൊക്കുകിൻ! അയാറം എവിടെ പോയിരിക്കയാണു്?''

''വാസ്സ്യാ, താൻ എന്തിനാണു് കിടന്നു് അലറുന്നതു്?'' വിളിച്ചു കൂവിയ ആളുടെ അടുത്തെത്തിയപ്പോറം എന്നെ കൂട്ടിക്കൊണ്ടുപോയ പാറാവുകാരൻ ചോദിച്ചു.

''ഞാൻ മീഷ്കയെ തിരക്കുകയാണു്,'' അയാറം ദേഷ്യത്തോടെ മറുപടിപറഞ്ഞു. ''ഞങ്ങറംക്കു രണ്ടുപേർക്കുമുള്ള പഞ്ചസാര അയാളെ ഏല്പിച്ചിരുന്നു. അയാറം പാറാവുകാരോടൊപ്പം നേരത്തെ പോവുകയാണെന്നു് പറയുന്നതു കേട്ടു.''

''അയാറം അതു നാളെ തരും.''

''തരും, തരും! അയാറം അതു മുഴുവൻ രാവിലത്തെ ചായയോടൊപ്പം അകത്താക്കും. ഒരു മധുരക്കൊതിയനാണു് അയാറം.''

ആ സമയത്തു് അയാറം എന്നെ കണ്ടു. ഉടൻതന്നെ അയാറം സ്വരം മാററി ജിജ്ഞാസയോടെ ചോദിച്ചു:

''ചുബുക്കു്, ആരെയാണു് പിടിച്ചതു്? ഹെഡ്ഡ് ക്വാർട്ടേഴ്സിലേക്കു കൊണ്ടുപോവുകയാണോ? വേഗം ചെല്ലു്. അവർ ഇവനെ നേരെയാക്കിക്കൊള്ളും. എടാ പന്നീ,'' അയാറം പെട്ടെന്നു് എന്നെ നോക്കി പ്രാകുകയും തോക്കിൻെറ പാത്തികൊണ്ടു് എന്നെ കുത്താൻ ഓങ്ങുകയും ചെയ്തു.

എന്നാൽ എന്നെ കൊണ്ടുപോയ പാറാവുകാരൻ അയാളെ തള്ളിമാററിക്കൊണ്ടു് മുരണ്ടു:

''താൻ തൻെറ പാടുനോക്കു്. ഇതിൽ തലയിടേണ്ട. ഒരു മനുഷ്യൻ ആരാണെന്നോ ഏതാണെന്നോ അറിയുന്നതിനുമുമ്പു് പട്ടിയെപ്പോലെ ചാടിക്കടിക്കാൻ ചെല്ലരുതു്!''

ഒരു വശത്തുനിന്നു് ലോഹം കൂട്ടി മുട്ടുന്ന''കിണിം, കിണിം'' ശബ്ദംകേട്ടു. സവാരിക്കുള്ള വേഷവും തിളങ്ങുന്ന കുറുവാളും തടികൊണ്ടുള്ള ഉറയിലിട്ട കൈത്തോക്കും, തോളിൽ തൂക്കിയിട്ട ചാട്ടയുമായി ഒരു മനുഷ്യൻ ഒരു കുതിരയെ ഗയിററിനു പുറത്തേക്കു കൊണ്ടുവന്നു.

അയാളുടെ വശത്തായി ഒരു കാഹളമൂത്തുകാരൻ നടന്നു വന്നു.

കുതിരയെ നടത്തികൊണ്ടുവന്ന മനുഷ്യൻ കുതിരപ്പുറത്തു കയറാനായി ഒരു കാൽ ജീനിപ്പടിയിൽ വച്ചു.

''ത... ത... റ... ത... ത്ത....''

ബ്യൂഗിറം ഇമ്പമുള്ള ശബ്ദത്തിൽ പാടി.

''ഷെബാലൊവ്,'' എന്നെ കൂട്ടിക്കൊണ്ടുപോയ മനുഷ്യൻ വിളിച്ചു. ''നിങ്ങളുടെ അടുത്തേക്കു് ഞാൻ ഒരാളെ കൂട്ടിക്കൊണ്ടു വന്നിട്ടുണ്ടു്.''

''ഒരാളോ?'' ജീനിപ്പടിയിൽ നിന്നു് കാൽമാററാതെ അദ്ദേഹം ചോദിച്ചു.

''ആരാണു്?''

''നമ്മുടെ ആളാണെന്നാണു് അയാറം പറഞ്ഞതു്. അയാളുടെ പക്കൽ രേഖകളുണ്ടു്.''

''എനിക്കു് ഇപ്പോറം സമയമില്ല'', ജീനിയിലേക്കു ചാടിക്കയറിക്കൊണ്ടു് കമാണ്ടർ പറഞ്ഞു. ''ചുബുക്കൊ്, നിങ്ങറം അക്ഷരാഭ്യാസമുള്ള ഒരാളാണല്ലോ. നിങ്ങറംതന്നെ അയാളുടെ കടലാസുകറം പരിശോധിച്ചു നോക്കു. അയാറം നമ്മുടെ സുഹൃത്താണെങ്കിൽ അയാളെ പാട്ടിനു വിട്ടേക്കു.''

''ഞാൻ എങ്ങും പോകുകയില്ല'', വീണ്ടും ഒററയായിപ്പോകും എന്നു് ഭയന്നു് ഞാൻ പറഞ്ഞു. ''രണ്ടുദിവസമായി ഞാൻ കാട്ടിൽ അലഞ്ഞുതിരിഞ്ഞു നടക്കുകയാണു്. ഞാൻ നിങ്ങളോടൊപ്പം താമസിക്കാൻ വന്നതാണു്.''

''ഞങ്ങളോടൊപ്പമോ?'' കമാണ്ടർ ചോദിച്ചു. ''ഞങ്ങറംക്കു് ആവശ്യമില്ലെങ്കിലോ?''

''ആവശ്യമുണ്ടാകും'', ഞാൻ വാശിയോടെ പറഞ്ഞു. ''ഒററയ്ക്കു് ഞാൻ എന്തു ചെയ്യും?''

''അതു ശരിയാണു്. അയാറം വാസ്തവത്തിൽ നമ്മുടെ ആളാണെങ്കിൽ ഒററയ്ക്കു് അയാറം എന്തുചെയ്യും?'' എന്നെ കൊണ്ടുചെന്ന മനുഷ്യൻ പറഞ്ഞു. ''ഒററയ്ക്കു നടക്കാൻ കൊള്ളാവുന്ന ഒരിടമല്ല ഇപ്പോറം ഇവിടം. ഷെബാലൊവ്, വെറുതെ സമയം കളയാതെ കാര്യത്തിലേക്കു കടക്കു. ഇയാളെ വെറുതെ നിർത്തി താമസിപ്പിക്കുന്നതെന്തിനാണു്? അയാറം നുണ പറയുകയാണെങ്കിൽ കാര്യം വേറെ. പക്ഷേ അയാറം പറയുന്നതു സത്യമാണെങ്കിൽ അയാളെ കൂടുതൽ ക്ലേശിപ്പിക്കുന്നതു് കഷ്ടമാണു്. കുതിരപ്പുറത്തുനിന്നു് താഴെയിറങ്ങു. നിങ്ങറംക്കു് ധാരാളം സമയമുണ്ടു്.''

''ചുബുക്ക്!'' കമാണ്ടർ പരുഷമായി വിളിച്ചു. ''ഇങ്ങനെയാണോ മേലധികാരികളോടു സംസാരിക്കേണ്ടതു്? ഇവിടെ കമാണ്ടർ ഞാനാണു്, അല്ലേ?''

''അതെ, അതൊരു സത്യമാണു്!'' ചുബുക്ക് അക്ഷോഭ്യനായി പറഞ്ഞു.

''അങ്ങനെയാണെങ്കിൽ ഞാൻ നിങ്ങൾ പറയാതെതന്നെ താഴെയിറങ്ങിക്കൊള്ളാം.''

കുതിരപ്പുറത്തുനിന്നു് ചാടിയിറങ്ങി കടിഞ്ഞാൺ അടുത്തുള്ള വേലിയുടെ മുകളിലേയ്ക്കിട്ടിട്ടു് അദ്ദേഹം വാൾ കിലുക്കിക്കൊണ്ടു് കുടിലിലേക്കു് നടന്നു.

കുടിലിനുള്ളിൽ കത്തിക്കൊണ്ടിരുന്ന തിരിയുടെ മങ്ങിയ വെളിച്ചത്തിലാണു് ഞാൻ കമാണ്ടറെ ശരിക്കു കണ്ടതു്. അദ്ദേഹത്തിനു് മീശയോ ദീക്ഷയോ ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ ശോഷിച്ച നീണ്ട മുഖം പരുപരുത്തതായിരുന്നു. മുഖത്തിനു് ഗൗരവം വരുത്താൻവേണ്ടി വെളുത്ത നിറമുള്ള കനത്ത ക്ലട്ടപുരികങ്ങൾക്കടിയിലുള്ള ഔദാര്യം സ്ഫുരിക്കുന്ന കണ്ണുകൾ അദ്ദേഹം മനഃപ്പൂർവ്വം ഇറുക്കിപ്പിടിച്ചിരിക്കയാണെന്നു് എനിക്കു തോന്നി.

എന്റെ രേഖകൾ വായിച്ചുനോക്കാൻ അദ്ദേഹം വളരെ സമയം എടുത്തതുകൊണ്ടും ആ സമയമെല്ലാം അദ്ദേഹത്തിന്റെ ചുണ്ടുകൾ അനങ്ങിക്കൊണ്ടിരുന്നതുകൊണ്ടും ഒരു കാര്യം എനിക്കു മനസ്സിലായി—അദ്ദേഹത്തിനു് വിദ്യാഭ്യാസം കുറവാണു്. വായിച്ചുകഴിഞ്ഞു് കടലാസ്സു് ചുബുക്കിനെ ഏല്പിച്ചിട്ടു് സംശയത്തോടെ അദ്ദേഹം പറഞ്ഞു:

''ഇതു് ഒരു വ്യാജരേഖയല്ലെങ്കിൽ ശരിയായിട്ടുള്ളതാണു്. നിങ്ങൾക്കു് എന്തുതോന്നുന്നു, ചുബുക്ക്?''

''അതെ!'' പൈപ്പിൽ പുകയില നിറച്ചുകൊണ്ടിരുന്ന ചുബുക്ക് ശാന്തനായി പറഞ്ഞു.

''ശരി, നീ എന്താണു് ഇവിടെ ചെയ്യുന്നതു്?'' കമാണ്ടർ എന്നോടു ചോദിച്ചു.

ഉദ്വേഗഭരിതനായി ഞാൻ എന്റെ കഥ മുഴുവൻ പറഞ്ഞു. അവർ അതു വിശ്വസിക്കയില്ലെന്നാണു് ഞാൻ വിചാരിച്ചതു്. എന്നാൽ ഞാൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ കമാണ്ടറുടെ ഇറുക്കിപ്പിടിച്ചിരുന്ന കണ്ണു

കരം അയയുന്നതു് ഞാൻ കണ്ടു. അദ്ദേഹം ചുബുക്കിന്റെ നേരെ തിരിഞ്ഞു് പ്രസന്നമായ ശബ്ദത്തിൽ പറഞ്ഞു:

''ഈ പയ്യൻ പറയുന്നതു നുണയല്ലെങ്കിൽ സത്യമാണു്. നിങ്ങൾ എന്തു പറയുന്നു ചുബുക്ക്?''

''അതെ,'' ചുബുക്ക് പൈപ്പു് ബൂട്ടിനടിയിൽ തട്ടി ചാരം കളഞ്ഞുകൊണ്ടു് നിർവ്വികാരനായി പറഞ്ഞു.

''ഇവനെ നമ്മൾ എന്തുചെയ്യും?''

''നമുക്കു് ഇവനെ ഒന്നാം നമ്പർ കമ്പനിയിൽ ചേർക്കാം. കൊല്ലപ്പെട്ട പാഷ്കയുടെ തോക്കു് സൂഹരെവു് ഇവനു കൊടുക്കട്ടെ'', ചുബുക്ക് നിർദ്ദേശിച്ചു.

കമാണ്ടർ മേശപ്പുറത്തു് താളം പിടിച്ചുകൊണ്ടു് അതേപ്പററി ആലോചിച്ചു.

''ശരി. ചുബുക്ക്, ഇവനെ കമ്പനി ഒന്നിൽ കൊണ്ടാക്കിയിട്ടു് പാഷ്കയുടെ തോക്കു് ഇവനു കൊടുക്കാൻ സൂഹരെവിനോടു പറയൂ. അവനു് കുറെ വെടിത്തിരയും കൊടുക്കണം—പതിവുള്ള വിഹിതം. സൂഹരെവു് ഈ പയ്യനെ നമ്മുടെ വിപ്ലവസേനാവിഭാഗത്തിൽ ചേർക്കട്ടെ.''

വീണ്ടും കമാണ്ടറുടെ വാളും കുതിമുള്ളുകളും കൈത്തോക്കും കിലുങ്ങി. അദ്ദേഹം വാതിൽ തള്ളിത്തുറന്നു് തന്റെ കുതിരയുടെ അടുത്തേക്കു നടന്നു.

''വരൂ,'' എന്നുപറഞ്ഞുകൊണ്ടു് ചുബുക്ക് എന്റെ പുറത്തു് വാത്സല്യപൂർവ്വം തട്ടി.

പിന്നേയും ബ്യൂഗിളിന്റെ മൃദുലവും ഉല്ലാസകരവുമായ ഗാനം മുഴങ്ങി. കുതിരകൾ കൂടുതൽ ഉറക്കെ മുക്രയിട്ടു. വണ്ടികളുടെ ഞരക്കം വർദ്ധിച്ചു. ഞാൻ പരമസന്തുഷ്ടനായി പുഞ്ചിരിതൂകിക്കൊണ്ടു് എന്റെ പുതിയ സഖാക്കളുടെ അടുത്തേക്കു നടന്നു. ആ രാത്രി മുഴവൻ ഞങ്ങൾ യാത്രചെയ്തു. രാവിലെ വഴിക്കുള്ള ഒരു സ്റ്റേഷനിൽനിന്നു് ഞങ്ങൾ തീവണ്ടിയിൽ കയറി. വൈകുന്നേരമായപ്പോൾ ഒരു തല്ലിപ്പൊളി എൻജിൻ ഞങ്ങളുടെ വണ്ടിയിൽ ഘടിപ്പിക്കപ്പെട്ടു. ദോൺബാസു് പിടിച്ചടക്കിയിരുന്ന ജർമ്മൻകാരോടും, ഗയ്ദാമക്കുകളോടും ക്രാസ്നോവൈററുകളോടും യുദ്ധം ചെയ്തുകൊണ്ടിരുന്ന തൊഴിലാളിസേനാവിഭാഗത്തോടു ചേരാനായി ഞങ്ങൾ തെക്കോട്ടു് യാത്രചെയ്തു.

''വിപ്ലവതൊഴിലാളിവർഗ്ഗത്തിന്റെ പ്രത്യേക സേനാവിഭാഗം'' എന്ന അന്തസ്സുള്ള പേരായിരുന്നു ഞങ്ങളുടേതു്. അതിൽ അധികം ആളുകളുണ്ടായിരുന്നില്ല, വെറും നൂററമ്പതു പേർ മാത്രം. ഫേജ സിർത്‌സോവിന്റെ നേതൃത്വത്തിൽ പതിനഞ്ചുപേരടങ്ങിയ കുതിരപ്പടയാളികളുടെ ഒരു സ്ക്വാഡ്‌ സംഘത്തിന്നൊഴികെ മററാർക്കും കുതിരകളുണ്ടായിരുന്നില്ല. ഞങ്ങളുടെ സേനാവിഭാഗത്തിന്റെ കമാണ്ടറായ ഷെബാലൊവ്‌ മുമ്പ്‌ ഒരു ചെരിപ്പുകുത്തിയായിരുന്നു. അദ്ദേഹത്തിന്റെ കൈകളിൽ ചെരിപ്പുളികൊണ്ടുള്ള മുറിവുകളും ചായത്തിന്റെ കറയും അപ്പോഴും ഉണ്ടായിരുന്നു. അദ്ദേഹം ആളൊരു രസികനാണു്. അദ്ദേഹത്തിന്റെ ചില ദൗർബ്ബല്യങ്ങളെപ്പററി പരിഹസിക്കാറുണ്ടെങ്കിലും ഞങ്ങളുടെ സേനാവിഭാഗത്തിലെ ചെറുപ്പക്കാർക്കു്‌ അദ്ദേഹത്തെ വലിയ ബഹുമാനമായിരുന്നു. പുറംപൂച്ചിലുള്ള അദ്ദേഹത്തിന്റെ ഭ്രമമായിരുന്നു ദൗർബ്ബല്യങ്ങളിലൊന്നു്. അദ്ദേഹം തന്റെ കുതിരയെ ചുവന്ന റിബൺ കെട്ടി അലങ്കരിച്ചു. മദ്ധ്യകാലത്തെ യോദ്ധാക്കളുടേതുപോലെ വളഞ്ഞു്‌ അസാധാരണ നീളമുള്ള ഒരുതരം കുതിമുള്ളുകളായിരുന്നു അദ്ദേഹം ധരിച്ചിരുന്നതു്. അതു്‌ അദ്ദേഹം വല്ല കാഷ്ടബംഗ്ലാവിൽനിന്നും തട്ടിയെടുത്തതാവാം. പടത്തിൽ മാത്രമേ ഞാൻ അത്തരം കുതിമുള്ളുകൾ കണ്ടിരുന്നുള്ളു. അദ്ദേഹത്തിന്റെ വാൾ നിക്കൽപൂശിയതും നിലംവരെ മുട്ടിക്കിടക്കുന്നതുമായിരുന്നു. കൈത്തോക്കിന്റെ മരംകൊണ്ടുണ്ടാക്കിയ ഉറയിൽ പിടിപ്പിച്ചു പിച്ചളത്തകിടിൽ ഇങ്ങനെ കൊത്തിവച്ചിരുന്നു: ''ഞാൻ മരിക്കും, പക്ഷേ നികൃഷ്ടാ, നീയും തുലയും!'' അദ്ദേഹത്തിനു ഭാര്യയും മൂന്നു കുട്ടികളുമുണ്ടായിരുന്നു. അവർ സ്വദേശത്താണു്. മൂത്ത കുട്ടി ജോലിയ്ക്കു പോയിത്തുടങ്ങിയിട്ടുണ്ടത്രെ. ഷെബാലൊവ്‌ ഫെബ്രുവരി വിപ്ലവക്കാലത്തു്‌ പട്ടാളത്തിൽനിന്നു്‌ ഓടിപ്പോന്നു്‌ ചെരിപ്പുകുത്തിയുടെ തൊഴിൽചെയ്തു ജീവിച്ചു. കേഡററുകൾ ക്രെംലിൻ ആക്രമിച്ചുതുടങ്ങിയപ്പോൾ അദ്ദേഹം തന്റെ ഏററവും നല്ല വസ്ത്രവും ഏതോ ഒരു മാന്യനുവേണ്ടി ഉണ്ടാക്കിവച്ചിരുന്ന ഏററവും നല്ല ഒരു ജോടി ബൂട്ടും ധരിച്ചു്‌ അർബാത്തിലെ തൊഴിലാളി സേനാവിഭാഗത്തിൽനിന്നു്‌ ഒരു തോക്കും കൈവശപ്പെടുത്തി, അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ''വിപ്ലവത്തിനുവേണ്ടി സ്വയം അർപ്പിച്ചു.''

അദ്ധ്യായം നാലു്

മൂന്നു ദിവസം കഴിഞ്ഞു് ഷാഹ്തനയ റെയിൽവേസ്റ്റേഷനു് കുറച്ചിപ്പുറത്തു വച്ചു് ഞങ്ങഠം ധൃതിയിൽ തീവണ്ടിയിൽ നിന്നിറങ്ങി.

യുവാവായ ഒരു കുതിരപ്പടയാളി എവിടെ നിന്നോ കുതിരയോടിച്ചു വന്നു് മുദ്രവച്ച ഒരു കവർ ഷെബാലൊവിനെ ഏല്പിച്ചിട്ടു് നല്ല വാർത്ത അറിയിക്കുന്ന മട്ടിൽ പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു:

''ഇന്നലെ ക്രസ്യൂഷ്ക്കൊവയിൽവച്ചു് ജർമ്മൻകാർ നമ്മുടെ ആളുകളെ പുല്ലരിയുന്നവിധം അരിഞ്ഞു വീഴ്ത്തി. ഹോ! എന്തൊരു പുകിലായിരുന്നു!''

ചുററുമുള്ള ഗ്രാമങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്ന ശത്രുയൂണിററുകളുടെ ശ്രദ്ധയിൽ പെടാതെ ശത്രുനിരയുടെ പിന്നിലെത്തുകയും ബേഗിച്ചെവ് നയിക്കുന്ന ഡോൺ ഖനിത്തൊഴിലാളികളുടെ സൈന്യവിഭാഗവുമായി സമ്പർക്കം പുലർത്തുകയും ചെയ്യുക എന്നതായിരുന്നു ഞങ്ങളുടെ ചുമതല.

''ഞാൻ എങ്ങിനെ അവരുമായി സമ്പർക്കം പുലർത്തും?'' ഭൂപടത്തിൽ വിരൽകൊണ്ടു് കുത്തിയിട്ടു് ഷെബാലൊവ് ചോദിച്ചു. ''ഞാൻ എവിടെയാണു് അവരെ തിരയേണ്ടതു്? അവർ എഴുതിയിരിക്കുന്നതു് 'ഒലേ്യാഷ്കിനും സൊസ്നോവ്ക്കയ്ക്കും ഇടയ്ക്കു്' എന്നാണു്. കൃത്യമായി സ്ഥലം പറഞ്ഞുതരാതെ, 'സമ്പർക്കം പുലർത്തണ'മെന്നും 'ഇടയ്ക്കാണു്', എന്നും പറഞ്ഞതുകൊണ്ടു് കാര്യമൊന്നുമില്ല...''

ഒന്നിനെപ്പററിയും വിവരമില്ലാതെ കല്പനകഠം പുറപ്പെടുവിക്കാൻ മാത്രമറിയാവുന്ന പട്ടാളത്തലവന്മാരെ ഷെബാലൊവ് തെറിപറഞ്ഞു. എങ്കിലും കൂടുതൽ സംഖ്യാബലമുള്ള മറേറതെങ്കിലും സേനാവിഭാഗത്തിൻെറ കീഴിൽ തന്നെ നിയോഗിക്കാതെ സ്വതന്ത്രമായ ഒരു ചുമതല ത

ന്നെ ഏല്പിച്ചതിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു. അദ്ദേഹം കമ്പനി കമാണ്ടറന്മാരെ വിളിക്കാൻ ആളയച്ചു.

അവർ മൂന്നുപേരുണ്ടായിരുന്നു: ഭംഗിയായി മുഖം വടിച്ച അക്ഷോഭ്യനായ ചെക്കകാരൻ ഗാൽഡ, തികഞ്ഞ ആത്മവിശ്വാസമുള്ള സൂഹരെവ്, അക്കോർഡിയൻ വായനയിലും നൃത്തത്തിലും നിപുണനും ഉല്ലാസവാനുമായ ഫേജ സിർത്സോവ്. ഇരുപത്തിമൂന്നു വയസ്സുള്ള ഫേജ സിർത്സോവ് മുമ്പ് ഒരു കന്നുകാലിമേച്ചിൽക്കാരനായിരുന്നു.

ഒരു വെളിപ്രദേശത്ത്, ചുവപ്പുസേനക്കാരുടെ ഒരു വലയത്തിനുള്ളിൽ, നിവർത്തിവച്ച ഭൂപടത്തിനു ചുററും അവർ ഇരുന്നു.

ഷെബാലൊവ് കടലാസ് ഉയർത്തിപ്പിടിച്ചുകൊണ്ട് സംസാരിച്ചു തുടങ്ങി:

''ഈ കല്പനപ്രകാരം ബേഗിച്ചെവിന്റെ സേനാവിഭാഗവുമായി അടുത്ത സമ്പർക്കമുണ്ടാക്കവാനായി നമ്മൾ ശത്രുക്കളുടെ പിന്നിൽ എത്തിച്ചേരുകയും, അതിനുവേണ്ടി ശത്രു യൂണിററുകളെ മറികടന്നു്, എന്നാൽ അവയെ തൊടാതെ, ഇന്നുരാത്രിതന്നെ മാർച്ചുചെയ്യുകയും വേണം. മനസ്സിലായോ?''

''അവയെ തൊടാതെ എങ്ങിനെ കടന്നു പോകും?'' ഫേജ സിർത്സോവു് കൗശലം നിറഞ്ഞ നിഷ്ക്കപടതയോടെ ചോദിച്ചു.

''അതെ, തൊടാതെ കടന്നുപോകണം'', ഫേജയുടെ നേരെ തിരിഞ്ഞു് മുഷ്ടിചുരുട്ടിക്കാണിച്ചുകൊണ്ടു് ഷെബാലൊവ് പറഞ്ഞു. ''എനിക്കു് തന്നെ അറിയാം! ഞാനും തന്നെ തൊട്ടെന്നിരിക്കും! മനസ്സിലാക്കിക്കോ! തന്റെ പിത്തലാട്ടങ്ങളൊന്നും ഇവിടെ വേണ്ട! അങ്ങിനെ ഇന്നു രാത്രി നമ്മൾ മാർച്ചുചെയ്യുകയാണു്,'' അദ്ദേഹം തുടർന്നു. വണ്ടികളൊന്നും പാടില്ല, യന്ത്രത്തോക്കുകളും വെടിത്തിരകളും തലച്ചുമടായി കൊണ്ടുപോകാം. യാതൊരുവിധ ഒച്ചയോ അനക്കമോ പാടില്ല. വഴിക്കു് ഏതെങ്കിലും ഗ്രാമങ്ങളുണ്ടെങ്കിൽ അടങ്ങിയൊതുങ്ങി അതു കടന്നു പോകണം, വിശക്കുന്ന പട്ടി മാംസത്തിന്റെ പിന്നാലെ പായുന്നതു പോലെ നേരെ അങ്ങോട്ടു ചെന്നു് കുഴപ്പമുണ്ടാക്കരുതു്. ഫേജ, ഇതു് താൻ കേൾക്കാൻ വേണ്ടിയാണു് ഞാൻ പറയുന്നതു്. എവിടെയെങ്കിലും ഒരു കർഷകഭവനം കണ്ടാൽ അതു് വഴിക്കാണെങ്കിലും അല്ലെങ്കിലും തന്റെ പാൽക്കൊതി തന്നെ അവിടെ എത്തിക്കും.''

''എൻെറ കാര്യവും അതു തന്നെ,'' ചെക്കകാരനായ ഗാൽഡ വിചിത്രമായ ഉച്ചാരണത്തോടെ ഏററുപറഞ്ഞു. ''കഴിഞ്ഞ പ്രാവശ്യം സ്റ്റൗട്ടുകരം കുറെ കുഴച്ച മാവു് കൊണ്ടുവന്നു. ഞാൻ ചോദിച്ചു: 'പച്ചമാവു് എന്തിനാണെന്നു്?' 'ഇതു് തീയിലിട്ടു് ചുട്ടെടുക്കാം,' അവർ പറഞ്ഞു.''

എല്ലാവരും ചിരിച്ചു. ഷെബാലൊവ്പോലും പുഞ്ചിരിതൂകി.

''അതു് ദെബാൽത്സെവൊയിൽ വച്ചായിരുന്നു,'' വാസ്സ്യ ഷ്ടാക്കൊവ് പറഞ്ഞു. ''ഞങ്ങളുടെ കാര്യമാണു് അയാരം പറഞ്ഞതു്. ഞങ്ങരം ചുററുപാടുകരം നിരീക്ഷിക്കാൻവേണ്ടി നേരത്തെ പോയതാണു്. ഒരു കൊസാക്കിൻെറ—ഒരു ധനികനായ കൊസാക്കിൻെറ—വീട്ടിനടുത്തെത്തി. വീട്ടിനുള്ളിൽ നിന്നു് ആരോ തുരുതുരെ വെടിവച്ചെങ്കിലും ഞങ്ങരം അകത്തു കടന്നുകൂടി. അവിടെ ആരും ഉണ്ടായിരുന്നില്ല. സ്റ്റൗ കത്തുന്നുണ്ടായിരുന്നു. അടുത്തു് ഒരു മേശപ്പുറത്തു് ഒരു പാത്രത്തിൽ കുറെ കുഴച്ച മാവിരിപ്പുണ്ടു്. ഞങ്ങരം വീടിനു തീയിട്ടിട്ടു് മാവുമായി സ്ഥലം വിട്ടു. അന്നു വൈകിട്ടു് ഞങ്ങരം തീക്കണ്ഡത്തിലിട്ടു് അതു ചുട്ടെടുത്തു. നല്ല കേക്കിൻെറ സ്വാദുണ്ടായിരുന്നു.''

''നിങ്ങരം വീടു് കത്തിച്ചെന്നോ?'' ഞാൻ ചോദിച്ചു. ''നിങ്ങരംക്കു് എങ്ങിനെ അതിനു മനസ്സുവന്നു?''

''ഞങ്ങരം അതു കത്തിച്ചു ചാമ്പലാക്കി,'' വാസ്സ്യ നിർവ്വികാരനായി പറഞ്ഞു. ''വീട്ടുകാർ വെടിവയ്ക്കുകയാണെങ്കിൽ അതുന്നെ ചെയ്യണം. ഈ കൊസാക്കുകരം മഹാ ചീത്തകളാണു്. അയാരം ഒരു ധനികനായിരുന്നു. ഒരു വീടു കത്തിപ്പോയാൽ അയാരം വേറൊന്നു് ഉണ്ടാക്കും. ഗയ്ദമാക്കു് കൊള്ളക്കാരുടെകൂടെ അത്രയും നാരം അയാരം കൂടാതിരിക്കുമല്ലോ.''

''അയാരംക്കു് അതുകൊണ്ടു് ചുവപ്പുസേനക്കാരോടു് കൂടുതൽ ദേഷ്യമുണ്ടാകുകയല്ലേ ചെയ്യുന്നതു്?''

''അതുണ്ടാകയില്ല,'' വാസ്സ്യ സഗൗരവം പറഞ്ഞു. ''ധനികർക്കു് അവർ എത്ര ആഗ്രഹിച്ചാലും ഇതിൽക്കൂടുതൽ നമ്മെ വെറുക്കാൻ കഴിയില്ല. പേച്ച്ക കോക്ഷിൻ എന്നു പേരുള്ള നമ്മുടെ ഒരു പയ്യനെ അവർ മൂന്നു ദിവസം മുഴവൻ ചാട്ടവാറുകൊണ്ടു് അടിച്ചടിച്ചാണു് കൊന്നതു്. അവർ നമ്മെ ഇതിൽക്കൂടുതൽ വെറുക്കുന്നതെങ്ങിനെയാണു്?''

അന്നു രാത്രിയിലെ മാർച്ചിനുമുമ്പു് ഞങ്ങരം പന്നിക്കൊഴുപ്പു് ഉപ

യോഗിച്ച് പോറിഡ്ജ് ഉണ്ടാക്കി. ചൂടുചാരത്തിലിട്ട് ഉരുളക്കിഴങ്ങു ചുട്ടുതിന്നു. തോക്കുകൾ മിനുക്കിവെയ്ക്കുകയും പുൽത്തകിടിയിൽക്കിടന്നു് വിശ്രമിക്കയും ചെയ്തു. കമ്പനി കമാണ്ടറായ സൂഹരെവിന്റെ കുതിരവണ്ടിയിൽ ഒരു പട്ടാളക്കോട്ട് കിടക്കുന്നതു ഞാൻ കണ്ടു. അതിന്റെ അടിവശത്തു് തീപിടിച്ചതിന്റെ ഫലമായുണ്ടായ തുളകൾ ഉണ്ടായിരുന്നെങ്കിലും അതു് ഉപയോഗയോഗ്യമായിരുന്നു. ഞാൻ സൂഹരെവിനോടു് അതെടുക്കാൻ അനുവാദം ചോദിച്ചു.

''ഇതു് നിനക്കു് എന്തിനാണു്?'' അയാൾ പരുഷമായി ചോദിച്ചു. ''നിനക്കു് തുണികൊണ്ടുണ്ടാക്കിയ നല്ലൊരു കൊട്ടുണ്ടല്ലോ. ഈ കോട്ടു് എനിക്കു് ആവശ്യമുണ്ടു്. വെട്ടി ട്രൗസർ തുന്നണം.''

''എന്റെ കോട്ടു വെട്ടി ട്രൗസർ തുന്നിക്കോളൂ,'' ഞാൻ പറഞ്ഞു. ''എല്ലാവരും കാക്കികൊണ്ടുള്ള പട്ടാളക്കോട്ടാണു് ധരിച്ചിരിക്കുന്നതു്. ഞാൻ മാത്രം ഒരു കറുത്ത കോട്ടുമിട്ടു് കാക്കയെപ്പോലെ നടക്കുകയാണു്.''

''നേരോ?'' സൂഹരെവ് അത്ഭുതത്തോടെ എന്നെ നോക്കി. ആ കർഷകന്റെ പരുക്കൻ മുഖത്തു് അവിശ്വാസം നിറഞ്ഞ ഒരു പുഞ്ചിരി വിടർന്നു. ''മാറിയെടുക്കണമെന്നു് വാസ്തവത്തിൽ നിനക്കു് ആഗ്രഹമുണ്ടോ? തീർച്ചയാണോ? ആലോചിച്ചുനോക്കിയാൽ നീ പറയുന്നതു ശരിയാണു്. ഒരു സാധാരണ ഓവർക്കോട്ടിട്ടുകൊണ്ടു് ഒരു പട്ടാളക്കാരൻ നടക്കുന്നതു് എങ്ങും കണ്ടിട്ടില്ല. ഈ പട്ടാളക്കോട്ടിൽ തുളകളുള്ളതു സാരമില്ല. അടിവശം കുറെ വെട്ടി തയ്ച്ചാൽ മതി. ഞാൻ ചാരനിറത്തിലുള്ള ഒരു തൊപ്പിയും നിനക്കു തരാം. എനിക്കു് രണ്ടെണ്ണമുണ്ടു്.''

ഞങ്ങൾ കോട്ടുകൾ കൈമാറി. ആ കച്ചവടത്തിൽ ഞങ്ങൾ ഇരുവരും സന്തുഷ്ടരായിരുന്നു. ഒരു യഥാർത്ഥ ചുവപ്പുസേനക്കാരനെപ്പോലെ കാക്കി പട്ടാളക്കോട്ടുമണിഞ്ഞു് തോക്കു തൊളിൽ തൂക്കി ഞാൻ നടന്നുപോകുമ്പോൾ സൂഹരെവ്, വാത്സല്യത്തോടു പറയുന്നതു കേട്ടു:

''സൗകര്യം കിട്ടുമ്പോൾ ഞാൻ ഇതു് എന്റെ ഭാര്യക്കു് അയച്ചുകൊടുക്കും. ഈ പയ്യനു് ഇതു് എന്തിനാണു്? വെടിയേല്ക്കുകയാണെങ്കിൽ ഇതു മുഴുവൻ വൃത്തികേടായിപ്പോകും. എന്റെ ഭാര്യക്കു് ഇതിഷ്ടപ്പെടും, ഇല്ലേ?''

രാത്രിയിൽ ഞങ്ങൾ കടന്നുപോയ ആദ്യത്തെ കൃഷിക്കളത്തിൽ നിന്നു് ഫേജ സിർത്‌സോവ് രണ്ടു വഴികാട്ടികളെ കൂട്ടിക്കൊണ്ടുവന്നു. ഞ

ങ്ങളുടെ സേനാവിഭാഗം വഴിതെററി നേരെ ശത്രുവിൻെറ വായിൽ ചെ ന്നു ചാടാതിരിക്കാൻവേണ്ടിയാണു് രണ്ടുപേരെ കൊണ്ടുവന്നതു്. അവ രെ രണ്ടിടത്തായി നിർത്തി. നാലുംകൂടിയ വഴിയിലെത്തുമ്പോഠം ഇനി ഇടത്തോട്ടു തിരിയണമെന്നു് വഴികാട്ടികളിലൊരാഠം പറഞ്ഞെന്നിരി ക്കട്ടെ. ഞങ്ങഠം ഉടൻ മററെ വഴികാട്ടിയോടു് വഴിചോദിക്കും. രണ്ടുപേ രും പറയുന്നതു് ഒന്നാണെങ്കിൽ മാത്രമേ ഞങ്ങഠം അതു സ്വീകരിക്കൂ. ആദ്യം ഞങ്ങഠം ഈരണ്ടുപേർ വീതമാണു് കാട്ടിലൂടെ നടന്നുപൊയ്ക്കൊ ണ്ടിരുന്നതു്. പലപ്പോഴും ഞങ്ങഠം തൊട്ടു മുമ്പിൽ നടക്കുന്നവരുമായി കൂട്ടിയിടിച്ചു. ഫേജ സിർത്ത്സോവിൻെറ കല്പനപ്രകാരം നേരത്തേതന്നെ കുതിരകളുടെ കുളമ്പുകളിൽ തുണി ചുററിയിരുന്നു. അതിരാവിലെ ഞങ്ങഠം റോഡിൽനിന്നു തിരിഞ്ഞു് ഒരു വെളിപ്രദേശത്തെത്തി. പകൽ വെളിച്ചത്തിൽ മാർച്ചുചെയ്യുന്നതു് അപകടകരമായിരുന്നതിനാൽ അവിടെ വിശ്രമിക്കാൻ ഞങ്ങഠം തീരുമാനിച്ചു. റാസ്ബെറി ചെടികഠക്കിടയിൽ ഞങ്ങളുടെ ഒരു കാവൽസംഘം നിലയുറപ്പിച്ചു. ഉച്ചയായപ്പോഠം വീശിയ പടിഞ്ഞാറൻ കാററിൽ പീരങ്കിവെടിയുടെ മുഴക്കം അലിഞ്ഞു ചേർന്നിരുന്നു.

ഷെബാലൊവ് ചിന്താമഗ്നനായി കടന്നു പോയി. ഫേജ ധൃതിയിൽ സംസാരിച്ചുകൊണ്ടു് ലഘുവും ദൃഢവുമായ പാദവിന്യാസത്തോടെ അദ്ദേഹത്തോടൊപ്പം നടന്നിരുന്നു. സൂഹരെവിൻെറ അടുത്തെത്തിയപ്പോഠം അവർ നിന്നു.

അവരുടെ സംസാരം എനിക്കു കേഠക്കാമായിരുന്നു.

''സ്ഥിതിഗതികഠം നിരീക്ഷിക്കാനായി മലയിടുക്കിലേക്കു് ആളെ അയയ്ക്കണം.''

''കുതിരപ്പുറത്തോ?''

''അല്ല. അതു ശത്രുവിൻെറ ശ്രദ്ധയിൽപെട്ടേയ്ക്കും. മൂന്നു് സ്കൗട്ടുകളെ അയയ്ക്കൂ.''

''ചുബുക്ക്, നിങ്ങഠം അതിൻെറ ഉത്തരവാദിത്വം വഹിക്കണം'', സമ്മതം ചോദിക്കുന്ന മട്ടിൽ കമാണ്ടർ പറഞ്ഞു. ''ഷ്ലാക്കൊവിനേയും വിശ്വസ്തനായ മററൊരാളേയും കൂട്ടിക്കോളൂ.''

''ചുബുക്ക്, എന്നെ കൊണ്ടുപോകൂ'', ഞാൻ മെല്ലെ പറഞ്ഞു. ''ഞാൻ വിശ്വസ്തനായിരിക്കും.''

''സീംക ഗർഷ്ക്കോവിനെ കൊണ്ടുപോകാം'', സൂഹരെവ് അഭിപ്രായപ്പെട്ടു.

''ചുബുക്ക്, എന്നെ കൊണ്ടുപോകൂ'', ഞാൻ വീണ്ടും മന്ത്രിച്ചു. ''ഞാൻ ഏററവും വിശ്വസ്തനായിരിക്കും.''

''ഉം,'' ചുബുക്ക് തല ആട്ടിക്കൊണ്ടു് മൂളി.

ഞാൻ ചാടിയെണീററു. സന്തോഷംകൊണ്ടു് ഉറക്കെ വിളിച്ചുകൂവണമെന്നു് എനിക്കു തോന്നിയെങ്കിലും ഞാൻ പണിപ്പെട്ടു് സ്വയം നിയന്ത്രിച്ചു. അവർ ഇത്ര ഗൗരവമുള്ള ഒരു ജോലിക്കു് എന്നെ കൊണ്ടുപോകുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. ഞാൻ വെടിത്തിരസഞ്ചി ബന്ധിച്ചുവയ്ക്കുകയും തോക്കു് തോളിൽ തൂക്കുകയും ചെയ്തു. എന്നാൽ സന്ദേഹത്തോടെയുള്ള സൂഹരെവിൻെറ നോട്ടം കണ്ടപ്പോൾ ഞാൻ നിന്നു.

''ഇവനെ എന്തിനാണു കൊണ്ടുപോകുന്നതു്?'' അയാൾ ചുബുക്കിനോടു ചോദിച്ചു. ''ഇവൻ എല്ലാം തകരാറിലാക്കിയേക്കും. സീംകയെ കൊണ്ടുപോയാൽ മതി.''

''സീംകയോ?'' തീപ്പെട്ടി ഉരച്ചു് പൈപ്പു കത്തിക്കുന്നതിനിടയിൽ എന്തോ ആലോചിച്ചുകൊണ്ടു് ചുബുക്ക് ചോദിച്ചു.

''വിഡ്ഢി!'' ഞാൻ മനസ്സിൽ വിചാരിച്ചു. സൂഹരെവിനോടുള്ള വെറുപ്പും ആശാഭംഗവുംകൊണ്ടു് എൻെറ മുഖം വിളറി. ''മററുള്ളവരുടെ മുമ്പിൽവച്ചു് അയാൾ ഇങ്ങനെ പറഞ്ഞതെന്തിനു്? അവർ എന്നെ കൊണ്ടുപോയില്ലെങ്കിൽ ഞാൻ ഒററയ്ക്കു പോകും. ഞാൻ നേരെ ഗ്രാമത്തിൽ ചെന്നു് വിവരങ്ങളെല്ലാം അറിഞ്ഞിട്ടു് തിരിച്ചുവരും. സൂഹരെവ് പോയി തുലയട്ടെ!''

ചുബുക്ക് തോക്കിൻെറ പൂട്ടു തുറന്നു് നാലു വെടിത്തിരകൾ അതിനുള്ളിൽ വച്ചു. അഞ്ചാമത്തേതു് വെടിവയ്ക്കാനുള്ള സ്ഥാനത്തും ഉറപ്പിച്ചിട്ടു് അയാൾ സേഫ്ററിലോക്കു് അടച്ചു. ചുബുക്കിൻെറ തീരുമാനം എന്നെ സംബന്ധിച്ചിടത്തോളം എത്ര പ്രധാനമാണെന്നു മനസ്സിലാക്കാതെ അലക്ഷ്യമായി അയാൾ പറഞ്ഞു:

''സീംകയോ? ശരി, എന്നാൽ അവൻ ആയിക്കൊള്ളട്ടെ.'' അയാൾ തൻെറ തോൾപട്ട ശരിയാക്കിവച്ചിട്ടു് എൻെറ വിളറിയ മുഖത്തേക്കു നോക്കി. പെട്ടെന്നു് അയാൾ ഒന്നു പുഞ്ചിരിച്ചിട്ടു് പരുക്കൻമട്ടിൽ

പറഞ്ഞു: ''എനിക്കു് സീംകയുടെ കാര്യം അറിയില്ല. ഈ പയ്യൻ മതി. അവൻ കളിപറയുകയല്ല. വരൂ, കുട്ടീ!''

ഞാൻ കാട്ടിനടുത്തേക്കു് ഓടാൻ ഭാവിച്ചു.

''നില്ലു്!'' ചുബുക്ക് കർശനമായി അതു വിലക്കി. നിന്റെ കു ട്ടിക്കളിയൊന്നും ഇവിടെ വേണ്ട. വിനോദയാത്രയ്ക്കല്ല നമ്മൾ പോകു ന്നതു്. നിന്റെ കയ്യിൽ ബോംബുണ്ടോ? ഇല്ല. എന്റെ കയ്യിൽനിന്നു' ഒന്നെടുത്തോ. പിടി അടിയിലേക്കാക്കി പോക്കററിൽ വയ്ക്കരുതു്. വ ലിച്ചെടുക്കുമ്പോൾ വളയം ഊർന്നുപോകും. ആണി അടിയിലേക്കു് വ യ്ക്കു്. അതെ, അങ്ങിനെ. ക്ഷമയില്ലാത്ത കരടിക്കുട്ടി!'' അയാൾ അ ലിവോടെ പറഞ്ഞു.

അദ്ധ്യായം അഞ്ചു്

''നീ വലത്തേ ചരിവിലേക്കു പോകൂ,'' ചുബൂക്ക് കല്പനതന്നു. ''ഷ്ലാക്കൊവ് ഇടത്തെ ചരിവിലൂടെ പോകട്ടെ. ഞാൻ അടിയിലേക്കു് പോകാം. എന്തെങ്കിലും കണ്ടാലുടൻ അടയാളശബ്ദം കേൾപ്പിക്കണം.''

ഞങ്ങൾ മെല്ലെ മുമ്പോട്ടു പോയി. അരമണിക്കൂർ കഴിഞ്ഞപ്പോൾ മറ്റവർക്കാൾ അല്പം പിന്നിലായി ഇടത്തുവശത്തെ ചെരിവിൻെറ ചെങ്കുത്തായ വക്കിലൂടെ ഷ്ലാക്കൊവ് നടക്കുന്നതു് ഞാൻ കണ്ടു. തല അല്പം മുന്നോട്ടു് നീട്ടിപ്പിടിച്ചു് കുനിഞ്ഞുകുനിഞ്ഞാണു് അയാൾ നടന്നിരുന്നതു്. എപ്പോഴും സദ്ഭാവം വഴിഞ്ഞൊഴുകുന്ന അയാളുടെ കുസൃതിത്തമുള്ള മുഖം അപ്പോൾ ഗൗരവപൂർണ്ണവും നിശ്ചയദാർഢ്യം സ്ഫുരിക്കുന്നതുമായിരുന്നു.

മലയിടുക്കിലെ വളവിൽവച്ചു് ഷ്ലാക്കൊവും ചുബൂക്കും എൻെറ ദൃഷ്ടിയിൽനിന്നു മറഞ്ഞു. എങ്കിലും അടുത്തെവിടെയോ കുററിച്ചെടികളുടെ ഇടയിലൂടെ എന്നെപ്പോലെ അവരും മുന്നോട്ടു പോകുന്നുണ്ടെന്നു് എനിക്കു് അറിയാമായിരുന്നു. ഞങ്ങൾ ഒററയ്ക്കൊററയ്ക്കാണെന്നു തോന്നുമെങ്കിലും ഒരു പൊതുചുമതലയും പൊതുവായ അപകടഭയവും ഞങ്ങളെ ദൃഢമായി കൂട്ടിയിണക്കിയിട്ടുണ്ടെന്ന ബോധം എനിക്കു് ധൈര്യം തന്നു. മലയിടുക്കിൻെറ വിസ്താരം കൂടി. ചെടികൾ കൂടുതൽ നിബിഡമായി. മറെറാരു വളവുതിരിഞ്ഞു. പൊടുന്നനെ ഞാൻ നിലത്തു കിടന്നു.

വലത്തെ ചരിവിനു് സമാന്തരമായി ഉണ്ടായിരുന്ന കല്ലുപാകിയ പാതയിലൂടെ കുതിരപ്പടയാളികളുടെ ഒരു വലിയ വിഭാഗം വരുന്നതു് ഞാൻ കണ്ടു. ഞാൻ കിടന്നിടത്തുനിന്നു് വെറും നൂറു ചുവടകലമേ അങ്ങോട്ടുള്ളു. കറുത്ത ഉശിരൻ കുതിരകൾ സവാരിക്കാരെ വഹിച്ചുകൊണ്ടു്

ചുറുചുറുക്കോടെ നടന്നുവന്നു. ഏററവും മുമ്പിലായി മൂന്നോ നാലോ ഓ ഫീസറന്മാരാണ് ഉണ്ടായിരുന്നത്. എൻെറ നേരെയെതിരെ എത്തിയ പ്പോൾ പട്ടാളക്കാർ നിന്നു. കമാണ്ടർ ഒരു ഭൂപടം നിവർത്തി വച്ച് അതിൽ എന്തോ നോക്കിക്കൊണ്ടിരുന്നു.

ഞാൻ അവിടെ നിന്ന് പിൻവാങ്ങി, ചരിവിലൂടെ ഊർന്നിറങ്ങി ത്തുടങ്ങി. ചുബുക്കിനെ കണ്ടുപിടിച്ച് നേരത്തെ നിശ്ചയിച്ചിരുന്ന അ ടയാളം അറിയിക്കുക എന്നതായിരുന്നു എൻെറ ഉദ്ദേശം.

ഞാൻ വല്ലാതെ പേടിച്ചിരുന്നെങ്കിലും നിരീക്ഷണാർത്ഥം ഞാൻ വന്നത് വെറുതെയായില്ലെന്നും ശത്രുക്കളെ ആദ്യം കണ്ടുപിടിച്ചത് ഞാ നാണെന്നുമുള്ള വിചാരം എൻെറ മനസ്സിലൂടെ കടന്നുപോയി.

''പക്ഷേ ചുബുക്കിനെ കാണുന്നില്ലല്ലോ,'' ഞാൻ പരിഭ്രമത്തോ ടെ ചുററും നോക്കിക്കൊണ്ട് വിചാരിച്ചു. മലയിടുക്കിൻെറ അടിത്തട്ടി ലേക്ക് ഇഴഞ്ഞുചെന്ന് ചുബുക്കിനെ കണ്ടുപിടിക്കാൻ ഞാനുറച്ചു. അ പ്പോഴാണ് ഇടത്തെ ചരിവിൽ ഒരു ചെടി മെല്ലെ അനങ്ങുന്നത് ഞാൻ കണ്ടത്.

വാസ്യ ഷ്വാക്കൊവ് ഒരു കുററിച്ചെടിയുടെ മറവിൽ നിന്ന് സൂക്ഷി ച്ച് പുറത്തേക്ക് എത്തിനോക്കിക്കൊണ്ട്, അടിത്തട്ടിലേക്ക ചൂണ്ടിക്കാ ണിക്കുകയും ശബ്ദമുണ്ടാക്കരുതെന്ന് കരചലനങ്ങൾകൊണ്ട് എനിക്ക താക്കീതു തരികയും ചെയ്തു.

എന്നോട് അടിത്തട്ടിലേക്ക് ഇറങ്ങിച്ചെല്ലാൻ പറയുകയാണ് അ യാളെന്ന് ഞാൻ ആദ്യം വിചാരിച്ചു. എന്നാൽ അയാൾ ചൂണ്ടിക്കാണി ച്ച ഇടത്തേക്ക നോക്കിയപ്പോൾ ഞാൻ ഞെട്ടി തല പിൻവലിച്ചു.

ഇടതൂർന്നു നില്ക്കുന്ന പച്ചിലപ്പടർപ്പുകളാൽ മൂടപ്പെട്ട മലയിടുക്കിൻെറ അടിത്തട്ടിലൂടെ ഒരു വൈററ് ഗാർഡുകാരൻ ഒരു കുതിരയേയും പിടിച്ചു കൊണ്ട് നടന്നുവരുന്നതാണ് ഞാൻ കണ്ടത്. അയാൾ വെള്ളം തേടി വന്ന ഒരു വെറും പട്ടാളക്കാരനാണോ അതോ ആ സേനാവിഭാഗത്തി ൻെറ സുരക്ഷിതമായ നീക്കത്തിന് ഉറപ്പുവരുത്താൻവേണ്ടി മുന്നോടി യായി വന്ന നിരീക്ഷകനാണോ എന്ന് എനിക്കറിയില്ലായിരുന്നു. എ ന്തായാലും അയാൾ ഞങ്ങളുടെ അതിർത്തി ലംഘിച്ചു കടന്ന ഒരു ശത്രു വാണ്. എന്തു ചെയ്യണമെന്ന് എനിക്ക് ഒരു രൂപവുമില്ലായിരുന്നു. അ യാൾ ഒരു കുററിച്ചെടിയുടെ മറവിൽ അപ്രത്യക്ഷനായി. എനിക്ക് ഇ

ന്ന്യാറം വാസ്സയെ മാത്രമേ കാണാമായിരുന്നുള്ളു. എതിർവശത്തെ ചരി വിലിരിക്കുന്ന വാസ്സസ്സാകട്ടെ എനിക്കു കാണാൻ കഴിയാത്ത എന്തോ കാണാമായിരുന്നു.

തോക്കിന്റെ പിടി നിലത്തൂന്നി മുട്ടുകുത്തി അടിയിലേക്കു് ഉററു നോക്കിക്കൊണ്ടിരുന്ന വാസ്സ, എന്നെ താക്കീതു ചെയ്യാനായി ഒരു കൈ നീട്ടിപ്പിടിക്കുകയും, ഏതു നിമിഷവും ചാടിവീഴാൻ തയ്യാറായിരിക്കു യും ചെയ്തു.

എന്റെ വലതുവശത്തു് കുളമ്പടിശബ്ദം കേട്ടു് ഞാൻ അങ്ങോട്ടു് നോക്കി. കുതിരപ്പടയാളികൾ ഒരു ഇടവഴിയിലേക്കു തിരിഞ്ഞു് കുതി രകളെ വേഗത്തിൽ ഓടിച്ചു പൊയ്ക്കൊണ്ടിരുന്നു. ആ സമയത്തു് വാസ്സ എന്റെ നേരെ കൈ വീശിക്കൊണ്ടു് കുററിച്ചെടിയുടെ മുകളിലൂടെ ചാ ടി മലയിടുക്കിന്റെ അടിത്തട്ടിലേക്കു പാഞ്ഞുപോയി. ഞാനും അതു പോലെ ചെയ്തു. കുററിക്കാട്ടിനടുത്തായി രണ്ടുപേർ കൈകൾ കോർത്തു പിടിച്ചു് മല്ലയുദ്ധത്തിലേർപ്പെട്ടിരിക്കുന്നതു് ഉരുണ്ടുവരുന്ന വഴി ഞാൻ കണ്ടു. അതിൽ ഒരാൾ ചുബുക്കം മറേറതു് ശത്രുവുമാണെന്നു് എനിക്കു മനസ്സിലായി.

ഞാൻ അവിടെ എങ്ങിനെ എത്തിച്ചേർന്നെന്നു് എനിക്കു് നിശ്ച യമില്ല. കൈത്തോക്കു് ഉറയിൽ നിന്നെടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന വൈററ്ഗാർഡുകാരന്റെ കയ്യിൽ മുറുകെ പിടിച്ചുകൊണ്ടു് ചുബുക്ക് നി ലത്തു കിടക്കുകയായിരുന്നു. തോക്കിന്റെ പിടികൊണ്ടു് അയാളെ അ ടിച്ചു വീഴ്ത്തുന്നതിനു പകരം ഞാൻ തോക്കു താഴെയിട്ടിട്ടു് അയാളുടെ കാ ലുകളിൽ പിടിച്ചു വലിച്ചുതുടങ്ങി. എന്നാൽ അയാൾ നല്ല ശക്തനായി രുന്നതുകൊണ്ടു് എന്നെ തൊഴിച്ചുമാററി. ഞാൻ പുറം തല്ലി വീണു. എന്നിലും അയാളുടെ കയ്യിൽ കടന്നു പിടിച്ചു കടിക്കാൻ എനിക്കു കഴി ഞ്ഞു. വൈററ്ഗാർഡുകാരൻ നിലവിളിച്ചുകൊണ്ടു് കൈ വലിച്ചു. ആ സമയത്തു് കുററിച്ചെടികൾ വകഞ്ഞുമാററിക്കൊണ്ടു് വാസ്സ അവി ടെ എത്തി. അയാൾ അരയ്ക്കു താഴെ നനഞ്ഞിരുന്നു. കവാത്തുമുറയിൽ അയാൾ പട്ടാളക്കാരന്റെ മേൽ ചാടിവീണു് അയാളെ നിലം പതി പ്പിച്ചു.

ചുമയ്ക്കുകയും തുപ്പുകയും ചെയ്തുകൊണ്ടു് ചുബുക്ക് നിലത്തുനിന്നെ ഴുന്നേററു.

''വാസ്സ !'' അടുത്തു നിന്നു് പുല്ലുകരളുന്ന കുതിരയെ ചൂണ്ടിക്കാട്ടി ക്കൊണ്ടു് ചുബുക്ക് വിസ്മയിച്ചപ്പെട്ടു വിളിച്ചു.

''ശരി'', വാസ്സ പറഞ്ഞു. അയാറം നിലത്തു കിടന്നിഴയുന്ന കടി ഞ്ഞാൺ കയ്യിലെടുത്തു് തന്റെ നേരെ വലിച്ചു.

''ഇയാളെക്കൂടെ കൊണ്ടുപോകൂ'', ബോധരഹിതനായി നിലത്തു കിടക്കുന്ന വൈററ്ഗാർഡുകാരനെ നോക്കിക്കൊണ്ടു് ചുബുക്ക് പറഞ്ഞു.

വാസ്സയ്ക്കു് ഉടൻ കാര്യം മനസ്സിലായി.

''അയാളുടെ കൈ കെട്ടിയിടണം !''

ചുബുക്ക് എന്റെ തോക്കു് നിലത്തു നിന്നെടുത്തു് ബയണററിന്റെ അററം കൊണ്ടു് അതിന്റെ വാറു മുറിച്ചെടുത്തു്, ബോധരഹിതനായി കിടക്കുന്ന പട്ടാളക്കാരന്റെ കൈമുട്ടുകറം അതുകൊണ്ടു ബന്ധിച്ചു.

''അയാളുടെ കാലിൽ പിടിച്ചു് പൊക്കു്,'' ചുബുക്ക് എന്റെ നേരെ അലറി. ''തുലയാൻ ! ഒന്നു് വേഗമാകട്ടെ !'' അമ്പരന്നുനിന്ന എന്നെ ചുബുക്ക് തെറിപറഞ്ഞു.

ഞങ്ങറം തടവുകാരനെ കുതിരപ്പുറത്തു് വിലങ്ങനെ വച്ചു. വാസ്സ കുതിരപ്പുറത്തു ചാടിക്കയറി ഒരക്ഷരം ഉരിയാടാതെ കുതിരയെ ചാട്ടകൊ ണ്ടടിച്ചു് കുന്നുംകുഴിയുമായി കിടക്കുന്ന മലയിടുക്കിന്റെ അടിത്തട്ടിലൂ ടെ ഞങ്ങളുടെ താവളത്തിലേക്കു മടങ്ങി.

''ഈ വഴി വാ !'' ആകെ ചുവക്കുകയും വിയർത്തൊലിക്കുകയും കിതയ്ക്കുകയും ചെയ്തുകൊണ്ടിരുന്ന ചുബുക്ക് എന്റെ കയ്യിൽ പിടിച്ചു വലിച്ചു. ''എന്റെ പിറകെ വന്നോ !''

കുററിച്ചെടികളിൽ അള്ളിപ്പിടിച്ചുകൊണ്ടു് അയാറം മുകളിലേക്കു ക യറി.

മുകളിലെത്താറായപ്പോറം ചുബുക്ക് പറഞ്ഞു: ''നില്ലു് ! ഇവിടെ ഇരിക്കാം !''

ഞങ്ങറം ചെടികറംക്കു മറഞ്ഞു് പതുങ്ങിയിരുന്നു. താഴെ ഇടുക്കിൽ അഞ്ചു കുതിരപ്പടയാളികറം പ്രത്യക്ഷപ്പെട്ടു. നിരീക്ഷക സംഘമായിരു ന്നു അതു്. അവർ കുതിരകളെ നിർത്തി ചുററുപാടും നോക്കി. അവർ ത ങ്ങളുടെ സഖാവിനെ തേടുകയായിരുന്നെന്നു സ്പഷ്ടം. അവർ ഉറക്കെ പ്രാ കുന്നതു് ഞങ്ങറം കേട്ടു. അവർ അഞ്ചുപേരും തോളിൽ നിന്നു് തോ ക്കെടുത്തു കയ്യിൽപ്പിടിച്ചു. അവരിൽ ഒരാറം കുതിരപ്പുറത്തു നിന്നിറങ്ങി.

...യിൽനിന്ന് എന്തോ എടുത്തു. അതു് ഞങ്ങൾ പിടിച്ച പട്ടാളക്കാര ...ന്റെ തൊപ്പിയായിരുന്നു. ധൃതിക്കിടയിൽ അതെടുക്കാൻ ഞങ്ങൾ മറ ...പോയി. കുതിരപ്പടയാളികൾ സംഭ്രമത്തോടെ എന്തൊക്കെയോ സം ...രിച്ചു. അവരുടെ തലവനെന്നു തോന്നിച്ച ആൾ മുന്നോട്ടു ചൂണ്ടിക്കാ ...ിച്ചു.

''അവർ വാസ്സയെ പിടികൂടും'', ഞാൻ വിചാരിച്ചു. ''വാസ്സ വ ...ിയ ഒരു ഭാരവുമായാണു് കുതിരപ്പുറത്തു പോകുന്നതു്. ഇവർ അഞ്ചു ...രുണ്ടു്, അയാൾ ഒറ്റയ്ക്കാണു്.''

''ബോംബു് എറിയൂ!'' ചുബുക്ക് കല്പിച്ചു. തിളങ്ങുന്ന ഒരു സാധ ...ം അയാൾ താഴത്തേയ്ക്കെറിഞ്ഞു.

ഒരു പൊട്ടൽ കേട്ടു് ഞാൻ തരിച്ചിരുന്നു.

''താഴേക്കെറിയു്!'' അയാൾ എന്റെ നേരെ അലറി. പെട്ടെന്നു് ...യാൾ എന്റെ ഉയർത്തിയ കയ്യിൽനിന്നു് ബോംബു് തട്ടിപ്പറിച്ചു് ...ഫ്റ്റി ക്യാച്ചു് മാററിയിട്ടു് മലയിടുക്കിനടിയിലേക്കു് എറിഞ്ഞു. ''...ത!'' ചുബുക്ക് ആക്രോശിച്ചു. പൊട്ടിത്തെറിയും അപ്രതീക്ഷിത ...ി അടിക്കടി ഉണ്ടായ അപകടസന്ധികളും എന്നെ തികച്ചും സ്തബ്ധ ...ക്കിയിരുന്നു. ''നീ വളയം മാററി, പക്ഷേ സേഫ്റ്റി ക്യാച്ചു് മാ ...ിയിരുന്നില്ല!''

പച്ചക്കറികൾ നടാനായി പുതുതായി ഉഴുതിട്ട ഒരു വയലിലെ ചേ ...ിലൂടെ ഞങ്ങൾ ഓടി. കുററിച്ചെടികളുടെ ഇടയിലൂടെ വേഗത്തിൽ ക ...യോടിച്ചു് മുകളിലേക്കു കയറുക അസാദ്ധ്യമായിരുന്നതുകൊണ്ടു് ...റ്ഗാർഡുകാർ കാൽനടയായി മുകളിലേക്കു കയറുകയായിരുന്നു. ...ിനാൽ മറെറാരു മലയിടുക്കും ഒരു പാടവും കടന്നു് കാട്ടിലെത്താൻ ...ക്കു കഴിഞ്ഞു. വളരെ പിന്നിലെവിടെയോ വെടിപൊട്ടുന്ന ശ ...ബ്ദം കേട്ടു.

''അവർ വാസ്സയെ പിടിച്ചു കാണും!'' ഞാൻ എന്റേതല്ലാത്ത ഒരു ...ശബ്ദത്തിൽ വിക്കിവിക്കി പറഞ്ഞു.

''ഇല്ല,'' വെടിവയ്പിന്റെ ശബ്ദം ശ്രദ്ധിച്ചിട്ടു് ചുബുക്ക് പറഞ്ഞു. ...ർ വെറുതെ ദേഷ്യം തീർക്കുകയാണു്. വാ, കുട്ടീ. ആകാവുന്നത്ര വേ ...ം ...ക്കു്. അവർ പിറകേ വരുന്നതിനു മുമ്പു് നമുക്കു് അക്കരെ പ ...ം.''

ഞങ്ങൾ ഒന്നും സംസാരിക്കാതെ നടന്നു. പേടിച്ച് തോക്ക താഴെ യിട്ടതിനും, കൊച്ചുകുട്ടികളെപ്പോലെ പട്ടാളക്കാരന്റെ കയ്യിൽ കടിച്ച തിനും, തടവുകാരനെ കുതിരപ്പുറത്തു പൊക്കിവയ്ക്കുമ്പോൾ കൈ വിറച്ച തിനും, ബോംബെറിയാൻ ധൈര്യം വരാതിരുന്നതിനുമെല്ലാം ചുബുക്ക് എന്നോട്ട ദേഷ്യപ്പെട്ടിരിക്കയാണെന്നും അയാൾ എന്നെ വെറുക്കുന്നുണ്ടെ ന്നും എനിക്ക തോന്നി. ചുബുക്ക് ഇക്കാര്യം മററുള്ളവരോട്ട പറയുമെന്ന ചിന്തയാണ് എന്നെ അതിലും കൂടുതൽ അലട്ടിയതു്. ഇതറിയുമ്പോൾ സൂഹരെവ് പറയും: ''അവനെ കൊണ്ടുപോകണ്ട സീംകയെ കൊണ്ടു പോയാൽ മതിയെന്ന് ഞാൻ അപ്പഴേ പറഞ്ഞതാണ്!'' സ്വന്തം ഭീ രുത്വത്തിലുള്ള കോപവും നിരാശയുംകൊണ്ട് എന്റെ കണ്ണുനിറഞ്ഞു.

ചുബുക്ക് നടപ്പുനിർത്തി പുകയിലസഞ്ചി പുറത്തെടുത്തു് പൈ പ്പുനിറച്ചു. അയാളുടെ വിരലുകളും കുറേശ്ശെ വിറയ്ക്കുന്നുണ്ടെന്ന് എനിക്ക തോന്നി. വെള്ളം കുടിക്കുന്നതുപോലെ ആർത്തിയോടെ അയാൾ പുക അകത്തേക്ക വലിച്ചുകൊണ്ടിരുന്നു. പിന്നീട് പുകയിലസഞ്ചി പോ ക്കററിലിട്ടിട്ട് എന്റെ തോളിൽ സ്നേഹപൂർവ്വം തട്ടിക്കൊണ്ട് അയാൾ സന്തോഷത്തോടെ പറഞ്ഞു:

''കഷ്ടിച്ച രക്ഷപ്പെട്ടു, അല്ലേ ചങ്ങാതീ? ബോറിസ്, നീ ഇന്ന് ഒട്ടും മോശമായിരുന്നില്ല. നീ അയാളുടെ കയ്യിൽ കടിച്ച കടി!'' അ തോർത്തു് അയാൾ അടക്കിച്ചിരിച്ചു. ''അസ്സൽ ചെന്നായ്ക്കുട്ടിയെപ്പോ ലെ. അതെ, ചങ്ങാതീ, യുദ്ധത്തിൽ തോക്കമാത്രമല്ല ഉപകരിക്കുന്നതു്, ചിലപ്പോൾ പല്ലും സഹായിക്കും!''

''പക്ഷേ ആ ബോംബിന്റെ കാര്യം...'' ഞാൻ അപരാധബോ ധത്തോടെ പറഞ്ഞു. ''ഞാൻ അതു് സേഫ്ററികൃാച്ച് മാററാതെ എ റിയാൻ പോവുകയായിരുന്നു.''

''ബോംബോ?'' ചുബുക്ക് പുഞ്ചിരിച്ചു. ''നീ മാത്രമല്ല, ചങ്ങാ തീ, അങ്ങിനെ ചെയ്തിട്ടുള്ളതു്. ആദ്യമായിട്ട് അതിടുമ്പോൾ എല്ലാവ രും എന്തെങ്കിലും ഒരു മണ്ടത്തരം കാട്ടും. ചെറുപ്പത്തിൽ ഞാനും അങ്ങി നെ ചെയ്തിട്ടുണ്ട്. ആകെ വിരണ്ട്, ചെയ്യുന്നതെന്താണെന്നറിയാതെയാ ണ് നാമതു ചെയ്യുന്നതു്. കല്ലെടുത്തെറിയുന്നതുപോലെ അതെറിയും. വ രൂ. നമുക്ക് ഒരുപാട്ട ദൂരം പോകാനുണ്ട്.''

ലഘുവായ ഹൃദയത്തോടും ലഘുവായ ചുവടുവയ്പുകളോടുമാണ് ഞ

ങ്ങളും ബാക്കിവഴി നടന്നു താവളത്തിലെത്തിയതു്. പരീക്ഷ കഴിഞ്ഞ ഒരു വിദ്യാർത്ഥിയുടെ മനോഭാവമായിരുന്നു എനിക്കു്.

സ്റ്റൂഹരെവു് ഇനി ഒരിക്കലും എന്നെപ്പററി ചീത്ത അഭിപ്രായം പറയുകയില്ല.

വാസ്യ താവളത്തിലെത്തി ബോധരഹിതനായ തടവുകാരനെ കമാണ്ടറെ ഏല്പിച്ചു. പിറേറന്നു രാവിലെ വൈററ്ഗാർഡുകാരനു ബോധം തെളിഞ്ഞു. ഞങ്ങൾക്കു് കടന്നുപോകേണ്ടിയിരുന്ന റെയിൽപാളം ഒരു കവചിതവാഹനത്താൽ സംരക്ഷിക്കപ്പെടുന്നുണ്ടെന്നും അടുത്തുള്ള ചെറിയ സ്റ്റേഷനിൽ ഒരു ജർമ്മൻ ബററാലിയൺ നിലയുറപ്പിച്ചിട്ടുണ്ടെന്നും, ഗ്ലൂഹൊവ്കയിൽ ക്യാപ്ററൻ സീഹരെവിൻെറ കീഴിലുള്ള ഒരു വൈററ്ഗാർഡു് സേനാവിഭാഗം താവളമടിച്ചിട്ടുണ്ടെന്നും അയാളെ ചോദ്യം ചെയ്തപ്പോൾ വെളിപ്പെട്ടു.

കടുംപച്ചനിറമാർന്ന പച്ചിലപ്പടപ്പുകളിൽ ബേർഡ്ചെറി പൂക്കളുടെ സുഗന്ധം അനുഭവപ്പെട്ടു. ശരിയായി വിശ്രമിച്ച ചുവപ്പുഭടന്മാർ ഉന്മേഷവാന്മാരായിയിരുന്നു. യാതൊന്നും അവരെ അലട്ടുന്നില്ലെന്നു തോന്നി. ഫേജ സിർത്സോവും അയാളുടെ ഉല്ലാസവാന്മാരായ കുതിരപ്പടയാളികളും അടുത്തുള്ള ഗ്രാമത്തിൽ നിരീക്ഷണം നടത്തിയിട്ടു തിരിച്ചുവന്നു. മുമ്പിലുള്ള വഴിയിൽ തടസ്സങ്ങളൊന്നുമില്ലെന്നും അടുത്തുള്ള ഗ്രാമീണർ ചുവപ്പുസേനയോടു് അനുഭാവമുള്ളവരാണെന്നും അവർ റിപ്പോർട്ടു ചെയ്തു. ആ ഗ്രാമത്തിൽനിന്നു് ഒക്ടോബറിൽ ഓടിപ്പോയ ഭൂവുടമ ആയിടെ വൈററ്ഗാർഡു് പട്ടാളക്കാരുമായി തിരിച്ചുവന്നു് കുടിലുകൾതോറും കയറിയിറിങ്ങി തൻെറ എസ്റ്റേററിൽനിന്നുള്ള സ്വത്തു് പിടിച്ചുവാങ്ങിയത്രെ. അത്തരം സ്വത്തുക്കൾ കൈവശംവച്ച എല്ലാവരേയും അയാൾ പള്ളിക്കു മുമ്പിലുള്ള കവലയിൽ കൊണ്ടുനിർത്തി അടിമകളെ തല്ലിയിരുന്നതിനേക്കാൾ കഷ്ടമായി തല്ലിച്ചതച്ചു. അതുകൊണ്ടു് ചുവപ്പുസേനക്കാർ ചെല്ലുന്നതു് ഗ്രാമവാസികൾക്കു സന്തോഷമാണു്.

പന്നിക്കൊഴുപ്പു് തിന്നുകയും ചായയ്ക്കുപകരം തിളപ്പിച്ചവെള്ളം കുടിക്കുകയും ചെയ്തിട്ടു് ഞാൻ തടവുകാരൻെറ ചുററും കൂടിയിരുന്ന ചുവപ്പുസേനക്കാരുടെ അടുത്തേക്കു ചെന്നു.

''ഹലോ!'' വാസ്സ ഷ്ലാക്കൊവ് സ്നേഹപൂർവ്വം എന്നെ സ്വാഗതം ചെയ്തു. അയാഠം ഒരു മഗ്ഗ് തിളച്ചവെള്ളം കുടിച്ചുതീർത്തിട്ട് കുപ്പായ കൈകൊണ്ട് മുഖം തുടച്ചു. ''നീ ആള തരക്കേടില്ല!''

''കാര്യമെന്താണ്?''

''ഇന്നലെ തോക്ക വലിച്ചെറിഞ്ഞതു കണ്ടപ്പോഠം തോന്നിയതാണ്''.

''ചരിവിൽ നിന്നു് നിങ്ങഠം ആദ്യം ചാടിയിറങ്ങിയിട്ട് അവസാനം സഹായത്തിനെത്തിയതോ?'' ഞാൻ തിരിച്ചടിച്ചു.

''ചങ്ങാതീ, ഞാൻ ഒരു ചെളിക്കണ്ടിൽ ചാടിപ്പോയി. അവിടുന്ന് കാലുപൊക്കിയെടുക്കാൻ കുറെ പണിപ്പെടേണ്ടിവന്നു. അതാണ് താമസിച്ചതു്. എങ്കിലും നമ്മഠം ഇന്നലെ കസറി. എൻെറ പിന്നിൽ ബോംബുപൊട്ടുന്നതു കേട്ടപ്പോഠം നിങ്ങളുടെ കഥ കഴിഞ്ഞെന്നു് ഞാൻ നിശ്ചയിച്ചു. സത്യത്തിൽ ഞാൻ അങ്ങിനെയാണ് വിചാരിച്ചതു്. ഞാൻ ഇവരോടു പറഞ്ഞു: ''അവരുടെ കട പൂട്ടിയെന്നാണ് തോന്നുന്നതു്.'' എന്നിട്ട് ഞാൻ മനസ്സിൽ വിചാരിച്ചു: ''അവൻ ആ തുകൽസഞ്ചി വച്ചുമാറാൻ തയ്യാറില്ലായിരുന്നു. ഇപ്പോഠം വൈററ്ഗാർഡുകാർക്ക് അതു വെറുതെ കിട്ടും! ഒന്നാന്തരം ഒരു സഞ്ചിയാണിതു്.'' എൻെറ തോളിൽ തൂക്കിയിട്ടിരുന്ന ആ തുകൽസഞ്ചിയിൽ തൊട്ടുകൊണ്ട് അയാഠം പറഞ്ഞു: ''ആ, എനിക്ക് നിൻെറ സഞ്ചി വേണ്ട! നീതന്നെ എടുത്തോ. കഴിഞ്ഞ മാസത്തിൽ ഇതിലും നല്ല ഒരെണ്ണം എനിക്ക കിട്ടിയതാണ്. ഞാനതു വിററു. നീ അത്ര പൊങ്ങുകയും മററും വേണ്ട.'' അവജ്ഞയോടെ മൂക്ക ചുളിച്ചുകൊണ്ട് അയാഠം പറഞ്ഞു നിർത്തി.

ഞാൻ അത്ഭുതത്തോടെ വാസ്സയെ നോക്കി. വിസ്കിയുടേതുപോലുള്ള അയാളുടെ മുഖവും മന്ദനെപ്പോലുള്ള നടപ്പും കണ്ടാൽ തലേദിവസം ചുണയായി ശത്രുക്കളെ കണ്ടുപിടിക്കുകയും തടവുകാരനേയും കൊണ്ട് അതിശീഘ്രം കുതിരയോടിച്ചു പോരികയും ചെയ്ത മനുഷ്യനാണ് അതെന്ന് വിശ്വസിക്കാൻ പ്രയാസം തോന്നും.

ചുവപ്പുപടയാളികഠം പ്രഭാതഭക്ഷണം കഴിഞ്ഞു് മാർച്ചിനു തയ്യാറെടുത്തു തുടങ്ങി. അവർ കോട്ടിൻെറ ബട്ടണിടുകയും കാലിലെ പട്ടീസു് അഴിച്ചുകെട്ടുകയും ചെയ്തു.

ഞാൻ നേരത്തേ തയ്യാറായിക്കഴിഞ്ഞു. മററുള്ളവർ തയ്യാറാകുന്ന സ

മയത്തു്, പൂത്തു നില്ക്കുന്ന ബേർഡ്ചെറി ഒരു നോക്കുകൂടി കാണാനായി ഞാൻ കാടിന്റെ വക്കിലെത്തി.

പിന്നിൽനിന്നു് കാൽപ്പെരുമാററം കേട്ടു. ഞാൻ തിരിഞ്ഞുനോക്കിയപ്പോഠം തടവുകാരനും അയാളുടെ പിന്നിലായി ചുബുക്കും മററു മൂന്നു പേരും നടന്നുവരുന്നതാണു കണ്ടതു്.

''അവർ എവിടെ പോവുകയായിരിക്കും?'' പാറിപ്പറന്ന മുടിയുമായി വിഷാദത്തോടെ നടക്കുന്ന തടവുകാരനെ നോക്കിക്കൊണ്ടു് ഞാൻ അത്ഭുതപ്പെട്ടു.

''നിൽക്കു്!'' ചുബുക്ക് കല്പന നൽകി. എല്ലാവരും നിന്നു.

ചുബുക്കിനേയും വൈററ്ഗാർഡുകാരനേയും ഒന്നുകൂടി നോക്കിയപ്പോഠം അയാളെ എന്തിനാണു് അവിടെ കൊണ്ടുവന്നതെന്നു് എനിക്കു് മനസ്സിലായി. കാലുകഠം വലിച്ചിഴച്ചുകൊണ്ടു് ഞാൻ തിരിഞ്ഞോടി. ഒരു ബർച്ചുമരത്തിൽ ബലമായി പിടിച്ചുകൊണ്ടു് ഞാൻ നിന്നു.

ഒരു വെടി പൊട്ടി.

''എന്റെ കുട്ടീ,'' തെല്ലൊരു മനസ്താപത്തോടെ ചുബുക്ക് സഗൗരവം പറഞ്ഞു. ''യുദ്ധം ഒരു കളിയോ വിനോദയാത്രയോ ആണെന്നാണു വിചാരമെങ്കിൽ നീ തിരിച്ചു വീട്ടിൽ പോകുന്നതാണു നല്ലതു്. വൈററ്ഗാർഡുകാരൻ വൈററ്ഗാർഡുകാരനാണു്. നമ്മളും അവരും തമ്മിൽ സന്ധിയില്ല. അവർ നമ്മെ വെടിവയ്ക്കുന്നു. നമ്മഠം അവരേയും വെറുതെ വിടില്ല!''

ഞാൻ ചുവന്ന കണ്ണുകളുയർത്തി ചുബുക്കിനെ നോക്കിക്കൊണ്ടു് ശാന്തമായും എന്നാൽ ദൃഢസ്വരത്തിലും പറഞ്ഞു:

''ഞാൻ തിരിച്ചുപോവുകയില്ല. ഇതു് തീരെ പ്രതീക്ഷിക്കാതെ ആയതുകൊണ്ടാണു്. ഞാൻ ഒരു ചുവപ്പുപടയാളിയാണു്, ഞാൻ സ്വമനസ്സാലെ യുദ്ധംചെയ്യാൻ ഇറങ്ങി പുറപ്പെട്ടതാണു്...'' അത്രയും പറഞ്ഞു നിർത്തിയിട്ടു് ക്ഷമാപണരൂപത്തിൽ ഞാൻ മെല്ലെ കൂട്ടിച്ചേർത്തു, ''ഞാൻ ഉജ്ജ്വലമായ സോഷ്യലിസ്റ്റ് സാമ്രാജ്യത്തിനുവേണ്ടി പൊരുതാൻ ഇറങ്ങിയവനാണു്.''

അദ്ധ്യായം ആറു്

റഷ്യയും ജർമ്മനിയും തമ്മിൽ ഒരു സമാധാന ഉടമ്പടിയിൽ ഒപ്പു വച്ചിട്ടു് വളരെ നാരം കഴിഞ്ഞെങ്കിലും ഉക്രൈനും ദോൺബാസും ജർമ്മൻ പട്ടാളക്കാരെക്കൊണ്ടു് നിറഞ്ഞിരുന്നു. സേനാദളങ്ങരം രൂപീകരിക്കു വാൻ അവർ വൈററ്ഗാർഡുകാരെ സഹായിച്ചു. ആ വസന്തകാലദി നങ്ങളിൽ ആഞ്ഞടിച്ചുകൊണ്ടിരുന്ന കാററു് പുകയും തീയും തുപ്പിക്കൊ ണ്ടിരുന്നു.

മററനേകം ഒളിപ്പോർ സേനാദളങ്ങളെപ്പോലെ ഞങ്ങളുടെ ദളവും ശത്രുവിൻെറ പിന്നിൽനിന്നുകൊണ്ടു് ഒററയ്ക്കു് പൊരുതുകയായിരുന്നു. പകൽസമയത്തു് ഞങ്ങരം പാടങ്ങളിലോ മലയിടുക്കുകളിലോ മറഞ്ഞി രിക്കും. അതല്ലെങ്കിൽ വല്ല ഓണംകേറാമൂലയിലുമുള്ള കൃഷിക്കളത്തിൽ കൂടാരമടിക്കും. രാത്രിയിൽ പട്ടാളക്കാർ അധികമില്ലാത്ത ചെറിയ സ്റ്റേ ഷനുകരം ആക്രമിക്കും. ഞങ്ങരം നാട്ടിൻപുറത്തെ വഴിയരികിൽ പതി യിരുന്നു് ശത്രുക്കളുടെ വാഹനങ്ങരം ആക്രമിക്കുകയും മിലിട്ടറി സന്ദേശ ങ്ങരം പിടിച്ചെടുക്കുകയും ആഹാരം തേടി വരുന്ന അവരുടെ സംഘങ്ങ ളെ ശിഥിലമാക്കുകയും ചെയ്തുപോന്നു.

എന്നാൽ ശത്രുവിൻെറ വലിയ സേനാവിഭാഗങ്ങളുള്ളിടത്തുനിന്നു് ഒഴിഞ്ഞുമാറാനുള്ള ഞങ്ങളുടെ ധൃതിയും നേരെ നിന്നു യുദ്ധംചെയ്യാനുള്ള ഞങ്ങളുടെ വൈമുഖ്യവും ലജ്ജാകരമാണെന്നു് ആദ്യമൊക്കെ എനിക്കു തോന്നിയിരുന്നു. ഞാൻ ആ സേനാദളത്തിലായിട്ടു് ആഴ്ചകരം ആറു ക ഴിഞ്ഞിരുന്നെങ്കിലും ഒരു യഥാർത്ഥ പോരാട്ടത്തിൽ പങ്കെടുക്കുവാനുള്ള അവസരം അതേവരെ ലഭിച്ചിരുന്നില്ല. ചില്ലറ ഏററുമുട്ടലുകരം നടത്തു കയും ഉറക്കം തൂങ്ങിയ വൈററ്ഗാർഡുകാരേയും കൂട്ടം തെററിയവരേയും ഞങ്ങരം ആക്രമിക്കുകയും ചെയ്തിരുന്നു. ഞങ്ങരം എണ്ണമററ കമ്പികരം മു

റിക്കുകയും കമ്പിത്തൂണുകഠം മറിച്ചിടുകയും ചെയ്തിട്ടുണ്ടെങ്കിലും ഒരു യഥാർത്ഥ യുദ്ധത്തിൽ ഒരിക്കലും പങ്കെടുത്തിട്ടില്ല.

''അതുകൊണ്ടുതന്നെയാണ്ഠ നമ്മഠം ഒളിപ്പോരാളികളാണെന്നു പറയുന്നത്ഠ,'' ഞങ്ങളുടെ സേനാദളത്തിൻെറ പെരുമാററത്തിൽ ഞാൻ അത്ഭുതം പ്രകടിപ്പിച്ചപ്പോഠം ചുബുക്ക് യാതൊരു മനപ്രയാസവും കൂടാതെ പറഞ്ഞു. ''സിനിമയിൽ കാണുന്നതുപോലെ വേണമെന്നാണ്ഠ നിൻെറ ആഗ്രഹം, അല്ലേ? അങ്കപ്പോരാളികളെപ്പോലെ അണിനിരന്നു് മാർച്ചു ചെയ്തു പോകണം, അല്ലേ? നമ്മഠം എത്ര ധീരന്മാരാണെന്നു് നീ ഒന്നു് നോക്ക്! നമുക്ക് എത്ര യന്ത്രത്തോക്കുണ്ടെന്നറിയാമോ? ഒന്നു്. അതിനാണെങ്കിൽ മൂന്നു ബെൽററുകളേയുള്ളു. സീഹരെവിനു് നാലു 'മാക്സിം' തോക്കുകളും രണ്ടു് പീരങ്കികളുമുണ്ടു്. അവരോടു നേരിട്ടു് പൊരുതി നേടാൻ കഴിയുമോ? നമുക്കു് മററൊരു മാർഗ്ഗമാണു് നല്ലതു്. ഒളിപ്പോരാളികളായ നമ്മഠം കടന്നലുകളെപ്പോലെയാണു്, ചെറുതാണെങ്കിലും കുത്തിയാൽ ഭയങ്കരമായിരിക്കും. അടിച്ചിട്ടു് ഓടിരക്ഷപ്പെടുക എന്നതാണു് നമ്മുടെ നയം. മററുള്ളവരെ കാണിക്കാൻവേണ്ടി ധീരത കാട്ടുന്നതുകൊണ്ടു് നമുക്കു് യാതൊരു പ്രയോജനവുമില്ല. വാസ്തവത്തിൽ അതു ധീരതയല്ല വിഡ്ഢിത്തമാണു്!''

അക്കാലത്തു് എൻെറ സഖാക്കളിൽ പലരേയും എനിക്കു് അടുത്തറിയാൻ കഴിഞ്ഞു. രാത്രിയിൽ പാറാവുനില്ലുമ്പോഴും വൈകുന്നേരം തീക്കുണ്ഡത്തിനു ചുററുമിരിക്കുമ്പോഴും നട്ടുച്ചനേരത്തെ ചൂടിൽ ചെറിമരങ്ങഠംക്കടിയിൽ ആലസ്യത്തോടെ കിടക്കുമ്പോഴും എൻെറ സഖാക്കളുടെ ജീവിതത്തിൽനിന്നുള്ള പല കഥകളും ഞാൻ കേട്ടു.

എപ്പോഴും മുഖംവീർപ്പിച്ചു നടക്കുന്ന ഒററക്കണ്ണനായ മാലീഗിൻ—അയാളുടെ മറേറ കണ്ണു് ഒരു ഖനി അപകടത്തിൽ നഷ്ടപ്പെട്ടതാണു്—തൻെറ ജീവിതകഥ പറഞ്ഞു:

''എനിക്കു് അധികമൊന്നും പറയാനില്ല. ഭയങ്കര കഷ്ടപ്പാടായിരുന്നു എന്നുമാത്രം പറയാം. കഴിഞ്ഞ ഇരുപതു വർഷത്തെ എൻെറ ജീവിതം മൂന്നു സമഭാഗങ്ങളായി തിരിക്കാം. രാവിലെ ആറുമണിക്കു്, തലേന്നു തുടങ്ങിയ തലവേദനയുമായി എണീക്കുന്നു, ഖനിയിലിറങ്ങാനുള്ള വസ്ത്രം ധരിക്കുന്നു, വിളക്കും വാങ്ങിക്കൊണ്ടു് അടിയിലേക്കിറങ്ങുന്നു, ഖനിയിൽ ഡ്രില്ലുകൊണ്ടു് തുളച്ചു് വെടിമരുന്നു വയ്ക്കാൻ പഴുതുകളുണ്ടാക്കു

ന്നു, വെടിമരുന്നു വച്ച് പൊട്ടിക്കുന്നു. പൊട്ടിച്ചുപൊട്ടിച്ച് ചെകിടു കേൾക്കാതാവുകയും തലകറങ്ങുകയും ചെയ്യുന്നു. പുറത്തേക്കു വരാൻ ഷാഫ്റ്ററിലെത്തുന്നു. നനഞ്ഞു കറുത്ത്, ഒരു പിശാചിനെപ്പോലെ മുകളിലെത്തുന്നു. എന്റെ ജീവിതത്തിന്റെ ഒന്നാം ഭാഗം അതാണ്. അതുകഴിഞ്ഞ് ഞാൻ മദ്യശാലയിൽ ചെന്ന് ഒരു കുപ്പി വാങ്ങുന്നു—അവർ അതിന്റെ കാശു വാങ്ങുകയില്ല, ഓഫീസിൽനിന്ന് കൊടുത്തോളും. ഖനിവക കടയിൽ ചെന്ന് കുപ്പി കാണിച്ചാൽ ഒരക്ഷരം പറയാതെ അവർ രണ്ട് ഉപ്പിലിട്ട വെള്ളരിക്കയും ഒരു റൊട്ടിയും ഒരു മീനും തരും. ഒരു കുപ്പിയ്ക്ക് അതാണ് കണക്ക് ഓഫീസുകാർ അതിനുള്ള കാശ് ശമ്പളത്തിൽനിന്നു പിടിക്കുന്നുണ്ടെന്ന് ഓർക്കണം. എന്റെ ജിവിതത്തിന്റെ രണ്ടാം ഭാഗമാണ് അത്. കിടന്ന് ഉറങ്ങുന്നതാണ് മൂന്നാം ഭാഗം. ഞാൻ പോത്തിനെപ്പോലെ കിടന്നുറങ്ങുമായിരുന്നു. എനിക്ക് വോഡ്ക്കയേക്കാൾപ്പോലും പ്രിയങ്കരമായിരുന്നു ഉറക്കം. സ്വപ്നം കാണുന്നതുകൊണ്ടാണ് എനിക്ക് ഉറക്കം അത്ര ഇഷ്ടമായിരുന്നത്. സ്വപ്നം എങ്ങിനെയുണ്ടാകുന്നുവെന്ന് ഇപ്പോഴും എനിക്കറിയില്ല. എന്തെല്ലാം വിചിത്രസംഭവങ്ങളാണ് സ്വപ്നത്തിൽ കാണുന്നത്! എനിക്ക് ഒരെത്തും പിടിയും കിട്ടുകയില്ല. ഒരിക്കൽ ഞാൻ സ്വപ്നം കണ്ടതെന്താണെന്നോ? പറയാം: ഖനിയിലെ ഫോർമാൻ എന്നെ വ്വിളിച്ചുപറഞ്ഞു: ''മാലീഗിൻ, തന്നെ പിരിച്ചുവിട്ടിരിക്കുന്നു'. 'എന്തിനാണു സാറേ,' ഞാൻ ചോദിച്ചു. 'താൻ ഡയറക്ടറുടെ മകളെ കല്യാണം കഴിക്കാൻ ഒരുങ്ങിയിട്ട്.' 'ഞാനോ?' ഞാൻ പറഞ്ഞു. 'എന്നെപ്പോലുള്ള ഒരു ഖനിത്തൊഴിലാളി ഡയറക്ടറുടെ മകളെ കല്യാണം കഴിക്കുന്നതെങ്ങിനെ? ഒററക്കണ്ണനായ എന്നെ ഒരു അനാഥപ്പെണ്ണുപോലും കല്യാണം കഴിക്കയില്ല.' അതു കഴിഞ്ഞപ്പോൾ എല്ലാം മാറിമറിഞ്ഞു. ഫോർമാൻ ഫോർമാനേ ആയിരുന്നില്ല, ഡയറക്ടറുടെ വണ്ടിയിൽ കെട്ടിയ കുതിരയായിരുന്നു. ഡയറക്ടർതന്നെ കുതിരവണ്ടിയിൽ നിന്നിറങ്ങി. ഉപചാരപൂർവ്വം എന്നെ വന്ദിച്ചുകൊണ്ടു പറഞ്ഞു: 'പതിനായിരം റൂബിളും എന്റെ ഫോർമാനേയും—അതായത് കുതിരയേയും—സ്വീകരിച്ചുകൊണ്ട് താൻ എന്റെ മകളെ വിവാഹം ചെയ്യണം.' ഞാൻ സന്തോഷംകൊണ്ടു മതിമറന്ന് അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നപ്പോൾ ഡയറക്ടർ അയാളുടെ വാക്കിംഗ്സ്റ്റിക്കുകൊണ്ട് എന്നെ അടിച്ചുതുടങ്ങി. ഫോർമാൻ കുളമ്പുകൊ

ണ്ടു് എന്നെ ചവിട്ടുകയും 'ഹ, ഹ, ഹ, അവനെ കണ്ടോ' എന്നു് വിളിച്ചുപറയുകയും ചെയ്തു. അയാൾ എന്നെ പിന്നേയും പിന്നേയും ചവിട്ടി. ഉറക്കത്തിൽ ഞാൻ നിലവിളിച്ചു. ആ മുറിയിലുള്ള എല്ലാവരും ഉണർന്നു. രാത്രിയിൽ കിടന്നുറങ്ങാൻ സമ്മതിക്കയില്ലെന്നു പറഞ്ഞു് ഒരുത്തൻ എന്റെ പള്ളയ്ക്കിട്ടു കുത്തി.' ''

''നല്ല സ്വപ്നം!'' ഫേജ സിർത്ത്സോവ് ചിരിച്ചു. ''താൻ ആ പെണ്ണിനെ തുറിച്ചുനോക്കിക്കാണും അതാണു് അവളെ സ്വപ്നം കണ്ടതു്. എനിക്കു് അങ്ങിനെ പററാറുണ്ടു്. ഞാൻ ഉറങ്ങുന്നതിനുമുമ്പു് എന്തിനെപ്പററിയെങ്കിലും വിചാരിച്ചാൽ അതു് അന്നു് സ്വപ്നം കാണും. കഴിഞ്ഞ ദിവസം കൊല്ലപ്പെട്ട ജർമ്മൻകാരന്റെ കാലിൽ കിടന്ന ബൂട്ടുകളുടെ കാര്യം തന്നെ എടുക്കാം. നല്ല ബൂട്ടുകളായിരുന്നു. അതെടുക്കാൻ എനിക്കു് സാധിച്ചില്ല. ഇപ്പോൾ എന്നും ഉറക്കത്തിൽ ഞാൻ ആ ബൂട്ടുകൾ സ്വപ്നം കാണാറുണ്ടു്!''

''ബൂട്ടു്! തന്റെ തല!'' മാലീഗിൻ പറഞ്ഞു. ''അതിനു് ഒരു വർഷം മുമ്പു് ഒരിക്കലാണു് ഞാൻ അയാളുടെ മകളെ ആകെക്കൂടി കണ്ടിട്ടുള്ളതു്. ഞാൻ കുടിച്ചു ബോധമില്ലാതെ ഒരു കുഴിയിൽ കിടക്കുകയായിരുന്നു. അവളും അവളുടെ അമ്മയുംകൂടി അടുക്കളത്തോട്ടത്തിനടുത്തുള്ള വഴിയിലൂടെ നടന്നുവന്നു. അവരുടെ കുതിരകളും ഒപ്പമുണ്ടായിരുന്നു. അമ്മ തല നരച്ച ഒരു ആഢ്യസ്ത്രീ ആയിരുന്നു. അവർ എന്റെ അടുത്തുവന്നു് ചോദിച്ചു: '' 'തനിക്കു് നാണമില്ലേ? താൻ ഒരു മനുഷ്യനാണെന്ന ബോധം തനിക്കുണ്ടോ? ഒന്നുമില്ലെങ്കിൽ ദൈവത്തെയെങ്കിലും ഓർമ്മ വേണം.' 'ക്ഷമിക്കണം, കൊച്ചമ്മേ,' ഞാൻ പറഞ്ഞു. 'ഞാൻ മനുഷ്യനാണെന്നു് എനിക്കു തോന്നുന്നില്ല. അതാണു് കുടിക്കുന്നതു്.' ''

ആ സ്ത്രീക്കു് എന്നോടു ദയതോന്നി. അവർ ഒരു പത്തുകോപ്പെക്കിന്റെ തുട്ടു് എന്റെ കയ്യിൽ വച്ചുതന്നിട്ടു പറഞ്ഞു: ''കൃഷിക്കാരാ, ചുററുപാടുംനോക്കൂ. പ്രകൃതി മന്ദഹസിക്കയാണു്, സൂര്യൻ പ്രകാശം ചൊരിയുന്നു, പക്ഷികൾ പാടുന്നു. എന്നിട്ടു് താൻ കുടിച്ചു ലക്കുകെട്ടു കിടക്കുകയാണു്. കുറച്ചു് സോഡ വാങ്ങി കുടിച്ചു് ലഹരി ഇറക്കു്.'' എനിക്കു് ദേഷ്യം വന്നു. ഞാൻ പറഞ്ഞു: ''ഞാൻ കൃഷിക്കാരനല്ല. നിങ്ങളുടെ ഖനിയിലെ തൊഴിലാളിയാണു്. പ്രകൃതി മതിയാവോളം പുഞ്ചിരിച്ചുകൊള്ളട്ടെ. പക്ഷേ എനിക്കു് സന്തോഷിക്കാൻ കാരണമൊന്നുമില്ല.

സോഡയാണെങ്കിൽ ഞാൻ അതു ജീവിതത്തിൽ ഒരിക്കലും കുടിച്ചിട്ടില്ല. നിങ്ങൾക്ക് എന്നോടു ദയകാണിക്കണമെന്നുണ്ടെങ്കിൽ ഒരു പത്തു കോപ്പെക്കുകൂടി തന്നാൽ ഞാൻ അരക്കുപ്പി വോഡ്ക്ക വാങ്ങി നിങ്ങളെ കണ്ട സന്തോഷം ആഘോഷിക്കാം.'' '''മൃഗം !'ആ മാന്യമഹിള പറഞ്ഞു. 'മൃഗം ! തന്നെ ഖനിയിൽനിന്നു് പിരിച്ചുവിടണമെന്നു് ഞാൻ വീട്ടിൽ ച്ചെന്നു് പറയുന്നുണ്ടു്.' '' അവരും മകളും കുതിരവണ്ടിയിൽ കയറി എങ്ങോട്ടോ പോയി. ഞാൻ ആ സ്ത്രീയോടു് അത്രമാത്രമേ സംസാരിച്ചിട്ടുള്ളു. മകളാണെങ്കിൽ ആ സമയമത്രയും പുറംതിരിഞ്ഞു നില്ക്കുയായിരുന്നു. എന്നിട്ടാണു് ഞാൻ അവളെ തുറിച്ചുനോക്കിയെന്നു് താൻ പറയുന്നതു് !

''സ്വപ്നം സാരമില്ല !'' ഫേജ സിർത്സോവ് ചിരിച്ചുകൊണ്ടു് പറഞ്ഞു. ''നടന്ന ഒരു സംഭവം കോക്കണോ? എന്റേയും ഒരു പ്രഭ്വിയുടേയും കാര്യമാണു്. ആ സംഭവമാണു് എന്നെ വിപ്ലവകാരിയാക്കിയതെന്നു് പറയാം. അതു കേട്ടാൽ നിങ്ങളാരും വിശ്വസിക്കയില്ല.''

ഫേജ ചുരുണ്ട മുടി പുറകോട്ടു് ഒതുക്കിവയ്ക്കുകയും കലവറയിൽനിന്നു് പുറത്തു കടന്ന പൂച്ചയെപ്പോലെ നിർവൃതിയോടെ കണ്ണുകളിറുക്കിപ്പിടിക്കുകയും ചെയ്തു.

''ബഡായിയാണോ, ഫേജ?'' വാസ്യ ഷ്വാക്കൊവ് അടുത്തു ചെന്നു് ജിജ്ഞാസയും അവിശ്വാസവും കലർന്ന സ്വരത്തിൽ ചോദിച്ചു.

''നിങ്ങൾ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്തോളൂ. അതിനു തെളിവായി ഞാൻ രേഖകളൊന്നും ഹാജരാക്കാൻ പോകുന്നില്ല.''

ഫേജ നിവർന്നിരുന്നു. കഥ പറയണോ വേണ്ടയോ എന്നു് സ്വയം തർക്കിക്കുന്ന മട്ടിൽ അയാൾ തല കുലുക്കിക്കൊണ്ടിരുന്നു. പിന്നീടു് ഒരു തീരുമാനത്തിലെത്തിച്ചേർന്നതുപോലെ അയാൾ നാക്കുകൊണ്ടു് ഒരു ശബ്ദം കേൾപ്പിച്ചിട്ടു് പറഞ്ഞു തുടങ്ങി:

''മൂന്നു വർഷം മുമ്പാണു് അതു നടന്നതു്. അന്നു് ഞാൻ കാണാൻ കൊള്ളാവുന്ന ഒരു പയ്യനായിരുന്നെന്നു് പറയാതെ തന്നെ നിങ്ങൾക്കു് ഊഹിക്കാമല്ലോ. വാസ്തവത്തിൽ അന്നു് ഞാൻ ഇപ്പോഴത്തേക്കാൾ സുന്ദരനായിരുന്നു. ഒരു പ്രഭുവിന്റെ എസ്റ്റേററിൽ മേച്ചിൽക്കാരനായി ജോലി നോക്കേണ്ട ഒരു ചുററുപാടായിരുന്നു എന്റേതു്. പ്രഭുവിനു് ഒരു ഭാര്യയുണ്ടായിരുന്നു—എമീലിയ. അവർക്കു് ആന്ന എന്നുപേരുള്ള ഒരു ഗ

വർണസ്സും ഉണ്ടായിരുന്നു. ജാനെററ് എന്നാണ് അവർ അവളെ വിളിച്ചിരുന്നത്.

ഒരു ദിവസം ഞാൻ കന്നാലിപ്പററത്തെ നോക്കിക്കൊണ്ട് കളത്തിന്നടുത്ത് ഇരിക്കുമ്പോൾ സ്ത്രീകൾ രണ്ടുപേരും കുടയും പിടിച്ച് നടന്നു വരുന്നതു കണ്ടു. പ്രഭുപി വെളുത്ത കുടയും ജാനെററ് ചുവന്ന കുടയുമാണ് പിടിച്ചിരുന്നത്. ആ ജാനെററ് ഒരു ഉണക്ക കൊഞ്ചുപോലെയാണ് ഇരുന്നിരുന്നത്—എല്ലും തൊലിയും മാത്രമുള്ള ശരീരവും വലിയ കണ്ണടയും. ഗ്രാമത്തിൽ നടക്കുമ്പോഴൊക്കെ അവൾ തുവാലകൊണ്ട് മൂക്കു പൊത്തും—ചാണകത്തിന്റെ മണം അവൾക്കു സഹിക്കാൻ വയ്യത്രെ! എന്റെ പററത്തിൽ ഒരു ഒന്നാന്തരം കാളയുണ്ടായിരുന്നു, ഒരു കൂററൻ. എന്റെ കാള ചുവന്ന കുട കണ്ട് ജാനെററിന്റെ നേരെ പാഞ്ഞു. ഞാൻ അവനെ തടയാൻ ഇടയ്ക്കു കയറിനിന്നു. പെണ്ണുങ്ങൾ നിലവിളിച്ചു. പ്രഭുപി കുററിക്കാട്ടിൽ ഒളിച്ചിരുന്നു. എന്നാൽ മനസ്സാന്നിദ്ധ്യം നഷ്ടപ്പെട്ട ജാനെററ് നേരെ ചെന്ന് കുളത്തിൽ ചാടി. കാളയും പിന്നാലെ ചെന്നു. ചുവന്ന കുട വലിച്ചെറിയുന്നതിനു പകരം വിവരംകെട്ട ആ സ്ത്രീ അതുകൊണ്ട് ദേഹം മറച്ചുപിടിക്കുകയും ജർമ്മനിലോ ഫ്രഞ്ചിലോ എന്തോ വിളിച്ചുകൂവുകയുമാണു ചെയ്തത്. ഞാൻ വെള്ളത്തിലേക്കു ചാടിയിറങ്ങി അവളുടെ കുട പിടിച്ചുപറിച്ച് അതുകൊണ്ട് കാളയുടെ മോന്തയ്ക്ക് അടിച്ചു. കലിയിളകിയ കാളയുടെ പക എന്നോടായി. ഞാൻ കുളത്തിന്റെ നടുവിലേക്ക് നീന്തിപ്പോയി. കുട വലിച്ചെറിഞ്ഞിട്ട് ഞാൻ കുളത്തിന്റെ മറെറ കരയിൽ കയറി കുററിക്കാട്ടിൽ ഒളിച്ചു. അപ്പോഴേക്കും മേച്ചിൽക്കാരെല്ലാവരും ഓടിയെത്തിക്കഴിഞ്ഞിരുന്നു. അട്ടഹാസങ്ങളും കൂക്കുവിളികളും മുഴങ്ങി. അവർ കാളയെ പിടിച്ചുകെട്ടുകയും ജാനെററിനെ കരയ്ക്കു കയററുകയും ചെയ്തു. കരയിലെത്തിയപ്പോൾ അവൾ ബോധംകെട്ടു വീണു.''

താൻ കാളയുടെ മുമ്പിൽനിന്ന് അപ്പോൾ രക്ഷപ്പെട്ടതേയുള്ളുവെന്നു തോന്നുമാറു് ഫേജ നെടുതായി നിശ്വസിച്ചു. കഥ തുടരാൻ തയ്യാറായി അയാൾ നാക്കുകൊണ്ട് ഒരു ശബ്ദം പുറപ്പെടുവിച്ചു. എന്നാൽ ആ സമയത്ത് പൂമുഖത്തുനിന്ന് ആരോ അയാളെ വിളിച്ചു:

''ഫേജ... സിർത്സോവ്! കമാണ്ടർ തന്നെ വിളിക്കുന്നു.''

''ഇതാ വന്നു കഴിഞ്ഞു,'' ഫേജ നീരസത്തോടെ കൈ വീശിക്കൊ

ണ്ടു് പറഞ്ഞു. പുഞ്ചിരിതൂകിക്കൊണ്ടു് അയാാം കഥ തുടർന്നു: ''ജാനെ റ്റിനെ മററുള്ളവർ ശുശ്രൂഷിച്ചുകൊണ്ടിരുന്ന സമയത്തു് പേടികൊണ്ടു് വെള്ളക്കടലാസുപോലെ വെളുത്ത മുഖവുമായി എമീലിയ എന്റെയടു ത്തുവന്നു. കിതപ്പുകൊണ്ടു് അവരുടെ നെഞ്ചു് പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു; നിറഞ്ഞ കണ്ണുകളോടെ അവർ എന്നോടു ചോദി ച്ചു: '''ചെറുപ്പക്കാരാ, നീ ആരാണു്?' 'ഞാൻ മേച്ചിൽക്കാരൻ പയ്യനാ ണു്, കൊച്ചമ്മെ, ഫേജ സിർത്സോവ് എന്നാണു് എന്റെ പേരു്,'' ഞാൻ പറഞ്ഞു. പ്രഭ്വി നെടുവീർപ്പിട്ടുകൊണ്ടു് പറഞ്ഞു: 'തിയോദർ' എന്റെ അടുത്തേക്ക നീങ്ങിനിൽക്ക്!' അവർ ഫേജ എന്നതിനു് തി യോദർ എന്നാണു് പറയുക.'''

പ്രഭ്വി ഫേജയോടു് എന്താണു പറഞ്ഞതെന്നോ ചുവപ്പുസേനയിൽ ചേരുന്നതിനും അതിനും തമ്മിലുള്ള ബന്ധം എന്തായിരുന്നെന്നോ അ പ്പോാം ഞങ്ങാംക്ക് അറിയാൻ കഴിഞ്ഞില്ല. കാരണം, ആ സമയത്തു് കുതിമുള്ളകാം ശബ്ദിക്കകയും കുപിതനായ ഷെബാലൊവ് അവിടെ പ്ര ത്യക്ഷപ്പെടുകയും ചെയ്തു.

''ഫേജ,'' വാളിൽ ചാരിനിന്നുകൊണ്ടു് അദ്ദേഹം നഗൗരവം വി ളിച്ചു. ''ഞാൻ തന്നെ വിളിച്ചതു കേട്ടില്ലേ?''

''കേട്ടു'', ഫേജ മുറുമുറുത്തുകൊണ്ടു് എണീററു. ''ഇപ്രാവശ്യം എ ന്താണു്?''

''തന്റെ ചോദ്യത്തിന്റെ അർത്ഥമെന്താണു്? കമാണ്ടർ ആളയ ച്ചാൽ ഹാജരാകണ്ടെന്നാണോ?''

''വേണം, സാർ. തിരുമനസ്സിനു് എന്താണു് വേണ്ടതു്?'' ഫേ ജ പരിഹാസത്തോടെ ചോദിച്ചു.

സാധാരണ അക്ഷോഭ്യനും സാത്വികനുമായ ഷെബാലൊവിനെ അയാളുടെ മറുപടി ചൊടിപ്പിച്ചു.

''ഞാൻ തന്റെ തിരുമനസ്സല്ല,'' വേദനനിറഞ്ഞതും ഗൗരവമാർ ന്നതുമായ ശബ്ദത്തിൽ ഷെബാലൊവ് പറഞ്ഞു. ''താൻ എന്നെ 'സാർ' എന്നു് വിളിക്കകയും വേണ്ട. പക്ഷേ ഞാൻ ഈ സേനാദളത്തി ന്റെ കമാണ്ടറാണു്. അതുകൊണ്ടു് ഞാൻ പറയുന്നതു് അനുസരിക്ക ണം. തെംല്യക്കോവു് ഗ്രാമത്തിൽനിന്നുള്ള കർഷകർ ഇപ്പോാം ഇവി ടെ വന്നിരുന്നു.''

''അതിനു്?'' ഫേജയുടെ കറുത്ത മിഴികഠം ചലിച്ചുകൊണ്ടിരുന്നു.

''അവർ പരാതിപ്പെടാൻ വന്നതാണു്. അവർ പറഞ്ഞു: '' 'നിങ്ങളുടെ സ്ക്വാട്ടു് സംഘം ഗ്രാമത്തിലെത്തി. ഞങ്ങഠം സന്തോഷിച്ചു—നമ്മുടെ ആളുകഠം, സഖാക്കഠം, വന്നല്ലോ. അവരുടെ നേതാവായ കറുത്തമുടിക്കാരൻ ഒരു മീററിംഗു് വിളിച്ചുകൂട്ടി. അയാഠം സോവിയററു് അധികാരത്തിനുവേണ്ടി വാദിക്കുകയും ഭൂമിയേയും ഭൂവുടമകളേയും കുറിച്ചു് സംസാരിക്കുകയും ചെയ്തു. എന്നാൽ ഞങ്ങഠം പ്രസംഗം കേഠംക്കുകയും പ്രമേയം പാസാക്കുകയും ചെയ്തുകൊണ്ടിരുന്ന നേരത്തു് അയാളുടെ ആളുകഠം ഞങ്ങളുടെ കലവറകളിൽ കടന്നു് വെണ്ണ മോഷ്ടിക്കുകയും കോഴികളെ പിടിക്കുകയും ആയിരുന്നു!' 'ഫേജ, എന്താണിതിന്റെ അർത്ഥം? താൻ ഗയ്ദമാക്കുകളോടു് ചേരുന്നതിനു പകരം, വഴിതെററി ഞങ്ങളുടെ കൂട്ടത്തിൽ ചേർന്നതാണോ? അവരാണു് ഇങ്ങിനെ ചെയ്യുന്നതു്. നമ്മഠം ഇങ്ങിനെ ചെയ്യാൻ പാടില്ല. ഇതു് ലജ്ജാകരമാണു്!' ''

ഫേജ അവജ്ഞയോടെ തറയിൽ നോക്കിക്കൊണ്ടു് മിണ്ടാതെ നിന്നു. അയാഠം ചാട്ടയുടെ പിടി ബൂട്ടിൽ മുട്ടിച്ചു് താളം പിടിച്ചു.

''ഫേജ, ഞാൻ അവസാനത്തെ തവണ തന്നെ താക്കീതു ചെയ്യുകയാണു്,'' വാളിന്റെ ചുവന്ന പിടിയിൽ തെരുപ്പിടിച്ചുകൊണ്ടു് ഷെബാലൊവു് പറഞ്ഞു. ''ഞാൻ തിരുമനസ്സല്ല, ഒരു ചെരുപ്പുകുത്തിയായ സാധുമനുഷ്യനാണു്. പക്ഷേ ഞാൻ ഈ ദളത്തിന്റെ കമാണ്ടറായിരിക്കുന്നിടത്തോളം കാലം ഞാൻ പറയുന്നതു് താൻ കേട്ടേ തീരൂ. എല്ലാവരുടേയും മുമ്പിൽവച്ചു് ഞാൻ ഒരിക്കൽ കൂടി പറയുകയാണു്, ഇനി ഇതാവർത്തിച്ചാൽ, താൻ ഒരു നല്ല പോരാളിയും സഖാവുമാണെന്നിരിക്കിലും തന്നെ ഞാൻ പിരിച്ചയയ്ക്കും.''

ഫേജ ധാർഷ്ട്യഭാവത്തോടെ ഷെബാലൊവിന്റെ നേരെ കണ്ണെറിഞ്ഞിട്ടു് ചുററും നിന്നിരുന്ന ചുവപ്പുസേനക്കാരുടെ മുഖം പരിശോധിച്ചു. എങ്ങും സഹതാപം കണ്ടെത്താൻ അയാഠംക്കു കഴിഞ്ഞില്ല. എന്നാൽ അയാളുടെ സെററിൽപ്പെട്ട മൂന്നാലു കുതിരപ്പടയാളികഠം മാത്രം പ്രോത്സാഹിപ്പിക്കുന്നമട്ടിൽ അയാളെ നോക്കി പുഞ്ചിരിതൂകി. അതോടെ ഫേജ ഒന്നു കൂടി ഞെളിഞ്ഞുനിന്നു. ഷെബാലൊവിനോടുള്ള വിദ്വേഷം മറച്ചുവയ്ക്കാതെ അയാഠം പറഞ്ഞു:

''ഷെബാലൊവ്, സൂക്ഷിച്ചു പെരുമാറണം. ഇക്കാലത്ത് നല്ല മനുഷ്യരെ കണ്ടുകിട്ടാൻ അത്ര എളുപ്പമല്ല.''

''ഞാൻ തന്നെ ഇവിടുന്ന് ഓടിക്കും'' എന്ന് ശാന്തമായി പറഞ്ഞുകൊണ്ട് ഷെബാലൊവ് തലകുനിച്ച് മെല്ലെ നടന്നുപോയി.

ആ സംഭവം വളരെ നേരത്തേക്ക് എന്നെ അലട്ടിക്കൊണ്ടിരുന്നു. ഷെബാലൊവ് പറഞ്ഞതാണ് ശരിയെന്ന് അറിയാമായിരുന്നിട്ടും എനിക്ക് ഫേജയോടായിരുന്നു അനുഭാവം. ''അയാളെ ഭീഷണിപ്പെടുത്താതെ കാര്യം പറഞ്ഞാൽ പോരായിരുന്നോ,'' ഞാൻ വിചാരിച്ചു.

ഫേജ ഞങ്ങളുടെ കൂട്ടത്തിലെ ചുണക്കുട്ടികളിൽ ഒരുവനായിരുന്നു. ഉണർവ്വും ഉന്മേഷവും അയാളെ ഒരിക്കലും പിരിയാറില്ല. എന്തെങ്കിലും അന്വേഷിച്ചു കണ്ടുപിടിക്കേണ്ട സന്ദർഭങ്ങളിലും ആഹാരംതേടി വരുന്ന ശത്രുസംഘത്തെ പൊടുന്നനെ കടന്നാക്രമിക്കേണ്ടിവരുമ്പോഴും വൈറ്റ്ഗാർഡുകാർ കാവൽ നിൽക്കുന്ന വല്ല എസ്റ്റേററുകളിലും കടന്നുകൂടേണ്ടിവരുമ്പോഴുമെല്ലാം വളഞ്ഞുപുളഞ്ഞുകിടക്കുന്ന മലയിടുക്കുകളും തോപ്പുകളും താണ്ടി ആദ്യം അവിടെയെത്തുന്നതു് ഫേജയാണ്.

കുളമ്പുകളുടെ ശബ്ദമോ കുതിമുള്ളുകളുടെ കിലുക്കമോ കുതിരയുടെ ചിനയ്ക്കലോ കൂടാതെ പതുങ്ങി ചെല്ലുവാൻ ഫേജയ്ക്കു് പ്രത്യേക ചാതുര്യമുണ്ടായിരുന്നു. കുതിരയെ അടക്കിനിർത്താനായി അതിന്റെ മൂക്കിനിട്ട് ഇടിക്കാനോ സവാരിക്കാരുടെ കുശുകുശുപ്പിനു വിരാമമിടാനായി അവരെ ചാട്ടകൊണ്ടടിക്കാനോ അയാൾക്കു യാതൊരു മടിയുമില്ല. ഫേജയുടെ കുതിരകൾ ചിനയ്ക്കാതിരിക്കാനും അയാളുടെ സവാരിക്കാർ ജീനിയിൽ കയറിയാൽ കുശുകുശുക്കാതിരിക്കാനും പരിശീലിക്കപ്പെട്ടവരാണ്. തന്റെ ഓട്ടക്കുതിരയുടെ ചിടകെട്ടിയ കുഞ്ചിരോമത്തിനുനേരെ അല്പം കുനിഞ്ഞിരുന്ന് സ്കൗട്ട് പാർട്ടിയുടെ മുമ്പിലായി സവാരിചെയ്യുന്ന ഫേജയാകട്ടെ പുല്ലിനിടയിൽ കുടുങ്ങിയ ഒരു വലിയ ഈച്ചയുടെ നേരെ ഇഴഞ്ഞടുക്കുന്ന ഈനാംപേച്ചിയെപ്പോലെയാണിരുന്നതു്.

എന്നാൽ ശത്രുക്കളുടെ പാറാവുകാർ അയാൾ വരുന്ന വിവരം മണത്തറിയുകയും അപകടസൂചന നൽകുകയും ചെയ്യുകയാണെങ്കിൽ വൈറ്റ്ഗാർഡുകാർക്ക് ഉറക്കത്തിൽനിന്ന് ചാടിയെണീററ് ട്രൗസറിടാനോ യന്ത്രത്തോക്കുകാരനു് ബെൽട്ട് ഉറപ്പിക്കാനോ സമയം കിട്ടുന്നതിനു മുമ്പ് ദൃഢചിത്തരായ ചെറുസംഘം കുതിരപ്പടയാളികൾ അട്ടഹാ

സവും ആർപ്പുവിളികളുമായി തുരുതുരെ വെടിവയ്ക്കുകയും ബോംബ് പൊട്ടിക്കുകയും ചെയ്തുകൊണ്ട് ശത്രുക്കളുടെ മേൽ ആഞ്ഞടിക്കും. അപ്പോഴും ഫേജയ്ക്ക് ബഹളവും ശബ്ദകോലാഹലങ്ങളും ഇഷ്ടമാണ്. കുതിച്ചുപായുന്ന കുതിരപ്പുറത്തിരുന്നുകൊണ്ട് വയ്ക്കുന്ന വെടി കുറിക്കു കൊള്ളാതിരിക്കുന്നതിലോ എങ്ങോട്ടെങ്കിലും എടുത്തെറിഞ്ഞ ഒരു ബോംബു പൊട്ടി കോഴികൾ പേടിച്ചു പറന്നുയരുന്നതിലോ ഫേജയ്ക്ക് പരാതിയില്ല. ഒച്ചയും അമ്പരപ്പും ഉളവാക്കണമെന്നതാണ് അയാളുടെ ഉദ്ദേശം. അനേകംപേരടങ്ങിയ ഒരു ചുവപ്പുസേനാവിഭാഗം ഗ്രാമത്തിലെത്തിയിരിക്കുന്നുവെന്ന ധാരണ ശത്രുക്കളിലുളവാക്കാൻ ആ ബഹളത്തിനും ശബ്ദകോലാഹലത്തിനും കഴിയും. വെടിത്തിര സ്ഥാനത്തുവയ്ക്കാൻ തുനിയുന്ന വിരലുകൾ വിറയ്ക്കുകയും, ധൃതിയിൽ ഉരുട്ടിക്കൊണ്ടുവന്ന യന്ത്രത്തോക്കിന്റെ ബെൽട്ട് ബദ്ധപ്പാടുകൊണ്ട് കുടുങ്ങിപ്പോവുകയും, കുടിലുകളിൽനിന്നു് പാതിയുറക്കത്തിൽ പരിഭ്രാന്തരായി പുറത്തേക്കോടിവരുന്ന പട്ടാളക്കാർ തോക്കു താഴെയിട്ടിട്ട് ഭയന്നുവിറച്ച്, ''ചുവപ്പുകാർ നമ്മെ വളഞ്ഞുകഴിഞ്ഞു''വെന്നു് വിളിച്ചു പറയുകയും ചെയ്യണം.

അത്രയുമാകുമ്പോൾ ബോംബുകൾ ബൽട്ടിനടിയിൽ ഭദ്രമായി വച്ച് തോക്കുകൾ തോളിൽ തൂക്കിയിട്ട് ഫേജയുടെ വിജയോന്മത്തരായ സ്ക്വാട്ടുകൾ നിശ്ശബ്ദം വാളിന്റെ തണുത്ത വായ്ത്തല പ്രയോഗിച്ചു തുടങ്ങും. അതാണ് ഞങ്ങളുടെ ഫേജ സീർത്‌സോവ്. ''നിസ്സാരമായ വെണ്ണയുടേയും കോഴികളുടേയും പേരിൽ ഇത്തരം ഒരു പോരാളിയെ സേനാവിഭാഗത്തിൽനിന്ന് പറഞ്ഞയയ്ക്കുന്നതു് എന്തൊരു അസംബന്ധമായിരിക്കും!'' ഞാൻ വിചാരിച്ചു.

ഷെബാലൊവിന്റേയും ഫേജയുടെയും വഴക്കിനെപ്പററി ചിന്തിച്ചുകൊണ്ട് ഞാനിരിക്കുമ്പോൾ പുരപ്പുറത്തു് ചുററുപാടുകൾ നിരീക്ഷിച്ചുകൊണ്ട് സ്ഥാനം പിടിച്ചിരുന്ന ചുബുക്ക്, പട്ടാളക്കാരുടെ ഒരു വലിയ സംഘം വയലിനെ ലക്ഷ്യമാക്കി റോഡിലൂടെ വരുന്നുണ്ടെന്നു് വിളിച്ചു പറഞ്ഞു. ചുവപ്പുസേനക്കാർക്കിടയിൽ വലിയ ബഹളമായി. ആ ക്ഷോഭിച്ച മനുഷ്യസഞ്ചയത്തെ നയിക്കാൻ ഒരു കമാണ്ടർക്കും സാദ്ധ്യമല്ലെന്നു തോന്നി. ആരും കല്പന കാത്തു നിന്നില്ല. താൻ ചെയ്യേണ്ടതെന്തെന്നു് ഓരോരുത്തർക്കും അറിയാമായിരുന്നു. ഓടിപ്പോകുന്നതിനിടയിൽ തോക്കുകുഴലിലെ വെടിത്തിരകൾ യഥാസ്ഥാനത്തുണ്ടോയെന്നു് പരിശോ

ധിക്കുകയും പ്രഭാതഭക്ഷണത്തിന്റെ അവസാനത്തെ കഷണം ചവയ്ക്കുകയും ചെയ്തുകൊണ്ട് ഗാൽഡായുടെ ഒന്നാം കമ്പനിയിലെ ആളുകൾ ഓരോരുത്തരായി കുനിഞ്ഞുകുനിഞ്ഞ് ഗ്രാമത്തിന്റെ അതിർത്തിയിലെത്തി. അവിടെ അവർ നിലത്തു കിടന്ന് ഒരു നീണ്ട നിര സൃഷ്ടിച്ചു. സ്ലൗട്ടുകൾ ജീനിവാറുകൾ മുറുക്കുകയും കുതിരകൾക്കു കടിവാളമിടുകയും കുതിരകളുടെ കാലുകൾ കൂട്ടിക്കെട്ടിയിരുന്ന കയറുകൾ അഴിച്ചു മാററുകയും ചെയ്തു. ചിലർ ധൃതികൊണ്ട് കയറുകൾ വാൾത്തലയാൽ അറുത്തുകളഞ്ഞു. യന്ത്രത്തോക്കുകാർ തോക്കും ബെൽററും വണ്ടിയിൽ നിന്ന് ഇറക്കിവച്ചു. ചുവന്ന് തുടുത്ത് വിയർത്തൊലിച്ചുകൊണ്ടിരുന്ന സൂഹരെവും രണ്ടാം കമ്പനിയിലെ ആളുകളും കാടിന്റെ അററത്തേയ്ക്കോടി. ഒന്നു രണ്ടു മിനിട്ടുകൾക്കകം എല്ലാം ശാന്തമായി. ഫേജസ്സ് എന്തോ കല്പന കൊടുത്തുകൊണ്ട് ഷെബാലൊവ് ഒതുക്കുകളിറങ്ങിവന്നു. ഫേജ ''ശരി, അങ്ങിനെതന്നെ ചെയ്യാം,'' എന്ന അർത്ഥത്തിൽ തലയാട്ടി. ജനാലകൾ ശബ്ദത്തോടെ അടഞ്ഞു. കൃഷിക്കാരനും അയാളുടെ വീട്ടിലെ സ്ത്രീകളും കുട്ടികളും നിലവറയിലേക്ക് ഇറങ്ങി.

''നില്ക്ക്!'' ഷെബാലൊവ് എന്നോടു പറഞ്ഞു. ''നീ ഇവിടെ നില്ക്കണം. ചുബുക്കിനോടൊപ്പം പുരപ്പുറത്ത് ഇരുന്നോ. അവിടെയിരുന്ന് അയാൾ എന്തെങ്കിലും കാണുകയാണെങ്കിൽ കാട്ടിന്റെ അററത്തു വന്ന് എന്നെ നീ ആ വിവരം അറിയിക്കണം. വലത്തുവശത്തുള്ള ഹമൂർസ്ക്ക് റോഡിലേക്കും ഒരു കണ്ണുണ്ടായിരിക്കണമെന്ന് ചുബുക്കിനോട് പറയൂ. ആ വഴിയും അവർ വരാൻ ഇടയുണ്ട്.''

ക്വക്ക്, ക്വക്ക്, ക്വക്ക്,.... വെയിൽ കാഞ്ഞു കൊണ്ട് വെറുതെ നിന്ന ഒരു താറാവ് ശബ്ദിച്ചു. തീജ്വാലയുടെ നിറമുള്ള ഒരു പൂവൻകോഴി വേലിയിലിരുന്ന് ആഹ്ലാദത്തോടെ കൂവി. അതിന്റെ അങ്കവാലിൽ വണ്ടിച്ചാവിയുടെ എണ്ണ പുരണ്ടിരുന്നു. ശക്തിയായി ചിറകടിച്ചുകൊണ്ട് അതു് പൊടിനിറഞ്ഞ പാഴ്ച്ചെടികളുടെ ഇടയിലേക്ക് ചാടി. വീണ്ടും സർവ്വത്ര നിശ്ശബ്ദത വ്യാപിച്ചു. ആ കനത്ത നിശ്ശബ്ദതയിൽ വാനംപാടിയുടെ ഇമ്പമുള്ള ഗാനവും പൂക്കളിൽനിന്ന് നറുംതേൻതുള്ളികൾ ശേഖരിക്കുന്ന തേനീച്ചകളുടെ വിരസമായ മുഴക്കവും കേൾക്കാമായിരുന്നു.

''കാര്യം എന്താണ്?'' വയ്ക്കോൽ മേഞ്ഞ പുരപ്പുറത്തേക്ക് കയറിച്ചെന്നപ്പോൾ ചുബുക്ക് തിരിഞ്ഞുനോക്കാതെ ചോദിച്ചു.

''നിങ്ങളെ സഹായിക്കാൻ ഷെബാലൊവ് എന്നെ അയച്ചതാണ്.''

''ശരി, അനങ്ങാതെ അവിടിരുന്നോ. മറഞ്ഞിരിക്കണം.''

''ചുബുക്ക്, വലത്തു വശത്തേക്കും ഒരു കണ്ണുണ്ടായിരിക്കണം,'' ഷെബാലൊവിന്റെ കല്പന ഞാൻ അയാളെ അറിയിച്ചു. ''ഹമ്മർസ്കു് റോഡിൽ എന്തെങ്കിലും കണ്ടെന്നു വരാം.''

''നീ അവിടെത്തന്നെ ഇരുന്നോ,'' എന്നുമാത്രമാണ് അയാൾ അതിനുത്തരമായി പറഞ്ഞത്. അയാൾ തൊപ്പി ഊരി മാററിയിട്ട് തന്റെ വലിയ തല പുകക്കുഴലിന്റെ പിന്നിൽ നിന്നു് പുറത്തേക്കു നീട്ടി.

ശത്രുക്കൾ വരുന്നതിന്റെ യാതൊരു ലക്ഷണവും അവിടെയെങ്ങും കണ്ടില്ല. അവർ ഒരു താഴ്വരയിൽ മറഞ്ഞിരിക്കയായിരുന്നു. ഏതു നിമിഷവും അവിടെനിന്നും അവർ പുറത്തുവരും.

പുരപ്പുറത്തുള്ള വയ്ക്കോൽ വഴുക്കുന്നതായിരുന്നു. താഴെ വീഴാതിരിക്കാൻ ഞാൻ കാലുകൾ വയ്ക്കോലിനുള്ളിലേക്കു തിരുകിവച്ച് അനങ്ങാതെ ഇരുന്നു. ചുബുക്കിന്റെ തല എന്റെ മുഖത്തിനു തൊട്ടടുത്തായിരുന്നു. അയാളുടെ കറുത്ത കോലൻമുടിയിൽ വെളുത്ത ഇഴകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്ന കാര്യം ഞാൻ ആദ്യമായി കണ്ടതു് അപ്പോഴാണ്. ''ഇയാൾ ഒരു വൃദ്ധനാണെന്നു വരുമോ?''

ചുബുക്കിനെപ്പോലെ നരച്ചുതുടങ്ങിയ മുടിയും കണ്ണിനു ചുററും ചുളിവുകളുമുള്ള ഒരു പ്രായമായ മനുഷ്യൻ താഴെ വീഴാതിരിക്കാൻവേണ്ടി കാലുകൾ കവച്ചുവച്ച്, പുകക്കുഴലിനു പിന്നിൽനിന്നു് ഉലഞ്ഞ മുടിയോടുകൂടിയ തല നീട്ടിപ്പിടിച്ച്, എന്നോടൊപ്പം ആ പുരപ്പുറത്തിരിക്കുന്നതിൽ എന്തോ ഒരു പന്തികേടുണ്ടെന്നു് എനിക്കു തോന്നി.

''ചുബുക്ക്! ഞാൻ പതിഞ്ഞ ശബ്ദത്തിൽ വിളിച്ചു.

''എന്താ?''

''നിങ്ങൾക്കു് വയസ്സായിത്തുടങ്ങിയല്ലോ, ചുബുക്ക്.''

''മിണ്ടാതെ...'' ചുബുക്ക് കോപത്തോടെ പറഞ്ഞു. ''നിന്റെ നാക്കിനു് എല്ലില്ലേ?''

പെട്ടെന്നു് ചുബുക്ക് തലതാഴ്ത്തുകയും ചിമ്മിനിയുടെ പിന്നിലേക്കു് പിൻവലിയുകയും ചെയ്തു. ശത്രുസൈന്യങ്ങൾ താഴ്വരയിൽനിന്നു് പ

റത്തു കടന്നു. ചുബുക്ക് ഉൽക്കണ്ഠാകുലനാകുന്നതു് ഞാൻ മനസ്സിലാക്കി. അയാറം വിമ്മിഷ്ടപ്പെട്ടു് ശ്വാസം വിടുകയും അസ്വസ്ഥതയോടെ ഇളകുകയും ചെയ്തു.

''ബോറിസ്, നോക്കു്!''

''ഞാൻ കാണുന്നുണ്ടു്.''

''അവർ താഴ്‌വരയിൽനിന്നു് പുറത്തു കടന്നെന്നു് ഓടിച്ചെന്നു് ഷെബാലൊവിനെ അറിയിക്കൂ. പക്ഷേ അവരുടെ നീക്കത്തിൽ അസാധാരണമായ എന്തോ ഒന്നുണ്ടു്. ആദ്യം അവർ നീണ്ട ഒരു നിരയായി മാർച്ചുചെയ്തു വരികയായിരുന്നു. എന്നാൽ താഴ്‌വരയിൽവച്ചു് അവർ ഗ്രൂപ്പുകളായി പിരിഞ്ഞിരിക്കുന്നു. മനസ്സിലായോ? അവർ ധൃതിയിൽ ഗ്രൂപ്പുകളായി പിരിഞ്ഞതു് എന്തുകൊണ്ടാണു്? നമ്മളും ഈ കൃഷിക്കളത്തിലുണ്ടെന്നു് അവർ മണത്തറിഞ്ഞോ എന്നാണു് എന്റെ സംശയം. നീ വേഗം ചെല്ലു്. ഉടൻ തിരിച്ചുവരികയും വേണം.''

ഞാൻ എന്റെ പാദങ്ങറം വയ്ക്കോലിനടിയിൽനിന്നു് വലിച്ചെടുത്തുകൊണ്ടു് പുരപ്പുറത്തു നിന്നു് ഊർന്നിറങ്ങി. ഒരു തടിച്ച പന്നിയുടെ മേത്താണു് ഞാൻ ചെന്നുവീണതു്. പന്നി കരഞ്ഞുകൊണ്ടു് ഓടിപ്പോയി. ഞാൻ ഷെബാലൊവിനെ കണ്ടുപിടിച്ചു. അദ്ദേഹം ഒരു മരത്തിന്റെ പിന്നിലായി കഴൽക്കണ്ണാടിയിലൂടെ നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. ഞാൻ ചുബുക്കിന്റെ സന്ദേശം അറിയിച്ചു.

''എനിക്കു മനസ്സിലായി,'' ഞാൻ അദ്ദേഹത്തോടു് എന്തോ കുററം ചെയ്തു എന്ന മട്ടിൽ അദ്ദേഹം പറഞ്ഞു. ''ഞാൻതന്നെ അതു കണ്ടു.'' ശത്രുക്കളുടെ അപ്രതീക്ഷിതമായ നീക്കം ഉളവാക്കിയ മനക്ഷോഭം മാത്രമാണു് അതെന്നു് എനിക്കു മനസ്സിലായി.

''വേഗം അങ്ങോട്ടുതന്നെ പൊയ്ക്കോ. അവിടെ നിന്നിറങ്ങരുതു്. ഹമ്പർസ്കു് റോഡു് പ്രത്യേകം ശ്രദ്ധിക്കണം.''

ഞാൻ ശൂന്യമായ മുററത്തെത്തി. ഒരു വേലിയിൽ കയറിനിന്നു് കളപ്പുരയുടെ മുകളിലേയ്ക്കു കയറാൻ ഭാവിച്ചു.

''പട്ടാളക്കാരൻ കുട്ടീ!'' പതിഞ്ഞ ശബ്ദത്തിൽ ആരോ വിളിച്ചു.

എവിടെ നിന്നാണു് ആ ശബ്ദം വന്നതെന്നു മനസ്സിലാകാതെ ഞാൻ ഞെട്ടി ചുററുപാടും നോക്കി.

''പട്ടാളക്കാരൻ കുട്ടീ!'' ആരോ വീണ്ടും വിളിച്ചു.

നിലവറയുടെ വാതിൽ മററത്തേക്കു തുറന്നിരിക്കുന്നതും ഒരു സ്ത്രീ ഉള്ളിൽനിന്നു് എത്തിനോക്കുന്നതും ഞാൻ കണ്ടു.

''അവർ വരുന്നുണ്ടോ?'' ആ സ്ത്രീ സ്വകാര്യമായി ചോദിച്ചു.

''ഉണ്ടു്,'' ഞാൻ മന്ത്രിച്ചു.

''അവരുടെ കയ്യിൽ തോക്കുകളും യന്ത്രത്തോക്കുകളും ഉണ്ടോ?'' പെട്ടെന്നു് കരിഭ്രൂവരച്ചുകൊണ്ടു് അവർ ചോദിച്ചു. ''അവർക്കു യന്ത്രത്തോക്കു മാത്രമേ ഉള്ളെങ്കിൽ ഭാഗ്യം. പീരങ്കിയുണ്ടെങ്കിൽ അവർ ഇവിടം ഇടിച്ചുനിരപ്പാക്കും!''

അവരോടു് അതിനു മറുപടി പറയാൻ സമയം കിട്ടുന്നതിനു മുമ്പു് ഒരു വെടിപൊട്ടുന്ന ശബ്ദം കേട്ടു. മുകളിലെവിടെയോ അദൃശ്യമായ ഒരു വെടിയുണ്ട സീൽക്കാരത്തോടെ ചീറിപ്പാഞ്ഞു.

സ്ത്രീ തല അകത്തേക്കു വലിക്കുകയും നിലവറയുടെ വാതിൽ കൊട്ടിയടക്കുകയും ചെയ്തു.

''തുടങ്ങുകയാണു്,'' ഞാൻ വിചാരിച്ചു. പോരാട്ടം തുടങ്ങുന്നതിനു തൊട്ടുമുമ്പുള്ള ദുസ്സഹമായ ഉൽക്കണ്ഠ എന്നെ പിടികൂടി. യന്ത്രത്തോക്കുകളുടെ ഗർജ്ജനത്തോടെ വെടിവച്ചു തുടങ്ങുകയും ഭടന്മാർ ഉഗ്രസംഘട്ടനത്തിൽ ഏർപ്പെട്ടു തുടങ്ങുകയും ചെയ്യുന്നതിനു മുമ്പുള്ള ഉദ്വേഗമാണു് അതു്. ''യാതൊരു അനക്കവുമില്ലാത്തതെന്താണു്?'' നാം ചിന്തിച്ചുപോകും. ''തുടങ്ങാൻ ഇത്ര വൈകുന്നതെന്താണു്? വേഗം ഒന്നു തുടങ്ങിയിരുന്നെങ്കിൽ!''

''ശ്... ശ്...!'' രണ്ടാമതൊരു വെടിയുണ്ട ചീറിപ്പാഞ്ഞു.

എങ്കിലും പോരാട്ടം തുടങ്ങിയിരുന്നില്ല. കൃഷിക്കളത്തിൽ ചുവപ്പു പോരാളികൾ താമസമുണ്ടെന്നു് വൈററ്ഗാർഡുകാർക്കു് തോന്നിയിരിക്കണം. എന്നാൽ അവർക്കു് തീർച്ചയുണ്ടായിരുന്നില്ല. അതുകൊണ്ടാണു് പ്രത്യേക ലക്ഷ്യമൊന്നുമില്ലാതെ രണ്ടുവെടിവച്ചതു്. ഒരു സ്കൗട്ടു് പാർട്ടിയുടെ കമാണ്ടർ ശത്രുക്കളുടെ ഔട്ട്പോസ്റ്റിനടുത്തു കടന്നു് ശത്രുവിന്റെ ബലം എത്രയുണ്ടെന്നറിയാൻവേണ്ടി പ്രയോഗിക്കുന്ന വിദ്യയാണതു്. അതു കഴിഞ്ഞു് അയാൾ മറെറ പാർശ്വത്തിലേക്കു് ഓടി അവിടെ നിന്നും ഒന്നുരണ്ടു വെടിപൊട്ടിക്കുന്നു. അതോടെ ശത്രുക്കൾ അമ്പരന്നുപോവുകയും വിസ്തൃതവ്യൂഹം ചമയ്ക്കുകയും അതുവഴി തങ്ങളുടെ സംഖ്യാബലം വെളിപ്പെടുത്തുകയും ചെയ്യുന്നു. സ്കൗട്ടു് കമാണ്ടർ യുദ്ധം ജയിക്കുക

യോ ശത്രുവിനു് എന്തെങ്കിലും തരത്തിലുള്ള നാശം വരുത്തുകയോ ചെയ്തിട്ടില്ലെങ്കിലും തൻെറ ഉദ്ദേശം സാധിച്ചതിലുള്ള സംതൃപ്തിയോടെ സ്വന്തം പാളയത്തിൽ മടങ്ങിയെത്തുന്നു.

ഞങ്ങളുടെ സേനാവിഭാഗം ചെറു സംഘങ്ങളായി പിരിഞ്ഞു് ഏറ്റുമുട്ടലിനു തയ്യാറെടുത്തുനിന്നെങ്കിലും തിരിച്ചു വെടിവച്ചില്ല.

തുള്ളിച്ചാടുന്ന കറുത്ത കുതിരകളുടെ പുറത്തു് അഞ്ചു കുതിരപ്പടയാളികൾ മുന്നോട്ടു വന്നു് അപകടത്തെ തൃണവൽഗണിച്ചുകൊണ്ടു് ചുറുചുറുക്കോടെ കൃഷിക്കളത്തോടടുത്തു.

കൃഷിക്കളത്തിനു് ഏതാണ്ടു് മുന്നൂറു മീററർ അടുത്തെത്തിയപ്പോൾ കുതിരപ്പടയാളികൾ നിന്നു. അവരിലൊരാൾ കളപ്പുരയുടെ നേരെ കുഴൽക്കണ്ണാടിയിലൂടെ നോക്കി. വേലിയുടെ മുകൾ ഭാഗം പരിശോധിച്ചിട്ടു് കുഴൽക്കണ്ണാടി ഞാനും ചുബുക്കും ഒളിച്ചിരിക്കുന്ന പുകക്കുഴലിൻെറ നേരെ ഉയർന്നു.

''ബുദ്ധിയുള്ളവരാണു്, നിരീക്ഷകർ എവിടെ കാണുമെന്നു് അവർക്കറിയാം,'' ചുബുക്കിൻെറ പിന്നിൽ തല മറച്ചുകൊണ്ടു് ഞാൻ വിചാരിച്ചു. സ്വന്തം ഇഷ്ടത്തിനെതിരായി ശത്രുവിൻെറ ദൂരദർശിനി തൻെറ മേൽ കേന്ദ്രീകരിക്കുമ്പോഴും ഇരുട്ടിനെ കീറി മുറിച്ചുകൊണ്ടു് സെർച്ച്ലൈററിൻെറ പ്രകാശം താൻ മാർച്ചുചെയ്തുപോകുന്ന കോളത്തിൽ പതിക്കുമ്പോഴും തലയ്ക്കുമീതെ വട്ടമിട്ടുപറക്കുന്നേ ശത്രുവിമാനത്തിനുള്ളിലെ അദൃശ്യനിരീക്ഷകരുടെ കണ്ണിൽനിന്നൊളിക്കാൻ മാർഗ്ഗമൊന്നുമില്ലാതിരിക്കുമ്പോഴും ഏതൊരു പട്ടാളക്കാരനും ഉണ്ടാകുന്ന അസുഖകരമായ ഒരു അനുഭൂതി എനിക്കുണ്ടായി.

സ്വന്തം തലയ്ക്കു് അസാമാന്യമായ വലിപ്പമുണ്ടെന്നും കൈകാലുകൾക്കു് വേണ്ടതിലേറെ നീളമുണ്ടെന്നും ദേഹം വഴക്കമില്ലാത്തതും ഭാരിച്ചതുമാണെന്നും അപ്പോൾ തോന്നും. അവ ഒളിച്ചുവയ്ക്കാനോ സ്വയം ചുരുങ്ങിപ്പോകാനോ ഒരു പന്തുപോലെ ഉരുണ്ടുകൂടാനോ നാം ആഗ്രഹിക്കും. വട്ടമിട്ടുപറക്കുന്ന നിശ്ശബ്ദനായ പ്രാപ്പിടിയൻെറ മരവിപ്പിക്കുന്ന നോട്ടത്തിൽ നിന്നു രക്ഷപ്പെടാനായി ചാരനിറമുള്ള കരുവികൾ തൂവലുകൾ വിടർത്തി ചുള്ളിക്കമ്പുകളുടെ കൂനയുമായി താദാത്മ്യം പ്രാപിക്കുന്നതുപോലെ പുരപ്പുറത്തെ വയ്ക്കോലുമായി താദാത്മ്യം പ്രാപിക്കാൻ കഴിയാത്തതിൽ നാം കുണ്ഠിതപ്പെടും.

''അവർ നമ്മെ കണ്ടുപിടിച്ചു!'' ചുബുക്ക് പറഞ്ഞു. ഇനി ഒളിച്ചു കളിക്കുന്നതിൽ അർത്ഥമില്ല എന്നു കാണിക്കാനെന്നവണ്ണം അയാൾ പുകക്കുഴലിന്റെ പിന്നിൽനിന്നു പുറത്തു വരികയും വെടിവയ്ക്കാൻ പാകത്തിൽ തോക്ക് ശരിയാക്കിവയ്ക്കുകയുംചെയ്തു.താഴെയിറങ്ങി ഷെബാലൊവിനെ വിവരമറിയിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഒളിച്ചിരിപ്പിന്റെ ഉദ്ദേശം പൊളിഞ്ഞുവെന്നും കരുതലില്ലാതെ വൈററ് ഗാർഡുകാർ കൃഷിക്കളം ആക്രമിക്കയില്ലെന്നും കാടിന്റെ വക്കത്തുനിന്നിരുന്ന ഞങ്ങളുടെ പോരാളികൾ അതിനകം ഊഹിച്ചു കഴിഞ്ഞിരുന്നു. പിൻവാങ്ങിക്കൊണ്ടിരുന്ന കുതിരപ്പടയാളികളുടെ മേൽ മരങ്ങൾക്ക പിന്നിൽനിന്നു വെടിയുണ്ടകൾ വർഷിച്ചു തുടങ്ങി.

വൈററ്ഗാർഡുകാരുടെ പ്ലററൂണുകൾ ചിതറി അവിടവിടെ വിടവുകളുള്ള ചെറുനിരകളായി ഇടത്തോട്ടും വലത്തോട്ടും മാറി. അവരോടൊപ്പം എത്തുന്നതിനു ഏതാനും മീററർ അകലെവച്ചു ആ അഞ്ചു കുതിരപ്പടയാളികളിൽ അവസാനത്തെ ആൾ കുതിരയോടൊപ്പം നിലംപതിച്ചു.

പൊടിപടലം കാററടിച്ചു നീങ്ങിയപ്പോൾ കുതിര മാത്രം റോഡിൽ കിടക്കുന്നതാണു ഞാൻ കണ്ടതു്. സവാരിക്കാരൻ കുനിഞ്ഞു ഞൊണ്ടി ഞൊണ്ടി തന്റെ കൂട്ടരുടെ അടുത്തേയ്ക്കു് ഓടുകയായിരുന്നു.

കുമ്മായം അടർത്തിയിട്ടുകൊണ്ടു് ഒരു വെടിയുണ്ട പുകക്കുഴലിന്റെ ഇഷ്ടികയിൽ തട്ടി. ഞങ്ങൾ തല മറച്ചു പിടിച്ചു. പുകക്കുഴൽ ശത്രുക്കൾക്ക നല്ലൊരു ലക്ഷ്യമായിരുന്നു. അതിന്റെ പിന്നിലിരുന്നതുകൊണ്ടു് വെടിയുണ്ട നേരെ ഞങ്ങളുടെ മേൽ കൊള്ളുകയില്ല എന്ന ആശ്വാസമുണ്ടായിരുന്നെങ്കിലും ഞങ്ങൾ ഇരിക്കുന്ന സ്ഥലം ഏതാണെന്നു കൃത്യമായി മനസ്സിലാക്കാൻ അതു ശത്രുക്കളെ സഹായിച്ചു. ഹമ്മർസ്കു്റോഡ് സൂക്ഷിക്കണം എന്നു ഷെബാലൊവ് കല്പിച്ചിരുന്നില്ലെങ്കിൽ ഞങ്ങൾ താഴെയിറങ്ങുമായിരുന്നു. ഒന്നും ഒററയുമായി പൊട്ടിക്കൊണ്ടിരുന്ന വെടികൾക്ക പകരം വെടിയുണ്ടകളുടെ ശരവർഷം തുടങ്ങി. തോക്കുകൊണ്ടുള്ള ഒററപ്പെട്ട വെടികളുടെ ശബ്ദം നിലച്ചു. പകരം യന്ത്രത്തോക്ക ശബ്ദിച്ചുതുടങ്ങി. അവയുടെ സംരക്ഷണയിൽ ശത്രുക്കളുടെ അസമമായ അണികൾ ഏതാനും ചുവടുകൾ മുന്നോട്ടുവച്ചിട്ടു് വീണ്ടും നിലംപററി കിടന്നു. പിന്നീടു് യന്ത്രത്തോക്കുകൾ നിശ്ശബ്ദമാവുകയും വെറും തോക്കുകൾ ശ

ബ്ബിച്ച തുടങ്ങുകയും ചെയ്തു. നല്ല അച്ചടക്കവും പരിശീലനവുമുണ്ടെന്നു് തെളിയിച്ചുകൊണ്ടു് വൈററ്ഗാർഡുകാർ വാശിയോടെ പടിപടിയായി അടുത്തടുത്തു വന്നുകൊണ്ടിരുന്നു.

''കുസലില്ലാത്ത പിശാചുക്കാം,'' ചുബുക്കു് പറഞ്ഞു. ''ചതുരംഗക്കളത്തിലെ കരുക്കളെപ്പോലെ മുന്നോട്ടു് തള്ളിക്കയറുന്നു. ഇവർ സീഹരെവിൻെറ പട്ടാളക്കാരാണെന്നു തോന്നുന്നില്ല. ജർമ്മൻകാരാണോ എന്നെനിക്കു് സംശയമുണ്ടു്.''

''ചുബുക്കു്!'' ഞാൻ വിളിച്ചു. ഹമൂർസ്കു് റോഡിലേക്കു നോക്കു. കാടിനടുത്തു് എന്തോ അനങ്ങുന്നു.''

''എവിടെ?''

''അവിടെയല്ല. കുറച്ചുകൂടി വലത്തോട്ടു മാറി. ആ കുളത്തിനക്കരെ. കണ്ടോ!'' കാടിനടുത്തു് കപ്പിച്ചില്ലിൽ വെയിൽ തട്ടിയതുപോലുള്ള ഒരു തിളക്കം കണ്ടു് ഞാൻ ഉറക്കെ പറഞ്ഞു.

ചാകാൻപോകുന്ന കുതിരയുടെ ഞരക്കത്തെ അനുസ്മരിപ്പിക്കുന്ന ഒരു അസാധാരണ ശബ്ദം കേട്ടുതുടങ്ങി. അതു ക്രമേണ ഒരു അലർച്ചയായി മാറി. പൊട്ടിയ പള്ളിമണിയുടേതുപോലുള്ള മുഴക്കം അന്തരീക്ഷത്തിലുയർന്നു. അടുത്തെവിടെയോ എന്തോ വന്നു വീണു. എൻെറ തൊട്ടടുത്തായി പുകയുടേയും കറുത്ത പൊടിയുടേയും മേഘപടലത്തിനുള്ളിൽനിന്നു് തവിട്ടുനിറത്തിലുള്ള ഒരു മിന്നൽപ്പിണർ പൊട്ടിവീണെന്നു് എനിക്കു തോന്നി. വായു പ്രകമ്പിതമായി. ചൂടുള്ള ഒരു തിരമാലപോലെ ആസ്ഫോടനം എൻെറ പുറത്തു വന്നു തട്ടി. ഞാൻ കണ്ണു തുറന്നപ്പോൾ കണ്ടതു് ഇടിഞ്ഞുവീണ പത്തായപ്പുരയുടെ മേൽക്കൂരയിലെ ഉണങ്ങിയ കച്ചി കത്തിക്കൊണ്ടിരിക്കുന്നതാണു്. തെളിഞ്ഞ വെയിലിൽ ആ വെളുത്ത തീജ്വാലകൾ മിക്കവാറും അദൃശ്യമായിരുന്നു.

രണ്ടാമത്തെ ഷെൽ മലക്കറിത്തോട്ടത്തിലാണു വീണതു്.

''നമുക്കു താഴെയിറങ്ങാം!'' ഉൽക്കണ്ഠാകുലനായി എൻെറ നേരെ നോക്കിക്കൊണ്ടു് ചുബുക്കു് പറഞ്ഞു. ''നമ്മൾ കുടുങ്ങിയതുതന്നെ. ഇവർ സീഹരെവിൻെറ ആളുകളല്ല ജർമ്മൻകാരാണെന്നാണു് തോന്നുന്നതു്. ഹമൂർസ്കു് റോഡിൽ ഉള്ളതു് ഒരു പീരങ്കിപ്പടയാണു്.''

കാട്ടിനടുത്തെത്തിയപ്പോൾ ഞാൻ ആദ്യം കണ്ടുമുട്ടിയതു് ''മരപ്പട്ടി'' എന്നു് വട്ടപ്പേരുള്ള മുണ്ടനായ ഒരു ചുവപ്പുപടയാളിയെയാണു്.

തന്റെ കോട്ടിന്റെ രക്തത്തിൽ മുങ്ങിയ കൈ ഒരു ആസ്ട്രിയൻ ബ്യണററുകൊണ്ടു് കീറിമാററാൻ ശ്രമിച്ചുകൊണ്ടു് അയാഠം പുല്ലിലിരിക്കയായിരുന്നു. അയാളുടെ അടുത്തു് അയാളുടെ തോക്കും അതിനടിയിൽ ഒരു വെടിത്തിരപ്പെട്ടിയും കിടന്നിരുന്നു.

''ജർമ്മൻകാരാണു്!'' ഞങ്ങളുടെ ചോദ്യങ്ങഠംക്കൊന്നും ഉത്തരം പറയാതെ അയാഠം അട്ടഹസിച്ചു. ''നമുക്കു് ഓടാൻ നേരമായി!''

വെള്ളമെടുക്കാൻ എന്റെ തകരപ്പാത്രം അയാഠംക്കു് കൊടുത്തിട്ടു് ഞാൻ ഓട്ടം തുടർന്നു.

കൃത്യമായി പറഞ്ഞാൽ, ''മരപ്പട്ടി''യുടെ ചോരയിൽകുതിർന്ന കോട്ടിന്റെ കയ്യും ജർമ്മൻകാരെപ്പററിയുള്ള അയാളുടെ പരാമർശനവുമാണു്, ആദ്യത്തെ ആ യഥാത്ഥ പോരാട്ടത്തെപ്പററി അനുസ്മരിക്കുമ്പോഠം നടന്ന ക്രമത്തിൽ എനിക്കു് ഓർക്കാൻ കഴിയുന്നതു്. അതുകഴിഞ്ഞാൽ വാസ്സ ഷ്മാക്കൊവിനെ മലയിടുക്കിൽ വച്ചു് കണ്ടുമുട്ടിയതിനുശേഷമുള്ള സംഭവങ്ങഠം മാത്രമേ എനിക്കു വ്യക്തമായി ഓർക്കാൻ കഴിയുന്നുള്ളു.

''നിന്റെ കയ്യിലെന്താണു്?'' വാസ്സ ചോദിച്ചു. ഞാൻ എന്റെ കയ്യിലേക്കു നോക്കി. ഒരു വലിയ കരിങ്കൽചില്ലു് ഇടത്തേ കയ്യിൽ മുറുക്കിപ്പിടിച്ചിരുന്നതു് അപ്പോഴാണു് ഞാൻ കണ്ടതു്. എന്റെ മുഖം ചുവന്നു. അതെങ്ങിനെ എന്റെ കയ്യിൽ വന്നുവെന്നു് എനിക്കറിയില്ല.

''വാസ്സ, ഈ ഹെൽമെററു് ധരിച്ചിരിക്കുന്നതു് എന്തിനാണു്?'' ഞാൻ ചോദിച്ചു.

''ഞാൻ ഒരു ജർമ്മൻകാരന്റേതു് എടുത്തതാണു്. എനിക്കു് കുടിക്കാൻ കുറച്ചു വെള്ളം തരൂ.''

''എന്റെ കയ്യിൽ മഗ്ഗില്ല. ഞാൻ മരപ്പട്ടിക്കു കൊടുത്തു.''

''മരപ്പട്ടിക്കോ?'' വാസ്സ ചൂളമടിച്ചു. എന്നാൽ അതു് നീയിനി കാണുകയില്ല.''

''അതെന്താണു്? വെള്ളം കുടിച്ചിട്ടു് തിരികെ തരാൻ കൊടുത്തതാണു്.''

''അതു നീയിനി കാണില്ല,'' പല്ലിളിച്ചുകാണിച്ചുകൊണ്ടു് വാസ്സ പറഞ്ഞു. അയാഠം ഹെൽമെററുകൊണ്ടു് അരുവിയിൽ നിന്നു് വെള്ളം മുക്കിയെടുത്തു. ''മഗ്ഗും മരപ്പട്ടിയും രണ്ടും പോയി.''

''മരിച്ചുപോയെന്നോ?''

''അതെ അതുതന്നെ,'' എന്തു കാരണത്താലോ പുഞ്ചിരിച്ചുകൊണ്ടു തന്നെയാണ് അയാഠം അതു പറഞ്ഞതു്. ''സാധാരണ ഭടനായ മരപ്പട്ടി ഒരു ചുവപ്പുപോരാളിയ്ക്കു ചേർന്നവിധം മൃതിയടഞ്ഞു.''

''വാസ്യ, നിങ്ങഠംക്ക് എപ്പോഴും ചിരിയാണ്!'' ഞാൻ പറഞ്ഞു. ''നിങ്ങഠംക്ക് മരപ്പട്ടി മരിച്ചതിൽ സങ്കടമില്ലേ?''

''ആർക്ക്, എനിക്കോ?'' വാസ്യ മൂക്കു ചീററുകയും മണ്ണുപററിയ കൈകൊണ്ടു് നനഞ്ഞ ചുണ്ടു് തുടയ്ക്കുകയും ചെയ്തു. ''തീർച്ചയായിട്ടും എനിക്ക് സങ്കടമുണ്ടു്. മരപ്പട്ടിയെക്കുറിച്ചും നിക്കീഷിനെക്കുറിച്ചും സെർഗിയെക്കുറിച്ചും എന്നെക്കുറിച്ചും എനിക്കു് ദുഃഖമുണ്ടു്. അവർ എൻെറ കൈ എങ്ങിനെയാക്കിയെന്നു് നോക്ക്! അവർ തുലയട്ടെ!''

അയാഠം തോഠം ഇളക്കി: അയാളുടെ ഇടത്തെ കൈ ഒരു ചാരനിറമുള്ള തുണികൊണ്ടു് കെട്ടിവച്ചിരിക്കുന്നതു് ഞാൻ കണ്ടു.

''മാംസം മാത്രമേ മുറിഞ്ഞിട്ടുള്ളു, ഒരു പോറൽ മാത്രം, എങ്കിലും എന്തൊരു നീററലാണ്!'' പിന്നേയും മൂക്കു ചീററിയിട്ടു് അയാഠം തലയുയർത്തിപ്പിടിച്ചു് തുടർന്നു. ''ആലോചിച്ചുനോക്കിയാൽ നാം സങ്കടപ്പെടുന്നതെന്തിനു്? ആരും ബലം പ്രയോഗിച്ചു് നമ്മളെ ഇങ്ങോട്ടു കൊണ്ടുവന്നതല്ലല്ലോ. എന്തിനാണ് ഇറങ്ങിത്തിരിച്ചിരിക്കുന്നതെന്നു് നമുക്കു് നന്നായറിയാം. പിന്നെ സങ്കടപ്പെടുന്നതെന്തിനു്?''

പോരാട്ടത്തിനിടയിലെ പല നിമിഷങ്ങളും എൻെറ സ്മൃതിമണ്ഡലത്തിൽ പതിഞ്ഞുകിടപ്പുണ്ടു്. എന്നാൽ അവയെ തമ്മിൽ ബന്ധിപ്പിക്കാൻ എനിക്കു കഴിയുന്നില്ല. കമഴ്ന്നുകിടന്നുകൊണ്ടു് ഇരുനൂറടി അകലെ നിന്നിരുന്ന ഒരു ജർമ്മൻകാരൻെറ നേരെ ഒരു കാൽമുട്ടു് നിലത്തൂന്നി നിന്നു് ഞാൻ വളരെ നേരം വെടിവയ്ക്കുന്നതും അയാഠം തിരിച്ചു വെടിവയ്ക്കുന്നതും എനിക്കു് ഓർമ്മയുണ്ടു്. ഞാൻ അയാളെ വെടിവയ്ക്കുന്നതിനു മുമ്പു് അയാഠം എന്നെ വെടിവച്ചെങ്കിലോ എന്നു പേടിച്ചു് ഞാൻ വല്ലാത്ത ധൃതിയിൽ ഉന്നംപിടിച്ചു് നിറയൊഴിച്ചുകൊണ്ടിരുന്നതിനാൽ ഒന്നുപോലും കുറിക്കു കൊണ്ടില്ല. അയാഠം ചിന്തിച്ചതും എന്നെപ്പോലെയായിരുന്നിരിക്കണം. കാരണം അയാളുടെ ഉന്നവും തെററിക്കൊണ്ടിരുന്നു. ഒരു യന്ത്രത്തോക്കു് മറിച്ചിട്ടുകൊണ്ടു് ഒരു ഷെല്ലുപൊട്ടിയതും എനിക്കോർമ്മയുണ്ടു്. ഉടൻതന്നെ യന്ത്രത്തോക്കു മറെറാരിടത്തേയ്ക്കു വലിച്ചുകൊണ്ടുപോയി.

''ബെൽററ് വലിച്ചുകൊണ്ടു വരൂ !'' സുഹരെവ് വിളിച്ചുപറഞ്ഞു. ''നീകൂടെ സഹായിക്കു് !''

ഞാൻ നിലത്തു കിടന്ന പെട്ടികളിലൊന്നിൽ പിടിച്ചു് വലിച്ചിഴച്ചുകൊണ്ടുപോകാൻ തുടങ്ങി. അപ്പോഴം ഷെബാലൊവ് എന്റെ തോളിൽ ഒരു കൊട്ടുവച്ചുതരികയും എന്നെ ചീത്ത പറയുകയും ചെയ്തു. അതെന്തിനാണെന്നു് എനിക്കു് അപ്പോഴം മനസ്സിലായില്ല. അതു കഴിഞ്ഞു് നിക്കീഷിനു് വെടിയേററു. അല്ല നിക്കീഷിനല്ല, അയാഠം അതിനുമുമ്പു് കൊല്ലപ്പെട്ടു. ഞാൻ പെട്ടിയും വലിച്ചുകൊണ്ടു് ഓടുമ്പോഠംത്തന്നെ അയാഠം വെടിയേററു് വീണിരുന്നു. ''നീ ഇതു് മറുവശത്തേക്കാണു കൊണ്ടുപോകുന്നതു്. യന്ത്രത്തോക്കു കൊണ്ടുപോയടത്തേക്കു് കൊണ്ടുചെല്ലു് !'' എന്നു് അയാഠം വിളിച്ചുപറഞ്ഞതു് വെടിയേററു കിടക്കുമ്പോഴാണു്.

ഫേജയുടെ കുതിര വെടിയേററുവീണു.

''ഫേജ കരയുകയാണു്,'' ചുബുക്ക് പറഞ്ഞു. ''തല പുല്ലിലിട്ടടിച്ചുകൊണ്ടു് അയാഠം തേങ്ങിക്കരയുകയായിരുന്നു—കിറുക്കൻ. ഞാൻ അയാളുടെ അടുത്തു ചെന്നു് പറഞ്ഞു: 'വിഡ്ഢിത്തം കാണിക്കാതെ. ആളുകളെച്ചൊല്ലി കരയാൻ തന്നെ ഇപ്പോഠം സമയമില്ല.' ഫേജ തിരിഞ്ഞു് തോക്കു കയ്യിലെടുത്തു. 'ഞാൻ തന്നെ വെടിവയ്ക്കുന്നതിനുമുമ്പു് എന്റെ മുമ്പിൽനിന്നു പൊയ്ക്കോ !' അയാഠം അലറി. അയാളുടെ കണ്ണുകഠം ഒരു ഭ്രാന്തന്റേതുപോലിരുന്നു. ഞാൻ അവിടന്നു് പോന്നു. കിറുക്കന്മാരോടു് വർത്തമാനം പറഞ്ഞിട്ടു് കാര്യമൊന്നുമില്ല. അയാഠം, ആ ഫേജ, ഒരു ഗുണമില്ലാത്തവനാണു്,'' ചുബുക്ക് പൈപ്പു കത്തിച്ചുകൊണ്ടു് തുടർന്നു: ''എനിക്കു് അയാളെ വിശ്വാസമില്ല.''

''വിശ്വാസമില്ലെന്നു പറയുന്നതെന്തുകൊണ്ടാണു്?'' ഞാൻ ചോദിച്ചു. ''അയാഠം എത്രയോ ധീരനാണു് !''

''അതുകൊണ്ടെന്തോ? ഏതായാലും അയാഠം ഗുണമില്ലാത്തവനാണു്. അയാഠം ചിട്ടയില്ലാത്തവനാണു്. അയാഠംക്കു് പാർട്ടിക്കാരെപ്പററി മതിപ്പില്ല. 'എന്റെ പരിപാടി വൈററ്ഗാർഡുകാരെ മുഴുവൻ നശിപ്പിക്കുക എന്നതാണു്,' അയാഠം പറയാറുണ്ടു്. 'അതുകഴിഞ്ഞു് എന്തു ചെയ്യണമെന്നു് അപ്പോഠം നോക്കാം.' എന്തുകൊണ്ടോ എനിക്കു് ആ പരിപാടി അത്ര പിടിക്കുന്നില്ല. അതൊരു പരിപാടിയേ അല്ല. വെറും മൂടൽമഞ്ഞാണതു്. നല്ലൊരു കാററടിച്ചാൽ അതു ബാക്കിയുണ്ടാവില്ല.''

അന്നു് ഞങ്ങളുടെ കൂട്ടരിൽ പത്തുപേർ കൊല്ലപ്പെടുകയും പതിന്നാലുപേർക്കു് മുറിവുപററുകയും ചെയ്തു. മുറിവേററവരിൽ ആറുപേർ പിന്നീടു് മരിച്ചു. ഡോക്ടറന്മാരും മരുന്നുകളുമുള്ള ഒരു ശുശ്രൂഷാകേന്ദ്രം ഞങ്ങൾക്കുണ്ടായിരുന്നെങ്കിൽ മുറിവേററവരിൽ പലരും മരിക്കയില്ലായിരുന്നു.

ശുശ്രൂഷാകേന്ദ്രത്തിനു പകരം ഞങ്ങൾക്കുണ്ടായിരുന്നതു് ഒരു പുൽത്തകിടിയാണു്. ജർമ്മൻ യുദ്ധകാലത്തു് മെഡിക്കൽ ഓർഡർലിയായിരുന്ന കലൂഗിനാണു് ഡോക്ടറുടെ ജോലി ചെയ്തതു്. ഞങ്ങളുടെ കൈവശമുണ്ടായിരുന്ന ഒരേ ഒരു മരുന്നു് അയഡിനായിരുന്നു. അതു ഒരു പാട്ട നിറയെ ഉണ്ടായിരുന്നു. ഞങ്ങൾ അതു നിർല്ലോഭം ഉപയോഗിച്ചു. കലൂഗിൻ ഒരു വലിയ മരക്കയിൽ നിറയെ അയഡിൻ മുക്കിയെടുത്തു് ലൂക്കൊയാനൊവിന്റെ ആഴമുള്ള വലിയ മുറിവിലേക്കു് ഒഴിക്കുന്നതു ഞാൻ കണ്ടു.

''വേദന കണക്കാക്കണ്ട,'' കലൂഗിൻ അയാളെ ആശ്വസിപ്പിച്ചു. ''അയഡിൻ നിങ്ങൾക്കു നല്ലതാണു്. ഇതില്ലായിരുന്നെങ്കിൽ നിങ്ങൾ പണ്ടേ തെക്കോട്ടു യാത്രയായേനെ. അതു നേരാണു്. ഇനി നിങ്ങൾ രക്ഷപ്പെടുന്ന മട്ടുണ്ടു്.''

വടക്കുഭാഗത്തു് ചുവപ്പുസേനയുടെ യഥാർത്ഥ സൈനിക യൂണിററുകൾ ഉണ്ടായിരുന്നു. അവയുമായി യോജിക്കുന്നതിനു് ഞങ്ങൾ ഇവിടം വിട്ടു് അങ്ങോട്ടു പോകാൻ തീരുമാനിച്ചു. ഞങ്ങളുടെ വെടിത്തിരകൾ തീരാറായിരുന്നു. എന്നാൽ മുറിവേററവർ കാരണം ഞങ്ങൾക്കു് യാത്ര മാററിവയ്ക്കേണ്ടിവന്നു. മുറിവേററവരിൽ അഞ്ചുപേർക്കു് ഞങ്ങളോടൊപ്പം യാത്ര ചെയ്യാൻ കഴിയുമായിരുന്നു. എന്നാൽ മൂന്നുപേർ മരിക്കുകയോ സുഖം പ്രാപിക്കുകയോ ചെയ്യാതെ ആസന്നമരണരായി കിടക്കുകയായിരുന്നു. ജിപ്സിപ്പയ്യനായ യാഷ്ക അക്കൂട്ടത്തിൽ ഒരാളായിരുന്നു. യാഷ്ക അപ്രതീക്ഷിതമായിട്ടാണു് ഞങ്ങളുടെ സംഘത്തിൽ കടന്നുകൂടിയതു്.

ഒരു ദിവസം അർഹീപ്പൊവ്ക ഗ്രാമത്തിൽനിന്നു് പുറത്തേക്കു മാർച്ചു ചെയ്യാൻ നേരത്തു് ഞങ്ങളുടെ സേനാദളത്തിൽ എത്ര പേരുണ്ടെന്നു് എണ്ണിത്തിട്ടപ്പെടുത്താൻ വേണ്ടി ഞങ്ങൾ ഒരു തെരുവിൽ അണിനിരന്നു. ഇടത്തുവശത്തെ അവസാനത്തെ ആളായ മരപ്പട്ടി (ഇപ്പോൾ കൊല്ലപ്പെട്ടയാൾ) വിളിച്ചുപറഞ്ഞു: ''നൂററി നാല്പത്തേഴു്!''

അന്നുവരെ മരപ്പട്ടി എപ്പോഴും നൂററിനാല്പത്താറായിരുന്നു. ''ഒരിക്കൽ കൂടി നമ്പരെടുക്കൂ!'' ഷെബാലൊവ് അലറി.

പിന്നേയും മരപ്പട്ടി നൂററി നാല്പത്തേഴാമനായിരുന്നു.

''ഇതെന്തസംബന്ധമാണ്!'' ഷെബാലൊവ് കോപത്തോടെ വിളിച്ചുചോദിച്ചു. ''സുഹറെവ്, ആരാണ് എണ്ണം തെററിക്കുന്നത്?''

''ആരും തെററിച്ചില്ല,'' പിന്നണിയിൽ നിന്ന് ചുബുക്ക് പറഞ്ഞു. ''ഇവിടെവച്ച് നമുക്ക് പുതിയ ഒരാളെ കിട്ടിയിട്ടുണ്ട്.''

''ചുബുക്കിൻേറയും നിക്കീഷിൻേറയും ഇടയ്ക്കായി ഒരു പുതിയ ആരം നിന്നിരുന്നു. പതിനെട്ടോ പത്തൊമ്പതോ വയസ്സുള്ള ഒരു യുവാവായിരുന്നു അത്. കറുത്ത നിറമുള്ള അയാളുടെ മുടി ചുരുണ്ടതും ഒതുക്കമില്ലാത്തതുമായിരുന്നു.

''താൻ ഇവിടെ എന്തു ചെയ്യുകയാണ്?'' ഷെബാലൊവ് അത്ഭുതത്തോടെ ചോദിച്ചു. പയ്യൻ മിണ്ടിയില്ല.

''അയാരം എൻെറ അടുത്തു വന്നു നിന്നു,'' ചുബുക്ക് വിശദീകരിച്ചു. ''ഞാൻ വിചാരിച്ചു നിങ്ങരം ഒരു പുതിയ ആളെ നമ്മുടെ കൂട്ടത്തിൽ ചേർത്തതാണെന്നു്. അയാരം ഒരു തോക്കും പിടിച്ചുകൊണ്ടു് ഇവിടെ വന്നു നിൽക്കുകയാണ് ചെയ്തതു്.''

''താൻ ആരാണ്?''

''ഞാൻ... ഒരു ജിപ്സിയാണ്, ഒരു ചുവപ്പുജിപ്സി.''

''ഒരു ചുവപ്പുജിപ്സിയോ?'' ഷെബാലൊവ് അയാളെ തുറിച്ചുനോക്കിക്കൊണ്ടു് ചോദിച്ചു. പെട്ടെന്നു് പൊട്ടിച്ചിരിച്ചുകൊണ്ടു് അദ്ദേഹം ഇങ്ങിനെ പറഞ്ഞു: ''നീ ഒരു മുതിർന്ന ജിപ്സിയല്ല. ഒരു ജിപ്സിപ്പയ്യനാണ്!''

അയാരം ഞങ്ങളോടൊപ്പം താമസമാക്കി. അന്നു മുതൽ ജിപ്സിപ്പയ്യൻ എന്ന പേരും പതിഞ്ഞു.

ജിപ്സിപ്പയ്യൻെറ നെഞ്ചിലാണ് മുറിവേററതു്. അയാളുടെ ഇരുണ്ട മുഖത്തു് വിളർച്ച വ്യാപിച്ചു. വരണ്ട ചുണ്ടുകരംകൊണ്ടു് അയാരം ഏതോ വിചിത്രമായ ഭാഷയിൽ എന്തോ പുലമ്പിക്കൊണ്ടു കിടന്നു.

''ഞാൻ പട്ടാളത്തിലായിട്ടു കൊല്ലം കുറെയായി. ജർമ്മൻയുദ്ധത്തിൻെറ പകുതി കണ്ടവനാണു ഞാൻ. എന്നിട്ടും ഞാൻ ഇതേവരെ ഒരു ജിപ്സി പട്ടാളക്കാരനെ കണ്ടുമുട്ടിയിട്ടില്ല.'' വാസ്സ ഷ്മാക്കൊവ് പറഞ്ഞു. ''തത്താറുകാരേയും മൊരംദാവിയക്കാരെയും ഞാൻ കണ്ടിട്ടുണ്ട്. ചുവാ

ഷുകാരെപ്പോലും കണ്ടിട്ടുണ്ട്. പക്ഷേ ജിപ്സികളെ കണ്ടിട്ടില്ല. ജിപ്സികൾ കൊള്ളരുതാത്ത ഒരു വർഗ്ഗമാണെന്നാണ് എന്റെ അഭിപ്രായം. അവർ കൃഷിചെയ്യുന്നില്ല, യാതൊരു തൊഴിലും ചെയ്യുന്നില്ല, കുതിരകളെ മോഷ്ടിക്കാൻ മാത്രമേ അവർക്കറിയൂ. അവരുടെ പെണ്ണുങ്ങളാണെങ്കിൽ മാനമായി ജീവിക്കുന്നവരെ പററിക്കാൻ നടക്കുന്നവരാണ്. ഇവൻ ഇവിടെ വന്നതെന്തിനാണെന്ന് എനിക്കറിയില്ല. സ്വാതന്ത്ര്യം അവർക്കെന്തിന്? അവർ സർവ്വതന്ത്രസ്വതന്ത്രരാണല്ലോ. അവർക്ക് ഭൂമി സംരക്ഷിക്കേണ്ടതുമില്ല. അവർക്ക് ഭൂമി എന്തിനാണ്? തൊഴിലാളികളുമായും അവർക്ക യാതൊരു ബന്ധവുമില്ല. ഇതിനിടയിൽ വന്നു ചാടിയതുകൊണ്ട് അവന് എന്തു മെച്ചമാണുള്ളത്? അവന് മററെന്തോ ഉദ്ദേശം കാണും. എന്താണെന്ന് ആർക്കറിയാം!''

''അയാളും വിപ്ലവത്തിന്റെ ഭാഗത്തായിരിക്കും. എന്താ പാടില്ലെന്നുണ്ടോ?''

''അതുണ്ടാവില്ല! ജിപ്സികൾ വിപ്ലവത്തിനു പിൻതുണ നൽകുമെന്ന് എനിക്ക വിശ്വസിക്കാൻ കഴിയുന്നില്ല. കുതിരയെ മോഷ്ടിച്ചതിന് അവൻ മുമ്പ് അടികൊണ്ടിരുന്നു. അതേ കാരണത്തിന് അവൻ ഇനിയും അടികൊള്ളും, ജീവിതകാലം മുഴുവൻ അടികൊണ്ട് കഴിയും!''

''വിപ്ലവം നടന്നതിനുശേഷം അവർ മോഷണം വേണ്ടെന്നു വച്ചിട്ടുണ്ടെങ്കിലോ?''

''ഓ, അതെനിക്കറിയില്ല,'' വാസ്സ ഒരു കുടിലമായ പുഞ്ചിരിയോടെ പറഞ്ഞു. ''അവരെ ഞങ്ങൾ ഗ്രാമങ്ങളിലിട്ട് കുറുവടികൊണ്ടും മുളങ്കമ്പുകൊണ്ടും പൊതിരെ തല്ലിയിട്ടുണ്ട്. പക്ഷേ അതുകൊണ്ട ഫലമുണ്ടായിട്ടില്ല. അവർ പിന്നേയും മോഷ്ടിക്കും. വിപ്ലവം അവരുടെ സ്വഭാവം നന്നാക്കുമെന്ന് എങ്ങിനെ വിചാരിക്കാൻ കഴിയും?''

''വാസ്സ, താനൊരു വിഡ്ഢിയാണ്,'' അതേവരെ മൗനമായിരുന്ന ചുബുക്ക് പറഞ്ഞു. ''താൻ തന്റെ കുടിലും കുതിരയുമല്ലാതെ മററൊന്നും കാണുന്നില്ല. ജന്മിയുടെ ഒരു തുണ്ടുഭൂമിയും അയാളുടെ പുരയിടത്തിൽനിന്ന് ഇരുപതു തടിക്കഷണങ്ങളും കിട്ടാൻ വേണ്ടി മാത്രമാണ് വിപ്ലവം നടത്തിയതെന്നാണ് തന്റെ ധാരണ സോവിയററിന്റെ ചെയർമാൻ പഴയ അധികാരിയുടെ സ്ഥാനം എറെറടുക്കുകയും ജീവിതം പഴയപടി തന്നെ മുന്നോട്ടു പോവുകയും ചെയ്യുമെന്നാണോ തന്റെ വിചാരം?''

അദ്ധ്യായം ഏഴു്

രണ്ടുദിവസം കഴിഞ്ഞപ്പോാം ജിപ്സിപ്പയ്യന്റെ നില അല്പം മെച്ചപ്പെട്ടു. വൈകിട്ടു് ഞാൻ അയാളെ കാണാൻ ചെന്നപ്പോാം നക്ഷത്രഖചിതമായ കറുത്ത ആകാശത്തിലേക്കു് നോക്കി ഒരു മൂളിപ്പാട്ടും പാടിക്കൊണ്ടു് അയാാം ഒരു കരിയിലക്കൂനയുടെ മുകളിൽ കിടക്കുകയായിരുന്നു.

''ജിപ്സിപ്പയ്യാ,'' ഞാൻ വിളിച്ചു. ''ഞാൻ ഇവിടെ തീകൂട്ടി വെള്ളം തിളപ്പിക്കാം. നമുക്കു് ചായകുടിക്കണം. എന്റെ ഫ്ലാസ്കിൽ കുറച്ചു പാലുണ്ടു്. സമ്മതിച്ചോ?''

ഞാൻ ഓടിപ്പോയി വെള്ളം കൊണ്ടുവന്നു. തീയുടെ ഇരുവശത്തുമായി കുത്തിനിർത്തിയ രണ്ടു ബയണററുകളിൽ തോക്കിന്റെ അച്ചുകോൽ വിലങ്ങനെ വച്ചു. മെസ്ടിന്നിൽ വെള്ളം നിറച്ചു് തീയുടെ മുകളിലായി അച്ചുകോലിൽ നിന്നു് തൂക്കിയിട്ടിട്ടു് ഞാൻ ജിപ്സിപ്പയ്യന്റെ അടുത്തു ചെന്നിരുന്നു.

''ഏതു പാട്ടാണു് പാടുന്നതു്?'' ഞാൻ ചോദിച്ചു.

കുറേനേരം കഴിഞ്ഞാണു് അയാാം അതിനുത്തരം പറഞ്ഞതു്.

''ജിപ്സികളുടെ ഒരു പഴയ പാട്ടാണു് ഞാൻ പാടുന്നതു്. പാട്ടിന്റെ സാരം ഇതാണു്: 'സ്വദേശം എന്നു പറയുവാൻ ഒരിടവുമില്ലാത്ത ജിപ്സികാം തങ്ങളെ ഹൃദ്യമായി സ്വീകരിക്കുന്ന ഏതു ദേശവും സ്വദേശമായി കരുതുന്നു. എന്നാൽ ജിപ്സീ, നിന്നെ ഹൃദ്യമായി സ്വീകരിക്കുന്ന നാടേതാണു്? അനേകം രാജ്യങ്ങളുടെ വിസ്തൃതി നിന്റെ കാലടികാം അളന്നിട്ടുണ്ടു്. ഹങ്കറിയിലും ബാംഗേറിയയിലും തുർക്കികളുടെ നാട്ടിലും നീ ചെന്നിട്ടുണ്ടു്, പക്ഷേ നിന്റെ ജനങ്ങളെ ഹൃദ്യമായി സ്വീകരിക്കുന്ന ഒരു നാടു് ഇതേവരെ നീ കണ്ടിട്ടില്ല.'

''ജിപ്സിപ്പയ്യാ, നീ ഞങ്ങളുടെ അടുത്തു വരാൻ കാരണമെന്താണ്?'' ഞാൻ ചോദിച്ചു. ''നിങ്ങളുടെ ആളുകളെ പട്ടാളത്തിലേക്കു വിളിച്ചിട്ടില്ലല്ലോ.''

അയാൾ കൈമുട്ടുകളൂന്നി എണീററിരുന്നപ്പോൾ കണ്ണിലെ വെള്ളം തിളങ്ങി. അയാൾ പറഞ്ഞു:

''ഞാൻ താനെ വന്നതാണ്. വിളിക്കപ്പെടാൻ കാത്തിരിക്കാതെ വന്നതാണ്. ജിപ്സിക്കൂടാരത്തിലെ ജീവിതം എനിക്കു മടുത്തു. എന്റെ അച്ഛന് കുതിരകളെ മോഷ്ടിക്കാനറിയാം, അമ്മയ്ക്ക് ഭാഗ്യം പറയാനറിയാം. എന്റെ അപ്പൂപ്പനും കുതിരകളെ മോഷ്ടിച്ചിരുന്നു, അമ്മൂമ്മയും ഭാഗ്യം പറഞ്ഞിരുന്നു. എന്നാൽ അവരിലാർക്കും സ്വന്തം സുഖവും സന്തോഷവും മോഷ്ടിച്ചെടുക്കാൻ കഴിഞ്ഞിരുന്നില്ല. സ്വന്തം ഭാഗ്യം പറയുമ്പോൾ അവർക്കു നല്ലതായിട്ടൊന്നും പറയാൻ ഉണ്ടായിരുന്നില്ല. അതു ശരിയല്ല.''

ജിപ്സിപ്പയ്യൻ ആവേശംകൊണ്ട് എണീററിരുന്നെങ്കിലും വേദന സഹിക്കവയ്യാതെ ഒരു മുളലോടെ കരിയിലക്കൂനയിലേക്കുതന്നെ വീണു.

പാൽ തിളച്ചുതൂവി. മെസ്സ്ടിൻ തീയുടെ മുകളിൽ നിന്നു് എടുത്തുമാററാൻ കഴിയുന്നതിനു മുമ്പുതന്നെ തീ കെട്ടു കഴിഞ്ഞു. ജിപ്സിപ്പയ്യൻ അതുനോക്കി പൊട്ടിച്ചിരിച്ചു.

''ചിരിക്കുന്നതെന്തിനാണ്?''

അയാൾ ആഹ്ലാദഭാവത്തിൽ മുടി ഉലച്ചുകൊണ്ട് പറഞ്ഞു: ''മനുഷ്യരുടെ കാര്യവും ഇതു പോലാണല്ലോ എന്നോർത്തു ചിരിച്ചതാണ്. റഷ്യാക്കാരും ജൂതന്മാരും, ജോർജിയാക്കാരും തത്താറുകാരും എല്ലാം പഴയ ജീവിതം വളരെ നാൾ ക്ഷമയോടെ സഹിക്കുന്നു. ഒടുവിൽ ക്ഷമകെട്ടുമ്പോൾ മെസ്സ്ടിന്നിലെ വെള്ളം തിളച്ചുമറിഞ്ഞു് തീയിൽ വീണതുപോലെ സ്വയം തീയിൽ ചാടുന്നു. എന്റെ കാര്യവും അതുതന്നെ... ഞാൻ സഹിക്കാവുന്നിടത്തോളം സഹിച്ചു. ഒടുവിൽ ഒരു തോക്കും തട്ടിയെടുത്തുകൊണ്ട് നല്ലൊരു ജീവിതം തേടി ഇറങ്ങി.''

''അതു നേടാൻ കഴിയുമെന്നു് വിശ്വാസമുണ്ടോ?''

''എനിക്ക് ഒററയ്ക്കു നേടാൻ കഴിയുകയില്ല, ഞാൻ നേടുകയില്ല... പക്ഷേ നമ്മൾക്ക് എല്ലാവർക്കും ഒരുമിച്ച് അതു നേടാൻകഴിയും, നമുക്ക് ഇത്രയേറെ ആത്മാർത്ഥതയുള്ളതുകൊണ്ട്.''

ചുബുക്ക് അവിടെ എത്തി.

''ഇരുന്നു് കുറച്ചു ചായ കുടിക്കൂ,'' ഞാൻ പറഞ്ഞു.

''സമയമില്ല. ബോറിസ്, നീ എന്റെ കൂടെ വരാമോ?''

''വരാം,'' എങ്ങോട്ടാണ് പോകുന്നതെന്നുപോലും ചോദിക്കാതെ ഞാൻ ഉടൻ സമ്മതിച്ചു.

''എന്നാൽ വേഗം ചായ കുടിച്ചിട്ട് വാ. വണ്ടി കാത്തു നില്ക്കുന്നു.

''എന്തു വണ്ടി?

ചുബുക്ക് എന്നെ ഒരു വശത്തേക്കു മാററി നിർത്തി. ഞങ്ങളുടെ സേനാവിഭാഗം അടുത്തുള്ള ബ്രേഗിച്ചെവ് ഖനിത്തൊഴിലാളികളുടെ സേനാവിഭാഗവുമായി സന്ധിക്കാൻവേണ്ടി അതിരാവിലെ പുറപ്പെടുകയാണെന്നു് അയാാം എന്നെ അറിയിച്ചു. അതു കഴിഞ്ഞു് ഇരുസേനാവിഭാഗങ്ങളും ഒരുമിച്ചു് ആ പ്രദേശത്തെ പ്രധാനപട്ടാളത്തോടു് ചേരണം. ജർമ്മൻകാരേയും വൈററ്ഗാർഡുകാരേയും കടന്നു പോകേണ്ടിയിരുന്നതിനാൽ, ഗുരുതരമായി മുറിവേററ മൂന്നു പേരെ ഞങ്ങളോടൊപ്പം കൊണ്ടു പോകാൻ സാദ്ധ്യമായിരുന്നില്ല.

അവിടെ അടുത്തൊരിടത്തു് തേനീച്ചകളെ വളർത്തുന്ന ഒരു തോട്ടമുണ്ടായിരുന്നു. തേനീച്ചവളർത്തലുകാരൻ ചുവപ്പുസേനക്കാരോടു് അനുഭാവമുള്ള ആളായിരുന്നതുകൊണ്ടു് ഗുരുതരമായി മുറിവേററ മൂന്നുപേരേയും സുഖം പ്രാപിക്കുന്നതുവരെ തന്നോടൊപ്പം താമസിപ്പിച്ചുകൊള്ളാമെന്നു് അയാാം ഏററു. ചുബുക്ക് മുറിവേററവരെ കൊണ്ടുപോകാൻ ഒരു കുതിര വണ്ടിയുമായി അവിടെനിന്നു വരികയാണു്. ഇരുട്ടുള്ളപ്പോഠംത്തന്നെ അവരെ അങ്ങോട്ടു മാററണം.

''നമ്മോടൊപ്പം വേറെ ആരെങ്കിലും വരുന്നുണ്ടോ?''

''ഇല്ല. നമ്മാം രണ്ടുപേരും മാത്രം. ഞാൻ ഒരാാം മതിയായിരുന്നു, പക്ഷേ ആ കുതിര സ്വല്പം പിശകാണു്. അതിനെ കടിഞ്ഞാൺ പിടിച്ചു മുമ്പോട്ടു കൊണ്ടുപോകാൻ ഒരാാം വേണം. ഒരാാം രോഗികളുടെ അടുത്തും ഉണ്ടായിരിക്കണം. നീ വരാമോ?''

''അതു ചോദിക്കാനുണ്ടോ, ചുബുക്ക്. ഞാൻ നിങ്ങളോടൊപ്പം എവിടെ പോകാനും തയ്യാറാണു്. അവിടുന്നു് നമ്മാം എങ്ങോട്ടാണു പോകുന്നതു്? ഇങ്ങോട്ടു് തിരിച്ചുവരുമോ?''

''ഇല്ല. അവിടെനിന്നു് നേരെ പുഴകടന്നു് നമ്മുടെ സേനാവിഭാഗ

ത്തോട്ട ചേരാമെന്നാണ് വിചാരിക്കുന്നത്. നമുക്ക പോകാൻ സമയമായി.'' ചുബുക്ക് കുതിരയുടെ അടുത്തേക്ക നടന്നു. ''എന്റെ തോക്ക താഴെവീണുപോകാതെ നോക്കിക്കൊള്ളണം,'' ഇരുട്ടത്ത് അയാളുടെ ശബ്ദം കേട്ടു.

ചെറിയൊരു കുലുക്കത്തോടെ കുതിരവണ്ടി പുറപ്പെട്ടു. വണ്ടിച്ചക്രത്തിൽ ഉരസിയ ഒരു കുററിച്ചെടിയിൽനിന്ന് ഒരു മഞ്ഞുതുള്ളി തെറിച്ച് എന്റെ മുഖത്തു വീണു. ഞങ്ങളുടെ സേനാവിഭാഗം യാത്രപുറപ്പെടാൻ തയ്യാറെടുക്കുന്നതിനിടയിൽ കൂട്ടിയ കെടാറായ തീക്കുണ്ഡങ്ങരം കാഴ്ചയിൽനിന്നു മറഞ്ഞു.

കുണ്ടുകളും കുഴികളും ഉന്തിനിന്ന വേരുകളും ധാരാളമുള്ള ആ വഴി ദുർഘടം നിറഞ്ഞതായിരുന്നു. കുററാക്കുററിരുട്ടായിരുന്നതുകൊണ്ട് എനിക്ക് കുതിരയേയോ ചുബുക്കിനേയോ കാണാൻ കഴിഞ്ഞില്ല. വണ്ടിയിൽ വിരിച്ചിരുന്ന പുത്തൻ കച്ചിയുടെ പുറത്ത് മുറിവേററവർ കിടന്നു.

തട്ടി വീഴാതിരിക്കാൻ വേണ്ടി ഒരു കൈകൊണ്ട് വണ്ടിയിൽ അള്ളിപ്പിടിച്ച് ഞാൻ വണ്ടിയുടെ പിന്നാലെ നടന്നു. എന്റെ മറെറ കയ്യിൽ തോക്കായിരുന്നു. എങ്ങും ഒരനക്കവുമില്ല. ഒരു രാപ്പക്ഷിയുടെ വിരസമായ രോദനമൊഴിച്ച് മറെറാരു ശബ്ദവും കേരംക്കാനുണ്ടായിരുന്നില്ല. വണ്ടിച്ചക്രം കുഴിയിൽ ചാടുമ്പോഴും മരക്കുററികളിൽ തട്ടുമ്പോഴും മുറിവേററവരിൽ ഒരാളായ തിമോഷ്കിൻ ഞരങ്ങുന്നതു മാത്രം കേരംക്കാമായിരുന്നു.

പാതി തെളിച്ച അനിബിഡമായ കുററിക്കാട്ട് അതിപ്രാചീനവും അഗമ്യവുമായ ഒരു ഘോരവനാന്തരമാണെന്ന് ഞങ്ങരംക്ക തോന്നി. കാർമേഘം നിറഞ്ഞ ആകാശം കറുത്ത മച്ചുപോലെ തലയ്ക്കുമുകളിൽ തൂങ്ങിക്കിടന്നു. വീർപ്പുമുട്ടലനുഭവപ്പെട്ടു. വളഞ്ഞുപുളഞ്ഞു കിടക്കുന്ന ഒരു ഇടനാഴിയിലൂടെ തപ്പിത്തടഞ്ഞ് നടക്കുകയാണ് ഞങ്ങളെന്നു തോന്നി.

വളരെക്കാലം മുമ്പുള്ള ഇത്തരം ഒരു ചൂടുള്ള രാത്രി എന്റെ ഓർമ്മയിൽ ഓടിയെത്തി. അത് മൂന്നുവർഷം മുമ്പായിരുന്നെന്നു തോന്നുന്നു. ഞാനും അച്ഛനും കുററിക്കാട്ടിലുള്ള ഒരു കുടുക്കുവഴിയിലൂടെ തീവണ്ടിസ്റ്റേഷനിൽനിന്ന് മടങ്ങിവരികയായിരുന്നു. രാപ്പക്ഷി അന്നും ഇതേ മാതിരി കരഞ്ഞിരുന്നു, ചീഞ്ഞ കൂണുകളുടേയും റാസ്ബെറിയുടേയും ഗന്ധം അന്നും അന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്നു.

അച്ഛന്റെ സഹോദരനെ യാത്രയയയ്ക്കാൻ ഞാനും അച്ഛനും സ്റ്റേഷനിൽ പോയതാണ്. അവിടെവച്ച് അച്ഛൻ കുറെ അധികം വോഡ്ക കുടിച്ചു. അതുകൊണ്ടാണോ അതോ റാസ്ബെറിയുടെ സുഗന്ധമേറ്റ് മത്തു പിടിച്ചിട്ടാണോ എന്നറിയില്ല, അച്ഛൻ പതിവിലേറെ ആവേശഭരിതനും വാചാലനുമായി കാണപ്പെട്ടു. തിരിച്ചുവരുന്ന വഴി അച്ഛൻ തന്റെ ബാല്യകാലത്തെപ്പററിയും സെമിനാരിയിൽ താൻ പഠിച്ചിരുന്ന കാലത്തെപ്പററിയും എന്നോടു സംസാരിച്ചുകൊണ്ടിരുന്നു. തന്റെ സ്കൂൾജീവിതത്തെപ്പററിയുള്ള അച്ഛന്റെ വിവരണം കേട്ട് ഞാൻ ചിരിച്ചുപോയി. അവരെ ചൂരലുകൊണ്ടടിക്കുക പതിവായിരുന്നുവെന്ന് കേട്ടപ്പോഠം, എന്റെ അച്ഛനെപ്പോലെ പൊക്കവും വണ്ണവുമുള്ള ഒരു കരുത്തനായ മനുഷ്യനെ എങ്ങിനെ അടിക്കാൻ കഴിഞ്ഞുവെന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു.

''അച്ഛൻ ഇതെല്ലാം എവിടെയോ വായിച്ചതാണ്,'' ഞാൻ പറഞ്ഞു. ''അക്കാര്യമൊക്കെ വർണ്ണിക്കുന്ന ഒരു പുസ്തകമുണ്ട്. 'സെമിനാരി സ്കെച്ചുകഠം' എന്നാണ് അതിന്റെ പേര്. അതൊക്കെ പണ്ടെങ്ങോ നടന്ന കാര്യങ്ങളാണ്!''

''ഞാൻ ഈയിടെയാണ് പഠിച്ചിരുന്നതെന്ന് നീ വിചാരിക്കുന്നുണ്ടോ? ഞാൻ പഠിച്ചിരുന്നത് വളരെക്കാലം മുമ്പാണ്.''

''അച്ഛൻ സൈബീരിയയിൽ താമസിച്ചിട്ടുണ്ടല്ലോ. നാടുകടത്തപ്പെട്ട കുററവാളികളെക്കൊണ്ടു നിറഞ്ഞ ആ പ്രദേശത്ത് താമസിക്കാൻ പ്രയാസമായിരുന്നില്ലേ? അവിടെ ആർക്ക് ആരെവേണമെങ്കിലും കൊല്ലാമെന്നും ആരോടും അതേപ്പററി പരാതിപ്പെടാൻ സാദ്ധ്യമല്ലെന്നും പേത്യ പറഞ്ഞു.''

അച്ഛൻ പൊട്ടിച്ചിരിച്ചുകൊണ്ട് എന്തോ വിശദീകരിക്കാൻ ശ്രമിച്ചു. അതിന്റെ അർത്ഥം അന്ന് എനിക്കു മനസ്സിലായില്ല. കുററവാളികഠം കുററവാളികളേയല്ലെന്നും അച്ഛന്റെ പരിചയക്കാരായ ചിലർ പോലും അക്കൂട്ടത്തിലുണ്ടെന്നും അർസമാസിലുള്ളതിൽ കൂടുതൽ നല്ല ആളുകഠം സൈബീരിയയിലുണ്ടെന്നുമായിരുന്നു അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം.

അതു അതുപോലുള്ള പല സംഭാഷണങ്ങളും ഞാൻ കേട്ടിട്ടുണ്ടെങ്കിലും അവയുടെ അർത്ഥം എനിക്കു പിടികിട്ടിത്തുടങ്ങിയതു് ഈയിടെ മാത്രമാണ്.

''എന്റെ അച്ഛൻ ഒരു വിപ്ലവകാരിയാണെന്ന്‌ ജീവിതത്തിൽ ഒരിക്കൽപ്പോലും എനിക്കു തോന്നിയിട്ടില്ല. അങ്ങിനെ ഒരു സംശയം പോലും ഉണ്ടായിട്ടില്ല എന്നതാണ്‌ സത്യം. ഇപ്പോഠം ഞാൻ ചുവപ്പു സേനയിൽ ചേർന്നിരിക്കുന്നതും തോളിൽ തോക്കും തൂക്കിയിട്ടു നടക്കുന്നതും എന്റെ അച്ഛൻ വിപ്ലവകാരിയായിരുന്നതുകൊണ്ടും ഞാൻ അദ്ദേഹത്തിന്റെ മകനായതുകൊണ്ടുമല്ല. താനെ അങ്ങിനെ സംഭവിച്ചതാണ്‌. ഞാൻ തന്നത്താൻ ഇവിടെ എത്തിച്ചേർന്നതാണ്‌. ആ വിചാരം എനിക്ക്‌ എന്നിലുള്ള മതിപ്പു വർദ്ധിപ്പിച്ചു. എന്തെല്ലാം പാർട്ടികളുണ്ടായിരുന്നു. പക്ഷേ ഞാൻ തിരഞ്ഞെടുത്തതു്‌ ശരിയായ പാർട്ടിയാണ്‌—യഥാർത്ഥ വിപ്ലവപ്പാർട്ടിയെയാണ്‌!''

എന്റെ ഈ കണ്ടുപിടുത്തം ചുബുക്കിനെ അറിയിക്കാൻ എനിക്കു ധൃതിയായി. കുതിരയുടെ മുമ്പിൽ ആരുമില്ലെന്നും കുതിര വളരെ നേരമായി തോന്നിയവഴി പൊയ്ക്കൊണ്ടിരിക്കയാണെന്നും പെട്ടെന്ന്‌ എനിക്കു തോന്നി.

''ചുബുക്ക്‌!'' പേടിച്ച്‌ ഞാൻ വിളിച്ചു.

''എന്താ!'' അയാളുടെ പരുഷമായ അടഞ്ഞ ശബ്ദം ഞാൻ കേട്ടു. ''നീ വിളിച്ചുകൂവുന്നതു്‌ എന്തിനാണ്‌?''

''ഇനിയും ഒരുപാടു ദൂരമുണ്ടോ, ചുബുക്ക്‌?'' എന്തു പറയണമെന്ന്‌ നിശ്ചയമില്ലാതെ ഞാൻ ചോദിച്ചു.

''കുറെ ദൂരം ഇനിയുണ്ട്‌,'' എന്നു പറഞ്ഞിട്ട്‌ ചുബുക്ക്‌ നടപ്പു നിർത്തി. ''നീ ഇവിടെ വന്നുനിന്ന്‌ നിന്റെ കോട്ടു തുറന്നു പിടിക്കു്‌. എനിക്ക്‌ ഒന്നു പുകവലിക്കണം.''

പൈപ്പ്‌ ഒരു മിന്നാമിനുങ്ങിനെപ്പോലെ കുതിരയുടെ തലയുടെ അടുത്തു്‌ പറന്നുനടന്നു. റോഡിന്റെ സ്ഥിതി മെച്ചപ്പെട്ടു. കുറ്റിക്കാട്‌ കൂടുതൽ വിശാലമായി. ഞങ്ങഠം തോളോടു തോഠം ചേർന്ന്‌ നടന്നു.

ഞാൻ വിചാരിച്ചതെല്ലാം ചുബുക്കിനെ അറിയിച്ചു. ബോഠഷെവിക്കുകളുടെ കൂടെ ചേരാൻ സ്വയം തീരുമാനിച്ച എന്റെ ബുദ്ധിശക്തിയേയും വിവേകത്തേയും അയാഠം പ്രശംസിക്കുമെന്നാണ്‌ ഞാൻ കരുതിയതു്‌. എന്നാൽ ചുബുക്ക്‌ അങ്ങിനെ ചെയ്തില്ല. പൈപ്പിന്റെ ഏതാണ്ട്‌ പകുതിയോളം വലിച്ചു തീർന്നതിനു ശേഷമാണ്‌ അയാഠം സംസാരിച്ചതു്‌. അയാഠം സഗൗരവം പറഞ്ഞു.

''അങ്ങിനെയൊക്കെ സംഭവിക്കുക പതിവാണ്. ഒരാറം സ്വന്തമായി ഒരു പാതയിലെത്തിച്ചേർന്നെന്നു വരും. ലെനിന്റെ കാര്യം ഉദാഹരണമാണ്. പക്ഷേ നിന്റെ കാര്യം എനിക്കു തീർച്ചയില്ല.''

''അതെന്താണ് അങ്ങിനെ പറയുന്നതു്?'' പരിഭവം നിറഞ്ഞ പതിഞ്ഞ ശബ്ദത്തിൽ ഞാൻ ചോദിച്ചു. ''ഞാൻ തന്നത്താൻ വന്നതാണ്.''

''തന്നത്താൻ വന്നതാണ്... അതെ, അങ്ങിനെയാണ് നീ വിചാരിക്കുന്നതു്. നിന്റെ ജീവിതം ആ വഴിക്കാണു തിരിഞ്ഞതു്, അത്രതന്നെ. ഒന്നാമതായി അവർ നിന്റെ അച്ഛനെ കൊന്നു. രണ്ടാമതായി ബോറംഷെവിക്കുകളുമായിട്ടായിരുന്നു നിന്റെ കൂട്ടുകെട്ടു്. മൂന്നാമതു് നീ സഹപാഠികളുമായി പിണക്കത്തിലായിരുന്നു. നാലാമതായി നിന്നെ സ്കൂളിൽനിന്നു് പിരിച്ചുവിട്ടു. ഈ നാലു കാര്യങ്ങളൊഴിച്ചാൽ മറെറല്ലാം നീ തന്നെ ചെയ്തതാണെന്നു സമ്മതിക്കാം.'' എന്റെ വികാരങ്ങളെ വ്രണപ്പെടുത്തിയെന്നു മനസ്സിലായ ഉടൻ അയാറം കൂട്ടിച്ചേർത്തു: ''നീ വിഷമിക്കേണ്ട. ഇതിൽക്കൂടുതലൊന്നും ആരും നിന്നിൽനിന്നു് ആവശ്യപ്പെടുന്നില്ലല്ലോ?''

''ഞാൻ ബോറംഷെവിക്കാണെന്നു് വെറുതെ പറയുകയാണെന്നാണോ ഇതിന്റെ അർത്ഥം?'' ഞാൻ വ്യസനത്തോടെ ചോദിച്ചു. ''അതു ശരിയല്ല. ഞാൻ എല്ലായ്പ്പോഴും നിങ്ങളോടൊപ്പം നിരീക്ഷണം നടത്താൻ മുന്നോട്ടു വന്നിട്ടില്ലേ? യുദ്ധമുന്നണിയിൽ യുദ്ധം ചെയ്യാൻ സ്വയം ഇറങ്ങിപ്പുറപ്പെടുകയല്ലേ ചെയ്തതു്?.. എന്നിട്ടു് ഇപ്പോറം...''

''മരക്കഴുതേ! ഇപ്പോറം എന്താണ്? ഞാൻ പറയുന്നതു കേറംക്കു്—ഇതെല്ലാം ചുററുപാടുകറംകൊണ്ടു സംഭവിക്കുന്നതാണ്. ഉദാഹരണത്തിനു് നീ മിലിട്ടറി സ്കൂളിൽ പഠിക്കയായിരുന്നെന്നു വിചാരിച്ചോ—അവർ നിന്നെ ഒരു ഒന്നാന്തരം കേഡററാക്കി മാററുമായിരുന്നു. ഇപ്പോറം നീ ജനറൽ കലേഡിന്റെ പട്ടാളത്തിലായിരുന്നേനെ.''

''നിങ്ങളോ?''

''ഞാനോ?'' ചുബുക്ക് പുഞ്ചിരിച്ചു.'' എന്റെ മോനെ, ഇരുപതു വർഷം കൽക്കരിഖനിയിൽ പണിയെടുത്തവനാണ് ഞാൻ. അതു മായ്ച്ചുകളയാൻ ഒരു കേഡററ് സ്കൂളിനും സാദ്ധ്യമല്ല!''

എനിക്കു് വലിയ സങ്കടമായി. ചുബുക്കിന്റെ വാക്കുകറം എന്റെ

മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഞാൻ നിശ്ശബ്ദനായി നടന്നു. എന്നാൽ വളരെ നേരം നിശ്ശബ്ദനായിരിക്കാൻ എനിക്കു കഴിഞ്ഞില്ല.

''ചുബുക്ക്, അങ്ങിനെയാണെങ്കിൽ, അതായതു് ഒരു കേഡററോ വൈററ്ഗാർഡോ ആകാൻ സാദ്ധ്യതയുള്ള ആളായിരുന്നു ഞാനെങ്കിൽ, ഇപ്പോഴം ഞാൻ ഈ സേനാവിഭാഗത്തിൽ നിന്നിട്ടു കാര്യമൊന്നുമില്ല.''

''മരക്കഴുത!'' എന്റെ കോപം കണ്ടില്ലെന്ന മട്ടിൽ ചുബുക്ക് അക്ഷോഭ്യനായി പറഞ്ഞു. ''നിനക്കു് 'ആരാകാമായിരുന്നു' എന്നതിനെപ്പററി ആരു ചിന്തിക്കുന്നു? നീ ആരാണു് എന്നതാണു് പ്രധാനം. നീ തന്നത്താൻ പൊങ്ങനാണെന്നു വിചാരിച്ചു ഞാൻ പറയുന്നതാണു്. ഇതൊക്കെ പറഞ്ഞെങ്കിലും നീ ഒരു മോശക്കാരനാണെന്നു് ഞാൻ കരുതുന്നില്ല. കുറേക്കൂടി അടുത്തറിഞ്ഞുകഴിഞ്ഞാൽ ഞങ്ങൾ നിന്നെ പാർട്ടിയിൽ ചേർക്കുന്ന കാര്യം ആലോചിക്കാം.'' അല്പംകൂടി മയത്തിൽ അയാൾ പറഞ്ഞു.

ചുബുക്കിനു് എന്നെ ഇഷ്ടമാണെന്നു് എനിക്കറിയാമായിരുന്നു. എന്നാൽ ആ നിമിഷത്തിൽ ലോകത്തിൽ മററാരെക്കാളും ഞാൻ സ്നേഹിക്കുന്നതു് ചുബുക്കിനെയാണെന്നു് അയാൾക്കറിയാമായിരുന്നോ? ''ചുബുക്ക് ഒരു നല്ല മനുഷ്യനാണു്,'' ഞാൻ വിചാരിച്ചു. ''അയാൾ ഒരു കമ്മ്യൂണിസ്റ്റുകാരനാണു്. ഇരുപതു വർഷം ഖനിയിൽ പണിയെടുത്തിട്ടുണ്ടു്. മുടി നരച്ചുതുടങ്ങി. അങ്ങിനെയുള്ള ആ മനുഷ്യൻ എപ്പോഴും എന്നോടൊപ്പമാണു് നടക്കുന്നതു്. എവിടെ പോകുമ്പോഴും എന്നെയാണു് കൂടെ കൊണ്ടുപോകുന്നതു്. അതിന്റെയർത്ഥം ഞാൻ അതിനു് അർഹനാണെന്നാണു്. കൂടുതൽ അർഹത നേടാൻ ഞാൻ ശ്രമിക്കുകയും ചെയ്യും. അടുത്ത തവണ ഏററുമുട്ടലുണ്ടാകുമ്പോൾ തല കുനിച്ചുപിടിക്കാതിരിക്കാൻ ഞാൻ മനപ്പൂർവ്വം ശ്രമിക്കും. കൊല്ലപ്പെടുന്നെങ്കിൽ കൊല്ലപ്പെടട്ടെ. എനിക്കു ഭയമില്ല. കമാണ്ടർ അമ്മയ്ക്കെഴുതും. 'നിങ്ങളുടെ പുത്രൻ ഒരു കമ്മ്യൂണിസ്റ്റായിരുന്നു, വിപ്ലവത്തിന്റെ മഹത്തായ ലക്ഷ്യത്തിനു വേണ്ടി അയാൾ വീരചരമം പ്രാപിച്ചു.' അമ്മ കരയുകയും ഭിത്തിയിൽ അച്ഛന്റെ പടത്തിനു തൊട്ടടുത്തായി എന്റെ പടം തൂക്കുകയും ചെയ്യും. കൂടുതൽ സന്തുഷ്ടമായ പുതിയൊരു ജീവിതം ആ ഭിത്തി കടന്നു് മുന്നേറും.''

''മനുഷ്യനു് ആത്മാവുണ്ടെന്നു് പുരോഹിതന്മാർ പറഞ്ഞതു് നുണയാണു്. അതു നുണയായതു് കഷ്ടമായിപ്പോയി,'' ഞാൻ വിചാരിച്ചു.

''ആത്മാവുണ്ടായിരുന്നെങ്കിൽ വരാൻ പോകുന്ന പുതിയ ജീവിതം മുകളിലിരുന്നു് കാണാൻ കഴിയുമായിരുന്നു. അതു് രസകരമായ നല്ല ഒരു ജീവിതമായിരിക്കുമെന്നു് തോന്നുന്നു.''

വണ്ടി പെട്ടെന്നു് നിന്നു. ചുബുക്ക് പൈപ്പ് ധൃതിയിൽ പോക്കററിലിട്ടുകൊണ്ടു് പതുക്കെ പറഞ്ഞു:

''മുമ്പിൽ എന്തോ ഒരു മുഴക്കം കേൾക്കുന്നുണ്ടു്. എന്റെ തോക്കു തരു.''

ഞങ്ങൾ വഴിയിൽനിന്നു് ഒഴിഞ്ഞുമാറി കുററിക്കാട്ടിനുള്ളിൽ ഒരിടത്തു് വണ്ടി നിർത്തി. എന്നെ അതിനു കാവലാക്കിയിട്ടു് ചുബുക്ക് അപ്രത്യക്ഷനായി. തെല്ലിട കഴിഞ്ഞു് അയാൾ തിരിച്ചുവന്നു.

''ശബ്ദമുണ്ടാക്കരുതു്... നാലു കൊസാക്കുകാർ കുതിരപ്പുറത്തു വരുന്നുണ്ടു്. ഒരു ചാക്കു താ. കുതിര ചിനയ്ക്കാതെ ഞാൻ അതിന്റെ വായ് മൂടട്ടെ.''

കുളമ്പടിശബ്ദം അടുത്തടുത്തു വന്നു. ഞങ്ങൾ നിൽക്കുന്നതിനു് അടുത്തെത്തിയപ്പോൾ കൊസാക്കുകാർ ഓട്ടത്തിന്റെ വേഗത കുറച്ചു. വിണ്ടുകീറിയ മേഘങ്ങളുടെ വിടവിലൂടെ പുറത്തേക്കു് ഒളിഞ്ഞുനോക്കിയ ചന്ദ്രക്കല റോഡിൽ പ്രകാശം പരത്തി. നാലു രോമത്തൊപ്പികൾ റോഡിലൂടെ മുമ്പോട്ടു നീങ്ങുന്നതു് കുററിച്ചെടികളുടെ മറവിൽനിന്നു് എനിക്കു കാണാൻ കഴിഞ്ഞു. അക്കൂട്ടത്തിൽ ഒരാൾ ഒരു ഓഫീസറായിരുന്നെന്നു സ്വർണ്ണനിറമുള്ള തോൾപ്പട്ടയുടെ തിളക്കം കണ്ടപ്പോൾ എനിക്കു മനസ്സിലായി. കുളമ്പടിശബ്ദം അകന്നകന്നു് ഇല്ലാതാകുന്നതുവരെ ഞങ്ങൾ അവിടെ ഒളിച്ചിരുന്നു. അതു കഴിഞ്ഞു് വീണ്ടും യാത്ര തുടങ്ങി.

ഞങ്ങൾ തേനീച്ചവളർത്തലുകാരന്റെ കൃഷിസ്ഥലത്തെത്തിയപ്പോൾ നേരം വെളുത്തു തുടങ്ങിയിരുന്നു. കുതിരവണ്ടിയുടെ ശബ്ദം കേട്ടു് തേനീച്ചവളർത്തലുകാരൻ കണ്ണുതിരുമ്മിക്കൊണ്ടു് ഗേററിനടുത്തെത്തി. ചുവന്ന മുടിയുള്ള മെല്ലിച്ച ഒരു കൃഷിക്കാരനായിരുന്നു അയാൾ. തുറന്നുകിടന്ന ഷർട്ടിനിടയിലൂടെ അയാളുടെ കുഴിഞ്ഞ നെഞ്ചും എല്ലുന്തിയ തോളുകളും കാണാമായിരുന്നു. അയാൾ കുതിരയെ മുററത്തുകൂടി നടത്തി പുല്ലു മൂടിയതിനാൽ കഷ്ടിച്ചുമാത്രം തിരിച്ചറിയാവുന്ന ഒരു പാതയിലൂടെ മുന്നോട്ടുകൊണ്ടുപോയി.

''നമുക്കു് അങ്ങോട്ടു പോകാം. അവിടെ ചതുപ്പിനടുത്തു് മരങ്ങൾക്കിടയിൽ ഒരു മെതിപ്പുരയുണ്ടു്. അവിടം കൂടുതൽ ഭദ്രമാണു്.''

കച്ചിക്കാട്ടുകൾ അടുക്കിവച്ചിരുന്ന ആ മെതിപ്പുരയ്ക്കുള്ളത്ത് ഒട്ടും ചൂട് അനുഭവപ്പെട്ടില്ല. അതിന്റെ ഒരു മൂലയിൽ ചാക്കുകൾ വിരിച്ചിരുന്നു. മടക്കിവച്ച ആട്ടിൻതോലുകൾ തലയിണയുടെ സ്ഥാനം വഹിച്ചു. ഒരു തൊട്ടി വെള്ളവും ''ക്വാസ്'' നിറച്ച ഒരു ബർച്ചു മരക്കോപ്പയും അവിടെ ഉണ്ടായിരുന്നു. മുറിവേററവരെ ഞങ്ങൾ എടുത്ത് അവിടെ കിടത്തി.

''അവർക്കു വിശക്കുന്നുണ്ടാകും,'' തേനീച്ചവളർത്തലുകാരൻ പറഞ്ഞു. ''അവരുടെ തലയ്ക്കടിയിൽ റൊട്ടിയും പന്നിക്കൊഴുപ്പും ഇരിപ്പുണ്ട്. പശുവിനെ കറന്നാലുടൻ എന്റെ കെട്ടിയവൾ പാലു കൊണ്ടുവരും.''

ഞങ്ങൾ സേനാവിഭാഗത്തോടൊപ്പം എത്തണമെങ്കിൽ ഉടൻ പുറപ്പെടേണ്ടിയിരുന്നു. മുറിവേററ സഖാക്കൾക്കുവേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്തുകഴിഞ്ഞെങ്കിലും ശത്രുവിന്റെ പിടിയിലിരിക്കുന്ന പ്രദേശത്ത് അവരെ ഒററയ്ക്ക് വിട്ടിട്ടു പോരാൻ ഞങ്ങൾക്കു വിഷമം തോന്നി.

തിമോഷ്കിന് ഞങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലായി.

''ശരി, നമുക്ക് ഇവിടെവച്ചു പിരിയാം,'' ഉണങ്ങിവരണ്ട, വിളറിയ ചുണ്ടുകൾ അനക്കി അയാൾ പറഞ്ഞു. ''ചുബുക്ക്, നിങ്ങൾക്കു നന്ദി, അനിയാ നിനക്കും. ഈ ലോകത്തു വച്ചുതന്നെ നാം ഇനിയും കണ്ടുമുട്ടിയെന്നു വരാം.''

മററുള്ളവരേക്കാൾ കൂടുതൽ അവശനായിരുന്ന സമാരിൻ കണ്ണുതുറന്ന് സ്നേഹപൂർവ്വം തല ഇളക്കി യാത്രാനുമതി തന്നു. ജിപ്പിപ്പയ്യൻ ഒന്നും മിണ്ടിയില്ല. കൈകൾ ഊന്നി ഇരുന്നുകൊണ്ട് അയാൾ ഗൗരവഭാവത്തിൽ ഞങ്ങളെ നോക്കി. ഒടുവിൽ നിരുന്മേഷമായി പുഞ്ചിരിച്ചു.

''എന്നാൽ ഞങ്ങൾ നടക്കട്ടെ.'' ചുബുക്ക് പറഞ്ഞു. ''വേഗം സുഖംപ്രാപിക്കൂ. നിങ്ങളുടെ ആതിഥേയൻ വിശ്വസ്തനാണ്. അയാൾ നിങ്ങളെ നന്നായി നോക്കിക്കൊള്ളും. സുഖം പ്രാപിക്കൂ.''

ചുബുക്ക് വാതിലിനടുത്തേക്കു നടന്നു. ഉറക്കെ ചുമച്ചുകൊണ്ട് അയാൾ പൈപ്പ് തോക്കിന്റെ പിടിയിൽ തട്ടി കെടുത്തി.

''സഖാക്കളെ, നിങ്ങൾക്കു നല്ലതു വരട്ടെ. നിങ്ങൾക്ക് ഞാൻ വിജയം നേരുന്നു,'' ജിപ്പിപ്പയ്യൻ മുഴങ്ങുന്ന ശബ്ദത്തിൽ ഉറക്കെ വിളിച്ചുപറഞ്ഞു. വാതില്ക്കലെത്തിയ ഞങ്ങൾ ആ ശബ്ദം കേട്ട് തിരിഞ്ഞുനിന്നു. ''ലോകത്തിലുള്ള എല്ലാ വൈററ്ഗാർഡുകാരുടേയും മേൽ വിജയം വരിക്കൂ,'' ജിപ്പിപ്പയ്യൻ വീണ്ടും വ്യക്തമായി പറഞ്ഞു. അയാളുടെ കറുത്ത തല മൃദുവായ ആട്ടിൻതോലിലേക്ക് ചെരിഞ്ഞു.

അദ്ധ്യായം എട്ടു്

വെയിലേററു് ചുട്ടുപൊള്ളിയ മണൽത്തിട്ട വെള്ളത്തിലേക്കു് ഉരുകിയൊലിച്ചു് ആഴം കുറഞ്ഞയിടങ്ങളിൽ ഇരുന്ന വെട്ടിത്തിളങ്ങുകയാണെന്ന തോന്നി. ഞങ്ങളുടെ സേനാവിഭാഗത്തെ അവിടെയെങ്ങും കാണാൻ കഴിഞ്ഞില്ല.

''അവർ കടന്നുപോയിക്കാണും,'' ചുബുക്കു് പറഞ്ഞു. ''സാരമില്ല. ഇവിടെനിന്നു് അധികം ദൂരെയല്ലാതെ ശത്രുക്കൾ ഉപേക്ഷിച്ചുപോയ കാവൽചൗക്ക കാണും. അവിടെ എത്തുമ്പോഴേക്കും നമ്മുടെ സേനാവിഭാഗം നിൽക്കും.''

''ചുബുക്കു്, നമുക്കു് ഒന്നു കുളിച്ചാലെന്താ?'' ഞാൻ പറഞ്ഞു. ''വേഗം ഒന്നു മുങ്ങിയിട്ടു് പോകാം. വെള്ളം എത്ര തെളിഞ്ഞതാണെന്ന നോക്കു.''

''ഇതു കുളിക്കാൻ പററിയ സ്ഥലമല്ല. യാതൊരു മറയുമില്ല.''

''അതുകൊണ്ടെന്താ?''

''എന്താണെന്നോ? കൊള്ളാം! കുളിച്ചുകൊണ്ടിരിക്കുന്ന നഗ്നനായ ഒരു മനുഷ്യൻ പട്ടാളക്കാരനല്ല. ഒരു വടികൊണ്ടു് അയാളെ കീഴ്പ്പെടുത്താം. അല്ലെങ്കിൽ കൊസാക്കുകാരനു് കുതിരപ്പുറത്തു വന്നു് അയാളുടെ തോക്കെടുത്തുകൊണ്ടുപോകാം. അങ്ങിനെ സംഭവിച്ചാൽ പിന്നെ നമ്മളെന്തു ചെയ്യും? ഖൊപ്രയിൽ വച്ചു് വാസ്തവത്തിൽ അങ്ങിനെ ഒരു സംഭവം ഉണ്ടായി. വെറും രണ്ടുപേരല്ല, നാല്പതു പേരടങ്ങിയ ഒരു സേനാദളം മുഴുവൻ കുളിക്കാനിറങ്ങി. അഞ്ചു കൊസാക്കുകാർ അവരുടെ മേൽ വെടിവച്ചുതുടങ്ങി. എന്തൊരു അങ്കലാപ്പായിരുന്നു! പലരും വെടിയേററു വീണു. മററുള്ളവർ മറുകരയിലേക്കു നീന്തി രക്ഷപ്പെട്ടു. ആത്മബന്ധമില്ലാത്ത അവർ കാടുകളിൽ അലഞ്ഞുതിരിഞ്ഞു. ചുററുമുള്ള ഗ്രാമ

ങ്ങൾ ധനികരായ കലാകാരന്മാരുടേതായിരുന്നു. അവിടെയെങ്ങും ചെല്ലാൻ നിവൃത്തിയില്ലായിരുന്നു. നഗ്നനായി ചെന്നാൽ ബോറംഷെവിക്കാണെന്നു് ഉടൻ അവർ മനസ്സിലാക്കും.''

ഇതൊക്കെ പറഞ്ഞെങ്കിലും ഒടുവിൽ ചുബുക്കിനെക്കൊണ്ടു് ഞാൻ സമ്മതിപ്പിച്ചു. ഞങ്ങൾ മരങ്ങളുടെ മറവുള്ള ഒരിടത്തു ചെന്നു് ധൃതിയിൽ മുങ്ങിക്കയറി. ട്രൗസറും ബൂട്ടുകളും ബെൽററുകൊണ്ടു് കെട്ടി ബയണററിന്റെ അററത്തു് കൊരുത്തുവച്ചുകൊണ്ടു് ഞങ്ങൾ പുഴ കടന്നു് അക്കരെയെത്തി. കുളി കഴിഞ്ഞപ്പോൾ ഉന്മേഷം തോന്നി. തോക്കിന്റെ ഭാരം കുറഞ്ഞെന്നും വെടിത്തിരസഞ്ചി പള്ളയിൽ ഉരയുന്നില്ലെന്നും തോന്നി. കാട്ടിന്റെ അരികിലൂടെ ലാഘവത്തോടെ നടന്നു് ഞങ്ങൾ ആൾപ്പാർപ്പില്ലെന്നു തോന്നിച്ച ഒരു കുടിലിനടുത്തെത്തി. അതിന്റെ ജനാലച്ചില്ലുകളെല്ലാം പൊട്ടിപ്പോയിരുന്നു. അടുക്കളയിലുള്ള ഇരുമ്പടുപ്പുപോലും പൊളിച്ചുമാററപ്പെട്ടിരുന്നു. കുടിലിന്റെ ഉടമസ്ഥർ സ്ഥലംവിടുന്നതിനു മുമ്പു് എല്ലാം കെട്ടിപ്പെറുക്കി കൊണ്ടുപോയതാവണം.

ചുബുക്ക് കണ്ണുകൾ ചെറുതാക്കിപ്പിടിച്ചുകൊണ്ടു് കരുതലോടെ വീടിനു ചുററും നടന്നു നോക്കി. രണ്ടുവിരലുകൾ വായിൽ വച്ചു് അയാൾ ഉറക്കെ ചൂളം വിളിച്ചു. അതിന്റെ മാറെറാലി കാട്ടിൽ വളരെ നേരം കറങ്ങിത്തിരിഞ്ഞു് പച്ചിലപ്പടർപ്പുകളിൽ ചെന്നവസാനിച്ചു. യാതൊരു വിധ പ്രതികരണവും ഉണ്ടായില്ല.

''അവർ ഇവിടെ എത്തുന്നതിനുമുമ്പു് നമ്മൾ എത്തിയെന്നാണോ ഇതിന്റെ അർത്ഥം? ശരി, സാരമില്ല. നമുക്കു് അവർ വരുന്നതുവരെ ഇവിടെ കാത്തിരിക്കാം.''

ഞങ്ങൾ റോഡിൽനിന്നു് കുറച്ചകലെയായി തണലുള്ള ഒരിടത്തു് ചെന്നു കിടന്നു. ഞാൻ എന്റെ കോട്ടു് ചുരുട്ടി തലയ്ക്കു വച്ചു. കൂടുതൽ സൗകര്യമായി കിടക്കാൻവേണ്ടി ഞാൻ എന്റെ തോൽസഞ്ചി എടുത്തു മാററി. ഈർപ്പമുള്ള മണ്ണിൽ കിടന്നാണു് പല രാത്രികളിലും ഞങ്ങൾ ഉറങ്ങിയിരുന്നതു്. അതുകൊണ്ടു് ആ തുകൽസഞ്ചിയിൽ ചുളിവുകൾ വീഴുകയും അതിന്റെ നിറം മങ്ങുകയും ചെയ്തിരുന്നു.

ആ സഞ്ചിയിൽ ഒരു പേനാക്കത്തി, ഒരു കഷണം സോപ്പു്, ഒരു ഉണ്ടനൂലും സൂചിയും എന്നിവ കൂടാതെ പവ്‌ലേങ്കൊവിന്റെ റഷ്യൻ എൻസൈക്ലോപീഡിയയുടെ മദ്ധ്യഭാഗവും ഉണ്ടായിരുന്നു.

എൻസൈക്ലോപീഡിയ എത്ര പ്രാവശ്യം വേണമെങ്കിലും വായിക്കാൻ കഴിയുന്ന ഒരു പുസ്തകമാണ്. എത്ര പ്രാവശ്യം വായിച്ചാലും എല്ലാം ഓർമ്മവയ്ക്കാൻ സാദ്ധ്യവുമല്ല. അതുകൊണ്ടാണ് ഞാൻ പോകുന്നിടത്തെല്ലാം അതുമായി നടന്നതു്. വിശ്രമവേളകളിലും, മലയിടുക്കുകളിലോ വനാന്തരങ്ങളിലോ ഒളിച്ചിരിക്കുമ്പോഴും ഞാൻ മൂലകറം മടങ്ങിയ ആ പുസ്തകം എടുത്തു് വായിച്ചുകൊണ്ടിരിക്കുക പതിവായിരുന്നു. അതിൽ അച്ചടിച്ചിരുന്ന മുറയ്ക്കു് ഓരോ വിവരണവും ഞാൻ വായിച്ചുനോക്കും. സന്യാസിമാരുടേയും രാജാക്കന്മാരുടേയും ജനറൽമാരുടേയും ജീവചരിത്രം അതിൽ കൊടുത്തിരുന്നു. കൂടാതെ വാർനീഷുണ്ടാക്കേണ്ടതെങ്ങിനെയെന്നും തത്വശാസ്ത്രത്തിലെ പദപ്രയോഗങ്ങളുടെ അർത്ഥമെന്തെന്നും പണ്ടു നടന്ന യുദ്ധങ്ങൾ ഏതൊക്കെയെന്നും അതിൽ വിവരിച്ചിരുന്നു. കോസ്റ്റ റിക്കയുടെ ചരിത്രമായിരുന്നു പിന്നീടു്. അങ്ങിനെ ഒരു സ്ഥലത്തെപ്പററി ഞാൻ അതിനുമുമ്പു് കേട്ടിട്ടേ ഉണ്ടായിരുന്നില്ല. മൃഗങ്ങളുടെ എല്ലുകളിൽ നിന്നു് വളം ഉണ്ടാക്കേണ്ടതെങ്ങിനെയെന്നും ആ പുസ്തകത്തിലുണ്ടായിരുന്നു. പ്രയോജനകരവും അല്ലാത്തതുമായ പലതരം അറിവുകൾ എനിക്കു് ആ പുസ്തകത്തിൽനിന്നു കിട്ടി. ''എഫി''നും ''ആറി'ന്'ം ഇടയ്ക്കു വരുന്ന അക്ഷരങ്ങളിൽ തുടങ്ങുന്നവയായിരുന്നു അവയെല്ലാം. കാരണം ബാക്കിഭാഗം അതിൽ ചേർത്തിരുന്നില്ല.

കുറെ ദിവസം മുമ്പു് ഡ്യൂട്ടിനില്ക്കാൻ പുറത്തേക്കു പോകുമ്പോൾ ഞാൻ ഒരു കഷണം കറുത്ത റൊട്ടി സഞ്ചിയിലേക്കിട്ടിരുന്നു. മറന്നുകിടന്ന ആ റൊട്ടിക്കഷണം അവിഞ്ഞു് പുസ്തകത്തിന്റെ പേജുകളിൽ ഒട്ടിപ്പിടിച്ചിരിക്കുന്നതു് ഞാൻ കണ്ടു. ഞാൻ സഞ്ചിയുടെ ഉള്ളിലെ സാധനങ്ങളെല്ലാം പുല്ലിലേക്കു കുടഞ്ഞിട്ടു. സഞ്ചിക്കകത്തു പററിപ്പിടിച്ചിരുന്ന റൊട്ടിത്തരികൾ ചുരണ്ടിക്കളയാനായി ഞാൻ അകത്തു കയ്യിട്ടു സഞ്ചിയുടെ അകവശത്തെ ലൈനിംഗ് വിട്ടുപോയ ഒരിടത്തു് എന്റെ കൈ തടഞ്ഞു.

ഞാൻ സഞ്ചി സൂര്യനുനേരെ പിടിച്ചു് അകത്തേക്കു നോക്കി. ലൈനിംഗിനടിയിൽ ഒരു കഷണം വെള്ളക്കടലാസു് ഇരിക്കുന്നതു ഞാൻ കണ്ടു.

എന്റെ ജിജ്ഞാസ ഉണർന്നു. ഞാൻ ലൈനിംഗ് കുറച്ചുകൂടി പൊളിച്ചുമാററി ഒരുക്കായി വച്ചിരുന്ന തീരെ കനം കുറഞ്ഞ കുറെ കടലാസു

കാം പുറത്തെടുത്തു. ആദ്യത്തെ കടലാസു ഞാൻ തുറന്നുനോക്കി. അതിന്റെ നടുക്കു് ഇരട്ടത്തലയുള്ള കഴുകന്റെ സ്വർണ്ണനിറമുള്ള മുദ്ര തിളങ്ങി. കറെ താഴെയായി സ്വർണ്ണലിപിയിൽ ''സർട്ടിഫിക്കററ്''' എന്നു് അച്ചടിച്ചിരുന്നു. ''കൗണ്ട് അറക്ച്ചേയെവ് കോർ ഓഫ് കേഡററ്സിൽ'' രണ്ടാം നമ്പർ കമ്പനിയിലെ ''യൂറി വാൽദിന്''' നൽകിയ സർട്ടിഫിക്കററായിരുന്നു അതു്. അയാറം വിജയകരമായി പഠനം പൂർത്തിയാക്കിയെന്നും ക്ലാസിലും സ്വഭാവത്തിലും മുൻപന്തിയിലാണെന്നും അതിൽ രേഖപ്പെടുത്തിയിരുന്നു.

''അതാണു് കാര്യം!'' ഞാൻ കാട്ടിൽവച്ചു കണ്ടുമുട്ടുകയും വെടിവച്ചു കൊല്ലുകയും ചെയ്ത അപരിചിതന്റെ രഹസ്യം എനിക്കു പിടികിട്ടി ബട്ടണുകാം മുഴുവൻ മനപ്പൂർവ്വം മുറിച്ചുമാററപ്പെട്ടിരുന്ന കോട്ടിന്റെ കോളറിലെ ct.-A.C.C. എന്ന അക്ഷരങ്ങളുടെ അർത്ഥം അപ്പോഴാണു് എനിക്കു മനസ്സിലായതു്.

മറെറ കടലാസ് ഫ്രഞ്ചുഭാഷയിലെഴുതിയ ഒരു കത്തായിരുന്നു. സ്കൂളിൽ ഫ്രഞ്ചുഭാഷ പഠിച്ചതിന്റെ നേരിയ ഓർമ്മയേ എനിക്കുണ്ടായിരുന്നുള്ളെങ്കിലും പകുതി അറിവും പകുതി ഊഹവുംവച്ചു് ഏതാണ്ടു് അരമണിക്കൂർ നേരം പരിശ്രമിച്ചതിന്റെ ഫലമായി എനിക്കു് ആ കത്തിന്റെ പൊരുളം ഏതാണ്ടു് മനസ്സിലാക്കാൻ കഴിഞ്ഞു. കേഡററ് യൂറി വാൽദിനെ കേണൽ കൊരെൻകോവിന് പരിചയപ്പെടുത്തിക്കൊടുക്കുന്ന ഒരു കത്തായിരുന്നു അതു്.

ആ രസകരമായ കടലാസുകാം ചുബൂക്കിനെ കാണിക്കണമെന്നു് എനിക്കു് അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും ഉറങ്ങിക്കിടന്ന അയാളെ വിളിച്ചുണർത്താൻ എനിക്കു മനസ്സുവന്നില്ല. ഇന്നലെ രാവിലെ മുതൽ അയാറം നടപ്പു തുടങ്ങിയതാണു്. ഞാൻ കടലാസുകാം സഞ്ചിയിൽ തിരിച്ചുവച്ചിട്ടു് നിഘണ്ടുവായനയിൽ മുഴുകി.

ഏതാണ്ടു് ഒരു മണിക്കൂർ അങ്ങിനെ കഴിഞ്ഞു. കാററിന്റെ മർമ്മരശബ്ദത്തിനും പക്ഷികളുടെ കളകൂജനങ്ങാംക്കുമിടയിൽ മറെറാരു ശബ്ദം കേറംക്കുന്നുണ്ടെന്നു തോന്നി. ഞാൻ എണീററു് കൈ ചെവിക്കുപിന്നിൽ പിടിച്ചുകൊണ്ടു് ശ്രദ്ധിച്ചു. കാൽപ്പെരുമാററവും ആളുകളുടെ ശബ്ദവും കൂടുതൽ വ്യക്തമായി കേട്ടുതുടങ്ങി.

''ചുബൂക്ക്!'' അയാളുടെ തോളിൽ പിടിച്ചു കലുക്കിക്കൊണ്ടു്

ഞാൻ വിളിച്ചു. ''ചുബുക്ക്, എണീക്കു. നമ്മുടെ ആളുകൾ വരുന്നുണ്ട്!''

''നമ്മുടെ ആളുകൾ വരുന്നുണ്ട്!'' എന്നു് യാന്ത്രികമായി മന്ത്രിച്ചുകൊണ്ടു് ചുബുക്ക് എണീററിരുന്നു കണ്ണുതിരുമ്മി.

''അതെ. അവർ അടുത്തെത്തിക്കഴിഞ്ഞു. വേഗം വരൂ.''

''ഞാൻ ഉറങ്ങിപ്പോയോ?'' അത്ഭുതത്തോടെ ചുബുക്ക് ചോദിച്ചു. ''ഞാൻ ഒരു നിമിഷത്തേക്കു് വെറുതെ ഒന്നു കിടന്നതാണ്.''

തോക്കു തോളിലിട്ടു് എന്റെ പിന്നാലെ നടക്കുമ്പോഴും അയാളുടെ കണ്ണുകളിൽനിന്നു് ഉറക്കം വിട്ടുമാറിയിരുന്നില്ല. വെളിച്ചം കണ്ണിലടിച്ചപ്പോൾ അയാൾ മെല്ലെ കണ്ണിറുക്കി.

ആളുകളുടെ ശബ്ദകോലാഹലം തൊട്ടടുത്തെത്തി. അടുത്തുവരുന്ന സഖാക്കളെ സ്വാഗതം ചെയ്യാനായി ഞാൻ കുടിലിന്റെ മറവിൽനിന്നു് പുറത്തേക്കു ചാടിവന്നു് ആഹ്ലാദത്തോടെ ആർത്തുവിളിച്ചുകൊണ്ടു് തൊപ്പിയൂരി മുകളിലേക്കെറിഞ്ഞു. ആ തൊപ്പി വീണതെവിടെയാണെന്നു് കാണുന്നതിനുമുമ്പു് ഞാൻ സ്തംഭിച്ചുപോയി—എനിക്കു ഭയങ്കരമായ ഒരു ബദ്ധം പററിയിരിക്കുന്നു!

''തിരിച്ചുവാ!'' എന്റെ പിന്നിൽ നിന്നിരുന്ന ചുബുക്ക് ഇഴഞ്ഞ ശബ്ദത്തിൽ പരുഷമായി പറഞ്ഞു.

ഠോ....ഠോ.ഠോ....

മാർച്ചുചെയ്തുവരുന്ന പട്ടാളക്കാരുടെ ഇടയിൽനിന്നു് ഏതാണ്ടു് ഒരേസമയത്തു് മൂന്നു വെടി പൊട്ടി. അദൃശ്യമായ ഒരു ശക്തി എന്റെ കയ്യിൽനിന്നു് തോക്കു തട്ടിത്തെറിപ്പിക്കാൻ ശ്രമിക്കുകയും തോക്കിന്റെ പിടി വെട്ടിപ്പിളർക്കുകയും ചെയ്തു. അതിന്റെ ശക്തികൊണ്ടു് ഞാൻ വീണുപോകുമെന്നു തോന്നി. എന്നാൽ ആ മുഴക്കവും ഞെട്ടലും എന്റെ മരവിച്ചുപോയ തലച്ചോറിനെ ഉണർത്തി. ''വൈററ് ഗാർഡുകാർ'' എന്നു് മനസ്സിൽ പറഞ്ഞുകൊണ്ടു് ഞാൻ ചുബുക്കിന്റെ അടുക്കലേക്കോടി. ചുബുക്കു് തിരിച്ചുവെടിവച്ചുതുടങ്ങിയിരുന്നു.

ഛിന്നിച്ചിതറിയ ശത്രുക്കളുടെ വലയത്തിൽനിന്നു് രക്ഷപ്പെടാൻ ഏകദേശം ഒരു മണിക്കൂർ വേണ്ടിവന്നു. എന്നാൽ ഒടുവിൽ ഞങ്ങൾ അവരിൽനിന്നു് രക്ഷപ്പെടുകതന്നെ ചെയ്തു. പിന്നാലെ വരുന്നവരുടെ കാൽപ്പെരുമാററം കേൾക്കാതായെങ്കിലും ഞങ്ങൾ പിന്നേയും വളരെ നേരം

ഓടിക്കൊണ്ടിരുന്നു. ഞങ്ങളുടെ ദേഹമാകെ ചുട്ടുപൊള്ളുകയും വിയർത്തൊലിക്കുകയും ചെയ്തു. തൊണ്ട വരണ്ടു. കാട്ടിലെ തണുത്ത വായു ഞങ്ങൾ ആർത്തിയോടെ വിഴുങ്ങി. വേദനിക്കുന്ന കാലുകളുടെ വിങ്ങുന്ന ഉപ്പൂററികൾകൊണ്ട് ഞങ്ങൾ പുല്ലും മരക്കുററികളും ചവിട്ടിമെതിച്ചു.

''നിൽക്കു്!'' ഒരു പുൽത്തകിടിയിലേക്ക് വീണുകൊണ്ട് ചുബുക്ക് പറഞ്ഞു. ''നമുക്ക് കുറച്ച് വിശ്രമിക്കാം. ഹോ, നമ്മൾ രക്ഷപ്പെട്ടതു് ഒരത്ഭുതമാണ്! എന്റെ കുററംകൊണ്ടാണ് ഇങ്ങിനെ പററിയതു്. ഞാൻ ഉറങ്ങിപ്പോയി. നമ്മുടെ ആൾക്കാരാണെന്ന് ഉറപ്പുവരുത്തിയിട്ടാണ് നീ 'നമ്മുടെ ആളുകൾ' എന്നു് വിളിച്ചുപറയുന്നതു് എന്നാണ് ഞാൻ കരുതിയതു്. പാതിയുറക്കത്തിൽ ഞാനും ചാടിപ്പുറപ്പെട്ടു.''

അപ്പോഴാണ് ഞാൻ എന്റെ തോക്കു് നോക്കിയതു്. അതിന്റെ പിടി പിളർന്നുപോയിരുന്നു, കുഴൽ വളഞ്ഞും.

ഞാൻ തോക്കു് ചുബുക്കിന്റെ കയ്യിൽ കൊടുത്തു. അയാൾ അതു വലിച്ചെറിഞ്ഞു.

''ഒരു കമ്പിന്റെ പ്രയോജനമേ ഇനി ഇതിനുള്ളൂ,'' അയാൾ അവജ്ഞയോടെ പറഞ്ഞു. ''ഇതു് ഇപ്പോൾ ഒരു തോക്കല്ല, പന്നികളെ അടിക്കാൻ മാത്രം കൊള്ളുന്ന വടിയാണ്. അതു സാരമില്ല. നിനക്കു് വെടിയേൽക്കാതിരുന്നതു ഭാഗ്യമായെന്നു വിചാരിച്ചോളൂ. നിന്റെ കോട്ടെവിടെ? അതും നഷ്ടപ്പെട്ടോ? എന്റേതും പോയി. ചങ്ങാതി! ഇതാണ് നമ്മുടെ സ്ഥിതി.''

ബൂട്ടുകൾ ഊരിമാററുകയും ഷർട്ടിന്റെ കോളറിലെ ബട്ടൺ അഴിച്ചിടുകയും ചെയ്തുകൊണ്ട് പുല്ലിൽ വളരെനേരം അനങ്ങാതെ കിടക്കാൻ അതിയായ ആഗ്രഹം ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ കലശലായ ദാഹം ക്ഷീണത്തെ കീഴടക്കി. അടുത്തെങ്ങും വെള്ളമുണ്ടായിരുന്നില്ല.

ഞങ്ങൾ എണീററു് തളർന്ന കാൽവയ്പുകളോടെ നടന്നു. ഞങ്ങൾ ഒരു പാടം മുറിച്ചുകടന്നു. കുന്നിൻചരിവിലുള്ള ഒരു ഗ്രാമത്തിലെ ചെറുഭവനങ്ങൾ ദൂരെ പ്രത്യക്ഷപ്പെട്ടു. വയ്ക്കോൽ മേഞ്ഞ മേൽക്കൂരയും വെള്ളയടിച്ച മൺചുവരുകളുമുള്ള ആ കുടിലുകൾ അവിടെനിന്നു നോക്കിയപ്പോൾ വിരിഞ്ഞുനിൽക്കുന്ന തവിട്ടുനിറമുള്ള ഒരു കൂട്ടം കൂണുകളാണെന്നു തോന്നി. അങ്ങോട്ടു പോകാൻ ഞങ്ങൾ ധൈര്യപ്പെട്ടില്ല. പാടം കടന്നു് ഞങ്ങൾ ഒരു ചെറിയ വനത്തിലെത്തി.

''ഒരു വീട്,'' ഇരുമ്പുകൊണ്ടുണ്ടാക്കിയ ചുവന്ന ചായമടിച്ച ഒരു മേൽക്കൂരയുടെ അററം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പതുക്കെ പറഞ്ഞു.

ശത്രുക്കാം അവിടെ പതിയിരിക്കാനിടയുള്ളതുകൊണ്ട് വളരെ സൂക്ഷിച്ചും പാത്തും പതുങ്ങിയുമാണ് ഞങ്ങാം ആ വീടിനെ സമീപിച്ചത്. മതിലിന് നല്ല പൊക്കമുണ്ടായിരുന്നു. ഗയിററ് പൂട്ടിയിരക്കയാണ്. പട്ടി കുരയ്ക്കുകയോ കോഴികാം കൊക്കുകയോ തൊഴുത്തിൽ പശുക്കാം അനങ്ങുകയോ ചെയ്തില്ല. സർവ്വത്ര നിശ്ശബ്ദത. ഞങ്ങാം അടുത്തെത്തിയതു കണ്ട് സർവ്വജീവജാലങ്ങളും ഓടിയൊളിച്ചെന്നു തോന്നി. ഞങ്ങാം വീടിനു ചുററും നടന്നു നോക്കിയെങ്കിലും അകത്തുകയറാൻ പഴുതൊന്നും കണ്ടില്ല.

''നീ എന്റെ പുറത്തു കയറി നിന്ന് മതിലിനപ്പുറത്തു എന്താണെന്ന് നോക്കു'' ചുബുക്ക് എന്നോടു പറഞ്ഞു.

മതിലിനു മുകളിലൂടെ ഞാൻ കണ്ടതു് അങ്ങുമിങ്ങും ഒന്നോ രണ്ടോ പൂക്കാം വിരിഞ്ഞു നില്ക്കുന്ന താറുമാററായ പൂക്കളങ്ങളും പുല്ലുപിടിച്ചു കിടക്കുന്ന വിജനമായ ഒരു മുററവുമാണ്.

''എന്താണ്?'' ചുബുക്ക് അക്ഷമനായി ചോദിച്ചു. ''നീ വേഗം ഒന്നിറങ്ങ്! എന്റെ മുതുക് ഇരുമ്പുകൊണ്ടുണ്ടാക്കിയതാണെന്നാണോ വിചാരം?''

''അവിടെ ആരുമില്ല,'' ചാടിയിറങ്ങിക്കൊണ്ട് ഞാൻ പറഞ്ഞു. ''മുൻവശത്തെ ജനലുകാം പലകതറച്ച് അടച്ചിരിക്കുകയാണ്. വശത്തെ ജനലുകാംക്ക് കതകുകളേയില്ല. ഉപേക്ഷിക്കപ്പെട്ട ഒരു വീടാണെന്ന് കണ്ടാലറിയാം. പക്ഷേ മുററത്ത് ഒരു കിണറുണ്ട്.''

ഞങ്ങാം ഇളക്കമുള്ള ഒരു പലകക്കഷണം പൊളിച്ചുമാററി ആ വിടവിലൂടെ മുററത്തു കടന്നു. കിണററിൽ വെള്ളമുണ്ടായിരുന്നു. പക്ഷേ കോരിയെടുക്കാൻ യാതൊന്നുമുണ്ടായിരുന്നില്ല. ഒരു ഷെഡ്ഡിൽ കൂടിക്കിടന്ന തട്ടുമുട്ടുസാമാനങ്ങളുടെ ഇടയിൽനിന്ന് ചുബുക്ക് ഓട്ട വീണ ഒരു തകരത്തൊട്ടി കണ്ടുപിടിച്ചു. അതുകൊണ്ട് ഞങ്ങാം വെള്ളം കോരി. മുകളിലെത്തിയപ്പോഴേക്കും തൊണ്ടനനയാൻ വെള്ളം പോലും അതിൽ ശേഷിച്ചിരുന്നില്ല. ഞങ്ങാം കുറെ പുല്ലു തിരുകി അതിന്റെ ഓട്ട അടച്ചുവച്ചിട്ട് പിന്നേയും ശ്രമിച്ചു. നല്ല തണുത്ത തെളിഞ്ഞ വെള്ളം. ഞ

ങ്ങരം ഇററിററായി അതു കുടിച്ചു ദാഹം തീർത്തു. ഒടുവിൽ മുഖത്തെ പൊടിയും വിയർപ്പും കഴുകിക്കളഞ്ഞിട്ടു് വീട്ടിനടുത്തേക്കു നടന്നു. ജനലുകരം പലകയടിച്ചു് അടച്ചിരുന്നെങ്കിലും വരാന്തയിലേക്കു തുറക്കുന്ന വശത്തെ ഒരു കതകു് തുറന്നുകിടന്നിരുന്നു. അതു് താഴത്തെ ഒരൊററ വിജാഗരിയിലാണു് നിന്നിരുന്നതു്. ഞരങ്ങുന്ന തറപ്പലകകളിൽ ചവിട്ടിക്കൊണ്ടു് ഞങ്ങരം സൂക്ഷിച്ചു് വീട്ടിനുള്ളിൽ കടന്നു.

കച്ചിയും കടലാസുകഷണങ്ങളും പഴന്തുണിയും ചിതറിക്കിടന്ന തറയിൽ ഒഴിഞ്ഞ കറെ വീഞ്ഞപ്പെട്ടികളുണ്ടായിരുന്നു. ഒരു ഒടിഞ്ഞ കസേരയും ഒരലമാരിയുമാണു് അവിടെയുണ്ടായിരുന്ന മററു സാമാനങ്ങരം. അലമാരിയുടെ കതകു് കനമുള്ള എന്തോ ഒരു സാധനംകൊണ്ടു് തല്ലിപ്പൊളിച്ചിട്ടിരുന്നു.

''കൃഷിക്കാർ ഇവിടം കൊള്ളയടിച്ചിട്ടുണ്ടു്,'' ചുബുക്കു് പതുക്കെ പറഞ്ഞു.

അതിനടുത്ത മുറിയിൽ നാരുകൊണ്ടുണ്ടാക്കിയ ഒരു പായുടെ അടിയിൽ പൊടിപിടിച്ച ഏതാനും പുസ്തകങ്ങരം കൂടിക്കിടന്നു. അതിനിടയിൽ ഗാംഭീര്യം തോന്നിക്കുന്ന ഒരു മാന്യൻെറ കീറിയ ഒരു പടവും കിടന്നിരുന്നു. അയാളുടെ വെളുത്ത നെററിത്തടത്തിൽ ആരോ വിരൽ മഷിയിൽ മുക്കി ഒരു അശ്ലീലപദം എഴുതിവച്ചിരുന്നു.

കൊള്ളയടിക്കപ്പെട്ടതും ഉപേക്ഷിക്കപ്പെട്ടതുമായ ആ വീട്ടിലെ മുറികരംതോറും കയറി ഇറങ്ങുന്നതു് അസാധാരണവും രസകരവുമായ ഒരനുഭവമായിരുന്നു. പൊട്ടിയ ഒരു ചെടിച്ചട്ടി, മറന്നുകിടന്ന ഒരു ഫോട്ടോ, അഴുക്കിനിടയിൽ കിടന്നു തിളങ്ങുന്ന ഒരു ബട്ടൺ, നിലത്തു ചിതറിക്കിടന്ന ചതുരംഗക്കരുക്കരം, പൊട്ടിത്തകർന്ന ഒരു ജപ്പാൻ പൂപ്പാത്രത്തിൻെറ കഷണങ്ങരംക്കിടയിൽ ഒററപ്പെട്ടു കിടന്ന ഒരു ഇസ്പേഡു രാജാവു്, എന്നിങ്ങനെ അവിടെ കണ്ട ഓരോ ചില്ലറ സാധനങ്ങളും അവിടത്തെ ഗൃഹനാഥനെക്കുറിച്ചു്, പ്രക്ഷുബ്ധമായ വർത്തമാനകാലത്തിൽ നിന്നും തികച്ചും വിഭിന്നമായിരുന്ന പ്രശാന്തമായ ഒരു ഭൂതകാലത്തെക്കുറിച്ചും മൂകമായി സംസാരിച്ചുകൊണ്ടിരുന്നു.

അടുത്ത മുറിയിൽനിന്നു് മെല്ലെ ഒരു മുട്ടു കേട്ടു. ആ വിജനമായ കെട്ടിടത്തിലെ നഷ്ടാവശിഷ്ടങ്ങളുടേയും ജീർണ്ണതയുടെയും നടുവിൽ നില്ക്കുമ്പോരം തികച്ചും അപ്രതീക്ഷിതമായി കേട്ട ആ ശബ്ദം ഞങ്ങളെ ഞെട്ടിച്ചു.

''ആരാണതു്?'' ചുബുക്കിന്റെ മുഴങ്ങുന്ന ശബ്ദം നിശ്ശബ്ദതയെ ഭഞ്ജിച്ചു. ചുബുക്ക് തോക്കിൽ കൈ വച്ചിരുന്നു.

ഒരു വലിയ കണ്ടൻപൂച്ച ഞങ്ങളുടെ അടുത്തേക്കു് മെല്ലെ നടന്നു വന്നു് വിശപ്പോടെ മ്യാവു വിളിക്കുകയും തണുത്ത പച്ചക്കണ്ണുകൾകൊണ്ടു് പകയോടെ ഞങ്ങളെ നോക്കുകയും ചെയ്തു. ഞാൻ അതിനെ തലോടാൻ കൈ നീട്ടി. എന്നാൽ അതു് മാറിക്കളഞ്ഞു. അതു് ഒററക്കുതിക്കു് ജനൽപ്പടിയിൽ കയറി അവിടെനിന്നു് മണ്ണടിഞ്ഞു കിടന്ന ചെടികളുടെ ഇടയിലേക്കു ചാടി പുല്ലിനിടയിൽ മറഞ്ഞു.

''അതു് പട്ടിണികിടന്നു് ചാകാത്തതാണു് അത്ഭുതം.''

''അതു് പട്ടിണികിടക്കുന്നതെന്തിനാണു്? ഇവിടെ ധാരാളം എലികളുണ്ടെന്നു് ഈ മണംകൊണ്ടു് അനുമാനിക്കാം. പൂച്ച എലിയെ തിന്നും.''

ഹൃദയം മരവിപ്പിക്കുന്ന നിരുന്മേഷകരമായ ശബ്ദത്തോടെ ദൂരെ എവിടെയോ ഒരു കതകു ഞരങ്ങി. ആരോ ഉണങ്ങിയ തുണികൊണ്ടു് നിലം തുടയ്ക്കുന്നതുപോലുള്ള പതിഞ്ഞ ഒരു ശബ്ദവും കേട്ടു. ഞങ്ങൾ പരസ്പരം നോക്കി. അതു് മനുഷ്യരുടെ കാൽപ്പെരുമാററമായിരുന്നു. ''ഏതു പിശാചായിരിക്കും അതു്?'' എന്നെ ജനലിനടുത്തേക്കു പിടിച്ചു വലിച്ചുകൊണ്ടു് ചുബുക്ക് പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

ആരോ കതകു തുറന്നതുകൊണ്ടു് നിലത്തു കിടന്ന കടലാസുകൾ ഉലഞ്ഞു ശബ്ദമുണ്ടാക്കി. ക്ഷൗരം ചെയ്യാത്ത വൃദ്ധനായ ഒരു മനുഷ്യൻ ഒരു ചെറുചുമയോടെ അകത്തേക്കു കടന്നുവന്നു. നീലനിറമുള്ള ശയനവസ്ത്രങ്ങളും വള്ളിച്ചെരിപ്പുകളുമാണു് അയാൾ ധരിച്ചിരുന്നതു്. അയാൾ അത്ഭുതത്തോടെയെങ്കിലും തെല്ലും കൂസലില്ലാതെ ഞങ്ങളെ നോക്കി ഉപചാരപൂർവ്വം തലകുനിച്ചു. വികാരരഹിതമായ ശബ്ദത്തിൽ അയാൾ ഞങ്ങളോടു പറഞ്ഞു:

''താഴെ ആരാണു നടക്കുന്നതെന്നു് ഞാൻ അത്ഭുതപ്പെടുകയായിരുന്നു. കൃഷിക്കാർ വീണ്ടും വന്നതാവുമെന്നു കരുതി. എന്നാൽ ജനലിലൂടെ നോക്കിയപ്പോൾ പുറത്തു കുതിരവണ്ടിയൊന്നും കണ്ടുമില്ല.''

''നിങ്ങൾ ആരാണു്?'' തോക്കു് വീണ്ടും തോളിൽ തൂക്കിക്കൊണ്ടു് ചുബുക്ക് ജിജ്ഞാസയോടെ ചോദിച്ചു.

''നിങ്ങളാരാണെന്നു് ഞാൻ ആദ്യം ചോദിക്കട്ടെ,'' വൃദ്ധൻ ശാ

ന്തവും നിർവ്വികാരവുമായ ശബ്ദത്തിൽത്തന്നെ പറഞ്ഞു. ''ഇവിടം സന്ദർശിക്കണമെന്ന നിങ്ങരം തീരുമാനിച്ച സ്ഥിതിക്കു് നിങ്ങരം ഗൃഹനാഥനെ സ്വയം പരിചയപ്പെടുത്തിത്തരു. ഊഹിക്കാൻ പ്രയാസമില്ല,'' വൃദ്ധൻ ചുബുക്കിനെ തന്റെ ചാരനിറമുള്ള മങ്ങിയ കണ്ണുകരംകൊണ്ടു് ഉഴിഞ്ഞിട്ടു് പറഞ്ഞു. ''നിങ്ങരം ചുവപ്പുസേനക്കാരാണു്.''

ആരോ ബലമായി പിടിച്ചു വലിച്ചിട്ടെന്നപ്പോലെ ആ മനുഷ്യന്റെ അടിച്ചുണ്ടു് കോടി. മഞ്ഞ തിളക്കത്തോടെ ഒരു സ്വർണ്ണപ്പല്ലു മിന്നിമറഞ്ഞു. പിടഞ്ഞെണീററ കൺപീലികരം കണ്ണുകളിലെ പൊടി തുടച്ചുമാററി. സൽക്കാരപ്രിയനായ ഒരാതിഥേയനെപ്പോലെ കൈ ചലിപ്പിച്ചുകൊണ്ടു് അയാരം ഞങ്ങളെ ക്ഷണിച്ചു. ''വരു, മാന്യരെ.''

ഞങ്ങരം എന്തുചെയ്യണമെന്ന നിശ്ചയമില്ലാതെ പരസ്പരം നോക്കിയിട്ടു് വൃദ്ധന്റെ പിന്നാലെ നടന്നു. ഇടിഞ്ഞുപൊളിഞ്ഞ ഒരു മുറി കടന്നു് ഇടുങ്ങിയ ഒരു മരക്കോണിയിലൂടെ ഞങ്ങരം മുകളിലേയ്ക്കു കയറി.

''ഞാൻ ഇപ്പോരം മുകളിലാണു് അതിഥികളെ സൽക്കരിക്കുക,'' വൃദ്ധൻ ക്ഷമാപണസ്വരത്തിൽ പറഞ്ഞു. ''താഴെ ആകെ വൃത്തികേടായി കിടക്കുകയാണു്. വൃത്തിയാക്കാൻ ആരുമില്ല. ആരേയും കണ്ടുകിട്ടാനില്ല. ഇതാ ഇങ്ങോട്ടു കടന്നിരിക്കാം.''

ചെറിയതെങ്കിലും നല്ല വെളിച്ചമുള്ള ഒരു മുറിയിലാണു് ഞങ്ങരം എത്തിയതു്. ഭിത്തിയോടു് ചേർന്നു് സ്പ്രിംഗു മുഴുവൻ പുറത്തു ചാടിയ ഒരു പഴഞ്ചൻ സോഫ കിടന്നിരുന്നു. വിരിപ്പിനുപകരം അതിലിട്ടിരുന്നതു് നാരുകൊണ്ടുണ്ടാക്കിയ ഒരു പായാണു്. നല്ല കാലത്തു് മനോഹരമായിരുന്ന ഒരു പരവതാനിയുടെ തീ പിടിച്ചു് ദ്വാരങ്ങരം വീണ അവശിഷ്ടമാണു് പുതപ്പിന്റെ സ്ഥാനം വഹിച്ചതു്. സോഫയുടെ അടുത്തായി മൂന്നുകാലുകളുള്ള ഒരു മേശയുണ്ടായിരുന്നു. അതിന്റെ മുകളിലായി തൂങ്ങിക്കിടന്ന കൂട്ടിൽ ഒരു പക്ഷി കിടക്കുന്നുണ്ടു്. ആ പക്ഷി ചത്തതായിരുന്നു. അതു് ചത്തിട്ടു് വളരെക്കാലമായെന്നു തോന്നി. തീററ ഇട്ടുകൊടുക്കുന്ന പാത്രത്തിൽ കാലുകരം മുകളിലേക്കാക്കി കിടക്കുകയായിരുന്നു അതു്. പൊടികൊണ്ടു മൂടിയ അനേകം ഫോട്ടോകരം ഭിത്തിയിൽ തൂക്കിയിട്ടിരുന്നു. തല്ലിത്തകർക്കപ്പെട്ട വീട്ടുസാമാനങ്ങളുടെ അവശിഷ്ടങ്ങളിൽ ചിലതു് സ്വന്തം ആവശ്യത്തിനായി മുകളിലേക്കു കൊണ്ടുവരാൻ ആരോ വൃദ്ധനെ സഹായിച്ചിരിക്കണം.

''അവിടെ ഇരിക്കൂ,'' വൃദ്ധൻ സോഫ ചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞു. ''ഞാൻ ഒറ്റയ്ക്കാണു് താമസം. ഇവിടെ ആരെങ്കിലും കയറി വന്നിട്ടു് കാലംകുറെയായി. കൃഷിക്കാർ വല്ലപ്പോഴുമൊരിക്കൽ ആഹാര സാധനങ്ങളും കൊണ്ടുവരും. മാന്യരായ മനുഷ്യരെ ആരെയെങ്കിലും ഞാൻ കണ്ടിട്ടു് ഒരുപാടു നാളായി. ക്യാപ്റ്റൻ ഷ്വാർത്സ് ഒരിക്കൽ ഇവിടെ വന്നിരുന്നു. നിങ്ങൾക്കു് അയാളെ പരിചയമുണ്ടോ? ഓ, ക്ഷമിക്കണം, ഞാൻ മറന്നുപോയി. നിങ്ങൾ ചുവപ്പുപക്ഷക്കാരാണല്ലോ.''

വൃദ്ധൻ ഭിത്തി അലമാരിയുടെ അടുത്തുചെന്നു് താഴെ നടന്ന സംഹാരതാണ്ഡവത്തെ അതിജീവിച്ച രണ്ടു് പിഞ്ഞാണങ്ങളും രണ്ടു ഫോർക്കുകളും പുറത്തെടുത്തു. അടുക്കളയിലെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കപ്പെട്ട മരപ്പിടിയോടുകൂടിയ ഒരു സാധാരണ ഫോർക്കായിരുന്നു ഒന്നു്. ഭംഗിയുള്ള വളഞ്ഞ പിടിയോടുകൂടിയ രണ്ടാമത്തെ ഫോർക്കിന്റെ ഒരു പല്ലു് അടർന്നുപോയിരുന്നു. വൃദ്ധൻ ഒരു റൊട്ടിയും ഉക്രേനിയൻ സോസേജിന്റെ ഒരു പകുതി വളയവും എടുത്തുകൊണ്ടു് വന്നു.

അയാൾ പുകപിടിച്ചു് കറുത്ത കെററിൽ ചെരിഞ്ഞ ഒരു എണ്ണ സ്റ്റൗവിന്റെ മുകളിൽ വച്ചു. ഒടുവിൽ വളരെക്കാലമായി നനയ്ക്കാതെ കിടക്കുന്ന ഒരു തോർത്തിൽ കൈ തുടച്ചിട്ടു് അയാൾ ഭിത്തിയിൽനിന്നും വിചിത്രാകൃതിയിലുള്ള ഒരു പൈപ്പെടുത്തു് അതിൽ പുകയില നിറച്ചു തുടങ്ങി. ആ പൈപ്പിൽ മനുഷ്യന്റെ തലയുള്ള ഒരു മുട്ടനാടു് പല്ലില്ലാത്ത മോണ കാട്ടി ചിരിച്ചുകൊണ്ടിരിക്കുന്ന ചിത്രം കൊത്തിവച്ചിരുന്നു. വൃദ്ധൻ കീറിപ്പറിഞ്ഞു് സ്പ്രിംഗുകൾ എഴുന്നുനില്ക്കുന്ന ഒരു ചാരുകസേരയിൽ വന്നിരുന്നു. ആ സമയമെല്ലാം ചുബുക്കും ഞാനും ഒന്നും മിണ്ടാതെ സോഫയിൽ ഇരിക്കയായിരുന്നു.

വൃദ്ധൻ പുറംതിരിഞ്ഞുനിന്ന തക്കം നോക്കി എന്നെ ഒന്നു തോണ്ടിയിട്ടു് ചുബുക്ക് ഒരു വിരൽകൊണ്ടു് നെററിയിൽ തട്ടുകയും കൗശലപൂർവ്വം പുഞ്ചിരിക്കുകയും ചെയ്തു. കാര്യം മനസ്സിലാക്കി ഞാനും പുഞ്ചിരിച്ചു.

''ഞാൻ ചുവപ്പുസേനക്കാരെ ആരെയെങ്കിലും കണ്ടിട്ടു് വളരെ നാളായി,'' ആതിഥേയൻ പറഞ്ഞു. ''ലെനിന്റെ ആരോഗ്യം എങ്ങിനെയുണ്ടു്?''

''അദ്ദേഹം ആരോഗ്യവാനായിരിക്കുന്നു, നന്ദി,'' ചുബുക്ക് സഗൗരവം പറഞ്ഞു.

''ഹും, ആരോഗ്യവാനായിരിക്കുന്നു...''

വൃദ്ധൻ ഒരു കമ്പിയെടുത്തു് പുകയുന്ന പൈപ്പിനുള്ളിൽ കുത്തിക്കൊണ്ടു് നെടുവീർപ്പിട്ടു.

''എന്തുകൊണ്ടു പാടില്ല?'' എന്നു പറഞ്ഞിട്ടു് അയാൾ കുറേനേരം മിണ്ടാതിരുന്നു. ഒടുവിൽ ഞങ്ങളുടെ ചോദ്യത്തിനു് ഉത്തരമെന്ന വണ്ണം അയാൾ തുടർന്നു: ''എനിക്കാണെങ്കിൽ നല്ല സുഖമില്ല. ഉറക്കമില്ലായ്മ. എന്റെ മനസ്സിന്റെ സമനില തെററിയിരിക്കുന്നു. ചിലപ്പോൾ ഞാൻ രാത്രിയിൽ എണീററു് മുറികൾ തോറും കയറിയിറങ്ങും. എങ്ങും ഒരനക്കവും കാണുകയില്ല—എലികൾ മാന്തുന്നതൊഴികെ.''

''എന്താണു് എഴുതിക്കൊണ്ടിരിക്കുന്നതു്?'' കുരുകുരെ എഴുതി നിറച്ച ചെറിയ കുറെ കടലാസുതുണ്ടുകൾ മേശപ്പുറത്തു കിടക്കുന്നതു കണ്ടു് ഞാൻ ചോദിച്ചു.

''ഇപ്പോഴത്തെ സംഭവങ്ങളെക്കുറിച്ചുള്ള ഒരു വീക്ഷണം,'' അയാൾ മറുപടി പറഞ്ഞു. ''ഞാൻ ലോകം പുനഃസംഘടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുകയാണു്. ഞാൻ ഒരു തത്വചിന്തകനാണു്. ജീവിതത്തെക്കുറിച്ചു് നിസ്സംഗമായ ഒരു വീക്ഷണമാണു് എനിക്കുള്ളതു്. എനിക്കു് ഒന്നിനെപ്പററിയും പരാതിയില്ല.''

''വൃദ്ധൻ എണീററു് ജനലിലൂടെ പുറത്തേക്കു നോക്കിയിട്ടു് തിരിച്ചുവന്നു സ്വസ്ഥാനത്തിരുന്നു.

''ജീവിതം വലിയ ഒച്ചപ്പാടുണ്ടാക്കിയേക്കാം, പക്ഷേ സത്യം അവശേഷിക്കും. അതെ, അതു തീർച്ചയാണു്,'' അയാൾ തെല്ലൊരു ആവേശത്തോടെ പറഞ്ഞു. ''കലാപങ്ങൾ പണ്ടും ഉണ്ടായിട്ടുണ്ടു്. പുഗച്ചേവിന്റെ കാലത്തും, ആയിരത്തിത്തൊള്ളായിരത്തി അഞ്ചിലും ഇപ്പോഴത്തെപ്പോലെ പ്രഭുമന്ദിരങ്ങൾ ഇടിച്ചുനിരത്തപ്പെടുകയും തീവെച്ചു നശിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. കാലം കടന്നുപോയപ്പോൾ നശിപ്പിക്കപ്പെട്ടതെല്ലാം ഫീനിക്സു് പക്ഷിയെപ്പോലെ ചാരത്തിൽനിന്നു് വീണ്ടും ഉയിർത്തെണീററു. ഛിന്നഭിന്നമായതെല്ലാം ഒന്നിച്ചു.''

''എന്താണു് നിങ്ങൾ പറയുന്നതിന്റെ അർത്ഥം? എല്ലാം പഴയതുപോലെ ആയിത്തീരണമെന്നാണോ നിങ്ങളുടെ ആഗ്രഹം?'' ചുബുക്ക് പരുഷമായി ചോദിച്ചു.

ചുബുക്ക് പച്ചയായി ചോദിച്ചതു കേട്ട് വൃദ്ധൻ ഒന്നു ചൂളി. ഖേദ്യതയോടെ പുഞ്ചിരിച്ചുകൊണ്ട് അയാഠം പറഞ്ഞു:

''ദൈവമെ, അതല്ല! ഞാൻ ഉദ്ദേശിച്ചതു് അതേയല്ല! ക്യാപ്ററൻ ഷ്വാർത്സിനാണു് അതാവശ്യം, എനിക്കല്ല. കൃഷിക്കാർ എൻെറയടുത്തുനിന്നു് കടം വാങ്ങിയതെല്ലാം തിരിച്ചു തരീക്കാമെന്നവരെ അയാഠം എന്നോടു പറഞ്ഞതാണു്. പക്ഷേ ഞാൻ സമ്മതിച്ചില്ല. അവർ എനിക്കു് അത്യാവശ്യമുള്ള കുറെ ആഹാരസാധനങ്ങഠം മാത്രം തന്നാൽ മതിയെന്നും എൻെറ സ്വത്തുക്കഠം മുഴുവൻ അവർ അനുഭവിച്ചു് സുഖമായി ജീവിച്ചോട്ടെ എന്നും ഞാൻ പറഞ്ഞു.''

വൃദ്ധൻ വീണ്ടും എണീററു് ജനലിനടുത്തുചെന്നു് നോക്കിയിട്ട് ധൃതിയിൽ മേശയ്ക്കടുത്തേക്കു നീങ്ങി.

''ശരി... ശരി... വെള്ളം തിളച്ചു. മേശയ്ക്കടുത്തേക്കു വരൂ.''

രണ്ടാമതൊരു ക്ഷണത്തിനുവേണ്ടി കാത്തുനില്ക്കാതെ ഞങ്ങഠം മേശപ്പുറത്തേക്കു കൈനീട്ടി. റൊട്ടിക്കഷണങ്ങഠം കറുകറ ശബ്ദത്തോടെ വായിലിരുന്നു പൊടിഞ്ഞു. വെള്ളുള്ളിചേർത്ത സോസേജിൻെറ മണം മൂക്കിൽ വന്നടിച്ചു. ആതിഥേയൻ അടുത്ത മുറിയിലേക്കു പോയി. ഏതോ അലമാരി തുറക്കുന്നതിൻെറ ശബ്ദം ഞങ്ങഠം കേട്ടു.

''ഒരു അരക്കിറുക്കനാണെന്നു തോന്നുന്നു,'' ഞാൻ മന്ത്രിച്ചു.

''അതെയതെ,'' ചുബുക്ക് സമ്മതിച്ചു. ''പക്ഷേ അയാഠം കൂടെക്കൂടെ ജനലിനടുത്തുപോയി നോക്കുന്നതെന്തിനാണു്?''

ചുബുക്ക് തിരിഞ്ഞു് മുറിയിലാകെ ഒന്നു കണ്ണോടിച്ചു. ഒരു മൂലയിൽ വിരിച്ചിട്ടിരുന്ന ചാക്കുകഷണം അയാളുടെ ശ്രദ്ധയിൽപ്പെട്ടു. അയാഠം നെററി ചുളിച്ചുകൊണ്ട് ജനലിനടുത്തേക്കു മാറി നിന്നു.

കയ്യിൽ ഒരു കുപ്പിയുമായി ആതിഥേയൻ കടന്നുവന്നു. പൈജാമയുടെ അററംകൊണ്ട് അയാഠം കുപ്പിയുടെ പുറത്തു കട്ടിയിൽ പിടിച്ചിരുന്ന പൊടി തുടച്ചുകളഞ്ഞു.

''ഇതാ,'' എന്നു പറഞ്ഞുകൊണ്ട് അയാഠം മേശയ്ക്കടുത്തെത്തി. ''ക്യാപ്ററൻ ഷവാർത്സ് കഴിഞ്ഞ പ്രാവശ്യം വന്നപ്പോഠം അതു മുഴുവൻ തീർത്തില്ല. ചായയുടെ കൂടെ അല്പം ബ്രാണ്ടി തരാൻ എന്നെ അനുവദിക്കൂ. എനിക്കു വലിയ പ്രിയമുള്ള സാധനമാണു് ഇതു്. പക്ഷേ അതിഥികാംക്ക്... അതിഥികാംക്ക്...'' അയാഠം കുപ്പി അടച്ചിരുന്ന

കടലാസു ചുരുടം എടുത്തു മാററി ഞങ്ങളുടെ ഗ്ലാസുകളിലേക്കു് അതിലു ള്ള ദ്രാവകം പകർന്നു. ഞാൻ ഗ്ലാസെടുക്കാൻ കൈ നീട്ടി. എന്നാൽ ജ നലിനടുത്തുനിന്നിരുന്ന ചുബുക്ക് ധൃതിയിൽ നടന്നു വന്നു് ശാസിച്ചു:

''ഹേ ചെറുപ്പക്കാരാ, ഇവിടെ ഗ്ലാസുകരം കുറവാണെന്നു നിനക്കു കാണാൻ പാടില്ലേ? കാലുമ്മേൽ കാലും കയററിവച്ചു് അവിടെ ഇരി ക്കാതെ പ്രായമായ ഇദ്ദേഹത്തിനു് ഇരിക്കാൻ കസേര ഒഴിഞ്ഞുകൊടുക്കു. നീ പിന്നെ കുടിച്ചാൽ മതി. അമ്മാവാ, വരൂ. നമുക്കു് ഒരുമിച്ചിരുന്നു കുടിക്കാം.''

ചുബുക്കിൻെറ ശകാരം കേട്ടു് അത്ഭുതപ്പെട്ടു് ഞാൻ അയാളുടെ മുഖ ത്തേക്കു നോക്കി.

''വേണ്ട, വേണ്ട!'' എന്നു പറഞ്ഞുകൊണ്ടു് വൃദ്ധൻ ഗ്ലാസ് മാററി വച്ചു. ''നിങ്ങരം എൻെറ അതിഥികളാണു്. ഞാൻ പിന്നെ കുടിച്ചോ ളാം...''

''കുടിക്കു്, അമ്മാവാ,'' ചുബുക്ക് ഗ്ലാസ് വൃദ്ധൻെറ അടുത്തേക്കു നീട്ടിക്കൊണ്ടു് നിർബ്ബന്ധിച്ചു.

''വേണ്ട, വേണ്ട,'' എന്നു വീണ്ടും പറഞ്ഞുകൊണ്ടു് വൃദ്ധൻ ഗ്ലാസ് തള്ളിമാററുന്നതിനിടയിൽ അതു മറിഞ്ഞു.

ഞാൻ എൻെറ പഴയ സ്ഥാനത്തു ചെന്നിരുന്നു. വൃദ്ധൻ ജനലിനടു ത്തു ചെന്നു് മുഷിഞ്ഞ കർട്ടൻ താഴ്ത്തിയിട്ടു.

''കാര്യമെന്താണു്?'' ചുബുക്ക് ചോദിച്ചു.

''കൊതുകു്,'' വൃദ്ധൻ പറഞ്ഞു. ''കൊതുകിൻെറ വലിയ ശല്യമാ ണിവിടെ. താണ പ്രദേശമായതുകൊണ്ടു് അവററ ധാരാളമുണ്ടു്.''

''നിങ്ങരം ഇവിടെ ഒററയ്ക്കാണു് താമസമെന്നല്ലേ പറഞ്ഞതു്?'' ചു ബുക്ക് പൊടുന്നനെ ചോദിച്ചു. ''ആ മൂലയ്ക്കുള്ള കിടക്ക പിന്നെ എന്തി നാണു്?'' മൂലയിൽക്കിടന്ന ചാക്കിനു നേരെ ചുബുക്ക് കൈ ചൂണ്ടി.

മറുപടിക്കു കാത്തുനില്ക്കാതെ ചുബുക്ക് എണീററു് ജനലിനടുത്തുചെ ന്നു് കർട്ടൻ മാററി തല വെളിയിലേക്കിട്ടു നോക്കി. ഞാനും എണീററു.

ജനലിലൂടെ നോക്കിയാൽ കുന്നുകളും കാടുകളും വളരെ ദൂരംവരെ കാ ണാം. പൊങ്ങിയും താണും കിടന്ന റോഡു് അങ്ങുദൂരെ കാണാമായിരു ന്നു. ഉയർന്ന ഒരിടത്തു് ചുവന്നു തുടങ്ങിയ ആകാശത്തിൻെറ പശ്ചാത്ത ലത്തിൽ അനങ്ങിക്കൊണ്ടിരിക്കുന്ന നാലു പൊട്ടുകരം പ്രത്യക്ഷപ്പെട്ടു.

''കൊതുക്!'' ചുബുക്ക് വൃദ്ധൻെറ നേരെ അലറി. കുനിക്കൂടി നി ല്ക്കുന്ന ആ വൃദ്ധരൂപത്തെ അവജ്ഞയോടെ നോക്കിക്കൊണ്ട് അയാഠം പറഞ്ഞു: ''നിങ്ങഠംതന്നെയാണ് കൊതുകെന്ന് ഇപ്പോഠം മനസ്സി ലായി. ബോറിസ്! വേഗം വാ!''

ഓടിപ്പോകുന്നതിനിടയ്ക്ക് ചുബുക്ക് ഒരു തീപ്പെട്ടിക്കൊള്ളി ഉരച്ച് അവിടെ കണ്ട ചവറിനിടയിലേയ്ക്കിട്ടു. ഒരു കടലാസിനു തീപിടിച്ചു. നിലത്തു കിടന്ന കച്ചിയിലേയ്ക്ക് അതു പടർന്നു. എന്നാൽ പെട്ടെന്ന് ചുബുക്ക് ഒരു തീരുമാനമെടുത്ത മുഖഭാവത്തോടെ അതു ചവിട്ടി കെടു ത്തി. അയാഠം എന്നെ വാതിലിനടുത്തേക്കു തള്ളിവിട്ടുകൊണ്ട് പറഞ്ഞു: ''അതുവേണ്ട. ഇതൊക്കെ നമ്മുടേതാകാൻ പോവുകയാണ്.''

ഉദ്ദേശം പത്തുമിനിട്ടുകഴിഞ്ഞ് ഞങ്ങഠം ഒളിച്ചിരുന്ന കുററിക്കാടി നു മുന്നിലൂടെ നാലു കുതിരപ്പടയാളികഠം കടന്നുപോയി.

''അവർ ആ വീട്ടിലേക്കു പോവുകയാണ്,'' ചുബുക്ക് പറഞ്ഞു. ''നിലത്ത് ആ ചാക്കു കണ്ടപ്പോഠം ഞാൻ തീരുമാനിച്ചു വൃദ്ധൻ ഒററയ്ക്കു ല്ല താമസമെന്ന്. അയാഠം ജനലിനടുത്തേയ്ക്കു പോയ്ക്കൊണ്ടിരുന്നതു് നീ ശ്രദ്ധിച്ചില്ലേ? നമ്മഠം താഴെ തിരഞ്ഞുകൊണ്ടിരുന്നപ്പോഠം വൃദ്ധൻ വൈ ററ്ഗാർഡുകാരെ വിളിക്കാൻ ആളയച്ചു. ചായയുടെ കാര്യവും അതുത ന്നെ. ആ ബ്രാണ്ടിക്ക് എന്തോ കുഴപ്പമുണ്ടെന്ന് എനിക്കു തോന്നി—അ യാഠം വല്ല എലിപ്പാഷാണവും അതിലിട്ടുകാണും. കൊള്ളയടിക്കപ്പെട്ട ജന്മിമാർ കയ്യയച്ച് സൽക്കരിക്കാനൊരുങ്ങുമ്പോഠം എനിക്കു സംശയ മാണ്. എനിക്ക് അക്കൂട്ടരെ വിശ്വാസമില്ല. അയാഠം എന്തൊക്കെ അ ഭിനയിച്ചു കാണിച്ചാലും എൻെറ ഉള്ളിൻെറ ഉള്ളിൽ അയാഠം ഒന്നാം ന മ്പർ ശത്രുവാണ്.''

ഒരു കച്ചിപ്പുരയിലാണ് ഞങ്ങഠം രാത്രി കഴിച്ചതു്. രാത്രിയിൽ ഇ ടിയും മഴയും ഉണ്ടായി. പക്ഷേ ഞങ്ങഠംക്കു സന്തോഷമായിരുന്നു. വ ല്ലോൽ പുരയ്ക്ക് ഒട്ടും ചോർച്ചയില്ലായിരുന്നു. അത്തരം കാലാവസ്ഥയിൽ ശത്രുക്കഠം അന്വേഷിച്ചുവരില്ല എന്ന ഉറപ്പോടെ സുഖമായി കിടന്നുറ ങ്ങാം. നേരം വെളുത്തുതുടങ്ങിയപ്പോഠം ചുബുക്ക് എന്നെ ഉണർത്തി.

''ഇനി നമുക്കു ജാഗ്രതയായിരിക്കണം,'' അയാഠം പറഞ്ഞു. ഞാൻ കുറെ നേരമായി ഉണർന്നിരിക്കുന്നു. ഇനി നീ എണീററിരുന്നാൽ

ഞാൻ ഒന്നു മയങ്ങാം. ആരെങ്കിലും ഈ വഴി വന്നെന്നിരിക്കും. ഒന്നും നിശ്ചയിക്കാൻമേല. പക്ഷേ നീ ഉറങ്ങിപ്പോകരുത്.''

''ഇല്ല, ചുബുക്ക്. ഞാൻ ഉറങ്ങുകയില്ല.''

ഞാൻ തല പുറത്തേക്കു നീട്ടി. കുന്നിൻചരിവിലൂടെ ഒഴുകുന്ന ഒരു അരുവിയിൽനിന്നു് നീരാവി പൊങ്ങുന്നതു് ഞാൻ കണ്ടു. തലേന്നു് ഞങ്ങൾ ഒരു ചതുപ്പിലൂടെ നടന്നുവന്നതുകൊണ്ടു് അരവരെ ചെളിയിൽ മുങ്ങിയിരുന്നു. രാത്രിയിൽ വെള്ളം വററിയെങ്കിലും ദേഹത്തു് ചെളി ഉണങ്ങിപ്പിടിച്ചിരുന്നു.

''ഒന്നു കുളിക്കണം,'' ഞാൻ വിചാരിച്ചു. ''അരുവി തൊട്ടടുത്താണല്ലോ.''

ഞാൻ അരമണിക്കൂറിൽകൂടുതൽ ചുബുക്കിന്റെ അടുത്തു് കാവലിരുന്നു. അരുവിയിൽ പോയി ഒന്നു മുങ്ങാനുള്ള ആഗ്രഹം കലശലായി. ''ഇവിടെങ്ങും ആരുമില്ല,'' ഞാൻ വിചാരിച്ചു. ''ഇത്ര നേരത്തെ ആരു് എണീക്കാനാണു്? പോരെങ്കിൽ അടുത്തെങ്ങും ഒരു റോഡുള്ളതിന്റെ യാതൊരു ലക്ഷണവുമില്ലതാനും. ചുബുക്ക് ഒന്നു തിരിഞ്ഞുകിടക്കുന്നതിനു മുമ്പു് കുളികഴിഞ്ഞു തിരിച്ചുവരാം.''

പ്രലോഭനം സഹിക്കാനാവാതായി. എന്റെ ദേഹം മുഴുവൻ ചൊറിഞ്ഞു. വെടിത്തിരകൾ വച്ചിരുന്ന വാറു് എടുത്തു മാററിയിട്ടു് ഞാൻ കുന്നിൻചരിവിലേയ്ക്കിറങ്ങി.

എന്നാൽ അരുവി ഞാൻ വിചാരിച്ചത്ര അടുത്തായിരുന്നില്ല. അതിന്റെ കരയിലെത്താൻ ഏതാണ്ടു് പത്തുമിനിട്ടോളം എടുത്തു. വീട്ടിൽനിന്നോടിപ്പോന്നപ്പോൾ ഇട്ടിരുന്ന സ്കൂൾജാക്കററാണു് ഞാൻ അപ്പോഴും ധരിച്ചിരുന്നതു്. അതും ബൂട്ടുകളും ട്രൗസറും തുകൽസഞ്ചിയും അഴിച്ചുവച്ചിട്ടു് ഞാൻ വെള്ളത്തിലേക്കു ചാടി. വെള്ളത്തിനു നല്ല തണുപ്പായിരുന്നു. വെള്ളത്തിൽ കയ്യും കാലും ഇട്ടടിച്ചുകൊണ്ടു് കുറച്ചുനേരം നീന്തിനടന്നപ്പോൾ ദേഹം ചൂടായി. ഹാ, എന്തൊരു സുഖം! ഞാൻ മെല്ലെ നീന്തി നടുക്കെത്തി. അവിടെയുള്ള ഒരു മണൽത്തിട്ടയിൽ ഒരു ചെടി വളർന്നുനിന്നിരുന്നു. എന്തോ ഒരു സാധനം അതിൽ തങ്ങിക്കിടക്കുന്നതു് ഞാൻ കണ്ടു. നനച്ചുകൊണ്ടിരുന്നപ്പോൾ ഒഴുകിപ്പോയ ഒരു തുണിയോ ഷർട്ടോ ആയിരിക്കണം. ശിഖരങ്ങൾ ഇരുവശത്തേക്കും മാററിനോക്കിയപ്പോൾ ഞാൻ ഞെട്ടി പിന്മാറി. ഒരു മനുഷ്യൻ വെള്ളത്തിൽ കമഴ്ന്നു

കിടക്കുന്നു. അയാളുടെ ട്രൗസർ കുററിച്ചെടിയിൽ ഉടക്കിയിരിക്കയാണു്. പുറത്തു് ആഴത്തിലുള്ള ഒരു മുറിവുണ്ടു്. കറുത്ത വലിയൊരു പാടു പോലെ അതു് തെളിഞ്ഞു കാണാമായിരുന്നു. ഞാൻ സർവ്വശക്തിയുമെടുത്തു് അതിവേഗം കരയിലേക്കു നീന്തി.

ഞാൻ ഉടുപ്പിടാൻ തുടങ്ങി. മണൽത്തിട്ടിൽ തഴച്ചുനിൽക്കുന്ന ആ കടുംപച്ചനിറയുള്ള കുററിച്ചെടി കണ്ണിൽപ്പെട്ടപ്പോൾ ഞാൻ ഞെട്ടലോടെ തലതിരിച്ചു. ഒഴുക്കിന്റെ ശക്തികൊണ്ടോ, ഞാൻ ചെടിയുടെ ശിഖരങ്ങൾ അകററിയപ്പോഴുണ്ടായ ഇളക്കംകൊണ്ടോ ആകാം, ആ ശവശരീരം ഒഴുകിത്തുടങ്ങി. ഒഴുക്കിൽപ്പെട്ടു് മുഖം മുകളിലായി അതു് ഞാൻ നിന്നിരുന്ന കരയോടു് അടുത്തുകൊണ്ടിരുന്നു.

ധൃതിയിൽ ട്രൗസർ ധരിച്ചിട്ടു് ഞാൻ ജാക്കററു് കയ്യിലെടുത്തു. അവിടെനിന്നു് കഴിയുന്നതും വേഗം ഓടിപ്പോകാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ കോളറിനുള്ളിലേക്കു തലയിട്ടപ്പോൾ ശവശരീരം എന്റെ കാലിനു തൊട്ടടുത്തെത്തി.

ഒരു നിലവിളിയോടെ ഞാൻ അറിയാതെ മുമ്പോട്ടു ചാടി. ഞാൻ വെള്ളത്തിൽ വീണില്ലെന്നു മാത്രം. ആ ശവശരീരം ആരുടേതെന്നു് ഞാൻ തിരിച്ചറിഞ്ഞു. തേനീച്ചവളർത്തലുകാരനോടൊപ്പം താമസിപ്പിച്ചിരുന്ന മുറിവേററ മൂന്നുപേരിൽ ഒരാളായിരുന്നു അതു്—ജിപ്പിപ്പയ്യൻ.

''എടേ, പയ്യൻ'', പിന്നിൽ നിന്നു് ആരോ ഉറക്കെ വിളിച്ചു. ''ഇവിടെ വാ.''

മൂന്നു പേർ എന്റെയടുത്തേക്കു നടന്നുവരികയായിരുന്നു. രണ്ടു പേർ തോക്കു ധരിച്ചിട്ടുണ്ടു്. രക്ഷപ്പെടാൻ മാർഗ്ഗമൊന്നുമില്ല. മുമ്പിൽ ആ മൂന്നു മനുഷ്യർ. പുറകിൽ പുഴ.

''നീ ആരാണു്?'' കറുത്ത താടിയും നല്ല ഉയരവുമുള്ള ഒരാൾ ചോദിച്ചു.

ഞാൻ ഒന്നും മിണ്ടിയില്ല. അവർ ചുവപ്പുപക്ഷക്കാരാണോ വൈററു് ഗാർഡുകാരുടെ ആളുകളാണോ എന്നു് എനിക്കു നിശ്ചയമില്ലായിരുന്നു.

''ഞാൻ നിന്നോടാണു് ചോദിച്ചതു്,'' അയാൾ എന്റെ കൈക്കു കടന്നുപിടിച്ചുകൊണ്ടു് കുറേക്കൂടെ കർക്കശമായി പറഞ്ഞു.

''അവനോടു സംസാരിച്ചിട്ടു കാര്യമൊന്നുമില്ല,'' മറെറാരാൾ അഭിപ്രായപ്പെട്ടു. ''നമുക്കു് അവനെ ഗ്രാമത്തിലേക്കു കൊണ്ടുപോകാം. അവർ അവനോടു് ചോദിച്ചോളും.''

രണ്ടു കുതിരവണ്ടികരം അവിടെയെത്തി.

''ആ ചാട്ട ഇങ്ങോട്ടു് താ,'' കുതിരയുടെ തലസ്ഥാനത്തു് പേടിച്ചുനിന്നിരുന്ന വണ്ടിക്കാരിൽ ഒരുവനോടു് കറുത്ത താടിക്കാരൻ പറഞ്ഞു.

''എന്തിനാണു്?'' മറേറ ആരം ചോദിച്ചു. ''നിങ്ങരം ചാട്ട പ്രയോഗിക്കുന്നതെന്തിനു്? അവനെ ഗ്രാമത്തിൽ കൊണ്ടുചെന്നാക്കിയാൽ മതി. അവർ വേണ്ടതു ചെയ്തോളും.''

''ഞാൻ അവനെ തല്ലാൻപോകുകയല്ല. അവൻെറ കൈ കെട്ടിയിടാനാണു് ചാട്ട ചോദിച്ചതു്. ഏതു സമയത്തും ചാടിപ്പോകാനുള്ള ഭാവമാണു് അവൻെറ മുഖത്തു്.''

കൈകരം പിന്നിൽ കെട്ടി എന്നെ അവർ വണ്ടിയുടെ നേർക്കു് തള്ളിവിട്ടു.

''കയറു്!''

ഉശിരൻ കുതിരകരം ചുറുചുറുക്കോടെ ഗ്രാമത്തിലേക്കു് ഓടിത്തുടങ്ങി. പച്ചനിറമാർന്ന കുന്നിൻചരിവുകളിൽ വെളുത്തുതിളങ്ങുന്ന പുകക്കുഴലുകരം ഉയർത്തിനില്ക്കുന്ന വലിയ ഒരു ഗ്രാമമായിരുന്നു അതു്.

അവർ ചുവപ്പുസേനയുടെ ഒളിപ്പോരുകാരായിരിക്കുമെന്നും ഗ്രാമത്തിയാലുടൻ എല്ലാം വ്യക്തമാകുമെന്നും എന്നെ വിട്ടയയ്ക്കുമെന്നും വണ്ടിയിലിരിക്കുമ്പോരം ഞാൻ പ്രത്യാശിച്ചു.

ഗ്രാമത്തിനു് അടുത്തെത്തിയപ്പോരം കുററിക്കാട്ടിനിടയിൽ നിന്നിറങ്ങിവന്ന ഒരു പാറാവുകാരൻ ഞങ്ങളെ തടഞ്ഞു നിർത്തി. ''ആരാണു് പോകുന്നതു്?''

''മിത്രങ്ങരം.... ഗ്രാമത്തലവൻ'', കറുത്ത താടിക്കാരൻ പറഞ്ഞു.

''അതു ശരി! നിങ്ങരം എവിടെയായിരുന്നു?''

''വണ്ടികരം കൊണ്ടുവരാൻ പോയിരുന്നു.''

കുതിരകരം വീണ്ടും ഓട്ടം തുടങ്ങി. പാറാവുകാരൻെറ വസ്ത്രങ്ങളോ മുഖമോ പരിശോധിക്കാൻ എനിക്കു സമയം കിട്ടിയില്ല—എൻെറ ശ്രദ്ധമുഴുവൻ അയാളുടെ തോളിലായിരുന്നു. അയാളുടെ തോളിൽ തോരംപ്പട്ടയുണ്ടായിരുന്നു. അക്കാലത്തു് വൈററ്ഗാർഡുകാർ മാത്രമേ അതു ധരിച്ചിരുന്നുള്ളു.

അദ്ധ്യായം ഒമ്പതു്

പട്ടാളക്കാരെ ആരേയും പുറത്തു കാണാനുണ്ടായിരുന്നില്ല—എല്ലാവരും ഉറക്കമായിരുന്നിരിക്കണം.

പള്ളിയുടെ മുൻവശത്തു് ധാരാളം കുതിരവണ്ടികളും ചുവന്ന കുരിശടയാളമുള്ള ഒരു വാനും കിടന്നിരുന്നു. പാചകശാലയുടെ അടുത്തു് ചില പാചകക്കാർ വിറകു കീറിക്കൊണ്ടിരുന്നു.

''ഇവനെ ഹെഡ്ക്വാർട്ടേഴ്സിലേക്കാണോ കൊണ്ടുപോകേണ്ടതു്?'' വണ്ടിക്കാരൻ ഗ്രാമത്തലവനോടു ചോദിച്ചു.

''അതെ. പക്ഷേ അങ്ങുന്നു് ഇപ്പോഴും ഉറങ്ങുകയാണു്. ഇതുപോലൊരു കൊച്ചുചെറുക്കന്റെ കാര്യം പറയാൻ അദ്ദേഹത്തെ ഉണർത്തുന്നതു ശരിയല്ല. തൽക്കാലം നമുക്കു് ഇവനെ ലോക്കപ്പിൽ കൊണ്ടുപോയിടാം.''

ചടഞ്ഞു കൂടിയിരിക്കുന്ന ഒരു ചെറിയ കുടിലിന്റെ മുമ്പിൽ വണ്ടി നിന്നു. കുടിലിന്റെ ജനലുകളെല്ലാം അഴിയിട്ടു് ഉറപ്പിച്ചവയായിരുന്നു. എന്നെ അവർ വാതിലിനകത്തേക്കു് തള്ളി വിട്ടു. ഗ്രാമമുഖ്യൻ എന്റെ പോക്കറ്റുകൾ പരിശോധിച്ചു. എന്റെ തുകൽസഞ്ചി അയാൾ എടുത്തു കൊണ്ടുപോയി. വാതിൽ അടഞ്ഞു, പൂട്ടു് തിരിഞ്ഞു.

ഭയംകൊണ്ടു് വിറങ്ങലിച്ചുപോയ ആദ്യത്തെ ഏതാനും നിമിഷങ്ങളിൽ എല്ലാം അവസാനിച്ചുവെന്നും ഇനി രക്ഷപ്പെടുന്ന പ്രശ്നമേയില്ലെന്നും എനിക്കു തോന്നി. സൂര്യൻ കുറേക്കൂടെ ഉയരത്തിലെത്തുമ്പോൾ അങ്ങുന്നു് എന്നു് ഗ്രാമത്തലവൻ വിശേഷിപ്പിച്ച ആ മനുഷ്യൻ ഉണരും. അയാൾ എന്നെ വിളിപ്പിക്കും, അതോടെ കഥ അവസാനിക്കും—മരണം എന്നെ ഗ്രസിക്കും. കഠിനമായ വേദനയാലെന്നപോലെ ഭയത്താൽ എന്റെ ദേഹം പിടഞ്ഞു.

ഞാൻ ഒരു ബഞ്ചിലിരുന്നു് ജനൽപ്പടിയിൽ മുഖമമർത്തി. ചിന്തിക്കാനുള്ള കഴിവുപോലും നശിച്ചിരുന്നു. രക്തം ഇരച്ചുകയറി എൻെറ ചെന്നികളിൽ അമർത്തിക്കൊണ്ടിരുന്നു. വര വീണ ഒരു ഗ്രാമഫോൺ റിക്കാർഡ് ഒരേ വരിതന്നെ വിരസമായി ആവർത്തിക്കുന്നതുപോലെ എൻെറ മനസ്സ് ഒരൊററ വാക്കുമാത്രം ഉരുവിട്ടുകൊണ്ടിരുന്നു: ''അവസാനം... അവസാനം... അവസാനം...'' അനാരോഗ്യകരമായ ആ വെട്ടിലൂടെ കുറെ നേരം കറങ്ങിനടന്നശേഷം ഒരു അദൃശ്യകരം തട്ടിയിട്ടിട്ടെന്നപ്പോലെ ബോധത്തിൻെറ സൂചിമുന ചാടി മസ്തിഷ്കത്തിൻെറ മറെറാരു ചാലിൽ—ആവശ്യമുള്ള ഒരു ചാലിൽ—പതിച്ചു. കൊടുങ്കാററുപോലെ ചിന്തകൾ എൻെറ തലച്ചോറിലൂടെ ഇരമ്പിപ്പാഞ്ഞു.

''യാതൊരു മാർഗ്ഗവുമില്ലെന്നു വരുമോ? എത്ര എളുപ്പമാണ് പിടിയിലകപ്പെട്ടതു്! ഒരു പക്ഷേ രക്ഷപ്പെടാൻ കഴിഞ്ഞേക്കും. ഇല്ല, അതു സാദ്ധ്യമല്ല. ചുവപ്പുസേനക്കാർ ഈ വഴി ഇന്നു വന്നാൽ എന്നെ രക്ഷപ്പെടുത്തിയെന്നു വരാം. ഇല്ലെങ്കിലോ? എല്ലാം കഴിഞ്ഞിട്ടാണ് അവർ ഇവിടെ എത്തുന്നതെങ്കിലോ? ഇല്ല... ആശയ്ക്കു യാതൊരു വഴിയുമില്ല.''

ജനലിനു മുന്നിലൂടെ ഒരു പററം ആടുകൾ കടന്നുപോയി. ചെമ്മരിയാടുകൾ പരസ്പരം ഉരുമ്മിക്കൊണ്ടു് മെല്ലെ നടന്നകന്നു. കോലാടുകൾ മണികൾ കിലുക്കിക്കൊണ്ടു് കരഞ്ഞു. ഇടയൻ ചാട്ടവീശി. ഒരു പശുക്കിടാവു് തള്ളയുടെ അകിടു തപ്പിപ്പിടിക്കാൻ പല അഭ്യാസങ്ങളും കാണിച്ചു് പരാജയപ്പെട്ടു.

പ്രശാന്തമായ ആ ഗ്രാമീണദൃശ്യം എൻെറ പരിതാപകരമായ അവസ്ഥയെ കൂടുതൽ ശക്തിയായി ഓർമ്മപ്പെടുത്തി. ഭയത്തോടൊപ്പം അമർഷം കലർന്ന പരാതിയും സ്ഥാനംപിടിച്ചു. ഒരു നിമിഷനേരത്തേക്കു് അമർഷം ഭയത്തെ കീഴടക്കുകപോലും ചെയ്തു: ഇത്ര സുന്ദരമായ ഒരു പ്രഭാതത്തിൽ... എല്ലാവരും ജീവിച്ചിരിക്കുമ്പോൾ... ആട്ടിൻപററംപോലും സ്വച്ഛന്ദം വിഹരിക്കുമ്പോൾ... ഞാൻ മരിക്കണം.

പലപ്പോഴും സംഭവിക്കാറുള്ളതുപോലെ കൂടിക്കുഴഞ്ഞ ഈദൃശചിന്തകൾക്കും അസാദ്ധ്യമായ പദ്ധതികൾക്കുമിടയിൽനിന്നു് അങ്ങേയററം ലളിതവും വ്യക്തവുമായ ഒരു ചിന്ത പൊന്തിവന്നു. സ്വാഭാവികമായ രക്ഷാമാർഗ്ഗം തേടുന്നതിലേക്കു നയിക്കുന്ന ഒരു ചിന്തയായിരുന്നു അതു്.

ഒരു ചുവപ്പുസേനാനിയും യുദ്ധം ചെയ്യുന്ന തൊഴിലാളി വിഭാഗത്തി

ലെ ഒരു പട്ടാളക്കാരനുമാണു് ഞാൻ എന്ന ബോധം വളരെക്കാലമായി എന്നിൽ ദൃഢമായി വേരൂന്നിയിരുന്നതുകൊണ്ടു്, ഞാൻ ചുവപ്പുഭടനാ ണെന്നു് എന്റെ നെററിയിൽ എഴുതിവച്ചിട്ടില്ല എന്ന കാര്യം ഞാൻ മറന്നുപോയി. ഞാൻ ചുവപ്പുഭടനാണെന്നു് തീരുമാനിക്കണമെങ്കിൽ അതിനുള്ള സൂചനകളും തെളിവുകളും അവർക്കു കിട്ടണം. എന്റെ മുടി വെളുത്തതാണെന്നു പറയാൻ കഴിയുന്നതുപോലെ എന്റെ മുഖം നോക്കി ചുവപ്പുപക്ഷക്കാരനാണോ വൈററ്ഗാർഡുകാരനാണോ എന്നു തീരുമാനിക്കാൻ ആർക്കും കഴിയുകയില്ല.

ആ വയ്ക്കോൽത്തുരുമ്പിൽ ആശ്വാസത്തോടെ പിടിച്ചുകൊണ്ടു് ഞാൻ സ്വയം പറഞ്ഞു: ''ശരി, ഞാൻ ചുവപ്പുഭടനാണു്. പക്ഷേ അക്കാര്യം എനിക്കല്ലാതെ ഇവിടെ ആർക്കും അറിയില്ല. എന്റെ ദേഹത്തു് തിരി ച്ചറിയാനുള്ള വല്ല അടയാളങ്ങളുമുണ്ടോ?''

അതേപ്പററി കൂടുതൽ ആലോചിച്ചപ്പോഠം ഞാൻ ചുവപ്പുസേനക്കാ രനാണെന്നു് തെളിയിക്കുന്ന യാതൊന്നും എന്റെ പക്കലില്ലെന്നു് എനി ക്കു് ഉറപ്പായി. എന്റെ കൈവശം രേഖകളൊന്നുമില്ലായിരുന്നു. നക്ഷ ത്രചിഹ്നം കുത്തിയ ചാരനിറമുള്ള തൊപ്പി തലേദിവസം നഷ്ടപ്പെട്ടു. എ ന്റെ പട്ടാളക്കോട്ടും തലേദിവസത്തെ ഓട്ടത്തിനിടയിൽ ഞാൻ ഉപേ ക്ഷിച്ചിരുന്നു. വെടിക്കോപ്പുസഞ്ചിയുള്ള വാറു് കച്ചിപ്പുരയിൽ വച്ചി ട്ടാണു് കുളിക്കാൻ പോയതു്. തകർന്നുപോയ തോക്കു് നേരത്തെ കാ ട്ടിലെറിഞ്ഞു. ഞാനിട്ടിരിക്കുന്ന കറുത്ത ജാക്കററു് സ്കൂഠം കുട്ടികഠം സാ ധാരണ ധരിക്കുന്നതരമാണു്. എനിക്കു് പട്ടാളത്തിൽ ചേരാനുള്ള പ്രാ യമായിട്ടുമില്ല. ഇനി എന്താണു്?

''ഓ, ജാക്കററിനടിയിൽ ഒളിച്ചുവച്ചിരിക്കുന്ന എന്റെ കൈത്തോ ക്കുണ്ടു്. അതു് അടുപ്പിന്റെ അകത്തേക്കു് തള്ളിവയ്ക്കാം. ഞാൻ പുഴക്കര യിൽ എങ്ങിനെ എത്തി എന്നു വിശദീകരിക്കേണ്ടിവരും. അതു സാര മില്ല. എന്തെങ്കിലുമൊരു കഥ കെട്ടിച്ചമയ്ക്കാൻ കഴിയും.''

സംഗതികഠം കൂടുതൽ കുട്ടിക്കുഴയ്ക്കാതിരിക്കാൻ വേണ്ടി പേരോ ജന നസ്ഥലമോ വയസ്സോ തിരുത്തി പറയേണ്ട എന്നു് ഞാൻ തീരുമാനിച്ചു. അർസമാസിലെ ടെക്നിക്കൽ ഹൈസ്കൂളിൽ അഞ്ചാം ഫാറത്തിൽ പഠിക്കുന്ന ബോറിസ് ഗോറിക്കൊവ് ആയിട്ടുതന്നെ പ്രത്യക്ഷപ്പെടാൻ ഞാൻ ഉറച്ചു. ഞാൻ അമ്മാവന്റെ കൂടെ (അമ്മാവന്റെ പേരും മാറക

യില്ല) ഹാർക്കോവിലേക്ക പോവുകയായിരുന്നെന്നും അവിടെ എന്റെ ഒരമ്മായിയോടൊപ്പം താമസിക്കാനായിരുന്ന ഉദ്ദേശമെന്നും പറയാം. അമ്മായിയുടെ മേൽവിലാസം എനിക്കറിയില്ല, അതു് അമ്മാവനു മാത്രമേ അറിയാമായിരുന്നുള്ള. യാത്രയ്ക്കിടക്ക് ഞാനും അമ്മാവനും എങ്ങിനെയോ പിരിഞ്ഞു. എന്റെ പാസ്സും മററു രേഖകളും അമ്മാവന്റെ കൈവശമായിരുന്നതുകൊണ്ടു് എന്നെ തീവണ്ടിയിൽ നിന്നു് ഇറക്കിവിട്ടു. അടുത്ത സ്റ്റേഷൻ വരെ നടന്നു് മറെറാരു ട്രയിനിൽ കയറാം എന്നു് ഞാൻ തീരുമാനിച്ചു. എന്നാൽ അവിടം മുതൽ വൈററ് ഗാഡുകാരുടെ സ്ഥലമായിരുന്നു. ഈ യാത്രയ്ക്കിടയിൽ ഞാൻ എങ്ങിനെയാണു് ഭക്ഷണം കഴിച്ചതെന്നു ചോദിച്ചാൽ ഗ്രാമീണർ ഭിക്ഷതന്നുവെന്നു പറയണം. അമ്മായിയുടെ മേൽവിലാസം അറിയില്ലെങ്കിൽപ്പിന്നെ നീ ഹാർക്കോവിലേക്ക പോകുന്നതെന്തിനു് എന്നു ചോദിച്ചാൽ ''അഡ്രസ് ബ്യൂറോ''യിൽ നിന്നു വാങ്ങിക്കാമെന്നു് ഉദ്ദേശിച്ചു എന്നു മറുപടിപറയാം. ''ഇക്കാലത്തു് 'അഡ്രസ്സ് ബ്യൂറോ' എവിടെയാണു് ഉള്ളതു്'' എന്നു ചോദിച്ചാൽ ഞാൻ അത്ഭുതം നടിച്ചുകൊണ്ടു് പറയും: ''ഞങ്ങളുടെ കൊച്ചുപട്ടണത്തിൽപ്പോലുമുണ്ടല്ലോ ഒരെണ്ണം, പിന്നെ അവിടെ കാണാതിരിക്കമോ?'' ''നിന്റെ അമ്മാവൻ ചുവപ്പുറഷ്യയിൽ നിന്നു് വൈററ് ഗാർഡുകളുടെ കൈവശമിരിക്കുന്ന ഹാർക്കോവിലേക്ക് കടക്കാമെന്നു് പ്രതീക്ഷിച്ചതെങ്ങിനെ?'' എന്നു ചോദിച്ചാൽ, ''കൗശലക്കാരനായ എന്റെ അമ്മാവൻ വേണമെങ്കിൽ വിദേശത്തേക്കുപോലും നിഷ്പ്രയാസം കടന്നുകളയും'' എന്നു് ഞാൻ മറുപടി പറയും. ''ഞാൻ അമ്മാവനെപ്പോലെയല്ല. എന്നെക്കൊണ്ടു് ഒന്നിനും കൊള്ളുകയില്ല,'' എന്നു പറഞ്ഞു് ഞാൻ പൊട്ടിക്കരയും. ഒരുപാടല്ല, എന്റെ ദുരവസ്ഥ അവരെ ബോധ്യപ്പെടുത്താൻ മാത്രം. ഇത്രയുമൊക്കെ മുൻകൂട്ടി തീരുമാനിച്ചാൽ മതി. ബാക്കി വരുന്നടത്തുവച്ചു കാണാം.

ഞാൻ എന്റെ കൈത്തോക്ക് പുറത്തെടുത്തു് സ്റ്റൗവിന്റെ അടുത്തേക്ക നടന്നു. പെട്ടെന്നു് ഞാൻ മനസ്സുമാററി. അവർ എന്നെ വെറുതെ വിടുകയാണെങ്കിൽപ്പോലും തിരിച്ചു് ഇവിടെ വന്നു് ഇതെടുക്കാൻ സാധിക്കയില്ല. ആ മുറിക്ക് രണ്ടു ജനലുകളുണ്ടായിരുന്നു. ഒന്നു് തെരുവിനും മറേറതു് ഇരുവശത്തും മുൾച്ചെടികൾ വളർന്നു നില്ക്കുന്ന ഇടുങ്ങിയ ഒരു നടപ്പാതയ്ക്കും അഭിമുഖമായിട്ടാണിരുന്നതു്. ഞാൻ നിലത്തു കിടന്നിരു

ന്ന ഒരു കഷണം കടലാസെടുത്തു് കൈത്തോക്കു് അതിൽ പൊതിഞ്ഞു. ആ ചെറുപൊതി ഞാൻ മുാംച്ചെടികൾ ഏററവും കൂടുതൽ നിബിഡമായി നില്ക്കുന്നിടത്തേക്കു് എറിഞ്ഞു. ഞാൻ അതു ചെയ്തുകഴിഞ്ഞ ഉടൻതന്നെ വാതില്ക്കൽ ആരുടെയോ കാൽപ്പെരുമാററം കേട്ടു. മൂന്നു പേരെക്കൂടി അവിടെ കൊണ്ടുവന്നു. വണ്ടികൾ പട്ടാളക്കാരുടെ ആവശ്യത്തിനു് കൊടുക്കണമെന്നു പറഞ്ഞപ്പോൾ തങ്ങളുടെ കുതിരകളെ ഒളിച്ചുവച്ച രണ്ടു കർഷകരും ഒരു യന്ത്രത്തോക്കുകാരൻെറ വണ്ടിയിൽനിന്നു് എന്തിനോ വേണ്ടി ഒരു സ്പ്രിംഗു് മോഷ്ടിച്ച ഒരു ബാലനുമായിരുന്നു നവാഗതർ. ബാലനെ അടിച്ചു ശരിപ്പെടുത്തിയിട്ടുണ്ടായിരുന്നെങ്കിലും അവൻ കരഞ്ഞില്ല. വളരെ വേഗത്തിൽ ഓടിയിട്ടെന്നപോലെ കിതയ്ക്കുകമാത്രമാണു് അവൻ ചെയ്തതു്.

ഗ്രാമവീഥി സജീവമായിത്തുടങ്ങി. പട്ടാളക്കാർ അങ്ങോട്ടുമിങ്ങോട്ടും കടന്നുപൊയ്ക്കൊണ്ടിരുന്നു. കുതിരകൾ ചിനച്ചു. പാചകശാലയ്ക്കടുത്തുനിന്നു് തകരപ്പാത്രങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം കേട്ടുതുടങ്ങി. സിഗ്നലുകാർ ടെലിഫോൺ കമ്പികൾ വലിച്ചു തുടങ്ങി. പ്രമാണിയാണെന്നു തോന്നിച്ച ഒരു സാർജൻറ് ഒരു സ്ക്വാഡു് പട്ടാളക്കാരെ നയിച്ചുകൊണ്ടു് കടന്നുപോയി. പുതിയതായി എവിടെയെങ്കിലും പാറാവുനില്ക്കാനോ നേരത്തെ കാവൽ നില്ക്കുന്നവരെ വിടുതൽ ചെയ്യാനോ പോകുകയാണു്.

പൂട്ടു് വീണ്ടും ശബ്ദിച്ചു. ഒരു പട്ടാളക്കാരൻ വാതില്ക്കൽ വന്നുനിന്നു് അകത്തേക്കു തലനീട്ടി. അയാൾ പോക്കററിൽനിന്നു് ചുരുണ്ടുകൂടിയ ഒരു കഷണം കടലാസ്സു് പുറത്തെടുത്തു് അതിൽ നോക്കിക്കൊണ്ടു് വിളിച്ചു പറഞ്ഞു: ''വാൽദ് ആരാണു്? പുറത്തേക്കു വരൂ.''

ഞാൻ എൻെറ കൂടെയുള്ളവരെ നോക്കി. അവർ എന്നേയും. ആരും എണീററില്ല.

''വാൽദ്... ആരാണു് വാൽദ്?''

''യൂറി വാൽദ്.'' പെട്ടെന്നു് എനിക്കു് തുകൽസഞ്ചിയുടെ ലൈനിംഗിനുള്ളിൽനിന്നു കിട്ടിയ കടലാസിൻെറ കാര്യം ഓർമ്മ വന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ ബദ്ധപ്പാടിനിടയ്ക്കു് ഞാൻ അക്കാര്യം പാടേ മറന്നുപോയിരുന്നു. ഇനി ഒന്നും ചെയ്യാനാവില്ല. ഞാൻ എണീററു് ഇടറിയ കാൽവയ്പുകളോടെ വാതില്ക്കലേക്കു്. നടന്നു.

''അവർ ആ കടലാസു കണ്ടുപിടിച്ചുകാണും,'' ഞാൻ വിചാരി

ച്ചു. ആ യുവാവ് ഞാനാണെന്നാണ് അവരുടെ വിചാരം... എന്തൊരു ഭാഗ്യദോഷം! ഞാൻ രക്ഷപ്പെടാൻ ലളിതമായ ഒരു പദ്ധതി തയ്യാറാക്കിയതാണ്. ഇനിയിപ്പോഠ എന്തു ചെയ്യും? ആ കടലാസുകഠ എൻേറതല്ലെന്ന് പറഞ്ഞാൽ കുഴപ്പമാണ്. അവർക്കു സംശയമാകും. എവിടെനിന്നു കിട്ടിയെന്ന് ചോദിക്കും. കൗശലക്കാരനായ അമ്മാവനോടൊപ്പം അമ്മായിയുടെ വീട്ടിൽപ്പോകാൻ ഇറങ്ങിത്തിരിച്ചതാണ് എന്ന കഥ പാടേ ഞാൻ വിസ്മരിച്ചു. വേറെ എന്തെങ്കിലും കണ്ടുപിടിക്കണം. എന്താണു വേണ്ടതു്? അവിടെ ചെല്ലുമ്പോഠ എന്തെങ്കിലും തോന്നുമായിരിക്കും. ഞാൻ നിവർന്നു നിന്ന് ഒന്നു പുഞ്ചിരിക്കാൻ ശ്രമിച്ചു. ഇല്ലാത്ത സന്തോഷം അഭിനയിക്കാൻ എത്ര പ്രയാസമാണ്! റബ്ബറുപോലെ വലിഞ്ഞുനില്ക്കുന്ന ചുണ്ടുകളുടെ വിറയൽ മാററി അവിടെ ഒരു പുഞ്ചിരി പ്രതിഷ്ഠിക്കുക ചില സന്ദർഭങ്ങളിൽ എത്ര വേദനാകരമാണ്!

ക്യാപ്ററൻെറ തോഠപ്പട്ട ധരിച്ച നല്ല പൊക്കമുള്ള ഒരു ഓഫീസർ ഹെഡ് ക്വാർട്ടേഴ്സിൻെറ പടവുകഠ ഇറങ്ങിവന്നു. പ്രായംചെന്ന ആ മനുഷ്യൻെറ പിന്നാലെ തൊഴികൊണ്ട പട്ടിയുടെ മുഖഭാവത്തോടെ ഗ്രാമത്തലവനും അവിടെ എത്തി. എന്നെ കണ്ടയുടൻ ''അബദ്ധം പററിയതു് ക്ഷമിക്കണം'' എന്നു പറയുന്ന മട്ടിൽ ഗ്രാമത്തലവൻ കൈ ചലിപ്പിച്ചു.

ഓഫീസർ ഗ്രാമത്തലവനോട് കർക്കശസ്വരത്തിൽ എന്തോ പറഞ്ഞു. ഗ്രാമത്തലവൻ തെരുവിലേക്കു് ഓടി.

''ഹലോ, യുദ്ധത്തടവുകാരാ,'' ക്യാപ്ററൻ പകുതി തമാശയായി സൗഹൃദപൂർവ്വം എന്നെ വിളിച്ചു.

ഞാൻ അദ്ദേഹത്തെ വണങ്ങി.

ഓഫീസർ എന്നെ കൂട്ടിക്കൊണ്ടു വന്ന പട്ടാളക്കാരനെ പറഞ്ഞയച്ചിട്ട് എനിക്കു് കൈ തന്നു. ''നീ ഇവിടെ എന്തു ചെയ്യുകയാണ്?'' സിഗററുപെട്ടി പുറത്തെടുക്കുന്നതിനിടയിൽ കൗശലം നിറഞ്ഞ ഒരു പുഞ്ചിരിയോടെ അദ്ദേഹം ചോദിച്ചു. ''രാജ്യത്തിനും രാജാവിനുംവേണ്ടി യുദ്ധംചെയ്യാൻ ഇറങ്ങിയതാണോ? കേണൽ കൊരെൻകോവിനുള്ള കത്തു് ഞാൻ വായിച്ചുനോക്കി. പക്ഷേ ആ കത്തുകൊണ്ടു് ഇനി ഒരു പ്രയോജനവുമില്ല. ഒരു മാസം മുമ്പ് കേണൽ കൊല്ലപ്പെട്ടു.''

''അതിന്റെ പേരിൽ ദൈവത്തിനു് നന്ദി,'' ഞാൻ മനസ്സിൽ വിചാരിച്ചു.

''വരൂ, എന്റെ മുറിയിലേയ്ക്കു പോകാം. നീ ആരാണെന്നു് ഗ്രാമത്തലവനോടു് പറയാതിരുന്നതെന്താണു്? സ്വന്തം ആളുകളുടെ അടുത്തെത്തുമ്പോൾ ലോക്കപ്പിൽ അടയ്ക്കപ്പെടുന്നതു് കഷ്ടംതന്നെ.''

''അയാൾ ആരാണെന്നു് എനിക്കു് അറിയില്ലായിരുന്നു. അയാൾ വെറും ഒരു നാട്ടിൻപുറത്തുകാരനാണെന്നാണു് എനിക്കു് തോന്നിയതു്. തോൾപ്പട്ടയും ഒന്നും ഉണ്ടായിരുന്നില്ല. അയാൾ ഒരു ചുവപ്പുപക്ഷക്കാരനല്ലെന്നു് ഞാൻ എങ്ങിനെ അറിയാനാണു്? അവർ ഇവിടെയൊക്കെ പതുങ്ങിനടക്കുന്നുണ്ടെന്നാണു് ആളുകൾ പറയുന്നതു്,'' ഞാൻ പറഞ്ഞു. ഓഫീസർ ഒരു നല്ല മനുഷ്യനാണെന്നു് തോന്നി. അദ്ദേഹം ഒരു സൂക്ഷ്മനിരീക്ഷകനല്ലെന്നും എനിക്കു മനസ്സിലായി. അങ്ങിനെ ആയിരുന്നെങ്കിൽ എന്റെ പരുങ്ങൽ കണ്ടു് താനുദ്ദേശിക്കുന്ന പയ്യനല്ല ഇതെന്നു് അദ്ദേഹത്തിനു് നിഷ്പ്രയാസം ഊഹിക്കാൻ കഴിയുമായിരുന്നു.

''എനിക്കു് നിന്റെ അച്ഛനെ പരിചയമുണ്ടായിരുന്നു'', ക്യാപ്റ്റൻ പറഞ്ഞു. ''വളരെക്കാലം മുമ്പു്—1907–ൽ ഓസെർക്കിയിലെ സൈനികസന്നാഹങ്ങൾക്കിടയിലാണു് അദ്ദേഹത്തെ ഞാൻ കണ്ടുമുട്ടിയതു്. അന്നു് നീ ഒരു കൊച്ചു കുട്ടിയായിരുന്നു, അന്നത്തെ ചെറിയ ഛായ നിനക്കു് ഇപ്പോഴുമുണ്ടു്. നീ എന്നെ ഓർക്കുന്നുണ്ടോ?''

''ഇല്ലെന്നാണു് തോന്നുന്നതു്,'' ഞാൻ ക്ഷമാപണപൂർവ്വം മറുപടി പറഞ്ഞു. ''അന്നത്തെ സൈനികസന്നാഹങ്ങളെപ്പററി എന്തൊക്കെയോ ചില നേരിയ ഓർമ്മകളുണ്ടു്, പക്ഷേ അന്നു് ഒരുപാടു് ഓഫീസറന്മാർ അവിടെ ഉണ്ടായിരുന്നല്ലോ.''

ക്യാപ്ററൻ പറഞ്ഞ ആ ''ചെറിയ ഛായ'' എനിക്കില്ലാതിരിക്കുകയും അദ്ദേഹത്തിനു് എന്തെങ്കിലും ഒരു സംശയം എന്നെപ്പററി തോന്നുകയും ചെയ്തിരുന്നെങ്കിൽ രണ്ടേ രണ്ടു ചോദ്യങ്ങൾ കൊണ്ടു് അദ്ദേഹത്തിനു് എന്റെ കള്ളിപുറത്താക്കാൻ കഴിയുമായിരുന്നു—ഒന്നാമത്തെ ചോദ്യം എന്റെ അച്ഛനെപ്പററി, രണ്ടാമത്തേതു് മിലിട്ടറിസ്കൂളിനെപ്പററി.

എന്നാൽ ക്യാപ്ററന്നു യാതൊരുവിധ സംശയങ്ങളും ഉണ്ടായിരുന്നില്ല. ഗ്രാമത്തലവനോടു് ആരാണെന്നു പറയാതിരുന്നതിനു് ഞാൻ നൽ

കിയ വിശദീകരണം വിശ്വാസയോഗ്യമായിരുന്നു. അക്കാലത്തു് മി ലിട്ടറിസ്കൂളുകളിൽ പരിശീലനം നടത്തിക്കൊണ്ടിരുന്ന വിദ്യാർത്ഥികൾ ദോൺ പ്രദേശത്തേക്കു് കൂട്ടം കൂട്ടമായി വന്നുകൊണ്ടുമിരുന്നു.

''നിനക്കു വിശക്കുന്നുണ്ടോ?'' അദ്ദേഹം ചോദിച്ചു. ''പഹോമവ്! തിന്നാൻ എന്താണുള്ളതു്?'' സമോവാർ കത്തിച്ചുകൊണ്ടിരുന്ന പട്ടാള ക്കാരനോടു് അദ്ദേഹം വിളിച്ചുചോദിച്ചു.

''ഒരു കോഴിയുണ്ടു്, സർ. സമോവാർ തിളയ്ക്കാറായി. പുരോഹിത ന്റെ ഭാര്യ മാവു കൊണ്ടുപോയിട്ടുണ്ടു്. അവർ ഉടനെ അപ്പം കൊണ്ടുവ രും.''

''രണ്ടുപേർക്കുംകൂടി ഒരു കോഴിയേയുള്ളോ? വേറെ എന്തെങ്കിലും കൂടെ ഉണ്ടാക്കു്.''

''ഇന്നലത്തെ 'വരേനിക്കി'' ചൂടാക്കിക്കൊണ്ടുവരാം.''

''ശരി. രണ്ടും കൊണ്ടുവാ. വേഗം വേണം!''

ആ സമയത്തു് അടുത്ത മുറിയിലെ ടെലിഫോൺ ശബ്ദിച്ചു.

''സർ, ക്യാപ്റ്റൻ ഷ്‌വാർത്‌സ് ടെലിഫോണിൽ വിളിക്കു ന്നു.''

ക്യാപ്റ്റൻ ഗംഭീരസ്വരത്തിൽ ശാന്തമായും ദൃഢമായും തന്റെ ക ല്പനകൾ ഷ്‌വാർത്‌സിനെ അറിയിച്ചു.

ക്യാപ്റ്റൻ ഫോൺ താഴെവച്ചപ്പോൾ ഓഫീസറാണെന്നു തോന്നി ച്ച മറ്റൊരാൾ അദ്ദേഹത്തോടു് ചോദിച്ചു:

''ബേഗിച്ചെവ് സൈനികവിഭാഗത്തെപ്പറ്റി ഷ്‌വാർത്‌സിനു് എന്തെങ്കിലും വിവരം കിട്ടിയിട്ടുണ്ടോ?''

''ഇല്ല. ഇന്നലെ കസ്റ്റരേവിന്റെ വീട്ടിൽ രണ്ടു ചുവപ്പുസേനക്കാർ ചെന്നു ചാടി, പക്ഷേ അവരെ പിടിക്കാൻ സാധിച്ചില്ല. ശരി! ഒരു റിപ്പോർട്ടു തയ്യാറാക്കണം. കേണൽ സീഹരെവിന്റെ സൈന്യങ്ങളെ മ റികടന്നു് പോകാനാണു് ഷെബാലൊവിന്റെ സേനാവിഭാഗം പദ്ധ തിയിട്ടിരിക്കുന്നതെന്നു് ക്യാപ്റ്റൻ ഷ്‌വാർത്‌സിന്റെ രഹസ്യചാര ന്മാർ അറിവു നൽകിയിരിക്കുന്നു. അവർ ബേഗിച്ചെവു സേനയുമായി യോജിക്കുന്നതിനെ നാം തടയണം... ശരി, ചെറുപ്പക്കാരാ, നമുക്കു് പോയി വല്ലതും കഴിക്കാം. ആഹാരം കഴിച്ചു് നീ കുറച്ചു വിശ്രമിക്കൂ. നീ എന്തു ചെയ്യണമെന്നു് അതു കഴിഞ്ഞു് തീരുമാനിക്കാം.''

ഞങ്ങൾ മേശയ്ക്കടുത്തു് ചെന്നിരുന്ന ഉടൻ പരിചാരകൻ വരേനിക്കും കോഴിയും കൊണ്ടുവന്നു വച്ചു. വലിയ ഒരു പൂവൻകോഴിയുടെ വലിപ്പമുണ്ടായിരുന്നു ആ കോഴിക്കുഞ്ഞിനു്. അവസാനം ഭാഗ്യം കൈവന്നിരിക്കുന്നുവെന്നു വിചാരിച്ചുകൊണ്ടു് ഞാൻ ഒരു മരക്കയിൽ കയ്യിലെടുത്തു. ആ സമയത്തു് ഗയിററിനടുത്തുനിന്നു് ഉറക്കെയുള്ള സംസാരവും ചീത്ത വിളിയും ബഹളവും കേട്ടുതുടങ്ങി.

''അങ്ങയെ വിളിക്കുന്നു, സർ,'' പരിചാരകൻ വന്നു് അറിയിച്ചു. ''തോക്കു കൈവശമുണ്ടായിരുന്ന ഒരു ചുവപ്പുസേനക്കാരനെ അവർ പിടിച്ചിട്ടുണ്ടു്. സബേലിൻ പുൽമേട്ടിൽ ഒരു കച്ചിപ്പുരയിൽനിന്നാണു് അയാളെ പിടിച്ചതു്. യന്ത്രത്തോക്കുകാർ പുല്ലരിയാൻ പോയപ്പോൾ അടുത്തു് ഒരു തോക്കും ബോംബും വച്ചുകൊണ്ടു് കിടന്നുറങ്ങുന്ന അയാളെ കണ്ടുപിടിച്ചു. അവർ ചാടിവീണു് അയാളെ പിടിച്ചുകെട്ടി. അയാളെ ഇങ്ങോട്ടു കൊണ്ടുവരാൻ പറയട്ടേ?''

''ശരി, പക്ഷേ ഇവിടെ കൊണ്ടുവരണ്ട. ഞാൻ ഭക്ഷണം കഴിച്ചുകഴിയുന്നതുവരെ അടുത്ത മുറിയിൽ നില്ക്കാൻ പറയൂ.''

വീണ്ടും കാൽപ്പെരുമാററം കേട്ടു.

''ഇതിലെ!'' അടുത്ത മുറിയിൽ ആരോ വിളിച്ചുപറഞ്ഞു. ''ആ ബഞ്ചിലിരിക്കു്. തൊപ്പിയെടുത്തു മാററെടോ. ദൈവരൂപങ്ങൾ വച്ചിരിക്കുന്നതു കണ്ടില്ലേ?''

''കൈ അഴിച്ചുതന്നിട്ടു് കരയ്ക്കു്.''

പാതിപൊളിച്ച എൻെറ വായിൽ കിടന്ന വരേനിക്ക് തണുത്തു മരവിച്ചു് പിഞ്ഞാണത്തിലേക്കു് വീണു. ആ ശബ്ദം ഞാൻ തിരിച്ചറിഞ്ഞു—ചുബുക്കു്!

''ചൂടാണു്, അല്ലേ?'' ക്യാപ്ററൻ ചോദിച്ചു. ''മെല്ലെ തിന്നാൽ മതി.''

സംഘർഷം നിറഞ്ഞ ആ നിമിഷങ്ങളിൽ ഞാൻ അനുഭവിച്ച വേദന പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. സംശയം ജനിപ്പിക്കാതിരിക്കണമെങ്കിൽ ഞാൻ സമചിത്തനും ഉന്മേഷവാനുമാണെന്നു് നടിക്കണം. എൻെറ വായിലിരുന്ന വരേനിക്കുകൾ ചേററുകട്ടകളാണെന്നു് എനിക്കു തോന്നി. വലിഞ്ഞുമുറുകിയ തൊണ്ടയിൽക്കൂടി ഓരോ കഷണവും ഇറക്കാൻ ഞാൻ പെട്ട പാടു്! എന്നാൽ എനിക്കു നല്ല വിശപ്പുണ്ടെന്നു് ക്യാപ്

ററനറിയാം—ഞാൻ തന്നെ അക്കാര്യം അദ്ദേഹത്തോടു് നേരത്തെ പറഞ്ഞതാണു്. അതുകൊണ്ടു് തിന്നാതിരിക്കാൻ സാദ്ധ്യമായിരുന്നില്ല. യാന്ത്രികമായി ഞാൻ ഭക്ഷണസാധനങ്ങരം ഫോർക്കുകൊണ്ടു് കുത്തി സാവധാനം വായിലാക്കിക്കൊണ്ടിരുന്നു. ചുബുക്കിനോടു ചെയ്ത തെറേറാർത്തു് ഞാൻ നീറി. അയാളുടെ താക്കീതു വകവയ്ക്കാതെ ഞാൻ കാവല്യപേക്ഷിച്ചു കളിക്കാൻ പോയതാണു് കുഴപ്പമായതു്. യന്ത്രത്തോക്കുകാർ ചുബുക്കിനെ പിടികൂടിയതു് ഞാൻ കാരണമാണു്. അല്ലെങ്കിൽ എൻെറ ഏററവും പ്രിയപ്പെട്ട സഖാവു്, ഞാൻ ഏററവും കൂടുതൽ സ്നേഹിക്കുന്ന മനുഷ്യൻ, ഉറങ്ങിക്കിടക്കുമ്പോരം ശത്രുക്കളുടെ പിടിയിൽ അകപ്പെടുകയില്ലായിരുന്നു.

''കുട്ടീ, നീ ഉറക്കംതൂങ്ങുകയാണെന്നു തോന്നുന്നു,'' ദൂരെ എവിടെനിന്നോ ക്യാപ്ററൻെറ ശബ്ദം എൻെറ ചെവിയിലെത്തി. നീ ഫോർക്കിൽ കുത്തിയ വരേനിക്ക് വായിൽ വച്ചുകൊണ്ടു് കണ്ണടച്ചിരിക്കയാണു്. പോയി കച്ചിപ്പുറത്തു കിടന്നു് കുറച്ചു് ഉറങ്ങിക്കോ. പഹോമവ്, വഴി കാണിച്ചുകൊടുക്കൂ.''

ഞാൻ എണീററു് വാതില്ക്കലേക്കു നടന്നു. ചുബുക്കിനെ ഇരുത്തിയിരിക്കുന്ന മുറി കടന്നു വേണം എനിക്കു പോകാൻ. ദുസ്സഹമായ നിമിഷങ്ങരം! എന്നെ കാണുമ്പോരം അത്ഭുതപ്പെട്ടു് ചലനങ്ങരംകൊണ്ടോ ശബ്ദംകൊണ്ടോ എന്നെ അറിയാമെന്നു് ചുബുക്ക് വെളിപ്പെടുത്താതിരുന്നാൽ മതിയായിരുന്നു. അയാളെ രക്ഷിക്കാൻ എന്നാലാകാവുന്നതുമുഴുവൻ ഞാൻ ചെയ്യുമെന്നു് അയാളെ ധരിപ്പിക്കുകയും വേണം.

ചുബുക്ക് കുനിഞ്ഞിരിക്കയായിരുന്നു. ഞാൻ ഒന്നു ചുമച്ചു. അയാരം തലയുയർത്തി നോക്കിയിട്ടു് പെട്ടെന്നു് പിറകോട്ടാഞ്ഞു.

എന്നാൽ തൻെറ പുറം ഭിത്തിയിൽ ചെന്നു മുട്ടുന്നതിനു മുമ്പുതന്നെ സമചിത്തത വീണ്ടെടുത്തു് അയാരം തൻെറ ചുണ്ടോളമെത്തിയ അത്ഭുതശബ്ദത്തെ കടിച്ചമർത്തി. ചുമ അടക്കാനെന്നവണ്ണം ഞാൻ ഒരു വിരൽ ചുണ്ടുകളിലമർത്തി. ചുബുക്ക് കണ്ണുകരം ചെറുതാക്കുകയും എന്നിൽനിന്നും നോട്ടം പെട്ടെന്നു് പിൻവലിച്ചു് പരിചാരകനെ നോക്കുകയും ചെയ്തതിൽനിന്നു് എനിക്കു് ഒരു കാര്യം മനസ്സിലായി—സംശയത്തിൻെറ പേരിൽ എന്നേയും അറസ്റ്റുചെയ്തതാണെന്നാണു് ചുബുക്ക് ധരിച്ചിരി

ക്കുന്നതു്. അയാളുടെ നോട്ടം ഇങ്ങിനെ പറയുന്നതുപോലെ തോന്നി: ''പേടിക്കണ്ട. നിന്നെ പരിചയമുണ്ടെന്നു് ഞാൻ നടിക്കയില്ല.''

ആ നിശ്ശബ്ദസംഭാഷണം നിമിഷത്തിനുള്ളിൽ കഴിഞ്ഞതുകൊണ്ടു് മററാരുടേയും ശ്രദ്ധയിൽപ്പെട്ടില്ല. വിറയ്ക്കുന്ന കാലുകളോടെ ഞാൻ മുററത്തേയ്ക്കിറങ്ങി. ''ഇവിടെയാണു്,'' ചെറിയ ഒരു ചായിപ്പു് ചൂണ്ടിക്കാണിച്ചുകൊണ്ടു് പരിചാരകൻ പറഞ്ഞു. ''അകത്തു് കച്ചിയും പുതപ്പും ഉണ്ടു്. കതകു് അകത്തുനിന്നു് കൊളുത്തിട്ടോളൂ. അല്ലെങ്കിൽ ഈ പ്രദേശത്തുള്ള പന്നികളും മുഴുവൻ അങ്ങോട്ടു കയറിവരും.''

അദ്ധ്യായം പത്തു്

ഞാൻ ഒരു തുകൽ കുഷ്യനിൽ തലവച്ച് അനങ്ങാതെ കിടന്നു. ''ഇനി എന്തുചെയ്യാൻ കഴിയും? ചുബുക്കിനെ എങ്ങിനെ രക്ഷപ്പെടുത്തും? അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ എനിക്കു കഴിയുമോ? എന്റെ തെററുകൊണ്ടു് ചുബുക്കിന്റെ കഴുത്തിൽ വീണിരിക്കുന്ന ഈ കുടുക്കു് ഞാൻതന്നെ എങ്ങിനെയെങ്കിലും അഴിക്കണം. അതിനു് പകരം ഞാൻ വരേനിക്കും തിന്നുകൊണ്ടു് ഇരിക്കുകയാണു്. ഞാൻ കാരണം ചുബുക്ക് കഷ്ടപ്പെടുകയാണു്.''

എന്നാൽ എന്തുചെയ്യണമെന്നു് എനിക്കു് യാതൊരു പിടിയും ഉണ്ടായിരുന്നില്ല.

എന്റെ തലച്ചോറിനു തീ പിടിച്ചു. കവിളുകൾ ചുട്ടുപൊള്ളി. ക്രമേണ ഉൽക്കടമായ ഒരു ആവേശം എന്നെ ബാധിച്ചു. ''ഞാൻ സത്യസന്ധമായാണോ പെരുമാറുന്നതു്? ഞാനും ഒരു ചുവപ്പുസേനാനിയാണെന്നും ചുബുക്കിന്റെ സഖാവായ എനിക്കും അയാളുടെ വിധിയിൽ പങ്കു ചേരണമെന്നും ധൈര്യമായി പറയുകയല്ലേ വേണ്ടതു്?'' ആ ചിന്തയുടെ ലാളിത്യവും ഗാംഭീര്യവും എന്റെ തലയ്ക്കു പിടിച്ചു. ''ഒന്നുമില്ലെങ്കിലും അതു് എന്റെ തെററിനു് പ്രായശ്ചിത്തമാകും,'' ഞാൻ സ്വയം പറഞ്ഞു. ഫ്രഞ്ചുവിപ്ലവത്തെക്കുറിച്ചു് പണ്ടെങ്ങോ വായിച്ചിട്ടുള്ള ഒരു കഥ എനിക്കു് ഓർമ്മ വന്നു. പരോളിലിറങ്ങിയ ഒരു ബാലൻ ശത്രുക്കളുടെ അടുത്തേക്കു് സ്വയം മടങ്ങിച്ചെന്നു് മരണം കൈവരിക്കുന്നതാണു് കഥ. ''ഞാൻ ഉടൻ എണീററു ചെന്നു് അവരോടു് സത്യം മുഴുവൻ പറയുകയാണു വേണ്ടതു്,'' ഞാൻ സ്വയം ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. ''ചുവപ്പു പോരാളികൾക്കു് മരണത്തെ ഭയമില്ലെന്നു് ആ പട്ടാളക്കാരും ക്യാപ്ററനും മനസ്സിലാക്കട്ടെ. വെടിവയ്ക്കാനായി എന്നെ ഭിത്തിയോടു ചേർ

ത്തുനിർത്തുമ്പോഠം ഞാൻ വിളിച്ചുപറയും: 'വിപ്ലവം ജയിക്കട്ടെ!' അ ല്ലെങ്കിൽ അതു വേണ്ട, അതു് എത്രയോപേർ പറഞ്ഞു കഴിഞ്ഞതാണു്! 'ശപിക്കപ്പെട്ട കൊലപാതകികളെ', എന്നു വിളിച്ചുപറഞ്ഞാലെന്താ? അല്ലെങ്കിൽ മറെറാന്നു് പറയാം...''

സ്വന്തം തീരുമാനത്തിൻെറ ദുഃഖകരമായ ഗാംഭീര്യം കൊണ്ടു് തല യ്ക്കു മത്തു പിടിച്ച എനിക്കു് പരിസരബോധം നഷ്ടപ്പെട്ടു.

''ഞാൻ എണീററു് അങ്ങോട്ടു പോവുകയാണു്,'' എന്നു സ്വയം പറഞ്ഞുകൊണ്ടു് ഞാൻ കച്ചിപ്പുറത്തു് എണീററിരുന്നു. ''പക്ഷേ എന്തു വിളിച്ചുപറയും?''

എൻെറ മനസ്സിലൂടെ പലവിധ ചിന്തകഠം കൊടുങ്കാററുപോലെ ഇര മ്പിനടന്നു. അർത്ഥശൂന്യങ്ങളായ പല വാചകങ്ങളും മനസ്സിൽ പൊന്തി വന്നു. എന്നാൽ മരിക്കാൻപോകുന്ന സമയത്തു് പറയാൻ തക്ക ഏതെ ങ്കിലുമൊരു വാചകം ഓർക്കുന്നതിനുപകരം അർസമാസിലെ കല്യാണാ ഘോഷങ്ങളോടു് അനുബന്ധിച്ചു് ഫ്ലൂട്ടുവായിക്കുന്ന വൃദ്ധനായ ജിപ്സിയു ടെ മുഖമാണു് എനിക്കു് ഓർമ്മ വന്നതു്. എൻെറ അപ്പോഴത്തെ മാന സികാവസ്ഥയുമായി യാതൊരു ബന്ധവുമില്ലാത്ത പലതും എൻെറ ഓർ മ്മയിലേക്കു് ഓടിയെത്തി.

''ഞാൻ എണീക്കുകയാണു്...'' ഞാൻ സ്വയം പറഞ്ഞു. എന്നാൽ കച്ചിക്കിടക്കയും പുതപ്പും സിമൻറുപോലെ എൻെറ കാലുകളെ നിലത്തു് ഉറപ്പിച്ചുവച്ചു.

ഞാൻ അവിടെനിന്നു് എണീക്കാതിരുന്നതിൻെറ കാര്യം എനി ക്കു് മനസ്സിലായി. എണീക്കാൻ എനിക്കു് ആഗ്രഹമില്ലായിരുന്നു എന്ന താണു് സത്യം. അവസാനം പറയാനുള്ള വാക്കുകഠംക്കുവേണ്ടി തിര ഞ്ഞതും ജിപ്സിയുടെ കാര്യം ഓർത്തതും എല്ലാം നിർണ്ണായകമായ ആ നിമിഷം നീട്ടിവയ്ക്കാൻവേണ്ടി മനസ്സു് കണ്ടുപിടിച്ച ഉപായങ്ങളാണു്. ഞാൻ എത്രയൊക്കെ വേണമെന്നു വിചാരിച്ചിട്ടും എണീററുപോയി തോ ക്കിനു മുമ്പിൽ നില്ക്കാൻ എനിക്കു് ആഗ്രഹം തോന്നിയില്ല എന്നതാണു് സത്യം. അതു മനസ്സിലായ ഉടൻ ഞാൻ നിരാശയോടെ കഷ്യനിലേക്കു് തല ചായ്ച്ചു. ഫ്രഞ്ചുവിപ്ലവകാലത്തെ ആ ബാലനോടു താരതമ്യപ്പെ ടുത്തുമ്പോഠം ഞാൻ എത്ര നിസ്സാരനാണു് എന്നോർത്തു് ഞാൻ കണ്ണീർ വാർത്തു.

ചായിപ്പിന്റെ വീടിനോടു തൊട്ടുള്ള ഭിത്തി കുലുങ്ങി. ഒരു തോക്കിന്റെ പാത്തികൊണ്ടോ ബഞ്ചിന്റെ മൂലകൊണ്ടോ അതിൽ ആരോ ഇടിച്ചതാവണം. ഭിത്തിക്കപ്പുറത്തു് ആരൊക്കെയോ സംസാരിക്കുന്ന ശബ്ദം കേട്ടു.

ഞാൻ ശബ്ദംകേൾപ്പിക്കാതെ ഭിത്തിയുടെ അടുത്തുചെന്നു് ചെവി അതിനോടു ചേർത്തു പിടിച്ചു് ശ്രദ്ധിച്ചു. പെട്ടെന്നു് ക്യാപ്റ്റൻ ഉച്ചരിച്ച ഒരു വാചകത്തിന്റെ പകുതി എനിക്കു് കേൾക്കാൻ കഴിഞ്ഞു. ''... അസംബന്ധം പറഞ്ഞിട്ടു് കാര്യമൊന്നുമില്ല. അതുകൊണ്ടു് നിങ്ങൾക്കു കൂടുതൽ ദോഷമേ ഉണ്ടാകുകയുള്ളു. പറയൂ, എത്ര യന്ത്രത്തോക്കുകൾ നിങ്ങളുടെ സേനാവിഭാഗത്തിന്റെ കൈവശമുണ്ടു്?''

''സംഗതികൾ ഇതിൽക്കൂടുതൽ വഷളാകാനൊന്നുമില്ല, പിന്നെ ഞാൻ വെറുതെ സമയം കളയുന്നതു് എന്തിനാണു്?'' ചുബുക്ക് പറഞ്ഞു.

''എത്ര യന്ത്രത്തോക്കുകളുണ്ടെന്നാണു് ഞാൻ ചോദിച്ചതു്?''

''മൂന്നു്—രണ്ടു് മാക്സിമുകളും ഒരു കോൾട്ടും.''

ചുബുക്ക് മനഃപ്പൂർവം അങ്ങിനെ പറയുകയാണെന്നു് എനിക്കു് മനസ്സിലായി. ഞങ്ങൾക്കു് ആകെക്കൂടി ഒരു കോൾട്ടു് മാത്രമാണുള്ളതു്.

''എത്ര കമ്മ്യൂണിസ്റ്റുകാരുണ്ടു്?''

''അവരെല്ലാവരും കമ്മ്യൂണിസ്റ്റുകാരാണു്.''

''എല്ലാവരുമോ? നിങ്ങൾ കമ്മ്യൂണിസ്റ്റുകാരനാണോ?''

മൗനം.

''നിങ്ങൾ കമ്മ്യൂണിസ്റ്റുകാരനാണോ? ഞാൻ നിങ്ങളോടാണു ചോദിക്കുന്നതു്!''

''വെറുതെ ഒച്ചവയ്ക്കുന്നതെന്തിനു്? എന്റെ പാർട്ടി കാർഡാണു് നിങ്ങളുടെ കയ്യിലിരിക്കുന്നതു്.''

''മിണ്ടാതിരിക്കു്. നിങ്ങൾ മുഷ്കന്മാരിൽ ഒരുവനാണു്. ഓഫീസർ സംസാരിക്കുമ്പോൾ നിവർന്നു നിൽക്കണം! നിങ്ങളാണോ പ്രഭുമന്ദിരത്തിൽ കയറിയതു്?''

''അതെ.''

''കൂടെ ആരായിരുന്നു.''

''ഒരു ജൂത സഖാവു്.''

''ഒരു നികൃഷ്ടനായ ജൂതനോ? അയാൾ എവിടെ?''

''ഓടിപ്പോയി... മറെറ വശത്തേക്ക്.''

''ഏതു വശത്തേക്ക്?''

''എതിർവശത്തേക്ക്.''

വീണ്ടും ഒരടിയുടെ ശബ്ദം. ഒരു സ്ററൂൾ ആരോ മാററിവച്ചു. തുടർന്ന് ക്യാപ്ററന്റെ ഇഴഞ്ഞ ശബ്ദം വീണ്ടും കേട്ടുതുടങ്ങി:

''എതിർവശം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. നിമിഷത്തിനകം ഞാൻ നിങ്ങളെ അങ്ങോട്ടയയ്ക്കും!''

''എന്നെ ഇങ്ങനെ അടിക്കുന്നതിനുപകരം വെടിവയ്ക്കാൻ കല്പന കൊടുക്കൂ,'' ചുബുക്കിന്റെ ശബ്ദം അവശമായിരുന്നു. ''ഞങ്ങളുടെ ആളുകൾ നിങ്ങളെ പിടിക്കുകയാണെങ്കിൽ ഒന്നോ രണ്ടോ താങ്ങുവച്ചുതന്നിട്ട് കഥ അവസാനിപ്പിക്കും. ബുദ്ധിജീവിയാണെന്ന് ഭാവിക്കുന്ന നിങ്ങൾ ചാട്ടവാറുകൊണ്ട് എന്റെ ദേഹം മുഴുവൻ അടിച്ചുപൊട്ടിച്ചു.''

''എന്ത്? എന്താണു പറഞ്ഞത്,'' ക്യാപ്ററൻ നേർത്ത ശബ്ദത്തിൽ ഉറക്കെ ചോദിച്ചു.

''ഒരു മനുഷ്യനെ ഇത്രയധികം ദ്രോഹിക്കുന്നതെന്തിനാണെന്നാണ് ഞാൻ ചോദിച്ചത്.''

നേരത്തെ കേട്ട അതേ ശബ്ദം വീണ്ടും അറിയിച്ചു:

''റെജിമെൻറൽ കമാണ്ടറെ ഫോണിൽ വിളിക്കുന്നു, സർ.''

ഏതാണ്ട് പത്തുമിനിട്ടുനേരത്തേക്ക് ഭിത്തിക്കപ്പുറത്തുനിന്ന് യാതൊരു ശബ്ദവും കേട്ടില്ല. അതു കഴിഞ്ഞു് പരിചാരകനായ പഹോമൊവ് പൂമുഖത്തുനിന്ന് വിളിക്കുന്നതു കേട്ടു:

''മുസാബേക്കൊവ്! ഇബ്രഗീഷ്ക്ക!''

''എന്താണ്,'' റാസ്ബെറി ചെടികളുടെ ഇടയിൽനിന്ന് ഉദാസീനമായ ഒരു ശബ്ദം കേട്ടു.

''നിങ്ങൾ എവിടെയാണ്? ക്യാപ്ററന്റെ കുതിരയ്ക്ക് ജീനി കെട്ടു.''

ഭിത്തിക്കപ്പുറത്തുനിന്ന് ക്യാപ്ററന്റെ ശബ്ദം വീണ്ടും മുഴങ്ങി.

''വീക്കർ ഇലിയിച്ച്, ഞാൻ സ്റ്റാഫിന്റെ അടുത്തേക്കു പോകുന്നു. രാത്രിയിൽ മടങ്ങിവന്നേയ്ക്കും. സീഹരെവുമായി ഉടൻ ബന്ധപ്പെടണമെന്ന് ഷ്വാർത്സിനെ ഫോൺചെയ്തു് അറിയിക്കൂ. ബേഗിച്ചെവി

ൻേറയും ഷെബാലൊവിൻേറയും സേനാവിഭാഗങ്ങഠം ഒന്നിച്ചുവെന്നു് സീ ഹറെവ് റിപ്പോർട്ട ചെയ്തു.''

''ഇയാളെ എന്താണ ചെയ്യേണ്ടതു്?''

''ഇയാളെയോ? വെടിവച്ചോളൂ. അല്ലെങ്കിൽ വേണ്ട. ഞാൻ മട ങ്ങിവരുന്നതുവരെ കാക്കുക. അയാളോടു് എനിക്കു് ഒന്നുകൂടി സംസാരി ച്ചനോക്കണം. പഹോമൊവ്,'' ക്യാപ്ററൻ ശബ്ദമുയർത്തി വിളിച്ചു. ''കുതിരയെ തയ്യാറാക്കിയോ? എൻെറ ദൂരദർശിനി ഇവിടെ തരൂ. ആ, പിന്നെ, ആ കുട്ടി ഉണർന്നാൽ അവനു് ഭക്ഷണം കൊടുക്കണം. എനി ക്കു് വച്ചേക്കണ്ട. ഞാൻ അവിടെ നിന്നു് കഴിച്ചോളാം.''

ഭിത്തിയിലുള്ള ചെറിയൊരു വിടവിലൂടെ ഓർഡർലിമാരുടെ കറു ത്ത തൊപ്പി എനിക്കു കാണാൻ കഴിഞ്ഞു. പൊടിപടലത്തിനിടയിൽ നിന്നു് കുളമ്പുകളുടെ അസ്പഷ്ടമായ ശബ്ദം കേട്ടു. ഞാൻ അന്നു രാവിലെ ഇരുന്നിരുന്ന ലോക്കപ്പിലേക്കു് ചുബുക്കിനെ ആനയിക്കുന്നതും ഞാൻ കണ്ടു.

''ക്യാപ്ററൻ മടങ്ങിവരാൻ താമസിക്കും. അതുകൊണ്ടു് ചുബു ക്കിനെ ചോദ്യം ചെയ്യാനായി കൊണ്ടുപോകുന്നതു രാത്രിയിലായിരി ക്കും,'' ഞാൻ വിചാരിച്ചു.

ഒരു ഇളംതെന്നൽ പോലെ ആശ എൻെറ തല തണുപ്പിച്ചു.

ഞാൻ ഇവിടെ സ്വതന്ത്രനാണു്. എന്നെ ആർക്കും സംശയമില്ല. പോരെങ്കിൽ ഞാൻ ക്യാപ്ററൻെറ അതിഥിയുമാണു്. എനിക്കു് എവിടെ വേണമെങ്കിലും പോകാം. ഇരുട്ടിത്തുടങ്ങുമ്പോഠം ലോക്കപ്പിൻെറ പിന്നിലുള്ള ജനാലയുടെ മുമ്പിലൂടെ നടക്കണം. എൻെറ കൈത്തോക്കു് കുററിച്ചെടികഠംക്കിടയിൽനിന്നു് തപ്പിയെടുത്തു് ജനലഴികഠംക്കിടയി ലൂടെ ചുബുക്കിനു് ഇട്ടുകൊടുക്കാം. രാത്രിയിൽ പട്ടാളക്കാർ ചുബുക്കി നെ കൊണ്ടുപോകാൻ വരും. ചുബുക്കിൻെറ കയ്യിൽ ആയുധമൊന്നും ഇല്ലെന്നു് അറിയാവുന്നതുകൊണ്ടു് പ്രത്യേക കരുതലില്ലാതെ നടക്കുന്ന ആ പട്ടാളക്കാരെ രണ്ടുപേരേയും ഞൊടിയിടകൊണ്ടു് വെടിവച്ചു വീഴ്ത്തി യിട്ടു് ചുബുക്കിനു് ഓടി രക്ഷപ്പെടാം. രാത്രിയിൽ നല്ല ഇരുട്ടായിരി ക്കും. അതു കൊണ്ടു് രണ്ടടി നടന്നാൽപ്പിന്നെ അവർക്കു് അയാളെ ക ണ്ടുപിടിക്കാൻ കഴിയില്ല. കൈത്തോക്കു് അഴികഠംക്കിടയിലൂടെ അക ത്തേയ്ക്കിടുക എന്നതാണു് പ്രശ്നം. പക്ഷേ അതു് അത്ര വിഷമമുള്ള കാ

ദ്യമല്ല. ആ കൂടിൽ ഇഷ്ടികകൊണ്ടു പണിതതും ബലമുള്ള അഴികളോടു കൂടിയതുമായതുകൊണ്ടു് ജനൽവഴി തടവുകാർ രക്ഷപ്പെടുകയില്ലെന്നു കാവൽക്കാരനു് ഉറപ്പുണ്ടു്. അതിനാൽ അയാൾ വാതില്പടിയിൽ ഇരിക്കുകയാണു പതിവു്. വല്ലപ്പോഴും എണീററു മൂലയിൽ ചെന്നുനിന്നു ചുററും നോക്കിയിട്ടു് അയാൾ വീണ്ടും സ്വസ്ഥാനത്തു ചെന്നിരിക്കും.

ഞാൻ ചായിപ്പിൽനിന്നു പുറത്തിറങ്ങി. കണ്ണീരിന്റെ പാടുകൾ മായ്ച്ചുകളയാൻ ഞാൻ ഒരു പാത്രം തണുത്ത വെള്ളം തലയിലൊഴിച്ചു. പരിചാരകൻ എനിക്കു് ഒരു ഗ്ലാസ് 'ക്വാസ്' തന്നു. ഭക്ഷണം കഴിക്കാറായോ എന്നു് അയാൾ ചോദിച്ചു. ഇല്ലെന്നു പറഞ്ഞിട്ടു് ഞാൻ പടിവാതില്ക്കൽ ചെന്നിരുന്നു.

ചുബുക്കു് കിടന്ന മുറിയുടെ അഴിയടിച്ച ജനൽ വീതിയുള്ള തെരുവിന്റെ മറുവശത്തുനിന്നു് ഒരു കറുത്ത ദ്വാരംപോലെ എന്നെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു.

''ഞാൻ ഇവിടിരിക്കുന്നതു് ചുബുക്കു് കണ്ടിരുന്നെങ്കിൽ നന്നായിരുന്നു,'' ഞാൻ വിചാരിച്ചു. ''അയാൾക്കു് അതു് ആശ്വാസമാകും ഞാൻ സ്വതന്ത്രനായി നടക്കുന്നതുകൊണ്ടു് എന്തെങ്കിലും രക്ഷാമാർഗ്ഗം കണ്ടുപിടിക്കാൻ ശ്രമിക്കുമെന്നു് ചുബുക്കിനു മനസ്സിലാകും. പക്ഷേ അയാളെക്കൊണ്ടു് ജനലിലൂടെ പുറത്തേക്കു നോക്കിക്കാനെന്താണു വഴി? വിളിക്കുകയോ കൈവീശുകയോ ചെയ്താൽ പാറാവുകാർ ശ്രദ്ധിക്കും. പിന്നെ എന്താണു് ചെയ്യുക?'' പെട്ടെന്നു് എനിക്കു് ഒരു ഉപായം തോന്നി. കൊച്ചുകുട്ടിയായിരിക്കുമ്പോൾ ഞാൻ യാഷ്ക സുക്കെർസ്റ്റൈനെ വിളിക്കാൻ ഉപയോഗിച്ചിരുന്ന വിദ്യ പ്രയോഗിച്ചുനോക്കാൻ ഞാൻ തീരുമാനിച്ചു. !

ഞാൻ മുറിക്കകത്തേക്കു് ഓടിച്ചെന്നു് ചുമരിൽനിന്നു് ഒരു ചെറിയ കണ്ണാടി എടുത്തുകൊണ്ടുവന്നു. കുറെനേരം ഞാൻ കണ്ണാടി നോക്കി ഒരു മുഖക്കുരു പരിശോധിച്ചുകൊണ്ടു് അവിടെയിരുന്നു. അതു കഴിഞ്ഞു് തികച്ചും യാദൃച്ഛികമെന്നോണം ഒരു സൂര്യകിരണം എതിർവശത്തുള്ള കെട്ടിടത്തിന്റെ മേൽക്കൂരയിലേയ്ക്കും അവിടെനിന്നു് മെല്ലെ ജനലിലേയ്ക്കും പ്രതിഫലിപ്പിച്ചു. ആ സൂര്യകിരണം ജനലിലൂടെ ഉള്ളിൽക്കടന്നു് അകത്തെ ഭിത്തിയിൽ പതിച്ചതു് വാതിലിനുമുമ്പിലിരുന്ന പാറാവുകാരൻ കണ്ടില്ല. കണ്ണാടിയുടെ സ്ഥാനം മാററാതെ ഞാൻ അതു കൈകൊണ്ടു് മറച്ചുപിടിച്ചിട്ടു് വീണ്ടും കൈ മാററി. പലപ്രാവശ്യം അതാവർത്തിച്ചു.

ഇരുണ്ട മുറിയിലേക്ക് പെട്ടെന്ന് കടന്നുചെല്ലുന്ന പ്രകാശധാര തട വുകാരന്റെ ശ്രദ്ധയിൽപ്പെടുമെന്ന ഞാൻ പ്രതീക്ഷിച്ചു. എന്റെ കണക്ക കൂട്ടൽ തെററിയില്ല. അടുത്ത നിമിഷത്തിൽത്തന്നെ ഒരു മനുഷ്യരൂപം ജനാലയുടെ അടുത്തു വന്നുനില്ക്കുന്നതു് എന്റെ ''സെർച്ച്ലൈററിന്റെ'' പ്രകാശത്തിൽ ഞാൻ കണ്ടു. പ്രകാശധാരയുടെ ഉറവിടം എവിടെയാണെ ന്നു് ചുബുക്കിനു മനസ്സിലാക്കിക്കൊടുക്കാനായി ഞാൻ മൂന്നാലു പ്രാവ ശ്യംകൂടി കണ്ണാടിയിലൂടെ വെളിച്ചം പ്രതിഫലിപ്പിച്ചു. അതു കഴി ഞ്ഞു് കണ്ണാടി താഴെവച്ചു് ഞാൻ എണീററു് മുറിനിവർക്കുന്ന മട്ടിൽ നിവർന്നു നിന്നു് കൈ പൊക്കി. പട്ടാള ഭാഷയിൽ അതിന്റെ അർ ത്ഥം ഇതാണു്: ''ജാഗ്രത! തയ്യാറായിരുന്നോളൂ!''

പൊടിപിടിച്ച തൊപ്പി ധരിച്ച ചുണക്കുട്ടികളായ രണ്ടു കേഡററു കഠം തോളിൽ തോക്കും തൂക്കിയിട്ടു് പൂമുഖത്തേക്ക കയറി. അവർ ക്യാ പ്ററനെ അന്വേഷിച്ചുവന്നതാണു്. ഒരു ജൂണിയർ ഓഫീസർ പുറത്തേ ക്ക വന്നു. കേഡററുകഠം സല്യൂട്ടുചെയ്തിട്ടു് ഒരു പൊതി അയാളെ ഏല്പിച്ചു.

''കേണൽ സീഹരെവ് തന്നയച്ചതാണു്.''

ടെലിഫോൺ ശബ്ദിക്കുന്നതു് ഞാനിരുന്നിടത്തുനിന്നു് കേഠക്കാ മായിരുന്നു. ജൂണിയർ ഓഫീസർ റെജിമെൻറൽ ഹെഡ്ക്വാർട്ടേഴ്സി നെ തുടരെ വിളിച്ചുകൊണ്ടിരുന്നു. സന്ദേശവാഹകന്മാരുടെ ചുമതല ഏ റെറടുത്ത നാലു പട്ടാളക്കാർ പുറത്തിറങ്ങി ഗ്രാമത്തിന്റെ വിവിധ ഭാഗ ങ്ങളിലേക്ക കുതിച്ചുപാഞ്ഞു. ഏതാനും മിനിട്ടുകഠം കഴിഞ്ഞു് ഗ്രാമത്തി ന്റെ അതിർത്തിയിലുള്ള ഗയിററു് തുറക്കപ്പെട്ടു. കറുത്ത വേഷം ധരിച്ച പത്തു കൊസാക്കകാർ കുതിരയോടിച്ചു പുറത്തേയ്ക്കു പോയി. കല്പനകഠം നടപ്പാക്കുന്നതിൽ അവിടെ കണ്ട ചുറുചുറുക്കും കാര്യക്ഷമതയും എന്നെ അത്ഭുതപ്പെടുത്തുകയും അസ്വസ്ഥനാക്കുകയും ചെയ്തു.

അച്ചടക്കമുള്ള കേഡററുകളും നല്ല പരിശീലനം ലഭിച്ചിട്ടുള്ള കൊ സാക്കകാരും, ഞങ്ങളുടെ ധീരരെങ്കിലും വായാടികളും അച്ചടക്കമില്ലാ ത്തവരുമായ ചെറുപ്പക്കാരിൽനിന്നു് തുലോം വിഭിന്നരായിരുന്നു.

സൂര്യൻ അപ്പോഴും ആകാശത്തിന്റെ ഏതാണ്ടു മദ്ധ്യത്തിലായിരു ന്നെങ്കിലും എനിക്ക് അടങ്ങി ഇരിക്കാൻ കഴിഞ്ഞില്ല. അവിടുത്തെ ത യ്യാറെടുപ്പുകളിൽനിന്നും അവിടുന്നും ഇവിടുന്നും കേട്ട ചില വാക്കകളിൽ നിന്നും അന്നുരാത്രി അവർ മാർച്ചുചെയ്തു പോവുകയാണെന്നു് എനിക്ക

മനസ്സിലായി. സന്ധ്യയാകുന്നതുവരെ സമയം കളയാനും ചുററുപാടുകരം നോക്കിക്കാണാനും വേണ്ടി ഞാൻ ഗ്രാമത്തിലൂടെ നടന്നു. കൊസാക്കു കാർ കുതിരകളെ കളിപ്പിച്ചുകൊണ്ടു് നിന്ന ഒരു കുളത്തിനരികിൽ ഞാൻ എത്തി. കുതിരകരം ചീററിക്കൊണ്ടിരുന്നു. അവയുടെ കുളമ്പുകരം കുളത്തിന്റെ അടിത്തട്ടിലെ മാർദ്ദവമുള്ള ചെളിയിൽ പുതയുന്ന ശബ്ദം കേരംക്കാമായിരുന്നു. കുതിരകളുടെ മാർദ്ദവവും തിളക്കവുമുള്ള തൊലിയിൽ നിന്നു് ഇളം ചൂടുള്ള ചെളിവെള്ളം ചെറുചാലുകളായി ഒലിച്ചിറങ്ങിക്കൊണ്ടിരുന്നു.

കഴുത്തിൽ ഒരു കുരിശു ധരിച്ച നഗ്നനായ ഒരു കൊസാക്കുകാരൻ കുളക്കരയിൽ സമൃദ്ധമായി വളർന്നുനിന്ന കുററിച്ചെടികരം വാരംകൊണ്ടു് വെട്ടിവീഴ്ത്തിക്കൊണ്ടിരുന്നു.

വാരം പൊക്കുമ്പോരം അയാരം ചുണ്ടുകരം കൂട്ടിപ്പിടിക്കും, വാരം താഴ്ത്തുമ്പോരം ചെറിയ ഒരു നിശ്വാസം ഉതിർക്കും. കശാപ്പുകാർ ഇറച്ചിമുറിക്കുമ്പോരം കേരംപ്പിക്കാറുള്ള ആ പ്രത്യേകശബ്ദമാണു് അയാളിൽ നിന്നുയർന്നിരുന്നതു്.

അരിവാളുകൊണ്ടു് പുല്ലു് അരിഞ്ഞിടുംപോലെ അനായാസമായി അയാരം നല്ല കരുത്തുള്ള കുററിച്ചെടികരം അരിഞ്ഞുവീഴ്ത്തി. ആ നിമിഷത്തിൽ ഒരു ശത്രുവിന്റെ കൈ അങ്ങോട്ടു നീണ്ടുകയാണെങ്കിൽ അതും അയാരം കൂട്ടത്തിൽ അരിഞ്ഞിടും. ഒരു ചുവപ്പുസേനക്കാരന്റെ തല തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടാൽ അയാരം അതും ഒററവെട്ടിനു തെറിപ്പിക്കും.

കൊസാക്കു് വാളിന്റെ ശക്തി അതിനു മുമ്പുതന്നെ ഞാൻ നേരിട്ടു കണ്ടിട്ടുണ്ടു്. അതിവേഗം കുതിച്ചു പായുന്ന കുതിരകളുടെ പുറത്തിരുന്നുകൊണ്ടാണു് ആ വീതികുറഞ്ഞ വാളുകരം വീശി കൊസാക്കുകാർ ആളുകളെ അരിഞ്ഞുവീഴ്ത്തുന്നതെന്നു് നമുക്കു് വിശ്വസിക്കാൻ കഴിയുകയില്ല. വിദഗ്ദ്ധനായ ഒരു ആരാച്ചാരുടെ കരപ്രയോഗം പോലെ കണിശമായിരുന്നു അവരുടെ വാരംപ്രയോഗം.

വൈകുന്നേരത്തെ പ്രാർത്ഥനയ്ക്കു വേണ്ടി പള്ളിയിൽ മണിയടിക്കുന്നതു കേട്ടപ്പോരം കൊസാക്കുകാരൻ വാരംപരിശീലനം നിർത്തിവച്ചു. വാളിന്റെ ചൂടുപിടിച്ച വായ്ത്തല ചാരനിറമുള്ള ഒരു പട്ടീസുകൊണ്ടു് തുടച്ചിട്ടു് അയാരം വാരം ഉറയിലിട്ടു. കിതച്ചുകൊണ്ടു് അയാരം കുരിശു വരച്ചു.

രണ്ടു് ഉരുളക്കിഴങ്ങുപാടങ്ങളുടെ ഇടയ്ക്കുള്ള ഒരു ഇടവഴിയിലൂടെ നടന്നു് ഞാൻ ഒരു ഊററിനടുത്തെത്തി. പായൽ പിടിച്ച ഒരു പഴയ തടിയിൽനിന്നു് ഉന്മേഷദായകമായ ഒരു ശബ്ദത്തോടെ മഞ്ഞുതുള്ളിപോലെ തണുത്ത വെള്ളം ഇററിററു വീണുകൊണ്ടിരുന്നു. കുരുത്തുതുടങ്ങിയ ഒരു മരക്കുരിശിൽ ഉറപ്പിച്ചിട്ടുള്ള തുരുമ്പുപിടിച്ച ഒരു ലോഹവിഗ്രഹം ചൈതന്യമററ കണ്ണുകൾകൊണ്ടു് താഴത്തേക്കു നോക്കിക്കൊണ്ടിരുന്നു. വിഗ്രഹത്തിനടിയിൽ ഒരു പേനാക്കത്തികൊണ്ടു് ആരോ കൊത്തിവച്ച അക്ഷരങ്ങൾ അവ്യക്തമായി കാണാമായിരുന്നു: ''ദൈവങ്ങളും പുണ്യാളന്മാരും വെറും തട്ടിപ്പാണു്.''

നേരം കുറേശ്ശെ ഇരുട്ടിത്തുടങ്ങി. ''അരമണിക്കൂർ കഴിഞ്ഞു് ലോക്കപ്പിനടുത്തേക്കു് പോകാം,'' ഞാൻ വിചാരിച്ചു. ഗ്രാമത്തിന്റെ അതിർത്തിയിൽ ചെന്നിട്ടു് അവിടെ നിന്നും വലിയ റോഡു മുറിച്ചുകടന്നു് ഒരു ഇടവഴിയിലൂടെ അഴിയടിച്ച ജനലിനടുത്തെത്താനാണു് ഞാൻ തീരുമാനിച്ചതു്. എന്റെ കൈത്തോക്കു് കിടക്കുന്ന സ്ഥലം കൃത്യമായി എനിക്കറിയാം. വെളുത്ത കടലാസുപൊതി മുൾച്ചെടികളുടെ ഇടയ്ക്കു് കിടക്കുന്നതു് കണ്ടുപിടിക്കാൻ യാതൊരു പ്രയാസവുമില്ല. നടപ്പുനിർത്താതെ തന്നെ അതു പൊക്കിയെടുത്തു് അഴികളുടെ ഇടയിലൂടെ അകത്തേക്കിട്ടിട്ടു് യാതൊന്നും അറിയാത്ത മട്ടിൽ മുമ്പോട്ടുപോകണം എന്നായിരുന്നു എന്റെ ഉദ്ദേശം.

ഒരു വളവു തിരിഞ്ഞപ്പോൾ തുറസ്സായ ഒരിടത്താണു് ഞാൻ എത്തിച്ചേർന്നതു്. അവിടെ ഒരു സംഘം പട്ടാളക്കാർ നില്ക്കുന്നതു ഞാൻ കണ്ടു. പെട്ടെന്നു് ക്യാപ്റ്ററൻ എനിക്കഭിമുഖമായി വന്നു നിന്നു.

''നീ ഇവിടെ എന്തുചെയ്യുന്നു?'' അദ്ദേഹം അത്ഭുതത്തോടെ ചോദിച്ചു. ''നീയും കാണാൻ വന്നതാണോ?'' ഇതു് നിനക്കു് ഒരു പുതിയ അനുഭവമായിരിക്കും.''

''ഇത്ര വേഗം തിരിച്ചുവന്നുവോ?'' അദ്ദേഹത്തിന്റെ നേരെ വെറുതെ തുറിച്ചുനോക്കിക്കൊണ്ടു് ഞാൻ മന്ത്രിച്ചു. സംഭ്രമംമൂലം അദ്ദേഹം പറഞ്ഞ വാക്കുകളുടെ അർത്ഥം എനിക്കു പിടികിട്ടിയില്ല.

വലത്തുവശത്തു നിന്നുയർന്ന ഒരു കല്പന കേട്ടു് ഞങ്ങൾ തിരിഞ്ഞുനോക്കി. അവിടെ കണ്ട കാഴ്ച എന്നെ ഞെട്ടിച്ചു. ഞാൻ വിറയലോടെ ക്യാപ്റ്ററന്റെ കുപ്പായക്കയ്യിൽ അള്ളിപ്പിടിച്ചു.

കഷ്ടിച്ച് ഇരുപതടി അകലെ ആറംപ്പാർപ്പില്ലാത്ത ഒരു മൺകുടിലിൻെറ ഭിത്തിയിൽ ചാരി നിന്നിരുന്ന ഒരു മനുഷ്യൻെറ നേരെ തോക്കു ചൂണ്ടിക്കൊണ്ട് അഞ്ചു പട്ടാളക്കാർ നിന്നിരുന്നു. തൊപ്പി ധരിച്ചിട്ടില്ലാത്ത ആ മനുഷ്യൻെറ കൈകറം പിന്നിൽ ബന്ധിച്ചിട്ടുണ്ട്. അയാറം ഞങ്ങളെത്തന്നെ ഉററുനോക്കിക്കൊണ്ട് നില്ക്കുകയായിരുന്നു.

''ചുബുക്ക്,'' വേച്ചുവീഴാൻ പോകുന്ന തിനിടയിൽ ഞാൻ മന്ത്രിച്ചു.

ക്യാപ്ററൻ അത്ഭുതത്തോടെ തലതിരിച്ചു. ധൈര്യപ്പെടുത്താനെന്നവിധം അദ്ദേഹം ഒരു കൈ എൻെറ തോളിൽ വച്ചു. കല്പന കേട്ട് പട്ടാളക്കാർ തോക്ക് ഉയർത്തിപ്പിടിച്ചു നിൽക്കുന്നതു ശ്രദ്ധിക്കപോലും ചെയ്യാതെ ചുബുക്ക് എന്നെത്തന്നെ ഉററുനോക്കിക്കൊണ്ട് നിവർന്നുനിന്നു. അനന്തരം തലയാട്ടിക്കൊണ്ട് വെറുപ്പോടെ അയാറം കാർക്കിച്ചുതുപ്പി

പെട്ടെന്ന് കണ്ണഞ്ചിക്കുന്ന ഒരു മിന്നലുണ്ടായി. തുടർന്ന്, ആരോ ചെവിക്കുള്ളിൽ പെരുമ്പറ കൊട്ടിയതുപോലുള്ള ഒരു ശബ്ദവും.

ക്യാപ്ററൻെറ കുപ്പായക്കൈയിലെ പട്ട പറിച്ചെടുത്തുകൊണ്ട് ഞാൻ ഒരു വശത്തേക്കു ചരിഞ്ഞു് നിലംപതിച്ചു.

''കേഡററ്, എന്താണ് ഇതിൻെറ അർത്ഥം?'' ക്യാപ്ററൻ കർശനമായി ചോദിച്ചു. ''ഒരു കിഴവിത്തള്ളയെപ്പോലെയാണല്ലോ നിൻെറ പെരുമാററം. ധൈര്യമില്ലെങ്കിൽപ്പിന്നെ ഇവിടെ വന്നതെന്തിന് ?'' അദ്ദേഹം സ്വരം മയപ്പെടുത്തിക്കൊണ്ട് തുടർന്നു: ''ഇതു പററില്ല, ചങ്ങാതി. നീ പട്ടാളത്തിൽ ചേരാൻ ഓടിപ്പോന്നവനാണ്.''

''അവൻ ഇതുമായി പഴകിയിട്ടില്ല,'' ഫയറിംഗ് സ്ക്വാഡിൻെറ ചുമതല വഹിച്ചിരുന്ന ഓഫീസർ ഒരു സിഗററ്റ കത്തിച്ചുകൊണ്ട് പറഞ്ഞു. ''അതു് അത്ര കാര്യമാക്കണ്ട. എൻെറ കമ്പനിയിൽ ഒരു ടെലിഫോൺ ഓപ്പറേററുണ്ട്—ഒരു കേഡററ്. ആദ്യമൊക്കെ അയാറം രാത്രിയിൽ അമ്മയെ വിളിച്ചു കരയുമായിരുന്നു. എന്നാൽ ഇപ്പോറം അയാറം ഏതു കുടവാക്കുട്ടിലും തലയിടാൻ മടിക്കാത്ത ഒരു സാഹസികനാണ്.'' ഓഫീസർ സ്വരം താഴ്ത്തിക്കൊണ്ട് കൂട്ടിച്ചേർത്തു: ''എങ്കിലും ആ മനുഷ്യൻ എന്നെ അത്ഭുതപ്പെടുത്തി. ഗാട്ടനിൽക്കുന്നവനെപ്പോലെ നീണ്ടുനിവർന്നു നിന്നതു കണ്ടില്ലേ. കാർക്കിച്ചു തുപ്പുകയും ചെയ്തു!''

അദ്ധ്യായം പതിനൊന്നു്

ആ രാത്രിയിൽ മാർച്ചുചെയ്തുപോയ സേനാവിഭാഗം വിശ്രമത്തിനു വേണ്ടി കുറച്ചുസമയം ഒരിടത്തു തങ്ങിയപ്പോൾ ഞാൻ ക്യാപ്ററന്റെ വണ്ടിയിൽ കിടന്നുകിട്ടിയ ഒരു കൈബോംബും എന്റെ കൈത്തോക്കും എടുത്തുകൊണ്ടു് ഒളിച്ചോടി.

രാത്രിമുഴുവൻ ഇടംവലം നോക്കാതെ ഞാൻ നേരെ വടക്കോട്ടു നടന്നുകൊണ്ടിരുന്നു. നിരാശയിൽനിന്നുടലെടുത്ത ഒരുതരം വാശിയോടെയാണു് ഞാൻ നടന്നതു്. അപകടകരങ്ങളായ റോഡുകൾ ഒഴിവാക്കാൻ ശ്രമിക്കാതെ ഞാൻ നേരെ നടന്നുകൊണ്ടിരുന്നു. നിഴലുകൾ, ഇരുണ്ട മലയിടുക്കുകൾ, ചെറിയ പാലങ്ങൾ, തുടങ്ങി ശത്രുക്കൾ പതിയിരിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ചെന്നു ചാടാതിരിക്കാൻ മറേറതു സന്ദർഭത്തിലാണെങ്കിലും ഞാൻ ശ്രദ്ധിക്കുമായിരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും മണിക്കൂറുകളിൽ നടന്ന സംഭവങ്ങളെക്കാൾ ഭയങ്കരമായി ഒന്നും സംഭവിക്കാനില്ലാത്തതുകൊണ്ടു് ഞാൻ അപ്പോൾ അതൊന്നും വകവച്ചില്ല. ഒന്നിനെപ്പററിയും ചിന്തിക്കാതിരിക്കാനും ഒന്നും ഓർക്കാതിരിക്കാനും ശ്രമിച്ചുകൊണ്ടു് കഴിവതും വേഗം എന്റെ സേനാവിഭാഗത്തോടു ചേരണം എന്ന ഒരൊററ ആഗ്രഹത്തോടെ ഞാൻ തപ്പിയും തടഞ്ഞും മുമ്പോട്ടുപൊയ്ക്കൊണ്ടിരുന്നു.

പിറേറന്നു് ഉച്ചമുതൽ സന്ധ്യവരെ ഞാൻ കുററിച്ചെടികളുടെ മറവുള്ള ഒരിടത്തു കിടന്നു് ബോധംകെട്ടുറങ്ങി. രാത്രിയിൽ ഞാൻ വീണ്ടും യാത്ര തുടർന്നു. വൈററ് ഗാർഡുകാരുടെ ഹെഡ്ക്വാർട്ടേഴ്സിൽവച്ചു കേട്ട സംഭാഷണങ്ങളിൽനിന്നു് എന്റെ സേനാവിഭാഗം താവളമടിച്ചി

രിക്കുന്നതു് എവിടെയാണെന്നു് എനിക്കു് ഊഹിക്കാൻ കഴിഞ്ഞു. അതു് ഇവിടെ അടുത്തെവിടെയെങ്കിലും ആയിരിക്കണം. എന്നാൽ രാത്രി വളരെ ഇരുട്ടുന്നതുവരെ കാട്ടുപാതകളിലൂടെയും ചെറുറോഡുകളിലൂടെയും ചുററിത്തിരിഞ്ഞിട്ടും ആരും എന്നെ തടഞ്ഞുനിർത്തിയില്ല.

പക്ഷികളുടെ അവിരാമമായ ചിലയ്ക്കലും, തവളകളുടെ കരച്ചിലും കൊതുകുകളുടെ മൂളലും കൊണ്ടു് രാത്രി മുഖരിതമായിരുന്നു. മൂങ്ങയുടെ അസ്വസ്ഥമായ കരച്ചിലിലും സമൃദ്ധമായ പച്ചിലപ്പടർപ്പുകളുടെ മർമ്മരദ്ധ്വനിയിലും കാട്ടുപൂക്കളുടെ സുഗന്ധത്തിലും, വീർപ്പുമുട്ടി നില്ക്കുന്ന നക്ഷത്രഖചിതയായ രാത്രിയുടെ ഹൃദയസ്പന്ദനം മുഴങ്ങിക്കേട്ടു.

നിരാശ എന്നെ പിടികൂടി. എങ്ങോട്ടാണു പോകേണ്ടതു്? എവിടെയാണു് അന്വേഷിക്കേണ്ടതു്? ഞാൻ ധാരാളം മരങ്ങളുള്ള ഒരു കുന്നിന്റെ അടിവാരത്തിലെത്തി. മണമുള്ള കാട്ടുതൃപർണ്ണികളുടെ ഇടയിലുള്ള ഒരു വെളിപ്രദേശത്തു് ഞാൻ തളർന്നുവീണു. അവിടെ കിടന്നു് ഞാൻ വളരെനേരം ആലോചിച്ചു. ഞാൻ ചെയ്ത ഭയങ്കരമായ തെററിന്റെ വലിപ്പത്തെക്കുറിച്ചു് ഞാൻ കൂടുതൽ കൂടുതൽ ബോധവാനായിത്തീർന്നു. ചോരകുടിയനായ ഒരു കറുത്ത നീരട്ടയെപ്പോലെ അതു് എന്റെ മനസ്സിലേക്കു് ആണ്ടിറങ്ങി. ചുബുക്കു് കാർക്കിച്ചുതുപ്പിയതു് എന്നെയാണു് ഓഫീസറെയല്ല. ചുബുക്കിനു് ഒന്നും മനസ്സിലായിരുന്നില്ല, കാരണം എന്റെ സഞ്ചിയിലുണ്ടായിരുന്ന കേഡററിന്റെ കടലാസുകളെക്കുറിച്ചു് അയാൾക്കു് അറിവില്ലായിരുന്നു. അക്കാര്യം അയാളോടു പറയാൻ ഞാൻ മറന്നുപോയി. എന്നെയും തടവുകാരനായി പിടിച്ചിരിക്കയാണെന്നാണു് ചുബുക്കു് ആദ്യം വിചാരിച്ചതു്. എന്നാൽ ഞാൻ സ്വതന്ത്രനായി കടിലിനുപുറത്തു് ഇരുന്നതും പിന്നീടു് ക്യാപ്ററൻ സ്നേഹപൂർവ്വം എന്റെ തോളിൽ കൈവച്ചതും കണ്ടപ്പോൾ ഞാൻ വൈററു് ഗാർഡുകാരുടെ പക്ഷത്തു ചേർന്നുവെന്നു് അയാൾ തീരുമാനിച്ചുകാണും. വൈററു് ഗാർഡുകാരനായ ഓഫീസർ എന്നോടു സ്നേഹപൂർവ്വം പെരുമാറുന്നതിനെ മറെറതു തരത്തിലാണു് വ്യാഖ്യാനിക്കാൻ കഴിയുക? ചുബുക്കിന്റെ അവസാനത്തെ ആ തുപ്പൽ സൾഫ്യൂറിക്കു് ആസിഡുപോലെ എന്റെ ഹൃദയത്തെ നീററിക്കൊണ്ടിരുന്നു. ആ തെററിദ്ധാരണ ഇനി ഒരിക്കലും മാററാനാവില്ലെന്നും, എന്റെ വിശദീകരണം കേൾക്കാനും നിഷ്കളങ്കതയിൽ വിശ്വസിക്കാനും ഒരാളില്ലെന്നും ചുബുക്കിനെ ഇനി ഒരിക്ക

ലും കാണാനാവില്ലെന്നും അയാാം എന്നെന്നേയ്ക്കുമായി മരിച്ചുകഴിഞ്ഞു വെന്നുമുള്ള വിചാരമായിരുന്നു അതിലും ഭയങ്കരം.

കാട്ടിലെ കച്ചിപ്പുരയിൽ വച്ച് ഞാൻ ചെയ്ത മാരകമായ തെററിലുള്ള അപരാധബോധം കൊണ്ട് എൻെറ ഹൃദയം വിങ്ങി. ആരോടെങ്കിലും എല്ലാം ഏററുപറയാൻ കഴിഞ്ഞെങ്കിൽ ഹൃദയഭാരം തെല്ലൊന്നു കുറയുമായിരുന്നു. പക്ഷേ ഈ വിജനമായ വനാന്തരത്തിൽ ആരിരിക്കുന്നു? ചുററുപാടും കനത്ത നിശ്ശബ്ദത മാത്രം. തവളകളുടെ കരച്ചിലും പക്ഷികളുടെ ചിറകടിയും മാത്രമാണ് അതിനെ ഭഞ്ജിക്കുന്നത്.

എന്നോടുതന്നെയുള്ള അമർഷവും ആ നശിച്ച നിശ്ശബ്ദതയോടുള്ള വിരക്തിയും എന്നെ ഒരു ഭ്രാന്തനാക്കിത്തീർത്തു. കോപവും പശ്ചാത്താപവും നിരാശയും സഹിക്കാനാവാതെ ഞാൻ ചാടിയെണീററ് പോക്കററിൽ നിന്ന് ബോംബു വലിച്ചെടുത്തു. സേഫ്ററി ക്യാച്ച് മാററിയിട്ട് ഞാൻ അത് പൂക്കളുടേയും ഇടതൂർന്ന ത്രിപർണ്ണികളുടേയും മഞ്ഞണിഞ്ഞുനിൽക്കുന്ന ബ്ലൂ ബെല്ലുകളുടേയും ഇടയിലേക്കു വലിച്ചെറിഞ്ഞു.

ചെവിപൊട്ടിയ്ക്കുന്ന ശബ്ദത്തോടെ ബോംബു പൊട്ടി. ആ ശബ്ദമായിരുന്നു എനിക്കു വേണ്ടിയിരുന്നതും. അതിൻെറ മാറെറാലി വിദൂരമായ വനാന്തരങ്ങളെ വിറകൊള്ളിച്ചു.

ഞാൻ കാട്ടിൻെറ അരികിലൂടെ നടന്നുതുടങ്ങി.

''ഏയ്, ആരാണ് പോകുന്നത്?'' കുറെ നടന്നപ്പോാം ആരോ ചോദിച്ചു.

''ഞാനാണ്,'' നടപ്പു നിർത്താതെ ഞാൻ പറഞ്ഞു.

''ആരാണ് 'ഞാൻ' നിന്നില്ലെങ്കിൽ വെടിവയ്ക്കും.''

''വെടിവയ്ക്കു്!'' എൻെറ കൈത്തോക്കു വലിച്ചെടുത്തുകൊണ്ട് ഞാൻ വെല്ലുവിളിച്ചു.

''നില്ല്, എടുത്തുചാട്ടക്കാരാ!'' എനിക്കു പരിചയമുള്ള ഒരു ശബ്ദത്തിൽ മറെറാരാാം പറഞ്ഞു. ''വാസ്യ! നിൽക്ക്! ഇതു നമ്മുടെ ബോറിസാണെന്നു തോന്നുന്നു?''

ഞങ്ങളുടെ സ്വന്തം സേനാവിഭാഗത്തിൽപ്പെട്ട ഒരാളുടെ നേരെ നിറയൊഴിക്കുന്നതിനു മുമ്പ് ഞാൻ സ്വയം നിയന്ത്രിച്ചു. ഞങ്ങളുടെ സേനാവിഭാഗത്തിലെ മാലീഗിനായിരുന്നു അയാാം.

''നീ എവിടെനിന്നു വന്നു? നമ്മരം ഇവിടെ അടുത്തൊരിടത്താണു്. ആരാണു് ആ ബോംബു പൊട്ടിച്ചതെന്നന്വേഷിക്കാൻ ഞങ്ങളെ അയച്ചതാണു്. നീയാണോ?''

''അതെ.''

''ബോംബെറിഞ്ഞു കളിക്കുന്നതിന്റെ അർത്ഥമെന്താണു്? നീ കടിച്ചിട്ടുണ്ടോ?''

ഞാൻ വൈററ്ഗാർഡുകാരുടെ പിടിയിൽ അകപ്പെട്ടതെങ്ങിനെയെന്നും ധീരനായ ഞങ്ങളുടെ ചുബുക്ക് മരിച്ചതെങ്ങിനെയെന്നും ഞാൻ എന്റെ സഖാക്കളോടു പറഞ്ഞു. എല്ലാം ഞാൻ അവരോടു തുറന്നു പറഞ്ഞെങ്കിലും ചുബുക്ക് അവസാനം കാർക്കിച്ചുതുപ്പിയ കാര്യം മാത്രം ഞാൻ അവരിൽനിന്നു് മറച്ചുവച്ചു. ഞാൻ വൈററ്ഗാർഡുകാരുടെ ഹെഡ് ക്വാർട്ടേഴ്സിൽവച്ചു് അറിയാനിടയായ എല്ലാ വസ്തുതകളും ഞാൻ കമാണ്ടറെ അറിയിച്ചു. സീഹരെവും ഷ്വാർത്സും ചേർന്നു് ഞങ്ങളെ വേട്ടയാടാൻ പദ്ധതിയിട്ടിരിക്കയാണെന്നും ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു.

''അതു ശരി,'' യുദ്ധം ചെയ്തുചെയ്തു് പകിട്ടുപോയ തന്റെ വാളിൽ ഊന്നിനിന്നുകൊണ്ടു് ഷെബാലൊവ് പറഞ്ഞു. ''ചുബുക്കിന്റെ കാര്യം കഷ്ടമായിപ്പോയി. അയാൾ ഒന്നാന്തരം ഒരു ചുവപ്പുപടയാളിയായിരുന്നു. നമ്മുടെ ഏററവും നല്ല ഒരു പോരാളിയും സഖാവുമായിരുന്നു. കഷ്ടം! നീ ഒരു വലിയ തെററാണു് ചെയ്തതു്... അതെ, കുട്ടീ, ഒരു വലിയ തെററു്.'' ഷെബാലൊവ് ഒരു നെടുവീർപ്പിട്ടിട്ടു് തുടർന്നു: ''പക്ഷേ മരിച്ചുപോയവരെ തിരിച്ചുകൊണ്ടുവരാൻ സാദ്ധ്യമല്ലല്ലോ. ഞാൻ നിന്നോടു് ഒന്നും പറയുന്നില്ല. നീ അതു മനപ്പൂർവ്വം ചെയ്തതല്ലെന്നു് എനിക്കറിയാം. ആർക്കും സംഭവിക്കാവുന്നതാണു് അതു്.'' ''അതെ, ആർക്കും അങ്ങിനെ സംഭവിക്കാം,'' അനേകം ശബ്ദങ്ങൾ ഏററുപറഞ്ഞു.

''സീഹരെവിന്റെ പദ്ധതിയെപ്പററി കണ്ടുപിടിക്കുകയും അതു് എത്രയും വേഗം നിന്റെ സഖാക്കളെ അറിയിക്കുകയും ചെയ്യുന്നതിൽ നീ കാണിച്ച ശുഷ്കാന്തി പ്രശംസനീയമാണു്. അതിനു് നിനക്കു് എന്റെ നന്ദി.''

നേരെ വലത്തോട്ടു തിരിയുകയും രാത്രിയിൽ നീണ്ട മാർച്ചുകൾ നടത്തുകയും ചെയ്തു് ഞങ്ങൾ സീഹറെവിന്റെ കെണിയിൽ നിന്നു് ര ക്ഷപ്പെട്ടു. വലിയ ഗ്രാമങ്ങളിൽ നിന്നു് ഒഴിഞ്ഞുമാറിയും വഴിക്കു കണ്ടു മുട്ടിയ ശത്രുക്കളുടെ നിരീക്ഷണസംഘങ്ങളെ തുടച്ചുമാററിയും ഞങ്ങൾ ബേഗിച്ചെവിന്റെ സേനകളുമായി സന്ധിച്ചു. പൊവോരിനോ സ്റ്റേ ഷൻ പ്രദേശം കാത്തുസൂക്ഷിക്കുന്ന യഥാർത്ഥ റെഡ്ആർമി യൂണിററുകളു മായി ഒരാഴ്ചയ്ക്കകം ഞങ്ങൾ ബന്ധംസ്ഥാപിച്ചു.

അക്കാലത്താണു് ഞാൻ ഒരു കുതിരപ്പടയാളിയായിത്തീർന്നതു്. ഞങ്ങൾ രാത്രിപാറാവുനില്ക്കുമ്പോൾ ഫേജ സിർത്സോവ് എന്റെ അ ടുത്തുവന്നു് തന്റെ കരുത്തുററ ചെറിയ കൈകൊണ്ടു് എന്റെ പുറത്തു തട്ടി.

''ബോറിസ്, നീ എപ്പോഴെങ്കിലും, കുതിര ഓടിച്ചിട്ടുണ്ടോ?'' അയാൾ ചോദിച്ചു.

''ഉണ്ടു്. നാട്ടിൻ പുറത്തു താമസിക്കുന്ന അമ്മാവന്റെ വീട്ടിൽ വ ച്ചു്. പക്ഷേ അതു് ജീനികെട്ടാതെയാണു്. എന്താകാര്യം?''

''ജീനിയില്ലാതെ ഓടിക്കാനറിയാമെങ്കിൽ നിനക്കു് ജീനികെട്ടി യ കുതിരയെ നിഷ്പ്രയാസം ഓടിക്കാൻ കഴിയും. എന്റെ കുതിരപ്പട യിൽ ചേരാൻ താല്പര്യമുണ്ടോ?''

''ഉണ്ടു്,'' അയാളെ സംശയത്തോടെ നോക്കിക്കൊണ്ടു് ഞാൻ പ റഞ്ഞു.

''എന്നാൽ ബുർദ്യക്കോവിന്റെ സ്ഥാനത്തു നിന്നെ എടുക്കാം. നി നക്കു് അവന്റെ കുതിരയെ തരാം.''

''അതെങ്ങിനെ? അയാളെവിടെപ്പോയി?''

''ഷെബാലൊവ് അയാളെ തൊഴിച്ചു പുറത്താക്കി,'' എന്നു പറ ഞ്ഞുകൊണ്ടു് ഫേജ ഒരു ചീത്ത വാക്കു പറഞ്ഞു. ''അയാളെ എന്നെന്നേ യ്ക്കുമായി സേനാവിഭാഗത്തിൽനിന്നു് പുറത്താക്കി. പുരോഹിതന്റെ ഭ വനത്തിൽ പരിശോധന നടത്തുന്നതിനിടയിൽ അയാൾ ഒരു മോതിരം വിരലിലിട്ടു. അതു് ഊരിവയ്ക്കാൻ മറന്നു പോയതിനാണു് ഷെബാ ലൊവ് അയാളെ പുറത്താക്കിയതു്. അതാണെങ്കിൽ ഒരു വിലകുറ ഞ്ഞ മോതിരമായിരുന്നുതാനും. ഷെബാലൊവ് പുരോഹിതന്റെ ഭാഗം പിടിച്ചു് അയാളെ പുറത്താക്കിയതു് മഹാമോശമായിപ്പോയി.''

ഷെബാലൊാവ് പുരോഹിതന്റെ പക്ഷം പിടിക്കുന്ന തരക്കാരനല്ലെന്നും ബുർദ്യൂക്കോവ് വാസ്തവത്തിൽ ആ മോതിരം മനപ്പൂർവം തിരിച്ചുകൊടുക്കാതിരുന്നതായിരിക്കുമെന്നും ഫേജയോട് പറയാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ എന്റെ വിശദീകരണം ഫേജയ്ക്ക് ഇഷ്ടമാവുകയില്ലെന്നും അക്കാരണത്താൽ അയാൾ എന്നെ കുതിരപ്പടയിൽ ചേർക്കാതിരുന്നേക്കുമെന്നും ഭയന്ന് ഞാൻ അതു പറഞ്ഞില്ല. കുതിരസവാരിക്കാരായ സ്കൗട്ടുകളുടെ കൂട്ടത്തിൽ ചേരണമെന്ന് വളരെക്കാലമായി ഞാൻ ആഗ്രഹിച്ചിരുന്നു.

ഞങ്ങൾ ഷെബാലൊാവിന്റെ അടുത്തേക്കു പോയി.

ഒന്നാംനമ്പർ കമ്പനിയിൽനിന്ന് എന്നെ സ്കൗട്ടിലേയ്ക്കു മാററാൻ മനസ്സില്ലാമനസ്സോടെയാണ് ഷെബാലൊാവ് സമ്മതിച്ചത്. എപ്പോഴും മുഖംവീർപ്പിച്ചുനടക്കുന്ന മാലീഗിൻ തികച്ചും അപ്രതീക്ഷിതമായി എന്നെ പിൻതാങ്ങി.

''അവനെ വിട്ടു,'' അയാൾ പറഞ്ഞു. ''നല്ല ചുറുചുറുക്കുള്ള ഒരു പയ്യനാണ് അവൻ. ചുബുക്കിന്റെ വേർപാടിൽ ദുഃഖിതനായി അവൻ ഇപ്പോൾ ഒററയ്ക്കു നടക്കുകയാണ്. അവനും ചുബുക്കും എപ്പോഴും ഒരുമിച്ചായിരുന്നല്ലോ. ഇപ്പോൾ അവനു് ആരുമില്ല.''

ഷെബാലൊാവ് എന്നെ അതിനു് അനുവദിച്ചു. എന്നാൽ അദ്ദേഹം അതൃപ്തിയോടെ ഫേജയെ നോക്കിക്കൊണ്ടു് പാതി തമാശയായും പാതി കാര്യമായും ഇങ്ങിനെ പറഞ്ഞു:

''ഒരു കാര്യം ഓർത്തിരുന്നോളൂ, ഫേജ... ഈ പയ്യനെ താൻ ചീത്തയാക്കരുതു്. താൻ ഇങ്ങനെ എന്നെ നോക്കുന്നതുകൊണ്ടു് പ്രയോജനമൊന്നുമില്ല, ഞാൻ കാര്യമായി പറയുകയാണ്!''

അതിനുത്തരമെന്നോണം ഫേജ സൂത്രത്തിൽ എന്റെ നേരെ കണ്ണിറുക്കിക്കാണിച്ചു—''നമുക്കു് നോക്കാം'', എന്നു പറയുന്ന മട്ടിൽ.

ഒരു മാസം കഴിഞ്ഞപ്പോൾ ഒരു യഥാർത്ഥ കുതിരപ്പടയാളിയെപ്പോലെ ഞാൻ എല്ലാവിധത്തിലും ഫേജയെ അനുകരിച്ചുതുടങ്ങി. കാലുകൾ കവച്ചുവച്ചു നടക്കാൻ ഞാൻ പഠിച്ചു, എന്റെ കുതിമുള്ളുകൾ നടക്കുമ്പോൾ ഒരു തടസ്സമാകയില്ല. ബുർദ്യൂക്കോവിൽ നിന്നു ഒസ്യത്തായിക്കിട്ടിയ കുതിരയോടൊപ്പം ഞാൻ എന്റെ ഒഴിവുസമയം മുഴുവൻ ചെലവഴിച്ചു.

ഫേജ ചുബുക്കിൽനിന്നും തികച്ചും വിഭിന്നനായിരുന്നെങ്കിലും ഞാൻ

വളരെ വേഗം അയാളുമായി അടുത്തു. ചുബുക്കിനോടു് ഇടപെട്ടിരുന്നതിനേക്കാളം കൂടുതൽ സ്വാതന്ത്ര്യത്തോടെ ഫേജയോടു് ഇടപെടാൻ എനിക്കു കഴിഞ്ഞുവെന്നതാണു് സത്യം. ചുബുക്ക് കൂട്ടുകാരനെപ്പോലായിരുന്നില്ല, പിതാവിനെപ്പോലെയായിരുന്നു. അയാരം എന്നെ ശകാരിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുമ്പോഴെക്കെ വെറുതെ കേട്ടുകൊണ്ടുനില്ക്കാനല്ലാതെ തിരിച്ചൊരക്ഷരം പറയാൻ എന്റെ നാക്കുപൊങ്ങാറില്ലായിരുന്നു. എന്നാൽ ഫേജയോട്ടു് വഴക്കുണ്ടാക്കാനും പിന്നീടു് രഞ്ജിപ്പിലെത്താനും എനിക്കു് ഒട്ടും പ്രയാസമില്ല. ഏററവും വിഷമംപിടിച്ച സന്ദർഭങ്ങളിൽപ്പോലും ഫേജയോടൊപ്പം നടക്കുന്നതു് ഉല്ലാസപ്രദമായിരുന്നു. ഒരു ചപലനായിരുന്നു അയാരം എന്നതു മാത്രമാണു് അയാളുടെ കുഴപ്പം. അയാരംക്കു് തോന്നുന്നതൊക്കെ അയാരം ചെയ്യും.

അദ്ധ്യായം പന്ത്രണ്ടു്

ഒരു ദിവസം ഷെബാലൊവ് ഫേജയ്ക്കു് കല്പന കൊടുത്തു:

''ഫേജ, കുതിരകൾക്ക ജീനികെട്ടി വീസെൽകി ഗ്രാമത്തിലേക്ക പുറപ്പെട്ടു. അവിടെ വൈററ്ഗാർഡുകാർ ഉണ്ടോയെന്നു് അന്വേഷിച്ചു വിവരമറിയിക്കാൻ രണ്ടാം റെജിമെൻറു് നമ്മളോടു് ആവശ്യപ്പെട്ടിരിക്കുന്നു. അവരുമായി ഫോണിൽ നേരിട്ടു സംസാരിക്കാൻ നമുക്കു് ലൈനില്ല. കോസ്തിരെവൊ വഴിയാണു് ഇപ്പോൾ സംസാരിക്കുന്നതു്. വീസെൽകി വഴി ലൈൻ വലിച്ചു് നേരിട്ടു ബന്ധം സ്ഥാപിക്കാനാണു് ഉദ്ദേശം.''

ഫേജ മടിച്ചുനിന്നു. മഴയുള്ള മോശമായ കാലാവസ്ഥയായിരുന്നു അതു്. വീസെൽകി എട്ടു കിലോമീററർ അകലെയാണു്. കുഴഞ്ഞ മണ്ണിലും ചേററുകുഴികളിലും കൂടിവേണം പോകാൻ. ഇരുട്ടുന്നതിനുമുമ്പു് തിരിച്ചു വരാൻ സാധിക്കയുമില്ല.

''വീസെൽകിയിൽ ആരു കാണാനാണു്?'' ഫേജ എതിർത്തു. ''വൈററ്ഗാർഡുകാർ അവിടെ ചെല്ലുകയില്ല. ചുററും ചതുപ്പുനിലങ്ങളുള്ള ഒരു ഒററപ്പെട്ട സ്ഥലമാണതു്. വൈററ്ഗാർഡുകാർ വീസെൽകിയിലേക്ക പോകുന്നതിനു പകരം വലിയ റോഡിലൂടെയായിരിക്കും പോകുന്നതു്.''

''തൻെറ അഭിപ്രായം ചോദിച്ചില്ല. കല്പന അനുസരിച്ചാൽ മതി!'' ഷെബാലൊവ് ഇടയ്ക്കുകയറി പറഞ്ഞു.

''അതു് മോശമില്ല! ചെകുത്താൻെറ അമ്മായിയമ്മയെ പിടിച്ചോണ്ടുവരാൻ പറഞ്ഞാലോ? ഞാൻ അത്തരം കല്പനകൾ അനുസരിക്കുകയില്ല. കാലാൾ പടയെ അയച്ചോളു. ഇന്നു് കുതിരകൾക്കു് പുതിയ ലാടം തറയ്ക്കാൻ പോവുകയാണു്. പോരെങ്കിൽ കുതിരകളുടെ ചൊറിയിൽ പുര

ട്ടാൻ വൈദ്യൻ രണ്ടു് തൊട്ടി പുകയില പുഴങ്ങാൻ വച്ചിരിക്കയുമാണു്. എന്നിട്ടു് നിങ്ങൾ വീസെൽകിയിലേക്ക പോകാൻ പറയുണ!''

''ഫേജ!'' ഷെബാലൊവ് തളർന്ന ശബ്ദത്തിൽ പറഞ്ഞു: ''താൻ തലകുത്തി നിന്നാലും ഈ കല്പന ഞാൻ പിൻവലിക്കാൻ പോകുന്നില്ല.''

പ്രാകുകയും തുപ്പുകയും ചെയ്തുകൊണ്ടു് ഫേജ ചെളിയിലൂടെ നടന്ന വന്നു് വേഗം തയ്യാറാകാൻ ഞങ്ങളോടു വിളിച്ചുപറഞ്ഞു. കുറെ ടെലഗ്രാഫ് ഓപ്പറേറ്റർമാരുടെ സൗകര്യത്തിനുവേണ്ടി ആ മഴയത്തു് ചതുപ്പിലൂടെ വീസെൽകിവരെ പോകാൻ ആർക്കും ഇഷ്ടമുണ്ടായിരുന്നില്ല. അവർ ഷെബാലൊവിനെ പ്രാകി, ടെലിഗ്രാഫ് ഓപ്പറേറ്റർമാരെ മടിയന്മാരായ തെണ്ടികളെന്നും കൗശലക്കാരായ നായ്ക്കളെന്നും വിളിച്ചു. ഞങ്ങൾ മടിച്ചുമടിച്ചു് കുതിരകളെ ജീനികെട്ടിച്ചു്, പാട്ടോ ആർപ്പുവിളികളോ കൂടാതെ നിരുന്മേഷരായി ആ ചെറുഗ്രാമത്തെ ലക്ഷ്യമാക്കി കുതിരയോടിച്ചുപോയി. കുഴഞ്ഞ ചെളിയിൽ കുതിരകളുടെ കാലുകൾ പുതഞ്ഞു. സാധാരണ നടക്കുന്നത്ര വേഗത്തിൽ മാത്രമേ ഞങ്ങൾക്ക മുമ്പോട്ടുപോകാൻ കഴിഞ്ഞുള്ളു. ഒരു മണിക്കൂർ കഴിഞ്ഞു്, ഞങ്ങൾ ഏതാണ്ടു് പാതി വഴി കടന്നപ്പോഴേക്കും കോരിച്ചൊരിയുന്ന മഴ തുടങ്ങി. കോട്ടുകൾ നനഞ്ഞു. തൊപ്പിയിൽനിന്നു് വെള്ളം ഒലിച്ചുകൊണ്ടിരുന്നു. ഞങ്ങൾ വഴി രണ്ടായി പിരിയുന്ന ഒരിടത്തെത്തി.

വലത്തുവശത്തു് ഏകദേശം അര നാഴികയ്ക്കപ്പുറം സ്ഥിതിചെയ്തിരുന്ന ഒരു മൊട്ടക്കുന്നിൽ അഞ്ചോ ആറോ കർഷകഭവനങ്ങൾ നിൽക്കുന്നതു് ഞങ്ങൾ കണ്ടു. ഫേജ കുതിരയെ നിർത്തി. ഒരു നിമിഷം ആലോചിച്ചു നിന്നിട്ടു് അയാൾ വലത്തുവശത്തെ കടിഞ്ഞാൺ വലിച്ചു.

''നമുക്കു് തണുപ്പുമാററിയിട്ടു് മുമ്പോട്ടു പോകാം,'' അയാൾ പറഞ്ഞു. ''ഈ മഴയത്തു് ഒന്നു പുകവലിക്കാൻപോലും സാദ്ധ്യമല്ല.'' നല്ല വിസ്താരമുള്ള ആ കർഷകക്കുടിലിന്റെ അകം വൃത്തിയുള്ളതും ചൂടുള്ളതുമായിരുന്നു. പൊരിച്ച വാത്തയിറച്ചിയുടേയോ പന്നിയിറച്ചിയുടേയോ ഗന്ധം അവിടെ തങ്ങിനിന്നിരുന്നു.

''കൊള്ളാം!'' മണംപിടിച്ചുകൊണ്ടു് ഫേജ മന്ത്രിച്ചു. ''ഇവിടെ ഒന്നിനും ഒരു പഞ്ഞവുമില്ലെന്നു തോന്നുന്നു.''

വീട്ടുടമ സൽക്കാരപ്രിയനായ ഒരാളായിരുന്നു. ദൃഢഗാത്രയായ ഒരു

പരിചാരികയുടെ നേരെ അയാാം കണ്ണുകാണിച്ചു. അവാം ഫേജയെ ഒന്നു കടാക്ഷിച്ചിട്ട് മരംകൊണ്ടുള്ള ചട്ടികളും മരക്കയിലുകളും മേശപ്പുറത്തു നിരത്തി. സ്റ്റൂളുകാം മേശയ്ക്കടുത്തേക്കു വലിച്ചുവച്ചുകൊണ്ടു് ഒരു പുഞ്ചിരിയോടെ അവാം ക്ഷണിച്ചു.

''നിൽക്കുന്നതെന്താണു്? ഇരിക്കൂ.''

''വീസെൽക്കിയിലേക്കു് ഇവിടുന്നു് എത്ര ദൂരമുണ്ടു്?'' ഫേജ ആതിഥേയനോടു ചോദിച്ചു.

''വേനൽക്കാലത്തു് തറ ഉണങ്ങി കിടക്കുമ്പോാം ചതുപ്പിലൂടെ ഒരു കുറുക്കുവഴിയുണ്ടു്,'' വൃദ്ധൻ പറഞ്ഞു. ''അങ്ങിനെ പോയാൽ ദൂരം അധികമില്ല. അര മണിക്കൂർ നടന്നാൽ അവിടെ എത്താം. പക്ഷേ ഇപ്പോാം ആ വഴി പോകാൻ സാദ്ധ്യമല്ല. ചേറിൽ പൂണ്ടുപോകും. നിങ്ങാം വന്ന വഴിയെ നേരെ പോവുകയാണെങ്കിൽ രണ്ടു മണിക്കൂറെങ്കിലും വേണ്ടിവരും അവിടെ എത്താൻ. വഴി മഹാമോശമാണു്—പ്രത്യേകിച്ചു് അരുവിയുടെ മുകളിലുള്ള ചെറിയ പാലം ഇരിക്കുന്ന ഭാഗം. കുതിരപ്പുറത്താണെങ്കിൽ വലിയ കുഴപ്പമില്ല. പക്ഷേ വണ്ടിയിലാണെങ്കിൽ വല്ലാതെ വിഷമിക്കും. എന്റെ മരുമകൻ അവിടുന്നു് ഇപ്പോാം തിരിച്ചുവന്നതേയുള്ളു. അവന്റെ വണ്ടിയുടെ ഒരു തണ്ടു് ഒടിഞ്ഞുപോയി.''

''ഇന്നാണോ തിരിച്ചുവന്നതു്?''

''അതെ. ഇന്നു രാവിലെ.''

''അവിടെ വൈററ്ഗാർഡുകാർ ആരെങ്കിലും ഉണ്ടോ?''

''ഉള്ളതായിട്ടു് അറിവില്ല.''

''ആ ഷെബാലൊവ് വെറുതെ കിടന്നു ചാടി. അവിടെ വൈററ് ഗാർഡുകാർ കാണുകയില്ലെന്നു ഞാൻ പറഞ്ഞതാണു്. ഇന്നുരാവിലെ അവിടെ ആരും ഇല്ലായിരുന്നെങ്കിൽ ഇപ്പോഴും ആരുമില്ലെന്നാണു് അർത്ഥം. തുള്ളിക്കു് ഒരു കുടം വീതമാണു് മഴ പെയ്യുന്നതു്—ഈ പെരുമഴയത്തു് ആരാണു് അവിടെ പോകുന്നതു്? ശരി, കൂട്ടരെ, നിങ്ങാം നനഞ്ഞതൊക്കെ അഴിച്ചു മാററിൻ. ഈ കാലാവസ്ഥയിൽ ഞാൻ എങ്ങോട്ടും പോകുന്നില്ല. കുതിരകളുടെ കാലൊടിക്കുന്നതെന്തിനു്?''

''ഫേജ, ഇതു ശരിയാണോ?'' ഞാൻ ചോദിച്ചു. ''ഷെബാലൊവ് എന്തു പറയും?''

''ഷെബാലൊവ് എന്തു പറഞ്ഞാലും എനിക്കു് ഒന്നുമില്ല,'' ചെളിതെറിച്ചു വീണ നനഞ്ഞ പട്ടാളക്കോട്ടു് ഊരി മാററുന്നതിനിടയിൽ ഫേജ പറഞ്ഞു. ''നമ്മൾ അവിടെ പോയെന്നും വൈററ്ഗാർഡുകാരാരും അവിടെ ഉണ്ടായിരുന്നില്ലെന്നും അയാളോടു പറയാം.''

ഭക്ഷണത്തോടൊപ്പം വീട്ടിൽവാററിയെടുത്ത ഒരു കുപ്പി മദ്യവും മേശപ്പുറത്തുണ്ടായിരുന്നു. ഫേജ അതു കപ്പുകളിൽ പകർന്നു. ഒരു കപ്പു് എൻെറ മുമ്പിലേയ്ക്കും അയാൾ നീക്കിവച്ചു.

''ലോക തൊഴിലാളിവർഗ്ഗത്തിനും വിപ്ലവത്തിനും വേണ്ടി നമുക്കു കുടിക്കാം,'' അയാൾ പറഞ്ഞു. ''വിപ്ലവം നമ്മുടെ ആയുഷ്ക്കാലംവരെ നിലനിൽക്കണമെന്നും വൈററ്ഗാർഡുകാരുടെ തലകൾക്കു് ക്ഷാമമുണ്ടാകരുതെന്നുമാണു് എൻെറ പ്രാർത്ഥന. ആരെയെങ്കിലും വെട്ടി വീഴ്ത്താനില്ലെങ്കിൽപ്പിന്നെ ജീവിതം എത്ര മുഷിപ്പനായിരിക്കും! നമുക്കു് കോപ്പകളുയർത്താം!''

ഞാൻ കപ്പു് ഉയർത്തുന്നില്ല എന്നു കണ്ടപ്പോൾ ഫേജ ഒരു ചൂളംവിളിച്ചു.

''ഹേ, ബോറിസ്, നീ ഇതേവരെ കുടിച്ചിട്ടില്ലെന്നാണോ ഇതിൻെറ അർത്ഥം? നീ ഒരു കുതിരപ്പടയാളിയല്ല. നീ ഒരു മൊണ്ണയാണു്.''

''ഞാൻ കുടിച്ചിട്ടേയില്ലെന്നു് ആരു പറഞ്ഞു?'' ഞാൻ ഒരു നുണ തട്ടിവിട്ടു. ലജ്ജകൊണ്ടു് എൻെറ മുഖം തുടുത്തു. ഞാൻ കപ്പിലെ ദ്രാവകം ഒററ മോന്തിനു് അകത്താക്കി.

ആ എരിയുന്ന ദ്രാവകം എൻെറ തൊണ്ടയിൽ കുടുങ്ങിയതുപോലെ തോന്നി. എനിക്കു ശ്വാസംമുട്ടി. ഉപ്പിലിട്ട ഒരു ചെറുവെള്ളരിക്ക എടുത്തു് ഞാൻ വായിലിട്ടു.

താമസിയാതെ ഞാൻ ഉന്മേഷവാനായിത്തീർന്നു. ഫേജ അയാളുടെ തുകൽസഞ്ചിയിൽനിന്നു് അക്കോർഡിയൺ വലിച്ചെടുത്തു് വായിച്ചു തുടങ്ങി. ആരേയും ഉല്ലാസഭരിതരാക്കാൻപോന്ന ഒരു രാഗമായിരുന്നു അതു്. ഞങ്ങൾ പിന്നേയും കുടിച്ചു. വൈററ്ഗാർഡുകാരോടു യുദ്ധം ചെയ്യുന്ന ചുവപ്പുപോരാളികൾക്കും മാരകങ്ങളായ പോരാട്ടങ്ങൾ നടക്കുന്നിടത്തേക്കു ഞങ്ങളെ വഹിച്ചുകൊണ്ടുപോകുന്ന ഞങ്ങളുടെ പ്രിയതോഴരായ കുതിരകൾക്കും വേണ്ടി ഞങ്ങൾ കുടിച്ചു. വൈററ് ഗാർഡുകാരുടെ തല

യരിയാനുള്ള ഞങ്ങളുടെ വാളുകളുടെ മൂർച്ച കുറയാതിരിക്കാൻവേണ്ടി ഞങ്ങൾ കുടിച്ചു, മററു പലതിനും വേണ്ടി ഞങ്ങൾ കുടിച്ചു.

മററുള്ളവരേക്കാൾ കൂടുതൽ കുടിച്ചതു് ഫേജയായിരുന്നെങ്കിലും കൂട്ടത്തിൽ തലയ്ക്കു വെളിവുള്ളതു് അയാൾക്കു മാത്രമായിരുന്നു. അയാളുടെ വിയർത്ത നെററിത്തടത്തിൽ കറുത്ത കുറുനിരകൾ ഒട്ടിപ്പിടിച്ചിരുന്നു. അയാൾ അതിവേഗം അക്കോർഡിയൺ വായിച്ചുകൊണ്ടു് മൃദുവായ ശബ്ദത്തിൽ പാടി:

''ദോൺകരയിലെമ്പാടും ചെമ്പടയുണ്ടു്.''

ഞങ്ങൾ ഇഴഞ്ഞ ശബ്ദത്തിൽ ഏററുപാടി:

''ഹേയ്, ഹേയ്, നമുക്കു മിന്നാം...''

മുടി നെററിയിൽനിന്നു് പുറകോട്ടു കുടഞ്ഞിടുകയും നനവാർന്ന കണ്ണുകൾ ഇറുക്കിപ്പിടിക്കുകയും ചെയ്തുകൊണ്ടു് ഫേജ വീണ്ടും പാടി.

''കൂർത്തൊരു കത്തിയാണെററതോഴൻ
കൂറുള്ള വാളാണു കൂട്ടുകാരൻ...''

ഞങ്ങളും തൊള്ളയിട്ടു:

''കൂറുള്ള വാളാണു കൂട്ടുകാരൻ...''

അതു കഴിഞ്ഞു് എല്ലാവരും ഒരുമിച്ചു പാടി.

''പത്തുകാശിൻ വിലപോലുമില്ലാത്ത
ജീവിതമൊരു വെറും ചൂതാട്ടം...''

ഫേജയുടെ ശബ്ദം ഞങ്ങളുടെ എല്ലാവരുടേയും ശബ്ദങ്ങളേയും അക്കോർഡിയന്റെ ശബ്ദത്തേയും പിന്നിലാക്കി. അയാൾ തല കുമ്പിട്ടിരുന്നു് കുറേനേരം എന്തോ ആലോചിച്ചു. അതുകഴിഞ്ഞു് ഒരു കടന്നൽ കുത്തേററിട്ടെന്നവണ്ണം അയാൾ തല ശക്തിയായി കുടയുകയും മുഷ്ടി ചുരുട്ടി മേശപ്പുറത്തു് ഇടിയ്ക്കുകയും ചെയ്തിട്ടു് വീണ്ടും കപ്പു കയ്യിലെടുത്തു.

അന്നു രാത്രി വളരെ വൈകിയതിനു ശേഷമാണു് ഞങ്ങൾ തിരിച്ചു പോയതു്. കുതിരപ്പുറത്തു കയറാൻ ഞാൻ കുറേ പ്രയാസപ്പെട്ടു. ഒടുവിൽ കുതിരപ്പുറത്തു കയറിയപ്പോൾ ഞാൻ ജീനിപ്പുറത്തല്ല ഊഞ്ഞാലിലാണു്

ഇരിക്കുന്നതെന്ന് എനിക്കു തോന്നി. എന്റെ തലകറങ്ങി. മനംമറിയു ന്നതുപോലെ എനിക്കു തോന്നി. ചാററൽ മഴ അപ്പോഴും പെയ്യുന്നുണ്ടാ യിരുന്നു. കുതിരകൾ അണിമുറിച്ച് മുൻനിരയിലുള്ളവയുമായി കൂട്ടിമു ട്ടിക്കൊണ്ടിരുന്നു. ഞാൻ വളരെ നേരം ജീനിപ്പുറത്തിരുന്ന് ആടി. ഒടു വിൽ ഒരു ശവത്തെപ്പോലെ കുതിരയുടെ കഴുത്തിലേക്കു കമഴ്ന്നുവീണു.

പിറേറന്നു രാവിലെ കലശലായ തലവേദന എന്നെ പിടികൂടി. തലേ ദിവസത്തെ സംഭവമോർത്തു് ഞാൻ ലജ്ജിച്ചു. ഞാൻ മുററത്തേ ക്കിറങ്ങി കുതിരയുടെ സഞ്ചി പരിശോധിച്ചു. ഒരൊററ മണി ഓട്ട്സ് അതിലില്ലായിരുന്നു. തലേന്ന് മടങ്ങിവരുന്ന വഴി അതു മുഴുവൻ വഴി യിൽ തൂകിപ്പോയി. ഫേജയുടെ കുതിരയുടെ തീററത്തൊട്ടിയിൽ നിറ യെ ഓട്ട്സ് ഉണ്ടായിരുന്നു. ഞാൻ ഒരു പാത്രമെടുത്തു് അതിൽനിന്ന് കുറെ ഓട്ട്സ് വാരിയെടുത്തു. വാതില്ക്കൽ വച്ച് ഞാൻ ഞങ്ങളുടെ രണ്ടു സ്ലൗട്ടുകളെ കണ്ടുമുട്ടി. അവർ കുപിതരും നിരുന്മേഷരും അസ്വസ്ഥരും ആയിത്തോന്നി.

''ഞാനും ഇങ്ങിനെയാണോ ഇരിക്കുന്നതു്?'' ഒരു ഞെട്ടലോടെ ഞാൻ സ്വയം ചോദിച്ചു. കുളിക്കാനായി ഞാൻ പുറത്തേക്കു പോയി. ഞാൻ അതിന് വളരെ നേരം എടുത്തു. കുളി കഴിഞ്ഞു് ഞാൻ തെരുവി ലേക്കിറങ്ങി. ഒരൊററ രാത്രികൊണ്ടു് നിലത്തു് ഉറമഞ്ഞു പററിപ്പിടി ച്ചിരുന്നു. റോഡിലെ ഉറഞ്ഞുകിടക്കുന്ന ചെളിയുടെ മുകളിലേക്ക് ആ വർഷത്തെ ആദ്യത്തെ മഞ്ഞു പൊഴിഞ്ഞുവീണു. ഫേജ കലിതുള്ളിക്കൊ ണ്ടു് പിന്നിൽനിന്ന് ഓടിവന്നു.

''എടാ, തെണ്ടി, നീ എന്റെ ഓട്ട്സ് എടുത്തു് നിന്റെ കുതിരക്കു കൊടുത്തതെന്തിനാണ്? ഇനി ഇതാവർത്തിച്ചാൽ ഞാൻ അടിച്ചു നി ന്റെ കരണക്കുററി തകർക്കും!''

''തിരിച്ച് അങ്ങോട്ടും കിട്ടിയെന്നിരിക്കും,'' ഞാൻ തിരിച്ചടിച്ചു. ''നിങ്ങളുടെ കുതിരയെ വയറുപൊട്ടുന്നതുവരെ തീററാമെന്നാണോ? ഓ ട്ട്സ് പങ്കിട്ടപ്പോഴും നിങ്ങൾ ഒരു അളവ് കൂടുതൽ എടുത്തതെന്തിനാ ണ്?''

''നീ ആരാ ചോദിക്കാൻ?'' ഫേജ അട്ടഹസിച്ചുകൊണ്ടു് ചാട്ടയു മായി എന്റെ നേർക്കടുത്തു.

''ഫേജ, ആ ചാട്ട താഴെയിടൂ!'' അയാളുടെ സ്വഭാവം നന്നായറി

യാമായിരുന്ന ഞാൻ രോഷാകുലനായി അലറി. ''നിങ്ങൾ എന്നെ ആ ചാട്ടകൊണ്ട് തൊട്ടുപോയാൽ ഞാൻ വാളിന്റെ മുട്ടുകൊണ്ട് തലയ്ക്കി ട്ടൊന്നു തരും!''

''ഓഹോ, അങ്ങിനെയാണോ?'' ഫേജസ്സു സ്വബോധം നശിച്ചെ ന്നു തോന്നി. ആ സമയത്തു് ഒരു വളവുതിരിഞ്ഞു് ഷെബാലൊവ് അ വിടെ എത്തിയില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു.

ഫേജസ്സു് ഷെബാലൊവിനെ ഇഷ്ടമായിരുന്നില്ല. കുറച്ചൊരു പേ ടിയും ഉണ്ടായിരുന്നു. അതുകൊണ്ട് അയാൾ അടുത്തുനിന്ന ഒരു പട്ടിക്കു ട്ടിയുടെ മുതുകത്തു് തന്റെ ദേഷ്യം തീർത്തിട്ടു് അവിടെനിന്നു പോയി. പോകുന്ന പോക്കിൽ ആയാൾ എന്റെ നേരെ മുഷ്ടിചുരുട്ടി കാണിച്ചു.

''ഇവിടെ വാ,'' ഷെബാലൊവ് എന്നെ അടുത്തേക്കു വിളിച്ചു.

ഞാൻ അടുത്തു ചെന്നു.

''എന്താണു് ഞാൻ ഇപ്പോൾ കണ്ടതിന്റെ അർത്ഥം? ഒരു നിമി ഷം നിങ്ങൾ വേർപിരിയാനാവാത്ത ചങ്ങാതികളാണു്, അടുത്ത നി മിഷത്തിൽ കീരിയും പാമ്പും പോലെയും. നീ എന്റെ കുടിലിലേ ക്കു വരൂ.''

വാതിൽ അകത്തുനിന്നു് അടച്ചശേഷം ഷെബാലൊവ് കസേരയി ലിരുന്നുകൊണ്ടു് ചോദിച്ചു:

''ഫേജസ്സോടൊപ്പം നീയും വീസെൽക്കിയിൽ പോയിരുന്നോ?''

''പോയിരുന്നു,'' അമ്പരപ്പോടെ ഞാൻ പറഞ്ഞു.

''നുണ പറയണ്ട. നിങ്ങളിലാരും അവിടെ പോയിരുന്നില്ല. നി ങ്ങൾ ആസമയം മുഴുവൻ എവിടെയായിരുന്നു?''

''വീസെൽക്കിയിൽ,'' ഞാൻ വാശിയോടെ ആവർത്തിച്ചു.

എനിക്കു് ഫേജസ്സോടു് ദേഷ്യമുണ്ടായിരുന്നെങ്കിലും അയാളെ ഒറ്റു കൊടുക്കാൻ ഞാൻ ആഗ്രഹിച്ചില്ല.

കുറേ നേരം മൗനമായിരുന്നു് ആലോചിച്ചതിനു ശേഷം ഷെബാ ലൊവ് പറഞ്ഞു:

''ശരി. അങ്ങിനെയാണെന്നറിഞ്ഞതിൽ എനിക്കു് സന്തോഷമു ണ്ടു്. എനിക്കു് സംശയംതോന്നി. എന്നാൽ ഫേജസ്സോടു് ചോദിക്കാൻ എനിക്കു് ഇഷ്ടമില്ലായിരുന്നു—അയാൾ കള്ളമേ പറയുകയുള്ളെന്നു് എ നിക്കറിയാം. അയാളുടെ അനുയായികളും അത്തരക്കാരാണു്. രണ്ടാംറെ

ജിമെൻറുകാർ ഫോണിൽ വിളിച്ച് ബഹളംകൂട്ടി. അവർ പറഞ്ഞു: 'നിങ്ങളുടെ വാക്കു വിശ്വസിച്ച് ഞങ്ങൾ ടെലിഫോൺ ഓപ്പറേറ്റർമാരെ വീസെൽക്കിയിലെയ്ക്കയച്ചു. എന്നാൽ നന്നേ പണിപ്പെട്ടാണ് അവർ രക്ഷപ്പെട്ടതു്.' വൈററ്ഗാർഡുകാർ പിന്നീട് അവിടെ എത്തിയതാവുമെന്ന് ഞാൻ അവരോടു പറഞ്ഞെങ്കിലും എനിക്ക് അപ്പോൾ മുതൽ സംശയം തോന്നി. 'ആ ഫേജ അവിടെപ്പോയിരുന്നുവെന്ന് തീർച്ചപ്പെടുത്തേണ്ട,' ഞാൻ മനസ്സിൽ വിചാരിച്ചു. ഇന്നലെ അയാൾ വളരെ വൈകിയാണ് തിരിച്ചുവന്നതു്. വന്നപ്പോൾ മദ്യത്തിൻെറ ഗന്ധമുണ്ടായിരുന്നതാനും.''

ഷെബാലൊവ് ജനലിനടുത്തു ചെന്ന് തണുത്ത ജനാലച്ചില്ലിൽ മുഖം അമർത്തിക്കൊണ്ട് നിശ്ശബ്ദനായി വളരെ നേരം നിന്നു. ഒടുവിൽ അദ്ദേഹം തല എൻെറ നേരെ തിരിച്ച് സംസാരം തുടർന്നു:

''ഈ സ്ക്വാട്ടുകൾ എന്നെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ട്. അവർ ചുണക്കുട്ടികളാണെന്നു സമ്മതിക്കാം, പക്ഷേ അറുവഷളന്മാരാണ്. ആ ഫേജയും അങ്ങിനെതന്നെ—അച്ചടക്കം എന്നാലെന്തെന്ന് അയാൾക്ക് അറിയാനേ പാടില്ല. അയാൾക്കു പകരം ആ സ്ഥാനം ഏറെറടുക്കാൻ പററിയ ഒരാൾ ഉണ്ടായിരുന്നെങ്കിൽ ഞാൻ പണ്ടേ അയാളെ പറഞ്ഞയച്ചേനെ.''

ഷെബാലൊവ് എന്നെ സ്നേഹപൂർവ്വം നോക്കി. കററിരോമങ്ങൾ എഴുന്നുനില്ക്കുന്ന അദ്ദേഹത്തിൻെറ പുരികങ്ങൾ സൗമ്യഭാവം കൈക്കൊണ്ടു. കൂടുതൽ കർക്കശമാക്കാൻ വേണ്ടി എപ്പോഴും ഇറുക്കിപ്പിടിക്കാറുള്ള ആ കണ്ണുകൾ ഊഷ്മളമായ ഒരു ചെറുപുഞ്ചിരിയുടെ തിളക്കംകൊണ്ട് വിടർന്നു. തികഞ്ഞ ആത്മാർത്ഥതയോടെ അദ്ദേഹം പറഞ്ഞു:

''ഒരു സേനാദളത്തിൻെറ കമാണ്ടറായിരിക്കുക എന്നതു് എത്ര പ്രയാസകരമായ ജോലിയാണെന്ന് നിനക്ക് അറിയില്ല! ഇതുമായി തട്ടിച്ചുനോക്കുമ്പോൾ ചെരിപ്പുണ്ടാക്കൽ വെറും കുട്ടിക്കളിയാണ്. ഭൂപടം നിവർത്തുവച്ച് അതുമായി പരിചയപ്പെടാൻ വേണ്ടി ഞാൻ രാത്രികാലങ്ങളിൽ ഉറക്കിളച്ചിരിക്കാറുണ്ട്. ചിലപ്പോൾ എൻെറ തല കറങ്ങും. വിദ്യാഭ്യാസമില്ലാത്ത ഒരുവനാണ് ഞാൻ. പൊതു വിദ്യാഭ്യാസമോ മിലിട്ടറി പരിജ്ഞാനമോ രണ്ടും എനിക്കില്ല. വൈററ്ഗാർഡുകാരാണെങ്കിൽ കടുംപിടിത്തം പിടിച്ചിരിക്കുകയുമാണ്. അവരുടെ ക്യാപ്ററന്മാർക്ക്

ഇതൊന്നും സാരമില്ല. അവർ വിദ്യാസമ്പന്നരും ഈ ജോലിയിൽ എപ്പോഴും ഏർപ്പെട്ടിരുന്നവരുമാണ്. എന്നാൽ എനിക്ക് ഒരു കല്പന എഴുതാനും വായിക്കാനുംതന്നെ കഷ്ടിച്ചേ അറിയൂ. പോരാത്തതിന് നമ്മുടെ കൂടെയുള്ള ചെറുപ്പക്കാർ ഇത്തരക്കാരുമാണ്. വൈററ്ഗാർഡുകാർക്ക് നല്ല അച്ചടക്കമുണ്ട്. അവിടെ കല്പന കൊടുത്താൽ അതു് ഉടൻ നടപ്പിലാക്കപ്പെടും. എന്നാൽ നമ്മുടെ ആംക്കാർക്ക് ഇനിയും അതു ശീലമായിട്ടില്ല. തന്നത്താൻ പോയി എല്ലാററിനും മേൽനോട്ടം വഹിക്കണം. മററു യൂണിററുകളിൽ കമ്മിസാറന്മാരുണ്ട്. ഒരു കമ്മിസാറെ നിയോഗിക്കണമെന്ന് എത്രനാളായി ഞാൻ ആവശ്യപ്പെടുന്നു. പക്ഷേ ഫലമില്ല. 'ഇപ്പോഠം അതിൻെറ ആവശ്യമില്ല, നിങ്ങഠംതന്നെ ഒരു കമ്മ്യൂണിസ്റ്റുകാരനാണല്ലോ,' എന്നാണ് അവരുടെ മറുപടി. പക്ഷേ ഞാൻ എന്തു കമ്മ്യൂണിസ്റ്റുകാരനാണ്? ഞാൻ കമ്മ്യൂണിസ്റ്റുകാരനാണ്,''— അദ്ദേഹം സ്വയം തിരുത്തി—''പക്ഷേ വിദ്യാഭ്യാസമില്ലാത്ത ഒരു കമ്മ്യൂണിസ്റ്റുകാരൻ.''

സൂഹരെവും ചെക്കകാരനായ ഗാൽഡയും മുറിയിലേക്ക് കടന്നുവന്നു.

''ഞാൻ നിരീക്ഷണത്തിന് ഒർാളെ കൊടുത്തു, യന്ത്രത്തോക്കകാർക്ക് ഒരാളെ കൊടുത്തു, പാചകശാലയിലേക്ക് ഒരാളെ കൊടുത്തു— പക്ഷേ ഇയാഠം കൊടുത്തില്ല,'' വളഞ്ഞ മൂക്കള്ള ഗാൽഡ കോപംകൊണ്ട് മുഖമാകെ ചുവന്ന സൂഹരെവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അമർഷത്തോടെ മുറിറഷ്യനിൽ പറഞ്ഞു.

''അയാഠം ഉരുളക്കിഴങ്ങിൻെറ തൊലികളയാൻ പാചകശാലക്കാർക്ക് ഒരാളെ കൊടുത്തു,'' സൂഹരെവ് ഉറക്കെ പറഞ്ഞു. ''എൻെറ ആളുകഠം ഉച്ചവരെ പാറാവു നില്ക്കുകയായിരുന്നു. അയാഠം യന്ത്രത്തോക്കകാർക്ക് ആളെ കൊടുത്തെങ്കിൽ രണ്ടാമത്തെ റ്റപ്പനുണിലുള്ള എൻെറ പട്ടാളക്കാർ ഒരു പാലം നന്നാക്കാൻ രാവിലെമുതൽ പീരങ്കിപ്പടയാളികളെ സഹായിക്കുന്നുണ്ട്. ഇനി ഞാൻ ആരെയും കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. ഇയാഠം കൊടുക്കട്ടെ.''

ഷെബാലൊവിൻെറ നിറം മങ്ങിയ പുരികക്കൊടികഠം ഉയർന്നു, കണ്ണുകഠം ചെറുതായി. സദ്ഭാവം ദ്യോതിപ്പിക്കുന്ന ലജ്ജാസമന്വിതമായ പുഞ്ചിരിയുടെ ലാഞ്ഛനപോലും കാററും വെയിലുമേററ് കരുവാളിച്ച ആ മുഖത്തു് അപ്പോഠം ഉണ്ടായിരുന്നില്ല.

''സൂഹരെവ്, ഈ വിഡ്ഢിത്തം മതിയാക്കൂ,'' അദ്ദേഹം കർശനമായി പറഞ്ഞു. ''നിങ്ങളുടെ പടയാളികരം ഒരു രാത്രി ഉറക്കമിളച്ചതിനെച്ചൊല്ലി നിങ്ങരം ഇത്ര ബഹളം കൂട്ടേണ്ട കാര്യമില്ല. ഗാൽഡയേയും അയാളുടെ കീഴിലുള്ള ആളുകളേയും ഞാൻ ഒരു പ്രത്യേക ചുമതല ഏല്പിച്ചിരിക്കുകയാണെന്നും അതിനാലാണ് അവരെ ഇന്നു വിശ്രമിക്കാനനുവദിച്ചിരിക്കുന്നതെന്നും നിങ്ങരംക്ക് നന്നായി അറിയാമല്ലോ, സൂഹരെവ്. അവർ ഇന്നു രാത്രി നോവോസേലൊവയിലേയ്ക്കു പോവുകയാണ്.''

സൂഹരെവ് ആരോടെന്നില്ലാതെ കുറേയേറെ പുലഭ്യങ്ങരം വിളിച്ചു പറഞ്ഞു. വട്ടുത്തമുക്കുള്ള ഗാൽഡ ചെക്ക് ഭാഷയും റഷ്യനും കൂട്ടിക്കലർത്തി എന്തൊക്കെയോ പറയുകയും കൈ വീശുകയും ചെയ്തുതുടങ്ങി. ഞാൻ അവിടെനിന്ന് ഇറങ്ങിപ്പോന്നു.

ഷെബാലൊവിനോട് നുണ പറഞ്ഞതിൽ എനിക്കു ലജ്ജതോന്നി. ''ഷെബാലൊവ് ഞങ്ങളുടെ കമാണ്ടറാണ്,'' ഞാൻ സ്വയം പറഞ്ഞു. ''അദ്ദേഹം ഉറക്കിളച്ചിരിക്കുകയും കഷ്ടപ്പെടുകയും ചെയ്യുന്നു. ഞങ്ങളാണെങ്കിൽ കടമനിർവ്വഹിക്കുന്നതു് ഇത്തരത്തിലാണ്... ഞങ്ങരം വീസെൽക്കിയിൽ പോയെന്ന് ഞാൻ അദ്ദേഹത്തോട് നുണ പറഞ്ഞു. ടെലിഫോൺ ജോലിക്കാരോട് ഞങ്ങരം കാട്ടിയ വലിയ ഒരു ചതിവായിപ്പോയി അതു്. ഭാഗ്യത്തിന് ആരംനാശമൊന്നും ഉണ്ടായില്ല. എങ്കിലും ഞങ്ങരം ചെയ്തതു് തെററുതന്നെയാണ്. വിപ്ലവത്തോടും സഖാക്കളോടും ചെയ്ത വഞ്ചനയാണതു്.''

ഫേജയാണ് എൻെറ മേലധികാരിയെന്നും അയാളുടെ കല്പനപ്രകാരമാണ് വേറൊരു വഴിക്കു തിരിഞ്ഞതെന്നും ന്യായവാദം ചെയ്ത് കുററക്കാരനല്ലെന്ന് സ്വയം ബോദ്ധ്യപ്പെടുത്താൻ ഞാൻ ഒരു ശ്രമം നടത്തി. എന്നാൽ അതൊരു മുടന്തൻ ന്യായമാണെന്ന് ഉത്തരക്ഷണത്തിൽ ഞാൻ മനസ്സിലാക്കി. ''മേലധികാരിയുടെ കല്പനപ്രകാരമല്ലല്ലോ ഞാൻ വോഡ്ക കുടിച്ചതും, കമാണ്ടറോട് നുണപറഞ്ഞതും,'' ഞാൻ ഓർത്തു. എനിക്ക് എന്നോടുതന്നെ കഠിനമായ ദേഷ്യം തോന്നി.

ഫേജയുടെ പപ്രശ്ശമായ തല ജനലിലൂടെ പുറത്തേക്കു നീണ്ടു. അയാരം വിളിച്ചു: ബോറിസ്!''

ഞാൻ അതു കേട്ട ഭാവം നടിച്ചില്ല.

''ബോറിസ്!'' സ്നേഹഭാവത്തിൽ അയാൾ വീണ്ടും വിളിച്ചു. ''നീ പിണങ്ങിയിരിക്കയാണോ? വന്ന് കുറെ അപ്പം തിന്നോ. എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്.'' അയാൾ അപ്പച്ചട്ടി ഉയർത്തിക്കാണിച്ചുകൊണ്ട് ഉൽക്കണ്ഠയോടെ എന്റെ മുഖത്തേയ്ക്കു നോക്കി. ''ഷെബാലൊവ് എന്തിനാണ് നിന്നെ വിളിച്ചത്?'' അയാൾ ചോദിച്ചു.

''വീസെൽകിയിലെ കാര്യം ചോദിക്കാൻ,'' ഞാൻ പച്ചയായി പറഞ്ഞു. '' 'നിങ്ങളാരും അവിടെ പോയിരുന്നില്ല', എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.''

''എന്നിട്ട് നീ എന്തു പറഞ്ഞു?''

ഫേജ അസ്വസ്ഥനായി പിടഞ്ഞു. ചൂടുള്ള അപ്പച്ചട്ടിയിൽ അപ്പത്തിനു പകരം അയാളാണ് ഇരിക്കുന്നതെന്ന് ആ പിടച്ചിൽ കണ്ടാൽ തോന്നും.

''എന്തു പറയാനാണ്? എല്ലാം ഞാൻ തുറന്നു പറയേണ്ടതായിരുന്നു, പക്ഷേ വിഡ്ഢിയായ നിങ്ങളോടുള്ള അനുകമ്പകൊണ്ട് ഞാൻ ഒന്നും പറഞ്ഞില്ല.''

''നില്ക്കു നില്ക്കു്,'' ഫേജയ്ക്കു ശുണ്ഠി വന്നു. എന്നാൽ എന്റെയടുത്തുനിന്ന് അറിയേണ്ടതു മുഴുവൻ അറിഞ്ഞില്ലെന്നു പെട്ടെന്ന് ഓർമ്മിക്കയാൽ അയാൾ അടുത്തു വന്ന് പരിഭ്രമവും ജിജ്ഞാസയും നിറഞ്ഞ ശബ്ദത്തിൽ ചോദിച്ചു: ''ഷെബാലൊവ് പിന്നെ എന്തെല്ലാം പറഞ്ഞു?''

''നമ്മൾ ഭീരുക്കളും കൊള്ളരുതാത്തവരുമാണെന്ന് അദ്ദേഹം പറഞ്ഞു,'' ഞാൻ ഫേജയുടെ മുഖത്തു നോക്കി നുണ പറഞ്ഞു. '''വീസെൽകിയിൽ തലകാണിക്കാൻ ധൈര്യമില്ലാത്തതുകൊണ്ട് നിങ്ങൾ വല്ല മലയിടുക്കിലും ഒളിച്ചിരുന്നുകാണും,' എന്നാണ് അദ്ദേഹം പറഞ്ഞത്. ഈയിടെയായി സ്കൗട്ടുകൾ വല്ലാത്ത പേടിത്തൊണ്ടന്മാരായിട്ടുള്ള കാര്യം തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.''

''വെറും നുണ!'' ഫേജ ദേഷ്യത്തോടെ പറഞ്ഞു. ''അയാൾ അങ്ങിനെയൊന്നും പറഞ്ഞുകാണുകയില്ല.''

''പോയി ചോദിച്ചുനോക്കു,'' ഞാൻ പകയോടെ തുടർന്നു. ''ഇത്തരം ജോലികൾക്ക് ഇനി കാലാൾപ്പടയെ നിയോഗിക്കുന്നതായിരിക്കും ഭേദമെന്നും അദ്ദേഹം പറയുന്നതു കേട്ടു. 'വല്ലവരുടേയും നിലവറ

യിൽ നിന്നു് വെണ്ണ കട്ടതിന്നാണേ ആ സ്ലൗട്ടുകാരേക്കൊണ്ടു കൊള്ളൂ, എന്നും അദ്ദേഹം പറഞ്ഞു.''

''നീ നുണ പറയുകയാണു്,'' ഫേജ ക്ഷോഭിച്ചു. ''ആ മടിയന്മാർ തോന്ന്യവാസികളാണെന്നും അവരെ അടക്കിനിർത്താൻ സമയമായെന്നും അയാരം പറഞ്ഞുകാണും. പക്ഷേ സ്ലൗട്ടുകരം പേടിത്തൊണ്ടന്മാരാണെന്നു് അയാരം പറഞ്ഞിരിക്കയില്ല.''

''പറഞ്ഞില്ലെങ്കിൽത്തന്നെ എന്താ?'' ഫേജയെ ഇത്രത്തോളം ബേജാറാക്കാൻ കഴിഞ്ഞതിലുള്ള സന്തോഷത്തോടെ ഞാൻ സത്യം പറഞ്ഞു. ''അദ്ദേഹം അങ്ങിനെ പറഞ്ഞില്ലെങ്കിൽത്തന്നെ നമ്മരം ചെയ്തതു ശരിയാണെന്നു് നിങ്ങരം വിശ്വസിക്കുന്നുണ്ടോ? നമ്മുടെ സഖാക്കരം നമ്മെ വിശ്വസിച്ചു, പക്ഷേ നമ്മരം ചെയ്തതെന്താണു്? നിങ്ങരം കാരണം ഒരു റെജിമെൻറിലെ ആളുകരം മുഴുവൻ അപകടത്തിൽ ചാടി. ഇനി ആളുകരം എങ്ങിനെയായിരിക്കും നമ്മളെ നോക്കുന്നതു്? പേടിത്തൊണ്ടന്മാർ, അവരെ നമ്പാൻ പററില്ല, എന്നു് അവർ പറയും. 'അവിടെ വൈററു് ഗാർഡുകാരില്ലെന്നു് അവർ റിപ്പോർട്ടു് ചെയ്തതനുസരിച്ചു് ടെലിഫോൺ കമ്പികരം നീട്ടാൻ അവിടെ ചെന്ന സിഗ്നലുകാർ വെടിവയ്ക്കപ്പെട്ടു' എന്നും അവർ പറയും.''

''ആരാണു് അവരെ വെടിവച്ചതു്?'' അത്ഭുതത്തോടെ ഫേജ ചോദിച്ചു.

''വൈററു്ഗാർഡുകാർ, അല്ലാതാരാ?''

ഫേജയുടെ മുഖം മങ്ങി. താൻ കാരണം ടെലിഫോൺ ജോലിക്കാർ കുഴപ്പത്തിൽ ചാടിയ കാര്യം അയാരം അറഞ്ഞിരുന്നില്ല. ആ വാർത്ത അയാളെ സ്പർശിച്ചു. അയാരം ഒരക്ഷരം മിണ്ടാതെ അടുത്ത മുറിയിലേക്കു പോയി.

അയാരം തൻെറ അക്കോർഡിയൻ പുറത്തെടുത്തു് അതിൻെറ ചിലമ്പിച്ച ശബ്ദത്തിൽ തൻെറ വല്ലായ്മയെ കഴിച്ചുകൂടാൻ വേണ്ടി, ''മഞ്ചൂറിയൻ കുന്നുകളിൽ'' എന്ന ശോകഗാനം വായിച്ചുതുടങ്ങി.

എന്നാൽ പെട്ടെന്നു് അയാരം വായന നിർത്തി ചാടിയെണീററു. തൻെറ കൊക്കേഷ്യൻ വാരം അരയിൽ തിരുകിക്കൊണ്ടു് അയാരം കുടിലിനു പുറത്തേക്കു പോയി.

ഏതാണ്ട് പതിനഞ്ചു മിനിട്ട കഴിഞ്ഞു് അയാൾ ജനലിനു പുറ ത്തു് പ്രത്യക്ഷപ്പെട്ട.

''വേഗം കുതിരപ്പുറത്തു കയറിക്കോ!'' ജനാലച്ചില്ലിനപ്പുറത്തുനി ന്നു് അയാൾ കർക്കശമായി പറഞ്ഞു.

''എവിടെ പോയിരുന്നു?''

''ഷെബാലൊവിന്റെ അടുത്തു്. വേഗമാകട്ടെ?''

അധികം താമസിയാതെ ഞങ്ങളുടെ സ്കൗട്ട്സംഘം അല്പാല്പം ഉറ ഞ്ഞുതുടങ്ങിയ റോഡിലൂടെ മെല്ലെ കുതിരയോടിച്ച് താവളത്തിനു പുറ ത്തു കടന്നു.

അദ്ധ്യായം പതിമൂന്നു്

കർഷക ഭവനങ്ങളുടെ നേർക്കു തിരിയുന്ന നാലുംകൂടിയ വഴിയിലെത്തിയപ്പോരം ഫേജ കുതിരയെ നിർത്തി. തന്റെ സംഘത്തിലെ ഏററവും മിടുക്കന്മാരായ രണ്ടുപേരെ അടുത്തേക്കു വിളിച്ചു് അയാരം വളരെനേരം എന്തോ സംസാരിച്ചു. വഴിയിലേക്കു ചൂണ്ടിക്കാണിക്കുകയും തന്റെ നിർദ്ദേശങ്ങരം അവരുടെ തലയിലേക്കു് അടിച്ചുകയററാൻവേണ്ടി ഇരുവരേയും മാറിമാറി ചീത്തപറയുകയും ചെയ്തിട്ടു് അയാരം ഞങ്ങളുടെ അടുത്തേക്കു വന്നു. എല്ലാവരും കർഷകഭവനങ്ങളുടെ നേരെ തിരിയാൻ അയാരം ആജ്ഞാപിച്ചു. തലേ ദിവസത്തെ സന്ദർശനത്തെപ്പററി സൂചിപ്പിക്കുന്ന ഒരൊററ വാക്കുപോലും പറയാതെ ഫേജ ആതിഥേയനോടു് വീസെൽക്കിയിലേക്കു പോകാനുള്ള കുറുക്കുവഴിയെപ്പററി ചോദിച്ചു.

''നിങ്ങരംക്കു് ആ വഴി പോകാൻ സാധിക്കയില്ല, സഖാക്കളെ,'' വീട്ടുടമ പറഞ്ഞു. ''കുതിരകരം മുങ്ങിപ്പോകും. ഈ ആഴ്ച മുഴുവൻ മഴയായിരുന്നല്ലോ. കാൽനടയായിപ്പോലും ഇപ്പോരം ആ വഴി പോകാൻ സാദ്ധ്യമല്ല. പിന്നെ കുതിരപ്പുറത്തു പോകുന്ന കാര്യം പറയാനുണ്ടോ.''

ഫേജ മുൻകൂട്ടി അയച്ചിരുന്ന സ്കൗട്ടുകരം രണ്ടുപേരും തിരിച്ചുവന്നു. വീസെൽക്കി വൈററ്ഗാർഡുകാരുടെ കൈവശമാണെന്നും അങ്ങോട്ടുള്ള വഴി അടച്ചിരിക്കയാണെന്നും അവർ റിപ്പോർട്ടുചെയ്തു. കൃഷിക്കാരന്റെ ഗുണദോഷം കാര്യമായെടുക്കാതെ ഫേജ അയാളോടു് യാത്രയ്ക്കു തയ്യാറാകാൻ ആവശ്യപ്പെട്ടു. ആ ചതുപ്പു കടക്കാൻ സാദ്ധ്യമല്ലെന്നു് ആ മനുഷ്യൻ വീണ്ടും വീണ്ടും പറഞ്ഞു. അയാളുടെ ഭാര്യ കരഞ്ഞു. തലേന്നു് ഫേജയോടു് സൊള്ളിക്കൊണ്ടിരുന്ന സുന്ദരിയായ അയാളുടെ മകരം ചെളിപുരണ്ട ബൂട്ടുകരംകൊണ്ടു് ചവിട്ടി നിലം വൃത്തികേടാക്കിയതിനു് ഫേജ

യെ ശകാരിച്ചു. എന്നാൽ ഫേജ അതൊന്നും കേട്ട ഭാവം വയ്ക്കാതെ ത ന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. എന്താണ് ഉദ്ദേശമെന്ന് ഞാൻ അ യാളോട് ചോദിച്ചു. എന്നാൽ അയാൾ അതിനുത്തരം പറഞ്ഞില്ല. അ യാൾ പ്രാകൃകപോലും ചെയ്യാതെ ചിറികോട്ടി പരിഹാസത്തോടെ ഒ ന്നു പുഞ്ചിരിക്കുകയും ഒളികണ്ണിട്ട് എന്നെ ഒന്നു നോക്കുകയും മാത്രമാ ണു ചെയ്തത്.

ഞങ്ങൾ കൃഷിക്കളത്തിൽ നിന്നിറങ്ങി. കൃഷിക്കാരൻ ഒരു ചാവാ ലികുതിരയുടെ പുറത്ത് ഫേജയോടൊപ്പം മുമ്പിൽ സഞ്ചരിച്ചു. ഒരു തിരിവു കടന്ന് ഞങ്ങൾ ബർച്ചുമരക്കാട്ടിൽ പ്രവേശിച്ചു. നനഞ്ഞ പാ യലിൽ പതിച്ചുകൊണ്ടിരുന്ന കുളമ്പുകളുടെ അടിയിൽ നിന്ന് ചെളി വെള്ളം തെറിച്ചു. വഴി കുറേക്കൂടി മോശമായി. മുന്നോട്ട് പോകുന്തോറും വെള്ളം കൂടിക്കൂടി വന്നു. വെള്ളം കയറിക്കിടന്ന ആ പുൽമേട്ടിൽ അ ങ്ങിങ്ങായി പായൽ പിടിച്ച കറുത്ത ചെറുകുന്നുകൾ തലയുയർത്തി നി ന്നിരുന്നു.

ഞങ്ങൾ കുതിരപ്പുറത്തു നിന്നിറങ്ങി മുന്നോട്ട് നടന്നു. മരച്ചില്ലകളും ചപ്പുചവറുകളുമിട്ട് ചതുപ്പിനു കുറുകെ ഉണ്ടാക്കിയ ഒരു ചെറിയ വരമ്പി നടുത്ത് ഞങ്ങൾ എത്തിച്ചേർന്നു. കൃഷിക്കാരൻ പറഞ്ഞ വഴിയായിരു ന്നു അത്. വെള്ളത്തിനടിയിലായ ആ വരമ്പിൽനിന്ന് ഉതിർന്നുപോ യ ചുള്ളിക്കമ്പുകളും ജീർണ്ണിച്ച കച്ചിയും ജലപ്പരപ്പിനു മുകളിൽ പൊ ങ്ങിക്കിടന്നു.

''നല്ല വഴി!'' മുഖം വീർപ്പിച്ചുകൊണ്ടു നിൽക്കുന്ന കൂട്ടുകാരെ ഒന്നു നോക്കിയിട്ട് ഫേജ പറഞ്ഞു.

''ഫേജ, നമ്മൾ മുങ്ങിപ്പോകും!''

''മുങ്ങിപ്പോകാൻ വളരെ എളുപ്പമാണ്,'' കൃഷിക്കാരൻ പറഞ്ഞു. ''തടിക്കഷണങ്ങൾ കുഴുത്തുപോയിരിക്കുന്നു. നല്ല കാലാവസ്ഥയിൽ ത്തന്നെ ഇതിലേ നടക്കാൻ വിഷമമാണ്.''

''കുതിരകൾക്ക് ഈ ചെളിക്കുണ്ടിലൂടെ നീന്താനോ നടക്കാനോ കഴിയുകയില്ല.''

''സാരമില്ല!'' ഫേജ ഒരു പുഞ്ചിരി ക്ഷണിച്ചുവരുത്തിക്കൊണ്ട് മററുള്ളവരെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചു. ''നമുക്ക് എങ്ങിനേയും കടക്കാം.''

മുമ്പോട്ടുപോകാൻ കൂട്ടാക്കാതെ നിൽക്കുന്ന കുതിരയുടെ കടിഞ്ഞാൺ വലിച്ചുകൊണ്ടു് ഫേജയാണു് ആദ്യം വെള്ളത്തിലിറങ്ങിയതു്. ആ ദുർഗ്ഗന്ധമുള്ള വെള്ളത്തിൽ അയാൾ മുട്ടോളം താണു. ഈരണ്ടുപേർ വീതം ഞങ്ങളും പിന്നാലെ ഇറങ്ങി. പലയിടങ്ങളിലും ഉറഞ്ഞു് പാടകെട്ടിയ വെള്ളം ബൂട്ടുകളുടെ മുകളിലൂടെ അകത്തുകടന്നു. വെള്ളത്തിനടിയിൽ കിടന്ന ദുർബ്ബലമായ വരമ്പു് കാൽ ചവിട്ടുമ്പോൾ വിറച്ചുകൊണ്ടിരുന്നു. കാൽച്ചുവട്ടിൽ താങ്ങിനു് എന്തെങ്കിലും ഉണ്ടായിരിക്കുമോ എന്നു് നിശ്ചയമില്ലാതെ, ഓരോ കാൽ വയ്ക്കുമ്പോഴും വഴവഴുത്ത ചതുപ്പുവെള്ളം നിറഞ്ഞ അത്യഗാധമായ കുഴിയിലേയ്ക്കു വീണുപോകുമെന്ന ഭയത്തോടെ മുന്നോട്ടു പോകുക അതിഭയങ്കരമായ ഒരനുഭവമായിരുന്നു.

കുതിരകൾ ചീററുകയും മടിച്ചു നിൽക്കുകയും വിറയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. മൂടൽമഞ്ഞിൻെറ മറയ്ക്കുള്ളിലെവിടെനിന്നോ മററൊരു ലോകത്തിൽ നിന്നെന്നപോലെ ഫേജയുടെ ശബ്ദം ഒഴുകിവന്നു.

''ഹേയ്, കൂട്ടരേ, നിങ്ങളെല്ലാവരും ജീവിച്ചിരിപ്പുണ്ടല്ലോ, ഇല്ലേ?''

''ചങ്ങാതിമാരെ, നമ്മൾ ആകാവുന്നതിനപ്പുറം എത്തികഴിഞ്ഞിരിക്കുന്നു. ഇനി തിരിച്ചുപോകുകയല്ലേ നല്ലതു്?'' ഞങ്ങളുടെ കാഹളം വിളിക്കാരൻ പിറുപിറുത്തു. തണുപ്പുകൊണ്ടു് അയാളുടെ പല്ലുകൾ കൂട്ടിയടിക്കുന്നുണ്ടായിരുന്നു.

പെട്ടെന്നു് ഫേജ മൂടലിനുള്ളിൽനിന്നു് പുറത്തു കടന്നു.

''പാഷ, താൻ ആളുകളെ വിരട്ടേണ്ട,'' ഫേജ കോപത്തോടെ പതിഞ്ഞ ശബ്ദത്തിൽ താക്കീതുചെയ്തു. ''വേണമെങ്കിൽ താൻ ഒററയ്ക്കു തിരിച്ചുപൊയ്ക്കോ.'' അതു കഴിഞ്ഞു് ഫേജ കൃഷിക്കാരനോടു ചോദിച്ചു: ''നമുക്കു് ഇനിയും ഒരുപാടുദൂരം പോകാനുണ്ടോ? എൻെറ കുതിര വയറുവരെ മുങ്ങി.''

''ഇനി ദൂരം അധികമില്ല. കുറച്ചു് അങ്ങോട്ടു ചെന്നാൽപ്പിന്നെ തറ കുറേക്കൂടി ഉയർന്നതാണു്, വെള്ളം കുറവായിരിക്കും. പക്ഷേ നമ്മുടെ തൊട്ടുമുമ്പിലുള്ള കുറച്ചിടമാണു് ഏററവും ദുർഘടം പിടിച്ചതു്. അവിടം കടന്നുകിട്ടിയാൽ നമ്മൾ രക്ഷപ്പെട്ടു.''

വെള്ളം അരവരെയായി. കൃഷിക്കാരൻ നടപ്പുനിർത്തി തൊപ്പി കയ്യിലെടുത്തു് കുരിശു വരച്ചു.

''ഇനി ഞാൻ ഒററയ്ക്കു മുമ്പേ നടക്കാം. നിങ്ങൾ ഓരോരുത്തരായി, എന്റെ പിന്നാലെ വരണം. അല്ലെങ്കിൽ മുങ്ങിപ്പോകും.''

വൃദ്ധൻ തൊപ്പി വച്ചിട്ട് മുന്നോട്ടു നടന്നു തുടങ്ങി. വളരെ സാവധാനമാണ് അയാൾ നടന്നത്. അയാൾ ഇടയ്ക്കിടെ നടപ്പുനിർത്തി വെള്ളത്തിലാണ്ടുകിടന്ന വരമ്പു കണ്ടുപിടിക്കാൻ വടികൊണ്ട് തപ്പിക്കൊണ്ടിരുന്നു.

അരവരെ ചെളിവെള്ളം, അരയ്ക്കുമുകളിൽ കോടമഞ്ഞു തട്ടി ഈറനായ വസ്ത്രങ്ങൾ, മജ്ജ മരവിപ്പിക്കുന്ന ശീതക്കാററ്—ഒരാൾക്കു പിന്നിൽ മറെറാരാളായി നീങ്ങിക്കൊണ്ടിരുന്ന ഞങ്ങൾക്ക് അര മണിക്കൂർ കഴിഞ്ഞിട്ടും കഷ്ടിച്ചു നൂറുവാരയോളം മുന്നേറാനേ കഴിഞ്ഞുള്ളു. എന്റെ കൈകൾ മരവിച്ച് നീലനിറമായി. കാൽമുട്ടുകൾ വിറച്ചു.

''നശിച്ച ഫേജ!'' ഞാൻ മനസ്സിൽ പറഞ്ഞു. ''റോഡിൽ ചെളിയുണ്ടെന്നു പറഞ്ഞ് ഇന്നലെ അയാൾ അങ്ങോട്ടു പോയില്ല, ഇന്നിപ്പോൾ അയാൾ ഞങ്ങളെ ഒരു ചതുപ്പുനിലത്തിൽ കൊണ്ടുവന്നു ചാടിച്ചിരിക്കുന്നു.''

മുമ്പിൽ ഒരു കുതിര ചിനച്ചു. മൂടൽമഞ്ഞു ശിഥിലമായി. ഫേജ കുതിരപ്പുറത്ത് ഒരു ചെറുകുന്നിന്റെ മുകളിൽ പ്രത്യക്ഷനായി.

''ശ്... വീസെൽകി ആ കുററിക്കാടിന്റെ പിന്നിലാണ്. ഇവിടെനിന്ന് കഷ്ടിച്ച് നൂറു ചുവടകലമേ അങ്ങോട്ടുള്ളു. ഉണങ്ങിയ വഴിയുമാണ്,'' ഫേജ ശബ്ദം താഴ്ത്തിയാണ് സംസാരിച്ചത്.

വൈററ്ഗാർഡുകാർ തീരെ പ്രതീക്ഷിക്കാത്ത ഒരു ഭാഗത്തു നിന്നാണ് ഞങ്ങൾ ആക്രമണം നടത്തിയത്. പാതി മരവിച്ച ഞങ്ങളുടെ കുതിരപ്പടയാളികൾ അട്ടഹാസങ്ങളോടും കൂക്കിവിളികളോടും കൂടി ഗ്രാമത്തിൽ കടന്നു. ബോംബുകൾ ചുററും വിതറിക്കൊണ്ട് ഞങ്ങൾ ഗ്രാമത്തിലെ ചെറുപള്ളിയുടെ മുമ്പിലെത്തി. അതിനോടു ചേർന്നാണ് വൈററ്സേനാദളത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ്.

വീസെൽക്കിയിൽനിന്ന് പത്തു വൈററ്ഗാർഡുകാരെ ഞങ്ങൾ തടവുകാരായി പിടിച്ചു. കൂടാതെ ഒരു യന്ത്രത്തോക്കും ഞങ്ങൾ പിടിച്ചെടുത്തു. ക്ഷീണിതരെങ്കിലും സന്തുഷ്ടരായി ഞങ്ങൾ പെരുവഴിയിലൂടെ തിരിച്ചുപോകുമ്പോൾ എന്റെ തൊട്ടടുത്തു സഞ്ചരിച്ചിരുന്ന ഫേജ കടിലമായ ഒരു വക്രിച്ച ചിരിയോടെ പറഞ്ഞു:

''ആ ഷെബാലൊവിനെ നമ്മറം കണക്കിനു് പററിച്ചു. അയാറം അത്ഭുതപ്പെടാതിരിക്കുമോ!''

''എന്താണു് നിങ്ങറം പറയുന്നതു്?'' കാര്യം മനസ്സിലാകാതെ ഞാൻ ചോദിച്ചു. ''അദ്ദേഹത്തിനു തീർച്ചയായും സന്തോഷമാകും.''

''സന്തോഷമായെന്നും വരാം ഇല്ലെന്നും വരാം. അയാറം ഉദ്ദേശിച്ചതുപോലെയല്ല ഞാൻ ഉദ്ദേശിച്ചതുപോലെയാണു് കാര്യങ്ങറം നടന്നതെന്നും അതു് ഇത്ര ശുഭമായി കലാശിച്ചെന്നും അറിയുമ്പോറം അയാറംക്കു് മനഃപ്രയാസം തോന്നും.''

''എനിക്കു് ഒന്നും മനസ്സിലാകുന്നില്ല,'' ഭയാശങ്കകളോടെ ഞാൻ പറഞ്ഞു. ''ഷെബാലൊവ് പറഞ്ഞതനുസരിച്ചല്ലേ നിങ്ങറം പുറപ്പെട്ടതു്?''

''അതെ. പക്ഷേ അങ്ങോട്ടല്ല അയാറം എന്നെ അയച്ചതു്. നോവോസേലൊവൊയിൽ ചെന്നു് ഗാൽഡയെ കാത്തുനില്ക്കണമെന്നായിരുന്നു അയാളുടെ കല്പന. പക്ഷേ ഞാൻ വീസെൽകിയിലേക്കു തിരിഞ്ഞു. ഇന്നലത്തെ സംഭവത്തെ ചൊല്ലി ബഹളം കൂട്ടിയതു് തെററായിപ്പോയെന്നു് ഇന്നു് അയാറംക്കു കാണിച്ചുകൊടുക്കണം. ഇനി അയാറംക്കു് ഒന്നും പറയാൻ പററില്ല. ഇത്രയും തടവുകാരേയും ഈ യന്ത്രത്തോക്കും കാണുമ്പോറം അയാളുടെ നാവു് ഇറങ്ങിപ്പോകും.''

''ഇതു ശുഭമായി പര്യവസാനിച്ചതിനെക്കുറിച്ചു് എനിക്കു് ഒന്നും പറയാനില്ല,'' ഞാൻ വിചാരിച്ചു. ''പക്ഷേ ഈ പ്രവൃത്തി ശരിയാണെന്നു തോന്നുന്നില്ല. നോവോസേലൊവൊയിലേക്കു പോകാൻ പറഞ്ഞിട്ടു് വീസെൽകിയിലേക്കാണു് പോയതു്. ഭാഗ്യത്തിനു് കാര്യങ്ങറം ഇത്ര ഭംഗിയായി എന്നേ പറയാൻ കഴിയൂ. ഞങ്ങറംക്കു ചതുപ്പിൽനിന്നു് പുറത്തുകടക്കാൻ കഴിയാതെ പോയിരുന്നെങ്കിലോ? അങ്ങിനെയായിരുന്നെങ്കിൽ എന്താണു് സമാധാനം പറയുക?''

ഞങ്ങളുടെ സേനാദളം താവളമടിച്ചിരുന്ന ഗ്രാമത്തിൽ അസാധാരണമായ ചില പ്രവർത്തനങ്ങറം നടക്കുന്നതു് ഞങ്ങറം കുറെ ദൂരെ വച്ചേ കണ്ടു. ചുവപ്പുപോരാളികറം ഗ്രാമത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ വന്നു് അങ്ങിങ്ങായി നിലയുറപ്പിച്ചു. അനേകം കുതിരപ്പടയാളികറം മലക്കറിത്തോട്ടത്തിനപ്പുറത്തേക്കു പാഞ്ഞുപോയി.

പെട്ടെന്നു് ഗ്രാമത്തിൽ ഒരു യന്ത്രത്തോക്കു് ശബ്ദിച്ചു. തിരിച്ചുപോ

രുന്നതാണു നല്ലതെന്നു് ചത്വരത്തിൽ വച്ചു് അഭിപ്രായപ്പെട്ട കാഹളമൂത്തു കാരൻ പാഷ നിലംപതിച്ചു.

''ഇതിലെ!'' എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് ഫേജ ഒരു ഇറക്കത്തിലേക്കു് കുതിരയോടിച്ചുപോയി. യന്ത്രത്തോക്കു് രണ്ടാമത്തു് ഒരുവട്ടം കൂടി ഗർജ്ജിച്ചു. ഏററവും പിന്നിൽ നിന്നിരുന്ന രണ്ടു് സ്കൗട്ടുകളും കൂടി നിലംപതിച്ചു.

അവരിൽ ഒരാളുടെ കാൽ ജീനിച്ചവട്ടിൽ കുടുങ്ങിപ്പോയിരുന്നു. വിരണ്ട കുതിര അയാളേയും വലിച്ചുകൊണ്ടു് ഓടി.

''ഫേജ, നമ്മുടെ തോക്കാണു് ശബ്ദിക്കുന്നതു്,'' ഭയവിഹ്വലനായ ഞാൻ കിതച്ചുകൊണ്ടു് പറഞ്ഞു. ''നമ്മൾ ഈ ഭാഗത്തുനിന്നു വരുമെന്നു് അവർക്കു് അറിയില്ലല്ലോ. നമ്മൾ നോവോസേലൊവൊയിലാണെന്നാണു് അവരുടെ വിചാരം.''

''ഞാൻ അവരെ ഒരു പാഠം പഠിപ്പിക്കും,'' എന്നു് മുരണ്ടുകൊണ്ടു് ഫേജ കുതിരപ്പുറത്തുനിന്നു് ചാടിയിറങ്ങി വൈററ്ഗാർഡുകാരിൽ നിന്നു് പിടിച്ചെടുത്ത യന്ത്രത്തോക്കിനടുത്തേക്കു് പാഞ്ഞു.

''ഹേ! ഫേജാ! നിങ്ങൾക്കു് ഭ്രാന്താണോ? സ്വന്തം ആളുകളുടെ നേരെ വെടിവയ്ക്കാനാണോ ഭാവം? അവർ നമ്മെ തിരിച്ചറിഞ്ഞിട്ടില്ല, പക്ഷേ നിങ്ങൾക്കു് അറിയാമല്ലോ.''

ശക്തിയായി കിതച്ചുകൊണ്ടു് ഫേജ തന്റെ ബൂട്ടിന്മേൽ ചാട്ടകൊണ്ടു് ആഞ്ഞടിച്ചു. അനന്തരം അയാൾ കുതിരപ്പുറത്തു ചാടിക്കയറി കുന്നിൻമുകളിലേക്കു് കുതിച്ചു പാഞ്ഞു. അനേകം ബുള്ളററുകൾ അയാളുടെ തലയ്ക്കു മീതെ ചീറിപ്പാഞ്ഞു കൊണ്ടിരുന്നു. പക്ഷേ അയാൾ കൂസലില്ലാതെ ജീനിപ്പടിയിൽ എണീററുനിന്നു് തൊപ്പി ബയണററിന്റെ അററത്തുവച്ചു് ഉയർത്തിപ്പിടിച്ചു.

ഗ്രാമത്തിൽനിന്നു് പിന്നേയും കുറെ വെടിയുണ്ടകൾ വർഷിക്കപ്പെട്ടു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞു് അതും നിലച്ചു. ചീറിപ്പായുന്ന വെടിയുണ്ടകളുടെ മദ്ധ്യേ ഒററയ്ക്കു നില്ക്കുന്ന കുതിരപ്പടയാളി കാണിച്ച അടയാളം ഞങ്ങളുടെ ആളുകൾ കണ്ടു.

കുറച്ചുകഴിഞ്ഞു പുറപ്പെട്ടാൽ മതിയെന്നു് ഞങ്ങളോടു് ആംഗ്യം കാണിച്ചിട്ടു് ഫേജ തന്റെ കുതിരയെ ഗ്രാമത്തിലേക്കു് കുതിച്ചോടിച്ചു.

കുറച്ചു കഴിഞ്ഞു് ഞങ്ങളും അങ്ങോട്ടു പുറപ്പെട്ടു. ഗ്രാമത്തിൻെറ അതിർത്തിയിൽ വച്ചു് രൗദ്രഭാവത്തിൽ മുഖം കറുപ്പിച്ചു നില്ക്കുന്ന ഷെബാലൊവിനെ ഞങ്ങൾ കണ്ടുമുട്ടി. അഴുക്കു പിടിച്ച വാളും ചെളി കുഴഞ്ഞുപിടിച്ച കുതിരമുള്ളുകളുമായി നിന്നിരുന്ന ആ മനുഷ്യൻെറ മുഖത്തു് കഠിനമായ ക്ഷീണം നിഴലിച്ചു. ആ കണ്ണുകൾ നിർജ്ജീവങ്ങളായിരുന്നു. സ്കൗട്ട്സംഘം തങ്ങളുടെ പാർപ്പിടത്തിലേക്കു പോകാൻ ഷെബാലൊവ് ആജ്ഞാപിച്ചു. അദ്ദേഹത്തിൻെറ തളർന്ന ദൃഷ്ടികൾ ഓരോരുത്തരിലും മാറിമാറി പതിച്ചു. കുതിരപ്പുറത്തുനിന്നിറങ്ങി ആയുധം തിരിച്ചേൽപ്പിക്കാൻ അദ്ദേഹം എന്നോടു കല്പിച്ചു. ഞാൻ കുതിരപ്പുറത്തുനിന്നു് ഊർന്നിറങ്ങി എൻെറ വാൾ അഴിച്ചു് അതും കൈത്തോക്കും മുഖംവീർപ്പിച്ചുനില്ക്കുന്ന മാലീഗിനെ ഏല്പിച്ചു.

സ്കൗട്ടുകൾ തന്നിഷ്ടപ്രകാരം വീസെൽക്കിയിൽ നടത്തിയ ആക്രമണം സാഹസികമായിരുന്നെങ്കിലും അതു് സേനാദളത്തിനു് പൊതുവിൽ വൻപിച്ച നാശനഷ്ടങ്ങളാണു് വരുത്തിവച്ചതു്. അതുമൂലം സ്വന്തം ആൾക്കാരുടെ വെടിയേററു് മൂന്നു കുതിരപ്പടയാളികൾ മരിച്ചതിനും പുറമെ നോവോസേലൊവൊയിൽവച്ചു് ഗാൽഡയുടെ രണ്ടാം കമ്പനി ഉന്മൂലനം ചെയ്യപ്പെടുകയും ഗാൽഡ കൊല്ലപ്പെടുകയുമുണ്ടായി. ഞങ്ങളുടെ സേനാവിഭാഗത്തിലെ ചുവപ്പുപോരാളികൾ രോഷാകുലരായി. അറസ്റ്റുചെയ്യപ്പെട്ട ഫേജയെ വിസ്തരിക്കുകയും കഠിനമായി ശിക്ഷിക്കുകയും ചെയ്യണമെന്നു് അവർ ആവശ്യപ്പെട്ടു:

''നമുക്കു് ഇങ്ങനെ മുന്നോട്ടുപോകാൻ സാദ്ധ്യമല്ല, കൂട്ടരെ! എല്ലാവരും അച്ചടക്കം പാലിച്ചേ തീരൂ. ഇങ്ങിനെ പോയാൽ നമ്മളെല്ലാവരും കൊല്ലപ്പെടുമെന്നു മാത്രമല്ല നമ്മുടെ മററു സഖാക്കളുടെ മരണത്തിലും അതു ചെന്നവസാനിക്കും. ഓരോരുത്തരും തോന്നിയതുപോലെ ചെയ്യുകയാണെങ്കിൽ കമാണ്ടറെ നിയോഗിച്ചിരിക്കുന്നതു് എന്തിനാണു്?''

അന്നു രാത്രി ഷെബാലൊവ് എന്നെ സന്ദർശിച്ചു. ഞാൻ എല്ലാം അദ്ദേഹത്തോടു് തുറന്നു പറഞ്ഞു. ഞങ്ങൾ വീസെൽക്കിയിൽ പോയിരുന്നോയെന്നു് ആദ്യദിവസം എന്നോടു ചോദിച്ചപ്പോൾ ഒരു സഖാവിനെ ഒററുകൊടുക്കുന്നതു ശരിയല്ല എന്ന ബോധംകൊണ്ടു് ഞാൻ നുണപറയുകയാണു ചെയ്തതെന്നും ഷെബാലൊവിനോടു് ഞാൻ ഏററു പറഞ്ഞു. നോവോസേലൊവൊയിലേക്കു പോകുന്നതിനു പകരം വീസെൽകിയി

ലേക്ക പോയതു് ഫേജയുടെ തോന്ന്യവാസമായിരുന്നെന്ന വിവരം എ നിക്ക് അറിയാൻ പാടില്ലായിരുന്നെന്നു് ഞാൻ ആണയിട്ട പറഞ്ഞു.

''ബോറിസ്, നീ ഒരിക്കൽ എന്നോട നുണ പറഞ്ഞവനാണ്,'' ഷെബാലൊവ് പറഞ്ഞു. ''ഇത്തവണ ഞാൻ നിന്നെ വിശ്വസിക്കുക യും ഫേജയോടൊപ്പം പട്ടാളക്കോടതി മുമ്പാകെ നിന്നെ ഹാജരാക്കേണ്ട ന്ന തീരുമാനിക്കുകയും ചെയ്യുന്നതു് നീ കേവലം ഒരു ബാലനാണ് എ ന്നുള്ളതുകൊണ്ട മാത്രമാണ്. പക്ഷേ നീ ഇനി ഇത്തരം തെറുകാം ആ വർത്തിക്കാൻ ഇടവരരുതു്, കുട്ടീ. നിന്റെ തെററുകൊണ്ടാണ് ചുബുക്ക് മരിക്കാനിടയായതു്. നീ ഉൾപ്പെട്ട സംഘത്തിന്റെ കുററംകൊണ്ടാണ് സിഗ്നലുകാർ വൈററ്ഗാർഡുകാരുടെ കയ്യിൽ അകപ്പെട്ടതു്. നീ തെ റുകാം വേണ്ടത്ര ചെയ്തുകഴിഞ്ഞു! ഞാൻ ആ ഫേജയുടെ കാര്യം ഒന്നും പറയുന്നില്ല. കുറേക്കാലമായി അയാാം എനിക്ക് ഒരു ഭാരമായിത്തീർ ന്നിരിക്കയാണ്. സഹായത്തേക്കാളേറെ ദ്രോഹമാണ് അയാാം വരു ത്തിവയ്ക്കുന്നതു്. നീ സുഹരെവിന്റെ ഒന്നാം കമ്പനിയിലേക്ക തിരിച്ചു പോയി നിന്റെ പഴയ സ്ഥാനം ഏറെറടുക്കു. സത്യം പറഞ്ഞാൽ ആ ഫേജയുടെ സംഘത്തിൽ ചേരാൻ നിന്നെ അനുവദിച്ചതു് ഞാൻ ചെയ്ത വലിയ ഒരു അബദ്ധമായിപ്പോയി. ചുബുക്ക്... അയാളുടെ കാര്യം വേ റെ. അയാളിൽനിന്നു് നിനക്ക് പലതും പഠിക്കാനുണ്ടായിരുന്നു. പ ക്ഷേ ഫേജയുടെ കൂടെ കൂടിയിട്ടു് എന്താണു പ്രയോജനം? അയാാം വി ശ്വസിക്കാൻ കൊള്ളാത്തവനാണ്. പിന്നെ മറെറാരു കാര്യം—ഒരിക്കൽ ഒരാളുടേയും അതുകഴിഞ്ഞു് മറെറാരാളുടേയും വാലായി നടക്കുന്നതു് എ ന്തിനാണ്? നീ എല്ലാവരോടും കൂട്ടുകൂടുകയാണു വേണ്ടതു്. ഒററ തിരി ഞ്ഞു നടക്കുന്ന ഒരാംക്ക് അബദ്ധം കാണിക്കാനും തെററുചെയ്യാനും വള രെ എളുപ്പമാണ്.''

അന്നു രാത്രി ഫേജ തന്നെ അറസ്റ്റുചെയ്തിട്ടിരുന്ന കുടിലിന്റെ ജനൽ തല്ലിപ്പൊളിച്ചു് രക്ഷപ്പെട്ടു. നാലു ശിങ്കിടികളോടൊപ്പം അയാാം യുദ്ധ മുന്നണിയിലൂടെ തെക്കോട്ടു കുതിരയോടിച്ചുപോയി. കൊള്ളക്കാരുടെ തലവനായ മഹ്നോയുടെ അടുത്തേക്കാണ് അയാാം പോയതെന്നു പറ യപ്പെടുന്നു.

അദ്ധ്യായം പതിനാലു്

ചുവപ്പുപടയാളികരം യുദ്ധമുന്നണിയിൽ ഉടനീളം കടന്നാക്രമണം തുടങ്ങി.

ഞങ്ങളുടെ സേനാദളം ബ്രിഗേഡ് കമാണ്ടറുടെ കീഴിലായി. ഞങ്ങരം മൂന്നാം റെജിമെൻറിൻെറ വാമപക്ഷത്തിലെ ഒരു ചെറുവിഭാഗമായിത്തീർന്നു.

നിരന്തരമായ മുന്നേററത്തിൻെറ രണ്ടാഴ്ചകരം കഴിഞ്ഞു. ഗ്രാമങ്ങരംതോറും കൃഷിക്കളങ്ങരംതോറും ആകാവുന്നത്ര പിടിച്ചുനിന്നിട്ടു് കൊസാക്കുകാർ പിൻവാങ്ങി.

അക്കാലത്തു് ഒരൊററ ആഗ്രഹം മാത്രമേ എനിക്കുണ്ടായിരുന്നുള്ളൂ— എൻെറ തെററിനു പ്രായശ്ചിത്തം ചെയ്യുകയും, പാർട്ടിയിൽ ചേരാൻ അർഹത നേടുകയും ചെയ്യുക.

അപകടകരങ്ങളായ നിരീക്ഷണപര്യടനങ്ങളിൽ പങ്കെടുക്കാൻ ഞാൻ സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും ഫലമുണ്ടായില്ല. പഴക്കവും തഴക്കവും വന്ന പട്ടാളക്കാർപോലും മുട്ടുകുത്തിനിന്നുകൊണ്ടോ കിടന്നുകൊണ്ടോ വെടിവയ്ക്കുന്ന സന്ദർഭങ്ങളിൽ വിവർണ്ണനായി, പല്ലുകടിച്ചുപിടിച്ചുകൊണ്ടു് ഞാൻ നീണ്ടുനിവർന്നുനിന്നു് വെടിവച്ചുനോക്കി. പക്ഷേ അതുകൊണ്ടും ഉദ്ദേശിച്ച ഫലമുണ്ടായില്ല. നിരീക്ഷണജോലിക്കു പോകാനുള്ള തൻെറ ഊഴം ആരും എനിക്കുവേണ്ടി ഒഴിഞ്ഞുതരാൻ തയ്യാറില്ലായിരുന്നു. എൻെറ ഡംഭനിറഞ്ഞ സാഹസികത്വം ആരേയും ആകർഷിച്ചുമില്ല.

സുഹരെവ് ഒരിക്കൽ എന്നോടു് അതേപ്പററി ഇങ്ങിനെ പറയുകപോലും ചെയ്തു:

''നീ ഫേജയെ അനുകരിക്കുന്നതെന്തിനാണു്? ആളുകളുടെ മുമ്പിൽ മിടുക്കു കാണിക്കാനാണു് നീ ഇതൊക്കെ ചെയ്യുന്നതു്. നിന്നേക്കാരം ധീ

രന്മാരായ പട്ടാളക്കാർ ഇവിടെ വേറെ ഉണ്ടു്. നീ വെറുതെ തോക്കിൻെറ വായിലേക്കു കഴുത്തുംനീട്ടി നില്ക്കണ്ട.''

''പിന്നേയും ഫേജ!'' ഞാൻ ഈർഷ്യയോടെ വിചാരിച്ചു. ''എന്തു ചെയ്താലും അവർ അയാളുടെ കാര്യം എടുത്തിടും. എന്നെ നല്ലൊരു ജോലി ഏല്പിച്ചിട്ടു്, ഇതു നീ ശരിക്കു ചെയ്താൽ നിൻെറ തെററുകളൊക്കെ മറന്നേക്കാമെന്നും നിന്നെ വീണ്ടും ഞങ്ങളുടെ സുഹൃത്തും സഖാവുമായി അംഗീകരിക്കാമെന്നും അവർ പറഞ്ഞിരുന്നെങ്കിൽ!''

ചുബുക്ക് മൺമറഞ്ഞു. ഫേജ മഹ്നോവിൻെറ കൂടെയാണ്. അല്ലെങ്കിൽത്തന്നെ ഫേജയെ എനിക്കു് എന്തിനാണു്? എനിക്കു് ആരോടും പ്രത്യേകിച്ചു് അടുപ്പമുണ്ടായിരുന്നില്ല. എന്നുമാത്രവുമല്ല മററുള്ളവർ എന്നെ കാണുമ്പോൾ മുഖം തിരിക്കുകപോലും ചെയ്തിരുന്നു. മുമ്പൊക്കെ എന്നോടു സംസാരിക്കാൻ ഇഷ്ടപ്പെടുകയും എന്നെ ചായകുടിക്കാൻ വിളിക്കുകയും ചെയ്തിരുന്ന മാലീഗിൻപോലും ഇപ്പോൾ എന്നെക്കണ്ടാൽ തിരിഞ്ഞുനടക്കും. ഒരിക്കൽ അയാൾ ഷെബാലൊവിനോടു് എന്നെപ്പററി പറഞ്ഞതു് ഞാൻ വാതിലിനിപ്പുറത്തുനിന്നു് കേട്ടു:

''അവൻ എപ്പോഴും ദുഃഖിച്ചു നടക്കുകയാണു്. ഫേജ പോയതിലുള്ള സങ്കടംകൊണ്ടായിരിക്കാം. പക്ഷേ ഒരു കാര്യം ഓർക്കണം. ചുബുക്ക് മരിച്ചിട്ടു് അവൻ ഇത്രയധികം സങ്കടപ്പെട്ടില്ല—അയാളുടെ മരണത്തിനു കാരണം അവനായിരുന്നിട്ടുപോലും!''

എൻെറ മുഖം ചുവന്നു. അതൊരു സത്യമായിരുന്നു. ചുബുക്കിൻെറ വേർപാടുകൊണ്ടുണ്ടായ ദുഃഖം ഞാൻ വളരെവേഗം മറന്നു. എന്നാൽ ഫേജയെ പിരിഞ്ഞതിൽ ഞാൻ ദുഃഖിക്കുകയാണെന്നു പറഞ്ഞതു് ശരിയല്ല—എനിക്കു് ഫേജയോടു് വെറുപ്പാണു്.

മൺതറയിലൂടെ ഉലാത്തിക്കൊണ്ടിരുന്ന ഷെബാലൊവിൻെറ കുതിമുള്ളുകളുടെ കിലുക്കം എനിക്കു കേൾക്കാമായിരുന്നു. തെല്ലിട കഴിഞ്ഞു് അദ്ദേഹം പറഞ്ഞു:

''നിങ്ങൾക്കു തെററിപ്പോയി, മാലീഗിൻ. ആ പയ്യൻ ചീത്തയായിട്ടില്ല. അവനു് നന്നാകാൻ ഇനിയും സമയമുണ്ടു്. നാല്പതു വയസ്സുള്ള നിങ്ങളെ ഇനി മറെറാരു തരത്തിലാക്കാൻ ആർക്കും സാധിക്കയില്ല. പക്ഷേ അവനു് പതിനഞ്ചുവയസ്സേയുള്ളു. പലപ്രാവശ്യം അടിമാററി വയ്ക്കുകയും ആണിയടിക്കുകയും ചെയ്തിട്ടുള്ള തേഞ്ഞ ഒരുജോടി ബൂട്ടുകളാ

ണ് നിങ്ങളും ഞാനും. എന്നാൽ അവൻ ഉരുക്കിയ വെള്ളോട്ടുപോലെ യാണ്. ഏതു മൂശയിലൊഴിക്കുന്നുവോ അതുപോലെ കരുപ്പിടിക്കും. അവൻ ഫേജയെ അനുകരിക്കുകയും താൻ ധീരനാണെന്ന് കാണിക്കാൻവേണ്ടി മുന്നിലേയ്ക്കു ചാടിച്ചെല്ലുകയും ചെയ്യുന്നുവെന്ന് സൂഹരെവ് എന്നോട് പറഞ്ഞു. പക്ഷേ ഞാൻ അയാളോട് പറഞ്ഞതു് ഇങ്ങിനെയാണ്: 'സൂഹരെവ്, നിങ്ങൾ താടിനീണ്ട ഒരു വൃദ്ധനാണ്, പക്ഷേ നിങ്ങൾക്ക കണ്ണില്ല. ആ പയ്യൻ ഫേജയെ അനുകരിക്കുകയല്ല. നല്ലതെന്തെങ്കിലും ചെയ്യാൻ അവന് ആഗ്രഹമുണ്ട് പക്ഷേ അതെങ്ങിനെയെന്ന് അവനറിയില്ല—അതാണ് സത്യം.' ''

ആ സമയത്തു് ഒരു ദൂതൻ ഷെബാലൊവിന്റെ ജനലിൽ മുട്ടി. ആ സംഭാഷണം അങ്ങിനെ ഇടയ്ക്കുവച്ച് അവസാനിച്ചു.

എനിക്ക് വളരെ ആശ്വാസം തോന്നി.

''സോഷ്യലിസത്തിന്റെ ഉജ്ജ്വലസാമ്രാജ്യത്തിനു വേണ്ടി'' യുദ്ധം ചെയ്യാനാണ് ഞാൻ ഇറങ്ങിത്തിരിച്ചതു്. ആ സാമ്രാജ്യം അങ്ങു ദൂരെ എവിടെയോ ആണ്. അവിടെ എത്താൻ ദുർഗ്ഗമങ്ങളായ അനേകം വഴികൾ താണ്ടണം, അനേകം ദുർഘടങ്ങൾ ചാടിക്കടക്കണം.

വൈററ്ഗാർഡുകാരായിരുന്ന ആ പാതയിലുള്ള ഏററവും വലിയ തടസ്സം. ഷെബാലൊവിനോ ഖനിത്തൊഴിലാളിയായിരുന്ന മാലീഗിനോ വൈററ്ഗാർഡുകാരോടുണ്ടായിരുന്ന വിദ്വേഷം ചെമ്പടയിൽ ചേരുന്ന കാലത്തു് എനിക്കുണ്ടായിരുന്നില്ല. ഷെബാലൊവും മാലീഗിനും മററനേകം ചുവപ്പുപടയാളികളും ഭാവിക്കുവേണ്ടി പോരാടുക മാത്രമായിരുന്നില്ല. ദുസ്സഹമായ ഒരു ഭൂതകാലത്തിനു പകരം വീട്ടുകകൂടിയായിരുന്നു.

എന്നാൽ ഇപ്പോൾ സംഗതി ആകെ മാറി. നീറിപ്പുകഞ്ഞുകൊണ്ടിരുന്ന വിദ്വേഷത്തിന്റെ ആ അന്തരീക്ഷവും ഞാൻ ഒരിക്കലും നേരിട്ടറിഞ്ഞിട്ടില്ലാത്ത ഒരു ഭൂതകാലത്തെപ്പററിയുള്ള കഥകളും നൂററാണ്ടുകളായി പരിഹരിക്കപ്പെടാതെ അട്ടിപിടിച്ചുകിടക്കുന്ന അനീതികളേയും അക്രമങ്ങളേയും കുറിച്ചുള്ള അറിവും പകപോക്കലിന്റേതായ ഒരു തീപ്പന്തം എന്റെയുള്ളിലും കൊളുത്തി. യാദൃച്ഛികമായി ചാരത്തിൽ വീണ്, എരിയുന്ന കനൽക്കട്ടകളുടെ താപം ഉൾക്കൊണ്ട് ചുട്ടുപഴുത്ത ഒരാണിപോലെയായിരുന്നു ഞാൻ.

അഗാധമായ ആ വിദ്വേഷത്തിന്റെ മറയിലൂടെ നോക്കിയപ്പോൾ ''സോഷ്യലിസത്തിന്റെ ഉജ്ജ്വലസാമ്രാജ്യം'' കൂടുതൽ പ്രഭാപൂരിതവും അഭികാമ്യവുമായി തോന്നി.

അന്നു വൈകുന്നേരം ഞാൻ സ്റ്റോർകീപ്പറുടെ അടുത്തുനിന്നു് ഒരു താാം കടലാസു് വാങ്ങിച്ചു് നീണ്ട ഒരു അപേക്ഷ എഴുതി. എന്നെ പാർട്ടിയിൽ ചേർക്കാനുള്ള അപേക്ഷയായിരുന്നു അതു്.

ഞാൻ അപേക്ഷയുമായി ഷെബാലൊവിന്റെ മുറിയിലെത്തി. മരിച്ചുപോയ ഗാൽഡ്സ്റ്റുപകരം കമ്പനി കമാണ്ടറായി നിയോഗിക്കപ്പെട്ട പിസ്കാരേവുമായി എന്തോ ചർച്ചചെയ്തുകൊണ്ടിരിക്കയായിരുന്നു അദ്ദേഹം.

അവരുടെ സംഭാഷണം തീരുന്നതുംകാത്തു് ഞാൻ വളരെ നേരം ഒരു ബെഞ്ചിലിരുന്നു. എന്റെ ആഗമനോദ്ദേശം എന്തെന്നു് ഊഹിച്ചറിയാനെന്നവണ്ണം ആ ചർച്ചകൾക്കിടയിൽ പലതവണ ഷെബാലൊവ് എന്നെ തുറിച്ചുനോക്കുന്നതു് ഞാൻ കണ്ടു.

പിസ്കാരേവ് പൊയ്ക്കഴിഞ്ഞപ്പോൾ ഷെബാലൊവ് തന്റെ നോട്ടുപുസ്തകമെടുത്തു് എന്തോ കുത്തിക്കുറിച്ചിട്ടു് വേഗം സൂഹരെവിനെ കൂട്ടിക്കൊണ്ടുവരാൻ ദൂതനോടു വിളിച്ചുപറഞ്ഞു. അതുകഴിഞ്ഞു് അദ്ദേഹം എന്റെ നേരെ തിരിഞ്ഞു് ചോദിച്ചു:

''ഉം? എന്താണു്?''

''സാഖാവു് ഷെബാലൊവ്, ഞാൻ വന്നതു്... വന്നതു് അങ്ങയെ കാണാനാണു്,'' മേശയുടെ അടുത്തേക്കു് നീങ്ങി നിന്നു് ഞാൻ പറഞ്ഞു. ഒരു നേരിയ വിറയൽ എന്റെ ശരീരത്തിലുടനീളം അനുഭവപ്പെട്ടു.

''അതു ശരി,'' എന്റെ പരിഭ്രമം കണ്ടിട്ടാവാം അദ്ദേഹം സ്വരം കുറേക്കൂടി മയപ്പെടുത്തിയതു്. ''ശരി കേൾക്കട്ടെ.''

പാർട്ടി അംഗത്വത്തിനു് എന്റെ പേർ ശുപാർശ ചെയ്യാൻ ഷെബാലൊവിനോടു് ആവശ്യപ്പെടുന്നതിനുമുമ്പു് എന്റെ കഴിഞ്ഞകാല ചെയ്തികളെപ്പററി അദ്ദേഹത്തോടു് കുറച്ചു സംസാരിക്കണമെന്നു് ഞാൻ നേരത്തെ തീരുമാനിച്ചിരുന്നതാണു്. ചുബുക്കിന്റെ മരണത്തിനിടയാക്കിയ സംഭവത്തിലും ഫേജസ്സുവേണ്ടി ഷെബാലൊവിനോടു് നുണപറഞ്ഞതിലും കുററക്കാരനാണെങ്കിലും വാസ്തവത്തിൽ ഞാൻ ഒരു ചീത്ത

മനുഷ്യനല്ലെന്ന് ഷെബാലൊവിനെ ബോദ്ധ്യപ്പെടുത്താൻവേണ്ടി ഞാൻ മനസ്സിൽ സുദീർഘമായ ഒരു വിശദീകരണം തയ്യാറാക്കിവച്ചിരുന്നു. എന്നാൽ ആ നിമിഷത്തിൽ അതെല്ലാം ഞാൻ അപ്പാടെ മറന്നുപോയി.

നിശ്ശബ്ദനായി ഞാൻ കടലാസ് അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു.

എന്റെ നീണ്ട അപേക്ഷ വായിക്കുന്നതിൽ മുഴുകിയിരിക്കുന്ന ഷെബാലൊവിന്റെ വെളുത്ത പുരികങ്ങൾക്കു കീഴെ ത്രപംകൊണ്ടു നേരിയ പുഞ്ചിരി അദ്ദേഹത്തിന്റെ വിണ്ടുകീറിയ ചുണ്ടുകളിലേക്ക് ഊർന്നിറങ്ങിയതായി എനിക്കു തോന്നി.

അദ്ദേഹം അപേക്ഷ പകുതി വായിച്ചിട്ട് മേശപ്പുറത്തു വച്ചു.

ഞാൻ ഞെട്ടി—അദ്ദേഹം സമ്മതിക്കയില്ലെന്ന് ഞാൻ തീർച്ചപ്പെടുത്തി. എന്നാൽ എന്റെ നിഗമനം ശരിയല്ലെന്ന് ഷെബാലൊവിന്റെ മുഖം വെളിപ്പെടുത്തി. ക്ഷീണം അല്പാല്പം നിഴലിച്ചുനില്ക്കുന്ന ആ മുഖം ശാന്തമായിരുന്നു. അദ്ദേഹത്തിന്റെ വിളറിയ കണ്ണുകളിൽ, ഉറമഞ്ഞ് ചിത്രപ്പണികൾ ചെയ്ത ജനാലച്ചില്ലുകൾ പ്രതിബിംബിച്ചു.

''ഇരിക്കു്,'' അദ്ദേഹം പറഞ്ഞു.

ഞാൻ അനുസരിച്ചു.

''നിനക്കു് പാർട്ടിയിൽ ചേരണം, അല്ലേ?''

''അതെ,'' പതിഞ്ഞതെങ്കിലും ദൃഢമായ സ്വരത്തിൽ ഞാൻ പറഞ്ഞു.

എന്റെ ആഗ്രഹം സഫലമാകാൻ സാദ്ധ്യതയില്ലാത്ത ഒന്നാണെന്ന് കാണിക്കാൻവേണ്ടി മാത്രമാണ് ഷെബാലൊവ് എന്നോട് ആ ചോദ്യം ചോദിച്ചതെന്ന് എനിക്കു തോന്നി.

''വളരെ നിർബ്ബന്ധമാണോ?''

''അതെ,'' മൂലയിൽ തൂക്കിയിട്ടിരുന്ന പൊടിപിടിച്ച ദൈവരൂപങ്ങളിലേക്കു നോക്കിക്കൊണ്ട് ഞാൻ പറഞ്ഞു. ഷെബാലൊവ് എന്നെ പരിഹസിക്കുകയാണെന്ന് ഞാൻ തീർച്ചപ്പെടുത്തി.

''എനിക്കു് അതു കേൾക്കാൻ സന്തോഷമേയുള്ളു,'' ഷെബാലൊവ് പറഞ്ഞു. ആ സ്വരത്തിൽനിന്നാണ് അദ്ദേഹം എന്നെ പരിഹസിക്കുകയേ ആയിരുന്നില്ല എന്നെനിക്കു മനസ്സിലായതു്. അദ്ദേഹം സൗഹാർദ്ദപൂർവ്വം എന്നെ നോക്കി പുഞ്ചിരിക്കുകയായിരുന്നു.

മേശപ്പുറത്തു ചിതറിക്കിടന്ന റൊട്ടിത്തരികൾക്കിടയിൽനിന്നു് അദ്ദേഹം ഒരു പെൻസിൽ കയ്യിലെടുത്തു് എന്റെ അപേക്ഷയിൽ ഒപ്പു വയ്ക്കുകയും തന്റെ പാർട്ടി കാർഡിന്റെ നമ്പർ അതിൽ കുറിക്കുകയും ചെയ്തു.

അതുകഴിഞ്ഞു് ഇരുന്നിരുന്ന സ്റ്റൂളോടുകൂടി അദ്ദേഹം എന്റെ നേരെ തിരിഞ്ഞു് സൗമനസ്യത്തോടെ പറഞ്ഞു:

''ശരി, ചങ്ങാതീ, ഇനി നീ സൂക്ഷിച്ചിരിക്കണം. ഇപ്പോൾ ഞാൻ നിന്റെ കമാണ്ടർ മാത്രമല്ല, ഒരർത്ഥത്തിൽ നിന്റെ തലതൊട്ടപ്പൻകൂടിയാണു്. നീ എന്നെ കുഴപ്പത്തിലാക്കരുതു്.''

''ഒരിക്കലുമില്ല സഖാവെ,'' വേണ്ടതിലേറെ തിടുക്കത്തോടെ കടലാസു് മേശപ്പുറത്തുനിന്നു വലിച്ചെടുത്തുകൊണ്ടു് ആത്മാർത്ഥമായി ഞാൻ പറഞ്ഞു. ''അങ്ങയേയോ എന്റെ സഖാക്കളിൽ മററാരെയെങ്കിലുമോ കുഴപ്പത്തിൽ ചാടിക്കയില്ല. എന്തുവന്നാലും അതുണ്ടാവില്ലെന്നു് ഞാൻ ഉറപ്പു തരാം.''

''ഒരു നിമിഷം നിൽക്കു്!'' അദ്ദേഹം എന്നെ തടഞ്ഞു നിർത്തി. ''രണ്ടാമതൊരാളിന്റെ ഒപ്പുകൂടി വേണം. ആരോടാണു് പറയേണ്ടതു്? ആ! തേടിയ വള്ളി കാലിൽ ചുററി!'' സൂഹരെവ് അങ്ങോട്ടു കയറി വരുന്നതുകണ്ടു് ഷെബാലൊവ് സന്തോഷത്തോടെ വിളിച്ചു പറഞ്ഞു.

സൂഹരെവ് തൊപ്പി എടുത്തു മാററുകയും ദേഹത്തെ മഞ്ഞു് കുടഞ്ഞു കളയുകയും ചെയ്തിട്ടു് തന്റെ വലിയ ബൂട്ടുകൾ നിലത്തു കിടന്ന ചാക്കിൽ തുടച്ചു. റൈഫിൾ ഭിത്തിയിൽ ചാരി വച്ചതിനുശേഷം മരവിച്ച കൈകൾ അടുപ്പിനു മുകളിൽ പിടിച്ചുകൊണ്ടു് അയാൾ ചോദിച്ചു.

''എന്നെ എന്തിനാണു് വിളിച്ചതു്?''

''പാറാവുകാരുടെ കാര്യം പറയാനാണു്. സെമിത്തേരിയിൽ കാവൽ നില്ക്കുന്ന പട്ടാളക്കാർ പള്ളിക്കുള്ളിൽ കയറി നില്ക്കാൻ ഏർപ്പാടുചെയ്യണം. അല്ലെങ്കിൽ അവർ തണുപ്പുകൊണ്ടു് മരവിച്ചുപോകും. പുരോഹിതൻ താമസിയാതെ ഇവിടെ എത്തും. അയാളുമായി ഒരു ധാരണയിലെത്തണം. പിന്നെ വേറെ ഒരു കാര്യമുള്ളതു്...'' ഷെബാലൊവ് കൗശലംനിറഞ്ഞ ഒരു പുഞ്ചിരിയോടെ എന്റെ നേരെ തലതിരിച്ചു കാട്ടിയിട്ടു് തുടർന്നു: ''ഈ പയ്യൻ എങ്ങിനെയുണ്ടു്?''

''എന്നുവച്ചാൽ?'' ചുവന്ന മുഖത്തു് ഒരു ചിരി ക്ഷണിച്ചുവരുത്തിക്കൊണ്ടു് സൂഹരെവ് കരുതലോടെ ചോദിച്ചു.

''ഒരു പട്ടാളക്കാരൻ എന്ന നിലയിൽ ഇവൻ എങ്ങിനെയുണ്ടെന്നു് പട്ടാളശൈലിയിൽ മറുപടി പറയൂ.''

''ഒരു പട്ടാളക്കാരൻ എന്ന നിലയിൽ മോശമില്ല,'' തെല്ലിട മൗനം പൂണ്ടു് ആലോചനാമഗ്നനായി നിന്നിട്ടു് സൂഹരെവ് പറഞ്ഞു. 'ചുമതല ഭംഗിയായി ചെയ്തുതീർക്കുന്നുണ്ടു്. പ്രതികൂലമായി ഒന്നും പറയാനില്ല. തെല്ലൊരു എടുത്തുചാട്ടക്കാരനാണെന്നു മാത്രം. ഫേജ പോയതിൽ പിന്നെ മററാരുമായും അടുക്കാൻ അവൻ താല്പര്യം കാണിക്കുന്നുമില്ല. എല്ലാവർക്കും ഫേജയോടു് ഒടുങ്ങാത്ത പകയാണു്. അയാളുടെ മേൽ ബോംബുവീഴാൻ ഇടവരട്ടെ!''

സൂഹരെവ് മൂക്കു ചീററി. അയാളുടെ ചുവന്ന മുഖം കൂടുതൽ ചുവന്നു. അയാശ അരിശത്തോടെ തുടർന്നു:

''ഗൈഡമാക്കുകാരുടെ വാശംകൊണ്ടു് അയാളുടെ തല അററുപോകട്ടെ! ഗാൽഡയെപ്പോലുള്ള ഒരു കമാണ്ടറെയാണു് അയാശംകാരണം നഷ്ടമായതു്! എത്ര നല്ലൊരു കമ്പനി കമാണ്ടറായിരുന്നു ഗാൽഡ! അതുപോലെ മറെറാരാളെ കണ്ടുകിട്ടാൻ പ്രയാസമാണു്. ആ പിസ്കാരേവിനെ കമ്പനി കമാണ്ടറെന്നു വിളിക്കുന്നതെങ്ങിനെ? അയാശ ഒരു മരത്തലയനാണു്. ഇന്നു ഞാൻ അയാളോടു പറഞ്ഞതാണു്, 'നിങ്ങളുടെ പടോശംസംഘം കമ്മ്യൂണിക്കേഷനുള്ളതാണു്. ഇന്നലെ പാററാവുജോലിക്കു് ഞാൻ പത്തുപേരെ കൂടുതൽ കൊടുത്തു.' പക്ഷേ അയാശ...''

''അതു പോകട്ടെ!'' ഷെബാലൊവ് ഇടയ്ക്കു കയറി പറഞ്ഞു. ''ആ പഴയ പല്ലവി എനിക്കു കേശക്കണ്ട. ഇപ്പോശ നിങ്ങശ ഗാൽഡയെച്ചൊല്ലി വിലപിക്കുന്നു. പക്ഷേ അയാശ ജീവിച്ചിരുന്ന കാലത്തു് നിങ്ങശ കീരിയും പാമ്പും പോലായിരുന്നല്ലോ. ഏതു പത്തുപേരുടെ കാര്യമാണു് നിങ്ങശ പറഞ്ഞതു്? എന്നെ പററിക്കാമെന്നു വിചാരിക്കേണ്ട. ഏതായാലും അക്കാര്യം പിന്നെ നമുക്കു് ചർച്ച ചെയ്യാം. ഇപ്പോശ ഈ പയ്യന്റെ പ്രശ്നം എടുക്കാം. അവനു് പാർട്ടിയിൽ ചേരണമെന്നുണ്ടു്. നിങ്ങശ ശുപാർശചെയ്യാമോ? നിങ്ങശ തുറിച്ചുനോക്കുന്നതെന്താണു്? അവൻ ഒരു നല്ല പടയാളിയാണെന്നു് നിങ്ങശതന്നെ പറഞ്ഞല്ലോ. പ്രതികൂലമായി ഒന്നും അവനെപ്പററി നിങ്ങശക്കു പറയാനില്ല. പിന്നെ

കഴിഞ്ഞ കാര്യങ്ങരം—അതു് എപ്പോഴം കുത്തിപ്പൊക്കേണ്ട കാര്യമില്ല!''

''അതു ശരിയാണു്,'' തല ചൊറിഞ്ഞുകൊണ്ടു് സൂഹരെവ് ഇഴച്ചിഴച്ചു പറഞ്ഞു. ''ചെകുത്താനറിയാം.''

''ചെകുത്താനു് ഒന്നും അറിയില്ല. നിങ്ങരം കമ്പനി കമാണ്ടറും കമ്മ്യൂണിസ്റ്റുകാരനുമാണു്. നിങ്ങളുടെ കീഴിലുള്ള ഒരു ചുവപ്പുപടയാളി പാർട്ടിയിൽ ചേരാൻ അർഹനാണോ എന്നു നിശ്ചയിക്കേണ്ടതു് ചെകുത്താനല്ല നിങ്ങളാണു്.''

''അവൻ ഒരു നല്ല പയ്യനാണു്,'' സൂഹരെവ് സമ്മതിച്ചു. ''എടുത്തുചാട്ടക്കാരനാണെന്നതാണു് അവൻെറ കുഴപ്പം. അവൻ എപ്പോഴും മുന്നിലേക്കു ഞ്ഞ്, ഉച്ചുകയറി ആവശ്യമില്ലാതെ തോക്കിൻെറ മുമ്പിലേക്കു കഴുത്തു നീട്ടിക്കൊടുക്കും. മറെറാരു കുഴപ്പവും അവനില്ല.''

''അവൻ പിൻതിരിഞ്ഞോടാത്തിടത്തോളം കാലം അതു് അത്ര ചീത്തക്കാര്യമല്ല. ശരി, എന്താണു് തീരുമാനിച്ചതു്? ഒപ്പിടുന്നോ ഇല്ലയോ?''

''അവൻ തരക്കേടില്ലാത്ത ഒരു പയ്യനായതുകൊണ്ടു് ഒപ്പിടാൻ എനിക്കു് വിരോധമൊന്നുമില്ല,'' സൂഹരെവ് കരുതലോടെ പറഞ്ഞു. ''പക്ഷേ ഒരാരംകൂടി ഒപ്പിടണമല്ലോ. അതാരായിരിക്കും?''

''ഞാൻ. വന്നു് ഈ മേശയ്ക്കടുത്തിരിക്കു. അവൻെറ അപേക്ഷ ഇതാ ഇവിടെയുണ്ടു്.''

''നിങ്ങരം ഒപ്പിട്ടുകഴിഞ്ഞല്ലോ!'' എന്നു പറഞ്ഞുകൊണ്ടു് സൂഹരെവ് തൻെറ കെണ്ടൻ വിരലുകരംകൊണ്ടു് പെൻസിൽ എടുത്തു. ''അതു നന്നായി. ആയിരം കുട്ടികളുടെ ഇടയിൽ തിരഞ്ഞാലേ ഇത്തരം ഒരു കുട്ടിയെ കണ്ടുമുട്ടുകയുള്ളു. കൊച്ചിലേ വേണ്ടത്ര അടി കിട്ടിയിട്ടില്ല എന്നതു മാത്രമാണു് അവനുള്ള കുറവു്.''

അദ്ധ്യായം പതിനഞ്ചു്

അനേകം ദിവസങ്ങളായി നോവോഹോപെർസ്കിനു ചുററും യുദ്ധം നടന്നുകൊണ്ടിരിക്കയാണു്. റിസർവ്വിലുള്ള എല്ലാ ഡിവിഷനുകളും അങ്ങോട്ടു നീങ്ങിയെങ്കിലും കൊസാക്കുകാർ ഉറച്ചുതന്നെ നിന്നു.

നാലാം ദിവസത്തെ പ്രഭാതം താരതമ്യേന ശാന്തമായിരുന്നു.

മലയുടെ മഞ്ഞില്ലാത്ത നിറുകയിൽ ഇടതൂർന്ന നീണ്ട ഒരണിയായി നിലയുറപ്പിച്ചിരുന്ന പടയാളികളുടെ അടുത്തേക്കു് കുതിരയോടിച്ചു വന്നു് ഷെബാലൊവു് പറഞ്ഞു: ''ഇന്നു് ഉച്ചതിരിഞ്ഞു് വൻപിച്ച ഒരു കടന്നാക്രമണം നടത്താൻ പോവുകയാണു്. ഈ പ്രദേശത്തുള്ള മുഴുവൻ പട്ടാളക്കാരും അതിൽ പങ്കെടുക്കും.''

മഞ്ഞുവെള്ളം പററിപ്പിടിച്ചു് വെള്ളിനിറത്തിൽ തിളങ്ങിക്കൊണ്ടിരുന്ന അദ്ദേഹത്തിൻെറ കുതിരയുടെ ദേഹത്തുനിന്നും ആവി ഉതിർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കനമുള്ള നീണ്ട വാാം വെയിലേററു് വെട്ടിത്തിളങ്ങി. തണുത്തുറഞ്ഞു് വെള്ളനിറമാർന്നുകിടക്കുന്ന പാടങ്ങാംക്കു നടുവിൽ അദ്ദേഹത്തിൻെറ കറുത്ത തൊപ്പിയുടെ ചുവന്ന മുകാംഭാഗം ഉജ്ജ്വലവും വർണ്ണശബളവുമായി കാണപ്പെട്ടു.

''ശരി, കൂട്ടുകാരെ,'' ഷെബാലൊവു് മുഴങ്ങുന്ന ശബ്ദത്തിൽ വീണ്ടും പറഞ്ഞു. ''അതിപ്രധാനമായ ഒരു യുദ്ധമാണു് ഇന്നു് നടക്കാൻ പോകുന്നതു്. ഇന്നു് നമ്മാം ഇവിടെനിന്നു് വൈററു്ഗാർഡുകാരെ തുരത്തുകയാണെങ്കിൽ പിന്നെ ബൊഗുച്ചാർ വരെയുള്ള വഴിയിൽ ഒരിടത്തും അവർക്കു് പിടിച്ചുനിൽക്കാൻ കഴിയില്ല. നിങ്ങളിൽ ഓരോരുത്തരും പരമാവധി ശ്രമിച്ചുനോക്കൂ. ഡിവിഷനിലെ മററു് പടയാളികളുടെ മുമ്പിൽ കിഴവനായ നിങ്ങളുടെ കമാണ്ടറെ അപമാനിതനാക്കരുതു്?''

''കിഴവൻ പോലും!'' അങ്ങോട്ടു നടന്നുവന്ന മാലീഗിൻ അടഞ്ഞ ശബ്ദത്തിൽ മുറുമുറുത്തു. ''ഞാൻ നിങ്ങളേക്കാടം കുറച്ചു മൂത്തതാണ്, എന്നിട്ടും ഒരു ചെറുപ്പക്കാരനായിട്ടാണ് എന്നെ എല്ലാവരും കരുതുന്നതു്.''

''നിങ്ങളും ഞാനും ഇട്ടു തേഞ്ഞ പഴയ ചെരിപ്പുകളാണ്,'' ഷെബാലൊാവ് എപ്പോഴും പറയാറുള്ള വാചകം ആവർത്തിച്ചു. ''ബോറിസ്! നിനക്കു് എത്ര വയസ്സായി?'' അദ്ദേഹം സ്നേഹപൂർവം വിളിച്ചു ചോദിച്ചു.

''പതിനാറിലേക്കു കടന്നു, സഖാവു് ഷെബാലൊാവ്,'' ഞാൻ അഭിമാനത്തോടെ പറഞ്ഞു. ''ഈ മാസം ഇരുപത്തിരണ്ടാം തീയതിയായിരുന്നു എന്റെ പതിനഞ്ചാമത്തെ പിറന്നാടം!''

''പതിനാറിലേക്കു കടന്നെന്നോ? അതു കൊള്ളാം!'' കൃത്രിമമായി കോപം നടിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. ''എനിക്കു് വയസ്സു് നാല്പത്താറു കഴിഞ്ഞു. ഇതു കേട്ടോ, മാലീഗിൻ? ഇവനു് പതിനാറു വയസ്സായത്രെ! അവൻ കാണാൻ പോകുന്നതൊന്നും നിങ്ങളും ഞാനും ഒരിക്കലും കാണുകയില്ല...''

''നമുക്കു് പരലോകത്തിരുന്നുകൊണ്ടു് ഒളിഞ്ഞുനോക്കാം,'' ഓഫീസർമാർ ധരിക്കാറുള്ള കീറിയ ഒരു ''ബാഷ്ലിക്കു്'' കഴുത്തിൽ ചുററുന്നതിനിടയിൽ മാലീഗിൻ ഒരു പരുക്കൻ തമാശ തട്ടിവിട്ടു.

അലസമായി നില്ക്കുന്ന കുതിരയെ ഷെബാലൊാവ് കുതിമുള്ളുകൊണ്ടു് ഒന്നു് തൊട്ടു. കത്തിക്കൊണ്ടിരുന്ന തീക്കുണ്ഡങ്ങളുടെ നീണ്ട നിരയ്ക്കു സമാന്തരമായി അദ്ദേഹം കുതിരയോടിച്ചു പോയി.

''ബോറിസ്, ചായ കുടിക്കാൻ വാ. ചൂടുവെള്ളം എന്റെ വക, പഞ്ചസാര നിന്റെ വക!'' കരിപിടിച്ച പാത്രം തീയുടെ മുകളിൽനിന്നു് എടുത്തുമാററിക്കൊണ്ടു് വാസ്സ ഷ്മാക്കൊവ് പറഞ്ഞു.

''പഞ്ചസാര എന്റെ കയ്യിലും ഇല്ല.''

''പിന്നെ നിന്റെ കയ്യിലെന്താണു് ഉള്ളതു്?''

''കുറച്ചു് റൊട്ടിയുണ്ടു്. മരവിച്ച കുറെ ആപ്പിളും.''

''എന്നാൽ റൊട്ടിയും എടുത്തുകൊണ്ടു് വാ. എന്റെ കയ്യിൽ ചൂടുവെള്ളമല്ലാതെ മറെറാന്നുമില്ല.''

''ഗോറിക്കോവ്!'' മറെറാരു തീക്കുണ്ഡത്തിനടുത്തു നിന്നു് ആരോ ഉറക്കെ വിളിച്ചു. ''ഇങ്ങോട്ടു് ഒന്നു വരൂ.''

ഞാൻ അങ്ങോട്ടു ചെന്നു. ഒരു സംഘം ചുവപ്പുപോരാളികൾ ഒരു ചർച്ചയിൽ ഏർപ്പെട്ടിരിക്കയായിരുന്നു അവിടെ.

''ഒരുപക്ഷേ നിനക്കു് പറയാൻ കഴിയുമായിരിക്കും,'' കീർത്തന പാരായണക്കാരൻ എന്നു് വട്ടപ്പേരുള്ള ഗ്രീഷ്ക ചെർക്കാസൊവ് പറഞ്ഞു. ''നമുക്കു് ഇവൻ പറയുന്നതെന്താണെന്നു് കേൾക്കാം. ബോറിസ്, നീ ഭൂമിശാസ്ത്രം പഠിച്ചിട്ടുണ്ടല്ലോ, ഇല്ലേ? ഈ പ്രദേശം കഴിഞ്ഞാൽ പിന്നെ എവിടമാണു്?''

''ഏതു വശത്തെ കാര്യമാണു്? തെക്കുഭാഗത്താണെങ്കിൽ ബൊഗുച്ചാർ.''

''അതു കഴിഞ്ഞാലോ?''

''റൊസ്തോവ്. പിന്നെ വേറെ എത്രയോ സ്ഥലങ്ങളുണ്ടു്—നോവോറൊസീയ്സ്ക്, വ്ലാഡികവ്ക്കാസ്, തിഫ്ലിസ്. അതിനുമപ്പുറത്തു് ടർക്കി. എന്താണു് കാര്യം?''

''ഇത്രയധികം സ്ഥലങ്ങളുണ്ടോ?'' ചെവി ചൊറിഞ്ഞുകൊണ്ടു് ഗ്രീഷ്ക പിറുപിറുത്തു. ''ഇക്കണക്കിനു് നമുക്കു് ആയുസ്സിൻെറ പകുതി യുദ്ധം ചെയ്തു കളയേണ്ടിവരുമല്ലോ. റൊസ്തോവ് കടൽക്കരയിലാണെന്നാണു് ഞാൻ കേട്ടിട്ടുള്ളതു്. അവിടെ എത്തുന്നതോടെ യുദ്ധം തീരും എന്നു ഞാൻ വിചാരിച്ചു.''

മററുള്ളവർ ചിരിച്ചു. ഗ്രീഷ്ക ഭീതിയോടെ അവരെ നോക്കി. അയാൾ തൻെറ തുടകളിൽ തട്ടിക്കൊണ്ടു് ഉറക്കെ പറഞ്ഞു:

''ദൈവം തമ്പുരാനേ! എത്ര കാലമാണു് ഞങ്ങൾ യുദ്ധം ചെയ്യേണ്ടതെന്നു് നോക്കൂ!''

സംസാരം നിലച്ചു.

സേനാനിരയുടെ പിന്നിലുള്ള റോഡിലൂടെ ഒരു സവാരിക്കാരൻ അതിശീഘ്രം കുതിരയോടിച്ചു വരുന്നതു കണ്ടു. ഷെബാലൊവ് അയാളുമായി സന്ധിക്കാൻ മുമ്പോട്ടു കുതിരയോടിച്ചു ചെന്നു.

പാർശ്വത്തിലുള്ള പീരങ്കിയിൽനിന്നു് രണ്ടു തവണ കൂടി വെടിപൊട്ടി.

''ഒന്നാം കമ്പനി ഇതിലെ!'' കൈ വീശിക്കൊണ്ടു് സുഹരെവ് വിളിച്ചുപറഞ്ഞു.

ഏതാനും മണിക്കൂറുകൾ കഴിഞ്ഞു് ഞങ്ങളുടെ സംഘട്ടനനിരകൾ

തങ്ങും കിടന്നിരുന്ന വെളുത്ത പൊടിമഞ്ഞുക്കുനകളിൽനിന്നു് എണീററു. ചോര വാർന്നൊലിച്ചുകൊണ്ടിരിക്കുന്ന ഭടന്മാർ മുട്ടവരെ മഞ്ഞിൽ മുങ്ങിനിന്നുകൊണ്ടു്, യന്ത്രത്തോക്കുകളിൽനിന്നു് ചീറിപ്പായുന്ന ഉണ്ടകളേയോ പൊട്ടിത്തെറിക്കുന്ന ഷെല്ലുകളേയോ വകവയ്ക്കാതെ, ശത്രുവിൻെറ മേൽ നിർണ്ണായകമായ അവസാനത്തെ പ്രഹരമേല്പിക്കാൻവേണ്ടി സധൈര്യം മുന്നോട്ടു പോയി. ഞങ്ങളുടെ മുന്നണിപ്പോരാളികൾ നഗരത്തിൻെറ പ്രാന്തപ്രദേശത്തെത്തിയപ്പോൾ ഒരു വെടിയുണ്ട എൻെറ വലത്തുവശത്തു വന്നുകൊണ്ടു.

ഞാൻ ആടിയുലഞ്ഞു്, ചവിട്ടിമെതിക്കപ്പെട്ട മൃദുവായ മഞ്ഞിലേക്കു വീണു. ''ഇതു സാരമില്ല. ഒന്നു പോറിയിട്ടേയുള്ളു,'' ഞാൻ വിചാരിച്ചു. ''എനിക്കു ബോധക്കേടുണ്ടായിട്ടില്ല, അതിൻെറയർത്ഥം ഞാൻ, കൊല്ലപ്പെട്ടിട്ടില്ല എന്നാണു്. ഇതേവരെ മരിച്ചുപോകാത്തതുകൊണ്ടു് ഞാൻ സുഖം പ്രാപിക്കുമെന്നു് തീർച്ച.''

മുമ്പോട്ടു് ഓടിക്കൊണ്ടിരുന്ന കാലാൾപ്പടയാളികൾ എണ്ണമററ കറുത്ത പൊട്ടുകൾപോലെ ദൂരെ പ്രത്യക്ഷപ്പെട്ടു.

''ഇതു സാരമില്ല,'' ഞാൻ വിചാരിച്ചു. ഒരു കുററിച്ചെടിയിൽ കടന്നു പിടിച്ചു് ഞാൻ അതിൻെറ കൊമ്പുകളിലേക്കു് തല ചായ്ച്ചു. ''സ്ട്രെച്ചറുമായി ഇപ്പോൾ ആളുകൾ വരും. അവർ എന്നെ എടുത്തുകൊണ്ടുപോകും.''

വയലിൽ പ്രശാന്തത കളിയാടി. എന്നാൽ അടുത്തുള്ള മററു ചില ഭാഗങ്ങളിൽ അപ്പോഴും യുദ്ധം നടന്നുകൊണ്ടിരുന്നു. അവിടെനിന്നുള്ള ആരവം അവ്യക്തമായി കേൾക്കാമായിരുന്നു. മഞ്ഞനിറത്തിൽ ജ്വലിക്കുന്ന ഒരു വാൽനക്ഷത്രം പോലെ ഒററതിരിഞ്ഞ ഒരു വാണം തലയ്ക്കുമുകളിൽ പ്രത്യക്ഷപ്പെട്ടു.

ചൂടുള്ള രക്തം എൻെറ കുപ്പായത്തിനടിയിൽനിന്നു് പുറത്തേക്കു് ഊറി വന്നു. ''സ്ട്രെച്ചറുമായി ആൾക്കാർ വരാതിരിക്കുകയും ഞാൻ മരിക്കുകയും ചെയ്താലോ?'' കണ്ണടച്ചുകൊണ്ടു് ഞാൻ വിചാരിച്ചു.

ഒരു വലിയ മലങ്കാക്ക അഴുക്കുപുരണ്ട മഞ്ഞിൽ വന്നിരുന്നിട്ടു് അടുത്തൊരിടത്തു് കിടന്ന കുതിരച്ചാണകത്തിനടുത്തേക്കു് വേഗം നടന്നുചെന്നു. പെട്ടെന്നു് അതു് തലതിരിച്ചു് എന്നെ ഒന്നു് ചരിഞ്ഞുനോക്കിയിട്ടു് ശക്തിയുള്ള ചിറകുകൾ അടിച്ചു പറന്നുപോയി.

മലങ്കാക്കകൾക്ക് മരിച്ചുകിടക്കുന്ന മനുഷ്യരെ ഭയമില്ല. രക്തം നഷ്ടപ്പെട്ട് ഞാൻ മരിച്ചുകഴിയുമ്പോൾ ആ പക്ഷി തിരിച്ചുവന്ന് എന്റെ തൊട്ടടുത്ത് ഇരിക്കും.

എന്റെ തല ബലക്ഷയംകൊണ്ട് ആടിത്തുടങ്ങി. ദക്ഷിണപാർശ്വത്തിലുള്ള മഞ്ഞുകുനകളെ വിറകൊള്ളിച്ചിരുന്ന ഷെല്ലുകളുടെ ശക്തി കുറഞ്ഞുതുടങ്ങി. വാണങ്ങളുടെ എണ്ണവും പ്രകാശവും കൂടികൂടിവന്നു.

എനിക്ക് ഒരിക്കൽക്കൂടി കാണാൻവേണ്ടി ആയിരം നക്ഷത്രഭടന്മാരെ രാത്രി ആകാശത്തിലേക്കിറക്കി. തിളങ്ങുന്ന ചന്ദ്രബിംബവും അവിടെ പ്രത്യക്ഷപ്പെട്ടു. ഞാൻ വിചാരിച്ചു: ''ചുബുക്കും ജിപ്സിപ്പയ്യനും മരപ്പട്ടിയും ജീവിച്ചിരുന്നവരാണ്... ഇപ്പോൾ അവരാരും ഇല്ല. അതുപോലെ ഞാനും ഇല്ലാതാകും.'' ഒരിക്കൽ ജിപ്സിപ്പയ്യൻ എന്നോടു പറഞ്ഞ ഒരു കാര്യം എനിക്ക് ഓർമ്മവന്നു: ''അന്നുമുതൽ ഞാൻ നല്ല ജീവിതം തേടി നടക്കുകയാണ്.'' ഞാൻ അയാളോടു ചോദിച്ചു, ''അതു നേടാമെന്ന് വിശ്വാസമുണ്ടോ?'' അയാളുടെ മറുപടി ഇങ്ങിനെയായിരുന്നു: ''എനിയ്ക്കൊറ്റയ്ക്ക് സാധിക്കയില്ല. പക്ഷേ നമ്മൾ അതു് ഇത്രയേറെ ആത്മാർത്ഥമായി ആഗ്രഹിക്കുന്നതുകൊണ്ട് എല്ലാവർക്കും ഒരുമിച്ച് നേടാൻ കഴിയും.''

''അതെയതെ! ഒരുമിച്ച്,'' ഞാൻ അതോർത്തു് മന്ത്രിച്ചു. ''എല്ലാവരും ഒരുമിച്ച്.'' എന്റെ കണ്ണുകൾ അടഞ്ഞു. ഓർമ്മയിൽ തങ്ങിനില്ക്കാത്തവയെങ്കിലും സുഖകരങ്ങളായ പാതകളിലൂടെ എന്റെ ചിന്തകൾ അലഞ്ഞുതിരിഞ്ഞു.

''ബോറിസ്?'' ആരോ വിമ്മിഷ്ടപ്പെട്ട് എന്റെ പേർ മന്ത്രിക്കുന്നതു ഞാൻ കേട്ടു.

ഞാൻ കണ്ണുതുറന്നു. തൊട്ടടുത്തു് ഷെല്ലുവീണു പിളർന്ന ഒരു ബർച്ച് മരത്തെയിൽ കൈകൾ ചുററിക്കൊണ്ട് വാസ്യ ഷ്മാക്കൊവ് ഇരിക്കുന്നതു് ഞാൻ കണ്ടു.

അയാളുടെ തലയിൽ തൊപ്പിയുണ്ടായിരുന്നില്ല. ഇരുണ്ടിരുണ്ടുവന്ന ഈറൻ സന്ധ്യയിൽ തിളങ്ങുന്ന സ്വർണ്ണപ്പൊട്ടുകൾ പോലെ അകലെ പ്രത്യക്ഷപ്പെട്ട റെയിൽവേ സ്റ്റേഷനിലെ ദീപങ്ങളുടെ നേരെ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടിരിക്കയായിരുന്നു, അയാൾ.

''ബോറിസ്, ഒടുവിൽ നമ്മൾ അതു പിടിച്ചെടുത്തു.'' അയാളുടെ ദുർബ്ബലമായ ശബ്ദം എൻെറ കാതുകളിലെത്തി.

''പിടിച്ചെടുത്തു,'' ഞങ്ങൾ മെല്ലെ പറഞ്ഞു.

ഒടിഞ്ഞുപോയ ആ തൈമരത്തിൽ അയാൾ കൂടുതൽ ബലമായി അള്ളിപ്പിടിച്ചു. എന്നെ നോക്കി ശാന്തമായും അവസാനമായും ഒന്നു പുഞ്ചിരിച്ചിട്ട് വിറച്ചുകൊണ്ടിരിക്കുന്ന ഒരു കുററിച്ചെടിയുടെ മുകളിലേക്ക് അയാൾ മെല്ലെ തല ചായ്ച്ചു.

ഒരു വെളിച്ചം മിന്നിമറഞ്ഞു.... പിന്നേയും അതാവർത്തിച്ചു ഒരു ഹോണിൻെറ ശോകാകുലമായ പതിഞ്ഞ ശബ്ദം മുഴങ്ങി. സെ്ട്രെച്ചറുമായി ആളുകൾ വരികയായിരുന്നു.

1930

വായനക്കാരോടു്

ഈ പുസ്തകത്തെക്കുറിച്ചും അതിന്റെ വിവർത്തനം, ഘെററപ്പു്, അച്ചടി എന്നിവയെ സംബന്ധിച്ചുമുള്ള നിങ്ങളുടെ അഭിപ്രായങ്ങളും മററെന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അവയും ഞങ്ങളെ അറിയിക്കാനപേക്ഷ.

ഞങ്ങളുടെ മേൽവിലാസം:

Progress Publishers
17, Zubovsky Boulevard
Moscow, USSR

വിതരണക്കാർ:

പ്രഭാത് ബുക്ക് ഹൗസ്

തിരുവനന്തപുരം

കോഴിക്കോട്
എറണാകുളം
പാലക്കാട്
ആലപ്പുഴ
കൊല്ലം
കണ്ണൂർ
ഏലൂർ